# കഥകൾ മാത്രം

## ഹാൻഡ് ബുക്ക്

**MALAYALAM VERSION**

ഡോറതി A മില്ലർ: ഡയറക്ടർ

# കഥകൾ മാത്രം

## ഹാൻഡ് ബുക്ക്

ഡോറതി A മില്ലർ
എക്സിക്യൂട്ടീവ് ഡയറക്ടർ
ദൈവത്തിന്റെ കഥ - പദ്ധതി

# "കഥകൾ മാത്രം":

## ഈ പദ്ധതിയെക്കുറിച്ച്
## പൊതുജനങ്ങൾ പ്രസ്താവിക്കുന്നത്.

"കഥകൾമാത്രം" എന്ന പദ്ധതിയിലൂടെയുള്ള സമീപനം വളരെ ഫലപ്രദമാണ്; എന്തുകൊണ്ടെന്നാൽ അതിലൂടെ നമുക്ക് ബൈബിൾ കഥയെ അനുഭവിച്ച് മനസ്സിലാക്കാൻ കഴിയും. കഥയുടെ വായനാഭാഗവും കഥയും സജീവമായിത്തീരുന്നു. നിങ്ങൾ കണ്ടെത്തുന്ന ഓരോനിധിയും പുതിയതും, ശക്തവും ആയിരിക്കും. ഈ സംഗതി ഞാൻ പലസ്ഥലങ്ങളിലും ഫലപ്രദമായി ഉപയോഗിച്ചിട്ടുള്ളതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. അതിന്റെ പ്രതികരണമാകട്ടെ സർവ്വദാ അനുകൂലമായ ഫലം ഉൾക്കൊള്ളുന്നതും ആകുന്നു."

(ബാബു ഗാന്റാ-കമ്മ്യൂണിക്കേഷൻ ഓഫീസർ, ബൈബിൾ സൊസൈറ്റി-ഗൾഫ് നാടുകൾ)

"സുവിശേഷീകരണ ശുശ്രൂഷയുടെ വർദ്ധീകരണപ്രക്രിയയുമായുള്ള ബന്ധത്തിൽ കഴിഞ്ഞ മുപ്പത് സംവത്സരമായി ഈ ഭൂലോകം ആയിരുന്നു എന്റെ മേൽവിലാസം. ചൈനയിൽ നിന്ന് ക്യാനഡായിലേക്ക് കുടിയേറിയിരുന്ന ഒരു 79 കാരൻ, ചൈനീസ് വയോധികൻ, അപ്രതീക്ഷിതമായി ഞങ്ങളോട് പറഞ്ഞ ഒരു ജീവിത സാക്ഷ്യത്തിൽ നിന്നാണ് വർദ്ധീകരണ പ്രക്രീയയുടെ സംതൃപ്തി ഞങ്ങൾക്ക് ലഭ്യമായത്."

> "ഒരു 40 സംവത്സരം മുമ്പ് എനിക്ക് STS പഠനം ലഭിച്ചിരുന്നെങ്കിൽ കൊള്ളാമായിരുന്നു. വേദപുസ്തകപഠനത്തിന് ചോദ്യങ്ങൾ ചോദിച്ച് ഉത്തരങ്ങൾ കണ്ടുപിടിച്ച് ചർച്ചകൾ നടത്തുന്ന രീതി ഫലപ്രദമായി ഉപയോഗിക്കുന്ന രീതി ക്രിസ്ത്യാനികൾ ആയിരുന്നിട്ടും ഞങ്ങൾക്ക് പരിചിതമായിരുന്നില്ല. അങ്ങനെയുള്ള പരിശീലനം ഞങ്ങൾക്ക് കിട്ടിയിരുന്നുമില്ല. ഇപ്പോൾ വേദപുസ്തകം ഒരു നവീന ഗ്രന്ഥമായിട്ടാണ് എനിക്ക് തോന്നുന്നത്."

"ഓരോരോ ക്രിസ്ത്യാനിക്കും, ദൈവവചനം സൂക്ഷ്മമായും കൃത്യമായും കൈകാര്യം ചെയ്യുവാനുള്ള ശാക്തീകരണം നൽകാൻ കഴിയാത്ത ഏതൊരു ശുശ്രൂഷീകരണവും കേവലം ദൗത്യം പരിപൂർണ്ണമാക്കുന്നതിന് STS വിലയേറിയ നേതൃത്വമാണ് നിർവ്വഹിക്കുന്നത്."

(ജിംതർബർ-സെമിനാരി ലക്ചറർ/മിഷന്റെ പരിശീലകൻ, ഗ്ലോബൽ)

"ഏതാനും വർഷങ്ങൾക്കുമുമ്പാണ് കഥകൾമാത്രം" എന്ന പദ്ധതി എന്റെ ജീവിതത്തിലേക്ക് കടന്നുവന്നത്. എന്റെ പ്രാർത്ഥനകൾക്ക് അത് ക്രീയാത്മകമായ പ്രത്യുത്തരമായി ഭവിച്ചു കഴിഞ്ഞ 35 സംവത്സരങ്ങളായി ഞാൻ ഒരു മിഷണറിയായി അനേകം ഭൂഖണ്ഡങ്ങളിൽ യേശുവിനുവേണ്ടി സേവനം അനുഷ്ടിച്ചിരുന്നു. ഭൂലോകമെമ്പാടുമുള്ള മൂന്ന് സുപ്രധാന ക്രൈസ്തവേതര മതസംഘടനകളുമായിച്ചേർന്ന് ഞാൻ സേവനം അനുഷ്ടിച്ചു ദൈവം എന്നെ നിയോഗിച്ചവിധത്തിൽ എന്റെ വിശ്വാസത്തെ തികച്ചും സ്വാഭാവികമായി പങ്കിടുന്നതിനായി ഞാൻ സർവ്വദാ ക്ലേശിക്കുന്നുണ്ടായിരുന്നു.
"ഈ പരിശീലനം അക്ഷരാർത്ഥത്തിൽ എന്റെ ജീവിതത്തെമാറ്റിമറിച്ചു. സുവിശേഷീകരണവും, ശിഷ്യത്വപ്രകരണവും എനിക്ക് സ്വഭാവികവും വിനോദപരവുമായി എന്നും അനുഭവപ്പെടുകയുണ്ടായി. ദൈവത്തിന്റെ പരിശുദ്ധാത്മാവിനോടൊത്ത് പ്രവർത്തിക്കുന്നത് ഇപ്പോൾ സ്വാതന്ത്ര്യദായകവും സന്തോഷപ്രദവുമായി അനുഭവപ്പെടുന്നു. അപ്രകാരം തന്നെ, അത് ജനങ്ങളുടെ ജീവിതത്തിലേക്ക്, അവരുടെ ഹൃദയാന്തർ ഭാഗത്തിലേക്ക് എന്നപോലെ കടന്നുചെല്ലുന്നത് നിരന്തരം കാണുകയും ചെയ്യുന്നു. ഞാൻ, ഇപ്പോൾ സുവിശേഷീകരണത്തെ വളരെയധികം ഇഷ്ടപ്പെടുന്നു. ഈ ശുശ്രൂഷയുടെ സത്ഫലങ്ങൾ കാണുന്നതിൽ വളരെ സന്തോഷിക്കുകയും ചെയ്യുന്നു. മുമ്പൊരിക്കലും എനിക്ക് ഇത്രമാത്രം സന്തോഷം ഉണ്ടായിട്ടില്ല.

(ബ്രയാൻതോംസൻ-സഭാസ്ഥാപകൻ/മിഷണറി/കഥാകാഥികൻ/
എല്ലാവർക്കുംവേണ്ടിയുള്ള കഥയുയെ പ്രക്ഷേപകൻ,ഇംഗ്ലണ്ട്)

"വാചിക പ്രചോദിതമായ ഈ വേദപുസ്തക പഠനം ഓരോ ബൈബിൾ സ്കൂളിലും ക്രീസ്തീയ സ്ഥാപനങ്ങളിലും നിർബന്ധിതമായ ഒരു വിഷയമായിരിക്കേണ്ടതാണ്. സുവിശേഷം പ്രചരിപ്പിക്കുന്നതിന്'കഥകൾമാത്രം' എന്ന പദ്ധതി, ശക്തമായ ഒരു ആയുധമായി ഓരോ ക്രിസ്ത്യാനിക്കും ഉപയോഗിക്കാൻ കഴിയുന്നതാണ്."

(റെജീനാമാൻലീ-വാചിക ആശയവിനിമയ വിദഗ്ദൻ, മിഷൻ
ഏവിയേഷൻ ഫെലോഷിപ്പ്, ഗ്ലോബൽ)

"ഞങ്ങൾക്ക് ആദ്യമായി പരിശീലനം ലഭിച്ചുകഴിഞ്ഞതുമുതൽ STS പദ്ധതി, സുവിശേഷം എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിലെ ജനങ്ങളെ സമീപിക്കുന്നതിന്, ഏറ്റവും നല്ല മാർഗ്ഗമായി ഞങ്ങൾക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ശിഷ്യത്വത്തെയും ശിഷ്യരെയും വർദ്ധിപ്പിക്കുന്നതിന് ഈ പ്രമാണ ഗ്രന്ഥം ഞങ്ങൾക്ക് അതിശക്തമായ ഉപകരണമായിത്തീർന്നിരിക്കുന്നു. അപ്രകാരം തന്നെ ദൈവ വചനത്തെ അമൂല്യമായ ഒരു നിധി സഞ്ചയമായി ഖനനം ചെയ്യുന്നതിന് ഞങ്ങളുടെ ഹൃദയങ്ങളിൽ പുതുക്കമുള്ള ഒരു അഭിലാഷത്തെ പ്രോജ്വലിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങൾ വേദപുസ്തക കഥകൾ പഠിക്കുകയും ഞങ്ങളുടെ ഹൃദയപോക്കറ്റുകളിൽ അവയെ സംഭരിക്കുകയും ചെയ്യുന്നു. ഈ പ്രമാണഗ്രന്ഥം വായിക്കുകയും STS പദ്ധതിയെ കണ്ടെത്തുകയും ചെയ്യുക. ഒരു പ്രവർത്തകൻ ആയിത്തീരുവാൻ വേണ്ട സജ്ജീകരണങ്ങൾ ചെയ്യുക. കർത്താവിനോടൊന്നിച്ചുള്ള നിങ്ങളുടെ ആത്മീക യാത്ര ഇനിയൊരിക്കലും മുമ്പത്തെപ്പോലെ ആയിരിക്കയില്ല, അതിനെക്കാൾ മെച്ചമായിരിക്കും."

(റെവ. അപ്പൊല്ലോസ് ഡ്ജിബോ-ഡയറക്ടർ, ഫുഫുൾഡി മിനിസ്ട്രീസ്,
ട്രെയിനിംഗ് സെന്റർ, നൈജെർ)

“കഥകൾമാത്രം” എന്ന പദ്ധതിയുടെ സുപ്രധാനമായ ഒരുശക്തിവിശേഷം, കഥാകാഥികന്മാർ അവരുടെ സ്വന്തവാക്കുകളിൽ കഥ പറയുന്നു എന്നതും, കഥയോടും തിരുവെഴുത്തുകളോടും യാതൊന്നും കൂട്ടി ച്ചേർക്കാതെയും, അതിൽ നിന്ന് യാതൊന്നും കുറയ്ക്കാതെയും പറയുന്നു എന്നതിനെ ആശ്രയിച്ചിരി ക്കുന്നു. മറ്റൊരു സുപ്രധാനമായ സംഗതി, കഥയിൽ അന്തർഭവിച്ചിരിക്കുന്ന നിധി സഞ്ചയത്തെ കണ്ടുപി ടിക്കുന്നതിനും, പഠിതാക്കളുടെ ജീവിതത്തിൽ പ്രയോജനപ്പെടുത്താവുന്നവയും ആത്മീകവുമായ പ്രായോ ഗികോപയോഗങ്ങളെ വെളിപ്പെടുത്തിക്കൊടുക്കുന്നതിനും ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ പ്രവർത്ത നോന്മുഖമാക്കുന്ന ചോദ്യങ്ങളുമായി കഥയെ ബന്ധപ്പെടുത്തുന്നു എന്നതാകുന്നു. ഈ സമീപനം പഠി താക്കൾക്ക് പ്രോത്സാഹജനകമാണ്. മാത്രവുമല്ല, ദൈവത്തിന് മഹത്വം നൽകുമാറ് വ്യക്തമായും കൃത്യ മായും ദൈവ വചനത്തെ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിന് അവർക്കും കഴിയുമെന്ന് ബോദ്ധ്യമാക്കിക്കൊടുക്കുകയും ചെയ്യുന്നു.

“ഇപ്പോഴാകട്ടെ, വാചിക ബൈബിൾ സ്ക്കൂൾ എന്ന വിപ്ലവാത്മകമായ അവരുടെ പദ്ധതി, ഭൂലോകം എമ്പാടും അത്യന്താപേക്ഷിതമായി ആവശ്യമായിരിക്കുന്ന സഭാനേതാക്കന്മാരുടെ സംഖ്യയെ വർദ്ധിപ്പി ച്ചുകൊണ്ടിരിക്കുകയാണ്.”

(മൈക്ക്ഹോൾമാൻ-MAF പഠന സാങ്കേതിക വിദ്യകൾ, ഗ്ലോബൽ)

“കഥ ലളിതമായി പറയുകയും, വീണ്ടും പറയുകയും ചോദ്യങ്ങൾ ചോദിച്ച്, കഥയിൽ അന്തർലീനമായ ആത്മീക നിരീക്ഷണങ്ങളെയും, പ്രായോഗികോപയോഗങ്ങളെയും കണ്ടുപിടിക്കുന്നതിൽ വേദ പുസ്തക സത്യങ്ങളുടെ കൃത്യത നിലനിർത്താൻ കഴിയുന്നതിൽ ഞാൻ അത്ഭുതാധീനനായിട്ടുണ്ട്. സംഭാഷണ രീതിയിൽ, പരസ്പരം ബന്ധപ്പെടുന്ന പ്രക്രിയയിൽ ആരെങ്കിലും എന്തെങ്കിലും പിശകായി സംസാരി ക്കുന്നതായാൽ കഥാകാഥികൻ അഥവാ നടത്തിപ്പുകാരൻ പഠിതാക്കളോട് ശാന്തമായി ചോദിക്കും “അത് നമുക്ക് കഥയിൽ എവിടെ എങ്കിലും കാണാൻ കഴിയുന്നുണ്ടോ?” എന്ന്, അതോടുകൂടി പഠന സംഘം തിരുവചനത്തിലേക്ക് തിരികെ വരുകയും പിശകിനെ ഒഴിവാക്കുകയും ചെയ്യും.”

(പാസ്റ്റർ മൈൽസ് ഡിബെനെഡിക്ട്സ്-ക്രോസ് കണക്ഷൻ-യു.എസ്.എ.)

“മുപ്പത് സംവത്സരമായി ഞാൻ തായി ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കയാണ്. പ്രാചീന കാലം മുതലേ, വാചികരീതിയിൽ ബോധനം നടത്തുന്ന ബുദ്ധമതക്കാരുടെ ഈ രാഷ്ട്രത്തിൽ, അതി നോട് സമാനതയുള്ള ഒരു ബോധന രീതിയായി STS പദ്ധതിയെ എനിക്ക് കണ്ടെത്തുവാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.”

“ഈ രാജ്യത്തെ സുപ്രധാനമായ ഒരു ആവശ്യമാണ് സഭയെ സ്ഥാപിക്കുന്ന ഒരു പ്രസ്ഥാന ഇവിടെ ഉണ്ടായിരിക്കണം എന്നത്. അതിന്റെ സാരം, വേദപുസ്തക സത്യങ്ങൾ കൃത്യമായും, സാംസ്കാരിക മായി സമുചിതമായ ഭാവത്തിലും ആശയ വിനിമയം ചെയ്ത് പ്രചരിപ്പിക്കുന്നതിന് പര്യാപ്തമായ ഒരു പ്രവർത്തന മാർഗ്ഗം ദ്രുതഗതിയിൽ സംജാതമാക്കണമെന്നതാണ്. ഏഷ്യയിലെ വിവിധ രാജ്യങ്ങളിലും, തായ്‌ലാന്റിലെ ഓരോ പ്രദേശത്തും STS പഠിപ്പിച്ചതുകൊണ്ട് എനിക്ക് വ്യക്തമായി കാണാൻ കഴിഞ്ഞത് ഗ്രാമപ്രദേശങ്ങളിലുള്ള ജനസമൂഹങ്ങൾക്ക് മാത്രമല്ല നഗരമേഖലകളിലുള്ള സാക്ഷരരായ ജനങ്ങൾക്കും വാചികബോധനം തികച്ചും അനുയോജ്യവും, കൂടുതൽ പ്രിയങ്കരവുമായിരിക്കും എന്നാണ്.”

(ലാറിഡിങ്കിൻസ്, ThM, PhD. ബൈബിൾ അദ്ധ്യാപകൻ, OMF തായ്‌ലാന്റ്)

“ഞങ്ങൾക്ക് 60 അനാഥക്കുട്ടികൾ ഉണ്ട്. ഓരോ കുട്ടിയും വ്യത്യസ്തമായ സാംസ്കാരിക സാഹചര്യത്തിൽനിന്നു വന്നിട്ടുള്ളതാണ്; വിവിധ സ്ഥലങ്ങളിൽ നിന്ന് വന്നവരുമാണ്. അതുകൊണ്ട് അവരെ നിയന്ത്രിക്കുന്നതിന് ഞങ്ങൾ ദിവസവും ബദ്ധപ്പെടുകയായിരുന്നു. STS പഠന പദ്ധതിയിലൂടെ ഞങ്ങൾക്ക് അവരെ ദൈവത്തിന്റെ പ്രവൃത്തികളും വചനങ്ങളും പഠിപ്പിക്കുന്നതിന് കഴിയുന്നതിനാൽ ഇപ്പോൾ ഞങ്ങളുടെ സംരക്ഷണയിലുള്ള കുട്ടികളെ നല്ലവരാക്കാൻ കഴിയുന്നുണ്ട്. അവർ പഠനകാര്യങ്ങളിൽ മിടുക്കരായിത്തീരുകയും ആത്മീകരായി വളരുകയും ചെയ്യുന്നു. ദൈവത്തിന്റെ കഥകൾ ഈ കുട്ടികൾ അവരുടെ സ്കൂളുകളിലുള്ള മറ്റുകുട്ടികൾക്ക് പങ്കുവയ്ക്കുന്നുണ്ട്.”

(റെവ. വിജയരാജ്-എക്സിക്യൂട്ടീവ് ഡയറക്ടർ, ഹാപ്പിഹോം, കർണാടക, ഇൻഡ്യ)

“ആഫ്രിക്കയിലെ ഒരു മിഷണറിയും, സഭാസ്ഥാപകനും, എന്റെ രാജ്യത്തിലെ ബൈബിൾ സ്കൂൾ അദ്ധ്യാപകനുമായ ഞാൻ ഈ പ്രമാണഗ്രന്ഥത്തെ ക്രിസ്തീയ ശുശ്രൂഷയിലുള്ള എല്ലാ പ്രവർത്തകർക്കുമായി ശുപാർശ ചെയ്യുന്നു. ഭൂലോകത്തിൽ എവിടെയും ഏതൊരുവ്യക്തിയെയും വാചികമായി വേദപുസ്തകം പഠിപ്പിക്കുന്നതിനും, ഏതൊരാൾക്കും ബൈബിൾ പഠനം സൗകര്യപ്രദമായി നിർവ്വഹിക്കുനനതിനും, ഇത് വിശദാംശങ്ങൾ പ്രദാനം ചെയ്യുന്ന പ്രായോഗിക ഉപകരണമാണ്. കഥകൾ മാത്രം എന്ന പദ്ധതി എന്നെ സംബന്ധിച്ചിടത്തോളം വീട്ടിലാണ് ആരംഭിക്കുന്നത്. ഓരോ ദിവസവും രാത്രി ഉറങ്ങാൻ പോകുന്നതിനുമുമ്പ് STSന്റെ ഈ പ്രമാണഗ്രന്ഥത്തിൽ നൽകിയിരിക്കുന്ന സാങ്കേതിക സമ്പ്രദായങ്ങൾ ഉപയോഗിച്ച് ഒരു ബൈബിൾ കഥ പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്യാറുണ്ട്. ഞങ്ങളുടെ കുടുംബം സദാകാലത്തേക്കുമായി മാറ്റങ്ങൾക്ക് വിധേയമായിത്തീർന്നു.”

(റെവ. ജേക്കബ് ഓച്ചിയങ് ഓക്കോത്ത്- “ആശീഷമാരി സഭ”/ ശുശ്രൂഷകൾ
(Showers of Blessings Church/Minitries) -സ്ഥാപകൻ, കെനിയ)

“ഒരു വേദപുസ്ത പണ്ഡിതനും, ദൈവ ശാസ്ത്രജ്ഞാനിയും എന്ന പദവിയിൽ ഞാൻ മനസ്സിലാക്കുകയും പ്രസ്താവിക്കുകയും ചെയ്യുന്നത്, വേദപുസ്തക പരമായ വ്യാഖ്യാനങ്ങൾക്കും ഗവേഷണങ്ങൾക്കും STS ഏറ്റവും ഫലപ്രദമായ മാർഗ്ഗമാകുന്നു എന്നാണ്. കഴിഞ്ഞ 24 സംവത്സരക്കാലത്തെ ശിഷ്യത്വനിർമ്മാണ ശുശ്രൂഷയിൽ ഒരിക്കലെങ്കിലും എഴുത്തും വായനയും അറിഞ്ഞു കൂടാത്ത ആരെയും ശിഷ്യരാക്കുവാൻ എനിക്ക് കഴിഞ്ഞിട്ടില്ല. STSന്റെ ഈ പ്രമാണ ഗ്രന്ഥത്തിൽ നിൽകപ്പെട്ടിരിക്കുന്ന നൈപുണ്യങ്ങൾ ഉപയോഗിച്ചുകൊണ്ട് സ്മരണീയമായ ആ ചുമതല ഞാൻ ആരംഭിച്ചു അത് നിവൃത്തികരിക്കാൻ ഇത് എനിക്ക് സഹായകമായിത്തീർന്നു. എന്റെ സഹ പ്രവർത്തകരായ വേദശാസ്ത്രാജ്ഞാനികൾക്കും മറ്റ് എല്ലാവർക്കുമായി ഈ പ്രമാണ ഗ്രന്ഥം ഞാൻ ശുപാർശ ചെയ്യുന്നു.”

(റെവ. ലുവാങ്ക-യെരൂശലേം ന്യൂലൈഫ്പെന്റകോസ്റ്റൽ
ചർച്ച് ഇന്റർനാഷണൽ, ഡി.ആർ.കോങ്കോ.)

"എത്യോപ്യയിലും, അകലെയുള്ള രാജ്യങ്ങളിലും ശുശ്രൂഷയിൽ വിട്ടുപോയിരുന്ന ഭാഗം ഞാൻ STSൽ കണ്ടെത്തിയിരിക്കുന്നു. തിരുവെഴുത്തുകളുടെ സത്യസന്ധതയുമായി ആ ജനങ്ങൾക്കുള്ള ആത്മാർത്ഥ മായ സമർപ്പണം എത്യോപ്യയിൽ വേദപുസ്തകം പങ്കുവയ്ക്കുവാൻ STS പ്രവർത്തനാത്മകമായ പദ്ധതി ഞങ്ങൾക്ക് പ്രചോദനം നൽകി. കഥാകാഥികന്മാർ ജനങ്ങളെ ക്രിസ്തുവിങ്കലേക്ക് ആനയിക്കുന്നു. അതിലും ഉപരിയായി STS പ്രവർത്തനരീതികൾ കഥാകാഥികരുടെ ജീവിതത്തിലും മാറ്റങ്ങൾ ഉണ്ടാക്കുന്നുണ്ട്. പരിശുദ്ധാത്മാവ് എല്ലാ സത്യങ്ങളിലേക്കും നടത്തുകയും, ദൈവവചനത്തിലേക്ക് അഗാധമായി ആമഗ്ന രാകുന്നതിന് അവരെ സഹായിക്കുകയും ചെയ്യുന്നു."

(ജൂലീ കേയ് ഫീൽഡ്-പാരക്ലീറ്റ്മിഷൻ ഗ്രൂപ്പ് അസോഷിയേറ്റ്, ഗ്ലോബൽ)

"ഞാൻ ഹിമാലയത്തിലെ ആദിവാസികളുടെ ഇടയിൽ പ്രവർത്തിക്കുന്നു. ഞങ്ങളുടെ ആദിവാസി ജന ങ്ങളുടെ പരമ്പരാഗതമായ ആചാരമര്യാദകൾ എല്ലാം വാചികമായ പാരമ്പര്യങ്ങളിൽ അധിഷ്ടിതമായി രിക്കുന്നു. കാരണം എന്തെന്നാൽ അവർക്ക് ലിഖിതമായ പ്രമാണരേഖകൾ യാതൊന്നുമില്ല. ആകയാൽ ഈ ആദിവാസി ജനങ്ങളോട് സുവിശേഷം അറിയിക്കുന്നതിന് അനുയോജ്യമായ ഏറ്റവും ഉത്തമമായ മാർഗ്ഗം കഥാകഥനം ആകുന്നു. ഞങ്ങളുടെ പർവ്വതനിബിഡമായ സംസ്ഥാനത്തിൽ സുവിശേഷം അവത രിപ്പിക്കുന്നതിന് പര്യാപ്തമായ ഏറ്റവും നല്ല പ്രവർത്തന മാതൃക STSന്റെ കഥാകഥനം ആകുന്നു.

(റെവ. ടിനുയാങ്ബാ ഇംചൻ-സീനിയർപാസ്റ്റർ/ബൈബിൾ ടീച്ചർ, അരുണാചൽപ്രദേശ്, ഇൻഡ്യ)

"ഞാൻ ഒരു പൊതുജന പത്രപ്രവർത്തകനാണ്. TGSPയുടെയും STS സംഘത്തിന്റെയും അംഗമായി പ്രവർത്തിക്കുന്നതിനും, കർണാടകയിലെ അനേകം നേതാക്കന്മാരെ പരിശീലിപ്പിക്കുന്നതിനും എനിക്ക് പദവി ലഭിച്ചതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ദൈവവചനത്തെ യഥാർഥമായും, സത്യസന്ധ മായും പഠിക്കുന്നതിന് എന്നെയും എന്റെ കുടുംബത്തെയും STSപഠന പദ്ധതി സഹായിച്ചിരിക്കുന്നു. ദൈവചനത്തെ ഹൃദയത്തിൽ സൂക്ഷിക്കാനും, ഞാൻ പോകുന്നിടത്തെല്ലാം അവന്റെ വചനം (കഥകൾ) പങ്കിടുവാനും അത് എന്നെ സഹായിക്കുന്നു. ഒരു പൊതു ജനപ്രവർത്തകൻ എന്ന നിലയിൽ അത് എനിക്ക് നല്ല പദവി നൽകുന്നു."

(എം. കൃഷ്ണാ M.A. സീനിയർ ജേർണലിസ്റ്റ്,
പാൾവോയിസ് പബ്ലിഷർ, വി.ജെ. പുർ, കർണ്ണാടക, ഇൻഡ്യാ)

"ദൈവവചനം നന്നായി മനസ്സിലാക്കുന്നതിന് STS ഞങ്ങളെ സഹായിച്ചു കഥകളായിട്ട് ആയതിനാൽ പൂർണ്ണമായി മനസ്സിലാക്കുന്നതിനും ഓർമ്മിക്കുന്നതിനും STS സഹായിക്കുന്നു. ഹൃദയ പോക്കറ്റുകളിൽ ദൈവ വചനത്തെ കഥകളായി സൂക്ഷിക്കുവാൻ കഴിയുന്നു. ഞങ്ങളുടെ പ്രാദേശീക സഭയിലെ നിരക്ഷ രരായ മൂപ്പന്മാരെ പരിശീലിപ്പിക്കുന്നതിനും, അവർക്ക് തിരുവചനം അനായാസം പഠിക്കുന്നതിനും STS സഹായകമായി. അപ്രകാരം തന്നെ അവരുടെ അയൽവാസികളായ കുടുംബങ്ങളെയും, സമീപസ്ഥമായ ഗ്രാമങ്ങളെയും സമീപിക്കുന്നതിനും STS മാർഗ്ഗദർശകമായി. മുൻകാലങ്ങളെക്കാൾ കൂടുതലായി സഭ കൾ സ്ഥാപിക്കുന്നതിന് STS രീതി ഞങ്ങളെ സഹായിച്ചിരിക്കുന്നു."

(റെവ. ദേവസഹായം - സീനിയർ പാസ്റ്റർ/സഭാസ്ഥാപകൻ, F.L. സഭ,
ആന്ധ്രാപ്രദേശ്, ഇൻഡ്യ)

“ഡോറതിമില്ലറും, കഥകൾ മാത്രം എന്ന പഠനപദ്ധതിയും വേദപുസ്തക കഥാകഥന പ്രസ്ഥാനത്തിൽ മാർഗ്ഗദർശനം നൽകുന്ന, തിളങ്ങുന്ന ദീപങ്ങൾ ആണ്. STSന്റെ അദ്ധ്യാപക പ്രവർത്തകൻ ആകുന്നതിനായി ഞാൻ പരീശീലനം നേടി. സാക്ഷരരും, വാചക പഠിതാക്കളും, ആയ അനേകരെ വേദപുസ്തക കഥകൾ STS ശൈലിയിൽ പഠിപ്പിച്ചപ്പോൾ, ബൈബിൾ കഥകൾ സജീവമായിത്തീരുന്നത് വ്യക്തിപരമായി എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്.

(ചാൾസ് സിബെനെ – CEO. മെഗാവോയ്സ്, ഗ്ലോബൽ)

“ഇൻഡ്യയ്ക്കുവേണ്ടിയുള്ള ദൈവ കഥാപദ്ധതി (TGSP) അതിന്റെ ആവിർഭാവം മുതൽ പൊടുന്നനേ വളർന്നുകൊണ്ടിരിക്കുന്നത് ഞാൻ കണ്ടുകൊണ്ടിരിക്കയാണ്. വേദപുസ്തക കഥകളുടെ ലാളിത്യവും, പ്രത്യാല്പാദനത്വവും പ്രദാനം ചെയ്യുന്ന ശക്തിയിലൂടെ അനേകം മനുഷ്യരുടെ ജീവിതത്തിൽ പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് ഞാൻ കാണുന്നുണ്ട്. നമ്മുടെ ഈ തലമുറയിൽ കർത്താവിനുവേണ്ടി ജനതയെ സമീപിക്കുന്നതിന് അവർക്ക് മനസ്സിലാക്കുന്ന രീതിയിൽ നാം അവരെ പഠിപ്പിക്കുകയും, പരിശീലിപ്പിക്കുകയും ശിഷ്യരാക്കുകയും ചെയ്യേണ്ടതാണെന്ന് എനിക്ക് നന്നായി മനസ്സിലായിട്ടുണ്ട്. എല്ലാ സഭാസ്ഥാപകരും ഈ പരിശീലനം നേടണമെന്ന് ഞാൻ ശുപാർശ ചെയ്യുന്നു. അപ്രകാരം നമ്മുടെ ജനതയെയും, രാഷ്ട്രത്തെയും ബൈബിൾ കഥകളിലൂടെ ക്രിസ്തുവിങ്കലേക്ക് നയിക്കുവാൻ കഴിയുന്നതാണ്.”

(റെവ. ഡോ. സാം ഏബ്രഹാം. ഡയറക്ടർ, ഹിമാചൽ ബൈബിൾ കോളേജ്,
ബെരാക്കാ, മിനിസ്ട്രീസ്, ഇൻഡ്യ.)

# കഥകൾ മാത്രം

## ആഗമരീതിയിലുള്ള വേദ പുസ്തക പഠനം

## വാചികശൈലി

## STS ഹാൻഡ് ബുക്ക്

### തിരുവചനാന്വേഷണം – ചർച്ചയിലൂടെ

### ശ്രവണത്തിലൂടെ, പ്രതികരണത്തിലൂടെ

**ഡോറതി A മില്ലർ**

ദ ഗോഡ്സ് സ്റ്റോറി പ്രോജക്ട്

# കഥകൾ മാത്രം, ഹാൻഡ് ബുക്ക് 5–ാം പതിപ്പ്

പകർപ്പവകാശം © 2006, 2012 ദൈവത്തിന്റെ കഥ പദ്ധതിക്ക്

Published by The God's Story Project

PO Box 187, Hemet, California 92546 (951) 658-1619

info @ Simply TheStory. Org/info @ Gods-Story.Org.

www. Simply TheStory.org/www.Gods-Story.org

Listen to live stories told in multiple languages.

വിവിധഭാഷകളിൽ പറയപ്പെടുന്ന സജീവകഥകൾ കേൾക്കുക. എല്ലാ അവകാശങ്ങളും സംരക്ഷിതം. ഈ ഗ്രന്ഥത്തിന്റെ യാതൊരു ഭാഗവും പുനർപ്രസിദ്ധികരിക്കയോ, സാങ്കേതികമായ സംഭരിതമായി സൂക്ഷിക്കുകയോ, വൈദ്യുതകാന്തിക, റേഡിയോതരംഗങ്ങളിലൂടെ പ്രസാരണ ചെയ്യുകയോ, യാന്ത്രികമായോ, ഫോട്ടോകോപ്പി ആയോ, റക്കാർഡു ചെയ്തോ സൂക്ഷിക്കുകയോ, അയക്കുകയോ ചെയ്യാൻ പാടില്ല. സംഗ്രഹമായിട്ടോ, ഭാഗീകമായോ ഉദ്ധരണി ആയോ മാത്രം ഉപയോഗിക്കാം – പ്രസാധകന്റെ അനുവാദമില്ലാതെ ഇവയൊന്നും ചെയ്യാവുന്നതല്ല.

ഈ പ്രമാണഗ്രന്ഥം വിവർത്തനം ചെയ്യുവാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ അറിയിക്കുക. TGSPയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നിങ്ങൾക്ക് തർജ്ജമ ചെയ്യുന്നതിന് അനുവാദം തരുന്നതിനും നിങ്ങളോടൊത്ത് പ്രവർത്തിക്കുന്നതിനും ഞങ്ങൾക്ക് സന്തോഷമുണ്ട്.

**ഡോറതി A. മില്ലർ,**

**എക്സിക്യൂട്ടീവ് ഡയറക്ടർ, ദൈവത്തിന്റെ കഥാപദ്ധതി.**

ഈ പ്രസിദ്ധീകരണത്തിലെ വാക്യങ്ങൾ എല്ലാം കിംഗ്ജെയിംസ് വെർഷൻ (KJV)യുടെ വേദപുസ്തകത്തിൽ നിന്നാകുന്നു.

ഈ ഹാൻഡ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള വേദപുസ്തകഭാഗങ്ങളെല്ലാം നിങ്ങൾ പരിശോധിച്ചുനോക്കുവാൻ നിങ്ങളെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. വ്യത്യസ്തമായ ബൈബിൾ വിവർത്തനങ്ങളിൽ കഥാഭാഗങ്ങളിലോ വായനാഭാഗങ്ങളിലോ ഭേദഗതികൾ കാണുന്നതായാൽ യഥാർത്ഥമായ കഥയ്ക്കുവേണ്ടി കിംഗ് ജെയിംസ് വിവർത്തനം പരിശോധിക്കണം. ദൈവത്തോട് ആലോചന ആവശ്യപ്പെടണം, കഥ ശരിയായി അവതരിപ്പിക്കുന്നതിനായി ദൈവീകമായ നിയോഗം ലഭിക്കും.

ISBN 978-0-9855206-0-1

TGSP - India

P.O. Box 3, Sidhartha Nagar.P.O.

Mysore 570 011, India.

Ph. No. +919448413123.

# വിഷയവിവരം


| | | |
|---|---|---|
| മുഖവുര: ആഫ്രിക്ക | | |
| മുഖവുര : അമേരിക്കൻ ഐക്യനാടുകൾ | | |
| അദ്ധ്യായം 1 : | വാചികബോധനതന്ത്രം - അതിന്റെ ആവശ്യകത. | 1 |
| 2 : | ചോദ്യങ്ങളും കഥകളും | 7 |
| 3 : | കഥമാത്രം - ഒരു താൾ മുഖ വീക്ഷണം | 12 |
| 4 : | ഒരു കഥ തയ്യാറാക്കുന്നത് എങ്ങനെ? കഥകൾമാത്രം ശൈലിയിൽ. | 13 |
| നിപുണത I | ഒരു കഥ തെരഞ്ഞെടുത്ത്, പഠിച്ച് നന്നായി പറയുന്നത് എങ്ങനെ? | 14 |
| II | ഒരു കഥയിലെ നിധികൾ കണ്ടെത്തുന്നത് എങ്ങനെ? | 28 |
| | ◆ "ആത്മീക നിരീക്ഷണങ്ങൾ" എന്ന നിധികൾ കണ്ടെത്തുന്നത് എങ്ങനെ? | 28 |
| | ◆"ആത്മീകമായ പ്രായോഗികോപയോഗങ്ങൾ" എന്ന നിധികൾ കണ്ടെത്തുന്നത് എങ്ങനെ? | 33 |
| നിപുണത III | നിങ്ങളുടെ ചോദ്യങ്ങൾ രൂപകല്പന ചെയ്യുന്നതെങ്ങനെ? | 39 |
| അദ്ധ്യായം 5 : | കഥ തയ്യാറാക്കാനും, അവതരിപ്പിക്കാനും നമ്മുടെ നൈപുണ്യങ്ങൾ ഉപയോഗിക്കാം. | 45 |
| ഒരുക്കം : | ആത്മീക നിധികൾ കണ്ടെത്തുക | 45 |
| അവതരണം : | ഘട്ടം ഒന്ന് : കഥ മൂന്ന് പ്രാവശ്യം പറയുക. | 48 |
| അവതരണം : | ഘട്ടം രണ്ട് : ആത്മീക നിരീക്ഷണങ്ങളുടെ ചർച്ചകൾ | 56 |
| അവതരണം : | ഘട്ടം രണ്ട്: ആത്മീകമായ ഉപയോഗങ്ങളുടെ ചർച്ചകൾ. | 64 |
| അദ്ധ്യായം 6 : | ചർച്ചകൾ നയിക്കുന്നതിനുള്ള പൊതുവായ നിർദ്ദേശങ്ങൾ. | 68 |
| അദ്ധ്യായം 7 : | കൃത്യമായ പ്രായോഗികോപയോഗം - ആനയെ കാണുന്നത്. | 79 |
| അദ്ധ്യായം 8 : | നിരക്ഷരരും, വാചിക ബൈബിൾ സ്കൂളുകളും. | 85 |
| അദ്ധ്യായം 9 : | തൂവൽ പറിച്ചെടുക്കുക - ചിന്താധാരയിലുണ്ടാകുന്ന വ്യതിയാനങ്ങൾ | 92 |
| അദ്ധ്യായം 10 : | "കഥകൾ മാത്രം" കാഥികരുടെ വർഗ്ഗീകരണങ്ങൾ | 112 |
| അദ്ധ്യായം 11 : | ഉപയോഗിക്കേണ്ട സ്ഥലങ്ങൾ STS പഠനത്തിനും പ്രചാരണത്തിനുമുള്ള വിധങ്ങൾ. | 116 |
| അനുബന്ധം A : | പരിശീലനപുനരവലോകന രീതികൾ | 124 |
| അനുബന്ധം B :ഒരു മാതൃകാകഥയിലൂടെയുള്ള യാത്ര | | 128 |
| അനുബന്ധം C :ഉപയോക്താക്കളുടെ അനുഭവ റിപ്പോർട്ടുകൾ - നിർദ്ദേശം നൽകലും വിപുലീകരണവും | | 154 |
| അനുബന്ധം D :ഒരു നായകന്റെ കണ്ടുപിടുത്തം. | | 159 |
| ദൈവത്തിന്റെ കഥ: സൃഷ്ടിപ്പുമുതൽ നിത്യത വരെ. | | 163 |
| ആഗോളബന്ധ വിവരങ്ങൾ. | | 165 |

# മുഖവുര : ആഫ്രിക്ക

ഏതാനും വർഷങ്ങൾക്കുമുമ്പ് ഗൾഫ് പ്രദേശത്ത് നടത്തപ്പെട്ട ഒരു മർമ്മ പ്രധാനമായ ചർച്ചാവേളയിലാണ് ഞാൻ ഡോറിതി മില്ലറെ കണ്ടുമുട്ടിയത്. നിരോധനമേഖലകളിൽപോലും ദൈവവചനം പ്രചരിപ്പിക്കുന്നതിനും, ദൈവവചനം അറിഞ്ഞിട്ടില്ലാത്ത മനുഷ്യർക്ക് ദൈവവചനം നൽകുന്നതിനും ദൈവത്തിന്റെ കഥ പറയുന്നതിന്റെ മഹത്വത്തെക്കുറിച്ച് അവർ എന്റെ ഭാര്യയോടും എന്നോടും പ്രസ്താവിക്കുകയുണ്ടായി; കഥകളിലൂടെ ദൈവവചനം പ്രചരിപ്പിക്കുന്നത് സുവിശേഷീകരണത്തിന്റെ ശക്തമായ യുദ്ധതന്ത്രമാണ്. മാർത്തയുടെയും മറിയയുടെയും ലളിതമായ ഒരു കഥ ഞങ്ങൾ വിചിന്തനം ചെയ്തു. വിസ്മയകരമായ അനേകം ഗുപ്തനിധികൾ അതിൽ അന്തർഭവിച്ചിരിക്കുന്നു എന്ന് അറിവാൻ കഴിഞ്ഞു.

തത്ഫലമായി ഞാൻ ഈ പദ്ധതിയെ കൈക്കൊണ്ടു, നൈജീരിയായിലെ കാൽവറിമിനിസ്ത്രീസ് പ്രദേശങ്ങളിൽ (CAPRO) ഈ പദ്ധതിയെ അവതരിപ്പിക്കുകയുണ്ടായി. മഹത്തായ വിജയം ഉണ്ടാകുന്നതായി സന്തോഷകരമായ റിപ്പോർട്ടുകൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ആഫ്രിക്കയിലെ മുപ്പതിൽപരം രാജ്യങ്ങളിൽ സുവിശേഷം കടന്നു ചെന്നിട്ടില്ലാത്ത ജനങ്ങളുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിക്കുന്നതിനും, സഭകൾ സ്ഥാപിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്വദേശീകമായ മിഷൻ ഏജൻസിയാണ് കാൽവറി മിനിസ്ത്രീസ് (CAPRO) 65 ഉൾനാടൻ പ്രദേശങ്ങളിലും, നഗര പ്രദേശങ്ങളിലും സഭകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഞങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

തലമുറകളിൽ നിന്ന് തലമുറകളിലേക്ക് ദൈവം വിവിധ രീതികളിൽ, ദൈവമഹത്വം വെളിവാക്കിക്കൊണ്ടിരിക്കുന്നു എന്ന് നമുക്ക് കണ്ടുപിടിക്കുവാൻ കഴിയുന്നതാണ്. വേദപുസ്തകത്തിലുള്ള വിവിധ കഥകളിൽ ഈ മഹനീയ സത്യത്തിന്റെ ദൃഷ്ടാന്തങ്ങൾ ക്രോഡീകരിക്കപ്പെട്ടിരിക്കയാണ്, ക്രിസ്തുവിലും, പരിശുദ്ധാത്മാവിലുമുള്ള തന്റെ പ്രത്യക്ഷതയിലൂടെ. മനുഷ്യവർഗ്ഗത്തിന് ഈ ഗുപ്തനിധി കണ്ടെത്തുവാൻ ഈ പ്രത്യക്ഷത നമ്മെ സഹായിക്കുകയും ചെയ്യുന്നു.

കഥകൾമാത്രം (STS) പദ്ധതി വേദപുസ്തകസത്യങ്ങളെ വ്യവസ്ഥാപിതമായി ഗവേഷണം ചെയ്യുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗവും, മാദ്ധ്യമവുമാകുന്നു. ഈ പദ്ധതിയിലൂടെ സാക്ഷരർക്കും, നിരക്ഷരർക്കും വേദപുസ്തകനിധി സഞ്ചയത്തിലേക്ക് ആഴമായി ഖനനം ചെയ്യുന്നതിന്, സാന്ദർഷികമായി, സാദ്ധ്യമായിത്തീരുന്നു.

മാനുഷീകമൂല്യങ്ങളെ ഉത്ബോധനം ചെയ്യുവാനും, ജീവിതശൈലികളെ പരിവർത്തനം ചെയ്യിക്കുന്ന വിജ്ഞാനത്തെ പകർന്നു നൽകുവാനും ആഫ്രിക്കൻ ജനതയുടെ സാമൂഹ്യ സംസ്കാരിമായ കഥാകഥനം ശക്തമായ ഒരു പ്രവർത്തനമാർഗ്ഗമായി ഉപയോഗിക്കാവുന്നതാണ്. ഭൂരിപക്ഷം ജനങ്ങളും നിവസിക്കുന്ന ഗ്രാമീണനാടുകളിൽ വാചികമായ ആശയവിനിമയ പാരമ്പര്യമാണുള്ളത്. അത്, നാട്ടിൻപുറത്തുള്ള സാധാരണക്കാർക്ക് വാചികബോധനത്തെ ശ്രദ്ധിക്കുന്നതിന് പ്രചോദനപ്രദമായ പാരമ്പര്യപശ്ചാത്തലമായിത്തീരുന്നുണ്ട്.

സമഞ്ജസമമായ ഈ സവിശേഷതയ്ക്കും അതീതമായി (STS) പദ്ധതിയ്ക്കുള്ള പ്രത്യേകത അതിലെ പഠിതാക്കളായ ശ്രോതാക്കൾക്ക് സ്വതന്ത്രമായും, സ്വയമായും അനുമാനങ്ങളിൽ എത്തുന്നതിന് കഴിയും എന്ന താണ്, അതുമാത്രവുമല്ല അവരുടെ തീരുമാനങ്ങളുടെ ഉടമസ്ഥാവകാശം അവർക്കുതന്നെ ആയിരിക്കുകയും ചെയ്യും. ഇത് സാദ്ധ്യമാകുന്നതിന് പ്രധാനകാരണം കഥാകാഥികന്റെ സമീപനരീതിയും, ശ്രോതാക്കളോട് കാഥികൻ ചോദിക്കുന്നചോദ്യങ്ങളും സ്വതന്ത്രമായി ചിന്തിച്ച് ആത്മീകസത്യങ്ങൾ കണ്ടെത്തുന്നതിന് സഹാ യകമായിരിക്കുന്നു എന്നതാണ്. വേദപുസ്തകസത്യങ്ങൾ വളരെ കൃത്യമായും, തികവായും വിവിധ സാംസ്കാ രികസമൂഹങ്ങളിലേക്ക് ആത്മീകതീക്ഷ്ണുതയോടെ പകർന്നു നൽകുന്നതിന് ഇത് പ്രചോദകമാകുകയും ചെയ്യു ന്നു.

ആത്മീക നിരീക്ഷണങ്ങളും, ആത്മീകമായ പ്രായോഗിക ഉപയോഗങ്ങളും അന്വേഷിച്ച് കണ്ടുപിടിക്കുക. എന്ന രണ്ട് സമീപനരീതികളും ശ്രോതാക്കൾക്ക് ചോദ്യങ്ങൾ ശ്രദ്ധിക്കുവാനുള്ള പ്രേരണ നൽകുന്നുണ്ട്. വേദ പുസ്തകത്തിലെ ഗണനീയമായ ശതമാനം സത്യങ്ങളും അന്തർഭവിച്ചിട്ടുള്ള കഥകൾ പഠിക്കുന്നതുകൊണ്ടും ശ്രോതാക്കളായ പഠിതാക്കൾക്ക് ആത്മീകസത്യങ്ങൾ വ്യക്തമായി ഗ്രഹിക്കുവാനും, അനുസ്മരിക്കുവാനും സാദ്ധ്യമായിത്തീരുന്നു.

മാത്രവുമല്ല, കഥാകാഥികന്മാർക്ക് കഥാകഥനസമയത്ത് സമുചിതമായി പെരുമാറുവാനുള്ള ശ്രദ്ധയും കരുതലും നൽകുകയും ചെയ്യുന്നു. പഠിതാക്കൾ കേൾക്കുന്നതായ കഥയിൽ അന്തർഭവിച്ചിട്ടുള്ള മര്യാദകൾ അനുസരിക്കുന്നതിനും അവയെ പ്രായോഗികമാക്കുന്നതിനുമുള്ള സാഹചര്യങ്ങളും, സന്ദർഭങ്ങളും, പ്രചോദ നവും കണ്ടെത്തുന്നതിനുള്ള ആവശ്യബോധം ഉണർത്തുകയും ചെയ്യുന്നു.

ഭൂലോകമെമ്പാടുമുള്ള STS പരിശീലന പ്രക്രീയകളുടെ ഗുണഭോക്താക്കളിൽ നിന്ന് ലഭ്യമാകുന്ന ആകർഷ കമായ പ്രസ്താവനകൾക്കും അതീതമായി, വേദപുസ്തകപഠിതാക്കൾക്ക് വ്യക്തിപരവും സ്വതന്ത്രവുമായ അന്വേഷണങ്ങൾ നിർവ്വഹിക്കുന്നതിന് പ്രചോദകമായ ധാരാളം നിർദ്ദേശങ്ങൾ ചോദ്യാവലിയുടെ രൂപത്തിൽ ഈ ഗ്രന്ഥം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

സർവ്വ രാഷ്ട്രങ്ങളിലും ശിഷ്യരെ നിർമ്മിക്കുന്നതിനായി ദൈവവിളി ലഭ്യമായിട്ടുള്ള എല്ലാവർക്കും STS പരിശീലനം ലഭിക്കേണ്ടതാണെന്ന് ശുപാർശ ചെയ്യുന്നതിന് എനിക്ക് വൈമുഖ്യമില്ല. ദൈവവുമായുള്ള വ്യക്തി പരമായ ബന്ധത്തെ നവീകരിക്കുന്നതിനും, വാചികപഠനവും, വാചിക ആശയവിനിമയവും താല്പര്യപ്പെടു ന്ന ജനസമൂഹങ്ങളുടെ മദ്ധ്യേ പ്രവർത്തിക്കുന്നതിനും ദൈവം സഹായിക്കട്ടെ.

ആമോസ് അഡെറോൺമു-ഇന്റർനാഷണൽ ഡയറക്ടർ, കാൽവറി മിനിസ്ട്രീസ്. (CAPRO).

# മുഖവുര; അമേരിക്കൻ ഐക്യനാടുകൾ

നാല്പതിൽ അധികം സംവത്സരങ്ങളായി ഞങ്ങൾ മിസ്സിസ് ഡോറതി മില്ലറെയും മിസ്റ്റർ ടോം മില്ലറെയും പരിചയപ്പെടുകയും അടുത്തറിയുകയും ഉത്തമ സുഹൃത്തുക്കൾ ആയിരിക്കുകയും ചെയ്തിട്ട്. ദൈവത്തിന്റെ കഥ എന്ന ചലച്ചിത്രം ആദ്യം ആവിഷ്ക്കരിക്കുകയും, അനന്തരം പരിശീലന പദ്ധതിയും പിന്നീട് "കഥകൾ മാത്രം" എന്ന പഠന പരിപാടിയും ആവിഷ്ക്കരിച്ച് അതിവേഗം വളർത്തി വലുതാക്കുകയും ചെയ്തത് ശ്ലാഘനീയമായ ഒരു സംഗതിയാണ്; ഞങ്ങൾ അതിന് ദൃക്സാക്ഷികൾ ആയിരിക്കുന്നതിൽ സന്തോഷിക്കുന്നു.

നഷ്ടപ്പെടാനിടയുള്ള മനുഷ്യർക്കായി ക്രിസ്തുവിനെ വെളിപ്പെടുത്തിക്കൊടുക്കുവാനും, അവരെ ശിഷ്യരാക്കുവാനും, ദൈവീക വചനത്താൽ ശിക്ഷണം നൽകുവാനും ക്രിസ്ത്യാനികൾക്ക് സാദ്ധ്യമാകുന്നതിന്റെ പ്രവർത്തനമുഖങ്ങൾക്ക് ഈ നവീനശുശ്രൂഷാപദ്ധതി വിസ്മയകരമായ പരിവർത്തനം വരുത്തിക്കൊണ്ടിരിക്കുന്നത് കാണുന്നതിൽ ഞങ്ങൾ വളരെ അധികം ആഹ്ലാദിക്കുന്നു.

ഭൂലോകമെമ്പാടുമുള്ള ഗ്രാമങ്ങളിലും, ജനതകളിലും ദൈവ വചനത്തെക്കുറിച്ചുള്ള ജിജ്ഞാസയും, പ്രചോദനവും പ്രദാനം ചെയ്തുകൊണ്ട് ഈ നൂതന സമ്പ്രദായങ്ങൾ അതിവേഗം പ്രചരിച്ചുകൊണ്ടിരിക്കുന്നത് കാണുന്നതിൽ ഞങ്ങൾക്ക് അത്യന്തമായ ഉണർവും സന്തുഷ്ടിയുമുണ്ട്. കഥാകഥനബോധനരീതി എല്ലാം സ്ഥലങ്ങളിലും, എല്ലാജനങ്ങൾക്കും ഹൃദയസ്പർശകമാണല്ലൊ.

അവസരോചിതവും, ആനുകാലികവുമായ STSന്റെ ബൈബിൾ സ്റ്റഡി പ്രക്രീയകൾ, ശില്പശാലകളിൽ സന്നിഹിതരാകുന്ന പഠിതാക്കളിൽ നിന്ന് തന്നെ അന്തർദർശനങ്ങളും ബോധന നിർദ്ദേശങ്ങളും ഉരുത്തിരിയുവാൻ പ്രചോദനം നൽകുന്നുണ്ട്. തത്ഫലമായി, കൂടുതൽ സമ്പന്നവും, അഗാധവുമായ അനുഭവവിശേഷങ്ങൾ, സാധാരണ രീതികളിൽ നിന്ന് ലഭ്യമാകുന്നതിനെക്കാൾ കൂടുതലായി ഉത്ഭൂതമാകുന്നുണ്ട്. STSന്റെ കർമ്മോജ്ജ്വലമായ പ്രവർത്തന ശൈലി ജനഹൃദയങ്ങളിലേക്ക് അതിവേഗം കടന്നുചെന്ന് സ്വാധീനം ചെലുത്തുന്നു.

ജാതിമതഭേദമോ, വിദ്യാഭ്യാസയോഗ്യതയോ, സാക്ഷരതാ നിലവാരമോ, മറ്റ് സാംസ്കാരിക പരിഗണനകളോ കൂടാതെ സുവിശേഷനിലവാരമോ, മറ്റ് സാംസ്കാരിക പരിഗണനകളോ കൂടാതെ സുവിശേഷത്തിന്റെ സത്യസന്ദേശം അതിവിപുലമായ ജനസഞ്ജയങ്ങളിലേക്ക് പ്രചരിപ്പിക്കുവാൻ കഴിയുന്നത്, പരമാർത്ഥം പറഞ്ഞാൽ യേശുവിന്റെ കഥ ലളിതമായി എന്ന പദ്ധതി തികച്ചും അതുല്യവും, അസാധാരണമായ ഫലപ്രാപ്തിയുള്ളതുമാണെന്ന് ദൃശ്യമാക്കിത്തരുന്നു.

ഈ പ്രവർത്തന ശുശ്രൂഷ സവിശേഷമായി നമ്മുടെ ഹൃദയങ്ങളെ സ്പർശിക്കുന്നു, എന്തുകൊണ്ടെന്നാൽ ഈ ശുശ്രൂഷയിലൂടെ, ആസ്തിയില്ലാത്തവരും, കഴിവുകളില്ലാത്തവരും, സ്വാധീനശക്തിയില്ലാത്തവരുമായി പഠനമേഖലയുടെ അതിരുകൾക്ക് അപ്പുറത്തുനിന്ന് ഉള്ളിലേക്ക് ഉറ്റുനോക്കുന്നവരായ നിരാശിതരെ, മിക്കപ്പോഴും പുറം തള്ളപ്പെട്ടിരുന്ന നിരാശ്രിതരെ, കണ്ടുപിടിച്ച് സംജ്ഞരാക്കിത്തീർക്കുന്നു. ഭൂലോകമെമ്പാടുമുള്ള നമ്മുടെ, സുദീർഘകാല സുവിശേഷീകരണ ശുശ്രൂഷയിലൂടെ നമ്മൾ നാളതുവരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ഉത്തമവും, ഏറ്റവും ഫലപ്രദവുമായ ഉപകരണമാണ്, ദൈവരാജ്യം വിസ്തൃതമാക്കുന്നതിനായി, വിദ്യാവിഹീനരെയും, വിദ്യാസമ്പന്നരെയും, സാക്ഷരരെയും, അസാക്ഷരരെയും, ധനികരെയും, ദരിദ്രരെയും, ഭാഗ്യവാന്മാരെയും, ഒരുപോലെ സന്തുഷ്ടരാക്കുവാൻ സുസജ്ജവും, അസാമാന്യ പ്രവർത്തന ക്ഷമവുമായ ഈ STS ബോധനപദ്ധതി.

ഡോൺ & സോൺട്രാ ടിപ്ടൺ-സ്ഥാപകർ & ഡൈറെക്ടേഴ്സ്, ഫ്രണ്ട്ഷിപ്സ്, അൺലിമിറ്റഡ്.

# വേദപുസ്തകത്തിലെ ലളിതമായ കഥകളിൽ ദൈവത്തിൽ നിന്നുള്ള ഗഹനീയമായ സത്യങ്ങൾ സംഭരിതമായിരിക്കുന്നു.

ദൈവവചനം മുന്നറിയിപ്പ് നൽകുന്നു: "നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മല തയും വിട്ട് വഷളായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു."

(II കൊരിന്ത്യർ 11:3.)

## അനുജ്ഞായകങ്ങൾ

വേദപുസ്തകത്തിൽ ദൈവം സ്വയം നമുക്കായി വെളിപ്പെടുത്തിയിരിക്കുന്നു. ദൈവവചനത്തിനുവേണ്ടി നാം ദൈവത്തിന് നന്ദിപറയുന്നു. ദൈവം നമ്മെ നിർമ്മിച്ചിരിക്കുന്നത് ദൈവത്തെ സേവിക്കുന്നതിനും ദൈവ വചനം പ്രചരിപ്പിക്കുന്നതിനുമാണ്. ആകയാൽ നാം ദൈവത്തിന് നന്ദി നൽകുകയും സുവിശേഷീകരണ ശുശ്രൂഷയിൽ ലഭ്യമാകുന്ന ഫലപ്രാപ്തിക്കുവേണ്ടി ദൈവത്തിന് സർവ്വമഹത്വവും നൽകുകയും ചെയ്യുന്നു.

ദൈവത്തിന്റെ കഥാ പദ്ധതിക്കുവേണ്ടി ആയിരക്കണക്കിന് സന്നദ്ധസേവകരെ ദൈവം പ്രദാനം ചെയ്തി രിക്കുന്നു. ദൈവത്തിന്റെ കഥയുടെ പരഗതം വിവർത്തനങ്ങൾ ഈ സന്നദ്ധ പ്രവർത്തകർ രചിച്ചിട്ടുണ്ട്. നമ്മുടെ ഗായകസംഘങ്ങൾക്കും,വിവർത്തകന്മാർക്കും, വ്യാഖ്യാതക്കൾക്കും, റെക്കോർഡ് ചെയ്യുന്നവർക്കും, ധനസഹായം ചെയ്യുന്നവർക്കും, ദൈവത്തിന്റെ കഥാപദ്ധതിയുടെ ഉപയോക്താക്കൾക്കുമായി നമ്മൾ ദൈവത്തിന് നന്ദിപറ യുന്നു. യേശുവിനെ സ്നേഹിക്കുന്നവരായ ഒരു സഞ്ചയം തദ്ദേശീയരായ പ്രവർത്തകരും മിഷണറിമാരും, വിസ്മയകരമായി സഹകരിക്കുന്ന നിരവധി നാട്ടുകാരുമാണ് ഈ ശുശ്രൂഷകളെ വിജയകരമാക്കുന്നത്.

ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള വിവിധ രാജ്യങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന നിരവധി പ്രവർത്തകരും സംഘാടകരും ഉണ്ട്. ദൈവം അല്ലാതെ മറ്റ് ആരും ശ്രദ്ധിക്കുന്നില്ലെങ്കിലും, നിസ്വാർത്ഥമായി ആത്മാർത്ഥമായി സേവനം അനുഷ്ടിക്കുന്ന ഈ സഹൃദയർക്കുവേണ്ടി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. ഹാൻഡ് ബുക്കിൽ ഉൾപ്പെടുത്തിക്കൊണ്ടിരിക്കുന്ന വിജ്ഞാന പ്രദമായ ആശയങ്ങളും കഥകളും പ്രദാനം ചെയ്യുന്ന പ്രവർത്തകർക്കുവേണ്ടിയും ദൈവത്തിന് നന്ദിപറയുന്നു. ദൈവത്തിന്റെ കഥാപദ്ധതിയുടെ "കഥ കൾമാത്രം" പ്രവർത്തനപ്രക്രീയകളുടെ കേന്ദ്ര പ്രവർത്തകരായ ഡയറക്ടർമാർ, അദ്ധ്യാപകർ മുതലായ ഔദ്യോ ഗികവൃന്ദം വിപുലമായിക്കൊണ്ടിരിക്കുന്നതിൽ വിസ്മയത്തോടെ സന്തോഷിക്കുകയും ദൈവത്തെ സ്തുതി ക്കുകയും ചെയ്യുന്നു. ഭൂലോകത്തിലെമ്പാടും സുധീരമായും, സജീവമായും ബൈബിൾ കഥകൾ പറയുന്ന ദശ ലക്ഷക്കണക്കിനുള്ള അദ്ധ്യാപക സൈന്യത്തിനുവേണ്ടി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു.

സുപ്രസിദ്ധചിത്രകാരനും കലാകാരനുമായ നോം മാക്ഗാറി 1994 ൽ വേദപുസ്തക കഥകളുടെ പത്ത് ചിത്രങ്ങൾ പെയ്ന്റ് ചെയ്തു. പ്രത്യാശകൾ പ്രദാനം ചെയ്യുന്ന "ഞാൻ ആകുന്നവൻ" ആയി യേശുവിനെ ഹൃദ യഹാരിയായി ചിത്രീകരിക്കുവാൻ നോം തന്റെ കലാവിരുതുകൾ സമർത്ഥമായി വിനിയോഗിച്ചു. പ്രായാധിക്യ ത്തിലായിരുന്ന തന്റെ മാതാവ് യേശുവിനെ സ്വന്തം രക്ഷിതാവായും ദൈവമായു കൈക്കൊള്ളുന്നതിനുവേണ്ടി പ്രത്യാശയോടെയാണ് നോം ആ ചിത്രങ്ങൾ രചിച്ചത്. അത് സഫലമായിത്തീർന്നതിൽ അദ്ദേഹം ചരിതാർഥ നായിത്തീർന്നു. 2012-ൽ ഈ വിശ്വപ്രസിദ്ധചിത്രകാരൻ തന്റെ സ്വർഗ്ഗീയഭവനത്തിൽ യേശുവിന്റെ അടുത്തേക്ക് കടന്നുപോയി, തന്റെ മാതാവിനോട് ചേർന്ന് സ്വർഗ്ഗത്തിൽ സന്തോഷിക്കുന്നു. അദ്ദേഹത്തിന്റെ ചിത്രകല ദൈവ ത്തിന്റെ കഥയ്ക്കുവേണ്ടി വിനിയോഗിക്കപ്പെട്ടു. "കഥകൾ മാത്രം" എന്ന പദ്ധതിയുടെ ആവിഷ്കാരത്തിന് അത് പ്രേരകമായിത്തീർന്നു. യേശുവിനുവേണ്ടി സമർപ്പിക്കപ്പെട്ട തന്റെ ദാസ്യഹൃദയത്തിനുവേണ്ടി ഞങ്ങൾ നോമിനെ വളരെ സ്നേഹിക്കുന്നു. സഹൃദയനായ ആ മനുഷ്യന്റെ ആത്മാർത്ഥത, യേശുവിനോടുള്ള അദമ്യ മായ സ്നേഹം, തന്റെ മാതാവ് രക്ഷിക്കപ്പെടണം എന്ന ഉത്കടമായ അഭിലാഷം എന്നിവയ്ക്കുവേണ്ടി നമുക്ക് ദൈവത്തെ സ്തുതിക്കാം. ഭൂലോകമെമ്പാടും സുവിശേഷം പ്രചരിപ്പിക്കുവാനുള്ള ശക്തി വിശേഷമായി ഇത് വിസ്ഫോടനം ചെയ്തിക്കുകയാണ്.

ടോമും ഡോറതി മില്ലറും,

**ദൈവത്തിന്റെ കഥാപദ്ധതി**

The God's Story Project.

## അദ്ധ്യായം 1.

# വാചികബോധനതന്ത്രം - അതിന്റെ ആവശ്യകത

പാശ്ചാത്യ ലോകത്തിൽ മതേതരവും ക്രിസ്തീയവുമായ പശ്ചാത്തലങ്ങളിൽ ബൈബിൾ അദ്ധ്യാപികയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എന്റെ സുപ്രധാനമായ അഭിലാഷം വേദപുസ്തകസത്യങ്ങൾ സുഗ്രാഹ്യമായും, ജീവിതങ്ങളെ പരിവർത്തനം ചെയ്യുന്നതായും അവതരിപ്പിക്കണം എന്നുള്ളതായിരുന്നു..

വേദപുസ്തക കഥകൾ കാലാനുക്രമരീതിയിലും, സംഭവാനുക്രമമായും അവതരിപ്പിക്കുകയും അവയെക്കുറിച്ച് ചർച്ചകൾ നടത്തുകയും ചെയ്യുന്നത് പ്രസ്തുത അഭിലാഷത്തെ സാക്ഷാത്കരിക്കുമെന്ന് എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു, വിശിഷ്യാ പഠിതാക്കളായ ആളുകൾ ചോദ്യങ്ങളുടെ സ്വാധീനതയിൽ നയിക്കപ്പെടുകയും, ഉത്തരങ്ങൾ സ്വന്തമായും സ്വതന്ത്രമായും കണ്ടുപിടിക്കുന്നതിന് അനുവദിക്കപ്പെടുകയും ചെയ്യുമ്പോൾ അവർ ആത്മീകസത്യങ്ങൾ വ്യക്തമായി മനസ്സിലാക്കുകയും സ്വയമായി, വ്യക്തിപരമായ ആത്മീക പ്രയോഗങ്ങൾ വേദപുസ്തകാടിസ്ഥാനത്തിൽ കണ്ടെത്തുകയും ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്യുന്നു.

"ദൈവത്തിന്റെ കഥ" എന്ന ചലച്ചിത്രം നിർമ്മിക്കുന്നതിനായി ദൈവം എനിക്ക് വാതിൽ തുറന്നു തന്നു: സൃഷ്ടിപ്പുമുതൽ നിത്യത വരെയുള്ള സംഭവപരമ്പര. ഭൂലോകമെമ്പാടുമുള്ള പ്രേക്ഷകർക്കുവേണ്ടി വേദപുസ്തകസത്യങ്ങൾ അവതരിപ്പിക്കുന്നതിനായി കാലാനുക്രമമായുള്ള കഥാകഥനരീതിയാണ് അതിൽ അവലംബിച്ചിട്ടുള്ളത്. 80 മിനിട്ട് സമയദൈർഘ്യമുള്ള ഈ ചലച്ചിത്രം പരശതം ഭാഷകളിലേക്ക് ഡബ്ബ് ചെയ്യപ്പെട്ടിട്ടുണ്ട്. ദൈവത്തിന്റെ കഥ ചലച്ചിത്രമായി കണ്ടപ്പോൾ അത് പൊതുജനങ്ങളുടെ ഹൃദയങ്ങളിൽ പ്രഭാവം ചെയ്യുന്ന ആത്മീകസ്വാധീനം എത്രശക്തിമത്താണെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. ആ ചലച്ചിത്രവും, അതിന്റെ ശബ്ദരേഖയും ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രദാനം ചെയ്ത പ്രസക്തി സുവിശേഷീകരണത്തിലും, ശിഷ്യത്വ സമ്പാദനത്തിലും കഥാകഥനത്തിന് സജീവമായ പ്രാധാന്യം ഉണ്ടെന്നാകുന്നു.

അതിനുശേഷം ഞങ്ങൾ മറ്റ് മിഷൻ നേതാക്കളുമായും ബന്ധപ്പെട്ടപ്പോൾ അവർ ഞങ്ങളോട് നിർബന്ധപൂർവ്വം ആവശ്യപ്പെട്ടത് ഓരോരോ കഥയായി ആത്മീകസത്യങ്ങൾ അവതരിപ്പിക്കുന്നതാണ് മെച്ചം എന്നായിരുന്നു. എഴുത്തും വായനയും അറിഞ്ഞു കൂടാത്തവരും, വായനയിലൂടെ വസ്തുതകൾ ഗ്രഹിക്കാൻ കഴിയാത്തവരുമായ ജനങ്ങൾക്ക് അറിവ് പകർന്നു കൊടുക്കുവാൻ, തിരുവെഴുത്തുകളിലെ ആത്മീകസത്യങ്ങൾ മനസ്സിലാക്കി കൊടുക്കുവാൻ, തിരുവചനം പഠിപ്പിക്കുന്ന രീതികളിൽ വിപുലീകരണം ഉണ്ടാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് അവർ നിർദ്ദേശിക്കുകയുണ്ടായി. മറ്റ് മിഷനുകളുടെ നേതാക്കളിൽ നിന്ന് ഞങ്ങൾക്ക് ലഭ്യമായ ആന്തരീക ദർശനവും ഉൾക്കാഴ്ചകളും, ഞങ്ങളെ ചർച്ചാടിസ്ഥാനത്തിലുള്ള ബോധനം അവലംബിക്കുന്നതിന് പ്രചോദനം നൽകി. ഒരു സമയത്ത് ഒരു കഥ എന്ന അടിസ്ഥാനത്തിൽ പഠിപ്പിക്കുവാൻ അങ്ങനെ തീരുമാനം കൈക്കൊണ്ടു ആ തീരുമാനം "കഥകൾമാത്രം" (STS) എന്ന പദ്ധതിക്ക് രൂപം നൽകുകയും ചെയ്തു.

STS പദ്ധതി ഓരോ കഥയിൽ അധിഷ്ടിതമായി ദൈവവചനത്തിന്റെ അഗാധതയിലേക്ക് ഇറങ്ങിച്ചെല്ലുന്നു. ലക്ഷ്യാധിഷ്ടിതമായി ചോദ്യങ്ങളിലൂടെ പഠിതാക്കളെ ചർച്ചകളിലേക്ക് നയിക്കുകയു, ആത്മീകസത്യങ്ങൾ സ്വയം കണ്ടെത്തുന്നതിന് അവരെ അനുവദിക്കുകയും ചെയ്യുന്നു. അപ്പോൾ സംഗതികൾ മനസ്സിലാക്കുന്നതിനും അധികമായി ഗ്രഹിക്കുന്നതിനും കഴിയുന്നു. വ്യക്തിപരമായി ആത്മീകമായ പ്രായോഗീകോപയോഗങ്ങൾ കണ്ടെത്തുന്നു. നമ്മൾ കാണുന്നു-ഓർമ്മിക്കുന്നു.

"പട്ടണത്തിലേക്ക് വാഹനം ഓടിക്കുന്നവൻ,
അടുത്ത പ്രാവശ്യം തിരികെയുള്ള വഴി അറിയുന്നു."

പ്രസ്തുത ഫലങ്ങൾക്കും അതീതമായി, ജനങ്ങൾക്ക് കഥകളും ആശയങ്ങളും മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനുള്ള ആത്മധൈര്യവും പ്രോത്സാഹനവും ലഭ്യമാകുകയും ചെയ്യുന്നു.

STS ന്റെ കഥാവതാരകന്മാർക്ക് വേദപുസ്തകത്തിലെ ആത്മീകവിജ്ഞാനം സമ്പൂർണ്ണമായി നൽകാൻ കഴിയുന്നു. ഓരോ കഥയും ദൈവം നൽകിയിരിക്കുന്നവിധത്തിൽ സമൂലമായി ഉപയോഗിക്കുവാൻ കഴിയുന്നു. കഥകൾ എന്ന് പരാമർശിക്കപ്പെടുന്നതിൽ വിവിധ വായനാഭാഗങ്ങളും ഉൾപ്പെടുന്നു. പ്രഥമദൃഷ്ട്യാ കഥകൾ എന്ന് തോന്നാത്ത വായനാഭാഗങ്ങളെയും കഥാരൂപത്തിൽ അവതരിപ്പിക്കുവാൻ കഴിയും. വേദപുസ്തക കഥകളെ രസാവഹമായും, സുസൂക്ഷ്മമായും അവതരിപ്പിക്കുന്നത് എങ്ങനെ എന്നും, ചർച്ചകളിലൂടെ ഫലപ്രദമായി പഠിപ്പിക്കുന്നത് എങ്ങനെ എന്നും ഈ ഹാൻഡ് ബുക്ക് നിർദ്ദേശിക്കുന്നു. ഈ ഹാൻഡ്ബുക്കും, മറ്റ് മാദ്ധ്യമ സ്രോതസ്സുകളും കൂടാതെ, STS ശില്പശാലകളിൽ നൽകപ്പെടുന്ന വ്യക്തിനിഷ്ടമായ പരിശീലന പരിപാടികളും ഈ ദൃശ്യമായ കഴിവുകളും നൈപുണ്യങ്ങളും വളർത്തിയെടുക്കാൻ ജനങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്നു.

**ഇപ്രകാരമുള്ള തിരുവചന പഠനം ആവശ്യമുള്ളത് ആർക്കാണ്?**

അമേരിക്കൻ ഐക്യനാടുകളിലെ ഒരു ശില്പശാലയിൽ സംബന്ധിച്ച ഒരാൾ, അവിടെ വരാൻ ഉണ്ടായ കാരണം എന്താണെന്ന് വിവരിക്കുന്നു:-

ഞാൻ ഒരു പാസ്റ്റർ ആയതിന്റെ ആരംഭവർഷത്തിൽ ഒരു ഗുരുതരമായ പ്രശ്നത്തെ നേരിടാനുണ്ടെന്ന് മനസ്സിലായി, ഞാൻ നാലുവർഷം ചാൾസ്ടൺ സതേൺ യൂണിവേഴ്സിറ്റിയിൽ പഠിച്ച് ബിരുദം നേടിയിരുന്നു. അനന്തരം ഗോർഡൻ-കോൺവൽതിയോളജിക്കൽ സെമിനാരിയിൽ നിന്ന് ഉന്നത ബഹുമതിയോടെ ബിരുദാനന്തരബിരുദം എടുത്തു.

ഒരു അദ്ധ്യാപകനായി പഠിപ്പിക്കാനും, പരിശീലനക്ലാസ്സുകൾ നടത്താനും ഞാൻ ഒരുക്കമായിരുന്നു. ദൈവം എന്നെ നിയോഗിക്കുന്ന സ്ഥലത്തും സ്ഥാനത്തും മഹത്തായ ദൗത്യം നിറപടിയായി നിർവ്വഹിക്കുവാൻ ഞാൻ ആഗ്രഹിച്ചു. പ്രസംഗവേദി മുതൽ സംഗതികൾ നന്നായി നടക്കുന്നുണ്ടായിരുന്നു. ജനങ്ങൾ പ്രസംഗം തലകുലുക്കികേൾക്കുന്നുണ്ടായിരുന്നു. പ്രസംഗം തീർന്നപ്പോൾ വാതില്ക്കൽ വന്ന് "പാസ്റ്ററേ പ്രസംഗം നന്നായിരുന്നു." എന്ന് പ്രശംസിക്കുകയും ചെയ്തു.

ഏതാനും മാസങ്ങൾക്കുള്ളിൽ അനേകം പുതിയ വിശ്വാസികൾ വന്നുതുടങ്ങി. അവർക്കുവേണ്ടി ഒരു സണ്ടേ സ്കൂൾ ക്ലാസ് ആരംഭിച്ചു. അതിൽ പഠിതാക്കളായി അവർ സംബന്ധിച്ചുകൊണ്ടിരുന്നു. അവർ വിശ്വാസത്തിലേക്കു വന്നു. എന്നാൽ അവർക്ക് വിശ്വാസത്തിൽ വളരുവാൻ കൂടുതൽ പഠിക്കുവാനുള്ള ആവശ്യം ഉണ്ടായി. ഞങ്ങൾ അവർക്ക് വായിക്കുവാനായി സഭയുടെ പ്രസിദ്ധീകരണ സ്ഥാപനത്തിൽ നിന്നുള്ള പ്രസിദ്ധീകരണമായ "ക്വാർട്ടർലി" എന്ന ത്രൈമാസിക നൽകിയിട്ട്, അവരോട് ഇപ്രകാരം പറഞ്ഞു. "ഇത് വീട്ടിൽ കൊണ്ടുചെന്ന് വായിക്കണം. ഇനി നിങ്ങൾ വീണ്ടും വരുമ്പോൾ അതെക്കുറിച്ച് സംസാരിക്കാം."

ഓരോ ആഴ്ചയും ഞാൻ അവരോട് ചോദിച്ചിരുന്നു. "നിങ്ങൾ വായിച്ചതിൽ നിന്ന് നിങ്ങൾക്ക് എന്ത് മനസ്സിലാക്കുവാൻ കഴിഞ്ഞു? നിങ്ങൾക്ക് എന്തെങ്കിലും ചോദ്യങ്ങൾ ഉണ്ടോ? എന്തെല്ലാം രസകരമായി തോന്നി?" മിക്കപ്പോഴും ഉത്തരം, മൗനമായിരുന്നു.

അവരിൽ ആരും അതൊന്നും വായിക്കാറില്ലായിരുന്നു എന്ന് വ്യക്തമായിരുന്നു. അവസാനം, ഇച്ഛാഭംഗം ഹേതുവായി ഞാൻ അവരോട് പറഞ്ഞു "നിങ്ങളിൽ ഒരാൾ അതിൽനിന്ന് ഒരു പാഠം ഉച്ചത്തിൽ വായിക്കണം. അനന്തരം നമുക്ക് ക്ലാസ് തുടങ്ങാം." കുറേ സമയം അക്ഷമയോടെ കാത്തിരുന്നപ്പോൾ ഒരാൾ വായിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. അയാൾ ഒരു ഭാഗം തപ്പിത്തടഞ്ഞ് വായിച്ചു. വളരെ സാവധാനത്തിലും ഉച്ചാരണ പിശകുകളോടെയുമാണ് വായിച്ചത്. അപ്പോൾ എനിക്ക് മനസ്സിലായി, ഈ ആളുകൾ അതൊന്നും വായിച്ചിട്ടില്ല, വായിക്കാൻ അവർക്ക് ബുദ്ധിമുട്ട് ആയിരുന്നു.

ഞാൻ ഈ പ്രശ്നത്തെക്കുറിച്ച് കൂടുതൽ അന്വേഷിച്ചപ്പോൾ സ്ഥിതി വിവരക്കണക്കുകൾ പ്രശ്നത്തിന്റെ ദയനീയാവസ്ഥ വ്യക്തമാക്കിത്തന്നു. എന്റെ സഭാഹാളിന് സമീപത്തായി വസിച്ചിരുന്നവരിൽ സുമാർ മൂന്നിൽ ഒരു ഭാഗത്തിനും ഹൈസ്കൂൾ തല വിദ്യാഭ്യാസം ലഭ്യമായിട്ടില്ല. ചെറുപ്പക്കാരനായ ഒരു പാസ്റ്റർ എന്ന നിലയിൽ

ഇത് എനിക്ക് ക്ലേശകരമായ ഒരു ചോദ്യമായി അനുഭവപ്പെട്ടു. വായിക്കാൻ കഴിയാത്തവരോ, വായിക്കാൻ കൂട്ടാക്കാത്തവരോ ആയ ജനങ്ങളോട് നമ്മൾ എങ്ങനെ സുവിശേഷം അറിയിക്കും?

ദൗർഭാഗ്യവശാൽ, ഈ പ്രശ്നത്തിന് ഉത്തരം നൽകാൻ എനിക്ക് സാദ്ധ്യത ഉണ്ടായിരുന്നില്ല. ഏഴുവർഷക്കാലമായി രണ്ട് സുവിശേഷീകരണ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചിട്ടും വാചിക പഠിതാക്കളെക്കുറിച്ച് എനിക്ക് കേട്ടുകേൾവി പോലുമില്ലായിരുന്നു. കുറഞ്ഞ സാക്ഷരത സുവിശേഷീകരണ ശുശ്രൂഷയ്ക്ക് ഒരു വെല്ലുവിളിയാണെന്ന് എനിക്ക് അറിഞ്ഞുകൂടായിരുന്നു. സുവിശേഷീകരണ ശുശ്രൂഷ ചെയ്യാൻ ദൈവം എന്നെ ഏല്പിച്ച ഈ വാചിക പഠിതാക്കൾക്ക് ആവശ്യമായ ബോധനം നൽകാൻ ഉപയുക്തമായ യാതൊന്നും എന്റെ പക്കൽ ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഞാൻ ഇവിടെ പരിശീലനം നേടാൻ വന്നത്".

ഈ പാസ്റ്ററും, അതുപോലെ തന്നെ STS ശില്പശാലയിൽ പരിശീലനം നേടിയ മറ്റു പലരും മൂന്ന് പ്രധാന മൂല്യങ്ങൾ ഞങ്ങളുമായി പങ്കിട്ടു ഒന്നാമതായി അവർ ദൈവവചനത്തെ നിധിയായി വിലമതിക്കുന്നു. രണ്ടാമതായി, അവർ തിരുവചനം മനസ്സിലാക്കുവാനും, അനുസ്മരിക്കുവാനും, ജീവിതത്തിൽ പ്രായോഗികമാക്കുവാനും ആഗ്രഹിക്കുന്നു. മൂന്നാമതായി, അവർ മനസ്സിലാക്കുന്ന തിരുവചനസത്യങ്ങൾ മറ്റുള്ളവരിലേക്ക് പകർന്നു നൽകുവാനും അവരിൽ ആത്മീക സത്യങ്ങൾ വളർത്തി എടുക്കുവാനും ആഗ്രഹിക്കുന്നു.

വാചികമായ ആശയ വിനിമയത്തിന്റെ ആവശ്യം എത്രവലുതാണ്?

"വാചികപഠിതാവ്" എന്ന വിഭാഗത്തിന്റെ നിർവ്വചനവും, വാചികപഠിതാക്കൾ എങ്ങനെ അറിവ് സമ്പാദിക്കുന്നു എന്നതിന്റെ വിശദീകരണവും ഗ്രഹിക്കുന്നതായാൽ ബൈബിൾ കഥകൾ ഓരോന്നും പരിപൂർണ്ണമായി അവതരിപ്പിക്കേണ്ടതിന്റെ മൂല്യവും പ്രാധാന്യവും പ്രസ്പഷ്ടമാകുന്നതാണ്.

വായിക്കാൻ കഴിയാത്ത ആളുകളാണ് അവരുടെ വൈകല്യം ഹേതുവായി വാചിക പഠിതാക്കൾ ആയിത്തീരുന്നത്. സ്ഥിതിവിവരകണക്കുകൾ പരിശോധിക്കുമ്പോൾ ഏതൊരാൾക്കും മനസ്സിലാക്കുന്നതിന് കഴിയും, ഭൂരിപക്ഷം രാജ്യങ്ങളും അവരുടെ സാക്ഷരതാനിലവാരത്തെ പെരുപ്പിച്ച് കാണിക്കുകയോ, സാക്ഷരതാനിരക്കിനെ വളരെ തരം താണ മാനദണ്ഡമുപയോഗിച്ച് നിർണ്ണയിക്കുകയോ ആണ് ചെയ്യുന്നതെന്ന് "നിങ്ങൾക്ക് പേരെഴുതി ഒപ്പിടാൻ കഴിയുമെങ്കിൽ നിങ്ങൾ സാക്ഷരരായി" എന്നതാണ് അവരുടെ മാനദണ്ഡം.

"വയോജനസാക്ഷരതാനിലവാരത്തെ സംബന്ധിച്ചുള്ള ദേശീയ വിലയിരുത്തൽ" പോലെയുള്ള വിവിധ പരിശോധനകളും ഗവേഷണങ്ങളും വ്യക്തമാക്കുന്നത് അമേരിക്കൻ ഐക്യനാടുകളിലെ 43% ജനങ്ങൾ വായിക്കാൻ കഴിയാത്തവരോ, ഒരു വായനാഭാഗം വായിച്ചിട്ട് അതിന്റെ ഉള്ളടക്കം വ്യക്തമായി മനസ്സിലാക്കുവാൻ കഴിയാത്തവരോ ആകുന്നു. അതുകൂടാതെ മറ്റൊരു 44% ജനങ്ങൾ കേൾവിയിലൂടെയും ചർച്ചകളിലൂടെയും അറിവും, ആശയവും പരസ്പരം വിനിമയം ചെയ്യുവാൻ താല്പര്യപ്പെടുന്നവരും ആകുന്നു. ഞെട്ടിപ്പിക്കുന്ന ഈ സ്ഥിതി വിവരകണക്ക് മറ്റ് പല വികസിത രാഷ്ട്രങ്ങളിലും ഇപ്രകാരം തന്നെയാകുന്നു. ഇതിൽ നിന്ന് വ്യക്തമാകുന്നത് വികസിത രാഷ്ട്രങ്ങളിൽപോലും 87% ആളുകൾ സാക്ഷരതാരീതികൾ ഉപയോഗിച്ച് പഠിക്കാൻ കഴിയാത്തവരാണ്. അഥവാ വാചിക പഠിതാക്കൾ ആയിരിക്കാൻ താല്പര്യമുള്ളവർ ആകുന്നു എന്നാണ്.

സ്കൂളുകളിൽ പോയി പഠിക്കുവാനുള്ള സൗകര്യം വളരെ പരിമിതമായി മാത്രമുള്ള വികസ്വര രാഷ്ട്രങ്ങളിൽ സാക്ഷരതാ നിലവാരം തീരെ കുറച്ചുമാത്രമേയുള്ളൂ ആകയാൽ, ആ രാജ്യങ്ങളിൽ നിരക്ഷരരുടെ ശതമാനം അഥവാ വാചിക പഠനം ഇഷ്ടപ്പെടുന്നവരുടെ ശതമാനം നന്നേ കൂടുതലാകുന്നു.

വാചിക പഠിതാക്കൾക്ക് നോട്ട് കുറിച്ചെടുക്കുവാൻ കഴിയുകയില്ല, അഥവാ അവർ നോട്ട് എഴുതി എടുക്കാറില്ല. ആകയാൽ അവർക്ക് അറിവിന്റെ വിവരങ്ങൾ ഓർമ്മിക്കണമെങ്കിൽ അവയെ കഥകളിൽ ഊടും പാവും ഇട്ട് നൽകേണ്ടിയിരിക്കുന്നു. നിർവ്വചനങ്ങളായോ, തത്വങ്ങളായോ വിഷയങ്ങളായോ, നിൽകപ്പെടുന്ന വിജ്ഞാനവിവരങ്ങൾക്ക് കഥാരൂപം ഇല്ലാത്തതിനാൽ വാചിക പഠിതാക്കൾക്ക് അവയെ ഓർമ്മിക്കുവാൻ സാദ്ധ്യമല്ല.

വേദപുസ്തകത്തിൽ ദൈവം കഥകളെ രൂപകല്പന ചെയ്തിരിക്കുന്നതിന്റെ പ്രാധാന്യം ശ്രദ്ധിക്കുക. ദൈവമാണ് അവയെ വേദപുസ്തകത്തിൽ ചേർത്തിരിക്കുന്നത്.

വേദപുസ്തകത്തിന്റെ 10% വിശദീകരണവും,

15% കവിതയും

75% കഥകളും ആകുന്നു.

നിങ്ങൾ സംസാരിക്കുമ്പോൾ ഇടയ്ക്ക് തടസ്സമുണ്ടാക്കിക്കൊണ്ട് നിങ്ങളോട് സംസാരിക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും അഭിപ്രായങ്ങൾ പറയുകയും ചെയ്യുന്ന ഏതെങ്കിലും ഒരാളോട് നിങ്ങൾ ഒരു സംഭവം പറഞ്ഞ് അനുഭവങ്ങൾ പങ്കിടുവാൻ ഇടയായിട്ടുണ്ടോ? നിങ്ങൾ സംഭവകഥ പറഞ്ഞുതീർന്നാലും അതിന്റെ സ്വാധീന ഫലം അല്പവും അയാളിൽ ഉണ്ടായിക്കാണുകയില്ല. കൂടെക്കൂടെ, ഇടയ്ക്കിടക്ക് സംസാരത്തിൽ തടസ്സം ഉണ്ടായിക്കൊണ്ടിരുന്നതിനാൽ സംഭവവിവരണത്തിന്റെ രസികത്വവും, പ്രസക്തിയും പാടേ നഷ്ടമായിട്ടുണ്ടാവണം. വേദപുസ്തകത്തിലെ കഥകളും ഓരോന്നും സമ്പൂർണ്ണമായി അവതരിപ്പിക്കുമ്പോഴാണ് അതിന്റെ പരമാവധി പ്രസക്തി അനുഭവവേദ്യമാകുന്നത്. കഥകളെ രൂപകല്പന ചെയ്തിരിക്കുന്ന വിധത്തിൽ, രചിക്കപ്പെട്ടിരിക്കുന്ന രീതിയിൽത്തന്നെ സമ്പൂർണ്ണമായി ഓരോന്നും അവതരിപ്പിക്കണം. വേദപുസ്തകത്തിന്റെ 75% ഭാഗവും കഥകളായി രചിക്കപ്പെട്ടിരിക്കുന്നതിനാൽ കഥകളെ ഓരോന്നായി സമ്പൂർണ്ണമായിത്തന്നെ അവതരിപ്പിക്കുവാൻ ദൈവം അനുവദിക്കട്ടെ.

## നാളിതുവരെ ഉപയോഗിക്കപ്പെട്ടിരുന്ന ബോധനരീതികളുടെ പോരായ്മകൾ

നിങ്ങൾ നിങ്ങളുടെ ഒരു സ്നേഹിതന് ഒരു സമ്മാനം പൊതിഞ്ഞുകെട്ടി പാഴ്സലായിട്ട് അയച്ചു; ഏതാനും ദിവസങ്ങൾക്കുശേഷം ആ പാഴ്സൽ തുറന്നു നോക്കാത്ത വിധത്തിൽ നിങ്ങൾക്കുതന്നെ തിരികെ കിട്ടി എന്നിരിക്കട്ടെ. ആ പാഴ്സലിലെ സാധനങ്ങൾ നിങ്ങളുടെ സുഹൃത്തിന് വേണ്ടായിരുന്നു എന്നാണോ അതിൽ നിന്ന് അനുമാനിക്കേണ്ടത്? നിങ്ങൾ അയച്ച പാഴ്സൽ കിട്ടിയ ആളിന് അത് തുറക്കാൻ അറിഞ്ഞുകൂടാത്തതുകൊണ്ടായിരിക്കുമോ അത് തിരികെ നിങ്ങൾക്ക് അയച്ചു തന്നത്?

വേദപുസ്തകസത്യങ്ങളെ ഇതുപോലെ, തുറക്കുന്നതിന് കഴിയാത്തവിധത്തിൽ വിഷയാടിസ്ഥാനത്തിലോ, നിർവ്വചനങ്ങളോ, തത്വങ്ങളായോ, അപഗ്രഥനരീതിയിലോ പായ്ക്ക് ചെയ്ത് പാഴ്സൽ ആക്കിയിരിക്കയാണെങ്കിൽ, പ്രാഥമികമായി വാചിക പഠിതാക്കൾ ആയിട്ടുള്ളവർക്ക് അവയെ തുറന്ന് അവയിലെ ഉള്ളടക്കമായ സമ്മാനസാധനങ്ങൾ സ്വീകരിക്കുന്നതിന് കഴിയാതെ പോകും.

കഥ അവതരിപ്പിക്കുമ്പോൾ പക്ഷേ, "കഥ നഷ്ടപ്പെട്ടുപോകുമോ" എന്ന് വേദപുസ്തകസത്യങ്ങൾ പ്രചരിപ്പിക്കുവാൻ ആഗ്രഹിക്കുന്ന നമ്മൾ ചിന്തിക്കുകയും, ശ്രദ്ധയോടെ പരിഗണിക്കുകയും ചെയ്യേണ്ട സമയമാണിത്. സുവിശേഷം കേട്ട് ശിഷ്യത്വം സമ്പാദിക്കേണ്ടവരിൽ ഭൂരിഭാഗം ആളുകളും വാചിക പഠിതാക്കൾ ആകുന്നു. ആത്മീകസത്യങ്ങൾ വിനിമയം ചെയ്യേണ്ടവരായ നമ്മൾ കഥയുടെ രൂപരേഖയ്ക്ക് വെളിയിൽ ഇറങ്ങി കഥയെ അപഗ്രഥിക്കുകയും, ഉത്ഗ്രഥിക്കുകയും, കഥയുടെ ഘടനയ്ക്ക് മാറ്റം വരുത്തുകയും, കഥയിലെ വിജ്ഞാന വിവരങ്ങൾ വിഘടിപ്പിക്കുകയും, പുനഃസംഘടിപ്പിക്കുകയും ചെയ്താൽ വാചിക പഠിതാക്കളിൽ ഭൂരിഭാഗം പേരും കഥയെ ശരിയായി ഗ്രഹിക്കുകയോ, കഥയിലെ ആത്മീകസത്യങ്ങൾ മനസ്സിലാക്കുകയോ ചെയ്തിട്ടുണ്ടാവില്ല. നമ്മൾ അവതരിപ്പിച്ച കഥയുടെ സംഗ്രഹം പോലും അവർക്ക് മനസ്സിലായിട്ടുണ്ടാവുകയില്ല.

## "കഥകൾ മാത്രം" എന്തിനാണ് ഉപയോഗിക്കുന്നത്?

പരമ്പരാഗതമായ വിഷയാധിഷ്ടിതബോധനരീതിയും STS ശൈലിയിലുള്ള ബോധനരീതിയും, അതായത് വാചികമായ ബോധനരീതിയും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളിൽ ഒന്ന് ഈ ചോദ്യത്തിൽ പ്രതിഫലനം ചെയ്യപ്പെടുന്നുണ്ട്. ആരാണ് അഥവാ എന്താണ് പഠിപ്പിക്കാൻ പോകുന്നത്? നമുക്ക് വേദപുസ്തകാടിസ്ഥാനത്തിൽ അദ്ധ്യാപകന്റെയും, വിദ്യാർത്ഥിയുടെയും തിരുവചനത്തിന്റെയും, പരിശുദ്ധാത്മാവിന്റെയും പങ്ക് എന്താണെന്ന് പരിശോദിക്കാം.

വിഷയാടിസ്ഥാനത്തിലുള്ള ബോധനത്തിൽ, എന്താണ് പഠിപ്പിക്കാൻ പോകുന്നതെന്ന് അവതാരകൻ മുന്നമേ നിർണ്ണിയിക്കുന്നു. പാഠഭാഗങ്ങളും വായനാഭാഗങ്ങളും, വാക്യങ്ങളുമെല്ലാം അദ്ധ്യാപകൻ വിദ്യാർത്ഥികൾക്ക് അതവാ ശ്രോതാക്കൾക്ക് പറഞ്ഞു കൊടുക്കുന്നു. അവർ അത് പരിശോധിച്ച് അദ്ധ്യാപകൻ പഠിപ്പിക്കുന്നത്

നിരീക്ഷിച്ച് സ്ഥിരീകരിക്കുന്നു, ബോദ്ധ്യപ്പെടുന്നു. ഈ രീതി തെറ്റല്ലാ പക്ഷേ, നല്ല ബോധനത്തിനുള്ള രീതി ഇതുമാത്രം അല്ല.

വിഷയാടിസ്ഥാനത്തിലുള്ള ബോധനം ഒരു കഥയെ ശിഥിലമാക്കുന്നു. അതിലെ വിജ്ഞാനശകലങ്ങൾ ഓർമ്മിക്കുവാൻ ബുദ്ധിമുട്ട് ഉള്ളതായിത്തീരുന്നു. വേദപുസ്തക കഥകൾ ഓരോന്നും നമ്മുടെ ആത്മാവിനോടും, ദേഹിയോട്ടം, ദേഹത്തോടും സംസാരിക്കുന്നു. അദ്ധ്യാപകൻ കഥകളെ എത്രമാത്രം വിഷയാധിഷ്ടിതമായി ശിഥിലീകരിക്കുന്നുവോ അത്രമാത്രം വിജ്ഞാനവിവരങ്ങൾ തരം തിരിക്കപ്പെടുകയും ഓരോരോ വിഷയമായും, ഉപവിഷയമായും നമ്മുടെ മനസ്സുകളിലേക്ക് പ്രവേശിക്കുകയുമാണ് ചെയ്യുന്നത്. അവ നമ്മുടെ ദേഹിയിലേക്കും ആത്മാവിലേക്കും കടന്നു ചെല്ലുന്നില്ല.

വിഷയാടിസ്ഥാനത്തിൽ പഠിപ്പിക്കുമ്പോൾ, അവതാരകൻ വേദപുസ്തകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വേദവാക്യങ്ങൾ തെരഞ്ഞെടുക്കുന്നു. നേരത്തേതന്നെ തീരുമാനിച്ചിരിക്കുന്ന വിഷയങ്ങൾക്കും ഉപവിഷയങ്ങൾക്കും തെളിവുകളായി ഉപയോഗിക്കുകയും ചെയ്യുന്നു. സദസ്യർ കേട്ടുകൊണ്ടിരിക്കും, നോട്ടുകുറിച്ചെടുക്കും. എന്നാൽ ഈ സമീപനത്തിൽ ഒരു കഥയെ അനുധാവനം ചെയ്യുന്നില്ല. അതുകൊണ്ട് നോട്ടുകുറിച്ചെടുക്കാത്തവർക്ക് അവയെ അനുസ്മരിക്കുവാൻ സഹായകമായ യാതൊന്നും കിട്ടുന്നില്ല. വിജ്ഞാനവിവരങ്ങളെ മനസ്സിൽ സംഗ്രഹിക്കുവാനുള്ള ഉപാധികൾ യാതൊന്നും ഇല്ലതന്നെ. അവരെ സംബന്ധിച്ചിടത്തോളം അത് അസ്ഥികളില്ലാത്ത മനുഷ്യശരീരം പോലെയാണ്.

വാചിക പഠിതാക്കൾക്ക് ഇതിൽ നിന്ന് എന്തെങ്കിലും അനുസ്മരിക്കുന്നതിന് സഹായകമായ ഉപാധികൾ യാതൊന്നും ഇല്ലാത്തതിനാൽ, അദ്ധ്യാപകൻ പഠിപ്പിച്ച വസ്തുതകളിൽ ഭൂരിഭാഗവും മറ്റുള്ളവരോട് പറയുന്നതിന് സാദ്ധ്യമാകാത്ത അനുഭവമാണ് ഉണ്ടാകുന്നത്. വിജ്ഞാനവിവരങ്ങളെ കോർത്തിണക്കുവാൻ പര്യാപ്തമായ ഒരു കഥാഘടന ഇല്ലാത്തതിനാൽ വസ്തുതകൾ സ്മരണയിലേക്ക് വരുന്നതിന് കഴിയാതെ പോകുന്നു.

സാക്ഷരരായ പഠിതാക്കളുടെ കാര്യം എന്താണ്? അവർ കുറിച്ചെടുത്ത നോട്ടുകൾ പരിശോധിക്കാതെ അവർ ശ്രവിച്ചതായ തിരുവചന സന്ദേശം മറ്റുള്ളവർക്കുവേണ്ടി പകർന്നു നൽകുവാൻ കഴിയാത്ത അവസ്ഥയിലായിത്തീരുന്നു. പരമാർത്ഥം പറഞ്ഞാൽ ജീവിതത്തിന്റെ വിവിധ മേഖലകളിൽ അവർക്ക് ആ സന്ദേശം എത്തിക്കാൻ കഴിയാതെപോകുന്നു. എന്നാൽ, തിരുവചന സന്ദേശത്തിൽ അനുഭവസാക്ഷ്യങ്ങളായോ കഥകൾ ആയോ അവതരിപ്പിക്കപ്പെടുന്ന ദൃഷ്ടാന്തങ്ങൾ ശ്രോതാക്കൾക്ക് മറ്റുള്ളവരോട് പറയുവാനും പങ്കിടുവാനും, സാക്ഷരർക്കും, നിരക്ഷരർക്കും, സാദ്ധ്യമാകുന്നതാണ്.

വിഷയാടിസ്ഥാനത്തിൽ അവതരിപ്പിക്കപ്പെടുന്ന വിജ്ഞാന വിവരങ്ങൾ ഭൂരിപക്ഷം ശ്രോതാക്കൾക്കും അവയെ പൂർണ്ണമായും ഗ്രഹിക്കുവാൻ കഴിയുന്നില്ല, സ്വയമായി അനുസ്മരിക്കുവാനും സാദ്ധ്യമല്ല. ആകയാൽ അവർക്ക് അദ്ധ്യാപകനെ സദാ ആശ്രയിക്കേണ്ടി വരുന്നു. ഒരു അമ്മപക്ഷി ശേഖരിച്ചുകൊണ്ടുവരുന്ന ആഹാരം, അമ്മയെ കാത്തിരിക്കുന്ന കുഞ്ഞുപക്ഷികളുടെ വായ്കളിലേക്ക് അല്പാല്പം ഇട്ടുകൊടുക്കുന്നതുപോലെയാണ് അദ്ധ്യാപകൻ ചെറിയ അപ്പക്കഷണങ്ങളായി ആത്മീകസത്യങ്ങൾ ശ്രോതാക്കളായ പഠിതാക്കൾക്ക് നൽകാറുള്ളത്. ആഴ്ചതോറും അവർ ആഹാരത്തിനായി കാത്തിരിക്കുന്നു. വിഷയാനുക്രമത്തിൽ പഠിപ്പിക്കുന്നതുകൊണ്ട് ഓരോ പക്ഷിക്കൂട്ടിലും അമ്പതു വയസ്സ് വരെ പ്രായമുള്ള പക്ഷിക്കുഞ്ഞുങ്ങൾ ആഹാരത്തിനായി കാത്തിരിക്കുന്നുണ്ടാവും !

വിഷയാനുക്രമത്തിൽ പഠിപ്പിക്കുന്നതിന്റെ മറ്റൊരു പോരായ്മ ഇതാണ്: ജനങ്ങൾക്ക് കേൾക്കാനുള്ളതെന്ന് അദ്ധ്യാപകർ നേരത്തേതന്നെ ചില വിഷയങ്ങൾ തീരുമാനിക്കുന്നു, അത് അവതരിപ്പിക്കുകയും ചെയ്യുന്നു. അദ്ധ്യാപകർക്ക് അറിയാവുന്നതായ പല വേദവാക്യങ്ങളുടെ വേദപുസ്തകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കുകയും പാഠഭാഗത്തിന് അനുബന്ധമായി അവതരിപ്പിക്കുകയും ചെയ്യുന്നു. വിഷയാടിസ്ഥാനത്തിലുള്ള ഈ ബോധനങ്ങൾ യാതൊന്നും വിജ്ഞാനദാനത്തിനായോ, ആന്തരീകദർശനാന്വേഷണത്തിനായോ ഉപയോഗിക്കുന്നില്ല.

വിശ്വാസികളിൽ ഭൂരിഭാഗവും ഏതെങ്കിലും ക്രിസ്തീയ സമ്മേളനങ്ങളിൽ സംബന്ധിച്ചുകൊണ്ടിരിക്കുന്നവരാണ്. അവിടെ അവതരിപ്പിക്കപ്പെടുന്ന വിഷയങ്ങൾ സുവിശേഷീകരണം, സുവിശേഷം കേട്ടിട്ടില്ലാത്ത ജന

ങ്ങളെ സുവിശേഷവുമായി സമീപിക്കുക, കുടുംബം, ധനകാര്യങ്ങൾ, മദ്യവർജ്ജനം. പ്രാർത്ഥന, ദൈവത്തിന്റെ വിശേഷഗുണങ്ങൾ, രോഗശാന്തി, തൊഴിൽ കാര്യങ്ങളിലോ പ്രവചനത്തിലോ ഉള്ള ആർജ്ജവത്വം, എന്നിവ ആയിരിക്കും. അവയെല്ലാം നല്ല വിഷയങ്ങൾ തന്നെ. രസകരമെന്ന് പറയട്ടെ, ഈ വിഷയങ്ങളെല്ലാം കഥാരൂപത്തിൽ അവതരിപ്പിക്കാൻ കഴിയുന്നവതന്നെയാണ്. കഥാവതരണവും തുടർന്നുള്ള ചർച്ചകളും ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് പര്യാപ്തമാണ്.

വാചികമായ ആഗമരീതിയുള്ള ബോധനത്തിൽ അദ്ധ്യാപൻ ഓരോ കഥയെയും സമ്പൂർണ്ണമായി അവതിരപ്പിക്കുന്നു. കഥയിലെ ഉള്ളടക്കമാണ് പഠിപ്പിക്കുവാനുള്ള ആന്തരീക ദർശനങ്ങളും, പാഠവിഷയങ്ങളും എന്തെല്ലാമാണെന്ന് തീരുമാനിക്കുന്നത്.

എന്നാൽ, അദ്ധ്യാപകൻ നേരത്തേതന്നെ, പഠിപ്പിക്കുവാനുള്ള വിഷയങ്ങളെ തെരഞ്ഞെടുക്കുകയും, തീരുമാനിക്കുകയും ചെയ്യുമ്പോൾ, ഒരു കഥയിലോ തിരുവചന ഭാഗത്തോ ഉള്ള മറ്റു വിഷയങ്ങളും, ആത്മീക സത്യങ്ങളും ശ്രദ്ധിക്കപ്പെടാതെ പോകുന്നതാണ്. എന്നാൽ ഒരു കഥയെ സമഗ്രമായും സമ്പൂർണ്ണമായും അന്വേഷണ വിധേയമാക്കുമ്പോൾ, ചോദ്യങ്ങളിലൂടെയും, ചർച്ചകളിലൂടെയും വിവിധ വിഷയങ്ങളും, ആത്മീക സത്യങ്ങളും കണ്ടെത്താൻ കഴിയുന്നതിനും ചർച്ചകളിലൂടെ പഠിനം പുരോഗിക്കുന്നതിനും സാദ്ധ്യമാകുന്നതാണ്. പരിശുദ്ധാത്മാവ് തീരുമാനിക്കുന്നതിൻ പ്രകാരം ഓരോരോ വ്യക്തിക്കും ആവശ്യമായ വ്യകിതി നിഷ്ടമായ സന്ദേശങ്ങൾ യഥാവസരം നൽകപ്പെടുന്നതാണ്.

സാധാരണയായി വിഷയാധിഷ്ടിത ബോധനത്തിൽ പാഠ്യവിഷയത്തിന് ഉപോത്ബലകമായ വേദഭാഗങ്ങളും, വാക്യങ്ങളും പട്ടികാരൂപത്തിൽ മുൻകൂട്ടി തയ്യാർ ചെയ്യുന്നതുമൂലം, പാഠഭാഗങ്ങൾ നിയമവും, നിബന്ധനകളും പഠിപ്പിക്കുന്നതുപോലെയാവും ശ്രോതാക്കൾക്ക് അനുഭവപ്പെടുന്നത്; അദ്ധ്യാപകൻ ഇത് മനഃപൂർവ്വം ചെയ്യുന്നതല്ലെങ്കിലും അതിന്റെ പ്രസക്തി അപ്രകാരമാണുണ്ടാകുക. എന്നാൽ കഥാരൂപത്തിൽ പഠിപ്പിക്കുമ്പോൾ ആ കഥയുടെ സമഗ്രമായ ആത്മീക ചൈതന്യം, അഥവാ വേദഭാഗത്തിലെ ആത്മീക സത്യങ്ങൾ, ശ്രോതാക്കളോട് സ്വതന്ത്രമായി സംസാരിച്ചുകൊണ്ടിരിക്കും.

പലപ്പോഴും, പല അദ്ധ്യാപകരും വിചാരിക്കുന്നത് അവർ STS ശൈലി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു എന്നായിരിക്കും. യഥാർത്ഥത്തിൽ അവർ STS ശൈലിയിൽ പഠിപ്പിക്കുന്ന കഥകൾ ആരുടെയും ജീവിതങ്ങളെ സ്പർശിക്കുന്നുണ്ടാവില്ല. ഒരു കഥാവതരണത്തിലൂടെ സാദ്ധ്യമാക്കേണ്ട സജീവമായ സംഗതി അത് ജീവിത സ്പർശി ആയിരിക്കണമെന്നതാണ്. പ്രസ്തുത അദ്ധ്യാപകർ ഈ പിശക് ഉണ്ടാക്കുന്നു. അവർ കഥ അവതരിപ്പിച്ചതിനുശേഷം ഏതെങ്കിലും ഒരു വിഷയത്തെ കഥയുമായി ബന്ധപ്പെടുത്തി സംസാരിക്കുന്നു. സത്യത്തിൽ ആ വിഷയം ആ കഥയിൽ അന്തർഭവിച്ചിട്ടുണ്ടാവുകയില്ല.

ഒരു കഥയെ രൂപകല്പന ചെയ്തിരിക്കുന്നത് അദ്ധ്യാപകൻ അതിനോട് അനുരൂപനാകണം എന്ന ലക്ഷ്യത്തിലാണ് അല്ലാതെ കഥകൾ അദ്ധ്യാപകന് യോജിച്ചത് ആകാനല്ല. STS ശൈലിയിൽ നിങ്ങൾ എന്തെല്ലാം ആന്തരീക ദർശനങ്ങൾ പഠിപ്പിക്കുന്നുവോ അവയെല്ലാം കഥയുടെ ഉള്ളടക്കത്തിൽ ഉണ്ടായിരിക്കണം.

അദ്ധ്യാപകർ അവർക്ക് അറിയാവുന്നവയും അവർ വിശ്വസിക്കുന്നവയുമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനുള്ള ഒരു പ്രസംഗവേദിയായി ഒരു കഥയെ ഉപയോഗിക്കുമ്പോൾ പരിശുദ്ധാത്മാവിന്, നവീനമായ ആത്മീക സത്യങ്ങൾ പഠിപ്പിക്കുവാനുള്ള അനുഗ്രഹീതമായ അവസരം നഷ്ടപ്പെടുകയാണ് ഉണ്ടാകുന്നത്. പുതിയ പുതിയ ആത്മീക നിധികൾ കണ്ടുപിടിക്കുന്നത്, ഒരു കഥയെ ചർച്ചയിലൂടെ നയിക്കുന്ന അദ്ധ്യാപകർക്ക് വിസ്മയകരമായ ആഹ്ലാദം പ്രദാനം ചെയ്യുമല്ലൊ. അദ്ധ്യപകർ കണ്ടെത്തിയിട്ടുള്ള ആത്മീകനിധികൾ ചോദ്യങ്ങളിലൂടെ പഠിതാക്കൾക്ക് നൽകുമ്പോൾ അവർക്കും അവയെ കണ്ടെത്തുവാനും അതിൽ നിന്ന്, കണ്ടുപിടുത്തത്തിന്റെ ആഹ്ലാദം ആസ്വദിക്കുവാനും കഴിയുന്നതാണ്.

## സുപ്രധാനമായ തീരുമാനം:-

വേദ പുസ്തകസത്യങ്ങളെ വ്യക്തമായും സമ്പൂർണ്ണമായും വികസിതരാഷ്ട്രങ്ങളിൽ പ്രചരിപ്പിക്കുന്നതാണ് നമ്മുടെ പ്രവർത്തന ലക്ഷ്യമെങ്കിൽ, അതുപോലെതന്നെ അവികസിതരാഷ്ട്രങ്ങളിലും, വികസ്വര രാഷ്ട്ര

ങ്ങളിലുമുള്ള സുവിശേഷം നാളിതുവരെ അറിഞ്ഞിട്ടില്ലാത്ത ജനങ്ങളുടെ ഇടയിലേക്ക് സുവിശേഷം എത്തിക്കുകയാണ് നാം ലക്ഷ്യമാക്കുന്നതെങ്കിൽ, നമ്മൾ ദൈവീക വിജ്ഞാനം അവതരിപ്പിക്കുന്നരീതികളിൽ ഉപരിപ്ലവവും അടിസ്ഥാനപരവുമായ മാറ്റങ്ങൾ വരുത്തേണ്ടത് അത്യാവശ്യമാണ്. നാം ഈ വെല്ലുവിളിയോട് അനുകൂലമായി പ്രതികരിക്കുമോ? ("വാചിക പഠിതാക്കളിൽ നിന്ന് ശിഷ്യരെ സമ്പാദിക്കുക" എന്ന ഗ്രന്ഥം വായിക്കുക. അത് അച്ചടിച്ചരൂപത്തിലും, ശബ്ദരേഖയായും www.oralbible.com എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.)

**അദ്ധ്യായം 2**

# ചോദ്യങ്ങളും കഥകളും വേദപുസ്തകാടിസ്ഥാനത്തിലുള്ള കീഴ്വഴക്കം.

## യേശു നൽകിയ മാതൃക: കഥപറയുക, ചോദ്യം ചോദിക്കുക

യേശു പഠിപ്പിച്ചത് എങ്ങനെ ആയിരുന്നു? സുമാർ 200 പ്രാവശ്യം യേശുവിനോട് ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളതിൽ ഏതാനും ചോദ്യങ്ങൾക്കു മാത്രമേ യേശു ഉത്തരങ്ങൾ മാത്രം പറഞ്ഞിട്ടുള്ളൂ, മറ്റ് സന്ദർഭങ്ങളിലെല്ലാം യേശു ഒരു ചോദ്യം ചോദിച്ചുകൊണ്ടാണ് പ്രത്യുത്തരം നൽകിയിട്ടുള്ളത്, അങ്ങനെയല്ലെങ്കിൽ ഒരു കഥ പറഞ്ഞുകൊണ്ടോ, ഒരു ഉപമ പറഞ്ഞുകൊണ്ടോ ആയിരുന്നു പ്രതികരിച്ചിരുന്നത്. അപ്രകാരം തന്നെ, യേശു ഒരു കഥ പറയുക മാത്രം ചെയ്തിട്ട് കടന്നുപോകുകയാണോ ചെയ്തത്? ...... അല്ലാ, സാധാരണ ഒരു കഥ പറഞ്ഞതിനുശേഷം യേശു ഒരു ചോദ്യം ചോദിക്കുകയും ചർച്ചയെ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

യേശു "തോറാ സ്കൂളിൽ" നിന്ന് ബിരുദം എടുത്തിട്ടില്ലാത്തതിനാലാണോ കഥകൾ ഉപയോഗിച്ചിരുന്നത്? അതോ, താൻ ഒരു തച്ചൻ ആയിരുന്നതിനാലാണോ?............ അല്ല, തീർച്ചയായും അല്ല. ഒരുപക്ഷേങ്കിൽ ആ കാലഘട്ടത്തിലെ ജനങ്ങൾ സാക്ഷരർ അല്ലാത്തത് കൊണ്ടായിരിക്കുമോ? കേവലം 11 ശതമാനം ആളുകൾ മാത്രമായിരുന്നു സാക്ഷരതയുള്ളവർ, മറ്റ് ഭൂരിപക്ഷേ പേരും നിരക്ഷരരായിരുന്നു. അവർക്ക് മനസ്സിലാകുന്നതിനുവേണ്ടിയാണ് യേശു കഥകളിലൂടെ ഉപദേശിച്ചത്; അങ്ങനെ അല്ലേ? ആയിരിക്കാം........... പക്ഷേ, അല്പം ഒന്ന് നില്ക്കുക. യേശു പരീശന്മാരോട് സംസാരിച്ചത് എങ്ങനെ ആയിരുന്നു? കർത്താവ് അവർക്കുവേണ്ടി കഥ പറഞ്ഞുവോ?..... ഉവ്വ്, അവർക്കുവേണ്ടിയും കഥ പറഞ്ഞു അവർക്ക് അതിലെ സന്ദേശം മനസ്സിലായിരുന്നു - പലരും വിശ്വസിക്കുകയും ചെയ്തു.

യേശുവിന്റെ കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന മനോഹരമായ പദാവലികൾ ഉപയോഗിച്ച് ഞെട്ടിപ്പിക്കുന്ന പ്രസംഗങ്ങൾ യേശുവിന് ചെയ്യാമായിരുന്നതാണ്; ശരിയല്ലേ?............. ഉവ്വ്. യേശുവിന് അത് സാദ്ധ്യമാകുമായിരുന്നു. എന്നാൽ യേശു തെരഞ്ഞെടുത്തത് അന്നത്തെ സാധാരണക്കാർക്കും, തൊഴിലാളി വർഗ്ഗത്തിനും മനസ്സിലാകുന്ന ലളിതമായ ഭാഷ ആയിരുന്നു. അല്ലാതെ, അന്നത്തെ വിദ്യാസമ്പർക്കും, ഉന്നതനിലവാരത്തിൽ ഉള്ളവർക്കും മാത്രം മനസ്സിലാകുന്ന സാഹിത്യഭാഷ ആയിരുന്നില്ല.

യേശു നമ്മെ ചരിത്രം പഠിപ്പിപ്പാൻ വന്നതല്ല. കേൾക്കാൻ കഴിയുന്നവർക്ക് അതായത് ശ്രദ്ധിച്ചുകേൾക്കുന്നവർക്ക്, മനസ്സിലാക്കാൻ കഴിയുന്ന ഭാഷയും, പദങ്ങളുമാണ് യേശു തെരഞ്ഞെടുത്തത്. യേശു നൽകിയത് കേൾക്കാൻ കഴിയുന്ന ഏവർക്കും മനസ്സിലാകുന്ന ആത്മീക സന്ദേശങ്ങൾ ആയിരുന്നു. STS പദ്ധതിയിൽ പഠിതാക്കൾ സ്വയമായി ഓരോരോ കഥയിലും അന്തർഭവിച്ചിട്ടുള്ള ആത്മീകനിധികൾ കണ്ടുപിടിക്കുകയാണ് ചെയ്യുന്നത്. ശ്രോതാക്കൾക്ക് ഗുപ്തനിധികൾ കണ്ടുപിടിക്കാൻ സഹായകമായ ചോദ്യങ്ങൾ കഥാവതാരകർ തയ്യാറാക്കുകയും അവയിലൂടെ ശ്രോതാക്കളെ ചർച്ചകളിലേക്ക് നയിക്കുകയും ചെയ്യുന്നു.

ഈ ഗൈഡ് ലൈൻസ് അനുശരിച്ച് പ്രവർത്തിക്കുന്നവർക്കും, STS ശില്പശാലകളിൽ പഠിച്ചിട്ടുള്ളവർക്കും ഈ ഹാൻഡ് ബുക്കിൽ നൽകപ്പെട്ടിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുരൂപമായി പ്രവർത്തിക്കുവാനും സമർത്ഥ

രായ STS അദ്ധ്യാപകരായിരിക്കുവാനും സാദ്ധ്യമാകുന്നതാണ് ഈ അദ്ധ്യാപകരിലൂടെ ദൈവവചനം സമർത്ഥമായി പ്രചരിപ്പിക്കപ്പെടുന്നതിന് ദൈവം അനുഗ്രഹിക്കട്ടെ.

കൂടുതൽ പരിജ്ഞാനവും, പരിശീലനവും, ദീർഘവീക്ഷണവും കരസ്ഥമാക്കിക്കൊണ്ട് അദ്ധ്യാപകർ, പ്രാവീണ്യമുള്ളവർ ആയിത്തീരുന്നതാണ്; തൊഴിൽ പരിശീലനാനന്തരം അദ്ധ്യാപകർക്ക് യോഗ്യതാ സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. STS പദ്ധതിയിൽ അവരെ യോഗ്യതയുള്ള അദ്ധ്യാപകരായി അംഗീകരിക്കുന്നു. ഇവയെല്ലാം എങ്ങനെ സാദ്ധ്യമായിത്തീരുന്നു എന്ന് ഈ ഹാൻഡ് ബുക്ക് വ്യക്തമാക്കുന്നതാണ്. ലീഡേഴ്സ് പെരുകി വരുന്നതിനെ ഞങ്ങൾ കൗതുകത്തോടെയാണ് കണ്ടുകൊണ്ടിരിക്കുന്നത്.

## വേദപുസ്തകനിധികൾ എന്തെല്ലാമാണ്? ഒരു പാത

ഒരിക്കൽ ഒരു മനുഷ്യൻ ജോലി അന്വേഷിച്ച് തന്റെ ഗ്രാമത്തിൽ നിന്ന്, അകലെയുള്ള ഒരു പട്ടണത്തിൽ പോയി. പട്ടണത്തിൽ വളരെ വർഷക്കാലം അദ്ധ്വാനിച്ച് ജീവിച്ചിട്ട് വളരെ അധികം ധനം സമ്പാദിച്ചു, സമ്പന്നനായി. അവസാനം, അയാൾ സ്വന്തഭവനത്തിലേക്ക് മടങ്ങിപ്പോയി. അവിടെ, തന്റെ സുഹൃത്തുക്കളെല്ലാം അയാളെ മഹാനായ ഒരു സ്നേഹിതനായി വരവേറ്റു.

ഈ പുതുപണക്കാരൻ തന്റെ പണത്തിന്റെ ഒരു ഭാഗം തന്റെ യഥാർത്ഥ സ്നേഹിതർക്കായി പങ്കുവെക്കുവാൻ ആഗ്രഹിച്ചു. അതിനായി താൻ ഒരു പദ്ധതി ആലോചിച്ചു ഒരു ദിവസം അയാൾ വീട്ടിൽ നിന്ന് അകലെ ഒരിടത്തേക്ക് പോയി, മറ്റൊരു ദിവസം തിരികെ വന്നു. "ഞാൻ താങ്കളും സ്നേഹിതനാണ്" എന്ന് പറഞ്ഞ എല്ലാവരെയും ഒരിടത്ത് വിളിച്ചുകൂട്ടി; അവരോടായി പറഞ്ഞു" നിങ്ങൾ എല്ലാവരും ആ മലയുടെ അപ്പുറത്തുള്ള സമതലത്തിലേക്ക് വരണം, അവിടെവച്ച് നിങ്ങളോട് ഒരു കാര്യം അറിയിക്കാനുണ്ട്.

അയാൾ ആവശ്യപ്പെട്ടതുപോലെ അവർ എല്ലാവരും അവിടെ സന്നിഹിതരായപ്പോൾ, അയാൾ പറഞ്ഞു. ആ നദി വരെപോകുന്ന പാതയിൽ ഞാൻ പണി ചെയ്യുകയായിരുന്നു. നദി വരെയുള്ള പാതയിലൂടെ നിങ്ങൾ യാത്ര ചെയ്താൽ നിങ്ങൾക്ക് ചില നിധികൾ കണ്ടെത്തുവാൻ കഴിയും. ഞാൻ നിങ്ങൾക്കുവേണ്ടി വച്ചിരിക്കുന്ന സമ്മാനങ്ങൾ കണ്ടു പിടിക്കുവാനായി പോകുവിൻ".

അതുകേട്ടിട്ട് ആ മനുഷ്യർ ആ പാതയിലൂടെ മുമ്പോട്ട് യാത്ര ചെയ്തു. ചിലർ അല്പദൂരം ചെന്നിട്ട് ഇങ്ങനെ പറഞ്ഞു. "ഉം, ഇത് രസകരമായ ഒരുവഴിയാണ്. നമുക്ക് അതിൽ പരിശോധിക്കാം". അവർ താഴേക്ക് കുനിഞ്ഞു നോക്കി. കുറെ മണൽ ശേഖരിച്ചു. ആ മണൽ അവരുടെ വീടുകളിലേക്ക് കൊണ്ടുപോയി. മണൽ പരിശോധിച്ചുനോക്കാൻ തുടങ്ങി.

മറ്റുചിലർ പാതയിലൂടെ നദിയുടെ നേർക്ക് ഓടി. അവർ പാതയുടെ അവസാനഭാഗത്ത് ചെന്നിട്ട് ഇങ്ങനെ പരാതി പറഞ്ഞു "ഈ വഴി നമുക്ക് നേരത്തേ അറിയാവുന്നതല്ലേ? ഇവിടെ പുതുതായി യാതൊന്നുമില്ലല്ലൊ. ഇവിടെയാതൊരു നിധിയും കാണാനില്ല."

ആ സംഘത്തിലെ മറ്റുള്ളവർ അവർക്കു സുപരിചിതമായ ആ പാതയിലൂടെ സാവധാനം മുമ്പോട്ട് പോയി റോഡിന്റെ വശങ്ങളും മറ്റുസ്ഥലങ്ങളും അവർ ശ്രദ്ധയോടെ നിരീക്ഷിച്ചുകൊണ്ടിരുന്നു. അവർ തമ്മിൽ തമ്മിൽ ഇങ്ങനെ സംസാരിച്ചുകൊണ്ടാണ് യാത്ര തുടർന്നത് "നോക്കൂ, ആ പഴയ മരം വീണു കിടക്കുകയായിരുന്നു. നമ്മുടെ സ്നേഹിതൻ ആ മരത്തെ പാതയിൽ നിന്ന് മാറ്റി നമ്മുടെ യാത്ര സുഗമമാക്കിയിരിക്കുന്നു. റോഡരികിൽ ഉണ്ടായിരുന്ന മുൾച്ചെടികൾ എല്ലാം വെട്ടിമാറ്റിയിരുന്നതാണ് മറ്റ് ചിലർ ശ്രദ്ധിച്ചത്. റോഡിലൂടെയുള്ള യാത്ര സുരക്ഷിതമായിരിക്കുന്നതിന് അത് സഹായകമായിട്ടുണ്ട്."

സമ്മാനസാധനങ്ങൾ അന്വേഷിച്ചുകൊണ്ട് റോഡിലൂടെ വേഗത്തിൽ ഓടിപ്പോകാതെ അവർ സാവധാനമാണ് യാത്ര ചെയ്തത്. സമ്പന്നനായ അവരുടെ സ്നേഹിതൻ അവർക്കുവേണ്ടി പാത സുഗമമാക്കിയതിൽ സന്തോഷിച്ചുകൊണ്ട്, ആ പാതയ്ക്കുവേണ്ടി ചെയ്തിരിക്കുന്ന ദുഷ്കരമായിരുന്ന ഒരുക്കങ്ങളെ നിരീക്ഷിച്ച് ആസ്വദിക്കുവാൻ അവർ സമയം കണ്ടെത്തി. അങ്ങനെ ആ പാത തന്നെയും അവരുടെ സ്നേഹിതൻ നൽകിയിട്ടുള്ള ദാനമാണെന്ന് അവർ തിരിച്ചറിഞ്ഞു.

പെട്ടെന്ന് അവരിൽ ഒരാൾ ഒരിടത്ത് നിന്നുകൊണ്ട് സഹയാത്രികരോട് വിളിച്ചുപറഞ്ഞു. "ഇതാ ഈ പാതയോരത്ത് കുറ്റിച്ചെടികളുടെ മറവിൽ ഏതാനും ചാക്ക് അരി വച്ചിരിക്കുന്നു." യാത്രക്കാർ അവിടേക്ക് നോക്കി-അവർക്ക് വിസ്മയമായി.

അപ്പോൾ മറ്റൊരു യാത്രക്കാരൻ വിളിച്ചുപറഞ്ഞു. "ഇതാ ഇവിടേക്ക് നോക്കൂ, പാതയോരത്ത് ഈ കുറ്റിച്ചെടികളുടെ അടിയിൽ കുറെ പാചക പാത്രങ്ങൾ വച്ചിരിക്കുന്നു."

അങ്ങനെ, സാവധാനം യാത്ര ചെയ്തവർ ഓരോരുത്തരും പാതയോരത്ത് അങ്ങിങ്ങായി അനേകം സാധനങ്ങൾ വച്ചിരിക്കുന്നതായി കണ്ടെത്തിക്കൊണ്ടിരുന്നു. ധനികനായ അവരുടെ സ്നേഹിതൻ അവർക്കായി വച്ചിട്ടുള്ളവയാണ് ആ സമ്മാനങ്ങളെല്ലാമെന്ന് അവർക്കു മനസ്സിലായി. ധനികനായ ആ മനുഷ്യന് അറിയാമായിരുന്നു അയാളുടെ ആത്മാർത്ഥ സുഹൃത്തുക്കൾ ആ പാതയിലൂടെ സാവധാനം യാത്ര ചെയ്ത്, അയാളുടെ വാക്കുകളെ വിശ്വസിക്കുകയാൽ, അയാൾ അവർക്കുവേണ്ടി വച്ചിട്ടുള്ള സമ്മാനങ്ങൾ കണ്ടു പിടിക്കുകയും അത് സ്വന്തമാക്കുകയും ചെയ്യുമെന്ന്.

എന്നാൽ ആ പാതയിലൂടെ നദീതിരത്തേക്ക് ഓടിപ്പോയവർക്ക്, സമ്പന്നനായ സുഹൃത്ത് മനോഹരമായി ഒരുക്കിയിരുന്ന പാതയുടെ പ്രാന്ത പ്രദേശങ്ങളിൽ അയാൾ വച്ചിരുന്ന വിലയേറിയ സമ്മാനങ്ങൾ കണ്ടെത്താൻ സാദ്ധ്യമായിരുന്നില്ല. ആ നിധികളെല്ലാം അവർക്ക് നഷ്ടമായിപ്പോയി. അവർക്ക് സാവധാനം യാത്രചെയ്യാൻ മനസ്സില്ലാത്തതുകൊണ്ട് അവർക്ക് പാതയുടെ മനോഹാരിത ആസ്വദിക്കാനോ, പാത ഒരുക്കിയ സുഹൃത്തിനെക്കുറിച്ച് മനസ്സിലാക്കാനോ, സമ്മാനങ്ങൾ കണ്ടെത്താനോ കഴിഞ്ഞില്ല. (പാതയിൽ നിന്ന് മണൽ വാരിക്കൊണ്ടുപോയവരാകട്ടെ അത് പരിശോധിച്ചും നിരീക്ഷിച്ചും കൊണ്ടിരുന്നതല്ലാതെ ഒന്നും കണ്ടെത്തിയില്ല. അവർ പാതയിലൂടെ ദീർഘദൂരം സഞ്ചരിച്ചതുമില്ല.)

വേദപുസ്തകത്തിലുള്ള ഓരോ കഥയും ദൈവം നമുക്കായി ഒരുക്കിയിട്ടുള്ള ഓരോ പാതയാകുന്നു. പാതയിലൂടെ സാവധാനം യാത്ര ചെയ്യുന്നവർക്ക് ദൈവം സൂക്ഷിച്ചു വച്ചിരിക്കുന്ന നിധികളും, സമ്മാനസാധനങ്ങളും കണ്ടെത്തുവാൻ കഴിയും. കഥകൾ മാത്രം പദ്ധതിയിൽ ഞങ്ങൾ ചെയ്തിരിക്കുന്നത് ഇതുതന്നെയാണ്.

## നാഥാന്റെ മാതൃകയെ പിന്തുടരുക

II ശമുവേൽ 12:1-14ൽ, ആത്മീക സത്യങ്ങളെ അറിയിക്കുന്നതിനുള്ള സവിശേഷമായ ഒരു ശൈലി, ദൈവം ഉപയോഗിച്ചിരിക്കുന്നു. ദാവീദ് രാജാവ് വിശ്വസ്തനായ ഒരു മനുഷ്യനായിരുന്നു. ദൈവം അവനെ യിസ്രായേലിന്റെ രാജാവായി തെരഞ്ഞെടുത്തു. രാജാവായിരിക്കെ അവൻ ഗുരുതരമായ ഒരു പാപം ചെയ്തു, വ്യഭിചാരം. എന്നിട്ട് ആ സ്ത്രീയുടെ ഭർത്താവിനെ യുദ്ധരംഗത്ത് വച്ച് പട്ടാളത്തിന്റെ സർവ്വസൈന്യാധിപനെ ൈ ക്ക ാ ണ്ട ് വധിപ്പിച്ചു അനന്തരം ദാവീദ് ആ പാപത്തെ മറച്ചുവയ്ക്കുവാൻ ശ്രമിച്ചു. ആകയാൽ നാഥാൻ പ്രവാചകൻ, ദൈവ നിയോഗത്തിൽ ദാവീദിന്റെ സന്നിധിയിലേക്ക് വന്ന് ഒരു കഥ പറഞ്ഞു.

"ഒരു പട്ടണത്തിൽ രണ്ടു പുരുഷന്മാർ ഉണ്ടായിരുന്നു; ഒരുത്തൻ ധനവാൻ, മറ്റവൻ ദരിദ്രൻ. ധനവാന് ആടുമാടുകൾ അനവധി ഉണ്ടായിരുന്നു. ദരിദ്രനോ താൻ വിലയ്ക്കുവാങ്ങി വളർത്തിയ ഒരു പെൺകുഞ്ഞാടല്ലാതെ ഒന്നും ഇല്ലായിരുന്നു. ഒരു ദിവസം ധനവാന്റെ വീട്ടിൽ ഒരു അതിഥി വന്നപ്പോൾ അയാൾക്കുവേണ്ടി സദ്യ തയ്യാറാക്കാനായി ഈ ദരിദ്രന്റെ ആടിനെ അപഹരിച്ചു കൊന്നു, അയാൾക്കുവേണ്ടി പാചകം ചെയ്തു നല്ലൊരു സദ്യ നടത്തി, അയാളെ സല്ക്കരിച്ചു."

ദാവീദ് രാജാവ് നാഥാൻ പ്രവാചകന്റെ കഥ കേട്ടപ്പോൾ അത്യന്തം കോപാവിഷ്ടനായി. വേദപുസ്തകത്തിലുള്ള കഥയിൽ ദാവീദ് നാഥാനോട് പറഞ്ഞത് ഇപ്രകാരം ആയിരുന്നു. "യഹോവയാണ, ഇത് ചെയ്തവൻ മരണയോഗ്യൻ. അവൻ കനിവില്ലാതെ ഈ കാര്യം പ്രവർത്തിച്ചതുകൊണ്ട് ആ ആടിനുവേണ്ടി നാലിരട്ടി പകരം കൊടുക്കണം" എന്നു പറഞ്ഞു.

അപ്പോൾ നാഥാൻ ദാവീദിനോട് പറഞ്ഞത് : "ആ മനുഷ്യൻ നീ തന്നേ."

നാഥാന്റെ കഥ കേൾക്കുന്നതിനു മുമ്പുതന്നെ, ദൈവത്തെ അനുഗമിച്ചിരുന്നവനായ ദാവീദിന് അറിവുണ്ടായിരുന്നില്ലേ വ്യഭിചാരം, വഞ്ചന, കൊലപാതകം എന്നിവ തെറ്റാണെന്ന്? അതേ, അതുകൊണ്ട് ദാവീദിന് അറിയാമായിരുന്നില്ലേ താൻ ചെയ്തത് പാപമാണെന്ന്?......... ഉവ്വ്, ദാവീദ് തന്റെ പാപം സമ്മതിച്ചുവോ? .... ശരി. അവൻ തന്റെ പാപത്തെ അഭിമുഖീകരിച്ചില്ല.

വ്യഭിചാരം, കൊലപാതകം എന്നീ പാപങ്ങൾക്ക് എതിരേ ഒരു പ്രവാചകന് സാധാരണഗതിയിൽ എപ്രകാരമുള്ള ഒരു ഉപദേശ പ്രസംഗം ചെയ്യാൻ കഴിയുമെന്നാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്? നാഥാൻ എപ്രകാരമുള്ള പ്രസംഗശൈലിയാണ് ഉപയോഗിച്ചത്? ശരിതന്നെ, ദാവീദിനെ നേരിട്ട് അഭിമുഖീകരിക്കുന്നതിനുപകരം നാഥാൻ ദാവീദിനോട് ഒരു കഥ പറയുകയാണ് ചെയ്തത്.

അപ്പോൾ എന്താണ് സംഭവിച്ചതെന്ന് ശ്രദ്ധിക്കുക. ദാവീദിന്റെ പ്രതികരണം എന്തായിരുന്നു? എങ്ങനെയായിരുന്നു? അതെ, ദാവീദ് ആ ധനികനെ നീതിപൂർവ്വകമായും ശരിയായുമാണ് വിധിച്ചത്. അയാളെ കുറ്റക്കാരൻ എന്ന് വിധിച്ചു ആ ധനികൻ പ്രായച്ഛിത്തം ചെയ്യണമെന്ന് വിധിച്ചു? എന്ത് പ്രായച്ഛിത്തമാണ് വിധിച്ചത്? അയാൾ എന്തു ശിക്ഷയ്ക്ക് യോഗ്യനാണെന്ന് വിധിച്ചു?... ശരിതന്നെ. ദാവീദ് വിധിച്ച ശിക്ഷ ഇങ്ങനെയായിരുന്നു. "ധനികൻ അപഹരിച്ചെടുത്ത ആടിനുപകരമായി നാല് ആടുകളെ കൊടുക്കണം. മാത്രവുമല്ല മരണശിക്ഷ ഏല്ക്കുകയും വേണം!

ദാവീദിന് പശ്ചാത്താവം ഉണ്ടായി; ദാവീദിന്റെ ഹൃദയത്തിൽ കുത്തുകൊണ്ടു ആ കഥ ദാവീദിനെ രോഷാകുലനാക്കി - ആ ധനികനായ മനുഷ്യന്റെ പാപകർമ്മം ദാവീദിന് മനസ്സിലായി - അനന്തരം ദാവീദ് നീതിപൂർവ്വകമായ ഒരു ആത്മീക നിരീക്ഷണം നിർവ്വഹിച്ചു.

അക്ഷരീകമായി ശരിയെന്നു തോന്നിയ കാര്യം ദാവീദ് ചെയ്തു കഴിഞ്ഞപ്പോൾ നാഥാൻ ദാവീദിനെ കഥയിലേക്ക് ആനയിക്കുകയും കഥയിൽ നിന്ന് ഒരു ആത്മീക ഗുണപാഠം ദാവീദിനെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. ആത്മീകമായ ഒരു പ്രായോഗീകോപയോഗം ആ കഥയിൽ നിന്ന് ദാവീദിന് കാണിച്ചുകൊടുത്തു. "ആ മനുഷ്യൻ നീ തന്നേ, ദാവീദേ" എന്ന് നാഥാൻ തറപ്പിച്ചു പറഞ്ഞു, ദാവീദ് ദൈവത്തിന് എതിരായി എപ്രകാരമാണ് പാപം ചെയ്തതെന്ന് നാഥാൻ ബോദ്ധ്യമാക്കി.

അപ്പോൾ ദാവീദ് നാഥാനോട് പറഞ്ഞു. "ഞാൻ ദൈവത്തോട് പാപം ചെയ്തുപോയി." ധനികനായ മനുഷ്യന്റെ മരണശിക്ഷ (ധനികൻ ഏല്ക്കണമെന്ന് ദാവീദ് നാഥാനോട് പറഞ്ഞത് പ്രകാരം) ദാവീദിന്റെ കുടുംബത്തിനുതന്നെ ഏല്ക്കേണ്ടതായി വന്നു കഥയുടെ ശേഷം ഭാഗത്തിനായി നാം അത് കാണുന്നുണ്ട്.

ദാവീദിന്റെ കഥയുടെ കേന്ദ്രഭാഗങ്ങൾ " കഥകൾ മാത്രം" പദ്ധതിയുടെ പ്രമുഖമായ സവിശേഷതകൾ പ്രകടമാക്കുന്നു. പഠിതാക്കളായ ജനങ്ങൾ ഒരു കഥ കേട്ടിട്ട് അവരുടെ ഹൃദയത്തിൽ അതെക്കുറിച്ചുള്ള ചിന്തകൾ ഉണ്ടാകുന്നുണ്ടെങ്കിൽ ആന്തരീക ദർശനത്തോടുകൂടി ആ ബൈബിൾ കഥയെക്കുറിച്ച് ഗഹനമായി ചർച്ചകൾ ചെയ്യുന്നതിന് പ്രേരിതരായിത്തീരുന്നതാണ്. കഥയുടെ ആഴങ്ങളിലേക്ക് നോക്കിക്കൊണ്ട് കഥയിൽ അന്തർഭവിച്ചിട്ടുള്ള ആത്മീയ വിജ്ഞാനവും, ആത്മീകസത്യങ്ങളും കണ്ടെത്തുകയും, ആത്മീകമായ പ്രായോഗീക ഉപയോഗങ്ങളിലേക്ക് അവരെത്തന്നെ സമർപ്പിക്കുകയും ചെയ്യും. ആത്മീകമായ ഈ കണ്ടെത്തലുക്കളയാണ് നമ്മൾ ആത്മീക നിരീക്ഷണങ്ങൾ എന്ന് വിളിക്കുന്നത്.

ബൈബിൾ കഥ പഠിച്ചതിനുശേഷം അതിലെ കഥാപാത്രങ്ങളെ സംബന്ധിച്ച് പഠിതാക്കൾ മനസ്സിലാക്കിയതായ സംഗതികളും, കഥാപാത്രങ്ങളെക്കുറിച്ച് അവർക്കുള്ള അഭിപ്രായങ്ങളും ചർച്ചാവേളയിൽ, ശബ്ദം ഉയർത്തി പങ്കുവയ്ക്കൽ നടത്തിക്കഴിയുമ്പോൾ കഥാകാഥികൻ പഠിതാക്കളെ കഥാപാത്രങ്ങൾ ആയിത്തീരുവാൻ ക്ഷണിക്കുന്നു. അവർ സ്വയം കഥാപാത്രങ്ങളായി മാറുന്നു കഥയിലെ സന്ദർഭങ്ങൾക്ക് തുല്യമായ സാഹചര്യങ്ങളിലോ അവസരങ്ങളിലോ, സമാനമായി വെല്ലുവിളിയുള്ള സന്ദർഭങ്ങളിലോ അവർ ആയിരുന്നാൽ അതിനെ എപ്രകാരമായിരിക്കും അഭിമുഖീകരിക്കുന്നത് എന്ന് വിചിന്തനം ചെയ്യുകയും ചെയ്യുന്നു. പഠിതാക്കൾ നിരീക്ഷിച്ച് മനസ്സിലാക്കിയതായ ആത്മീക സത്യങ്ങൾ എന്തെല്ലാമാണെന്നും, അവരുടെ വ്യക്തിപരമായ ജീവിത സാഹചര്യങ്ങളിൽ അവയെ എങ്ങനെ ഉപയോഗിക്കുമെന്നും വ്യക്തമാക്കുന്നതിന് കഥാകാഥികർ പഠിതാക്കളെ പ്രോത്സാഹിപ്പിക്കുന്നതാണ്.

രസരമായ ഒരു സംഗതിയുണ്ട്, ആത്മീകനിരീക്ഷണങ്ങൾക്കുവേണ്ടിയുള്ള ചർച്ചാവേളയിൽ, പഠിതാക്കളിൽ ഓരോരുത്തരോടും, വ്യക്തിപരമായി പരിശുദ്ധാത്മാവ് ഇടപെട്ടിട്ടുണ്ടാവും, വ്യക്തിഗതമായി സംസാരിച്ചിട്ടുണ്ടാവും. STS പഠന പദ്ധതിയിൽ ഈ വ്യക്തിഗതസത്യങ്ങളെ "ആത്മീകമായ പ്രായോഗികോപയോഗങ്ങൾ" എന്ന് വിളിക്കുന്നു.

ഒരുവ്യക്തി എത്ര സംവത്സരമായി ദൈവത്തെ വ്യക്തിപരമായി അറിയുന്നുവെന്നതോ, ഔപചാരികമോ അനൗപചാരികമോ ആയി വേദപുസ്തക പഠനം എത്രമാത്രം നടത്തിയിട്ടുണ്ടെന്നോ ഉള്ളത് പ്രസക്തമല്ലതന്നെ, വേദപുസ്തകം ശരിയായി ഗ്രഹിക്കുന്നതിന് ഒരേ ഒരു മാർഗ്ഗമേയുള്ളൂ ദൈവവുമായുള്ള നമ്മുടെ ആത്മീകബന്ധമാണത്. തിരുവചനത്തിൽ മനുഷ്യവർഗ്ഗത്തിനായുള്ള ദൈവത്തിന്റെ ആത്മീകമായ സന്ദേശങ്ങൾ ആണ് അന്തർഭവിച്ചിരിക്കുന്നത്. ആകയാൽ പരിശുദ്ധാത്മാവിന്റെ ബോധനത്തിലൂടെ മാത്രമേ വേദപുസ്തകത്തിലുള്ള ആത്മീകസത്യങ്ങൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ.

യേശുക്രിസ്തുവിലുള്ള വിശ്വാസികളിൽ ഭൂരിഭാഗം ആളുകളും ദൈവവചനം പഠിക്കുന്നതിനായി മറ്റുള്ളവരെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. സഭായോഗങ്ങളിൽ സംബന്ധിക്കുന്നവർ അവരുടെ പാസ്റ്റർമാർ അവരെ തിരുവചനം പഠിപ്പിക്കുന്നതിനെ ആശ്രയിക്കുന്നു; ആത്മീകസത്യങ്ങൾ അവരെ പഠിപ്പിക്കുന്നതിനെ ആശ്രയിക്കുന്നു; ആത്മീകസത്യങ്ങൾ അവരെ പഠിപ്പിക്കുന്നതിന് പാസ്റ്റർമാരെ നിർബന്ധിക്കുന്നു. പഠനതാല്പര്യമുള്ളവർ ബൈബിൾ സ്കൂളുകളിൽ ചേർന്ന് ബൈബിൾ പഠിക്കുന്നു. പാസ്റ്റർമാർ ബൈബിൾ സ്കൂളികളിലോ സെമിനാരികളിലോ പഠിച്ചതിനുശേഷം കൂടുതൽ പരിജ്ഞാനത്തിനായി വ്യാഖ്യാനഗ്രന്ഥങ്ങൾ വായിക്കുകയും, കോൺഫ്രൺസുകളിൽ സംബന്ധിക്കുകയും ചെയ്യുന്നു. സെമിനാരികളിൽ പഠിപ്പിക്കുന്നവർ ഗ്രന്ഥകർത്താക്കളെയും, പണ്ഡിതന്മാരെയും ബന്ധപ്പെട്ട് കൂടുതൽ അറിവും, പരിജ്ഞാനവും നേടുന്നു.

ഈ സ്രോതസ്സുകൾക്കെല്ലാം വലിയ വിലയും പ്രാധാന്യവുമുണ്ട്. എങ്കിലും, ദൈവീക സന്ദേശം മെച്ചമായി ഗ്രഹിക്കുന്നതിനുള്ള ഏറ്റവും നല്ല സ്രോതസ്സ് അവരെല്ലാം വിസ്മരിച്ചുകളയുന്നു. ദൈവത്തിന്റെ ദാനമാണ് അതിമഹാത്തായ ആ സ്രോതസ്. ആ സ്രോതസ് എന്താകുന്നു? ഈ കഥ പരിഗണിക്കുക.

മൂന്ന് സംവത്സരക്കാലത്തിലേറെ യേശുവിൽ നിന്നുള്ള വ്യക്തിപരമായ ബോധനം ലഭിച്ചതിനുശേഷം ഒരു സുപ്രഭാതത്തിൽ ശിഷ്യന്മാർ കേട്ടത് ഞെട്ടിപ്പിക്കുന്ന ഒരു വാർത്തയായിരുന്നു. യേശു അവരെ വിട്ടുപോകുകയാണ് എന്ന്! യേശുശിഷ്യന്മാരോട് പറഞ്ഞു". നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്, നിങ്ങൾ ഭയപ്പെടുകയും അരുത്."

യേശു ശിഷ്യന്മാരോട് പറഞ്ഞകാര്യത്തിൽ നിന്ന് ശിഷ്യന്മാർക്ക് അനുഭവപ്പെട്ട മനോവിഷമം എന്തായിരുന്നുവെന്ന് നമുക്ക് അറിയുവാൻ കഴിയുന്നതാണോ? നമുക്ക് എന്ത് മനസ്സിലാകുന്നു?.... അവർ ഭയചകിതരായി. അത്ഭുതവാനായ അവരുടെ ഗുരു ഇനിയും അവരോട് ഒപ്പം ഉണ്ടാവുകയില്ലല്ലൊ! അവരെ ആര് സമാശ്വസിപ്പിക്കും? ആര് പഠിപ്പിക്കും? യേശുവിന്റെ അവസാന സന്ദേശത്തിന്റെ ഭാഗമായി യേശു തന്റെ ശിഷ്യന്മാർക്ക് ഉറപ്പു നൽകിയത്. അവർ തനിച്ച് ആകയില്ലെന്നായിരുന്നു. യേശു അവർക്കായി ഒരു ഗുരുവിനെ സ്ഥിരമായി നൽകി, അവരോടുകൂടെ സർവ്വദാ ആ ഗുരുവാസം ചെയ്യുമെന്ന് യേശു വാഗ്ദാനം ചെയ്തു. ഈ ഗുരു അവരിൽ ഓരോരുത്തനോടും കൂടെ സദാസമയവും, രാപകലെന്യേ, ഒരാഴ്ചയിൽ ഏഴുദിവസവും ഉണ്ടായിരിക്കുമെന്ന് യേശു തന്റെ ശിഷ്യന്മാർക്ക് ഉറപ്പുനൽകി.

"എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാൻ ഉള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോട് പറഞ്ഞത് ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹന്നാൻ 14:26.)

"സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും. (യോഹന്നാൻ 16:13)."

ദൈവവചനം നന്നായി മനസ്സിലാക്കുവാനുള്ള ഉത്തമമായ സ്രോതസ്, യേശു നമുക്കായി നൽകിയിരിക്കുന്ന പരിശുദ്ധാത്മാവ് ആകുന്നു.

### പരിശുദ്ധാത്മാവ് നമ്മെ ആത്മീകസത്യങ്ങൾ പഠിപ്പിക്കുന്നത് എങ്ങനെ എന്ന് ദൈവം വിശദീകരിക്കുന്നു.

തിരുവചനത്തിൽ എഴുതപ്പെട്ടിരിക്കുന്നത് ശ്രദ്ധിക്കുക: "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണ് കണ്ടിട്ടില്ല, ചെവികേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നേ. നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവ് സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു. മനുഷ്യനിലുള്ളത് അവനിലെ മനുഷ്യാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയുക അവ്വണ്ണം തന്നേ ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല. "(I കൊരിന്ത്യർ 2:9-11).

"നാമോ ലോകത്തിന്റെ ആത്മാവിനെ അല്ല, ദൈവം നമുക്ക് നൽകിയത് അറിവാനായി ദൈവത്തിൽ നിന്നുള്ള ആത്മാവിനെ അത്രേ പ്രാപിച്ചത്. അത് ഞങ്ങൾ മാനുഷജ്ഞാനം ഉപദേശിക്കുന്ന വചനങ്ങളാൽ അല്ല, ആത്മാവ് ഉപദേശിക്കുന്ന വചനങ്ങളാൽ തന്നേ പ്രസ്താവിച്ചുകൊണ്ട് ആത്മീകന്മാർക്ക് ആത്മീകമായത് തെളിയിക്കുന്നു." (I കൊരിന്ത്യർ 2:12-13).

"എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല, അത് അവന് ഭോഷത്വം ആകുന്നു. ആത്മീകമായി വിവേചിക്കേണ്ടതാകയാൽ അത് അവന്ന് ഗ്രഹിപ്പാൻ കഴിയുന്നതുമല്ല. ആത്മീകനോ സകലത്തെയും വിവേചിക്കുന്നു. താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. കർത്താവിന്റെ മനസ്സ് അറിഞ്ഞ് അവനെ ഗ്രഹിപ്പിക്കാകുന്നവൻ ആർ? നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നു." (I കൊരിന്ത്യർ 2:14-16)."

ദീർഘകാലമായി പരിശുദ്ധാത്മാവിന്റെ ക്ലാസ് മുറി ശൂന്യമായികിടക്കുകയായിരുന്നു. നമുക്ക് അവന്റെ ക്ലാസ്സുകളിൽ സംബന്ധിക്കാം. നമുക്ക് കൈകൾ ഉയർത്തി സംശയ നിവാരണത്തിനുള്ള ചോദ്യങ്ങൾ ചോദിക്കാം. ബൈബിൾ കഥകൾ ഓരോന്നും പഠിക്കുമ്പോൾ, നമുക്ക് അവയുടെ ഉള്ളടക്കം മനസ്സിലാക്കുവാനുള്ള ബുദ്ധി ലഭിക്കുവാനായി കർത്താവിനോട് യാചിക്കാം. അവൻ നമുക്ക് ആവശ്യമായ ബുദ്ധി നൽകുകയും ചോദ്യങ്ങളുടെ ഉത്തരങ്ങൾ പ്രദാനം ചെയ്യുകയും ചെയ്യുമെന്ന് വിശ്വസിക്കാം.

## അദ്ധ്യായം 3

# "കഥകൾ മാത്രം"

## ഒരു താൾ മുഖ വീക്ഷണം

**ഒരുക്കം:-** ബൈബിൾ കഥകൾ ഓരോന്നും ലളിതമായും സരളമായും പഠിക്കുന്നതും ആത്മീക സത്യങ്ങൾ കണ്ടെത്തുന്നതുമാണ് STS പദ്ധതിയുടെ നൈപുണ്യത്തിൽ അന്തർഭവിച്ചിരിക്കുന്നത്. കഥയിലെ ആത്മീകനിധികൾ കണ്ടുപിടിക്കുന്നതിന് സഹായകമായ ചോദ്യങ്ങൾ രൂപീകരിക്കുന്നതും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.

**അവതരണം:-** ഇതിന് രണ്ടു ഘട്ടങ്ങൾ ഉണ്ട്. ആദ്യമായി കഥ പറയുക, അടുത്തതായി ഗുപ്തനിധികൾ കണ്ടുപിടിക്കുക.

**ഘട്ടം ഒന്ന്:-** കഥയെ മൂന്നു പ്രാവശ്യം പറയുക. കഥയുടെ ഉള്ളടക്കം ശ്രോതാക്കൾ ശരിയായി മനസ്സിലാക്കണം. ഇതിലേക്ക് ആവശ്യമായ നിപുണതകൾ ഇവയെല്ലാമാണ്. കഥ നന്നായി പറയുവാനുള്ള കഴിവ്, സന്നദ്ധസഹായികളെ പ്രോത്സാഹിപ്പിച്ച് കഥയുടെ ഉള്ളടക്കത്തെ രസാവഹമായി പുനരവലോകനം ചെയ്യിക്കുക.

**1. പറയുക:-** കഥാകാഥികൻ കഥ പറയട്ടെ. (ഒന്നാം പ്രാവശ്യമുള്ള കഥാകഥനം ശ്രോതാക്കളുടെ മനസ്സിൽ കഥയുടേതായ ഒരു ചിത്രം രൂപീകരിക്കുന്നു. കഥയുടെ സ്വാധീനശക്തി മനസ്സിൽ അനുഭവപ്പെടുന്നു.)

**2. സന്നദ്ധസഹായി:-** കഥാകാഥികൻ ഒരു സന്നദ്ധ സഹായിയോട് കഥ ആവർത്തിച്ചു പറയുവാൻ ആവശ്യപ്പെടുന്നു. അല്ലെങ്കിൽ പഠിതാക്കളോട് ഈ രണ്ടു പേർ പരസ്പരം കഥ പറയുവാൻ ആവശ്യപ്പെടണം. (ശ്രോതാക്കൾ കഥ ആവർത്തിച്ചു പറയുന്നതിൽ ശ്രദ്ധ ചെലുത്തും. ഓരോ ജോഡിയിലെയും ഇണയായ അംഗത്തോട് താൻ പറയുന്നത് "ശരിയായിട്ടാണോ എന്ന് ശ്രദ്ധിക്കുവാൻ ആവശ്യപ്പെടണം. ആ രീതിയിലൂടെ ശ്രോതാക്കൾക്ക് അവരുടെ ഓർമ്മയിലേക്ക് കഥയെ ദൃഢമായി ഉറപ്പിക്കുവാൻ കഴിയുന്നതാണ്.)"

**3. കഥയിലൂടെയുള്ള ആനയിക്കൽ:-** മൂന്നാം പ്രാവശ്യം കഥാകാഥികൻ ശ്രോതാക്കളെ കഥയിലൂടെ ആനയിക്കുന്നു. ഈ അവസാനപ്രാവശ്യത്തെ കഥാകഥനത്തിൽ, കഥാകാഥികൻ ശ്രോതാക്കളുടെ സഹായത്തോടെ കഥയിലുള്ള ഓരോരുത്തരെയും പഠന വിഷയമാക്കുന്നു. വിവിധ മാർഗ്ഗങ്ങളിലൂടെ കഥയെ സമ്പൂർണ്ണമായും, സൂക്ഷ്മമായും പുനരാഖ്യാനം ചെയ്യുന്നു.

**ഘട്ടം രണ്ട്:-** കഥാകാഥികൻ ശ്രോതാക്കളായ പഠിതാക്കളെ ആത്മീക നിധികളിലേക്ക് നയിക്കുന്നു. ഇപ്പോഴാകട്ടെ പഠിതാക്കളോട് കഥ വീണ്ടും പറയുവാൻ ആവശ്യപ്പെടുന്നില്ല. പ്രത്യുത, കഥാകാഥികൻ ആത്മീകനിധികൾ കണ്ടെത്തുവാൻ പര്യാപ്തമാം വിധം കഥയെ ഏതാനും ഭാഗങ്ങളായി പറയുന്നു. ഓരോ ഭാഗത്തിലുള്ള സത്യങ്ങൾ ഉചിതമായ ചോദ്യങ്ങളിലൂടെ കണ്ടു പിടിക്കുന്നു.

1. **ആത്മീക നിരീക്ഷണങ്ങൾ:-** ഒന്നാമതായി, സമുചിതമായ ചോദ്യങ്ങളിലൂടെ പഠിതാക്കളെ ആത്മീയ വിജ്ഞാനവിവരങ്ങൾ കണ്ടു പിടിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. ഇതാണ് ആദ്യമായി ചെയ്വാനുള്ളത്. (കഥയിലെ ഓരോ കഥാപാത്രത്തിന്റെയും പെരുമാറ്റങ്ങളും പ്രവർത്തനങ്ങളും നിരീക്ഷിച്ച് മനസ്സിലാക്കുവാൻ പഠിതാക്കളോട് ആവശ്യപ്പെടുന്നു. സമുചിത ചോദ്യങ്ങൾകൊണ്ട് കഥാപാത്രങ്ങളുടെ സ്വഭാവങ്ങളെയും, ആത്മീക നിലവാരത്തെക്കുറിച്ചും, ദൈവം അവർക്കുവേണ്ടി ഓരോ സംഭവത്തിലും പ്രവർത്തിച്ചകാര്യങ്ങളെക്കുറിച്ചും, ചോദിച്ച് പ്രതികരണങ്ങൾ സ്വീകരിക്കുക. അവയെ "ആത്മീക നിരീക്ഷണങ്ങൾ" എന്ന് പറയുന്നു.
2. **ആത്മീകമായ പ്രായോഗികോപയോഗങ്ങൾ:-** രണ്ടാമതായി, ആത്മീക നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കി ജനങ്ങളുടെ ആനുകാലികജീവിതത്തിന് ഉപയുക്തമായ പ്രായോഗികോപയോഗങ്ങൾ കണ്ടെത്തുന്നു. ആത്മീകനിരീക്ഷണങ്ങൾ നാം കണ്ടുപിടിച്ച വിധം തന്നെ ഇത് സാദ്ധ്യമാക്കുന്നതാണ്. (ശ്രോതാക്കളായ പഠിതാക്കൾ നിധികൾ കണ്ടെത്തുവാനും, പങ്കിടുവാനും പര്യാപ്തമായ ചോദ്യങ്ങൾ കഥാകാഥികൻ ചോദിക്കണം. അങ്ങനെ ലഭിക്കുന്ന നിഗമനങ്ങളെ "ആത്മീകമായ പ്രായോഗികോപയോഗങ്ങൾ" എന്നു വിളിക്കുന്നു.)

## അദ്ധ്യായം 4

# ഒരു കഥ തയ്യാറാക്കുന്നത് എങ്ങനെ?

## "കഥകൾ മാത്രം" ശൈലിയിൽ

STS ശൈലിയിൽ പഠിപ്പിക്കുന്നതിന് മൂന്ന് നിപുണതകൾ ആവശ്യമുണ്ട്

i. ഒരു കഥ തെരഞ്ഞെടുക്കുകയും, പഠിക്കുകയും നന്നായി പറയുകയും ചെയ്യുന്നതെങ്ങനെ?

ii. കഥയിലെ ഗുപ്തനിധികൾ കണ്ടുപിടിക്കുന്നതെങ്ങനെ?

iii. ആത്മീക ദർശനം ഉൾക്കൊള്ളുന്ന ചോദ്യങ്ങൾ രൂപീകരിക്കുന്നത് എങ്ങനെ?

## നിപുണത I: ഒരു കഥ തെരഞ്ഞെടുക്കുകയും, പഠിക്കുകയും നന്നായി പറയുകയും ചെയ്യുന്നത് എങ്ങനെ?

"കഥകൾ മാത്രം" പദ്ധതിയുടെ പ്രക്രീയയിലൂടെ പുരോഗമിക്കുമ്പോൾ നിങ്ങൾ അനുവർത്തിക്കേണ്ടതായ പ്രധാനമായ സംഗതി ദൈവവചനത്തിൽ വിശ്വസിച്ച് ആശ്രയം വയ്ക്കുക എന്നതാകുന്നു. ബൈബിളിലെ കഥകളെ ദൈവം ആലേഖനം ചെയ്തിരിക്കുന്ന പ്രകാരം സമ്പൂർണ്ണമായി അവതരിപ്പിക്കുമ്പോഴാണ് ഓരോ കഥയും ഏറ്റവും നന്നായി അവതരിപ്പിക്കപ്പെടുന്നതെന്ന് വിശ്വസിക്കണം. ഒരു ബൈബിൾ കഥ അവതരിപ്പിക്കുമ്പോൾ യാതൊരു കാര്യവും അധികമായി ചേർക്കരുത്, യാതൊന്നും വിട്ടുകളയരുത്. കഥ പറഞ്ഞുകൊണ്ടിരിക്കവേ ഒരു പ്രസംഗം ചെയ്യുകയോ ഒരുവർണ്ണന നടത്തുകയോ ചെയ്യരുത്.

## ബൈബിൾ കഥകൾ തെരഞ്ഞെടുക്കുന്നത്

ചില സന്ദർഭങ്ങളിൽ ഏതെങ്കിലും ഒരു കഥയോ വായനഭാഗമോ ഒരു നേതാവ് നിങ്ങൾക്ക് തെരഞ്ഞെടുത്തു തരുകയാവും ചെയ്യുക. ഒരു വേള നിങ്ങൾ തന്നെയാണ് നിങ്ങൾ പറയുവാനുള്ള കഥ തെരഞ്ഞെടുക്കുന്നതെങ്കിൽ ചുവടേ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നത് നന്നായിരിക്കും.

1. ഏതെങ്കിലും ഒരു സംഘം ആളുകളോട് ബൈബിൾ കഥകൾ പറയുന്നതിന് നിങ്ങൾക്ക് ഒരു അവസരമോ വളരെ കുറച്ചു സന്ദർഭങ്ങളോ മാത്രമേ കിട്ടുന്നുള്ളെങ്കിൽ നിങ്ങളുടെ ശ്രോതാക്കളുടെ പ്രായം (ശരാശരി പ്രായം) എന്താണെന്ന് നോക്കിയിട്ട് അവർക്ക് അനുയോജ്യമായ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കഥകൾ തെരഞ്ഞെടുത്ത് ഉപയോഗിക്കാവുന്നതാണ്. അതുപോലെതന്നെ, കഥാവതരണത്തിനും ബോധനത്തിനുമായി നിങ്ങൾക്ക് ലഭ്യമായേക്കാവുന്ന സമയപരിധിക്ക് യോജിക്കുന്നതുമായിരിക്കണം അവതരിപ്പിക്കുന്ന ബൈബിൾ കഥ. ശ്രോതാക്കൾക്ക് കേൾക്കേണ്ടതും അറിയേണ്ടതുമായ സന്ദേശവും ആത്മീക സത്യങ്ങളും ലഭ്യമാകുന്നതിന് പരിശുദ്ധാത്മനിയോഗം ഉണ്ടാകുവാനായി പ്രവർത്ഥിക്കുകയും ചെയ്യണം.

2. ദൈവം നമുക്ക് വേദപുസ്തകം തന്നപ്പോൾ അനേകമനേകം ഐതിഹാസിക സംഭവങ്ങളിൽ നിന്നാണ് പലതും തെരഞ്ഞെടുത്ത് നമുക്ക് നൽകിയത്. മനുഷ്യവർഗ്ഗത്തിന് ഉപകാരപ്രദവും ആവശ്യവുമായിട്ടുള്ളതും, സമ്പൂർണ്ണവുമായ സംഭവങ്ങൾ മാത്രമാണ് ദൈവം, തന്റെ അസാമാന്യമായ ബുദ്ധി ശക്തികൊണ്ട്, തെരഞ്ഞെടുത്ത് തന്നിരിക്കുന്നത്. മനുഷ്യവർഗ്ഗത്തെ ദൈവം സൃഷ്ടിച്ചതാകയാൽ മനുഷ്യരുടെ ആവശ്യങ്ങളെ ദൈവത്തിന് അറിയാമായിരുന്നു. മനുഷ്യവർഗ്ഗം പടുത്തുയർത്തുന്നസംസ്കാരങ്ങളും വിശ്വാസസംഗിതകളും സർവ്വജ്ഞാനിയായ ദൈവം അറിഞ്ഞിരുന്നു.

   വേദപുസ്തകം സർവ്വസംസ്കാരാതീതമാണ്. അതായത് വേദപുസ്തകത്തിന്റെ ഉള്ളടക്കം എല്ലാ സംസ്കാരങ്ങൾക്കും അതീതമാകുന്നു. ഞങ്ങൾ ഇപ്രകാരം പറയുന്നതിന്റെ ഉദ്ദേശ്യം എന്തെന്നാൽ കഥാകാഥികർ തെരഞ്ഞെടുക്കുകയും, അവതരിപ്പിക്കുകയും ചെയ്യുന്ന ഓരോ കഥയിലും എല്ലാ മനുഷ്യർക്കും ഉപകാരപ്പെടുന്ന ആത്മീക മൂല്യമുള്ള എന്തെങ്കിലും സന്ദേശങ്ങൾ ഉണ്ടായിരിക്കും എന്ന് അറിയിക്കുകയാണ്.

   ഏതെങ്കിലും ജനസമൂഹത്തിനായി തെരഞ്ഞെടുത്ത കഥ "തെറ്റായി"പ്പോയി എന്ന് വ്യാകുലപ്പെടേണ്ട കാര്യം അല്പം പോലുമില്ല. ഒരു സംഗതി മനസ്സിൽ ഉറച്ചിരിക്കണം, നിങ്ങൾ തെരഞ്ഞെടുത്തതായ കഥയെ നിങ്ങൾ അവതരിപ്പിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ ഓരോരോ വ്യക്തിയോടും പരിശുദ്ധാത്മാവ് തന്റെ സന്ദേശം നൽകിക്കൊണ്ടിരിക്കും.

3. STS ബോധന പദ്ധതിയിൽ നമ്മൾ ഏതെങ്കിലും ചില കഥകൾ സുവിശേഷീകരണത്തിനും, മറ്റു ചില ശിഷ്യത്വ പ്രക്രീയകൾക്കുമായി വേർതിരിക്കുന്നില്ല. STS പദ്ധതി ഉപയോഗിച്ചുകൊണ്ടിരിക്കുന്നവരിൽ നിന്ന് നിരന്തരമായി വിശ്വസനീയമായ സാക്ഷീകരണങ്ങൾ നമുക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്നുണ്ട്. അതായത് "എല്ലാ കഥകളിലൂടെയും ദൈവത്തിന്റെ പരിശുദ്ധാത്മാവ് പരിവർത്തിക്കുന്നുണ്ട്. ജനങ്ങളെ വിശ്വാസത്തിലേക്കും, ശിഷ്യത്വത്തിലേക്കും നയിക്കുന്നതിന് പരിശുദ്ധാത്മവിന്റെ പരിവർത്തനത്തിന് കഴിയുന്നുണ്ട്."

4. ഒരു ജനസമൂഹത്തൊടുതന്നെ നിരവധി സന്ദർഭങ്ങളിൽ ബൈബിൾ കഥകൾ പറയുന്നതിന് നിങ്ങൾക്ക് അനുവാദം ലഭിക്കുകയാണെങ്കിൽ വേദപുസ്തകത്തിന്റെ ആദി മുതലുള്ള കഥകൾ അവതരിപ്പിക്കുകയായിരിക്കും ഉത്തമമായുള്ളത്. മിക്കവാറും എല്ലാ കഥകളിലും അതാതിന് തൊട്ടുമുമ്പുള്ള കഥയുമായി സമ്പർക്കവും, ബന്ധവും ഉണ്ടായിരിക്കുന്നതാണ്. ആകയാൽ, സാദ്ധ്യമാകുന്നിടത്തോളം, കാലാനുക്രമത്തിൽ കഥകൾ പറയുകയാവും ഉചിതമായുള്ളത്.

5. കഥകൾ പറയുകയോ റക്കാർഡ് ചെയ്യുകയോ ചെയ്യുമ്പോൾ, ഉചിതമെന്ന് തോന്നുന്നതിൽ പ്രകാരം ചിലകഥകളെ വിട്ടുകളായാവുന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ ചില കഥകൾക്ക് മുഖവുരയുടെ ആവശ്യം ഉണ്ടായേക്കും മുൻകഥകളുമായി കാലാനുക്രമബന്ധം ഉണ്ടാകുന്നതിന് പ്രസ്തുത മുഖവുര സഹായകമാകുന്നതാണ്. നിങ്ങൾ പറഞ്ഞതും, ഇപ്പോൾ പറയുന്നതുമായ കഥകൾ തമ്മിൽ ഇഴുകിച്ചേരുന്നതിന് അത് സഹായിക്കും. നിങ്ങൾ കഥകളൊന്നും വിട്ടുകളയുന്നില്ലെങ്കിലും പുതിയ കഥകൾ മുൻകഥകളുമായുള്ള ബന്ധത്തിൽ സ്വാഭാവികമായിച്ചേരുന്നതിന് സാന്ദർഭികമായി ഒരു അവതരണ മുഖവുര നൽകാവുന്നതാണ്. അതുപോലെ സദസ്യരെ ഭാഗഭാക്കുകളാക്കുകയും. അവരിൽ ഒരാൾ മുൻ കഥ പറയുകയും ചെയ്യട്ടെ.

6. ഒരു കഥ 15 വാക്യങ്ങളിൽ അധികമുള്ള നീണ്ട കഥയാണെങ്കിൽ അതിനെ രണ്ടു പ്രത്യേക കഥകളായി വിഭജിച്ച്, നിങ്ങൾക്ക് അവതരിപ്പിക്കാവുന്നതാണ്. ഇതിന്റെ ഫലമായി പഠിതാക്കൾക്ക് ഓരോ ഭാഗത്തെയും പ്രത്യേകമായി ചർച്ച ചെയ്ത് ആത്മീക നിധികൾ കണ്ടെത്താവുന്നതാണ്. കഥയുടെ സ്വാഭാവികമായ വിഘടനമനുസരിച്ചുവേണം കഥയെ രണ്ടായി വിഭജിക്കേണ്ടത്. അത് കൃത്യമായും കഥയുടെ വദ്ധ്യഭാഗത്ത് ആയിരിക്കണമെന്നില്ല.

   ഉദാഹരണമായി II രാജാക്കന്മാർ 5:1-27 ലുള്ള നയമാന്റെ കഥ, ഇപ്രകാരം STS ശൈലിയിൽ അവതരിപ്പിക്കാവുന്നതാണ്. ചർച്ചകൾ നടത്തുന്നതിന് നിങ്ങൾക്ക് മൂന്ന് മണിക്കൂർ ലഭ്യമാണെങ്കിൽ ഇത് സൗകര്യപ്രദമാണ്. യഥാർത്ഥത്തിൽ, നയമാൻ കഥയിൽ നാല് വ്യക്തമായ ഭാഗങ്ങൾ ഉണ്ട്. ദീർഘമായ ആ കഥയിലുള്ള സ്വാഭാവികമായ നാല് വിഭാഗങ്ങൾ ഇങ്ങനെയാണ്. വാക്യങ്ങൾ 1-5, 6-14, 15-19, 20-27.

7. ചില കഥകളിൽ പേരുകളുടെ ഒരു നീണ്ട നിര ഉണ്ടായിരിക്കും; വ്യക്തികളുടെയോ, പട്ടണങ്ങളുടെയോ പേരുകൾ. കഥ നീണ്ടതാണെങ്കിൽ അതിനെ രണ്ടായി വിഭജിക്കാം. പേരുകളുടെ പട്ടിക ആരംഭിക്കുന്നതുവരെ ഒരു ഭാഗം, പേരുകൾ മുതൽ അവസാനം വരെ രണ്ടാം ഭാഗം. രണ്ടാം ഭാഗം കഥ ആരംഭിക്കുന്നതിനുമുമ്പ് ഒരു മുഖവുര പറയുക. അനന്തരം പേരു വിവരം അവതരിപ്പിക്കുക. നിങ്ങൾക്ക് ഇങ്ങനെ പറയാവുന്നതാണ്. "പതിനാല് വിഭിന്ന രാജ്യങ്ങളിൽ നിന്ന് ജനങ്ങൾ ആ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു." അനന്തരം പേരുവിവരം അവസാനിക്കുന്നഭാഗത്തുനിന്ന് രണ്ടാമത്തെ കഥ ആരംഭിക്കുക.

   ഇപ്രകാരം വേദപുസ്തക വിജ്ഞാനം അവതരിപ്പിക്കുന്നതുകൊണ്ട് നിങ്ങൾ രണ്ടു കഥകൾ പറയുന്നു, തിരുവചനവുമായി കൃത്യമായ ബന്ധമുള്ള രണ്ടു കഥകൾ. STS ൽ പുതുമുഖമായ കഥാകാഥികർക്ക് ഇപ്രകാരം രണ്ടു ഭാഗങ്ങളായി ഒരു കഥ പറയുന്നത് കഥയെ ശരിയായും ലളിതമായും ഓർമ്മിച്ചു പറയുന്നതിന് സഹായകമാകുന്നു. കഥാകാഥികർക്ക് പരിചയവും നിപുണതയും വർദ്ധിപ്പിക്കുമ്പോൾ രണ്ടു ഭാഗങ്ങളെ ഒന്നാക്കിയോജിപ്പിച്ച് പേരുകളുടെ പട്ടിക ഉൾപ്പെടെ ഒരു നീണ്ട കഥയായി അവതരിപ്പിക്കാൻ കഴിയുന്നതാണ്.

**ഒരു കഥ തെരഞ്ഞെടുക്കാൻ ഇപ്പോൾ നിങ്ങൾക്ക് അറിയാമല്ലൊ. അത് നന്നായി പറയുന്നതിനായി എങ്ങനെ പഠിക്കണമെന്ന് നമുക്ക് പരിശോധിക്കാം.**

1. പ്രാർത്ഥിക്കുക:- കഥ ഓർക്കുന്നതിനായി നന്നായി മനസ്സിലാക്കണം. അനന്തരം കഥയെ കൃത്യമായും രസാവഹമായും അവതരിപ്പിക്കണം. ഇവയ്ക്കായുള്ള കഴിവ് ലഭിക്കുന്നതിനായി ദൈവത്തോട് പ്രാർത്ഥിക്കണം.

2. കഥ ഒരു പ്രാവശ്യം ഉച്ചത്തിൽ വായിക്കുക. (അഥവാ ഒരാൾ പറയുകയോ വായിക്കുകയോ ചെയ്യുന്നത് കേൾക്കുക). നിങ്ങളാണ് വായിക്കുന്നതെങ്കിൽ, ചില വാക്കുകൾക്ക് പകരമുള്ള, പര്യായപദങ്ങൾ പഠിതാ

ക്കൾ അവരുടെ സംഭാഷണങ്ങളിൽ സാധാരണ ഉപയോഗിക്കാറുള്ള പദങ്ങൾ, നേരത്തേ തെരഞ്ഞെടുത്ത്, കണ്ടുപിടിച്ച് വച്ചിരിക്കണം. ഉദാഹരണമായി “ഭയമുള്ള” എന്നതിനുപകരമായി “ഭീതിയുള്ള”, “പേടിയുള്ള” എന്നിവയിൽ ഏതെങ്കിലും ഉപയോഗിക്കാമല്ലോ. നിങ്ങൾ സംഭാഷണഭാഷയിൽ സംസാരിക്കാൻ ശ്രദ്ധിക്കണം. പക്ഷോ, കഥയുടെ ഉള്ളടക്കത്തിന് വ്യത്യാസമുണ്ടാകാതെ സൂക്ഷിക്കണം. വേദപുസ്തകത്തിൽ ഉള്ളതുപോലെ തന്നെ കഥ അവതരിപ്പിക്കണം.

നിങ്ങൾ ഒന്നിലധികം ഭാഷ സംസാരിക്കാൻ അറിയാവുന്ന ഭാഗ്യവാൻ ആണെങ്കിൽ, ഒരു കഥ പഠിക്കാനും പഠിപ്പിക്കുവാനും അതിവിശേഷമായ ഒരു മാർഗ്ഗം നിങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. കഥയെ ഒരു ഭാഷയിൽ ഉച്ചത്തിൽ വായിക്കുക. അനന്തരം നിങ്ങൾ കഥ പറയുവാൻ ഉദ്ദേശിക്കുന്ന ഭാഷയിൽ അത് വിവർത്തനം ചെയ്തു പറയുക.

ഉദാഹരണമായി, നിങ്ങൾക്ക് ഹിന്ദി വായിക്കാൻ അറിയാമെന്നിരിക്കട്ടെ. നിങ്ങൾ ഇംഗ്ലീഷിലാണ് കഥ പറയുന്നതെങ്കിൽ, ഹിന്ദിയിൽ നോക്കിക്കൊണ്ട് ഇംഗ്ലീഷിൽ ആ കഥ പറയണം. അപ്പോൾ നിങ്ങൾ അതാത് പദം തന്നെ ഓർമ്മിച്ച് പറയുന്നില്ല. തത്തുല്യപദങ്ങളാണ് നിങ്ങൾ ഉപയോഗിക്കുന്നത്. വിവർത്തനമായി നിങ്ങൾ പര്യായപദങ്ങൾ ആയിരിക്കും ഉപയോഗിക്കുന്നത്. നിങ്ങൾ കഥയുടെ ഉള്ളടക്കം ഓർക്കുന്നു, കഥയെ സ്വാഭാവികമായ രീതിയിൽ സമ്പൂർണ്ണമായി സമാനപദങ്ങൾ ഉപയോഗിച്ച് അവതരിപ്പിക്കുവാൻ കഴിയുന്നു. അതുപോലെ തന്നെ, സംഭാഷണപദങ്ങൾ സ്വാഭാവികമായി ഉപയോഗിക്കുവാൻ സാദ്ധ്യമായിത്തീരുന്നു.

3. വേദപുസ്തകം അടയ്ക്കുക, കണ്ണുകൾ അടയ്ക്കുക. ഓർമ്മയിൽനിന്ന് കഥ ഉച്ചത്തിൽ പറയുക. നിങ്ങൾക്ക് കഴിയുന്നത്ര മെച്ചമായി കഥ മുഴുവൻ ഓർമ്മിക്കുവാൻ ശ്രമിക്കുക. കഥ സംഭവിക്കുന്നതുപോലെ നിങ്ങളുടെ മനസ്സിൽ ഓർമ്മിക്കുക. നിങ്ങൾ കഥ പറയുമ്പോൾ പിശകുകയോ, വിട്ടുപോകുകയോ ചെയ്താൽ, നിങ്ങൾ വിഷമിക്കേണ്ട, നിർത്തരുത്. കഥ പറഞ്ഞുകൊള്ളൂ കഥയിൽ വിട്ടുപോയ ഭാഗം ഓർമ്മയിൽ വന്നാൽ പിന്നീട് ഒരു വാചകമായി പറയാവുന്നതാണ്. ഇത് കഥ പറയുന്നകാര്യമാണ്, ഓർമ്മ പരിശോധിക്കലല്ല.

ഉദാഹരണമായി: പാഠഭാഗത്തിൽ പറഞ്ഞിരിക്കുന്നത് “യേശു പത്രോസിനെയും, യാക്കോബിനെയും, യോഹന്നാനെയും കൂട്ടിക്കൊണ്ടുപോയി............” എന്നാണെങ്കിലും, നിങ്ങൾ കഥ പറയുമ്പോൾ മൂന്നു പേരുകൾ ഓർക്കാതിരിക്കയാണെങ്കിൽ നിങ്ങൾക്ക് ഇങ്ങനെ പറഞ്ഞു തുടങ്ങാം.“യേശു മൂന്നു ശിഷ്യന്മാരെ കൂട്ടിക്കൊണ്ടുപോയി. പിന്നെ, കഥ തുടർന്നു പറഞ്ഞുകൊണ്ടിരിക്കവേ, അവരുടെ പേരുകൾ ഓർക്കുന്നതായാൽ,” അവർ “അവർ” എന്ന് പറയുന്നതിന് പകരമായി “പത്രോസ്, യാക്കോബ്, യോഹന്നാൻ ..........” എന്ന് പറയാവുന്നതാണല്ലൊ. (ഇപ്പോൾ നിങ്ങൾ കഥയെ പുനഃസംഘടിപ്പിക്കുകയാണ്. ഇപ്രകാരം കഥ സമ്പൂർണ്ണമാക്കാം. കഥാഭാഗം വായിക്കുന്ന സമയത്ത് പേരുകളും മറ്റും ഓർമ്മയിൽ പ്രത്യക്ഷമാകുമല്ലൊ. കഥ ആവർത്തിച്ചു പറയുമ്പോൾ അവ മനസ്സിൽ തെളിയുകയും നിങ്ങൾക്ക് ശരിയായും, ഭംഗിയായും കഥ അവതരിപ്പിക്കാൻ കഴിയുന്നതുമാണ്.)

4. വീണ്ടും ഒരു പ്രാവശ്യം കഥ ഉച്ചത്തിൽ വായിക്കുക)

നിങ്ങൾ കഥ വായിക്കുമ്പോൾ നിങ്ങൾ വിട്ടുകളഞ്ഞതോ, അധികമായി ചേർത്തു പറഞ്ഞതോ ആയ സംഗതികൾ നിങ്ങളുടെ ശ്രദ്ധയിലേക്കുവരുന്നു. നിങ്ങൾ കഥയുടെ എത്രമാത്രം ഭാഗം ഓർമ്മിച്ചു പറഞ്ഞു എന്ന് വിസ്മയം തോന്നിയേക്കും.

നിങ്ങൾ പറയുമ്പോൾ ഉദ്ദേശിക്കുന്ന കഥയ്ക്ക് പന്ത്രണ്ടോ, പതിനഞ്ചോ അതിൽ അധികമോ വാക്യങ്ങൾ ഉണ്ടെന്നിരിക്കട്ടെ. ആ കഥയെ നിങ്ങൾക്ക് രണ്ട് ഭാഗങ്ങളായി പഠിക്കാം. പല കഥകൾക്കും സ്വാഭാവികമായി ചില ഭാഗങ്ങളും, വിഭാഗങ്ങളും ഉണ്ടായിരിക്കും. കഥയെ രണ്ട് രംഗങ്ങളായോ, രണ്ട് ചിത്രങ്ങൾ ആയോ നിങ്ങൾക്ക് മനസ്സിൽ കാണാൻ കഴിയുന്നതാണ്. നിങ്ങൾ വാക്കുകളെ മനഃപാഠം പഠിക്കുകയല്ല. നിങ്ങൾ കഥയെ സമ്പൂർണ്ണമായി ചിത്ര രൂപത്തിൽ മനസ്സിൽ ഓർക്കകയാണ് ചെയ്യുന്നത്. ചിത്രത്തെ ഓർമ്മിച്ചുകൊണ്ട് കഥയെ അനുസ്മരിക്കാവുന്നതാണ്.

5. വീണ്ടും, വേദപുസ്തകം അടയ്ക്കുക, കണ്ണുകൾ അടയ്ക്കുക, കഥയെ ഉച്ചത്തിൽ പറയുക. ഉച്ചത്തിൽ വായിക്കുന്നതുകൊണ്ട് ശ്രദ്ധയെ വികേന്ദ്രീകരിക്കുന്ന മറ്റ് തെറ്റുകളെ തടഞ്ഞുനിർത്തുവാൻ കഴിയുന്നു, കഥയെ മനസ്സിൽ പതിപ്പിക്കുന്നു. കഥ പറയുന്ന സമയത്ത് കണ്ണുകൾ അടയ്ക്കുന്നതുകൊണ്ട് നിങ്ങൾക്ക് ആ കഥയെ മനസ്സിൽ കാണാൻ സാധിക്കുന്നു. കഥയിലെ വ്യക്തികളെയും കഥയുടെ പശ്ചാത്തലത്തെയും നിങ്ങൾക്ക് ചിത്രമായി കാണാൻ കഴിയുന്നു. രണ്ടാം പ്രാവശ്യം നിങ്ങൾ കഥ പറയുമ്പോൾ നിങ്ങൾക്ക് ഒരു പുരോഗതിയുടെ സന്തോഷം ഉണ്ടാകുന്നു. ഒന്നാം പ്രാവശ്യം കഥ പറഞ്ഞപ്പോൾ ഉണ്ടായതിനേക്കാൾ തികവോടെ നിങ്ങൾക്ക് കഥ പറയാൻ കഴിഞ്ഞു എന്ന സംതൃപ്തി ഉണ്ടാകുന്നു. ഒരിക്കൽ കൂടി വേദപുസ്തകം തുറന്ന് കഥയെ ശബ്ദം ഉയർത്തി വായിക്കുക. നിങ്ങൾ കഥ പറഞ്ഞപ്പോൾ എന്തെങ്കിലും വിട്ടുപോയോ, എന്തെങ്കിലും അധികമായി പറഞ്ഞുവോ എന്ന് തിരിച്ചറിയുവാൻ നിങ്ങൾക്ക് കഴിയുന്നു. ചെറിയ ചെറിയ അംശങ്ങൾ പോലും കൃത്യമായും ശരിയായും പറയണം. ദൈവം ഓരോ കഥയെയും നമുക്കായി നൽകിയിരിക്കുന്നത് സോദ്ദേശപരമായിട്ടാണ്. ദൈവം അത് നമുക്ക്, തന്നിരിക്കുന്ന രീതി വളരെ പ്രാധാന്യം അർഹിക്കുന്നതുതന്നെയാണ്.

6. ആരംഭത്തിലും അവസാനത്തിലും പറയുവാനുള്ള സംഗതികൾ തെരഞ്ഞെടുക്കുക. നിങ്ങളുടെ കഥയുടെ പാത സ്ഥാപിക്കുക; എവിടെ ആരംഭിക്കണം എവിടെ അവസാനിപ്പിക്കണം എന്നത് സ്ഥിരീകരിക്കുക. നിങ്ങൾ തെരഞ്ഞെടുത്ത കഥ ഓർമ്മിക്കുവാൻ എളുപ്പമായിരിക്കും. ആദിയോടന്തം ഒരു നേർപാത ആയിരിക്കും.

7. മനസ്സിൽ അടയാളങ്ങൾ വയ്ക്കുക. മിക്കപ്പോഴും, നിങ്ങളുടെ കഥയിൽ ഓർക്കുവാൻ പ്രയാസമുള്ള ചില കാര്യങ്ങൾ ഉണ്ടായിരിക്കും. ചില വഴിത്തിരിവുകൾ വിട്ടുപോയെന്നു വരാം. നിങ്ങളുടെ കഥയുടെ പാതയിൽ ചില അടയാളങ്ങൾ വയ്ക്കേണ്ടത് അത്യാവശ്യമായിരിക്കും. കഥ വീണ്ടും വീണ്ടും പറഞ്ഞ് നിങ്ങൾ പരിശീലിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾക്ക് കണ്ടുപിടിക്കാൻ കഴിയും, ഏതേതു സംഗതികളാണ് ഓർക്കുവാൻ പ്രയാസമുള്ളതെന്ന്, പേരുകളോ, മറ്റ് ഏതെങ്കിലും പ്രത്യേക സംഗതികളോ ആണ് കൂടെക്കൂടെ വിട്ടുപോകുന്നത് എങ്കിൽ ആ ഭാഗങ്ങളിലാണ് ഓർമ്മയ്ക്കായുള്ള അടയാങ്ങൾ മനസ്സിൽ സ്ഥാപിക്കേണ്ടത്.

   (a) നിങ്ങൾക്ക് ഓർക്കാൻ ബുദ്ധിമുട്ടുള്ള വാക്കുകളോ, പേരുകളോ, വസ്തുക്കളോ, ഉണ്ടെങ്കിൽ അതാത് സ്ഥാനത്ത് ഓരോ ചെറിയ പടം വരച്ചു വെയ്ക്കുക (ജെറി ലൂക്കാസ് എന്ന "ഓർമ്മശക്തിയുടെ ഡോക്ടർ ആണ് ഈ രീതി സാർവ്വത്രികമാക്കിയത്.)"

   ഉദാഹരണത്തിന്, യോനായുടെ കഥ പറയുമ്പോൾ യോനായുടെ പിതാവിന്റെ പേര് ഓർക്കുവാൻ പ്രയാസം അനുഭവപ്പെട്ടേക്കാം. "അമിത്തായി" എന്ന പേര്.

   നിങ്ങൾക്ക് ഓർക്കാനുള്ള വാക്കിനെപ്പോലെ ഉച്ചാരണമുള്ള എന്തെങ്കിലും പദങ്ങൾ നിങ്ങളുടെ ഭാഷയിൽ ഉണ്ടോ എന്ന് കണ്ടുപിടിക്കുക. ഇംഗ്ലീഷ് ഭാഷയിൽ അമിത്തായി എന്ന പേരിനുവേണ്ടി ഹാസ്യാത്മകമായ ഒരു മനുഷ്യരൂപം ഭാവനയിൽ കാണത്തക്കവിധത്തിൽ അമിറ്റ് ടൈ (A-mitt-tie) എന്ന സംയുക്തപദം ഉപയോഗിക്കാം. ബേസ്ബോൾ കളിയിൽ ഉപയോഗിക്കുന്ന മിറ്റ് (mitt) എന്ന കൈയ്യുറ കഴുത്തിൽ "നെക് ടൈ" ക്കുപകരമായി കെട്ടി നില്ക്കുന്ന ഒരു മനുഷ്യന്റെ വിചിത്ര രൂപം ഭാവനയിൽ കാണുക. അതിനോടനുബന്ധിച്ച് ആ പേര് അമിറ്റ് ടൈ എന്ന സംയുക്ത പദത്തിൽ നിന്ന് അനുസ്മരിക്കുക - അമിത്തായി.

   നിങ്ങളുടെ മനസ്സിൽ അടയാളപ്പെടുത്തുന്ന ചിത്രങ്ങൾ എത്ര ലളിതമാണോ അത്രയും എളുപ്പമായി അത് ഓർമ്മിക്കുവാൻ കഴിയുന്നതാണ്. നിങ്ങൾ സംസാരിക്കുന്ന ഭാഷയിൽ ഉള്ളതും തുല്യമായ ഉച്ചാരണം ഉള്ളതുമായ ഒരു വാക്ക് വേണം നിങ്ങൾക്ക് ഓർമ്മിക്കാൻ ബുദ്ധിമുട്ടുള്ള പദത്തിനു വേണ്ടി അടയാളമായി കണ്ടുപിടിക്കേണ്ടത്. അത് നിങ്ങളുടെ ഓർമ്മശക്തിയെ സഹായിക്കും.

   (b) കഥകൾ പറഞ്ഞ് പഠിപ്പിക്കുന്ന ചില ആളുകൾ പ്രത്യേകിച്ച് പേരുകൾ ഓർമ്മിക്കാൻ നിർബന്ധിക്കുന്നില്ല. കഥയിൽ ഓർമ്മിക്കുവാൻ പ്രയാസമുള്ളവയായിരുന്നാൽത്തന്നെയും, പേരുകൾ ഓർമ്മിച്ചു

പറയണമെന്ന് ഞങ്ങൾ നിർബന്ധിപ്പിക്കുകയും അതിനായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. പേരുകൾ ഓർമ്മിക്കുവാൻ പല ആളുകൾക്കും ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട് എന്ന സംഗതി ദൈവത്തിന് അറിയാവുന്നകാര്യമാണ്. എങ്കിലും, പല കഥകളിലും കഥാപാത്രങ്ങളുടെ പേരുകളും സ്ഥലനാമങ്ങളും ദൈവം നൽകിയിരിക്കുന്നതിനാൽ, നമ്മൾ ആ കഥ പറയുമ്പോൾ അതിലുള്ള പേരുകൾ ഉൾപ്പെടുത്തുകതന്നെവേണം.

8. കൃത്യമായും ശരിയായും പറയുന്നതിനുള്ള കഴിവ് ഉണ്ടാകുന്നതുവരെ പല പ്രാവശ്യം ആവർത്തിച്ച് പറഞ്ഞ് പിശകുകൾ പരിഹരിക്കുക. കഥ നന്നായിട്ട് ഹൃദിസ്തമാക്കുന്നതുവരെ ഈ പ്രക്രീയ ആവർത്തിക്കണം. തെറ്റു കൂടാതെ കൃത്യമായി കഥ പറയുന്നതിനായി കണ്ണുകളടച്ച് കഥ പറഞ്ഞ് പരിശീലിക്കണം.

   കഥ പറയുമ്പോൾ യാതൊരു സംഗതിയും അധികമായി ചേർത്ത് പറയരുത്. ചിലപ്പോൾ മറ്റ് സുവിശേഷങ്ങളിൽ കൂടുതൽ കാര്യങ്ങൾ ചേർത്തിരിക്കുന്നതായി കണ്ടേക്കാം. ബൈബിൾ കഥകളിൽ ഓരോന്നിനും അതാതിന്റെ വ്യക്തിത്വമുണ്ടെന്ന് ഓർത്തിരിക്കണം. ചില കഥകൾ ഒന്നിലധികം പ്രാവശ്യം പറയണമെന്ന് ദൈവം തീരുമാനിച്ചതാണ്. ഓരോ പ്രാവശ്യം പറഞ്ഞിരിക്കുന്നതും അല്പാല്പം വ്യതിയാനങ്ങളോടുകൂടി ആയിരിക്കും. "കഥകൾ ഓരോന്നും വിഭിന്നവും, വ്യത്യസ്തവും ആയിരിക്കണ"മെന്ന് ദൈവം തെരഞ്ഞെടുത്ത തീരുമാനമായതിനാൽ നാമും അപ്രകാരം തന്നെ സൂക്ഷിക്കണം. ഓരോ കഥയായി പഠനത്തെ കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ ഗുപ്തനിധികൾക്കായി നമുക്ക് ആഴമായി ഖനനം ചെയ്യാൻ കഴിയും. ഓരോ വിവരണത്തിലും ഉൾക്കൊള്ളുന്ന ആത്മീക സത്യങ്ങളെ വിപാടനം ചെയ്യുന്നതിന് കഥാ കേന്ദ്രീകരണം നമ്മെ സഹായിക്കുന്നതാണ്. സമാന്തരമോ, സമാനമോ ആയ കഥകളെക്കുറിച്ച് പിന്നീട് അന്വേഷണ പഠനം നടത്തുമ്പോൾ, ഓരോ കഥയും എപ്രകാരം ഇഴുകിച്ചേരുന്നുണ്ടെന്ന് കണ്ടുപിടിക്കുവാൻ കഴിയുന്നതാണ്.

## അപരിചിതമായതിലേക്ക് പദമൂന്നുക

പുതിയ നിപുണതകൾ നാം സമാർജ്ജിക്കുമ്പോൾ,നമുക്ക് വിലമതിപ്പുള്ളവയായി നാം കണ്ടിട്ടുള്ള പ്രവർത്തന രീതികളിലേക്ക് പുതിയ നിപുണതകളുടെ ഏതാനും ഭാഗങ്ങൾ മാത്രം ഉൾപ്പെടുത്തുവാനുള്ള പ്രവണത ഉണ്ടാകുന്നത് സർവ്വസാധാരണമാണ്.

## ഞാൻ ഒരു ദൃഷ്ടാന്തം നൽകട്ടെ.

"കഥകൾ മാത്രം" പദ്ധതിക്കുവേണ്ടി ഞാൻ എഴുതി തയ്യാറാക്കിക്കൊണ്ടിരുന്ന ഒരു പുതിയ പാഠം ശ്രദ്ധിച്ചുകേൾക്കുവാൻ ഞങ്ങളുടെ സന്നദ്ധസഹായികളിൽ പലരും സമ്മതം പ്രകടിപ്പിച്ചു. പാഠത്തിന്റെ ഒരു പ്രത്യേക ഭാഗത്തിന് മിഴിവ് തൃപ്തികരമായുണ്ടോ എന്ന് അറിയുകയായിരുന്നു എന്റെ ലക്ഷ്യമെങ്കിലും ഈ രംഗാവിഷ്കരണത്തിലൂടെ ദൈവം എനിക്ക് വലിയൊരു പാഠം കാണിച്ചുതന്നു.

പാഠഭാഗം നന്നായി ഗ്രഹിക്കുന്നതിന് കഥ മനസ്സിലാക്കേണ്ടത് ആവശ്യമായിരുന്നു. അതുകൊണ്ട് ഞാൻ രണ്ടു പേരോട് കഥ പഠിക്കുവാൻ ആവശ്യപ്പെട്ടു. സങ്കോച സ്വഭാവമുള്ളവരായിരുന്നു അവർ രണ്ടുപേരും. ഒരു സന്നദ്ധസഹായി STS ന്റെ നാല് ശില്പശാലകളിൽ അണിയറ പ്രവർത്തനങ്ങളിൽ സഹായിച്ചിരുന്ന ഒരു വനിത ആയിരുന്നു. മറ്റേ ആൾ എൺപതു വയസ്സു കഴിഞ്ഞ ഒരുവയോധികനായിരുന്നു. (പക്ഷേ, ഇരുപതുകാരന്റെ ചുറുചുറുക്കോടെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു). എങ്കിലും, നാളിതുവരെ ഒരു കഥ പറയുന്നതിൽ നിന്ന് സമർത്ഥമായി മാറി നിന്നിരുന്ന വ്യക്തിയുമായിരുന്നു.

"നിർദ്ദേശങ്ങൾ അനുസരിച്ചാൽ നിങ്ങൾക്ക് പത്തുമിനിട്ട് സമയം കൊണ്ട് പത്ത് വാക്യങ്ങളുള്ള കഥ മനഃപാഠമാക്കാൻ കഴിയും," എന്ന് ഞാൻ വിശദീകരിച്ചു. STS പദ്ധതിയിലൂടെ കഥകൾ പഠിക്കുന്നതിന്റെ എളുപ്പമാർഗ്ഗം ഞാൻ അവരെ അനുസ്മരിപ്പിച്ചു. "കഥയെ ഒരു പ്രാവശ്യം ഉച്ചത്തിൽ വായിക്കുക. കഥ വായിക്കുമ്പോൾ സ്വാഭാവികമായ രീതിയിൽ സംസാര ഭഷയിലെ പദങ്ങൾ ഉപയോഗിക്കാൻ ശ്രദ്ധിക്കുക. ഉദാഹരണമായി ഇംഗ്ലീഷ് ഭാഷയിലെ പദങ്ങൾ ഉപയോഗിക്കാൻ ശ്രദ്ധിക്കുക. ഉദാഹരണമായി ഇംഗ്ലീഷ് ഭാഷയിൽ "Behold" എന്ന് ഉപയോഗിച്ചിരിക്കുന്നത്. "Look" എന്ന് വായിക്കുക. രണ്ടിനും അർത്ഥം ഒന്നുതന്നെ – "നോക്കുക". ലളിതവും, സംസാരഭാഷയിൽ ഉള്ളതുമായ പദം "Look" എന്നതാണ്. ഇതുപോലെ മറ്റു ഭാഷകളിലും ഉപയോ

ഗിച്ചിട്ടുള്ള സാഹിത്യഭാഷാപദങ്ങൾക്കുപകരമായി സംസാരഭാഷാപദങ്ങൾ പര്യായമായി ഉപയോഗിക്കാവുന്നതാണ്. കഥയിൽ സംഭവിക്കുന്ന കാര്യങ്ങളെ നിങ്ങളുടെ മനസ്സിൽ ചിത്രരൂപത്തിൽ കാണുക. കഥ ഉച്ചത്തിൽ വായിച്ചു തീർന്നിട്ട് കണ്ണുകൾ അടച്ച് കഥയെ, ഓർമ്മിക്കാവുന്നത്രയും ഉച്ചത്തിൽ പറയുക.

"നിങ്ങളുടെ ലക്ഷ്യം കഥയെ സമ്പൂർണ്ണമായി ഓർമ്മിക്കുക എന്നതാണ്, കഥയിലെ വാക്കുകൾ അതുപോലെ ഓർക്കുക എന്നതല്ല. വീണ്ടും ഒരു പ്രാവശ്യം കൂടി കഥ ഉച്ചത്തിൽ വായിക്കുക. നിങ്ങൾ കഥ പറഞ്ഞപ്പോൾ കണ്ണു വിട്ടുപോയ ഭാഗങ്ങൾ, അപ്പോൾ നിങ്ങൾക്ക് ശ്രദ്ധിക്കാൻ കഴിയും. വീണ്ടും കണ്ണുകൾ അടച്ച് കഥയെ ഉച്ചത്തിൽ പറയുക. ഈ പ്രക്രീയ നാലുവട്ടം ആവർത്തിക്കുക."

സേവന സന്നദ്ധതയുള്ള എന്റെ സന്നദ്ധ സഹായികൾ ഈ നിർദ്ദേശങ്ങൾ പാലിച്ചു ആവർത്തിച്ച് പഠിച്ചു."സംഭാഷണഭാഷയിൽ കഥയെ ആവർത്തിച്ച് വായിക്കുക. വേദപുസ്തകം അടച്ച് സ്വാഭാവികമായി കഥപറയുക," അവർ ഈ നിർദ്ദേശം കർത്തവ്യബോധത്തോടെ നിർവ്വഹിച്ചു.

അങ്ങനെ, അവർ ആരംഭിച്ചു ശാന്തമായി വായിച്ചു! ഒരു ശബ്ദം പോലും വെളിയിൽ കേട്ടില്ല. ഞാൻ ഉടനെ ഇടപെട്ടു "എങ്ങനെ വായിക്കണമെന്നാണ് നിങ്ങളോട് ആവശ്യപ്പെട്ടിരുന്നത്?"

"ഉച്ചത്തിൽ," അവർ മറുപടി നൽകി.

"പക്ഷേ ഞാൻ ഒന്നും കേൾക്കുന്നില്ലല്ലൊ!" ഞാൻ ആരാഞ്ഞു.

"ഉവ്വ്" ആ മനുഷ്യൻ മറുപടി പറഞ്ഞു "ഞാൻ എനിക്ക് കേൾക്കത്തക്കവിധമാണ് വായിച്ചത്".

"പക്ഷേ, നിങ്ങൾ പറഞ്ഞില്ലേ നിങ്ങൾക്ക് ഉച്ചത്തിൽ വായിക്കാൻ കഴിയുമെന്ന്! നിങ്ങൾ നല്ല സഹകരണമുള്ള ആൾ അല്ലേ? ഞാൻ നൽകിയ നിർദ്ദേശങ്ങൾ പാലിക്കാഞ്ഞതെന്ത്? ഞാൻ ചോദിച്ചു."

"എനിക്ക് അറിഞ്ഞുകൂടാ," അയാൾക്ക് ചിന്താക്കുഴപ്പമായി;

"ഞാൻ അങ്ങനെ ചെയ്തിട്ടില്ല, അങ്ങനെ ചെയ്യാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല." അയാൾ മറുപടി പറഞ്ഞു.

ഉടനെ ഞാൻ, അല്പം അകലേക്ക് ചെന്ന്, സ്ത്രീ സഹായിയോട് ചേദിച്ചു. "താനോ?" അവളോട് ഞാൻ തുടർന്നു ചോദിച്ചു. "ഉച്ചത്തിൽ വായിക്കണമെന്ന് അറിയാമായിരുന്നില്ലേ?"

"ഉവ്വ്." ആസ്ത്രീയുടെ മറുപടി.

"എന്നിട്ട് നിങ്ങൾ ഉച്ചത്തിൽ വായിക്കാഞ്ഞത് എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ലല്ലൊ!" ഞാൻ അന്വേഷിച്ചു.

"അങ്ങനെ ചെയ്യുന്നത് വിഡ്ഢിത്തമായിരിക്കുമെന്ന് എനിക്കു തോന്നി." ആ സ്ത്രീ വിശദീകരിച്ചു! ഞങ്ങൾ എല്ലാവരും പൊട്ടിച്ചിരിച്ചുപോയി. വിശേഷിച്ചും, അവർക്ക് പഠിക്കാനുണ്ടായിരുന്നത് സക്കായി എന്ന മനുഷ്യനെക്കുറിച്ച് ആയിരുന്നു.! യേശുവിനെ കാണാൻ അതിയായി ആഗ്രഹിച്ച ആ മനുഷ്യൻ വിചിത്രമായ ഒരു കാര്യം ചെയ്തുവല്ലൊ! വിഡ്ഢിത്തം എന്ന് മറ്റുള്ളവർ കരുതാവുന്ന ഒരു സംഗതിയാണ് അയാൾ ചെയ്തത്! ആ കഥയിലുള്ള, അനുകരണീയമായ, സത്യങ്ങളിൽ ഒന്ന് അയാൾ യേശു നൽകിയ ഉപദേശങ്ങൾ എല്ലാം അനുസരിച്ചു എന്നതാണ്.

ഒട്ടേറെ പ്രോത്സാഹനം നൽകിയതിന്റെ ഫലമായി, "നാളിതുവരെ ഞാൻ അങ്ങനെ ചെയ്തിട്ടില്ല," "അത് വിഡ്ഢിത്തമായേക്കുമെന്ന് എനിക്ക് ആശങ്കയുണ്ടായി" മുതലായ ബന്ധനങ്ങളിൽ നിന്ന് അവർ വിമോചിതരായി! അവർ രണ്ടുപേരും കഥയെ ഉച്ചത്തിൽ വായിച്ചു കണ്ണുകൾ അടച്ച്, അവർക്ക് സാദ്ധ്യമാകും വിധം, കഥയെ ഉച്ചത്തിൽ പറഞ്ഞുകേൾപ്പിക്കുകയുണ്ടായി.

നാലുവട്ടം കഥ പറഞ്ഞു കഴിഞ്ഞപ്പോൾ ഞാൻ അവരോട് ചോദിച്ചു. "ഇനി, ആ കഥ എന്നോട് പറയാൻ കഴിയുമോ? അത്ഭുതമെന്ന് പറയട്ടെ, അവർ രണ്ടുപേരും കഥയെ ഉച്ചത്തിൽ വായിക്കുകയും, കണ്ണുകൾ അടച്ച്

കഥയെ ഉച്ചത്തിൽ പറയുകയും ചെയ്തതിന്റെ ഫലമായി അവർ രണ്ടുപേരും അവരാൽ കഴിയുന്ന വിധം മെച്ചമായി ആ കഥയെ പറഞ്ഞു കേൾപ്പിക്കുകയുണ്ടായി."

എൺപതു കഴിഞ്ഞ മനുഷ്യനോട് ഞാൻ ചോദിച്ചു "നിങ്ങൾക്ക് ഇനിയും പത്തുമിനിട്ടുകൊണ്ട് പത്തുവാക്യങ്ങൾ പഠിക്കാൻ കഴിയുക ഇല്ലേ?" ആ മനുഷ്യൻ ചിരിക്കുകയാണ് ചെയ്തത്.

അപ്പോൾ, സ്ത്രീ സഹായി തുറന്നു പറഞ്ഞു. "ഈ ബൈബിൾ കഥകൾ മുമ്പോരിക്കലും എനിക്ക് പഠിക്കാൻ സാധിച്ചിരുന്നില്ല. ആശയുണ്ടായിരുന്നതാണ് ശ്രമിച്ചുനോക്കിയിരുന്നു. പക്ഷേ അങ്ങനെ ചെയ്യാൻ കഴിഞ്ഞിരുന്നില്ല."

"നിങ്ങൾ എല്ലാ നിർദ്ദേശങ്ങളും എപ്പോഴെങ്കിലും പാലിച്ചിട്ടുണ്ടോ? ഞാൻ അന്വേഷിച്ചു."

"ഇല്ല" നാളിതുവരെ ഇല്ലായിരുന്നു അവൾ പുഞ്ചിരിച്ചുകൊണ്ടാണ് പറഞ്ഞത് .

STS പദ്ധതിയുടെ എല്ലാ ഘടകങ്ങളും എപ്പോഴും ഉൾപ്പെടുത്തണമെന്ന് ബോദ്ധ്യമാക്കാനാണ് ഞങ്ങൾ ഈ സംഭവത്തെ ഇതിൽ ചേർത്തിരിക്കുന്നത്. ഇത് നിങ്ങൾക്ക് പ്രോത്സാഹനം നൽകട്ടെ. നിങ്ങൾ ഇവയെല്ലാം വായിച്ചു മനസ്സിലാക്കുന്നതുകൊണ്ട് നിങ്ങൾക്ക് സാക്ഷരതയുണ്ടെന്ന് വ്യക്തമാണ്. എന്നാൽ STS പഠനരീതി വാചികമാണല്ലൊ. അതുകൊണ്ട്, STS പ്രക്രീയ സമ്പൂർണ്ണമായി പ്രയോഗിക്കണമെങ്കിൽ നിങ്ങൾ മറ്റൊരു ലോകത്തിലേക്ക് പദമൂന്നേണ്ടിയിരിക്കുന്നു.

STS ന്റെ എല്ലാ ഘട്ടങ്ങളും വിശ്വാസത്തോടുകൂടി പ്രയോഗിക്കുവാൻ പരിശ്രമിക്കുക. ഞങ്ങളുടെ ഓഫീസ് മുറിയിൽ വച്ച് സംഭവിച്ച സംഗതി ഒരു സാധാരണ കാര്യമാണ്. ഇത് ബോദ്ധ്യമാക്കുന്ന മറ്റൊരു കാര്യമുണ്ട്. STS ഗൈഡ് ലൈനുകൾ ഭാഗികമായി ഉപയോഗിച്ചാൽ അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്ന ആദ്യന്തികമായ സത്ഫലം അനുഭവപ്പെടുകയില്ല. രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്ന വിധത്തിൽ STS പ്രക്രീയകൾ അനുവർത്തിക്കുന്നതായാൽ, നിങ്ങളുടെ പഠനത്തെയും STS അവതരണത്തെയും വിപുലീകരിക്കുവാൻ സഹായകമായ, നിരവധി ഉപയോഗമുള്ള ആവിഷ്കാരങ്ങൾ ദൈവം നിങ്ങൾക്ക് ദൃശ്യമാക്കിത്തരുന്നതാണ്.

## കഥയ്ക്ക് അഗാധതയും ശ്രവണതാല്പര്യവും വർദ്ധിപ്പിക്കുക

### 1. കഥയുടെ സന്ദർഭ (പശ്ചാത്തലം) എന്താണെന്ന് ചിന്തിക്കുക

കഥയിലേക്കു നയിക്കുന്ന തിരുവചന ഭാഗം വായിക്കുകയോ വായിച്ചു കേൾക്കുകയോ ചെയ്യുക. കഥയ്ക്ക് മുമ്പായി വേദപുസ്തകത്തിൽ സംഭവിച്ചിട്ടുള്ള സംഗതി എന്താണെന്ന് അറിയുന്നത് കഥയുടെ ചരിത്രപരവും, ആത്മീകവുമായ പശ്ചാത്തലം എന്താണെന്ന് മനസ്സിലാക്കുവാൻ സഹായിക്കുന്നു. കഥയുടെ ഒരുക്കം കഴിയുമ്പോൾ നിങ്ങൾക്ക് ആലോചനയുണ്ടാകും, കഥയ്ക്ക് മുഖവുര ആവശ്യമോ അല്ലയോ എന്ന് കഥയെ കൂടുതൽ തികവോടെ മനസ്സിലാക്കുന്നതിന് മുഖവുര അഥവാ കഥാപശ്ചാത്തല വിവരണം സഹായകമായിരിക്കും. ഒരു മുഖവുര തയ്യാറാക്കുന്നത് എങ്ങനെയെന്ന് ഈ ഗ്രന്ഥത്തിൽ അന്യത്ര പ്രതിപാദിക്കുന്നുണ്ട്.

### 2. സർവ്വനാമങ്ങൾ ഒഴിവാക്കുക!!!

"അത്, അവൻ, അവൾ, അവർ....." എന്നിങ്ങനെയുള്ള സർവ്വനാമങ്ങൾ ഉപയോഗിക്കുന്നതിനുപകരം വ്യക്തികളുടെയും, സ്ഥലങ്ങളുടെയും മറ്റും നാമധേയങ്ങൾ ഉപയോഗിക്കുന്നത് ശ്രോതാക്കൾക്ക് കഥയെ വസ്തുനിഷ്ടമായി മനസ്സിലാക്കുന്നതിന് സഹായകമായിരിക്കും. (ഒഴിവാക്കാൻ സാദ്ധ്യമല്ലാത്ത സന്ദർഭങ്ങളിൽ സർവ്വനാമങ്ങൾ ഉപയോഗിക്കാം.) നിങ്ങളുടെ ഭാഷയിൽ അനുവദിക്കപ്പെടുന്നതും, അംഗീകരിക്കപ്പെടുന്നതുമായ വിധത്തിൽ സംജ്ഞാനാമങ്ങളും, സർവ്വനാമങ്ങളും ഉപയോഗിക്കാവുന്നതാണ്. (വ്യാകരണ നിയമത്തിന് ഇവിടെ പ്രസക്തി ഇല്ല.)

### 3. കഥയുടെ സമയദൈർഘ്യത്തെക്കുറിച്ച് ചിന്തിക്കുക

"കഥയുടെ സമയദൈർഘ്യവും" "കഥയുടെ ചൈതന്യ"വും കഥയെ ശരിയായി ഗ്രഹിക്കുന്നതിനും അനുസ്മരിക്കുന്നതിനും സുപ്രധാനമായ കേന്ദ്രശക്തിയാണ്.

(a) ഒരു കഥ സംഭവിച്ചതിനെടുത്ത സമയത്തേക്കാൾ അതിവേഗത്തിൽ ആ കഥ നമുക്ക് വായിച്ചുതീർക്കാൻ കഴിയും. ആകയാൽ, ഒരു കഥയെ ആസ്വദിച്ച് മനസ്സിലാക്കുന്നതിന് ആ കഥയെ സാവധാനമായി വായിക്കണം. "പാത"യെക്കുറിച്ചുള്ള കഥ ഓർക്കുന്നുണ്ടല്ലോ? സാവധാനം യാത്ര ചെയ്തവരാണ് നിധികൾ കണ്ടുപിടിച്ചത്.

(b) കഥയുടെ ഓരോ വിഭാഗവും നിങ്ങളുടെ മനസ്സിൽ ചിത്രീകരിക്കുക. കഥയിലേക്ക് പദമൂന്നുന്നതിന് കഥയിൽ നൽകപ്പെട്ടിരിക്കുന്ന വിജ്ഞാനവിവരങ്ങൾ നിങ്ങളെ സഹായിക്കട്ടെ. ഓരോ കഥാപാത്രവും എന്താണ് ചിന്തിക്കുന്നതെന്നും, മനസ്സിൽ അനുഭവവേദ്യമാക്കുന്നതെന്നും കഥ വെളിപ്പെടുത്തുന്നതിനെക്കുറിച്ച് പരിഗണിക്കുക.

(c) പ്രത്യേകം ശ്രദ്ധിക്കേണ്ടതായ ഒരു കാര്യമുണ്ട്. വേദപുസ്തത്തിലെ കഥകൾ സംഭവിച്ചത് സഹസ്രാബ്ധങ്ങൾക്കുമുമ്പായിരുന്നെങ്കിലും അതിലെ കഥാപാത്രങ്ങൾ ഒരിക്കൽ മാത്രമേ ജീവിച്ചിരുന്നിട്ടുള്ളൂ, കഥയിൽ ഒരു പ്രാവശ്യമേ വരുന്നുള്ളു നമ്മൾ പഠിക്കുന്ന കഥ നമുക്ക് സുപരിചിതമായിരിക്കാം. പക്ഷെ, കഥാപാത്രങ്ങളെ നേരിട്ട് പരിചയമില്ല. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. കഥാസംഭവം ഉണ്ടായതിനുമുമ്പായി കഥാപാത്രങ്ങൾ ആ സംഭവത്തിൽ ഏർപ്പെട്ടിട്ടില്ല. ആകയാൽ കഥാപാത്രങ്ങൾക്കുണ്ടായ അനുഭവങ്ങളെല്ലാം സംഭവങ്ങളുമായുള്ള ബന്ധത്തിൽ അനുസ്മരിക്കുക. ഓരോ സംഭവവും കഥാപാത്രങ്ങളുടെ മനസ്സിൽ എന്ത് അനുഭവമാണ് രൂപീകരിച്ചിട്ടുള്ളതെന്ന് അനുമാനിച്ചുകൊണ്ടുവേണം കഥയിലൂടെ നിങ്ങൾ പുരോഗമിക്കേണ്ടത്.

## 4. കഥയുടെ ചൈതന്യം

ഓരോ കഥാപാത്രവും എന്തു ചെയ്യുന്നു, എന്ത് പറയുന്നു എന്നിവ ശ്രദ്ധിക്കുക. അതുപോലെ തന്നെ കഥയിലുള്ള ഓരോരുത്തരും പരസ്പരം പെരുമാറുന്നതും പ്രതികരിക്കുന്നതും എങ്ങനെയാണെന്നും ശ്രദ്ധിക്കുക. നമ്മൾ ശ്രദ്ധയോടെ നിരീക്ഷിച്ചാൽ ഓരോരുത്തരുടെയും പ്രവൃത്തികളും വാക്കുകളും അവരുടെ ആത്മീകത എങ്ങനെ ഉള്ളതാണെന്ന് നമ്മോട് പറയുന്നു. വളരെ ശ്രദ്ധയോടെ നിരീക്ഷിച്ചാൽ ഓരോ കഥാകാഥികനും കഥയെ ശരിയായി മനസ്സിലാക്കുവാൻ കഴിയും. അപ്രകാരം ആ കഥയെ സമുചിതമായ ഭാവങ്ങളോടും, മുഖസ്തോഭങ്ങളോടും, അഭിനയത്തോടും കൂടെ അവതരിപ്പിക്കുവാൻ കഴിയുന്നതാണ്.

വേദപുസ്തകത്തിൽ നാം വായിച്ച് അറിയുന്ന മനുഷ്യർ എല്ലാവരും, അവർ നേതാക്കന്മാരോ, ദൈവത്തിന്റെ പ്രവാചകരോ ആയിരുന്നാൽത്തന്നെയും കേവലം മനുഷ്യർ തന്നെ ആയിരുന്നു എന്ന സംഗതി നിങ്ങൾ ഓർത്തിരിക്കണം. അനേകം പേരും ദൈവത്തെ അനുസരിക്കുന്നവരും, വിഷമസാഹചര്യങ്ങളിൽ ദൈവത്തിൽ വിശ്വാസം അർപ്പിക്കുന്നവരും ആണ്. അവരുടെയും ജീവിതാനുഭവങ്ങളിൽ തീരുമാനങ്ങൾ എടുത്തുകൊണ്ടാണ് വിശ്വസിക്കുകയും ദൈവത്തിൽ ആശ്രയം വയ്ക്കുകയും ചെയ്തത്.

## 5. നിങ്ങൾ പറയുന്ന കഥയിലെ ഉദ്ധരണികൾ എല്ലാം പറയണം.

കഥയിലെ വൈകാരികഭാവങ്ങൾ പ്രകടമാക്കണം. കഥാപാത്രങ്ങളുടെ ചേതോവികാരങ്ങൾ പ്രകടമാക്കണം. കഥാപാത്രങ്ങളുടെ ചേതോവികാരങ്ങൾ വ്യക്തമാണെങ്കിൽ അത് വിശദമാക്കുക. കോപം, സങ്കടം, ഭയം, നിരാശ എന്നിവ കണ്ടെത്തുക. കഥാപാത്രങ്ങൾ പറഞ്ഞതായ സംഭാഷണം നാടകീയമായി അവതരിപ്പിക്കുന്നത് കഥയെ യഥാർത്ഥമായി പ്രകടമാക്കുവാൻ ഉപയുക്തമായിരിക്കും. കഥാപാത്രങ്ങളുടെ വികാരങ്ങൾ പ്രകടമാക്കിയിട്ടില്ലെങ്കിലും കഥാപാത്രങ്ങൾ എന്ത് മാനസീകാവസ്ഥയിലാണ് സംസാരിച്ചതെന്ന് ഭാവനയിൽ കണ്ടുകൊണ്ട് അതിൻ പ്രകാരം നാടകീയമായി സംഭാഷണം അവതരിപ്പിക്കാവുന്നതാണ്. അതുപോലെ തന്നെ, കഥാപാത്രങ്ങൾ എന്തെല്ലാം സംസാരിച്ചിട്ടുണ്ടാവും എന്ന് അനുമാനിച്ച് അപ്രകാരം സംസാരിക്കുകയും ചെയ്യാം. എന്നാൽ നിങ്ങൾ ആലോചിച്ച് പറയുന്ന കാര്യങ്ങൾ കഥയിൽ ന്യായീകരിക്കപ്പെടുന്നെന്ന് ഉറപ്പുണ്ടായിരിക്കണം. കഥാപാത്രങ്ങൾ പറഞ്ഞകാര്യങ്ങൾ (പറഞ്ഞിട്ടുണ്ടാകാവുന്നകാര്യങ്ങൾ) ഭാവഹാവാദികളോടെ നാടകീയമായി പറഞ്ഞാൽ അത് കഥയ്ക്ക് മഹത്തായ ജീവ ചൈതന്യം നൽകുന്നതാണ്.

കഥാപാത്രത്തിന്റെ ചേതോവികാരം എന്താണെന്ന് കഥയിൽ നിന്ന് അനുമാനിക്കാൻ കഴിയുന്നില്ലെങ്കിൽ, കഥാപാത്രത്തിന് ഇങ്ങനെ തോന്നി എന്ന് ഊഹിച്ചുകൊണ്ട് ഏതെങ്കിലും ഒരു വികാരത്തിൽ സംസാരിക്കരുത് അത് കഥയിൽ ഇല്ലാത്ത സംഗതി നിങ്ങൾ കൂട്ടിച്ചേർക്കുകയാണ്. അങ്ങനെ യാതൊന്നും തിരുവചനത്തോട് കൂട്ടിച്ചേർക്കരുത് എന്ന് ദൈവം കർശനമായി വിലക്കിയിട്ടുണ്ട്.

ആവർത്തനം 13:1 വായിച്ചു നോക്കുക

"ഞാൻ നിങ്ങളോട് ആജ്ഞാപിക്കുന്നതൊക്കെയും പ്രമാണിച്ചു നടപ്പിൻ; അതിനോട് കൂട്ടരുത്; അതിൽ നിന്ന് കുറെക്കയും അരുത്" (ആവ 13:1)

"ദൈവത്തിന്റെ സകല വചനവും ശുദ്ധിചെയ്തതാകുന്നു. തന്നിൽ ആശ്രയിക്കുന്നവർക്ക് അവൻ പരിചതന്നേ. അവന്റെ വചനങ്ങളോട് നീ ഒന്നും കൂട്ടരുത്. അവൻ നിന്നെ വിസ്തരിച്ചിട്ട് നീ കള്ളനാകുവാൻ ഇടവരരുത്" (സദൃശ 30:5-6)

ധൈവവചനത്തോട് യാതൊന്നും കൂട്ടിച്ചേർക്കുകയോ ദൈവവചനത്തിൽ നിന്ന് യാതൊന്നും കുറയ്ക്കുകയോ ചെയ്യരുത്.

## 6. കഥയെ പ്രകടിപ്പിക്കുക

നിങ്ങൾ കഥപറഞ്ഞ് അവതരിപ്പിക്കുമ്പോൾ കഥയിലുള്ള മനോഭാവങ്ങൾ, വൈകാരിക അനുഭവങ്ങൾ മുതലായവ അതിലൂടെ പ്രതിഫലിപ്പിക്കപ്പെടണം.

(a) ആദ്യമായി കഥ പറയുന്നവർ കഥാവതരണം നാടകീയമാക്കുന്നതിനായി സ്വരം വ്യത്യാസപ്പെടുത്തി, ഭാവവ്യതിയാനത്തോടെയായിരിക്കും സംസാരിച്ച് ആരംഭിക്കുന്നത്. പക്ഷേ, കഥയുടെ ആദിയോടന്തം അതേ സ്വരത്തിൽത്തന്നെയാവും അവർ സംസാരിക്കുന്നത്. ഒരേ സ്വരത്തിലുള്ള ഭാവപ്രകടനം വളരെ സമയം തുടരുന്നത് ശ്രോതാക്കൾക്ക് വിരസത ഉളവാക്കും, സദസിന്റെ ശ്രദ്ധ കുറഞ്ഞു പോകും. യഥാർത്ഥ ജീവിതത്തിൽ യാതൊരു കഥയും തീവ്രമായ വൈകാരിക ഭാവത്തോടെ ആരും അവതരിപ്പിക്കാറില്ലല്ലൊ.

(b) യാഥാർത്ഥത്തിൽ, കഥയുടെ ചില ഭാഗങ്ങളിൽ മാത്രമായിരിക്കും സങ്കടം, ഭയം, ദയവ്, നിരാശ, മുതലായ ചേതോവികാരങ്ങൾ പ്രകടമാകുന്നത്. അതാത് ഭാവങ്ങൾ പ്രകടമാക്കുന്നതിനുള്ള സ്വരവ്യത്യാസങ്ങൾ വേണം, ഒരേ സ്വരംകൊണ്ട് വിവിധ ഭാവങ്ങൾ പ്രകടമാക്കുന്നതിന് സാദ്ധ്യമാകയില്ലല്ലൊ. നിങ്ങളുടെ സ്വരത്തെയും, ശബ്ദത്തെയും വ്യത്യാസപ്പെടുത്തണം. കഥയുടെ വൈകാരികതീവ്രതയ്ക്കുവേണ്ടി ശബ്ദം ഉയർത്തിയും, ശാന്തതയ്ക്കുവേണ്ടി ശബ്ദം താഴ്ത്തിയും വേണം കഥ അവതരിപ്പിക്കേണ്ടത്. കഥ പറഞ്ഞു അവസാനിപ്പിക്കുന്നതുവരെ സദസ്യർ ശ്രദ്ധയോടെ കേൾക്കുന്നതിന് ഇത് സഹായകമാണ്. കഥയിലെ ചില ഭാഗങ്ങൾ സാവധാനത്തിലും, മറ്റു ചില ഭാഗങ്ങൾ വേഗത്തിലും പറയേണ്ടതാണ്. കഥയിലെ സംഭവങ്ങളുടെ ചലനവേഗം പ്രകടമാക്കുന്നതിന് അത് സഹായിക്കും. പെട്ടെന്നു സംഭവിക്കുന്ന സംഗതികൾ ദ്രുതഗതിയിൽ പറയണം. കഥയ്ക്ക് അനുരൂപമായി നിങ്ങളുടെ സ്വരം ഉയർത്തുകയും താഴ്ത്തുകയും ചെയ്യണം. നിങ്ങളുടെ സ്വരവിന്യാസമനുസരിച്ച് കഥയിലെ വിവിധ വൈകാരിക ഭാവങ്ങൾ ശ്രോതാക്കൾക്ക് യഥാർത്ഥമായി മനസ്സിലാക്കുവാൻ കഴിയും.

(c) മനുഷ്യർ സംസാരിക്കുന്ന എല്ലാ ഭാഷകളിലും ഭാവപ്രകടനത്തിനായി വാക്കുകൾ അല്ലാത്ത ചില ശബ്ദങ്ങൾ ഉപയോഗിക്കാറുണ്ടല്ലൊ. സംഭാഷണ സമയത്ത് സ്വാഭാവികമായി വികാരങ്ങൾ പ്രകടിപ്പിക്കുന്ന സ്വരങ്ങൾ ഉണ്ടാകുന്നു. കഥാവതരണത്തിലും സാന്ദർഭികമായി അപ്രകാരമുള്ള ശബ്ദങ്ങൾ ഉപയോഗിക്കണം. മിക്കവാറും എല്ലാ സംസ്കാരങ്ങളിലും നാക്കിന്റെ ഞൊടിക്കൽ ശബ്ദം കൊണ്ട് ഓരോരോ വികാരങ്ങൾ പ്രകടിപ്പിക്കാറുണ്ടല്ലൊ. ഓരോ ഭാഷയ്ക്കും ഓരോ സംസ്കാരത്തിനും വ്യത്യസ്ത വികാരവിശേഷങ്ങൾ പ്രകടമാക്കുന്നതിനായി ശബ്ദങ്ങൾ ഉണ്ട്..

ചില ഉദാഹരണങ്ങൾ പറയാം. ഒരു ദീർഘശ്വാസം ശരീരമനസ്സുകളുടെ ക്ഷീണത്തെയും ആലസ്യത്തെയും വ്യക്തമാക്കും. ഏങ്ങൽശബ്ദം നിരാശയെ (ഇച്ഛാഭംഗത്തെ) പ്രകടമാക്കും. ശ്വാസ തടസ്സപോലുള്ള വിമ്മിട്ട ശബ്ദം സംഭ്രമത്തെയോ, ആശ്ചര്യത്തെയോ, ഞെട്ടലിനെയോ ഒക്കെ പ്രകടമാക്കുന്നതാണ്. പുഞ്ചിരി, ചിരി, ഈണത്തിലുള്ള മൂളൽ മുതലായവ സന്തോഷം, ആഹ്ലാദം, ജിജ്ഞാസ, ഉത്കണ്ഠ മുതലായ വികാര വിശേഷങ്ങൾ പ്രകടമാക്കുന്നതാണ്. സംഭാഷണത്തിൽ, അപ്രകാരമുള്ള വൈവിദ്ധ്യമാർന്ന സ്വരങ്ങൾ എല്ലാവരും ഉപയോഗിക്കാറുണ്ടല്ലോ. സർവ്വ ഭാഷകളിലും, സംസ്കാരങ്ങളിലും അവ നിലനില്ക്കുന്നുണ്ട്. നമ്മുടെ ശൈശവകാലം മുതലുള്ള വളർച്ചയിൽ നമ്മുടെ ചുറ്റുമുള്ള ആളുകളിൽ നിന്ന് അവയെല്ലാം നാമും മനസ്സിലാക്കുന്നു. അവയിൽ പലതിനും ലിഖിതരൂപമില്ല. ശബ്ദലേഖനം കൊണ്ട് അവയെ പഠിപ്പിക്കാവുന്നതാണ്.

നിങ്ങൾ മറ്റുള്ളവരുമായി സംഭാഷണത്തിൽ ഏർപ്പെടുമ്പോൾ കേൾക്കുന്ന സാംസ്കാരിക സംസാര ശബ്ദങ്ങൾ മനസ്സിലാക്കണം. നിങ്ങൾ STS ശൈലിയിൽ കഥകൾ പറയുന്നത് കൂടുതൽ സ്വാഭാവികവും, രസകരവും ആയിത്തീരുന്നതിന് പ്രസ്തുത ശബ്ദങ്ങൾ സാന്ദർഭികമായി ഉപയോഗിക്കാമല്ലോ. പുതിയ സംഭാഷണസ്വരങ്ങൾ കേൾക്കുമ്പോൾ അത് മനസ്സിൽ സ്വരൂപിക്കണം. നിങ്ങൾ കഥകൾ അവതരിപ്പിക്കുമ്പോൾ അവയെ സന്ദർഭോചിതമായി ഉപയോഗിക്കാമല്ലോ.

(d) കഥ പറയുമ്പോൾ രണ്ടുവാക്കുകൾക്കിടയിൽ അല്പസമയദൈർഘ്യം നൽകുന്നതും, ചില വാക്കുകൾ പറയുന്നതിന് മനഃപൂർവ്വം തടസ്സം ഉണ്ടാക്കുന്നതും നാടകീയത ഉളവാക്കുമെന്ന് മാത്രമല്ല ശ്രോതാക്കൾക്ക് ജിജ്ഞാസയും രസവും ഉണ്ടാക്കുകയും ചെയ്യും. ഉദാഹരണമായി, ഒരു കുഷ്ടരോഗിയുടെ കഥയിൽ കാഥികൻ ഇപ്രകാരം പറയുന്നു: "യേശുകൈനീട്ടി കുഷ്ടരോഗിയെ തൊട്ടു" ഇത് അതിവേഗത്തിൽ പറഞ്ഞാൽ കഥാവതരണത്തിന് നാടകീയത ഉണ്ടായിരിക്കുകയില്ല.

യേശു ഒരു കുഷ്ടരോഗിയെ തൊട്ടു എന്ന സംഗതി അത്ഭുതാവഹമാണ്, മഹത്തായ ദയാ വായ്പ് ആകുന്നു. കഥാകാഥികൻ അത് സാവധാനം, വാക്കുകൾക്കിടയിൽ സമയദൈർഘ്യം നൽകി, നിർത്തി നിർത്തി പറയണം. യേശു കൈനീട്ടുകയും കുഷ്ടരോഗിയെ തൊടുകയും ചെയ്യുന്നതിനിടയിൽ നാടകീയതയുടെ നിമിഷങ്ങൾ നൽകണം. ശബ്ദ ക്രമീകരണവും സാവധാനതയും കൊണ്ട് അത് സാദ്ധ്യമാക്കാവുന്നതാണ്. യേശുവിനും കുഷ്ടരോഗിക്കും മദ്ധ്യേ സംജാതമായ മനോഹര നിമിഷങ്ങൾ, കാരുണ്യസ്പർശം, വിസമയനീയമായ രോഗശാന്തി എന്നിവ കാഥികന്റെ ശബ്ദനിയന്ത്രണത്തിലും ഭാവപ്രകടനത്തിലും ശ്രോതാക്കൾക്ക് അനുഭവവേദ്യമാകുന്നതാണ്. കാഥികൻ പറയേണ്ടത് ഇങ്ങനെയാണ്. "യേശു............ കൈ........... നീട്ടി............. കുഷ്ടരോഗിയെ......... തൊട്ടു.......!"

e) ഒരു കഥയുടെ ഉള്ളിൽ നാടകീയ മുഹൂർത്തങ്ങൾ എവിടെയെല്ലാമുണ്ട് എന്ന് ശ്രദ്ധിക്കണം! രോഗശാന്തി, സംഭവിക്കുമ്പോൾ, അഥവാ അസാധാരണമായ എന്തെങ്കിലും ഉണ്ടാകുമ്പോൾ, അല്ലെങ്കിൽ, കഥാപാത്രങ്ങളിൽ ആരെങ്കിലും ഉച്ചത്തിൽ സംസാരിക്കുമ്പോൾ, നാടകീയ നിമിഷങ്ങൾ ഉണ്ടാകുന്നു. അപ്പോൾ കാഥികൻ ശബ്ദനിയന്ത്രണവും, സമയദൈർഘ്യവും അനുവർത്തിക്കണം. ഇപ്രകാരം ചെയ്യുന്നതിലൂടെ നാടകീയ മുഹൂർത്തം സംജാതമാകുകയും ശ്രോതാക്കൾക്ക് നാടകീയ പ്രഭാവം അനുഭവപ്പെടുകയും ചെയ്യും.

(f) മിക്ക കഥകളിലും കഥാപാത്രങ്ങളുടെ സംഭാഷണവുമായി സംയോജിതമാകുന്ന സംഭവങ്ങൾക്ക് സാധാരണരീതിയിലുള്ള വിവരണവും കഥാകഥനവും മതിയാകും. സാധാരണ ശബ്ദവിന്യാസത്തിൽ അപ്രകാരമുള്ള വിവരണം നൽകാവുന്നതാണ്.

(g) ചിലപ്പോൾ, കാഥികന്റെ സംസാരശൈലി കഥാവതരണത്തെ രസാവഹമാക്കുന്നതാണ്. കാഥികൻ ഉപയോഗിക്കുന്ന പ്രത്യേക വാക്കുകൾകൊണ്ട് സ്ഥലത്തിന്റെയും സ്ഥാനത്തിന്റെയും മാറ്റം വ്യക്തമാക്കാൻ കഴിയും. അതുപോലെ തന്നെ കഥയുടെ ഏതെങ്കിലും വിസ്മയകരമായ ഭാഗത്തേക്ക് സദസ്യരുടെ ശ്രദ്ധതിരിക്കുവാൻ കഴിയും. രസാവഹമായ ഭാവപ്രകടനത്തോടെ വേണം ഇപ്രകാരമുള്ള വാക്കുകൾ പറയേണ്ടത്. ഏതോ രസകരമായ സ്വകാര്യം പറയുന്നതുപോലെ വേണം രഹസ്യ

സ്വഭാവമുള്ള സംഗതികൾ പറയേണ്ടത്. ഉച്ചത്തിലാണെങ്കിലും അടക്കം പറയുന്നതുപോലെ ആയിരിക്കണം ശ്രോതാക്കളോട് ഇപ്രകാരമുള്ള വിവരങ്ങൾ പറയേണ്ടത്. സദസ്യരുടെ ജിജ്ഞാസ നിലനിർത്തണം.

ഇപ്രകാരം സംസാരിക്കുന്നതുകൊണ്ട് ശ്രോതാക്കൾ ഇനിയും കേൾക്കാൻ പോകുന്ന സംഗതിയെ ക്കുറിച്ച് താല്പര്യമുള്ളവരായിത്തീരുന്നു. സാധാരണ സംഭാഷണ ശൈലിയിലുള്ള, "അതിനുള്ളിൽ," അതേസമയത്ത്, "അവർ വന്നതിനുശേഷം," മുതലായവ, താല്പര്യം ജനിപ്പിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്. ഉത്കണ്ഠയോ, ആകാംക്ഷയോ, സംഭ്രമമോ പ്രകടമാക്കുന്നതിന് സ്വരവിന്യാസവും, ശരീരഭാഷയും ഉപയോഗിക്കാവുന്നതാണ്.

### 7. അംഗചലനങ്ങൾ, ആംഗ്യങ്ങൾ എന്നിവ ഉപയോഗിക്കുക, കഥയെ അഭിനയിച്ച് കാണിക്കുക

ഉചിതമായ അംഗചലനങ്ങളും അഭിനയവും കൊണ്ട് കഥയ്ക്ക് അനുയോജ്യമായ ഭയം, ദുരാഗ്രഹം, ആക്രമണം, യുദ്ധം, ആശ്ചര്യം, ധൈര്യം, ബുദ്ധി, വിഷാദം മുതലായ വികാരഭാവങ്ങൾ പ്രകടിപ്പിക്കുവാൻ കഴിയും. അംഗവിക്ഷേപങ്ങളും മുഖസ്തോഭങ്ങളും കൊണ്ട് ചേതോവികാരങ്ങളെ പ്രകടിപ്പിക്കുവാൻ കഴിയും. നിങ്ങൾ നിൽക്കുന്ന സ്ഥാനം, സദസ്യരിൽ നിന്നുള്ള ദൂരം, നിങ്ങളുടെ നോട്ടം, ആംഗ്യങ്ങൾ എന്നിവയിലൂടെ കഥയിൽ ചിത്രീകരിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ, ജനങ്ങൾ നിൽക്കുന്ന സ്ഥാനം, ജനാവലി, പ്രത്യേക സാഹചര്യങ്ങൾ മുതലായവയെ അഭിനയിച്ചു കാണിക്കുവാൻ കഴിയും.

ഒരു കഥാപാത്രത്തിന്റെ സംഭാഷണങ്ങൾ അവതരിപ്പിക്കുമ്പോൾ നിങ്ങൾ നിൽക്കുന്ന സ്ഥാനത്തിനും നിങ്ങളുടെ നില്പിനും വ്യതിയാനം വരുത്തുകയും, കഥാപാത്രം നോക്കുകയായിരുന്ന ദിശയിലേക്ക് നോക്കിക്കൊണ്ട് സ്വരവ്യതിയാനത്തോടെ സംസാരിക്കുകയും ചെയ്യുമ്പോൾ പ്രേക്ഷകർക്ക് കഥയിലെ യഥാർത്ഥ സാഹചര്യങ്ങളും സംഭവങ്ങളും നേരിട്ട് കാണുന്നതുപോലെ അനുഭവപ്പെടുന്നതാണ്. ഉദാഹരണമായി, രോഗികൾ സൗഖ്യം പ്രാപിക്കുമ്പോൾ സന്തോഷം പ്രകടിപ്പിക്കുമല്ലൊ. അവർക്ക് ആശ്ചര്യഭാവവും ഉണ്ടായിരിക്കും. രോഗം ബാധിച്ചിരുന്ന കൈയ് സുഖം പ്രാപിച്ച രോഗി അയാളുടെ കൈ സാവധാനം നീട്ടുകയും, ചലിപ്പിക്കുകയും ചെയ്യും. കാലുകൾ സുഖപ്പെട്ട ആൾ ആശ്ചര്യഭരിതമായ ആഹ്ലാദത്തോടെ കുതിച്ചു ചാടിയെന്നുവരാം. അത് അപ്രകാരം അഭിനയിച്ചുകാണിക്കണം. കഥാപാത്രത്തിന്റെ സംസാരം അവതരിപ്പിക്കുമ്പോൾ സാവധാനത്തിലും, നിർത്തി നിർത്തിയും, സ്വരവ്യതിയാനത്തോടുകൂടിയും കാഥികനായ നിങ്ങൾ സംസാരിക്കണം. നിങ്ങളുടെ ചലനങ്ങളിലും ഭേദഗതികൾ വരുത്തണം. അപ്പോൾ, ആ രംഗം സ്വാഭാവികതയോടെ, നാടകീയ വിസ്മയത്തോടെ പ്രേക്ഷകർക്ക് ഗ്രഹിപ്പാനും, ആസ്വദിപ്പാനും കഴിയും. കഥാകഥനത്തിൽ സ്വാഭാവികതയും, നാടകീയതയും ഉണ്ടാകുകയും ചെയ്യും.

### ഒരുവാക്ക് - കരുതലിനുവേണ്ടി

നിങ്ങളുടെ ശ്രോതാക്കളായ പഠിതാക്കൾ നിങ്ങളുടെ കഥാവതരണം കഴിഞ്ഞ ഉടനേ നിങ്ങളുടെ അടുത്തേക്ക് വന്നിട്ട് "താങ്കൾ മഹാനായ ഒരു കാഥികനാണ്." എന്നോ, "താങ്കളുടെ അഭിനയചാതുര്യം എനിക്ക് ഇഷ്ടമായി" എന്നോ പുകഴ്ത്തി പറയുന്നുണ്ടെങ്കിൽ ശ്രദ്ധിക്കണം - നിങ്ങളുടെ കഥാവതരണം എങ്ങനെ ആയിരുന്നെന്ന് പുനരവലോകനം ചെയ്യണം. കഥാകാഥികരല്ല ശ്രദ്ധാവിഷയം, ദൈവ വചനമാണ് ശ്രദ്ധാവിഷയം എന്ന് ഓർത്തിരിക്കണം. ക്രമാധികമായ ആംഗ്യാഭിനയങ്ങൾ പ്രേക്ഷകരുടെയും, പഠിതാക്കളെയും ശ്രദ്ധയെ വികേന്ദ്രീകരിപ്പിക്കും. കേൾക്കുന്നതിനെക്കാൾ കാണുന്നതിനായിരിക്കും താല്പര്യവും ശ്രദ്ധയും കൂടുതൽ ഉണ്ടാകുക. കാഥികൻ പറയുന്ന വാക്കുകൾ ശ്രദ്ധിക്കാതെ പോകും. നിങ്ങൾ പറയുന്ന വാക്കുകളെ പ്രകടിപ്പിക്കുന്നതിന് ലളിതമായ ചലനങ്ങൾ മതിയാകും. പ്രേക്ഷകരും പഠിതാക്കളും പറയേണ്ടത് ഇങ്ങനെയായിരിക്കണം: "ആ കഥ എന്നോട് സംസാരിച്ചു" അഥവാ "കഥയിലുള്ള ആ വ്യക്തി ഞാനാണ്."

## 8. നിന്നുകൊണ്ടാണോ ഇരുന്നുകൊണ്ടാണോ കഥ പറയേണ്ടത്

പല സാമൂഹിക സംസ്കാരങ്ങളിലും, സന്ദർഭങ്ങളിലും ജനങ്ങളോടൊപ്പം ഇരുന്നുകൊണ്ടാണ് ഒരു കഥ പറയേണ്ടത്. നിന്നുകൊണ്ടു പറയുന്നതിനേക്കാൾ ഹൃദ്യം അതാണ്. എന്നാൽ ഞങ്ങൾ നിങ്ങളോട് നിർദ്ദേശിക്കുന്നത് നിന്നുകൊണ്ട് കഥ പറയുവാൻ പരിശീലിക്കണം എന്നാണ്. അതിന്റെ വിശേഷത എന്തെന്നാൽ, നിങ്ങൾ കഥ അവതരിപ്പിക്കുമ്പോൾ നിങ്ങളുടെ ശരീരചലനങ്ങൾ മൊത്തമായും കഥാവതരണത്തിന്റെ വിജയത്തിനായി ഉപയോഗിക്കാമെന്നതാണ്. ഒരു വലിയ സദസ്സിനെ അഭിമുഖീകരിച്ച് കഥ അവതരിപ്പിക്കുമ്പോൾ രംഗസജ്ജീകരണങ്ങളോട് ചേർന്ന് വിപുലമായി അംഗചലനങ്ങൾ ഉപയോഗിക്കാവുന്നതുമാണ്.

ശ്രോതാക്കളായ പഠിതാക്കൾ നമ്മൾ പറയുന്ന കഥകൾ കേട്ട് മനസ്സിലാക്കുകയും ഓർമ്മിക്കുകയും ചെയ്യണമെന്നതാണ് നാം ആഗ്രഹിക്കുന്ന പ്രധാനസംഗതി. ആംഗ്യങ്ങളും അഭിനയങ്ങളും ജനങ്ങൾക്ക് കഥയിൽ താല്പര്യം ജനിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്. കഥയെ നന്നായി മനസ്സിലാക്കാനും ഓർമ്മിക്കാനുമുള്ള കഴിവ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇരുന്നുകൊണ്ട് കഥ പറയുന്നതാണ് ഉത്തമമായ രീതിയെങ്കിൽ നിങ്ങൾ ഇരുന്നു കഥ പറയണം. ഇരുന്നുകൊണ്ട് കഥ പറയുന്ന ശുശ്രൂഷ നടത്തുമ്പോഴും നിങ്ങൾ പരിശീലിച്ചിട്ടുള്ള ആംഗ്യങ്ങളും അഭിനയങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്.

9. **കഥയുടെ ആരംഭം:-** നിങ്ങൾ കഥ പറയുവാൻ ആരംഭിക്കുമ്പോൾ ഇപ്രകാരം പറയണം: "ഇതാ കഥ ആരംഭിക്കുകയായി, ഇതാണ് കഥ." അഥവാ, "വേദപുസ്തകത്തിലെ കഥ ഇതാണ്." കഥ പറഞ്ഞ് ആരംഭിക്കുമ്പോൾ വേദപുസ്തകം കൈയിൽ തുറന്ന് പിടിച്ചിരിക്കണം. ഒരു നിമിഷം വേദപുസ്തകത്തിലേക്ക് നോക്കണം; നിങ്ങൾ വായിക്കുകയാണെന്ന് തോന്നിപ്പിക്കണം. ഇത് സൂചിപ്പിക്കുന്നത് നിങ്ങൾ പറയുന്ന കാര്യങ്ങൾ എല്ലാം വേദപുസ്തകത്തിൽ നിന്ന് വരുന്നു എന്നാണ്. നിങ്ങളുടെ കഥയ്ക്ക് ഒരു മുഖവുര ഉണ്ടെങ്കിൽ വേദ പുസ്തകം അടച്ച് പിടിച്ചിരിക്കണം, എന്നിട്ട് വേണം മുഖവുര നൽകേണ്ടത്. മുഖവുര നിങ്ങളുടെ വാക്കുകളാണ്, കഥയല്ല.

ചില കഥകൾ പറയുമ്പോൾ നിങ്ങൾക്ക് ആംഗ്യങ്ങൾ കാണിക്കാൻ രണ്ടു കൈകളും ഉപയോഗിക്കേണ്ടിവരും. കഥാകഥനം നാടകീയമാക്കാൻ ഇത് സഹായകമാകും. നിങ്ങൾ കഥ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ആംഗ്യങ്ങൾ കാണിക്കേണ്ടതിനായി വേദപുസ്തകം അടുത്തുള്ള മേശപ്പുറത്തോ പ്ലാറ്റ് ഫോറത്തിലോ വയ്ക്കാം. അപ്പോഴും കഥ പറഞ്ഞുകൊണ്ടിരിക്കണം. നിങ്ങൾ വേദപുസ്തകത്തിലെ കഥ തുടർന്നു പറയുകയാണെന്ന് സദസ്യരായ പഠിതാക്കൾക്ക് ബോദ്ധ്യമാകും. കഥ പറഞ്ഞു തീരാറാകുമ്പോൾ വേദപുസ്തകം തുറന്ന നിലയിൽത്തന്നെ തിരിച്ച്, കൈകളിൽ എടുക്കണം.

[നിങ്ങൾക്ക് കഥ പറയാനുള്ളത് ഒരു അക്രൈസ്തവ മേഖലയിലാണെങ്കിൽ വേദപുസ്തകം കൈയിൽ പിടിക്കേണ്ട കാര്യമില്ല മാത്രവുമല്ല, ഇത് വേദപുസ്തകത്തിൽ നിന്നുള്ള കഥയാണെന്ന് പറയുകയും അരുത്. ഈ സാഹചര്യത്തിൽ, കഥ പറയുന്നത് ഒരു സാധാരണ കഥ പറയുന്നതുപോലെ മതിയാകും. കഥയുടെ ഉള്ളടക്കവും, കഥാവതരണാനന്തരമുള്ള ചർച്ചകളും ശ്രോതാക്കൾക്ക് ആത്മീകമായ പ്രേരണകളും, പ്രചോദനവും നൽകുന്നതാണ്. പരിശുദ്ധാത്മാവ് ശ്രോതാക്കളെ സ്പർശിച്ച് സ്വാധീനിച്ചുകൊള്ളും.]

## 10. ഓരോരുത്തരെയും നോക്കുക, വല്ലപ്പോഴും.

കഥ പറയുമ്പോൾ നിങ്ങൾ പഠിതാക്കളെ ഓരോരുത്തരെയും നോക്കണമെന്ന് ഞങ്ങൾ നിർദ്ദേശിക്കാറുണ്ട്. ഒരിക്കൽ, രസകരമായ ഒരു സംഭവമുണ്ടായി. STSന്റെ ഒരു ശില്പ ശാലയിൽ ഞാൻ ഒരു പഠിതാവിനെപ്പോലെ ഇരിക്കുകയായിരുന്നു. കഥാകാഥികൻ കഥ അവതരിപ്പിച്ചപ്പോൾ ആദിയോടന്തം എന്റെ മുഖത്തേക്കുതന്നെ നോക്കിയാണ് സംസാരിച്ചത്. അതിൽ നിന്ന് എനിക്ക് ഒരു സംഗതി കണ്ടുപിടിക്കാൻ കഴിഞ്ഞു. ആ കാഥികനെ തിരുത്തിക്കൊടുക്കുന്നതിന് മുമ്പ് ഞാൻ അയാളോട് ചോദിച്ചു. "നിങ്ങളുടെ സംസ്കാരത്തിൽ, ഒരു സംഘം ആളുകളോട് സംസാരിക്കുമ്പോൾ അവിടെയുള്ള ഏറ്റവും പ്രായമുള്ള

ആളിനെയോ, ഏറ്റവും പ്രമുഖനായ വ്യക്തിയെയോ മാത്രം നോക്കിയാണോ സംസാരിക്കേണ്ടത്?" "അതാണ് ശരി" അയാൾ മറുപടി പറഞ്ഞു.

"ഓഹോ, പാടില്ല! സാംസ്കാരിക സംഘർഷം!" നമ്മുടെ അഭിലാഷം സന്നിഹിതരായ പഠിതാക്കളുടെ എല്ലാവരുടേയും ശ്രദ്ധയെ സമാകർഷിക്കുകയും, ചോദ്യോത്തരവേളയിൽ എല്ലാവരും ഭാഗഭാക്കുകൾ ആകുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ആകുന്നു. അന്ന് വൈകിട്ട് ഞങ്ങൾ തദ്ദേശീയരായ STS അദ്ധ്യാപകരോട് ഈ സാസ്കാരിക പ്രതിസന്ധിയെക്കുറിച്ച് വിപുലമായി ചർച്ച ചെയ്യുകയുണ്ടായി. ഞങ്ങൾ, ആ ചർച്ചയുടെ പര്യവസാനത്തിൽ ഇങ്ങനെ തീരുമാനിച്ചു. "മുതിർന്നവരെയും നേതാക്കളെയും ആദരിക്കേണ്ടത് ആവശ്യമാണെങ്കിലും, സദസ്സിലുള്ള ആരെയും അവഗണിക്കാൻ ഇടയാകരുത്" എന്ന്.

ഞങ്ങൾ സമ്മതിച്ചു: കഥാകാഥികർ കഥ പറയുവാൻ ആരംഭിക്കുമ്പോൾ മുതിർന്നവർക്കും, പ്രമുഖവ്യക്തികൾക്കും അഭിവാദനം ചെയ്യണം, അവരുടെ സാന്നിദ്ധ്യത്തെ സമാദരിക്കണം. പക്ഷേ, കഥ പറയുമ്പോൾ എല്ലാവരെയും ശ്രദ്ധിക്കണം, ഓരോരുത്തരെയും വീക്ഷിക്കണം, ശ്രോതാക്കളുടെ പദവികളോ, സ്ഥാനമാനങ്ങളോ, സമൂഹത്തിലുള്ള ബഹുമാനിത നിലവാരമോ പരിഗണിക്കാതെ തന്നെ. സാധാരണ കഥാകാഥികർ ചെയ്യാറുള്ളത് കഥാവതരണത്തിൽ ഉടനീളം ഉന്നതപദവിയുള്ള വ്യക്തികളെ മാത്രം ശ്രദ്ധിച്ചുകൊണ്ട്. സംസാരിക്കുകയാണ്. എന്നാൽ, സദസ്സിലുള്ള എല്ലാവരെയും, ആളാം പ്രതിനോക്കിക്കൊണ്ട് സംസാരിക്കുമ്പോൾ (നല്ലശമര്യക്കാരന്റെ കഥയിൽ എന്നതുപോലെ) ആനുകാലികമായി നമ്മുടെ അയൽക്കാരൻ ആരെന്ന് കഥാകാഥികൻ പ്രദർശിപ്പിക്കുകയാണ് ചെയ്യുന്നത്.

സമ്പന്നരെയും ബലവാന്മാരെയും ആദരിക്കുകയും, ദരിദ്രരെയും ബലഹീനരെയും അവ മതിക്കുന്നതിനുമുള്ള വിവേചനരീതി, ഈ ലോകത്തിന്റെ ദൈവം എല്ലാ മാനവസംസ്കാരങ്ങളിലും ഇഴുകിച്ചേർത്തിരിക്കയാണല്ലൊ. എന്നാൽ, തിരുവചനം നമ്മെ പഠിപ്പിക്കുന്ന തത്വം എല്ലാവരെയും നമ്മൾ ഉൾക്കൊള്ളണമെന്നാണ്. വേദപുസ്തകപരമായ ഈ സിദ്ധാന്തം യേശു നമുക്ക് പ്രായോഗിക ജീവിതത്തിൽ കാണിച്ചുതന്നു. യേശു അപ്രകാരം ചെയ്തു. യേശുവിന്റെ സാമൂഹ്യസംസ്കാരത്തിന് അതീതമായിട്ടാണ് യേശു പെരുമാറിയിരുന്നത്. സമൂഹത്തിൽ താഴേക്കിടയിൽ ഉള്ളവരെന്ന് സമൂഹം അകറ്റി നിർത്തിയിരുന്ന അധഃസ്ഥിതരായ ജനങ്ങളുമായി യേശു സഹകരിച്ചു അവരോടൊത്ത് പെരുമാറുകയും, അവരെ ശ്രദ്ധിക്കുകയും ചെയ്തതിന് യേശുവിനെ അന്നത്തെ ഉന്നതകുലജാതന്മാർ വിമർശിക്കുകയും പരിഹസിക്കുകയെ ചെയ്തിരുന്നു.

സമൂഹത്തിൽ പുറംതള്ളപ്പെടുന്ന ജനവിഭാഗങ്ങളെ സോദ്ദേശപരമായി സഹകരിപ്പിക്കുവാനാണ് STS പദ്ധതി ലക്ഷ്യമിടുന്നത്. സ്ത്രീകൾ, കുട്ടികൾ, സാധാരണ താണജാതിക്കാർ, വിദ്യാവിഹീനർ എന്നു മാത്രമല്ല വിദ്യാവിഹീനരും, യാതൊരു വിലയുമില്ലാത്തവരെന്ന് ജനസമൂഹം മുദ്രയടിച്ചിരുന്ന അധഃകൃതരും STS ന്റെ സേവന വലയത്തിൽ ഉൾപ്പെടുന്നവരാണ്.

ഏതെങ്കിലും ജനസമൂഹത്തിന്റെ സംസ്കാരസംഹിതയിൽ എന്തെങ്കിലും സംഗതി തിരുവചനത്തോട് സംഘർഷമുണ്ടാക്കുന്നുവെങ്കിൽ ബുദ്ധിപൂർവ്വമായ ഒരു തീരുമാനം എടുക്കുക.

ഓരോ വിശ്വാസിയും തീരുമാനിക്കേണ്ടതായ ഒരു കാര്യമാണ്. ഒരാളുടെ സാമൂഹിക സംസ്കാരം അയാളുടെ പ്രവൃത്തികളെയും വിശ്വാസങ്ങളെയും നിയന്ത്രിക്കണമോ, അഥവാ ദൈവത്തിന്റെ വചനങ്ങൾ ഒരുവന്റെ പ്രവർത്തനങ്ങളെയും വിശ്വാസങ്ങളെയും നിയന്ത്രിച്ച് സമുന്നതമായ നിലവാരത്തിലേക്ക് നയിക്കണമോ എന്ന്.

11. **കഥയുടെ അവസാനം:-** നിങ്ങൾ കഥ പറഞ്ഞു തീരുന്ന സമയത്ത് ശ്രോതാക്കളോട് ഇങ്ങനെ പറയണം "ഇതാണ് കഥയുടെ അവസാനം" എന്ന്, അനന്തരം വേദപുസ്തകം അടയ്ക്കുക.

12. **നിങ്ങൾ തെരഞ്ഞെടുത്ത കഥ മിക്കപ്പോഴും പറയണം:-**

കഥ കേൾക്കാൻ ഇഷ്ടമുള്ള ആരോടെങ്കിലും നിങ്ങളുടെ കഥ പറയണം; കഥയെ തടസ്സമില്ലാതെ, അനർഗ്ഗളം പറയുന്നതിന് കഴിവുണ്ടാകുന്നതുവരെ പല പ്രാവശ്യം പറഞ്ഞു ശീലിക്കണം. കഥ കേൾക്കുന്നതിന്

ആരുമില്ലെങ്കിൽ, അടുത്തു കാണുന്ന ഒരു വളർത്തുമൃഗത്തോടോ, ഒരു വൃക്ഷത്തോടോ കഥ പറയാവുന്ന താണ്. ഒരു കാര്യം ഓർത്തിരിക്കണം: നിങ്ങൾ പദാനുപാദം കഥയെ മനഃപാഠമാക്കുകയല്ല. കഥയെ കൃത്യതയോടെ പറയുകയാണ് നിങ്ങൾ ചെയ്യേണ്ടത്.

## ധൈര്യമായിരിക്കുക-ആത്മവിശ്വാസം ഉണ്ടായിരിക്കുക-ലിഖിതങ്ങൾ ഒന്നും വേണ്ട.

ഗിരിപ്രഭാഷണം നടത്തുന്നതിനായി യേശു ഒരു മലയിലേക്ക് കയറി ഒരു നോട്ടുബുക്ക് പ്രസംഗവേദിയിൽ തുറന്നു വച്ചുകൊണ്ട് പ്രസംഗം ആരംഭിച്ചതായി നിങ്ങൾക്ക് വിഭാവന ചെയ്യാൻ കഴിയുമോ? മിക്കവാറും ഇല്ല. ആരെങ്കിലും നിങ്ങളോട് നിങ്ങളുടെ അനുഭവസാക്ഷ്യം പറയുവാൻ ആവശ്യപ്പെടുകയോ, നിങ്ങളുടെ ഭാര്യയെ അഥവാ ഭർത്താവിനെ തെരഞ്ഞെടുത്ത് എങ്ങനെയാണെന്ന് ചോദിക്കയോ,. അല്ലെങ്കിൽ, നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ സമയം ഏത് എന്ന് പറയുവാൻ ആവശ്യപ്പെടുകയോ ചെയ്താൽ നിങ്ങൾ എന്തെങ്കിലും കുറിപ്പ് നോക്കിയാണോ പറയുന്നത്? ചില കാര്യങ്ങൾ നാം അനുഭവിക്കുന്നവയാകയാൽ നാം വേഗം ഓർക്കുന്നു. അത് നമ്മുടെ സ്വന്തമാണ്. നമ്മുടെ ഒരു ദിവസത്തെ അനുഭവങ്ങൾ ഒരു സ്നേഹിതനോട് പറയുന്നതും ഓർമ്മയിൽ നിന്നാണ്. അതു നമ്മുടെ സ്വന്തം കഥയാണ്. നാം അത് ലളിതമായി ഓർക്കുന്നു.

STS ൽ നിങ്ങൾ പുതിയ നിപുണതകൾ നേടേണ്ടവരാണ്. നിങ്ങൾ ഒരു പ്രാസംഗികനോ അദ്ധ്യാപകനോ ആയിരുന്നപ്പോൾ നിങ്ങൾ നോട്ട് കുറിച്ച് വച്ചത് ഉപയോഗിച്ചിരുന്നു. നിങ്ങൾ ഒരു വിഷയത്തെക്കുറിച്ച് വച്ചത് ഉപയോഗിച്ചിരുന്നു. നിങ്ങൾ ഒരു വിഷയത്തെക്കുറിച്ച് ലക്ചർ ചെയ്യുമ്പോൾ നോട്ട് കുറിച്ചത് ആവശ്യമാണ്. എന്നാൽ കഥ പറയുന്നതിന് അതുപോലെ നോട്ട് കുറിപ്പുകൾ ആവശ്യമില്ല.

ഒരു വീട്ടിൽ തയ്യാറാക്കിയ ചോകൊളേറ്റ് കേക്ക് നിങ്ങൾ തിന്നുകയും അത് രുചികരമായി അനുഭവപ്പെടുകയും ചെയ്തതുകൊണ്ട് നിങ്ങൾ അതിന്റെ പാചകവിധി ചോദിച്ചു വാങ്ങിയിട്ട് വീട്ടിൽ വന്ന് സ്വന്തമായി അത്തരം കേക്ക് ഉണ്ടാക്കാൻ ശ്രമിക്കുന്നു എന്നിരിക്കട്ടെ. അപ്പോൾ നിങ്ങൾ ചോകൊളേറ്റിനുപകരമായി വാനിലായും ധാന്യമാവിന് പകരമായി അരിയും ഉപയോഗിച്ചാൽ ചോകൊളേറ്റ് കേക്ക് ആയിരിക്കുമോ നിങ്ങൾ ഉണ്ടാക്കുന്നത്? ഇല്ല, തീർച്ചയായും അല്ല. കേക്കിന്റെ സ്വാഭാവികമായ സ്വാദ് അതിന്റെ ചേരുവകളുടെയും പാചകരീതിയുടെയും ഫലമായി ഉണ്ടാകുന്നതാണ്.

ഞങ്ങൾ ഇവിടെ, STS ന്റെ "പാചകവിധി" നിങ്ങൾക്കായി അവതരിപ്പിക്കുന്നു. STS ന്റെ ഓരോഘട്ടവും സോദ്ദേശപരമായിട്ടാണ് രൂപകല്പന ചെയ്തിരിക്കുന്നത്. അത് യഥോചിതം പാലിക്കേണ്ടത് ആവശ്യമാണ്.

STS രീതിയിൽ നിങ്ങൾ ഒരു കഥയെ അവതരണത്തിനായി ഒരുക്കുമ്പോൾ കഥയും, ചോദ്യോത്തരങ്ങളും എല്ലാം നിങ്ങൾ മനസ്സിലാണ് തയ്യാറാക്കുന്നത്, നോട്ടുകുറിച്ചിട്ടല്ല. വായനശീലം ഉള്ളവർക്ക് ഇത് സാദ്ധ്യമാണെന്ന് തോന്നുന്നില്ല. അവർക്ക് നോട്ടുകുറിപ്പുകളെ ആശ്രയിച്ചു മാത്രമേ വിജ്ഞാനവിവരങ്ങൾ ഉൾക്കൊള്ളുവാൻ കഴിയുകയുള്ളൂ വസ്തുതകൾ ഓർക്കുന്നതിനും അവർക്ക് നോട്ടുകുറിച്ചിരിക്കുന്നത് ആവശ്യമാണ്. എന്നാൽ STS പദ്ധതിയിൽ നോട്ട് കുറിച്ച് വച്ച് ഉപയോഗിക്കേണ്ടതില്ല. അതുകൊണ്ട് ഞങ്ങൾ നിങ്ങളോട് തികച്ചും അസാധാരണമായ ചില കാര്യങ്ങൾ പരിശീലിക്കുവാൻ ആവശ്യപ്പെടുകയാണ്. കഥയെ പഠിച്ച് ഒരു പാഠം തയ്യാറാക്കുന്നത് നിങ്ങളുടെ മനസ്സിൽത്തന്നെയാണ്, ഒന്നും എഴുതേണ്ട, അതേ, ഞങ്ങൾ ഗൗരവമായിത്തന്നെ പറയുന്നു-ലിഖിതമായ ബോധനക്കുറിപ്പുകൾ ഒന്നും വേണ്ട.

"കഥകൾമാത്രം" പദ്ധതിയുടെ ഒരു ശില്പശാലയിൽ സംബന്ധിക്കുന്നതിന് ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നു. പത്ത് വാക്യങ്ങളുള്ള ഒരു ബൈബിൾ കഥ പത്ത് മിനിട്ട് സമയം കൊണ്ട് പഠിക്കുന്ന വിധം, അവിടെ നിങ്ങൾ പരിശീലിക്കുന്നതാണ്. അതുപോലെതന്നെ ആത്മീകനിധികൾ കണ്ടെത്തുന്നതിനും, ചോദ്യങ്ങൾ തയ്യാറാക്കുന്നതിനും STS പരിശീലകർ നിങ്ങളെ പരിശീലിപ്പിക്കുന്നതാണ്. ഈ സംഗതികൾ എല്ലാം നിങ്ങൾ ചെയ്യുന്നത് യാതൊരു വിധ നോട്ടുകളും ഉപയോഗിക്കാതെയാണ്.

## നിപുണത II: കഥയിലെ നിധികൾ എങ്ങനെ കണ്ടുപിടിക്കാം

നിങ്ങൾ സമാർജ്ജിക്കേണ്ട രണ്ടാമത്തെ നിപുണത നിങ്ങൾ പറയുന്നതിനായി ആസൂത്രണം ചെയ്യുന്ന കഥയിൽ അന്തർലീനമായിരിക്കുന്ന ആത്മീക നിധികൾ എങ്ങനെ കണ്ടുപിടിക്കാം എന്നതാണ്.

ബൈബിൾ കഥയിലെ നിധികൾ എന്തെല്ലാം? ഓരോ കഥയിലും ദൈവം നെയ്ത് ചേർത്തിരിക്കുന്ന ആത്മീക സത്യങ്ങളെയാണ് "നിധികൾ" എന്ന് വിളിക്കുന്നത്. ആത്മീകനിരീക്ഷണങ്ങളുടെയും, ആത്മീകമായ പ്രായോഗീകോപയോഗങ്ങളുടെയും സമാഹാരമാണ് ആത്മീക "നിധികൾ".

കഥയിലെ മനുഷ്യരുടെ ജീവിതത്തിൽ ദൈവം പ്രവർത്തിച്ച വിധങ്ങളാണ് "ആത്മീക നിരീക്ഷണങ്ങൾ".

ആത്മീക നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലുള്ള ആത്മീകസത്യങ്ങൾ നമ്മുടെ ആനുകാലിക ജീവിതത്തിൽ പ്രായോഗികമായിത്തീരുന്നതാണ് "ആത്മീകമായ പ്രായോഗികോപയോഗങ്ങൾ."

## അന്വേഷകരെ അവരുടെ കണ്ടുപിടുത്തശ്രമത്തിൽ സഹായിക്കുക

അപ്പോസ്തല പ്രവൃത്തികളിലെ ഫിലിപ്പോസിനെയും ഷണ്ഡനെയും നിങ്ങൾ ഓർക്കുന്നുണ്ടല്ലൊ. അവിടെ നമ്മൾ ഒരു പ്രധാനവ്യക്തിയെ കാണുന്നുണ്ട്; ഐത്യോപ്യാക്കാരനായ ഷണ്ഡൻ, തന്റെ രഥത്തിൽ ഇരുന്നുകൊണ്ട് യശയ്യാപ്രവചനം വായിക്കുക ആയിരുന്നു. തിരുവചനഭാഗം വ്യാഖ്യാനിച്ചുകൊടുക്കുന്നതിനായി ദൈവം ഫിലിപ്പോസിനെ ഷണ്ഡന്റെ അടുത്തേക്ക് നിയോഗിച്ചു ഒരു കഥ കേൾക്കുന്നത് നല്ലതാണ്. എന്നാൽ, പഠിതാക്കൾ കേൾക്കുന്ന കഥയിലെ ഉള്ളടക്കം അവർ ശരിയായി ഗ്രഹിക്കുന്നതിന് അവരെ സഹായിക്കുന്നത് വേദപുസ്തകപരമായി പൂർവ്വാപരബന്ധമുള്ള കീഴ്‌വഴക്കമാണ്.

## ആത്മീക നിരീക്ഷണങ്ങൾ എന്ന നിധികൾ കണ്ടുപിടിക്കുന്നത് എങ്ങനെ?

ബൈബിൾ കഥ ചരിത്രപരമായ ഗവേഷണം നടത്തുവാനുള്ള വിഷയമല്ല. ആത്മീകമായി എന്താണ് സംഭവിക്കുന്നതെന്ന് കണ്ടുപിടിക്കുവാനുള്ള അന്വേഷണവിഷയമാണ് ബൈബിൾ കഥ. ഓരോരോ ബോബിൾ കഥയിലും ഓരോ മനുഷ്യനുവേണ്ടിയും ദൈവം ഓരോ സന്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. കഥയിലെ കഥാപാത്രങ്ങൾ പഠിക്കുന്നതോ, പഠിക്കാതിരിക്കുന്നതോ ആയ സംഗതികളിൽ നിന്നും നമ്മൾ പഠിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്ന സത്യങ്ങൾ നമുക്ക് കണ്ടുപിടിക്കുവാൻ കഴിയുന്നു. മുകളിൽ ഒരിടത്ത് വിശദമാക്കിയിട്ടുള്ളതുപോലെ, കഥയെ സജീവമായി, അഭിനയരീതിയിൽ, അവതരിപ്പിക്കുന്നതാണ് ബൈബിൾ കഥയെ നന്നായി മനസ്സിലാക്കുകയും ഓർമ്മിക്കുകയും ചെയ്യുന്നതിനുള്ള ലളിതമായ മാർഗ്ഗം.

ഓരോ കഥാപാത്രവും സംസാരിക്കയും പ്രവർത്തിക്കയും ചെയ്തകാര്യങ്ങൾ സജീവമാക്കി കാണിക്കുമ്പോൾ ദൈവം ആ കഥയിലൂടെ പ്രവർത്തിക്കുന്നത് എങ്ങനെയെന്നും വ്യക്തമാക്കേണ്ടതാകുന്നു. അങ്ങനെ കഥയെ സജീവമാക്കുമ്പോൾ കഥയിലെ നിധികളിൽ പലതും കണ്ടുപിടിക്കാൻ അത് നിങ്ങളെ സഹായിക്കുന്നതാണ്.

ഇപ്രകാരം ആത്മീക നിധികൾ കണ്ടുപിടിക്കുന്നതിനായി കഥയെ വീണ്ടു വായിക്കുകയും, ഓരോ കഥാപാത്രത്തെക്കുറിച്ചും ഓരോ ജനസമൂഹത്തെക്കുറിച്ചും എന്താണ് പറഞ്ഞിരിക്കുന്നതെന്ന്, അല്പ സമയം ഉപയോഗിച്ച്, കണ്ടുപിടിക്കുകയും വേണം. ഓരോരുത്തരെയും ആത്മീക പാഠങ്ങൾ പഠിപ്പിക്കുന്നതിനായി ദൈവം ഓരോ വ്യക്തിയോടും ഇടപെടുകയും, ഓരോ വ്യക്തിയോടും ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

കഥയുടെ പശ്ചാത്തലമായി സംഭവിച്ചകാര്യങ്ങൾ വ്യക്തമാക്കുന്ന തിരുവചന ഭാഗങ്ങൾ ഉൾക്കൊള്ളുന്ന വേദഭാഗങ്ങൾ അച്ചടിച്ചതോ, ശബ്ദലേഖനം ചെയ്തതോ നിങ്ങളുടെ പക്കൽ ഉണ്ടെങ്കിൽ അത് വായിച്ചുനോക്കുകയോ കേൾക്കുകയോ ചെയ്യേണ്ടത് പ്രധാന കാര്യമാണ്. നിങ്ങളുടെ കഥയുടെ മുമ്പായി, അതായത് പശ്ചാത്തലമായി, സംഭവിച്ചത് എന്താണെന്ന് ശ്രദ്ധിച്ചു മനസ്സിലാക്കുക. കഥയിലെ കഥാപാത്രങ്ങളെ സംബന്ധിച്ച്- അവർ ആരെല്ലാമാണ്, അവർക്ക് എന്തൊക്കെ അറിയാം, അവരുടെ അനുഭവങ്ങൾ എന്തെല്ലാമാണ് എന്നിവയെല്ലാം - അറിയുവാൻ അത് സഹായകമാകും.

## ആത്മീക നിരീക്ഷണങ്ങൾ കണ്ടുപിടിക്കുന്നതിന്റെ പുരവലോകന സംഗ്രഹം - വൈസ് കൗൺസലർ

ഒരു ഗ്രാമത്തിലെ ജനങ്ങൾ ഒരു കിണറിനെക്കുറിച്ചും അതിലെ വെള്ളം ഉപയോഗിക്കുന്നതിന്റെ അവകാശത്തെക്കുറിച്ചും ദീർഘകാലമായി വാക്കുതർക്കത്തിലായിരുന്നു. അതുകൊണ്ട് അവർ ഒരു ജ്ഞാനിയായ ഉപദേഷ്ടാവിനെ സമീപിച്ച് ഉപദേശം തേടി. ഈ ഉപദേഷ്ടാവ് ചോദ്യങ്ങൾ ചോദിക്കാറുണ്ടെന്ന് പ്രസിദ്ധമായിരുന്നു. നല്ല ഉപദേശം നൽകണമെങ്കിൽ പ്രശ്നമെന്താണെന്ന് നന്നായിട്ട് മനസ്സിലാക്കേണ്ടത് ആവശ്യമാണ് അതുകൊണ്ടാണ് അദ്ദേഹം ചോദ്യങ്ങൾ ചോദിക്കുക പതിവായിരുന്നത്.

അപ്രകാരം, ഉപദേഷ്ടാവ് ആദ്യം ചോദിച്ചത്. "അതിന്റെ സാഹചര്യം നിങ്ങൾക്ക് ചുരുക്കമായിട്ട് ഒന്ന് പറയുവാൻ കഴിയുമോ? നിങ്ങളെ വിഷമിപ്പിക്കുന്നതായ പ്രശ്നം എന്താണ്? ചുരുക്കമായി പറയുക."

ഗ്രാമീണർ അവരുടെ പ്രശ്നം എന്താണെന്ന് ചുരുക്കമായി പറഞ്ഞു കഴിഞ്ഞപ്പോൾ അദ്ദേഹം ബുദ്ധിപൂർവ്വം അവരോട് ചോദിച്ചു. "ഈ പ്രശ്നം ഉണ്ടാകുന്നതിന് മുമ്പായി എന്താണ് സംഭവിച്ചതെന്ന് പറയാമെങ്കിൽ, പ്രശ്നത്തിന്റെ മൂലകാരണമെന്താണെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നു." വാക്കു തർക്കത്തിലേക്ക് നയിച്ച സംഭവത്തെക്കുറിച്ച് ഗ്രാമീണർ പറഞ്ഞു കഴിഞ്ഞപ്പോൾ ഉപദേഷ്ടാവ് ചോദിച്ചു. "ആ സംഭവം ആദിയോടന്തം സാവധാനത്തിൽ എന്നോട് പറയാമോ?" അതുകൊണ്ട് ഗ്രാമീണർ ആ കഥ വീണ്ടും പറഞ്ഞു തുടങ്ങി.

ഗ്രാമീണർ അവരുടെ പ്രശ്നത്തിന്റെ പശ്ചാത്തലം ഒരു ഘട്ടം വരെ പറഞ്ഞപ്പോൾ ഉപദേഷ്ടാവ് അവരോട് സംസാരം നിർത്താൻ പറഞ്ഞു എന്നിട്ട് ആവശ്യപ്പെട്ടത്. "ഇനി, എന്നോട് പറയുക, ഈ സന്ദർഭത്തിൽ നിങ്ങളിൽ ആരെങ്കിലും എന്തെങ്കിലും പറയുകയോ, ചെയ്യുകയോ ഉണ്ടായോ? നിങ്ങളുടെ വാക്കു തർക്കത്തിന്റെ ഉത്ഭവകാരണം എന്താണെന്ന് അതിൽ നിന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നു."

ഗ്രാമീണർ മറുപടി നൽകി. അനന്തരം ഉപദേഷ്ടാവ് ചോദിച്ചു "ആ സമയത്ത് നിങ്ങളിൽ ആരെങ്കിലും എന്തെങ്കിലും വ്യവസ്ഥകൾ പറഞ്ഞുവോ?" വ്യവസ്ഥകൾ വച്ചിട്ടുണ്ടെങ്കിൽ, അതല്ലാതെ മറ്റേതെങ്കിലും വ്യവസ്ഥ വയ്ക്കാൻ കഴിയുമായിരുന്നോ? വ്യവസ്ഥയെക്കുറിച്ച് പറഞ്ഞപ്പോൾ ഉപദേഷ്ടാവ് ചോദിച്ചു. ആ വ്യവസ്ഥ കൊണ്ട് നിങ്ങൾക്ക് എന്ത് ഫലമുണ്ടായി? മറ്റ് ആർക്കെങ്കിലും കൂടി അതുകൊണ്ടുള്ള പ്രയോജനം ഉണ്ടാകുമായിരുന്നോ?

അങ്ങനെ, ആ ഉപദേഷ്ടാവ് ഈ വിധത്തിൽ ഉപദേശം തുടർന്നു."നിങ്ങളുടെ കഥ തുടർന്നു പറയൂ കേൾക്കട്ടെ." എന്ന് ഉപദേഷ്ടാവ് ഗ്രാമീണരോട് ആവശ്യപ്പെട്ടു, ഗ്രാമീണർ അവരുടെ കഥ തുടർന്നു. കുറെ സംഗതികൾ കൂടി പറഞ്ഞപ്പോൾ ഉപദേഷ്ടാവ് നിർദ്ദേശിച്ചു. "ഒന്നു നില്ക്കണെ, ഞാൻ ഒരു കാര്യം ചോദിക്കട്ടെ." ഗ്രാമീണർ എന്തെല്ലാം പറഞ്ഞു? എന്തെല്ലാം ചെയ്തു? എന്തെല്ലാം വ്യവസ്ഥകൾ വച്ചു? അഥവാ, വേറെ എന്തെല്ലാം വ്യവസ്ഥകൾ വയ്ക്കാമായിരുന്നു? അതിന്റെ ഫലം എന്തായിരുന്നു? നിങ്ങളുടെ വ്യവസ്ഥകൾ കൊണ്ടുണ്ടായ ദൂരവ്യാപകമായ ഫലം എന്തായിരുന്നു? "എന്നിങ്ങനെയുള്ള സാധാരണ ചോദ്യങ്ങൾ എല്ലാം ചോദിച്ചു."

അവസാനം അവർ കഥ പറഞ്ഞുതീർത്തു. അപ്പോഴേക്കും അവരുടെ പ്രശ്നങ്ങൾ കാര്യകാരണസഹിതം ഉപദേഷ്ടാവിന്ന് വ്യക്തമായിക്കഴിഞ്ഞതുകൊണ്ട്, അവരുടെ പ്രശ്നത്തിന് ഉപയുക്തമായ പരിഹാര മാർഗ്ഗം കണ്ടെത്താൻ ഉപദേഷ്ടാവിന് കഴിഞ്ഞു അവർക്ക് സ്വീകാര്യമായ നല്ല ഉപദേശം നൽകുകയും ചെയ്തു.

"കഥകൾ മാത്രം" പദ്ധതിയിൽ നാം അഭിലഷിക്കുന്നത് ഓരോ കഥയിലും ഉൾക്കൊള്ളുന്ന വിലയേറിയ വിജ്ഞാനവിവരം എന്താണെന്ന് കണ്ടെത്തുക എന്നതാണ്. ബൈബിൾ കഥകളിൽ ഓരോന്നിലുമുള്ള ആത്മീക സന്ദേശം എന്താണെന്ന് കണ്ടെത്തണം. ഈ നിധികൾ എവിടെ എല്ലാമാണെന്ന് കണ്ടുപിടിക്കുന്നതിനുവേണ്ടി വൈസ് കൗൺസലർ ചെയ്തതുപോലെ, ഉചിതമായ ചോദ്യങ്ങൾ ചോദിക്കണം. കഥയിൽ സംഭവിച്ച കാര്യങ്ങൾ മാത്രം ചോദിക്കുന്നത് ചരിത്രപഠനം മാത്രമാണ്. ആത്മീകനിധികൾ കണ്ടുപിടിക്കുന്നത് കഥയുടെ ആഴത്തിലേക്ക് ഇറങ്ങി വിചിന്തനം ചെയ്യുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതിന്റെ ഫലമാകുന്നു. നമുക്ക്

ഓരോ കഥയിൽ നിന്നും എന്തുപഠിക്കാൻ കഴിയുമെന്നതാണ് നാം അന്വേഷിക്കേണ്ടത് അതാണ് നമ്മുടെ അഭിവാഞ്ഛ.

വൈസ് കൗൺസലർ ഗ്രാമീണരോട് അവരുടെ പ്രശ്നത്തിന്റെ പശ്ചാത്തലം ചുരുക്കമായി വിവരിക്കുവാൻ ആവശ്യപ്പെട്ടത് ഓർമ്മിക്കുന്നുണ്ടല്ലോ. ഭൂരിഭാഗം ബൈബിൾ കഥകളിലും എന്തെങ്കിലും പ്രശ്നമോ സംഘർഷമോ ഉണ്ടായിരിക്കും. നമ്മൾ അതിനെ കഥയുടെ പശ്ചാത്തലം എന്ന് പറയുന്നു, അഥവാ, കഥയുടെ "സാഹചര്യം" എന്ന് വിളിക്കുന്നു. ഓരോ കഥയിലൂടെയും നമ്മൾ സാവധാനം വിചിന്തനം ചെയ്യുകയും, ചോദ്യങ്ങൾ ചോദിക്കുകയും ചെയ്ത് കടന്നു പോകുന്നതിനുമുമ്പുതന്നെ കഥയുടെ പശ്ചാത്തലവും, കഥയുടെ സാഹചര്യങ്ങളും കഥയിലെ പ്രശ്നങ്ങളും എന്താണെന്ന് കണ്ടെത്തുന്നുത് കഥയിലുള്ള ജനങ്ങൾ വിശന്നിരിക്കുകയാണോ, എന്തെങ്കിലും ആപത്തിലാണോ? അവർ ഭയന്നിരിക്കയാണോ? ചന്താകുഴപ്പത്തിലാണോ? എന്തെങ്കിലും പിണക്കത്തിലോ വിയോജിപ്പിലോ ആണോ?

കഥയുടെ പശ്ചാത്തലവും സാഹചര്യവും മനസ്സിലാക്കുമ്പോൾ കഥയിലെ ജനങ്ങൾ തയാർത്ഥ വ്യക്തികളായി നമുക്ക് അനുഭവപ്പെടുന്നു. വൈകാരികമായി നമ്മൾ കഥയിലേക്ക് സമാകർഷിക്കപ്പെടുന്നു. അപ്രകാരമൊരു സാഹചര്യത്തിൽ അകപ്പെടുന്ന മനുഷ്യർക്ക് എന്ത് അനുഭവമായിരിക്കും ഉണ്ടാകുന്നതെന്ന് നമുക്ക് മനസ്സിലാകുന്നു.

ഗ്രാമീണരോട് അവരുടെ പ്രശ്നത്തിന്റെ കഥ പറയുവാൻ ആവശ്യപ്പെടുന്നതിന് മുമ്പ് വൈസ് കൗൺസലർ ആവശ്യപ്പെട്ടത് അവരുടെ പ്രശ്നം ഉണ്ടായതിനുമുമ്പ് സംഭവിച്ച കാര്യങ്ങൾ ചുരുക്കമായി പറയുന്നതിനാണ്. അപ്രകാരം തന്നെ, ബൈബിൾ കഥയുടെ ഉള്ളിൽ മറഞ്ഞുകിടക്കുന്ന നിധികൾ കണ്ടു പിടിക്കുന്നതിനായി നമ്മൾ കഥയുടെ സാഹചര്യങ്ങളും, സന്ദർഭങ്ങളും എന്തെല്ലാമാണെന്ന് അന്വേഷിക്കുന്നു.

## എന്നാൽ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

ബൈബിൾ കഥയുടെ ചരിത്രപരമായ പശ്ചാത്തലം മനസ്സിലാക്കുന്നത് സഹായകമാണെങ്കിലും, നാം അതിനെക്കാൾ ആഴത്തിൽ അന്വേഷിക്കുന്നു, വൈസ് കൗൺസലറെപ്പോലെ. നമ്മൾ ആത്മീകമായ സന്ദർഭങ്ങളെയും അന്വേഷിക്കുന്നു. കഥയിലെ ജനങ്ങളുടെ ജീവിതത്തിൽ ദൈവം പ്രവർത്തിച്ചുകൊണ്ടിരുന്ന വിധങ്ങളെക്കുറിച്ച് നമ്മൾ അന്വേഷിക്കുന്നു. അവർ ഓരോ സാഹചര്യങ്ങളിൽ ആയിത്തീർന്നത് എങ്ങനെ എന്ന് നാം കണ്ടുപിടിക്കുന്നു. (അഥവാ, കണ്ടുപിടിക്കണം.) അവർ ക്ലേശം അനുഭവിക്കുകയായിരുന്നോ? എത്ര കാലമായി അവർ ദുരിതമനുഭവിക്കുന്നു? അതോ അവർ ദൈവത്തെ സേവിച്ചുകൊണ്ടിരിക്കുകയായിരുന്നോ? കഥയുടെ ആത്മീകപശ്ചാത്തലവും സാഹചര്യങ്ങളും മനസ്സിലാകുമ്പോൾ, നാം അന്വേഷിച്ചുകൊണ്ടിരിക്കുന്ന ആത്മീക സത്ത നമുക്ക് കണ്ടെത്തുവാൻ കഴിയും.

വൈസ് കൗൺസിലർ ഗ്രാമീണരോട് അവരുടെ പ്രശ്നത്തെക്കുറിച്ചുള്ള കഥ സാവധാനത്തിൽ പറയണമെന്ന് ആവശ്യപ്പെട്ടതും, ഓരോരോ ഭാഗത്തും അവർ എന്തെല്ലാം പറഞ്ഞെന്നും, എന്തെല്ലാം ചെയ്തെന്നും, ചോദിച്ചതും ഓർക്കുന്നുണ്ടല്ലോ.? "കഥകൾ മാത്രം" പദ്ധതിയിൽ നാം കഥയുടെ ആരംഭം മുതൽ സാവധാനമായും ശ്രദ്ധയോടുംകൂടെ പറഞ്ഞു തുടങ്ങുന്നു. കഥയെ നമ്മുടെ മനസ്സിൽ കാണുന്നു, കഥ സംഭവിച്ചുകൊണ്ടിരിക്കുന്നതായി മനസ്സിൽ ചിത്രങ്ങൾ തെളിയുന്നു. പഠിതാക്കൾക്ക് കഥയുടെ സംഭവ ഗതി നേരിട്ട് മനസ്സിലാക്കാൻ കഴിയുന്നു. കഥയുടെ അടിസ്ഥാനത്തിൽ നമ്മൾ ചോദിക്കുന്നു. "ബൈബിൾ കഥയുടെ ഓരോ ഭാഗത്തും പങ്കെടുക്കുന്ന കഥാപാത്രങ്ങളുടെ വാക്കുകളിൽ നിന്നും പ്രവൃത്തികളിൽ നിന്നും ആത്മീകമായ എന്തെല്ലാം കാര്യങ്ങളാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്?"

കഥയുടെ ഓരോ ഭാഗത്തുമുള്ള എല്ലാ വ്യക്തികളെയും നാം പരിഗണിക്കുന്നു, യേശുവിനെയും പിതാവാം ദൈവത്തെയും ഉൾപ്പെടെ. "കഥാപാത്രങ്ങൾ പറഞ്ഞവയിൽ നിന്നും ചെയ്തവയിൽ നിന്നും എനിക്ക് എന്ത് പഠിക്കാൻ കഴിയും? അവർ ചെയ്ത വ്യവസ്ഥകളിൽ നിന്നും, ചെയ്യാമായിരുന്ന വ്യവസ്ഥകളിൽ നിന്നും, ആ വ്യവസ്ഥകളിൽ നിന്നുണ്ടായ പ്രത്യക്ഷമായ ഫലങ്ങളിൽ നിന്നും, അവ ആർക്കെല്ലാം ബാധകമായിട്ടുണ്ട് എന്നതിൽ നിന്നും എനിക്ക് ആത്മീകമായി എന്തെല്ലാം പഠിക്കുവാൻ കഴിയും?" ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളെ നമ്മൾ "ആത്മീക നിരീക്ഷണങ്ങൾ" എന്ന് പറയുന്നു.

സാവധാനമായും ശ്രദ്ധയോടുമുള്ള നിധിവേട്ട, നമ്മെപ്പോലെ ജീവിക്കുന്നവരും, ജീവിച്ചവരുമായ യഥാർത്ഥ മനുഷ്യർ അവരുടെ ദൈനം ദിന ജീവിതത്തിൽ അഭിമുഖീകരിച്ച സാഹചര്യങ്ങളിൽ എന്തെല്ലാം സംസാരിച്ചു, എന്തെല്ലാം പ്രവർത്തിച്ചു എന്ന് മനസ്സിലാക്കുവാൻ സഹായിക്കുന്നു. അവർ ചെയ്തതായ വ്യവസ്ഥകളുടെ, അഥവാ ചെയ്യാമായിരുന്ന വ്യവസ്ഥകളുടെ ഫലം എന്തായിരുന്നു എന്നത് പരിഗണിക്കുന്നതിൽനിന്ന് നമുക്ക് ആത്മീകമായി നിരവധി സംഗതികൾ ഗ്രഹിക്കുവാൻ കഴിയുന്നതാണ്.

ദൈവത്തെക്കുറിച്ച് ഒരു ബൈബിൾ കഥയിൽ പേരുപറയുകപോലും ചെയ്തില്ലെങ്കിലും, ദൈവം അതിൽ പ്രവർത്തിച്ചിട്ടുള്ളത് എന്താണെന്ന് നമ്മൾ നിരീക്ഷിക്കുന്നു, വൈസ് കൗൺസലർ ചെയ്തതിനേക്കാൾ അഗാധമായി. മനുഷ്യ ജീവിതത്തിൽ ദൈവം ഓരോ സാഹചര്യത്തിലും ചെയ്യതെന്താണെന്ന് നോക്കുകയും നാം അതിൽ നിന്ന് ആത്മീകമായ സത്യങ്ങൾ പഠിക്കയും ചെയ്യുന്നു.

വേദപുസ്തക കഥകളിൽ ഒരു കാലത്ത് ജീവിച്ചിരുന്നവർ, നമ്മെപ്പോലെ ശ്വാസോച്ഛ്വാസം ചെയ്യുകയും ജീവിതകാര്യങ്ങൾ നിർവ്വഹിക്കുകയും ചെയ്ത യഥാർത്ഥ മനുഷ്യർ, ഓരോരോ ജീവിത സാഹചര്യങ്ങളെ നേരിടുകയും, നിർവ്വഹിക്കുകയും ചെയ്തവർ, ആയിരുന്നു  അവരെക്കുറിച്ച് ചിന്തിച്ചുനോക്കുക. അവർക്കും വികാരങ്ങളും, വിചാരങ്ങളും, വേദനകളും, വിഷമങ്ങളും ഒക്കെ ഉണ്ടായിരുന്നു എന്ന് മനസ്സിലാക്കണം. നിങ്ങൾക്ക് ഉള്ളതുപോലെ അവർക്കും ചേതോവികാരങ്ങൾ ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കുമല്ലോ. ഇപ്രകാരമുള്ള ഒരു സാഹചര്യത്തിൽ അവർക്ക് എന്ത് വികാരഭാവമായിരിക്കും "ഉണ്ടായിട്ടുണ്ടാവുക?" അത്, ഒരു പക്ഷേ അവർക്ക് അനുഭവിപ്പാനുള്ള സംഗതി ആയിരുന്നിട്ടുണ്ടാവില്ല. കഥയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കുന്നതിനായി കഥയിലെ മറ്റ് കഥാപാത്രങ്ങളെക്കുറിച്ച് കൂടി ശ്രദ്ധിച്ച് മനസ്സിലാക്കണം, കഥ പുരോഗമിക്കുന്നതിനനുസരിച്ച്, ഓരോരോ ഭാഗം ഭാഗമായി വിചിന്തനം ചെയ്യണം.

കഥയുടെ ഒന്നാം ഭാഗം നോക്കുകയും ശ്രദ്ധയോടെ നിരീക്ഷിക്കുകയും കാര്യങ്ങൾ ഗ്രഹിക്കുകയും ചെയ്യുക. നിങ്ങളോടുതന്നെ ചോദിക്കുക: "കഥയിലെ മനുഷ്യർ പറയുകയും ചെയ്യുകയും ചെയ്തിട്ടുള്ള കാര്യങ്ങളിൽ നിന്നും എനിക്ക് എന്ത് പഠിക്കാൻ കഴിയും? അവർ ധൈര്യമുള്ളവരാണെന്നു തോന്നുന്നുവോ? അതോ ഭയമുള്ളവരായി തോന്നുന്നുവോ? അവർ ദുഃഖിതരാണോ, സന്തോഷമുള്ളവരാണോ? അവരിൽ കാണപ്പെടുന്നത് മറ്റ് എന്തെങ്കിലും വികാരമാണോ?  അവർക്കു അങ്ങനെ തോന്നാനും അങ്ങനെയൊക്കെ പ്രവർത്തിക്കാനും കാരണം എന്താണെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുമോ?

കഥയുടെ ഓരോ ഭാഗത്തുമുള്ള വ്യവസ്ഥകൾ കണ്ടെത്തുക. കഥാപാത്രത്തിന് മറ്റെന്തെങ്കിലും വ്യവസ്ഥ ചെയ്യാമായിരുന്നു. ഓരോ ബൈബിൾ കഥയിലും ഓരോ വ്യക്തിക്കും, പിതാവാം ദൈവത്തിനും, യേശുവിനും ഉൾപ്പടെ എല്ലാവർക്കും അവർക്കു ചെയ്യാമായിരുന്ന മറ്റു തീരുമാനങ്ങളും വ്യവസ്ഥകളും ഉണ്ടായിരുന്നെന്ന് മനസ്സിലാക്കണം.

കഥാപാത്രങ്ങൾ ഓരോരുത്തർക്കും ചെയ്യാമായിരുന്നതും, സന്ദർഭോചിതമാകുമായിരുന്നതുമായ വ്യവസ്ഥകളും തീരുമാനങ്ങളും നിങ്ങൾ കണ്ടുപിടിക്കുമ്പോഴേക്കും നിങ്ങൾ സത്യം കണ്ടുപിടിച്ചുകഴിഞ്ഞിരിക്കും. അവർ ചെയ്ത തീരുമാനങ്ങളും, വ്യവസ്ഥകളും ആദ്യമായി അവരുടെ മനസ്സിലാണ് രൂപീകരിച്ചത്. അനന്തരം അതിൻപ്രകാരം അവർ പ്രവർത്തിക്കുകയാണുണ്ടായത്.

നിങ്ങൾ അപഗ്രഥിച്ച് പഠിച്ചുകൊണ്ടിരിക്കുന്ന കഥയിൽ അവർ നിർവ്വഹിച്ചതായ വ്യവസ്ഥകളാണ് കാണാൻ കഴിയുന്നത്.

ചിന്തിച്ചു തുടങ്ങുക: "മറ്റേതെങ്കിലും വ്യവസ്ഥകൾ അതിനേക്കാൾ മെച്ചമായിട്ട് രൂപീകരിക്കാമായിരുന്നില്ലേ? ചിലപ്പോൾ, അത്രയും ബുദ്ധി പൂർവ്വകമല്ലെങ്കിലും, മറ്റെന്തെങ്കിലും തീരുമാനം എടുക്കാമായിരുന്നോ?"

വ്യവസ്ഥ മോശമായിരുന്നിരിക്കാം, അതിന്റെ ഫലം വിപരീതവുമായിരുന്നു എന്ന് നിങ്ങൾ മനസ്സിലാക്കുന്നു. വ്യവസ്ഥയുടെ ഫലമായുണ്ടായ ഫലം വേദനിപ്പിക്കുന്നതായിരുന്നു. ഒരു പക്ഷേ വ്യവസ്ഥ നന്നായിരിക്കയും അതിന്റെ ഫലമായി അനുകൂലമായ ഏതെങ്കിലും കാര്യങ്ങൾ സംഭവിച്ചു കഴിഞ്ഞു. ഒരു പക്ഷേ, എന്തോ സംഗതി വിസ്മയകരമായി സംഭവിച്ചു. ഒരുവേള ആരംഭത്തിൽ, മോശമായ ഫലമായിരിക്കുമെന്ന് വിചാരിച്ചിരുന്നത്, പിന്നീട് നന്നായി പരിണമിച്ചിട്ടുണ്ടാകും. നിങ്ങൾക്ക് വിസ്മയമുണ്ടാകേണ്ടതാണ്. കഥയുടെ

ഈ ഭാഗത്ത് ആർക്കെല്ലാമാണ് അവർ രൂപീകരിച്ച വ്യവസ്ഥകൾ മുഖേനയോ, കൈക്കൊണ്ട തീരുമാനങ്ങൾ മുഖേനയോ, പ്രസക്തമായ അനുഭവങ്ങൾ ഉണ്ടായത്? ആരെയെല്ലാമാണ് ആ വ്യവസ്ഥകൾ ബാധിച്ചത്, അവരെ എങ്ങനെയെല്ലാമാണ് അവ ബാധിച്ചത്?

നിങ്ങൾ സ്വയം ചോദിക്കുക: "ഈ കഥയിൽ ഞാൻ ദൈവത്തെ എപ്രകാരം കാണുന്നു? ദൈവം ചെയ്യുന്ന കാര്യങ്ങളിൽ നിന്നും പറയുന്ന സംഗതികളിൽ നിന്നും ഞാൻ ദൈവത്തെക്കുറിച്ച് എന്ത് പഠിക്കുന്നു?"

അങ്ങനെയാണ് നമ്മൾ" ആത്മീക നിരീക്ഷണങ്ങൾ" കണ്ടുപിടിക്കുന്നത്? കഥയുടെ ഓരോ ഭാഗത്തും നമ്മൾ ഇതുപോലുള്ള ചോദ്യങ്ങൾ ചോദിക്കുന്നു. കഥാപാത്രങ്ങളുടെ വാക്കുകൾ, പ്രവൃത്തികൾ, കൈക്കൊണ്ട വ്യവസ്ഥകളും തീരുമാനങ്ങളും, അഥവാ, ചെയ്യാമായിരുന്നതായ വ്യവസ്ഥകളും തീരുമാനങ്ങളും, അങ്ങനെ കഥയുടെ എല്ലാ സംഗതികളും നമ്മൾ നിരീക്ഷണവിധേയമാക്കുന്നു. അന്യോന്യമോ മറ്റുള്ളവരിലോ ചെലുത്തുന്ന സ്വാധീനശക്തിയും ഫലങ്ങളും പഠനവിഷയമാക്കുന്നു. അപ്പോഴെല്ലാം നാം ചോദിക്കുന്നു." ദൈവം അവിടെ എന്തെല്ലാമാണ് ചെയ്തിട്ടുള്ളത്? അവരുടെ ഓരോരുത്തരുടെയും ജീവിതത്തിൽ എന്തെല്ലാം സംഭവിക്കുന്നതിനാണ് അനുവദിക്കുന്നത്? ദൈവം അവരെ നിയന്ത്രിക്കുന്നത് എങ്ങനെയാണ്? ദൈവത്തിന് ഇവയിലുള്ള പങ്ക് എന്താണ്?"

ആത്മീക നിധികൾക്കുവേണ്ടി നിങ്ങൾ ഓരോ കഥയിലും അന്വേഷണം നടത്തുമ്പോൾ വൈസ് കൗൺസലറുടെ ചോദ്യങ്ങൾക്ക് ചുവടേ ചേർക്കുന്ന വ്യതിയാനങ്ങൾ വരുത്താവുന്നതാണ്.

- ഈ കഥാപാത്രം ഈ കഥാസംഭവത്തിൽ എന്താണ് ചെയ്ത്?
- ആത്മീകമായി ഈ സംഗതി, ആ വ്യക്തിയെ സംബന്ധിച്ച് എന്താണ് ദൃശ്യമാക്കിത്തരുന്നത്?
- ആ വ്യക്തി (കഥയിലെ ഓരോ വ്യക്തിയും) ഒരു വിശ്വാസിയാണോ, രക്ഷാന്വേഷകനാണോ, സംശയാലു ആണോ, നിഷേധിയാണോ, എന്നിങ്ങനെ കഥയിൽ നിന്ന് നമുക്ക് അറിവ് ലഭിക്കുന്നുണ്ടോ?
- വിശ്വാസമോ സംശയമോ എന്താണ് ദൃശ്യമാകുന്നത്?
- കഥയിലെ ഓരോ സന്ദർഭത്തെയും, സാഹചര്യത്തെയും മുന്നറിയിപ്പുകൾ നൽകുന്നതിനോ, പഠിപ്പിക്കുന്നതിനോ, പ്രോത്സാഹിപ്പിക്കുന്നതിനോ വേണ്ടി ദൈവം എപ്രകാരമാണ് ഉപയോഗിച്ചത്?

വിശദവിവരങ്ങൾ അറിവാൻ താല്പര്യം ഉള്ളവർക്കായി ചുവടേ ചേർക്കുന്ന മാതൃകാ ചോദ്യങ്ങൾ, ആത്മീക നിധികൾ കണ്ടു പിടിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്. ഓരോ കഥയിലും അന്തർലീനമായിരിക്കുന്ന ആത്മീകനിധികളുടെ സമ്പത്ത് കണ്ടുപിടിക്കുന്നതിനുവേണ്ടി നിങ്ങൾക്ക് വൈവിധ്യമാർന്ന ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്. ചുവടേ ചേർത്തിരിക്കുന്നവ മാതൃകകൾ മാത്രമാണ്. നിങ്ങൾക്ക് ഉചിതമായ ചോദ്യങ്ങൾ രൂപീകരിക്കുന്നതിനുവേണ്ടിയുള്ള സഹായനിർദ്ദേശങ്ങളാണ്, ഓരോ കഥയിലുമുള്ള ആത്മീകനിധികൾ അപ്രകാരം കണ്ടുപിടിക്കാം.

### സ്വയം ചോദിക്കുക:-

- ✦ എന്നെ വിസ്മയിപ്പിച്ച എന്തെങ്കിലും സംഗതി കഥയിലുണ്ടോ? ദൈവത്തിന്റെ പ്രവർത്തനങ്ങളോ മനുഷ്യരുടെ ചെയ്തികളോ, അഥവാ മനുഷ്യരുടെ പെരുമാറ്റങ്ങളുടെ പ്രത്യാഘാതങ്ങളോ? നിങ്ങൾ സൂക്ഷ്മതയോടെ ശ്രദ്ധിക്കുമ്പോൾ, ദൈവം ഓരോ കഥയെയും എപ്രകാരമാണ് വേദപുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നത് എന്ന് കാണാം. ഓരോ കഥാഭാഗത്തുമുള്ള വിസ്മയനീയമായ സംഗതികളുടെ കാരണം എന്താണെന്ന് കണ്ടുപിടിക്കുവാൻ കഴിയുമോ എന്ന് നോക്കുക.
- ✦ കഥാപാത്രങ്ങൾ ആരെല്ലാമാണ്, അവർ അപ്രകാരം പെരുമാറാൻ കാരണമെന്താണ്? എന്നും മറ്റും മനസ്സിലാക്കുന്നതിന് ശ്രമിക്കുക.
- ✦ ദൈവത്തിന്റെ ഗുണവിശേഷങ്ങളായ ക്ഷമ, ദീർഘക്ഷാന്തി, കോപം, പരിജ്ഞാനം, ദയവ്, കൃപ, കരുണ, ബലഹീനരോടുള്ള കരുതൽ എല്ലാ മനുഷ്യരോടും ഒരുപോലെയുള്ള ബഹുമാനം നൽകുക,

എന്നിവയും സാർവ്വ ലൗകീകമായ സ്നേഹം ആചരിക്കുകയും. ഇത്യാദിഗുണങ്ങൾ കഥയിൽ ഞാൻ കാണുന്നുണ്ടോ?

- ഈ സ്വഭാവഗുണങ്ങൾ ദൈവം ആരോടെല്ലാം പ്രദർശിപ്പിച്ചു? അത്, എന്നെ എന്തെങ്കിലും പഠിപ്പിച്ചുവോ?
- കഥയിലുള്ള വ്യക്തികൾ വിശ്വാസികളാണോ, അവിശ്വാസികളാണോ? കഥയിൽ നിന്ന് എനിക്ക്, അത് അറിവാൻ കഴിയുമോ?
- കഥയിലുള്ള മനുഷ്യർ ആത്മാർത്ഥമായി രക്ഷയെ അന്വേഷിക്കുന്നവരാണോ? വിശ്വാസവിരോധികളോ, മതനിഷേധികളോ ആണോ? അതോ കടുത്ത ദൈവനിഷേധികളാണോ?
- കഥയിലുള്ള ആർക്കെങ്കിലും എന്തെങ്കിലും പ്രശ്നം ഉണ്ടോ? ഉണ്ടെങ്കിൽ ആ പ്രശ്നത്തിന്റെ ഗൗരവം എന്താണ്?
- പ്രശ്നങ്ങൾ ഉള്ള വ്യക്തി ആ ബുദ്ധിമുട്ടിനെ കൈകാര്യം ചെയ്യുവാൻ എങ്ങനെ പരിശ്രമിക്കുന്നുണ്ട്?
- പ്രശ്നങ്ങൾ ഉള്ള വ്യക്തി ദൈവത്തിൽ നിന്നുള്ള സഹായത്തിനായി ദൈവത്തെ സമീപിച്ചാൽ അയാൾ എങ്ങനെ ആയിരിക്കും, ദൈവത്തോട് സഹായം അഭ്യർത്ഥിക്കുന്നത്.
- ആ മനുഷ്യൻ ദൈവത്തോട് ആദരവോടെയാണോ, പിടിപാശിയോടെയാണോ സമീപിച്ചത്?
- അയാളുടെ സമീപനത്തിന് ദൈവം എന്ത് പ്രതികരണമാണ് ചെയ്തത്? അത് നമ്മെ എന്ത് പഠിപ്പിക്കുന്നു.
- ഈ കഥയിൽ ദൈവത്തെ അനുസരിക്കുന്ന ഒരു നേതാവുണ്ടോ? ഉണ്ടെങ്കിൽ അയാളുടെ അനുസരണത്തിന്റെ ഫലങ്ങൾ എന്തെല്ലാം ആണ്?
- ദൈവത്തെ അനുസരിക്കാത്ത ഒരു നായകൻ ഈ കഥയിലുണ്ടോ? ഉണ്ടെങ്കിൽ അയാളുടെ അനുസരണകേടിന്റെ ഫലങ്ങൾ എന്തെല്ലാം ആണ്?
- കഥയിലുള്ള ആരെങ്കിലും വിശ്വാസങ്ങൾ മാറ്റുകയോ മനോഭാവങ്ങൾ തിരുത്തുകയോ ചെയ്യുന്നുണ്ടോ?
- കഥാപാത്രങ്ങളിൽ ആരെങ്കിലും വിശ്വാസം, സ്നേഹം, കരുണ, കോപം, ഭയം, ആശ, മുൻവിധി, സംശയം, ദുരാഗ്രഹം, ആശയക്കുഴപ്പം, ആജ്ഞത, ജ്ഞാനം, ബഹുമാനം, അപമാനം, അന്ധവിശ്വാസം, മറ്റ് ഏതെങ്കിലും ചേതോവികാരങ്ങൾ എന്നിവ ഉള്ളതിന്റെ ലക്ഷണങ്ങളും, തെളിവുകളും ദൃശ്യമാക്കുന്നുണ്ടോ?
- ആ മനുഷ്യരുടെ വിശ്വാസങ്ങളോടും, വികാരവിചാരങ്ങളോടും, വാക്കുകളോടും, പ്രവൃത്തികളോടും ദൈവം എങ്ങനെ പ്രതികരിക്കുന്നു. ദൈവത്തിന്റെ പ്രതികരണങ്ങൾ നമ്മെ എന്ത് പഠിപ്പിക്കുന്നു?
- ചില കഥാപാത്രങ്ങൾ പെരുമാറ്റങ്ങളിൽ മാറ്റം വരുത്തുന്നുണ്ടോ?
- അവർ, അങ്ങനെ മാറ്റങ്ങൾ വരുത്തുവാൻ യഥാർത്ഥ കാരണമെന്ത്?
- അവർ അങ്ങനെ മാറ്റങ്ങൾ വരുത്തുന്നതിനാൽ എന്ത് സംഭവിക്കുന്നു? അത് നമ്മെ എന്ത് പഠിപ്പിക്കുന്നു?
- കഥയിൽ എന്തെങ്കിലും അത്ഭുതമോ, പ്രകൃത്യാതീത സംഭവമോ ഉണ്ടാകുന്നുണ്ടൊ? ഉണ്ടെങ്കിൽ അത് കഥയിലെ മനുഷ്യരുടെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നു?

## “ആത്മീകമായ പ്രായോഗിതകോപയോഗങ്ങൾ എന്ന നിധികൾ കണ്ടുപിടിക്കുന്നത് എങ്ങനെ?

**ആത്മീക ഉപയോഗങ്ങൾ കണ്ടു പിടിക്കുന്നു.** ഒരു കഥയെ സൂക്ഷ്മമായി പഠിച്ചതിനുശേഷം, അതിന് നമ്മുടെ ആനുകാലിക ജീവിതവുമായി എന്ത് അർത്ഥമാണുള്ളത് എന്ന് അറിയുവാൻ നാം ആഗ്രഹിക്കുന്നു.

നാം ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചതായ കഥയിലേക്ക് നമ്മെത്തന്നെ സന്നിവേശിപ്പിച്ചുകൊണ്ട് നമുക്ക് ഇത് സാദ്ധ്യമാക്കാം. “ആത്മീകമായ പ്രായോഗികോപയോഗങ്ങൾ” കണ്ടുപിടിക്കുന്നതിന്റെ പ്രക്രീയ ഇതാണ്. കഥയിൽ സംഭവഗതികൾ നോക്കുകയും കണ്ടു മനസ്സിലാക്കുകയും ചെയ്തു. ഇനിയും കഥയുടെ ഉള്ളിൽ നിന്നുകൊണ്ട് ഓരോരോ വിഭാഗം വിഭാഗമായി, നമ്മൾ കണ്ടെത്തിയ ആത്മീക നിരീക്ഷണങ്ങളെ നമ്മൾ സന്ദർശിക്കുന്നു.

**STS പദ്ധതിയുടെ വിജയത്തിലേക്കുള്ള താക്കോൽ** ആത്മീകമായ പ്രായോഗികോപയോഗങ്ങൾ നിങ്ങൾ ബൈബിൾ കഥയുടെ ഉള്ളിൽ നിന്ന് കണ്ടുപിടിച്ചതായ ആത്മീക നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കിവേണം രൂപീകരിക്കേണ്ടത്.

### നിങ്ങൾ സ്വയം ഈ ചോദ്യങ്ങൾ ചോദിച്ചു നോക്കുക.

1. ഉം!......... ഞാൻ കഥയിൽ നിരീക്ഷിച്ചതായ ആ സാഹചര്യം ......... അതുപോലെ എന്തെങ്കിലും ഇന്ന് സംഭവിക്കുന്നുണ്ടോ?
2. ഉണ്ടെങ്കിൽ, അതുപോലുള്ള സംഭവങ്ങൾ എപ്രകാരമെല്ലാമാണ് സംഭവിക്കുന്നത്?
3. അതുപോലെ എന്തെങ്കിലും എനിക്കോ, എന്റെ പരിചയത്തിലോ അറിവിലോ ഉള്ള ആർക്കെങ്കിലുമോ സംഭവിച്ചിട്ടുണ്ടോ?
4. അത് ഇപ്പോഴും സംഭവിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, അത് എങ്ങനെയാണ് സംഭവിക്കുന്നത്? കഥയിലുള്ള, സംഗതിക്ക് എങ്ങനെ സഹായിപ്പാൻ കഴിയും?

ആത്മീക നിരീക്ഷണങ്ങൾ കണ്ടെത്തുന്നതിന് നിങ്ങളെ സഹായിച്ച ചോദ്യങ്ങൾ തന്നെ ഇപ്പോഴും ഉപയോഗിക്കണം, വ്യക്തിപരമായ ആത്മീക ഉപയോഗങ്ങൾ കണ്ടുപിടിക്കുന്നതിനുവേണ്ടി. അതിനായി ഈ ചോദ്യങ്ങൾ കൂടി ചോദിക്കാവുന്നതാണ്.

- അതെ, മുമ്പോരിക്കൽ അത് എനിക്ക് സംഭവിച്ചിട്ടുണ്ട്. ഞാൻ അപ്പോൾ എന്താണ് ചെയ്തത്? എന്താണ് പറഞ്ഞത്?
- എനിക്ക് എന്തെങ്കിലും വ്യവസ്ഥകൾ ഉണ്ടായിരുന്നോ? ഞാൻ എന്ത് വ്യവസ്ഥയാണ് ചെയ്തത്?
- എനിക്ക് എന്തുചെയ്യാൻ കഴിയുമായിരുന്നു? ഞാൻ എന്താണ് ചെയ്തത്? അതിന്റെ ഫലം എന്തായിരുന്നു?
- എന്റെ തീരുമാനം ആരെയെല്ലാം ബാധിച്ചു? അവരെ അത് ബാധിച്ചത് എങ്ങനെയായിരുന്നു?
- അതുപോലെയുള്ള എന്തെങ്കിലും സംഭവത്തിലൂടെ ഞാൻ ഇപ്പോൾ കടന്നു പോകുകയാണോ? ഞാൻ എങ്ങനെയാണ് പ്രതികരിക്കുന്നത്? കഥയിലെ സംഭവങ്ങളിൽ നിന്ന് ഞാൻ എന്താണ് പഠിച്ചത്? എന്റെ ജീവിത സാഹചര്യങ്ങളിൽ ഞാൻ എന്താണ് ചെയ്യേണ്ടതെന്ന് അത് എന്നെ എപ്രകാരമാണ് സഹായിക്കുന്നത്?

### അവസാനമായി, കഥയുമായുള്ള ബന്ധത്തിൽ സ്വയം ചോദിക്കുക.

- എന്റെ പ്രശ്നങ്ങളിലും, ജീവിത സാഹചര്യങ്ങളിലും ദൈവം എങ്ങനെ പ്രവർത്തിക്കുന്നു എന്നാണ് ഞാൻ കാണുന്നത്?
- ദൈവത്തെക്കുറിച്ചും ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചും ഞാൻ എന്താണ് പഠിച്ചത്? അഥവാ, പഠിക്കേണ്ടതായിരുന്നു?

ബൈബിൾ കഥ നിങ്ങൾ ആദ്യമായി വായിക്കുമ്പോൾ അതിന്റെ ഉള്ളടക്കം ചിന്താക്കുഴപ്പം ഉണ്ടാക്കുന്നതായി തോന്നിയേക്കും. കഥയിലെ ഓരോരോ വ്യക്തിയോടും ദൈവം ഓരോ വിധത്തിൽ പ്രതികരിക്കുന്നതിന്റെ കാരണം എന്താണെന്ന് നിങ്ങൾ അത്ഭുതപ്പെട്ടേക്കും. ചിലപ്പോൾ നിങ്ങൾ ഒരു കഥ വായിക്കുമ്പോൾ ഇങ്ങനെ ചിന്തിച്ചേക്കും “ഇത് ഒരു നല്ല കഥയാണ്. എന്നാൽ ഈ കഥയിൽ ഞാൻ ആത്മീകമായി യാതൊന്നും കാണുന്നില്ല. ഇത് എന്റെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്ന് തീർച്ചയായും എനിക്ക് മനസ്സിലാകു

ന്നില്ല." ഇത് അന്വേഷിക്കുക. ഓരോ ബൈബിൾ കഥയിലും നമുക്ക് വേണ്ടി എന്തെങ്കിലും നൽകപ്പെട്ടിരിക്കും. തിരുവെഴുത്തുകളിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന സകല വിധ വിജ്ഞാനത്തിന്റെയും ഉപയോഗത്തെക്കുറിച്ച്, ചുവടേ ചേർത്തിരിക്കുന്ന രണ്ട് തിരുവചന ഭാഗങ്ങളിൽ നിന്ന് നിങ്ങൾക്ക് കണ്ടുപിടിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുക. ഒരു കഥയിൽ ദൈവം അപ്രകാരം പ്രവർത്തിച്ചിട്ടുള്ളതിന്റെ കാരണം എന്താണെന്ന് കണ്ടുപിടിക്കുവാൻ ഉദ്യമിക്കുന്നതിനായി ഈ ആന്തരീക ദർശനം നിങ്ങളെ ശക്തീകരിക്കുന്നതാണ്. ഓരോ ബൈബിൾ വായനാ ഭാഗത്തും ആത്മീക നിരീക്ഷണങ്ങളും, ആത്മീകമായ പ്രായോഗികോപയോഗങ്ങളും ഉണ്ടെന്ന് മനസ്സിലാക്കുവാനും ചുവടേ ചേർത്തിരിക്കുന്ന വേദഭാഗങ്ങൾ നിങ്ങളെ സഹായിക്കുന്നതാണ്.

"എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച്, തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും,... പ്രയോജനമുള്ളത് ആകുന്നു." (II തിമോഥെയോസ് 3:16,17).

"ഇത് ദൃഷ്ടാന്തമായിട്ട് അവർക്കുസംഭവിച്ചു. ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധ്യുപദേശത്തിന്നായി എഴുതിയുമരിക്കുന്നു. ആകയാൽ, താൻ നിൽക്കുന്നു എന്ന് തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ. മനുഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തൻ; നിങ്ങൾക്ക് കഴിയുന്നതിന് മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ, നിങ്ങൾക്ക് സഹിപ്പാൻ കഴിയേണ്ടതിന്ന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും". (I കൊരി 10:11-13)

ഈ വേദവാക്യങ്ങൾ പ്രസ്താവിക്കുന്നത് വേദപുസ്തകത്തിലെ എല്ലാ വാക്കുകളും, കഥകളിലെ വാക്കുകൾ ഉൾപ്പടെ, ദൈവശ്വാസീയമായി നമുക്കായി, നമുക്കുവേണ്ടി എഴുതപ്പെട്ടവയാണ് എന്നാകുന്നു. വേദപുസ്തകത്തിന്റെ താളുകളുടെ എണ്ണം ഒരു ഇരട്ട സംഖ്യ ആയിരിക്കണമെന്ന് കരുതി ദൈവം കുറെ കഥകൾ ഉൾപ്പെടുത്തിയിരിക്കുകയല്ല. ആകയാൽ, ബൈബിൾ കഥകൾ ഓരോന്നും വളരെ ശ്രദ്ധയോടെ വേണം വായിക്കാൻ. കഥയിലുള്ള സന്ദേശവും, വിജ്ഞാനവും നമുക്ക് എത്രമാത്രം സാർത്ഥകമാണ് എന്ന് കണ്ടുപിടിക്കാൻ ശ്രദ്ധിക്കണം.

കഥാകാഥികനും, ചോദ്യങ്ങൾ രൂപകല്പന ചെയ്യുന്ന ശില്പിയുമായ നിങ്ങൾ ശ്രദ്ധയോടെ വേണം ഓരോ ചുവടും മുമ്പോട്ട് പോകേണ്ടത്.

കഥയിലെ ആത്മീക നിധികൾ നിങ്ങൾ സ്വയം കണ്ടെത്തുന്നതുവരെ ശ്രോതാക്കളെ അതിലേക്ക് നയിക്കാൻ സാദ്ധ്യമല്ല.

കഥാകാഥികനായ നിങ്ങൾ, ഒരു കഥ അവതരിപ്പിക്കുന്നതിനായി തയ്യാറാക്കിക്കൊണ്ടിരിക്കുമ്പോൾ, ആത്മീകമായി പ്രചോദിതനാകുന്നില്ലെങ്കിൽ നിങ്ങൾക്ക് കണ്ടെത്താൻ കഴിയാത്ത ആത്മീക നിധികൾ ലഭ്യമാകുന്നതിനായി ദൈവത്തോട് പ്രാർത്ഥിപ്പാനുള്ള നല്ല സമയമാണിത്. STS നിർദ്ദേശങ്ങൾ എല്ലാം നിങ്ങൾ പാലിച്ചിട്ടുണ്ട്, ഗൈഡ് ലൈൻസ് അനുസരിച്ചുതന്നെ ഒരുങ്ങിക്കൊണ്ടിരിക്കുന്നു, എന്നിട്ടും നിങ്ങൾക്ക് യാതൊരു ആത്മീകസത്യങ്ങളും കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ, നിങ്ങൾ ആ കഥ അവതരിപ്പിക്കാൻ ഇതുവരെയും തയ്യാറായിക്കഴിഞ്ഞിട്ടില്ല എന്ന് മനസ്സിലാക്കണം.

കഥയെ നിങ്ങൾ ഒരു പ്രാവശ്യം വായിച്ചപ്പോൾ തന്നെ കഥയിലുള്ള നിരവധി നിധികളിൽ (ഗുണ പാഠങ്ങൾ) ചിലത് നിങ്ങളുടെ ശ്രദ്ധയിലേക്ക് വന്നു കഴിഞ്ഞാൽ നിങ്ങൾക്ക് ചോദ്യങ്ങൾ രൂപ കല്പന ചെയ്യുവാൻ കഴിയും. നിങ്ങൾ കണ്ടെത്തിയ നിധികൾ നിങ്ങളുടെ പഠിതാക്കൾ കൂടി കണ്ടെത്തുവാൻ അത് പ്രചോദനം നൽകും.

## ചോദ്യങ്ങൾ ചോദിക്കുന്നതിന്റെ പ്രാധാന്യം

നിങ്ങൾ കാൽനടസവാരി ചെയ്യുകയായിരുന്നു. മാർഗ്ഗമദ്ധ്യേ നിങ്ങൾക്ക് ഒരു നിധി കിട്ടി എന്നിരിക്കട്ടെ; നിങ്ങൾക്ക് ആശ്ചര്യ നിർഭരമായ ആഹ്ലാദം അനുഭവപ്പെടുമല്ലോ. നിങ്ങൾ അത് വീട്ടിലേക്ക് കൊണ്ടു പോയി നിങ്ങളുടെ സുഹൃത്തുക്കൾക്കുകൂടി പങ്കിട്ട് കൊടുത്താൽ, അവർക്ക് അത് കൈപ്പറ്റുന്നതിന് വലിയ സന്തോഷം

അനുഭവപ്പെടുമല്ലോ. എന്നാൽ, നിങ്ങൾ അത് കണ്ടുപിടിച്ചപ്പോൾ നിങ്ങൾക്ക് അനുഭവപ്പെട്ട സന്തോഷം നിങ്ങളുടെ സുഹൃത്തുക്കൾക്ക് അനുഭവിക്കാൻ കഴിയില്ല. കണ്ടുപിടുത്തം അതിൽത്തന്നെ ആഹ്ലാദകരമാണ്.

ചർച്ചകളോടുകൂടിയുള്ള ബോധനത്തിന്റെ ആരംഭഘട്ടത്തിൽ ലളിതമായ ചോദ്യങ്ങൾ, ഉത്തരം വേഗത്തിൽ പറയുവാൻ കഴിയുന്ന വിധത്തിലുള്ള ചോദ്യങ്ങൾ, വേണം ചോദിക്കേണ്ടത്. ഇത് വളരെ പ്രധാനമാണ്. STS പദ്ധതിയിലൂടെ വേദപുസ്തകപഠനം നടത്തുന്നതിന്റെ വിജയത്തിന് ഇത് സുപ്രധാനമാണ്.

വേദപുസ്തകത്തിൽ ആത്മീകസത്യങ്ങളുടെ മഹത്തായ നിധി സഞ്ചയമുണ്ടെന്ന് പലർക്കും അറിഞ്ഞുകൂടാ. മറ്റ് ചിലർക്ക് വേദപുസ്തകത്തിൽ ധാരാളം ആത്മീക നിധികൾ ഉണ്ടെന്ന് അറിയാം. അവയെ കണ്ടുപിടിക്കാൻ അവർക്കും കഴിയുന്നതാണെന്ന് അവർക്ക് അറിഞ്ഞുകൂടാ. ലളിതമായ വിജ്ഞാനനിധികൾ എങ്കിലും കണ്ടെത്തുമ്പോൾ അവർക്ക് അനുമോദനം നൽകുകയും, അവരുടെ കണ്ടെത്തലുകളെ അംഗീകരിക്കുകയും ചെയ്താൽ അവർ കൂടുതൽ (ഉത്തരങ്ങൾ) കണ്ടുപിടിക്കുന്നതിന് പ്രോത്സാഹിപ്പിക്കപ്പെടുന്നതാണ്.

ബൈബിൾ സ്റ്റോറിയിലെ സവിശേഷപദങ്ങളും, വാക്കുകളുടെ അർത്ഥങ്ങളും "ശ്രദ്ധയോടെ കേട്ടു മനസ്സിലാക്കുവാൻ" പലർക്കും പരിചയമോ, താല്പര്യമോ ഇല്ല. ആത്മീക നിരീക്ഷണങ്ങൾ പഠിതാക്കൾ സ്വയം കണ്ടുപിടിക്കുന്നതിന് സഹായിക്കുന്ന "സോദ്ദേശപരമായ ചോദ്യങ്ങൾ" (ഉവ്വ്/ഇല്ല/അല്ല-എന്ന ഉത്തരം ലഭിക്കുന്ന ഇനം) ചോദിക്കുന്നതുതന്നെ പഠിതാക്കൾക്ക് സ്വയം ആത്മീക നിധികൾ കണ്ടുപിടിക്കുന്നതിന് പ്രേരണ നൽകുന്നതാണ്.

STS പദ്ധതി പ്രകാരം, നമ്മൾ പുതിയൊരു സംഘം പഠിതാക്കളെ പഠിപ്പിക്കുവാൻ ആരംഭിക്കുമ്പോൾ നാം അവരെ നേരിട്ട് ഒരു നിധിയിലേക്ക് നയിക്കുകയും അത് അവരുടെ കൈകളിലേക്ക് നൽകുകയും ചെയ്യുന്നു. സമർത്ഥനും നിപുണനുമായ ഒരു അദ്ധ്യാപകന് തന്റെ പഠിതാക്കൾ അറിയാതെ തന്നെ അവരെ ആത്മീക നിരീക്ഷണത്തിലേക്ക് നയിക്കാൻ കഴിയും. പഠിതാക്കൾ സ്വയം ഉത്തരങ്ങൾ കണ്ടുപിടിക്കുകയായിരുന്നു എന്നു ചിന്തിച്ചുകൊള്ളും ഏതാനും നിധികൾ അവർ സ്വയമായി കണ്ടുപിടിച്ചു കഴിഞ്ഞാൽ, തുടർന്ന്, ധാരാളം നിധികൾ അവർക്ക് കണ്ടുപിടിക്കാൻ കഴിയുമെന്ന് ഉറപ്പും, വിശ്വാസവും ഉണ്ടാകുന്നു. അതിന്റെ ഫലമായി അവർ കൂടുതൽ നിധികൾ അന്വേഷിച്ച് കണ്ടുപിടിക്കുന്നതാണ്.

ബൈബിൾ സ്കൂളിലോ, സെമിനാരിയിലോ പഠിച്ചിട്ടുള്ളവർക്ക് ഒരു കഥയെ അപഗ്രഥിക്കുന്നത് എങ്ങനെയെന്ന് അറിയാമല്ലോ. ഒരു കഥയെ സമ്പൂർണ്ണമായും ശ്രവിക്കുന്നതിനുള്ള കഴിവ് അവർക്കുണ്ടായിട്ടില്ല. ഞങ്ങൾ മുമ്പ് പ്രസ്താവിച്ചതുപോലെ, STS പദ്ധതി ചെയ്യുന്നത് വേദപുസ്തക കഥയെ ഭാഗം വയ്ക്കുകയല്ല, പ്രത്യുത ഒരു കഥയെ സമ്പൂർണ്ണമായി, സ്വതന്ത്രമായി അവതരിപ്പിക്കുകയാണ്.

## കുഴിയിലേക്ക് ചാടുക

വേദപുസ്തക സംബന്ധമായി അറിയേണ്ട കാര്യങ്ങൾ എല്ലാം അറിയാവുന്നവരാണെന്ന് ചിന്തിക്കുന്ന ചില ആളുകളെ മിക്കപ്പോഴും കാണാറുണ്ടല്ലോ. (അവർക്ക് മതപരമായ വിദ്യാഭ്യാസം ഉണ്ടായിരിക്കാം. ഇല്ലായിരിക്കാം.) അവരെ ഒഴിവാക്കുന്നതിന് നിങ്ങൾ ഒരു ചെറിയ ചോദ്യം ചോദിച്ചാൽ മതി. അഹംഭാവികളായ ഈ മനുഷ്യർ ആ ചോദ്യത്തിന്റെ മീതെക്കൂടി ഒരു കുഴിയിലേക്ക് ചാടുന്നത് കാണാം. കുഴി എന്നു പറയുന്നത് തെറ്റിദ്ധാരണയുടെയോ തെറ്റായ ചിന്താഗതിയുടെയോ പ്രതിഫലനമാണ്. അവർ നൽകുന്ന ഉത്തരത്തിന് ബൈബിൾ കഥയിൽ തെളിവുകളോ, അടിസ്ഥാനമോ ഉണ്ടായിരിക്കയില്ല. അതുകൊണ്ട്, നിങ്ങൾ ചോദിക്കുന്ന ചോദ്യം നേരിട്ട് ഉത്തരം ഉൾക്കൊള്ളുന്നത് ആയിരിക്കയില്ല. ആ ചോദ്യത്തിന് ഈ അജ്ഞാനികൾ തെറ്റായ ഉത്തരം തന്നെ ആയിരിക്കും തരുന്നത്. നിങ്ങൾ ഇങ്ങനെ പ്രതികരിക്കണം: "ഉം! അത് രസകരമായിരിക്കുന്നു." എന്ന് നിർവികാരതയോടെ പറഞ്ഞിട്ട് ചർച്ച തുടരുക.

ചർച്ച പുരോഗമിക്കുമ്പോൾ, ശരിയായ ഉത്തരം തെളിഞ്ഞു വരുകയും, ത്ധഡുതിയായി ഉത്തരം പറഞ്ഞവർ അവരുടെ പിശക് മനസ്സിലാക്കുകയും ചെയ്യും. നിങ്ങൾ അവരെ തിരുത്താൻ പോകണ്ട. അവർക്ക് സംഭവിച്ചതായ പിശക് അവർക്ക് ബോദ്ധ്യപ്പെടും. അവർ വിചാരിച്ചിരുന്നതുപോലെ വേദപുസ്ത സംബന്ധമായി അവർക്ക് യാതൊരു പരിജ്ഞാനവും ഇല്ലെന്ന്, അവർക്ക് മനസ്സിലാകും. അപ്രതീക്ഷിതമായി രഹസ്യക്കുഴി

യിൽ വീഴാനിടയായതിലുള്ള ഞെട്ടൽ, സ്വയം സംതൃപ്തരായിരുന്ന പ്രസ്തു പഠിതാക്കളെ ആത്മാർത്ഥമായി ശ്രദ്ധിച്ച് പഠിക്കുന്നതിന് താല്പര്യമുള്ളവരായിത്തീരുവാൻ പ്രോത്സാഹനം നൽകുന്നതാണ്.

അവർ മുമ്പ് പഠിച്ചിട്ടുള്ളതും, അറിഞ്ഞിട്ടുള്ളതുമായ ബൈബിൾ കഥയെ സംബന്ധിച്ച് അവർ (ശരിയെന്നും, വിശ്വസനീയമെന്നും ചിന്തിച്ചിരുന്നത്) ശരിയല്ലെന്നും, അസാധു ആണെന്നും മനസ്സിലാക്കും. കഥയിൽ അന്തർഭവിച്ചിട്ടുള്ള പല സത്യങ്ങളും അവർക്ക് നഷ്ടമായിട്ടുണ്ടെന്ന് അവർ തിരിച്ചറിയുന്നു. കഥയിൽ യഥാർത്ഥമായി എന്തെല്ലാം സത്യങ്ങൾ അന്തർലീനമായിട്ടുണ്ടെന്നും എന്തെല്ലാം സന്ദേശങ്ങൾ ഗ്രഹിപ്പാനുണ്ടെന്നും കണ്ടെത്തുന്നതിനും, അവയെ ഗ്രഹിക്കുന്നതിനും, കൂടുതൽ ശ്രദ്ധയും, ചുമതലാബോധവും, ചിന്താശക്തിയും അർപ്പിക്കുന്നതിന് അവർ താല്പരരായിത്തീരുന്നതാണ്.

## പരിശുദ്ധാത്മാവ്-മഹാനായ ഗുരു

വിശ്വാസികളായ നാം രക്ഷിക്കപ്പെടാത്തവരെ അഭിമുഖീകരിക്കുമ്പോൾ യോഹന്നാൻ 3:16 ഉദ്ധരിക്കുക മാത്രമേ ചെയ്യാറുള്ളോ? അതിന്റെ തുടർച്ചയായുള്ള വാക്യങ്ങളെക്കുറിച്ച് യാതൊന്നും ആ വ്യക്തിയോട് സംസാരിക്കാറില്ലേ? വചനം വ്യാഖ്യാനിച്ച് പഠിപ്പിക്കേണ്ടത് പരിശുദ്ധാത്മാവിന്റെ ജോലിയാണ് എന്ന് ചിന്തിച്ചുകൊണ്ട് നമ്മൾ ആ തിരുവചനം ചർച്ച ചെയ്യുന്നതിൽ നിന്ന് പിന്മാറി നില്ക്കാറുണ്ടോ?......... ഇല്ല! കഴിയുമെങ്കിൽ ....... കഴിയുന്നത്ര, നാം ആ വാക്യം വ്യാഖാനിച്ച് ചർച്ച ചെയ്യാറുണ്ട്.

പരിശുദ്ധാത്മാവ് നമ്മെ എല്ലാ സത്യത്തിലും വഴി നടത്തും എന്ന് വേദപുസ്തകം പ്രസ്താവിക്കുന്നുണ്ടെന്ന് നമുക്ക് അറിയാമല്ലോ. STS പദ്ധതിയെ പ്രചരിപ്പിച്ചുകൊണ്ടും, പങ്കിട്ടുകൊണ്ടും നാം ഭൂലോകമെമ്പാടും യാത്ര ചെയ്യുമ്പോൾ ദുഃഖകരമായ ഒരു സത്യം നാം നിരന്തരമായും കാണാറുണ്ട്. വേദപുസ്തക കഥകളിൽ നിരവധി ആത്മീക നിധികൾ അന്തർലീനമായിട്ടുണ്ട്, എന്ന യാഥാർത്ഥ്യം ഭൂരപക്ഷം വിശ്വാസികൾക്കും അറിഞ്ഞുകൂടാ. അവർക്ക് പഠിക്കുവാനുള്ള സഹായം ദൈവം നൽകുമെന്നുമാത്രം അറിയാം.

അതുകൊണ്ട്, പരിശുദ്ധാത്മാവ് പഠിപ്പിക്കുവാൻ ഒരുക്കത്തോടെ കാത്തുനില്ക്കുകയാണ്,. ശൂന്യമായ ഒരു ക്ലാസ് മുറിക്ക് മുമ്പിൽ!

STS പദ്ധതി പ്രകാരം നമ്മൾ ഒരു കഥ തയ്യാറാക്കുമ്പോൾ നാം ആദ്യമായി ചെയ്യുന്നത് കഥയിൽ ഉള്ള ഗുപ്തനിധികൾ കണ്ടെത്തുന്നതിന് ദൈവത്തോട്, നമ്മെ സഹായിക്കേണമേ എന്ന് പ്രാർത്ഥിക്കുകയാണ്. അതുപോലെ തന്നെ, നമ്മൾ കണ്ടുപിടിച്ച നിധികളിലേക്ക് ആനയിക്കുവാൻ പര്യാപ്തമായ ചോദ്യങ്ങൾ രൂപീകരിക്കുന്നതിന് സഹായിക്കേണമേ എന്നും പ്രാർത്ഥിക്കുന്നു. പഠിതാക്കളോട് നമ്മൾ ചോദ്യങ്ങൾ ചോദിക്കുമ്പോൾ നമ്മൾ പ്രാർത്ഥിക്കും കഥയുടെ ചർച്ചകൾ ശരിയായി നടത്തുന്നതിന്, ചർച്ചയെ നയിക്കുന്നതിന് പരിശുദ്ധാവ് പ്രവർത്തിക്കേണമേ എന്ന്. പഠിതാക്കൾ ഗുപ്തനിധികൾ കണ്ടുപിടിച്ചുകഴിയുന്നതോടെ നമുക്ക് ബോദ്ധ്യമാകുന്നു പരിശുദ്ധാത്മാവ് പഠിതാക്കളുടെ ഹൃദയങ്ങളോടും, നമ്മുടെ ഹൃദയങ്ങളോടും സംസാരിച്ചുകൊണ്ടിരിക്കുന്നു എന്ന്.

മിക്കപ്പോഴും, പഠിതാക്കളിൽ നിന്നും ചോദ്യങ്ങൾ വന്നേക്കും. വേദപുസ്തകത്തിലെ മറ്റു കഥകളിൽ നിന്നും, വായനാഭാഗങ്ങളിലെ വിജ്ഞാനവിവരങ്ങളിൽ നിന്നും ഉത്തരങ്ങൾ തെരഞ്ഞെടുത്ത് നൽകേണ്ടിവന്നേക്കും. നിങ്ങൾക്ക് അതിന്റെ ഉത്തരം പറയുവാൻ അറിയാമെങ്കിൽ, അതിന്റെ വേദഭാഗം ഏതാണെന്നുകൂടി പറയുവാൻ കഴിയുമെങ്കിൽ, വിശദമായി പറയണമോ, ഒരു പക്ഷിവീക്ഷണം പോലെ സംഗ്രഹമായി പറഞ്ഞാൽ മതിയോ എന്ന് ദൈവത്തോട് ആലോചന ചോദിക്കണം; ദൈവം നിങ്ങൾക്ക് ജ്ഞാനം നൽകും. അല്ലെങ്കിൽ, ഇങ്ങനെ പറഞ്ഞാൽ മതി: "നല്ല ചോദ്യം; അത് മറ്റൊരു വിഷയമാണ്, നമുക്ക് കാത്തിരിക്കാം. അത് പഠിക്കാനുണ്ട്." അപ്പോൾ, നിങ്ങളുടെ വിശിഷ്ടമായ ചോദ്യത്തിന് മറ്റൊരു കഥയിലൂടെ ഉത്തരം നൽകുന്നതാണ് എന്ന്.

പഠിതാക്കളോട് സഹാനുഭൂതി പ്രദർശിപ്പിക്കണം. ചിലപ്പോൾ പരിശുദ്ധാത്മാവ് തന്നെ ആയിരിക്കും. ആ വ്യക്തിയെക്കൊണ്ട് ആ ചോദ്യം ചോദിപ്പിച്ചത്. അല്ലെങ്കിൽ അയാളുടെ ആത്മീക തൃഷ്ണയായിരിക്കും. ആ ചോദ്യം ചോദിക്കാൻ പ്രേരണ നൽകിയത്. അപ്രതീക്ഷിതമായി അപ്രകാരം ചോദ്യങ്ങൾ ഉണ്ടാകും. പാഠഭാഗത്തിന് വെളിയിൽ നിന്നുള്ള ചോദ്യങ്ങൾ ആത്മീക സത്യങ്ങൾ പൊടുന്നനേ കണ്ടുപിടിക്കുന്നതിന് ദൈവം

നൽകുന്ന സന്ദർഭങ്ങൾ ആകാം അവയെന്ന് അറിയണം. അവസരം നഷ്ടപ്പെടുത്തരുത്. ആ ചോദ്യത്തിന് ഉത്തരം നൽകണം!

STS ന്റെ ചർച്ചാരീതി ഉപയോഗിക്കുന്നവർ കാലക്രമേണയായി നല്ല ഗുണനിലവാരമുള്ള ചോദ്യങ്ങൾ ചോദിക്കുവാൻ പഠിക്കുന്നു. പഠിതാക്കൾ സ്വയം ഗുപ്തനിധികൾ കണ്ടുപിടിച്ചു തുടങ്ങുമ്പോഴേക്കും ബുദ്ധിമതികളായ നേതാക്കൾക്ക് (അദ്ധ്യാപകർക്ക്) ബോദ്ധ്യമാകുന്നു. ഉത്തര സൂചനകങ്ങളായ ചോദ്യങ്ങൾ ചോദിക്കേണ്ടതില്ലെന്നും, സൂചനകളൊന്നും കൊടുക്കേണ്ടതില്ലെന്നും. എന്നുമാത്രമല്ല പഠിതാക്കൾ സ്വയം നൂതനമാ കണ്ടെത്തലുകളും, കണ്ടുപിടുത്തങ്ങളും നടത്തുന്നതിന് പഠിതാക്കളെ അനുവദിക്കുന്നതുമാണ്. കണ്ടുപിടുത്തത്തിന്റെ ചിന്തകൾ പഠിതാക്കളിൽ ഉണരുന്നത് കാണുന്നത്, വിസ്മയദായകമായ അനുഭവമാണ്.

## സ്നേഹം കാണിക്കുക.

ചർച്ചാശൈലിയിലുള്ള ബോധന രീതി ഉപയോഗിക്കുമ്പോൾ നാം എല്ലാവരും I കൊരിന്ത്യർ 13-ാം അദ്ധ്യായം ഒന്നാം വാക്യത്തിലുള്ള വിജയത്തിന്റെ താക്കോൽ പ്രയോഗിക്കണം, നമ്മൾ സ്നേഹം കാണിക്കണം. "ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ, ചിലമ്പുന്ന കൈത്താളമോ അത്രേ." (I കൊരിന്ത്യർ 13:1)

ഇത് അറിഞ്ഞിരിക്കുക. പല ആളുകൾക്കും ഒരു സദസ്സിനെ അഭിമുഖീകരിച്ച് സംസാരിക്കുവാൻ സംഭ്രമമാണ്. വേദിയിൽ നില്ക്കാൻപോലും ഭയമുള്ളവരുണ്ട്. ആകയാൽ, അപ്രകാരമുള്ളവരോട് പ്രോത്സാഹജനകമായി വേണം ഇടപെടേണ്ടത്.

ചിലപ്പോൾ നിങ്ങൾ പഠിപ്പിക്കുന്നത് സഭാനേതാക്കളെയോ, പാസ്റ്റർമാരെയോ ആയിരിക്കും. അവർക്ക് സദസ്സിനെ അഭിമുഖീകരിക്കാൻ നിസ്സംശയമായും ആത്മധൈര്യം ഉണ്ടായിരിക്കും. പക്ഷേ, അവരിൽ ഭൂരിപക്ഷം പേരും സദസ്സിന് മുമ്പിൽ വച്ച് ഒരു തിരുത്തലിനെ അഭിമുഖീകരിച്ചിട്ടുണ്ടാവില്ല. (ദീർഘകാലമായി, വളരെ ദീർഘകാലമായി.)

ആകയാൽ നിങ്ങൾ ചർച്ചാരീതിയിൽ പഠിപ്പിക്കുമ്പോൾ, നിങ്ങൾ സംഭ്രമമുള്ളവരോടും, സഭാനേതാക്കളോടും, ബുദ്ധിപൂർവ്വം വേണം പ്രതികരിക്കേണ്ടത്. സഭാനേതാക്കൾ പൊതുരംഗത്തുവച്ച് തിരുത്തപ്പെടുന്ന അനുഭവമുള്ളവരല്ല. ശ്രോതാക്കളായ പഠിതാക്കൾ കഥകൾ ആവർത്തിച്ചു പറയുകയോ, ചോദ്യങ്ങൾക്ക് ഉത്തരം പറയുകയോ ചെയ്യുമ്പോൾ, അഥവാ അവരുടെ സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കുമ്പോൾ ഈ സംഗതി ഓർമ്മയിൽ വയ്ക്കേണ്ടതാകുന്നു. പഠിതാക്കളായ ജനങ്ങൾ ഉത്തരങ്ങൾ നൽകുന്നത് എത്ര മോശമായിട്ട് ആയിരുന്നാലും, കഥാകാഥികൻ (അദ്ധ്യാപകൻ) അവരോട് ശാന്തമായി, ദയവോടെ, അവരെ ഉറപ്പുള്ള വാക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വിധത്തിൽ ആയിരിക്കണം പ്രതികരിക്കേണ്ടത്. ഇത് വളരെ പ്രാധാന്യം അർഹിക്കുന്ന സംഗതിയാകുന്നു.

എപ്പോഴും ഓർമ്മയിൽ വയ്ക്കേണ്ടതായ ഒരു സംഗതിയുണ്ട്. പുഞ്ചിരിയോടെ, ശാന്തമായി പറയുന്ന തിരുത്തലുകൾ ഗൗരവത്തോടെ പറയുന്ന തിരുത്തലുകളേക്കാൾ സസന്തോഷം സ്വീകരിക്കപ്പെടും, . കഥാകാഥികനായ നിങ്ങളാണ് ഒരു പഠനസംഘത്തിന്റെ അന്തരീക്ഷം സൃഷ്ടിച്ചിട്ടുള്ളത്. നിങ്ങൾക്ക് ഒരു വ്യവസ്ഥ വയ്ക്കാവുന്നതാണ്. പഠിതാക്കളോട് അവർ സ്വയം അന്വേഷിക്കുന്നു അഥവാ കണ്ടുപിടിക്കുന്നു എന്ന തോന്നൽ അവർക്കുണ്ടാകത്തക്കവിധം സംസാരിക്കുക. അവരുടെ ആശയങ്ങളും, ചിന്തകളും സ്വതന്ത്രമായി അവതരിപ്പിക്കുന്നതിന് അനുവദിക്കുക. അല്ലെങ്കിൽ നിങ്ങൾക്ക് മാനസീക സംഘർഷം ഉണ്ടാക്കാവുന്നതാണ്. അങ്ങനെ അവരെ പങ്കാളിത്തത്തിൽ നിന്ന് നിരുത്സാഹപ്പെടുത്തി പിന്തിരിപ്പിക്കാവുന്നതാണ്. ചർച്ച സമയം മുഴുവൻ ഒരു പരീക്ഷാന്തരീക്ഷം സൂക്ഷിക്കണമെന്ന് ആവശ്യപ്പെടാം. "ശരിയായ" ഉത്തരം മാത്രമേ പറയാവൂ എന്ന് നിബന്ധന വയ്ക്കാം, അങ്ങനെ, ചർച്ചാസമയം മൊത്തം പരീക്ഷാ നടത്തിപ്പ് പോലെ കർശനമാക്കാം.

വീണ്ടും, കഥ ഓർമ്മിക്കുന്നതിനും, ചോദ്യങ്ങൾ ചോദിക്കുന്നതിനും വേണ്ടി നിങ്ങൾ കഠിനാദ്ധ്വാനം ചെയ്യുമ്പോൾ, നിങ്ങൾ നയിക്കുന്ന ജനത്തെക്കുറിച്ച് പ്രത്യേകം ഓർക്കണം. നിങ്ങളുടെ കഴിവുകളല്ല നിങ്ങളുടെ സ്നേഹമാണ് പ്രധാനം.

## നിപുണത III: നിങ്ങളുടെ ചോദ്യങ്ങൾ രൂപ കല്പന ചെയ്യുന്നതെങ്ങനെ?

ബൈബിൾ കഥകൾ പറയുകയും, പിന്നാട് അവയെ ചർച്ച ചെയ്യുകയും ചെയ്യുന്നതിന്റെ പ്രമുഖ ലക്ഷ്യങ്ങളും ഫലങ്ങളും ചുവടേ ചേർക്കുന്നു.

- ❋ ദൈവത്തിന്റെ സ്വാഭാവം പഠിക്കുക
- ❋ മനുഷ്യ വർഗ്ഗത്തിനുവേണ്ടിയും, മനുഷ്യവർഗ്ഗത്തിൽ നിന്നും ദൈവം ആഗ്രഹിക്കുന്നതെന്തെന്ന് പഠിക്കുക.
- ❋ നമ്മെ സംബന്ധിച്ചുള്ള സത്യങ്ങൾ കാണുകയും അവയെ അംഗീകരിക്കുകയും ചെയ്യുക.

കെനിയായിൽ വച്ച് നടത്തപ്പെട്ട ഒരു STS ശില്പശാലയുടെ അവസാനത്തിൽ ഒരു സഭാസ്ഥാപകൻ തന്റെ ബുദ്ധി പൂർവ്വകമായ നിരീക്ഷണങ്ങൾ ഞങ്ങളുമായി പങ്കുവച്ചു, ദൈവശാസ്ത്രപരിശീലനത്തിൽ പണ്ഡിതനായ ആ മനുഷ്യൻ, തന്റെ ബിസിനസ്സ് വിട്ടിട്ട് സുവിശേഷീകരണ ശുശ്രൂഷയിലേക്ക് പ്രവേശിച്ചു. നാലുകൊല്ലക്കാലം തന്റെ ഗ്രാമത്തിൽ പ്രവർത്തിച്ചു, ഫലം വളരെ കുറവായിരുന്നു.

ഈ ശില്പശാലയിലേക്ക് വരുന്നതിന് അയാൾ രണ്ടു ദിവസം ഒട്ടകപ്പുറത്ത് യാത്ര ചെയ്തു. ഒരു ദിവസം അയാൾ "എയർബസിൽ" (ഒരു ട്രക്കിന്റെ പുറത്ത് യാത്ര ചെയ്യാൻ അനുവാദം ചോദിച്ചു വാങ്ങി) യാത്ര ചെയ്തു. ശില്പശാലിയിൽ വന്ന് അയാൾ പഠിച്ചകാര്യങ്ങൾ അയാൾക്ക് ഇഷ്ടമായി. അയാൾക്ക് മാനസീകമായി ശാക്തീകരണം ഉണ്ടായി. അയാൾ പ്രസ്താവിച്ചു. " മറ്റുള്ളവർ എന്നെ പഠിപ്പിച്ച കാര്യങ്ങൾ അതുപോലെ ഞാൻ പഠിപ്പിക്കുകയായിരുന്നു. എന്നാൽ, ഈ പഠന പരിശീലനങ്ങൾ ലഭിച്ചതുവരെയും വേദപുസ്തകത്തിൽ നിന്ന് പഠിക്കുന്നത് എങ്ങനെ എന്ന് എനിക്ക് അറിവില്ലായിരുന്നു?

"ഇപ്പോൾ എനിക്ക് മനസ്സിലായി, ഞാൻ പോയിട്ടില്ലാത്ത സ്ഥലത്തേക്ക് മറ്റുള്ളവരെ കൊണ്ടുപോകാൻ എനിക്ക് സാദ്ധ്യമാകയില്ല."

അതുകൊണ്ടാണ് നമ്മൾ ചോദ്യങ്ങൾ ഉപയോഗിക്കുന്നത്. ആദ്യമായി, കഥാകാഥികൻ ദൈവ വചനത്തിൽ നിന്ന് അവർക്കുവേണ്ടി പുതുപുത്തൻ വിജ്ഞാനം പഠിക്കുന്നു. അനന്തരം, ചോദ്യങ്ങളിലൂടെ കഥാകാഥികൻ അവർ പഠിച്ചതായ വിലയേറിയ സത്യങ്ങളിലേക്ക് പഠിതാക്കളെ നയിക്കുന്നു.

"അപ്പക്കഷണങ്ങൾ" കൊണ്ട് നയിക്കുക എന്നത് നമ്മൾ STS ശില്പശാലകളിൽ പഠിപ്പിക്കുന്ന നിപുണതകളിൽ ഒന്നാണ്. STS പദ്ധതി ആദ്യമായി ഉപയോഗിക്കുന്നവർ ജനങ്ങളെ ഗുപ്തനിധികളിലേക്ക് നയിക്കുന്നതിന് മിക്കപ്പോഴും തികവുള്ള ചോദ്യം ചോദിക്കുന്നു. പക്ഷേ, അപൂർവ്വമായേ ഇത് ഫലിക്കാറുള്ളൂ. ഒരു പക്ഷിയെ ആകർഷിച്ച് കൂട്ടിനുള്ളിൽ കയറ്റുന്നതിന് കൂടിന്റെ മുൻവശത്ത് ഒരു കക്ഷണം അപ്പം ഇട്ടാൽ മാത്രം പോരാ. പക്ഷി ആ കൂട് കണ്ടെത്തി എന്നു വരില്ല. അതിനുപകരം ധാരാളം ചെറിയ അപ്പക്കഷണങ്ങൾ ഒരു വരിയായി ദൂരെ നിന്ന് കൂടിന്റെ ഉള്ളിൽ വരെ ഇടണം. പക്ഷി ആ പാതയിലൂടെ കൂടിനുള്ളിൽ എത്തുന്നതാണ്. അപ്രകാരം, പഠിതാക്കൾ കഥയിലെ ഗുപ്തനിധി കണ്ടുപിടിക്കുന്നതിന് ഒരു നിര ചെറിയ ചോദ്യങ്ങൾ ചോദിക്കണം. അവയിലൂടെ പഠിതാക്കൾക്ക് ഗുപ്തനിധിയുടെ സ്ഥാനം കണ്ടെത്താൻ കഴിയും. നിധി കണ്ടുപിടിക്കുന്നതിന് പ്രസ്തുചോദ്യങ്ങൾ അവരെ ക്ഷണിക്കുകയും, നിധിയിലേക്ക് ആകർഷിക്കുകയും ചെയ്യും.

### ദയവായി ശ്രദ്ധവയ്ക്കുക

അടുത്തതായി വരുന്നത് അബ്രാമിന്റെയും സാറായിയുടെയും അനുഭവ കഥയാണ്. ഈ കഥയിലും, ഇതിനുശേഷം ഈ ഹാൻഡ് ബുക്കിൽ ചേർക്കപ്പെട്ടിരിക്കുന്ന മറ്റ് കഥകളിലും ധാരാളം ആത്മീക നിരീക്ഷണങ്ങളും, ആത്മീകമായ പ്രായോഗികോപയോഗങ്ങളും, ചോദ്യങ്ങളും ദൃശ്യമാകുന്നുണ്ട്. ആത്മീകനിരീക്ഷണങ്ങളും, പ്രായോഗികോപയോഗങ്ങളും, ചോദ്യങ്ങളും നിങ്ങൾക്കുവേണ്ടിയാണ് എഴുതപ്പെട്ടിരിക്കുന്നത്. എന്നാൽ STS പദ്ധതിയിൽ നിങ്ങൾ യാതൊരു സംഗതിയും എഴുതേണ്ട. ചോദ്യങ്ങൾ എഴുതി വയ്ക്കേണ്ട, അത് പഠിതാക്കളുമായുള്ള നിങ്ങളുടെ സമ്പർക്കത്തിന് തടസ്സം സൃഷ്ടിക്കും. ഈ ഹാൻഡ് ബുക്കിൽ കുറെ ചോദ്യങ്ങൾ ഒരു പട്ടികാ രൂപത്തിൽ ഞങ്ങൾ ആലേഖനം ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. അത് സാക്ഷരരായവരും, STS ന്റെ പ്രവർത്തന ശില്പശാലയിൽ സംബന്ധിക്കാനും പ്രായോഗികമായി പഠിക്കാനും കഴിയാത്തവരുമായ വ്യക്തികൾക്കുവേണ്ടിയാണ്. അവർക്ക് ഇത് വായിച്ച് STS ന്റെ പ്രക്രീയകൾ - ഒരുക്കങ്ങൾ, അവതരണം, ചർച്ചകൾ മുതലായവ

-മനസ്സിൽ കാണുവാനും STS പദ്ധതി ഉൾക്കൊള്ളാനും കഴിയും. ഇവ മാതൃകാചോദ്യങ്ങൾ മാത്രമാണ്. നിങ്ങളുടെ സ്വന്തം പഠനത്തിനും, മറ്റുള്ളവരെ പഠിപ്പിക്കുന്നതിനുമായി നിങ്ങൾക്ക് ചോദ്യങ്ങൾ ചിന്തിച്ച് രൂപീകരിക്കുവാനുള്ള കഴിവ് നിങ്ങൾ സമാർജ്ജിക്കും.

കഥാകാഥികനായ നിങ്ങൾ കഥയിലൂടെ പുരോഗമിക്കുമ്പോൾ നിങ്ങളുടെ പഠിതാക്കൾ തന്നെ, നമ്മൾ കണ്ടുപിടിച്ച് സമാഹരിച്ചിട്ടുള്ള നിരീക്ഷണങ്ങളും, പ്രായോഗികോപയോഗങ്ങളും, കണ്ടെത്തുകയും അവതരിപ്പിക്കുകയും ചെയ്തേക്കും. ഗുപ്തനിധികളിലേക്ക് ആനയിക്കുന്ന ചോദ്യങ്ങൾ നിങ്ങൾ അവരോട് ചോദിക്കാതെ തന്നെ അവർ ആത്മീക നിധികൾ കണ്ടുപിടിച്ചു തുടങ്ങും. പഠിതാക്കൾ സ്വയം ഗുപ്തനിധികൾ നേരത്തേതന്നെ കണ്ടുപിടിക്കുന്നത് അഭിലഷണീയമാണ്. ഇത് വ്യക്തമാക്കുന്നത് പഠിതാക്കളായ ജനങ്ങൾ സ്വയം, തിരുവചനത്തെ ഗാഢമായി വിചിന്തനം ചെയ്യുന്നു എന്നും, ഗുപ്തനിധികൾ കണ്ടെത്തുവാൻ അവർ പഠിച്ചുകൊണ്ടിരിക്കുന്നു എന്നുമാണ്.

## മറ്റുള്ളവരെ നിധികളിലേക്കു നയിക്കുന്നതിനായി ചോദ്യങ്ങൾ വികസിതമാക്കുക

നിങ്ങൾ കണ്ടുപിടിച്ചിട്ടുള്ള നിധികൾ കണ്ടെത്തുന്നതിന് മറ്റുള്ളവരെ സഹായിക്കുന്ന ചോദ്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് കഥയുടെ ആരംഭം മുതൽ പുനരവലോകനം ചെയ്യണം. നിങ്ങൾ കണ്ടുപിടിച്ച ആത്മീക നിരീക്ഷണങ്ങൾ അനുസ്മരിച്ചുകൊണ്ട് നിങ്ങൾ മനസ്സിലൂടെ കഥയെ പുനരവലോകനം ചെയ്യുക. വൈസ് കൗൺസലർ ഗ്രാമീണരുടെ പ്രശ്നത്തിന്റെ കഥയുടെ ഓരോ ഭാഗത്തും നിരവധി ചോദ്യങ്ങൾ ചോദിച്ചതിന്റെ

> "ദേശത്ത് ക്ഷാമം ഉണ്ടായി; ദേശത്ത് ക്ഷാമം കഠിനമായിത്തീർന്നതുകൊണ്ട് അബ്രാം മിസ്രയീമിൽ ചെന്ന് പാർപ്പാൻ അവിടേക്ക് പോയി. മിസ്രയീമിൽ എത്തുമാറായപ്പോൾ അവൻ തന്റെ ഭാര്യ സാറായിയോട് പറഞ്ഞത്; ഇതാ നീ സൗന്ദര്യമുള്ള സ്ത്രീയെന്ന് ഞാൻ അറിയുന്നു. മിസ്രയീമ്യർ നിന്നെ കാണുമ്പോൾ, ഇവൾ എന്റെ ഭാര്യയെന്നു പറഞ്ഞു എന്നെ കൊല്ലുകയും നിന്നെ ജീവനോടെ രക്ഷിക്കയും ചെയ്യും. അങ്ങനെ അബ്രാം മിസ്രയീമിൽ എത്തിയപ്പോൾ സ്ത്രീ അതിസുന്ദരി എന്നു മിസ്രയീമ്യർ കണ്ടു. ഫറവോന്റെ പ്രഭുക്കന്മാരും അവളെ കണ്ടു ഫറവോന്റെ മുമ്പാകെ അവളെ പ്രശംസിച്ചു. സ്ത്രീ ഫറവോന്റെ അരമനയിൽ പോകേണ്ടി വന്നു. അവളുടെ നിമിത്തം അവൻ അബ്രാമിന് നന്മ ചെയ്തു; അവന് ആടുമാടുകളും, ആൺ കഴുതകളും ദാസന്മാരും ദാസിമാരും പെൺകഴുതകളും ഒട്ടകങ്ങളും ഉണ്ടായിരുന്നു. അബ്രാമിന്റെ ഭാര്യയായ സാറായി നിമിത്തം യഹോവ ഫറവോനെയും അവന്റെ കുടുംബത്തെയും അത്യന്തം ദണ്ഡിപ്പിച്ചു അപ്പോൾ ഫറവോൻ അബ്രാമിനെ വിളിച്ചു," നീ എന്നോട് ഈ ചെയ്തത് എന്ത്? ഇവൾ നിന്റെ ഭാര്യയെന്ന് എന്നെ അറിയിക്കാഞ്ഞത് എന്ത്? അവൾ എന്റെ സഹോദരിയെന്ന് എന്തിനുപറഞ്ഞു? ഞാൻ അവളെ ഭാര്യയായിട്ട് എടുപ്പാൻ സംഗതി വന്നു പോയല്ലൊ; ഇപ്പോൾ ഇതാ, നിന്റെ ഭാര്യ അവളെ കൂട്ടിക്കൊണ്ടുപോക". എന്നു പറഞ്ഞു. ഫറവോൻ അവനെക്കുറിച്ച് തന്റെ ആളുകളോട് കല്പിച്ചു. അവർ അവനെയും അവന്റെ ഭാര്യയെയും അവനുള്ള സകലവുമായി പറഞ്ഞയച്ചു" (ഉല്പത്തി 12:10-20)

പ്രാധാന്യം എങ്ങനെയാണ് വ്യക്തമാക്കിയിരിക്കുന്നതെന്ന് ഓർമ്മിക്കുകമല്ലൊ. അങ്ങനെതന്നെയാണ് നിങ്ങൾ ആത്മീകനിരീക്ഷണങ്ങൾ കണ്ടുപടിച്ചത്.

അപ്രകാരംതന്നെ, നിങ്ങൾ നിധികൾ കണ്ടുപിടിച്ചതുപോലെ, പഠിതാക്കളും ഗുപ്ത നിധികൾ കണ്ടുപിടിക്കുന്നതിനായി, അവരെ അനുവദിക്കുന്നതിനുവേണ്ടി നിരവധി ചോദ്യങ്ങൾ പഠിതാക്കളോട് ചേദിക്കേണ്ടതാണ്. നിങ്ങളുടെ നിരീക്ഷണങ്ങൾക്കായി നിങ്ങൾ ഉപയോഗിച്ച ചോദ്യങ്ങൾ ഓർമ്മിക്കുവാൻ കഴിയുന്നില്ലെങ്കിൽ നിങ്ങൾ ചോദിച്ചുകൊണ്ടിരുന്ന ചോദ്യങ്ങൾ തന്നെ ആവർത്തിച്ച് ചോദിക്കേണ്ടതാണ്.മറ്റുള്ളവരോട് അതേ ചോദ്യങ്ങൾ തന്നെ ചോദിക്കാം!

ഉദാഹരണമായി: നിങ്ങൾ, ഉല്പത്തി 12:10–20 വാക്യങ്ങളിലെ കഥ പറയുകയായിരുന്നു എന്നിരിക്കട്ടെ. നിങ്ങൾ കഥ തയ്യാറാക്കിയപ്പോൾത്തന്നെ, കഥയുടെ ആരംഭഭാഗത്തുള്ള ഏതാനും വാക്യങ്ങളിൽ അനേകം നിരീക്ഷണങ്ങൾ കണ്ടെത്തിയിട്ടുണ്ടാകും.

കഥാസംഭവത്തിന്റെ ആരംഭത്തിൽ അബ്രാം ഒരു വ്യവസ്ഥ ഉണ്ടാക്കിയതായി, കഥപഠിച്ച സമയത്ത്, നിങ്ങൾ ശ്രദ്ധിച്ചുകാണും അവന് ദൈവത്തിൽ വിശ്വസിച്ച് ആശ്രയം വയ്ക്കാമായിരുന്നു. പകരമായി അവൻ ചെയ്തത് ഭയചകിതനായി വാഗ്ദത്തനാട്ടിൽ നിന്ന് പലായനം ചെയ്യുകയായിരുന്നു. ദേശത്ത് ക്ഷാമം കഠിനം ആയതിനാൽ മിസ്രയീമിലേക്ക് പോയി. സാറായിയോടു അവനെ സംരക്ഷിക്കാനായി കള്ളം പറയുവാൻ അബ്രാം പ്രേരിപ്പിച്ചു. (മിസ്രയീമിലേക്ക് പോയത് തെറ്റായിപ്പോയി എന്ന നിരീക്ഷണത്തെ ഖണ്ഡിക്കുന്ന വ്യക്തികളുണ്ട്. അതിനുകാരണം, ഏതാനും സംവത്സരങ്ങൾക്കുശേഷം, യാക്കോബും കുടുംബവും ദൈവനിയോഗത്താൽ മിസ്രയീമിലേക്ക് പോയി എന്ന സംഭവമാണ്. പക്ഷേ, ഒരു കാര്യം ശ്രദ്ധിക്കാനുണ്ട് "ദൈവനിയോഗത്താൽ" എ ന്ന പദങ്ങൾ "മിസ്രയീമിലേക്ക്" പോയി എന്ന സാധാരണ പ്രവൃത്തിക്ക് അർത്ഥവ്യത്യാസം വരുത്തുന്നുവല്ലോ.)

ഇതുപോലതന്നെ മറ്റു പല നിധികളും കണ്ടുപിടിച്ചതിനുശേഷം നിങ്ങൾ കഥാസംഭവത്തിന്റെ ആരംഭ ഭാഗത്തേക്ക് ചെന്ന്, നിങ്ങൾ നടത്തിയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ "ആത്മീകമായ പ്രായോഗിക ഉപയോഗങ്ങൾ" കണ്ടെത്തുകയും അവയെ താത്വികമായി രൂപീകരിക്കുകയും ചെയ്യണം. ദൈവം എല്ലാ മനുഷ്യർക്കും ഓരോരോ വാഗ്ദത്തങ്ങൾ നൽകിയിട്ടുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. തിരുവചനത്തോടുള്ള അനുസരണയിൽ തിരുവചനം നിർദ്ദേശിക്കുന്ന സ്ഥാനത്ത് പാർക്കുന്നത് പരിഗണിച്ചാണ് ദൈവത്തിന്റെ വാഗ്ദത്തം നമുക്ക് നൽകപ്പെടുന്നത്. അടുത്തതായി മറ്റൊരു പ്രായോഗികോപയോഗം നാം കണ്ടെത്തുന്നു. സംഘർഷങ്ങളുടെ സമയത്ത്, പ്രശ്നങ്ങളുടെ സമ്മർദ്ദം അനുഭവപ്പെടുന്ന സമയത്ത്, നമ്മൾ മോശമായ തീരുമാനങ്ങൾ എടുക്കുകയും, ദൈവസന്നിദ്ധിയിലേക്ക് ആലോചന സ്വീകരിക്കാൻ പോകാതെ, സഹായത്തിനായി, ലോകത്തിലേക്ക് തിരിയുകയുമല്ലേ ചെയ്യുന്നത്? അതുപോലെതന്നെ, ജീവിത ക്ലേശങ്ങളിൽ നിന്ന് രക്ഷ നേടുന്നതിനായുള്ള നിസ്തന്ദ്രമായ പലായനത്തിനിടയിൽ നമ്മൾ ഗൂഢാലോചന ചെയ്തും, നുണകൾ പറഞ്ഞും നമ്മളെ വിശ്വസിക്കുന്നവരെയും നമ്മുടെ തിന്മ പ്രവൃത്തികളിൽ ഭാഗഭാക്കുകളാക്കിയും, നാം കൂടുതൽ കൂടുതൽ പാപങ്ങൾ ചെയ്യുന്നു.

## ഇപ്പോൾ, നിങ്ങളുടെ നിരീക്ഷണങ്ങളെ ചോദ്യങ്ങൾ ആക്കി മാറ്റുക

### ചോദ്യങ്ങൾ കഥയിൽ കേന്ദ്രീകൃതമാക്കുക

നിങ്ങൾ കണ്ടുപിടിച്ചിട്ടുള്ള നിധികൾ കണ്ടെത്തുന്നതിന് നിങ്ങളുടെ പഠിതാക്കളെ നയിക്കുനനതിനു വേണ്ടിയുള്ള ചോദ്യങ്ങൾ വികസിപ്പിച്ചെടുക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടത് ചോദ്യങ്ങൾ എല്ലാം കഥയിൽ കേന്ദ്രീകൃതമായിരിക്കണം എന്ന സംഗതിയാണ്.

ചുവടേ കുറെ മാതൃകാ ചോദ്യങ്ങൾ ചേർത്തിരിക്കുന്നു അവയെ ഉപയോഗിച്ച് ധാരാളം ആത്മീകമായ കണ്ടെത്തലുകൾ മുമ്പ് പ്രസ്താവിച്ചിട്ടുള്ള ആത്മീക നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് നടത്താം.

1. കഴിഞ്ഞപ്രാവശ്യം നമ്മൾ പഠിക്കുകയും, നമ്മൾ തമ്മിൽ ചർച്ച ചെയ്യുകയും ചെയ്തതുമായ, കഥയിൽ ദൈവം അബ്രാമിനോട് എവിടെ പോകണമെന്നാണ് പറഞ്ഞിരുന്നത്?
2. ദേശത്ത് ഒരു ക്ഷാമം ഉണ്ടാകയും കഠിനമാകുകയും ചെയ്തതിനാൽ അബ്രാം സഹായത്തിനുവേണ്ടി വാഗ്ദത്തനാട് വിട്ട് മിസ്രയീമിലേക്കുപോയി എന്ന് നാം കണ്ടല്ലൊ. രാജ്യത്ത് ഭക്ഷണ ദൗർലഭ്യമുണ്ടായപ്പോൾ സ്വന്തനാടുവിട്ട് മിസ്രയീമിലേക്ക് പോകുകയല്ലാതെ അബ്രാമിന്ന് മറ്റ് എന്തെങ്കിലും ചെയ്യാൻ കഴിയുമായിരുന്നോ?
3. എന്തെല്ലാം ചേതോവികാരങ്ങളും വിചാരങ്ങളുമാണ് അബ്രാമിനെ കഥാസംഭവത്തിൽ നിയന്ത്രിച്ചിരുന്നതെന്ന് നമുക്ക് കഥയിൽ നിന്ന് മനസ്സിലാക്കുവാൻ കഴിയുമോ? മിസ്രയിം നിവാസികളോട് പറയുവാൻ

അബ്രാം സാറായിക്ക് നിർദ്ദേശങ്ങൾ നൽകുമ്പോൾ അബ്രാമിന് എന്തെങ്കിലും വിഷമം ഉണ്ടായിരുന്നതായി നിങ്ങൾ കാണുന്നുവോ? എന്ത് വിഷമമാണ് തോന്നിയത്? അതെക്കുറിച്ച് നിങ്ങൾക്ക് എന്ത് തോന്നുന്നു?

4. ഈ കഥയ്ക്ക് മുമ്പ് സംഭവിച്ച സംഗതിയെക്കുറിച്ച് നാം പരാമർശിച്ചപ്പോൾ ദൈവം അബ്രാമിന് എന്തെങ്കിലും വാഗ്ദാനം ന്ലകിയിരുന്നോ? ഭയപ്പെടാതെ ധൈര്യമായിരിപ്പാൻ അബ്രാമിനെ ആ വാഗ്ദത്തം സഹായിക്കുമായിരുന്നല്ലൊ! അങ്ങനെ എങ്കിൽ, അവ ഏതെല്ലാമാണ്? അബ്രാം തന്റെ ആശ്രയം എവിടയെയാണ് അർപ്പിച്ചിരുന്നത്?

5. അബ്രാമിനോട് വളരെ അടുപ്പം ഉണ്ടായിരുന്ന ആരെ എങ്കിലും തന്റെ പാപം നൊമ്പരപ്പെടുത്തിയോ? നിങ്ങൾ അതിൽ എന്താണ് കാണുന്നത്? അതിൽ നിന്ന് നിങ്ങൾ മനസ്സിലാക്കുന്നതെന്ത്?

ചർച്ചകളുടെ ഫലമായി പഠിതാക്കൾ കണ്ടെത്തിയ ആത്മീയ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ, അവർക്ക് ആത്മീകമായ പ്രായോഗീകോപയോഗങ്ങൾ കണ്ടുപിടിക്കുന്നതിന് സഹായകമായിത്തീരാവുന്ന ഏതാനും മാതൃകാചോദ്യങ്ങൾ ചുവടേചേർക്കുന്നു.

1. അനുഗ്രഹം പ്രാപിക്കുന്നതിന് എവിടെയാണ് പാർക്കേണ്ടതെന്ന് ദൈവം അബ്രാമിന് നിർദ്ദശങ്ങൾ നൽകിയിരുന്നു. നമ്മൾ ഒരുമിച്ച് നിരീക്ഷിച്ചതായ കഥകളിൽ ഏതിലെങ്കിലും നമുക്ക് അനുഗ്രഹം ലഭിക്കുന്നതിനായി നാം എവിടെയാണ് പാർക്കേണ്ടതെന്ന് ദൈവത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ടോ? എങ്ങും കാണുന്നുണ്ടാവുകയില്ല. എങ്കിലും, നാം അനുഗ്രഹം പ്രാപിക്കേണ്ടതിന്, എപ്രകാരമാണ് ജിവിക്കേണ്ടത് എന്ന് വ്യക്തമാക്കുന്ന ജീവിത സിദ്ധാന്തങ്ങൾ അവയിൽ ഉണ്ട്. നിങ്ങൾ കഥകൾ അവതരിപ്പിക്കുന്നതിന് ഒരുക്കുമ്പോൾ അവയെല്ലാം മനസ്സിൽ രൂപ കല്പന ചെയ്യണം.

2. ഇന്ന്, ദൈവത്തിന്റെ അനുയായികൾ, എന്നെങ്കിലും ജീവിതത്തിന് ഭീഷണി ആകാവുന്ന എന്തെങ്കിലും അഭിമുഖീകരിച്ചിട്ടുണ്ടാവുമോ? നിങ്ങൾക്കോ നിങ്ങൾക്കു പരിചയമുള്ള ആർക്കെങ്കിലുമോ ഇതുപോലുള്ള വിഷയപ്രശ്നം ഉണ്ടായിട്ടുണ്ടോ' അബ്രാമിന്റെ ജീവിതത്തിൽ വിശ്വാസമുണ്ടായിരുന്നു. നമ്മുടെ വിഷമ സാഹചര്യങ്ങളിൽ നമുക്ക് മെച്ചമായ തീരുമാനങ്ങൾ എടുക്കുവാൻ പ്രേരകമായ വ്യവസ്ഥകൾ അബ്രാം കൈക്കൊണ്ടതായി നാം കാണുകയുണ്ടായെ? അബ്രാമിന്റെ തീരുമാനങ്ങളിൽ ഏതെങ്കിലും നമുക്ക് മാർഗ്ഗ ദർശകമായി കാണുന്നുണ്ടോ?

3. അബ്രാമിന്റെ ചേതോ വികാരങ്ങളെ തന്നെ നയിക്കുവാൻ അനുവദിച്ചു അത് അബ്രാമിന്റെ വിശ്വാസക്കുറവിനെ കാണിക്കുന്നു. ഇന്നും അങ്ങനെ ഒക്കെ സംഭവിക്കുന്നുണ്ടോ? അത് എങ്ങനെയാണ്? മനുഷ്യർക്ക് വിശ്വാസം കുറയുമ്പോൾ അവർ ദൈവത്തിലേക്ക് പോകുന്നതിനുപകരം ആരിലേക്കാണ് സഹായത്തിനായി ഓടിച്ചെല്ലുന്നത്? ഭീതിയും ആശങ്കയും ഉണ്ടാകുമ്പോൾ കൂടുതൽ ശ്രദ്ധയോടും, ബുദ്ധിയോടും കൂടെ ചിന്തിക്കുന്നതിന് ഈ കഥയിലെ എന്തു സംഗതിയാണ് നമുക്ക് സഹായകമാകുന്നത്?

4. സാഹചര്യങ്ങൾ മോശമായപ്പോൾ അബ്രാം, തന്നെ ദൈവം നിയോഗിച്ച് വിട്ടിരുന്ന സ്ഥലം വിട്ടുപോയി. ഇതുപോലെ, ദൈവം വിളിച്ച് ഏർപ്പെടുത്തിയിരുന്ന സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് പോകാൻ പരീക്ഷിക്കപ്പെടുന്ന സാഹചര്യങ്ങൾ ഇപ്പോഴും മനുഷ്യ ജീവിതങ്ങളിൽ ഉണ്ടാകാറുണ്ടോ? ഈ അനുഭവം നിങ്ങൾക്കോ, നിങ്ങളുടെ പരിചയത്തിലോ അറിവിലോ ഉള്ള ആർക്കെങ്കിലുമോ ഉണ്ടായിട്ടുണ്ടോ?

5. നമ്മുടെ ജീവിതത്തിൽ വിഷമകരമായ സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ, അബ്രാം ചെയ്തതായ സംഗതി നമുക്ക് അഭിപ്രായങ്ങൾ പറഞ്ഞുതരാറുണ്ടോ-നമ്മൾ എന്താണ് ചെയ്യേണ്ടത്? അഥവാ എന്താണ് ചെയ്യേണ്ടാത്തത്? എന്ന്, എങ്കിൽ അത് എങ്ങനെയാണ്?

6. നമ്മുടെ തെറ്റായ വികാരങ്ങൾ നമ്മുടെ തീരുമാനങ്ങൾ രൂപീകരിക്കുവാൻ നാം അനുവദിക്കുന്നതായ സന്ദർഭങ്ങൾ ഇന്നും നമുക്ക് ഉണ്ടാകാറുണ്ടോ? ജീവിതത്തിൽ വിഷമസാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ എന്തിനം വികാരങ്ങളാണ് മനുഷ്യമനസ്സുകളെ നിയന്ത്രിക്കുകയും ഭരിക്കുകയും ചെയ്യുന്നത്? നിങ്ങളെയോ, നിങ്ങൾക്കറിയാവുന്ന ആരെ എങ്കിലുമോ എപ്പോഴെങ്കിലും മോശമായ തീരുമാനങ്ങൾ എടുക്കാൻ പ്രേരിപ്പിച്ചിട്ടുണ്ടോ? ആ അനുഭവം ഞങ്ങളുമായി നിങ്ങൾക്ക് പങ്കിടുവാൻ താല്പര്യമുണ്ടോ?

7. നമ്മൾ ചർച്ച ചെയ്ത ഏതെങ്കിലും ബൈബിൾ കഥകളിൽ, മനുഷ്യർക്കും ഇന്നും, നമ്മുടെ വിശ്വാസക്കുറവ് മറ്റുള്ളവരെ ബാധിക്കുന്നുണ്ടോ? അത് എങ്ങനെ ആയിരിക്കും? അത് നിങ്ങൾക്കോ നിങ്ങളുടെ അറിവിലുള്ള ആർക്കെങ്കിലുമോ സംഭവിച്ചിട്ടുണ്ടോ?

8. അബ്രാമിന്റെ വിശ്വാസക്കുറവ് എത്രയോ ആളുകളെ ബാധിച്ചു ഇത് അനുസ്മരിക്കണം. ഇന്നും, നമ്മുടെ വിശ്വാസക്കുറവ് മറ്റുള്ളവരെ ബാധിക്കുന്നുണ്ടോ? അത് എങ്ങനെ ആയിരിക്കും? അത് നിങ്ങൾക്കോ നിങ്ങളുടെ അറിവിലുള്ള ആർക്കെങ്കിലുമോ സംഭവിച്ചിട്ടുണ്ടോ?

ഉല്പത്തിപുസ്തകത്തിലെ ആ കഥയുടെ ആദ്യഭാഗത്തുനിന്നു ചോദിക്കാവുന്ന, ആത്മീകനിരീക്ഷണങ്ങളുടെയും, പ്രായോഗീകോപയോഗങ്ങളുടെയും ഏതാനും ചോദ്യങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത് നിങ്ങൾക്ക് അവയെ പഠിതാക്കളോടു ചോദിക്കാം.

ഇത് ശ്രദ്ധിക്കുക: നിങ്ങൾ കണ്ടുപിടിച്ചിട്ടുള്ള നിധികൾ കണ്ടെത്തുന്നതിന് ശ്രോതാക്കളായ പഠിതാക്കളെ നയിക്കുവാൻ പര്യാപ്തമായ ചോദ്യങ്ങൾ നിങ്ങൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും, നിങ്ങളോട് പഠിതാക്കൾ ചോദ്യങ്ങൾ ചോദിച്ചാൽ അവയ്ക്ക് തൃപ്തികരമായ ഉത്തരം നൽകണം. അവരുടെ നിരീക്ഷണങ്ങളും, നിങ്ങളുടെ ചോദ്യങ്ങളും ഉത്തരങ്ങൾ നൽകുന്നതും, അനുഭവത്തോടെ ശ്രദ്ധിച്ചു കേൾക്കണം. പ്രോത്സാഹജനകമായ മറുപടി അവർക്കായി നൽകുകയും ചെയ്യണം. പഠിതാക്കൾ സ്വയം മറ്റ് നിധികൾ കണ്ടുപിടിച്ചേക്കും. അതുപോലെതന്നെ, കഥാകാഥികനായ നിങ്ങൾ അവതരിപ്പിച്ച കഥാഭാഗത്തെക്കുറിച്ച് ചോദ്യങ്ങൾ ചോദിച്ചേക്കും. എന്നാൽ നിങ്ങളുടെ ചോദ്യമില്ലാതെ തന്നെ പഠിതാക്കൾ നിധികൾ കണ്ടുപിടിക്കുന്നതായാൽ, കഥാകാഥികനായ നിങ്ങളുടെ ചോദ്യങ്ങൾ ഇനിയു ചോദിക്കണ്ട; നേരിട്ട് ചർച്ചയിലേക്ക് പ്രവേശിക്കാം. നിങ്ങളുടെ ചോദ്യങ്ങൾ മാറ്റിവയ്ക്കുക. പരിശുദ്ധാത്മാവ് പഠിതാക്കളോട് വ്യക്തിപരമായി സംസാരിക്കുന്നു, ഇടപെടുന്നു. അത് കാണുന്നതും പരിശുദ്ധാത്മാവിന്റെ ഇടപെടൽ നേരിട്ട് ശ്രദ്ധിക്കുന്നതും എത്ര മനോഹരമാണ്!

## കഥയ്ക്കുവേണ്ടി മുഖവുര തയ്യാറാക്കുന്നത് എങ്ങനെ?

കഥയ്ക്കുള്ളിൽ നിന്ന് ആത്മീകനിധികൾ കണ്ടുപിടിക്കുന്നതിനായുള്ള "വേട്ട" അവസാനിച്ചാലുടൻ നിങ്ങൾക്ക് തോന്നാം. ഈ കഥയ്ക്ക് ഒരു മുഖവുവ ആവശ്യമല്ലേ എന്ന്. ആത്മീക നിരീക്ഷണങ്ങൾ, പ്രായോഗികോപയോഗങ്ങൾ, എന്നിവയെല്ലാം കണ്ടെത്തിയതിന് ശേഷമേ നമ്മൾ മുഖവുര തയ്യാറാക്കുകയുള്ളൂ, കാരണം, മുമ്പ് കഥ ആദിയോടെന്തം മനസ്സിലാക്കിയാൽ മാത്രമേ മുഖവുരയിൽ എന്തെല്ലാം ഉൾപ്പെടുത്തണമെന്ന്, മനസ്സിലാക്കാൻ കഴിയുകയുള്ളൂ.

മുഖവുരയിൽ നിന്ന്, പഠിതാക്കൾ കേൾക്കാൻ പോകുന്ന കഥയുടെ പശ്ചാത്തലവും, സാഹചര്യങ്ങളും മനസ്സിലാക്കാൻ കഴിയും. കഥയുടെ സന്ദർഭം മനസ്സിലാകുമ്പോൾ കഥാസംഭവത്തിന് മുമ്പ് നടന്ന സംഗതികൾ ബോദ്ധ്യമാകും. കഥയെ താല്പര്യത്തോടെ ശ്രദ്ധിച്ച് കേൾക്കുന്നതിനും കഥയുടെ ഉള്ളടക്കം വ്യക്തമായി മനസ്സിലാക്കുന്നതിനും അത് സഹായകമാകും.

## മുഖവരുയിൽ ഉൾപ്പെടേണ്ടത് എന്തെല്ലാം?

ഒരു മുഖവുര ആവശ്യമാണെങ്കിൽ അത് വളരെ ചുരുക്കമായിരിക്കണം. ഏതാനും വാക്കുകളോ വാചകങ്ങളോ മതിയാകും. മുഖവുര ഒരു സാക്ഷ്യപത്രംപോലെയാണ്. അത് ഒരു കഥയല്ല. ആകയാൽ ശ്രോതാക്കളുടെ താല്പര്യം നിലനിർത്തുന്ന വിധമായിരിക്കണം മുഖവുര പറയേണ്ടത്. മുഖവുര ചുരുക്കമായിരിക്കുന്നതാണ് നല്ലത്. സാക്ഷ്യപത്രരീതിയിൽ പറയുന്ന സംഗതികൾ കഥയെപ്പോലെ അല്ല, ഓർമ്മിക്കാൻ ബുദ്ധിമുട്ട് ഉണ്ടാകും. മുഖവുര ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്ന മൂന്ന് കാരണങ്ങൾ ഉണ്ട്.

(a) കഥയ്ക്ക് ഒരു പശ്ചാത്തലമോ, കഥാസന്ദർഭമോ ഉണ്ടെങ്കിൽ കഥയെ സാന്ദർഭികമായി അവതരിപ്പിക്കാൻ മുഖവുര കൂടിയേ തീരൂ. നിങ്ങൾ തിരഞ്ഞെടുത്തിരിക്കുന്ന കഥയ്ക്ക് ഒരു മുഖവുര ഉണ്ടെങ്കിലേ അത് ശരിയായി ഗ്രഹിക്കുവാൻ പഠിതാക്കൾക്ക് കഴിയുകയുള്ളൂ എന്ന് നിങ്ങൾക്ക് ബോദ്ധ്യമാണെങ്കിൽ മുഖവുര ഉപയോഗിക്കണം.

(b) ചിലപ്പോൾ പഠിതാക്കൾക്ക് ഗ്രഹിപ്പാൻ പ്രയാസമുണ്ടാക്കുന്ന പദാവലി കഥയിൽ ഉണ്ടായേക്കും; പുതിയ പദങ്ങളോ ക്ലിഷ്ടമായ പദങ്ങളോ ഉണ്ടായിരിക്കും. കഥയുടെ ആരംഭത്തിനുമുമ്പുള്ള മുഖവുരയിൽ അവയൊക്കെ വ്യാഖ്യാനിക്കുന്നു. നിർവ്വചനം ആവശ്യമുള്ളവയ്ക്ക് അത് നൽകണം. "സുന്നഗോഗ്," "മനുഷ്യപുത്രൻ", "പ്രവാചകപുത്രൻ" മുതലായവയ്ക്ക് വിവരണമോ, വ്യാഖാനമോ ആവശ്യമായേക്കും.

(c) പഴയനിയമസംബന്ധമായ വിജ്ഞാനത്തിൽ അധിഷ്ടിതമായ ഏതെങ്കിലും ആത്മീക നിധി, ചോദ്യോത്തരവേളയിൽ പഠിതാക്കൾ കണ്ടുപിടിക്കേണ്ടതുണ്ടാവും. ഉദാഹരണമായി, നിങ്ങൾ പറയുന്നത് യോഹന്നാൻ ഒന്നാം അദ്ധ്യായത്തിലുള്ള കഥയായിരിക്കും. "ഇതാ, ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്ന വാക്യം അവതരിപ്പിക്കുമ്പോൾ "കുഞ്ഞാട് എന്ന പദത്തിന് വിശദീകരണം നൽകേണ്ടി വരും. അത് മുഖവുരയിൽ നിർവ്വഹിക്കണം" "പഴയനിയമകാലത്ത് പാപപരിഹാരയാഗത്തിനുവേണ്ടി ഒരു കുഞ്ഞാടിനെകൊണ്ടുവരണമെന്ന് ദൈവം യിസ്രായേൽ മക്കളോട് ആവശ്യപ്പെട്ടിരുന്നു........" എന്ന പഴയനിയമ നിബന്ധന നിങ്ങൾ പഠിതാക്കളോട് പറയണം.

2. കഥ മനസ്സിലാക്കുന്നതിനും, ചർച്ചാവേളയിലുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരങ്ങൾ പറയുന്നതിനും സഹായകമാകുന്ന അധിക വിവരങ്ങൾ പഠിതാക്കൾക്ക് നൽകുന്നതിന് മുഖവുര ആവശ്യമാകുന്നു. അവശ്യം വേണ്ട വസ്തുതകൾ മുഖവുരയിൽ ചേർക്കണം.

3. ചിലപ്പോൾ മുഖവുരയുടെ ആവശ്യമുണ്ടാകയില്ല.

4. മുഖവുരയിൽ ഉൾപ്പെടുത്തേണ്ടത് വേദപുസ്തകത്തിൽ ഉള്ള വസ്തുതകൾ മാത്രമായിരിക്കണം. വേദപുസ്തകേതര വിവരങ്ങൾ മുഖവുരയിൽ ഉൾപ്പെടുത്തരുത്. യവനഭാഷയിലോ എബ്രായ ഭാഷയിലോ ഉള്ള നിർവചനങ്ങളോ, വിവരണമോ ഉൾപ്പെടുത്തരുത്; കാരണം, പഠിതാക്കളിൽ കുറെപ്പേർക്കുമാത്രമേ അത് ഗ്രഹിപ്പാൻ കഴിയുകയുള്ളു. ഞങ്ങൾ അഭിലഷിക്കുന്നത് പഠിതാക്കൾ എല്ലാവരും കഥകളിലൂടെ തിരുവചനം പഠിച്ച് വിശ്വാസികൾ ആയിത്തീരണമെന്നാണ്; എല്ലാ വിശ്വാസികളെയും പ്രോത്സാഹിപ്പിക്കുകയും, ശാക്തീകരിക്കുകയും ചെയ്യുന്നതിന് തിരുവചനം ഏവർക്കുമായി പങ്കിടണം എന്നാണ്. തിരുവചനത്തിൽ നിന്ന്, തിരുവചനത്തിൽ അന്തർലീനമായ ആത്മീകസത്യങ്ങൾ, തിരുവചനമാകുന്ന സ്വർണ്ണഖനിയുടെ അഗാധതകളിൽ നിന്ന്, കണ്ടുപിടിക്കുവാൻ നമ്മൾ പഠിതാക്കളെ സഹായിക്കുന്നു. വേദപുസ്തക കഥയെ വിശ്വസിച്ച് അതിൽ ആശ്രയം വയ്ക്കുന്നതിന് നമ്മൾ പഠിതാക്കളെ പഠിപ്പിക്കുന്നു.

5. മുഖവുര എന്നത് നിങ്ങൾ സമാഹരിച്ചിട്ടുള്ള വേദപുസ്തക വിജ്ഞാനമാണ്. നിങ്ങൾ മുഖവുര പറഞ്ഞു കഴിഞ്ഞിട്ട്, അതായത് കഥയുടെ പശ്ചാത്തലം സജ്ജീകരിച്ചതിനുശേഷം, ഇപ്രകാരം പറയാം. "ഇനിയും, കഥ ഇങ്ങനെയാണ്" അഥവാ "കഥ ആരംഭിക്കുകയായി, ബൈബിളിലെ കഥ കേട്ടു കൊള്ളൂ" എന്ന്. (ഈ കഥ .............. എന്ന സംഗതിയെക്കുറിച്ചാണ്" എന്ന് പറയേണ്ട കാര്യമില്ല. പ്രത്യുത, കഥ എന്താണെന്ന് പറഞ്ഞു കഴിയുമ്പോൾ, ശ്രോതാക്കൾ പറയണം കഥ എന്ത് സംഗതിയെക്കുറിച്ചാണെന്ന്.)

# അദ്ധ്യായം 5

# കഥ തയ്യാറാക്കാനും അവതരിപ്പിക്കാനും നമ്മുടെ നിപുണതകൾ ഉപയോഗിക്കാം

**ആദ്യമായി, ഈ മാതൃകാ കഥ പഠിക്കാം.**

ലൂക്കോസിന്റെ സുവിശേഷത്തിൽ ഉള്ളതും ചുവടേ ചേർത്തിരിക്കുന്നതുമായ ബൈബിൾ കഥ പഠിക്കുന്നതിനായി നിങ്ങൾക്ക് നിപുണത I പുനരവലോകനം ചെയ്യേണ്ട ആവശ്യമുണ്ടായിരിക്കും.

"പിന്നെ അവർ യാത്രപോകയിൽ അവൻ ഒരു ഗ്രാമത്തിൽ എത്തി; മാർത്താ എന്നു പേരുള്ള ഒരു സ്ത്രീ അവനെ വീട്ടിൽ കൈക്കൊണ്ടു അവൾക്ക് മറിയ എന്ന ഒരു സഹോദരി ഉണ്ടായിരുന്നു. അവൾ മാർത്തയോ വളരെ ശുശ്രൂഷയാൽ കുഴങ്ങീട്ട് അടുക്കെ വന്നു. 'കർത്താവേ, എന്റെ സഹോദരി ശുശ്രൂഷെക്കു എന്നെ തനിച്ച് വിട്ടിരിക്കുന്നതിൽ നിനക്ക് വിചാരമില്ലയോ? എന്നെ സഹായിപ്പാൻ അവളോട് കല്പിച്ചാലും" എന്നു പറഞ്ഞു. കർത്താവ് അവളോട്: മാർത്തയേ, മാർത്തയേ, നീ പല തിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയും ഇരിക്കുന്നു. എന്നാൽ അല്പമേ വേണ്ടൂ; അല്ല, ഒന്നു മതി. മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു; അത് അവളോട് ആരും അപഹരിക്കുകയുമില്ല." (ലൂക്കോസ് 10: 38-42).

**ഒരുക്കം: ആത്മീകനിധികൾ കണ്ടെത്തുക**

**നിധിവേട്ട 1. ആത്മീക നിരീക്ഷണങ്ങൾ കണ്ടെത്തുക**

നിങ്ങൾ കഥ പഠിച്ചപ്പോൾത്തന്നെ വിലയേറിയ ഏതാനും നിധികൾ കണ്ടിരിക്കും. ഇപ്പോൾ നിങ്ങൾ കഥയെ പുനരവലോകനം ചെയ്യുമ്പോൾ, സാവധാനം കഥയിലൂടെ കടന്നു പോകണം. വൈസ് കൗൺസലർ, ചോദിച്ചതുപ്പോലുള്ള ചോദ്യങ്ങൾ ചോദിക്കണം. നിങ്ങൾക്ക് കൂടുതൽ നിധികൾ കണ്ടെത്താൻ കഴിയും.

വൈസ് കൗൺസലറുടെ ചോദ്യങ്ങൾ ഓരോന്നും ഉപയോഗിക്കുക: "ഈ കഥയുടെ സാഹചര്യം എന്താണ്? ഇതിലെ സംഗതി/പ്രശ്നം എന്താണ്? കഥയെകൂടുതൽ നന്നായി മനസ്സിലാക്കുന്നതിന് നമുക്ക് സഹായകമായി, കഥാസംഭവത്തിന് മുമ്പായി ഉണ്ടായ സംഭവം എന്തായിരുന്നു.? ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന പശ്ചാത്തല സംഭവം എന്താണ്? (ചരിത്രപരമായും ആത്മീകമായും ഉണ്ടായ സംഭവം) കഥയിലെ ആളുകൾ പറയുകയും, പ്രവർത്തിക്കുകയും ചെയ്ത കാര്യങ്ങളിൽ നിന്ന് എനിക്ക് ആത്മീകമായി എന്ത് പഠിപ്പാൻ കഴിയും.? വ്യവസ്ഥകൾ എന്തെങ്കിലും ഉണ്ടായിരുന്നോ? ഉണ്ടെങ്കിൽ, മറ്റ് എന്ത് വ്യവസ്ഥകൾ വയ്ക്കാമായിരുന്നു? ആ വ്യവസ്ഥകൾ മുഖേന എന്തെങ്കിലും ഫലങ്ങൾ ഉണ്ടായോ? അതുകൊണ്ട് ആർക്കെല്ലാമാണ് പ്രയോജനമോ, ദോഷമോ ഉണ്ടായത്? ആരെയെല്ലാം ആ വ്യവസ്ഥകളും, ഫലങ്ങളും ബാധിച്ചു? വൈസ് കൗൺസലർ ഉപയോഗിച്ച ഉപകരണങ്ങൾ നിങ്ങളും ഉപയോഗിക്കണം. അയാൾ ഉപയോഗിച്ച വിവിധ ചോദ്യങ്ങളും ഉപയോഗിക്ണം. വൈസ് കൗൺസലർ ചോദിച്ച ചോദ്യങ്ങൾക്കും അതീതമായി നമ്മൾ ഈ ചോദ്യം കൂടെ ചോദിക്കണം." ഈ കഥാ സാഹചര്യത്തിൽ ദൈവം എവിടെയാണ് പ്രവർത്തിക്കുന്നത്? എവിടെ പ്രവർത്തിക്കുന്നതാ

യാണ് നമ്മൾ ദൈവത്തെ ദർശിച്ചത്. ജനജീവിതങ്ങളിൽ ദൈവം എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതായി നാം കണ്ടത്?

ആ ചോദ്യങ്ങൾ എല്ലാം, ഇപ്രകാരമുള്ള ആത്മീകനിരീക്ഷണങ്ങൾ കണ്ടെത്തുവാൻ നിങ്ങളെ സഹായിക്കുന്നതാണ്.

1. പരിചരണ, പാചകാദി ശുശ്രൂഷകൾ തനിക്കുതന്നെ ചെയ്തു തീർക്കുവാൻ കഴിയുന്നില്ലെന്ന് കണ്ടിട്ട് മാർത്ത ഏതാനും മോശമായ തീരുമാനങ്ങൾ എടുക്കുന്നു. അവൾ തന്നെയാണ് യേശുവിനെ ക്ഷണിച്ചതെങ്കിലും, മാർത്ത അവളുടെ ജോലി ഭാരം ഹേതുവായി മറ്റുള്ളവരെ പഴിക്കുന്നു. മാർത്തയെക്കുറിച്ച് കരുതുന്നില്ലെന്ന് പറഞ്ഞ് മാർത്ത യേശുവിനെ കുറ്റപ്പെടുത്തുന്നു. അവൾ കർത്താവിനോട് ആജ്ഞാപിക്കുന്നു. യേശുവിനോട് സഹായം ആവശ്യപ്പെടുവാൻ അവൾ ഓർക്കുന്നില്ല; അവൾ പരാജയപ്പെടുന്നു.
2. മാർത്ത യേശുവിനെ "കർത്താവ്" എന്ന് സംബോധന ചെയ്യുന്നു. എന്നിട്ട് അവൾ പെരുമാറുന്നതോ?, അവൾക്കാണ് അധികാരമുള്ളത് എന്ന മട്ടിൽ!
3. മാർത്ത അനാദരവ് കാണിച്ചതിൽ യേശു പ്രതികരിച്ചില്ല.
4. യേശു സ്നേഹമസൃണമായി മാർത്തയെ തിരുത്തുന്നു.
5. മാർത്ത ചെയ്തത് അത്യാവശ്യകാര്യമാണെന്ന് അവൾ ചിന്തിച്ചു എന്നാൽ യേശു പറഞ്ഞത് " മറിയ നല്ല അംശം തിരഞ്ഞെടുത്തു" എന്നായിരുന്നു.
6. മാർത്തയ്ക്ക് ഒരു വ്യവസ്ഥ ഉണ്ടായിരുന്നു.
7. മറിയ യേശുവിനുവേണ്ടി തിരഞ്ഞെടുത്തത് അവളുടെ സാമൂഹ്യ സംസ്കാരത്തിന് അതീതമായിട്ടായിരുന്നു. അവളെക്കുറിച്ച് മറ്റുള്ളവർക്കുണ്ടായിരുന്ന പ്രതീക്ഷകൾക്കും അതീതമായിട്ടായിരുന്നു.
8. മറിയ തെരഞ്ഞെടുത്ത നല്ല അംശം അവളിൽ നിന്ന് ആരും അപഹരിക്കുവാൻ യേശു അനുവദിക്കുകയില്ല.

## നിധി വേട്ട 2 - ആത്മീകമായ പ്രായോഗികോപയോഗങ്ങൾ കണ്ടെത്തുക

നമ്മൾ ഇതപര്യന്തം കണ്ടെത്തിയതും നിങ്ങൾ സ്വയം കണ്ടുപിടിച്ചതുമായ ആത്മീക നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ, കഥയെ പുനരവലോകനം ചെയ്തുകൊണ്ട്, ആത്മീകമായ പ്രായോഗികോപയോഗങ്ങൾ കണ്ടുപിടിക്കാം.

ആദ്യമായി, നിങ്ങൾ കണ്ടുപിടിച്ച ഒരു ആത്മീകനിരീക്ഷണം അനുസ്മരിക്കുക. അനന്തരം ചില കാതലായ ചോദ്യങ്ങൾ (താക്കോൽ ചോദ്യങ്ങൾ) ചോദിക്കുക. ഇതുപോലെ: "ഇന്ന് അതുപോലുള്ള കാര്യങ്ങൾ സംഭവിക്കാറുണ്ടോ?" അത് എപ്രകാരമെല്ലാം സംഭവിക്കാം? എനിക്ക് എന്നെങ്കിലും അപ്രകാരം സംഭവിച്ചിട്ടുണ്ടോ? "എനിക്ക് അറിയാവുന്ന ആർക്കെങ്കിലും സംഭവിച്ചിട്ടുണ്ടോ?" "എനിക്കു അപ്രകാരം ഉണ്ടായാൽ സഹായകമായിത്തീരുന്ന എന്തെങ്കിലും പ്രസ്തുത കഥയിൽ കാണുന്നുണ്ടോ?"

ആ ചോദ്യങ്ങളുടെ സഹായത്താൽ നിങ്ങൾക്ക് കണ്ടുപിടിക്കുവാൻ കഴിയുന്ന ഏതാനും, ആത്മീകമായ പ്രായോഗീകോപയോഗങ്ങൾ ചുവടേ ചേർക്കുന്നു.

1. ദൈവ വചനത്തിൽ നിന്ന് പഠിക്കുവാൻ നിങ്ങൾക്ക് ആവശ്യമായ സജീവവും വിലയേറിയതുമായ സമയത്തെ നഷ്ടമാക്കികളയുന്ന ജോലി ഭാരം ഏറ്റെടുക്കാതിരിപ്പാൻ ശ്രദ്ധിക്കുക.
2. നമ്മുടെ ജീവിതത്തിൽ ഒരു പ്രശ്നം ഉണ്ടാകുമ്പോൾ "ദൈവമേ എന്നെക്കുറിച്ച് നിനക്ക് കരുതലില്ലേ?" എന്ന് ദൈവത്തോട് പരാതി പറയുന്നത് എത്ര സങ്കടകരമാണ്? ദൈവത്തിന് ആ പരാതി ഹൃദയ ഭേദകമായിരികയില്ലേ?
3. നമുക്ക് വഹിപ്പാൻ (ചെയ്വാൻ) കഴിയുന്നതിലുമധികം ജോലികൾ ഏറ്റെടുക്കാൻ നിങ്ങൾ തന്നെ

തീരുമാനം എടുത്തിട്ട് എന്റെ ജോലി ഭാരത്തെക്കുറിച്ച് നിനക്ക് കരുതലില്ലേ? എന്ന് ദൈവത്തോട് ചോദിക്കുന്നത് വിഡ്ഢിത്തമല്ലേ?

4. നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടത് എങ്ങനെയാണെന്ന് നമ്മൾ ദൈവത്തോട് പറഞ്ഞുകൊടുക്കണമോ?

5. എന്നെങ്കിലും, നമുക്ക് ചെയ്യാൻ കഴിയാത്തത്ര ജോലിഭാരം നമ്മൾ ഏറ്റെടുത്തിട്ടുണ്ടോ, അത് ദൈവവേല ആയിരുന്നാൽത്തന്നെ? ദൈവം നമ്മെ നിയോഗിക്കാത്ത ശുശ്രൂഷാചുമതല വഹിച്ചിട്ടുണ്ടോ?

6. നമ്മൾ ചിന്തിക്കുന്നതുപോലെ ഒരു പ്രശ്നം പരിഹരിക്കപ്പെടുകയോ, ക്ലേശകരമായ ഒരു സാഹചര്യത്തിന് മാറ്റം സംഭവിക്കുകയോ ചെയ്യാത്തപ്പോൾ നാം ദൈവത്തോട് "ദൈവമേ എന്നെ കരുതുന്നില്ലേ?" എന്ന് ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് സംശയിക്കുകയും പരാതി പറയുകയും ചെയ്യാറില്ലേ?

7. മാർത്തയെ യേശു തിരുത്തിയപ്പോൾ യെശുവിന്ന് മാർത്തയോട് കരുണയും, ദീർഘക്ഷമയും ഉണ്ടായിരുന്നു. അങ്ങനെ, നമ്മൾ ദൈവത്തോട് അനാദരവോടെ സംസാരിക്കുകയും, പെരുമാറുകയും ചെയ്താലും ദൈവം ദീർഘക്ഷമമുള്ളവനായി നമ്മോട് ദയവോടെ മാത്രമേ സംസാരിക്കുകയുള്ളൂ.

8. യേശു മാർത്തായെ പേരു ചൊല്ലി വിളിച്ച് സൗമ്യമായി സംസാരിച്ചതിൽ നിന്ന് യേശുവിന് മാർത്തയോടുള്ള ആത്മാർത്ഥമായ പരിഗണനയും ബന്ധവും വ്യക്തമാകുന്നു. അതുപോലെ തന്നെ ദൈവം നമ്മെ ഓരോരുത്തരെയും വ്യക്തിപരമായി അറിയുന്നു, വ്യക്തിപരമായി നമുക്കായി കരുതുന്നു. നമ്മോടും വ്യക്തിപരമായി സംസാരിക്കുന്നു.

9. അടുക്കളയിൽ പണികൾ ചെയ്യുന്നതോ, സല്കാരാദി പരിചരണ ശുശ്രൂഷകൾ ചെയ്യുന്നതോ, സുവിശേഷീകരണ ശുശ്രൂഷകൾ ചെയ്യുന്നതോ തെറ്റല്ല. എന്നാൽ നാം ചെയ്യുന്ന ജോലി, ദൈവവചനം കേൾക്കുന്നതിൽ നിന്ന് നമ്മെ അകറ്റുന്നു എങ്കിൽ, നമ്മുടെ ജോലി. നാം തിരഞ്ഞെടുത്തിരിക്കുന്നത് ശരിയായ രീതിയിലല്ല.

10. മാർത്തായുടെ പെരുമാറ്റത്തെക്കുറിച്ച് യേശു അവളോട് അവസാനമായി പ്രസ്താവിച്ചത് "മറിയ നല്ല അംശം തെരഞ്ഞെടുത്തു" എന്നായിരുന്നു. മാർത്ത ആഗ്രഹിച്ചത് എന്തായിരുന്നു എന്ന് വ്യക്തമായിരുന്നു. മറിയ യേശുവിൽ നിന്ന് പഠിക്കുന്നത് നിർത്തിയിട്ട് അടുക്കള ജോലിയിൽ തന്നെ സഹായിക്കണം എന്നതായിരുന്നു മാർത്ത ആവശ്യപ്പെട്ടത്. മാർത്ത വിചാരിച്ചത് അവൾ ചെയ്തുകൊണ്ടിരുന്ന ജോലിയാണ് പ്രധാനമായിരുന്നത് എന്നാണ്.

പലപ്പോഴും നമ്മൾ വിചാരിക്കുന്നത് നാം ചെയ്യുന്നതാണ് ഏറ്റവും അത്യാവശ്യമായ ജോലി എന്നാണ്. എന്നാൽ, ദൈവം നമ്മെക്കുറിച്ച്ചിന്തിക്കുന്നത് അത് ആയിരിക്കുകയില്ല.

11. നമ്മൾ പലപ്പോഴും പല സംഗതികളുടെയും ചുമതല ഏറ്റെടുക്കും, നമ്മൾ എന്താണ് ചെയ്യേണ്ടതെന്ന് ദൈവത്തോട് ചോദിക്കുകയുമില്ല. ഏറ്റവും പ്രധാനമായതും, ഏറ്റവും നല്ല അംശമായതും എന്താണെന്ന് നാം തന്നെ തീരുമാനം എടുക്കുന്നു. മാത്രവുമല്ല ദൈവം ഏല്പിച്ചിരിക്കുന്ന വേലയിൽ നിന്ന് നമ്മൾ പലരെയും പിൻതിരിപ്പിക്കുകയും ചെയ്യും.

12. യേശു മാർത്തയോട് പ്രസ്താവിച്ചത് "മറിയ നല്ല അംശം തെരഞ്ഞെടുത്തു. ആരും അത് അവളിൽ നിന്ന് അപഹരിക്കുകയുമില്ല" എന്നാണ്. അതായത് മറിയ തെരഞ്ഞെടുത്തത്, (മറിയ ചെയ്തത്) ആയിരുന്നു ഏറ്റവും നല്ല സംഗതി.

അന്ത്യ ന്യായ വിധിയിങ്കൽ, നാം ഓരോരുത്തരും നമ്മുടെ ജീവിതത്തിൽ ചെയ്തത് എന്താണെന്ന് ദൈവം നോക്കുന്ന സമയത്ത്, നമ്മൾ നല്ലതെന്ന് വിചാരിച്ച് തിരഞ്ഞെടുത്ത് ദൈവവേലയ്ക്കായി ചെയ്ത കാര്യങ്ങൾ പോലും, നല്ല തിരഞ്ഞെടുക്കൽ ആയിരുന്നില്ല എന്ന് കാണുവാൻ ഇടയായേക്കും. എന്നാൽ നാം ചെയ്തത് നല്ല കാര്യം തന്നെ, എങ്കിൽ അത് ആരും അപഹരിച്ചു കളയുകയില്ല.

13. ആത്മീകമായ ജോലികളും, ശുശ്രൂഷകളും തെരഞ്ഞെടുക്കുമ്പോൾ, പലപ്പോഴും, നമ്മൾ നമ്മുടെ സാമൂഹ്യ

സംസ്കാരത്തിനും, കുടുംബ പാരമ്പര്യങ്ങൾക്കും, മറ്റു ജനങ്ങൾ നമ്മെക്കുറിച്ച് പ്രതീക്ഷിക്കുന്ന കാര്യങ്ങൾക്കും അതീതമായിട്ടായിരിക്കും ചുമതലകൾ ഏല്ക്കേണ്ടത്.

നിങ്ങൾ ആത്മീക നിധികൾ കണ്ടെത്തിക്കഴിഞ്ഞാൽ കഥയുടെ ആരംഭത്തിലേക്ക് തിരികെ ചെന്ന്, പഠിതാക്കൾ ആ നിധികളെ അവർ തന്നെ കണ്ടുപിടിക്കുന്നതിന് അവരെ സഹായിക്കുവാൻ കഴിയുന്ന ചോദ്യങ്ങൾ രൂപീകരിക്കേണ്ടിയിരിക്കുന്നു.

അടുത്തതായി നമ്മൾ ചെയ്യാൻ പോകുന്നത്, നിങ്ങൾ രൂപകല്പന ചെയ്തിരിക്കുന്ന ചോദ്യാവലി ഉപയോഗിക്കുവാൻ സാദ്ധ്യതയുള്ള ഒരു STS പാഠാവതരണം നിരീക്ഷിക്കുകയാണ്.

യഥാർത്ഥമായി നിങ്ങൾ ഒരു കഥ അവതരിപ്പിക്കുന്ന സമയത്ത് നിങ്ങൾ എന്താണ് ചെയ്യുന്നതെന്ന് നോക്കാം..............

## അവതരണം ഘട്ടം ഒന്ന്:

## കഥ മൂന്നു പ്രാവശ്യം പറയുക

ശ്രോതാക്കളായ പഠിതാക്കൾ മൂന്നു പ്രാവശ്യം കഥ കേൾക്കാനിടയായാൽ അവർക്ക് കഥ നന്നായി ഗ്രഹിപ്പാൻ കഴിയുമെന്ന് മാത്രമല്ല ചർച്ചകൾക്കായുള്ള ചോദ്യങ്ങൾക്ക് നല്ല പ്രതികരണം നൽകാൻ കഴിയുകയും ചെയ്യും.

1. നിങ്ങൾ കഥ പറയുക
2. ഒരു സന്നദ്ധ സഹായിയോട് കഥ ആവർത്തിച്ചു പറയുവാൻ ആവശ്യപ്പെടുക.
3. കഥയിലൂടെ നയിക്കുക. (യഥാർത്ഥത്തിൽ ഇത്, പഠിതാക്കളുടെ സഹകരണത്തോടെ നിങ്ങൾ കഥയെ ആവർത്തിച്ച് പറയുന്നതാണ്.)

## ഒന്നാം പ്രാവശ്യം: നിങ്ങൾ കഥ പറയുക

നിങ്ങൾക്ക് കഴിയുന്നത്ര കൃത്യമായും രസകരമായും കഥ പറയുക. നിങ്ങൾ കഥ പറയുമ്പോൾ ആംഗ്യങ്ങളും, അഭിനയവും ഉപയോഗിച്ച് കഥയെ സജീവമാക്കുക.

രണ്ടാം പ്രാവശ്യം: ഒരു സന്നദ്ധ സഹായിയോട് കഥ ആവർത്തിച്ച് പറയുവാൻ ആവശ്യപ്പെടുക.

പ്രധാന ഉദ്ദേശ്യം - സന്നദ്ധ സഹായിയോട് കഥ ആവർത്തിച്ച് പറയുവാൻ ആവശ്യപ്പെടുന്നത് ഒരു സദസ്സിൽ ആളുകൾ ഉച്ചത്തിൽ സംസാരിക്കുവാൻ പരിശീലിപ്പിക്കപ്പെടുന്നതിനുവേണ്ടിയാണ്, സന്നദ്ധസഹായിക്ക് സമയം നൽകുന്നതാണ് STS പഠനപ്രക്രീയയിൽ പഠിതാക്കൾക്ക് വ്യക്തിപരമായി പങ്കെടുക്കുന്നതിനുള്ള ആദ്യത്തെ അവസരം. ഒരു സന്നദ്ധ സഹായിയോട് സ്നേഹമസൃണമായും, സൗമ്യമായും പെരുമാറുന്നതും അയാളോട് ആദരവ് കാണിക്കുന്നതും അയാൾക്ക് ഉത്സാഹപൂർവ്വം, ധൈര്യത്തോടെ കഥ പറയുന്നതിന് പ്രചോദനം ലഭ്യമാകുന്നതിനും പിന്നീട് ചോദ്യങ്ങൾക്ക് ശരിയായ ഉത്തരങ്ങൾ നൽകുവാനുള്ള ആത്മവിശ്വാസം ഉണ്ടാക്കുവാനും സാദ്ധ്യമാക്കുകയും മറ്റ് പഠിതാക്കൾക്കും ഉത്സാഹം ഉണ്ടാക്കുന്നതിനും, പ്രചോദനം നൽകുന്നതിനും സൗകര്യമായിത്തീരുകയും ചെയ്യും. കഥാകാഥികനായ അദ്ധ്യാപകന്റെ ഈ വിധമായ സഹൃദയത്വ പെരുമാറ്റം മറ്റുള്ളവർക്ക് താല്പര്യം പ്രദാനം ചെയ്യും. അവർ കൂടുതൽ സഹകരണമുള്ളവരായി ഉച്ചത്തിൽ സംസാരിക്കാൻ സന്നദ്ധത ഉള്ളവരായിത്തീരുന്നതാണ്.

STS പ്രക്രീയയുടെ ഈ ഭാഗത്ത് പഠിതാക്കൾ കഥയെ ഹൃദിസ്തമാക്കാൻ നാം ഉദ്ദേശിച്ചിട്ടില്ല. കഥയെ കൃത്യമായി ആദിയോടന്തം പറയുന്നതിന് പഠിതാക്കളെ സന്നദ്ധരാക്കുന്ന പ്രക്രീയ പിന്നാലേ വരുന്നുണ്ട്.

കഥാവതരണത്തിന് അനുവദിക്കപ്പെട്ട സമയം പരിമിതമാണെങ്കിൽ രണ്ടാംപ്രാവശ്യത്തെ കഥാകഥനം (സന്നദ്ധസഹായി കഥ പറയുന്നത്) ഒഴിവാക്കാവുന്നതും നേരിട്ട് മൂന്നാമത്തെ പ്രാവശ്യത്തിലേയ്ക്ക് പ്രവേശിക്കാവുന്നതുമാകുന്നു. സന്നദ്ധ സഹായിയെ വിളിക്കുന്നതിനു രണ്ട് മാർഗ്ഗങ്ങളുണ്ട്.

**വിധം 1: പഠിതാക്കളോട് ഇപ്രകാരം പറയുക:**

"നിങ്ങളുടെ അടുത്തുള്ള ആളുടെ നേർക്ക് തിരിയുക. നിങ്ങളിൽ ഒരാൾ കഥ പറയുക." മുകളിൽ പ്രസ്താവിച്ചതുപോലെ, സന്നദ്ധസഹായികൾ കഥ ആവർത്തിച്ചു പറയുന്നതിന്റെ വലിയ വില ഇതാണ്, ആളുകൾക്ക് ശബ്ദം ഉയർത്തി സംസാരിക്കുവാനുള്ള ധൈര്യം ലഭ്യമാകുന്നു. ഭൂരിപക്ഷം ആളുകൾക്കും പൊതുവേദിയിൽ സംസാരിക്കുന്നതിന് വൈഷമ്യമാണ്. ഈ വിധത്തിൽ പഠിതാക്കളെക്കൊണ്ടും സംസാരിപ്പിക്കുന്നതുകൊണ്ട് അവർക്ക് പ്രവർത്തനസന്നദ്ധത ഉണ്ടാകുന്നു. ഒരു സദസ്സിൽ ഇരിക്കുന്ന ആളുകളിൽ അടുത്തടുത്തിരിക്കുന്നവർ മിക്കവാറും പരിചയക്കാർ ആയിരിക്കും. ആകയാൽ അവർക്കു തമ്മിൽ സംസാരിക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടാനിടയില്ല. പരിചയക്കാർ തമ്മിൽത്തമ്മിൽ അഭിമുഖമായി സംസാരിക്കുന്നത് എളുപ്പമാണ്. അഭിമുഖം നോക്കി ഒരാൾ മറ്റേ ആളിനോട് കഥ പറയട്ടെ. അയാൾ പറഞ്ഞതിനുശേഷം മറ്റേ ആൾ കഥ പറയട്ടെ.

ക്രിസ്തീയ സമൂഹത്തിലും ഭൂരിഭാഗം പഠിപ്പിക്കലും ലക്ചർ ശൈലിയിലാണ്. ആകയാൽ പഠനരീതികൾ വികസിപ്പിച്ച് ജനങ്ങളെ വിദ്യാഭ്യാസത്തിൽ സഹായിക്കുന്നതിന്, അവർക്ക് ശബ്ദം ഉയർത്തി സംസാരിക്കുവാനുള്ള അവസരങ്ങളും സാദ്ധ്യതകളും ഉണ്ടാക്കിക്കൊടുക്കേണ്ടത് അത്യാവശ്യമാണ്. അവരുടെ ചിന്തകളെയും ആശയങ്ങളെയും പ്രകടിപ്പിക്കാൻ അവർക്ക് അവസരം നൽകണം. ഒരു സംഘം ആളുകളോട് നിങ്ങൾ ഒരു കഥ ആദ്യമായി പറയുമ്പോൾ, സദസ്സിൽ ഇരിക്കുന്ന ആളുകൾ തമ്മിൽത്തമ്മിൽ ഈരണ്ടു പേർ വീതം ആ കഥ പറയുവാൻ ആവശ്യപ്പെടുന്നതിലൂടെ അവർക്ക് ഉച്ചത്തിൽ സംസാരിക്കുവാനുള്ള സന്നദ്ധത പ്രദാനം ചെയ്യാനുള്ള ഏറ്റവും നല്ല മാർഗ്ഗം ഉപയോഗിക്കപ്പെടുകയാണ്.

ഇവിടെ ഒരു നിർദ്ദേശം നൽകാനുണ്ട്. നിങ്ങൾ ഒന്നാം ഘട്ടത്തിൽ കഥയുടെ ഒരു ഭാഗം പറയുവാൻ വിട്ടുപോയി എന്ന് തോന്നിയാൽ അത് കണ്ടുപിടിച്ച് പരിഹരിപ്പാൻ ഈ ഘട്ടം നിങ്ങൾക്കു സഹായമായിത്തീരും. പഠിതാക്കൾ തമ്മിൽത്തമ്മിൽ കഥ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ വേദപുസ്തകത്തിൽ നോക്കി, കഥയിൽ വിട്ടുപോയ ഭാഗം കണ്ടെത്തുകയും തിരുത്തലിന് ഒരുങ്ങുകയും ചെയ്യണം. പഠിതാക്കൾ തമ്മിൽത്തമ്മിൽ കഥ പറയുക ആയതിനാൽ നിങ്ങൾ ചെയ്യുന്നതെന്താണെന്ന് അവർ ശ്രദ്ധിക്കുകയില്ല.

**വിധം 2.** ഒന്നാമത്തെ വിധത്തിൽ, പഠിതാക്കൾ തമ്മിൽത്തമ്മിൽ കഥ പറയുവാൻ അനുവദിച്ചതിനു ശേഷം, രണ്ടാം വിധത്തിൽ കഥ വീണ്ടും പറയുവാൻ ആവശ്യപ്പെടാം. STS രീതിയിൽ പഠിതാക്കൾ കഥ ഒരുമിച്ച് പഠിക്കുന്നതോടെ, അവർക്ക് സന്നദ്ധയോടെ ഓരോരുത്തരായി കഥ പറയുവാനുള്ള ആത്മധൈര്യം ഉണ്ടാകുന്നു.

പഠിതാക്കളുടെ സംഘത്തോട് ഒറ്റയ്ക്ക് കഥ പറയുവാൻ ആർക്കെല്ലാം സന്നദ്ധതയുണ്ടെന്ന് അന്വേഷിക്കുക. പഠിതാക്കൾ നാണം ഭാവിച്ച് സദസ്സിനോട് കഥ പറയുവാൻ വൈമനസ്യം പ്രകടിപ്പിക്കുകയാണെങ്കിൽ അവരോട് ഇപ്രകാരം പറയണം. "നിങ്ങൾ ഓർക്കുന്നത്ര കഥ പറഞ്ഞാൽ മതി...." എന്ന്, പുഞ്ചിരിച്ചുകൊണ്ട് പഠിതാക്കളുടെ സംഘത്തെ പ്രോത്സാഹിപ്പിക്കുക. നിങ്ങൾ അല്പം പിന്നിലേക്ക് മാറി ഒരു വശത്തേക്ക് നീങ്ങി നിന്നിട്ട് പഠിതാക്കളിൽ ആരെങ്കിലും സന്നദ്ധനായി നിങ്ങൾ നിന്ന സ്ഥലത്തേക്ക് വരുവാൻ ആംഗ്യം കാണിക്കുക. പഠിതാക്കളെ ആളാം പ്രതിയായി നോക്കണം. അവരിൽ പലരും സന്നദ്ധത പ്രകടിപ്പിക്കും. അവരിൽ ഒരാളെ വേദിയിലേക്ക് വരാനും, കഥ പറയുവാനും ക്ഷണിക്കുക.

കഥ സുദീർഘമായിരിക്കയോ, പഠിതാക്കൾ ഓരോരുത്തരും പ്രതികരിക്കാതിരിക്കയോ ആണെങ്കിൽ (പല പ്രാവശ്യം പ്രോത്സാഹനം നൽകി ക്ഷണിക്കുകയും, പഠിതാക്കൾക്ക് ഉത്സാഹവും ആത്മധൈര്യവും ഉണ്ടാകുന്നതിനായി സമയം അനുവദിക്കുകയും ചെയ്തിട്ടും). പഠിതാക്കൾക്ക് ധൈര്യം നൽകുന്നതിനും, സന്നദ്ധരായി കഥ പറയുന്നതിനുള്ള ഉത്സാഹം ജനിപ്പിക്കുന്നതിനുമായി ഇപ്രകാരം പറയണം. "എനിക്ക് ഒരു ആശയം തോന്നുന്നു. നിങ്ങൾക്ക്, പലർ ചേർന്ന് ഈ കഥ പറയുവാൻ താല്പര്യം ഉണ്ടായേക്കും. ഇല്ലേ? ഒരാൾ കഥ പറഞ്ഞ് ആരംഭിക്കുക. അനന്തരം മറ്റൊരാൾ കഥയുടെ അടുത്ത ഭാഗം പറയുക. തുടർന്ന് മറ്റൊരാൾക്ക് അടുത്തഭാഗം പറയാം. അങ്ങനെ പലർചേർന്ന് ഓരോരുത്തരായി കഥയുടെ അവസാനം വരെ പറയുവാൻ കഴിയും." "ഓരോരുത്തരും ഓർക്കുന്നത്ര കഥ പറഞ്ഞാൽ മതിയല്ലോ," എന്ന് ധൈര്യപ്പെടുത്തണം.

പലർ ചേർന്ന് സീരിയൽ ആയി കഥ പറയുന്നതിനാൽ ഓരോ പഠിതാവിനും ആത്മധൈര്യം കൈവരുന്നതാണ്.

(25ൽ പരം രാജ്യങ്ങളിൽ ഈ വിധത്തിൽ കഥാവതരണം നടത്തിയിട്ടുള്ളതിൽ ഓരോ പ്രാവശ്യവും ഓരോ സന്നദ്ധസഹായിയെങ്കിലും മുമ്പോട്ടു വരുകയും കഥ പുരാഖ്യാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംഗതിവശാൽ, യാതൊരു സന്നദ്ധസഹായിയും പഠിതാക്കളിൽ നിന്ന് ലഭ്യമാകുന്നില്ലെങ്കിൽ, നിങ്ങൾ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുക: "കുഴപ്പം ഞാൻ ഭരമേല്ക്കുന്നു. നിങ്ങൾക്ക് കഥ നന്നായി മനസ്സിലാകുകയും, കഥ പറയുവാനുള്ള ധൈര്യവും ഉത്സാഹവും ഉണ്ടാകുകയും ചെയ്യും. "എന്ന് പഠിതാക്കളോട് പറയുക". ഞാൻ കഥയിലൂടെ നിങ്ങളെ വീണ്ടും ആനയിക്കാം.")

അവസാനം ഒരാൾ സന്നദ്ധമായി മുന്നോട്ടു വരുമ്പോൾ അയാളെ ഹസ്തദാനത്തോടെ അനുമോദിക്കുകയും, കഥ പറയുന്നതിന് പരിശ്രമിക്കുവാനായി സ്വാഗതം ചെയ്യുകയും വേണം. പുഞ്ചിരിയോടുകൂടി അയാളോടു പറയണം. "നിങ്ങൾ കഥ പറഞ്ഞാൽ മാത്രം മതി, മുഖവുര പറയേണ്ട കഥയുടെ ഏതെങ്കിലും ഭാഗം മറന്നു പോയാൽ വിഷമിക്കേണ്ട. നിങ്ങൾ കഥ ഒരു പ്രാവശ്യമല്ലേ കേട്ടുള്ളൂ. കഥ ഇങ്ങനെ പറഞ്ഞു തുടങ്ങിക്കൊള്ളൂ....." കഥയുടെ ആദ്യത്തെ വാചകം നിങ്ങൾ പറഞ്ഞുകൊടുക്കണം........

സന്നദ്ധസഹായി കഥ പറുയവാൻ നില്ക്കുന്നിടത്തുനിന്ന് 10 അടി അകലേക്ക് മാറി ഒരു വശത്തായി വേണം നിങ്ങൾ നില്ക്കേണ്ടത്. കഥ പറയുവാൻ നില്ക്കുന്ന ആൾ സദസ്സിനെ നോക്കാതെ, അനുവാദം ലഭിപ്പാനായി നിങ്ങളെ നോക്കിയാവും നില്ക്കുക. നിങ്ങൾ വളരെ ദൂരത്തിലാണെങ്കിൽ സന്നദ്ധ സഹായിക്ക് ഏകാന്തതയും, ഒറ്റപ്പെടലും അനുവഭവപ്പെട്ടേക്കും. നിങ്ങൾ വേദിയുടെ ഒരു വശത്താണ് നില്ക്കുന്നതെങ്കിലും, നിങ്ങളുടെ മുഖഭാവവും, ശരീരഭാഷയും സന്നദ്ധസഹായിക്ക് കഥ പറയുവാൻ അനുവാദവും, പ്രോത്സാഹനവും, താല്പര്യവും പ്രദാനം ചെയ്യുന്നതായി അയാൾക്ക് അനുഭവപ്പെടുന്നതാണ്.

നിങ്ങളുടെ ശ്രദ്ധ സന്നദ്ധ സഹായിയിൽത്തന്നെ ആയിരിക്കണം. ഈ സമയത്ത് നിങ്ങൾ മറ്റ് ആരോടും സംസാരിക്കരുത്. ആ സന്നദ്ധ സഹായി നിങ്ങളിൽ വിശ്വാസം അർപ്പിച്ചിരിക്കയാണല്ലൊ. അയാളെത്തന്നെ ശ്രദ്ധിച്ചുകൊണ്ടും അയാൾ പറയുന്നത് കേട്ടുകൊണ്ടും അയാൾക്ക് ആത്മവിശ്വാസം നൽകുകയും നിങ്ങളോടുള്ള അയാളും വിശ്വാസം ഉറപ്പാക്കുകയും വേണം.

അനന്തരം, സന്നദ്ധ സഹായി കഥയെ നന്നായി പറഞ്ഞു എങ്കിൽ, നിങ്ങളുടെ വാക്കുകളിലൂടെയും ഭാവപ്രകടനങ്ങളിലൂടെയും അയാളെ അനുമോദിക്കുകയും, അയാളുടെ പുനരാഖ്യാനം നിങ്ങളെ എത്രമാത്രം ആകർഷിച്ചു എന്നും അയാളെ ബോദ്ധ്യപ്പെടുത്തുക. അയാൾ കഥ പറഞ്ഞത് നിങ്ങൾ ആദിയോടന്തം സസൂക്ഷ്മ ശ്രദ്ധിച്ചു എന്ന് വ്യക്തമാക്കുന്നതിനായി, അയാൾ കഥ പറഞ്ഞപ്പോൾ ചെയ്ത എന്തെങ്കിലും വിശേഷകാര്യം, അതായത് അയാൾ ഉപയോഗിച്ച സുന്ദരമായ പദങ്ങളോ, അയാൾ പ്രകടമാക്കിയ ഏതെങ്കിലും ഭാവഹാവാദികളോ, എന്തെങ്കിലും അഭിനയമോ, ആംഗ്യങ്ങളോ തെളിവിനുവേണ്ടി സൂചിപ്പിക്കുകയും അയാളെ അനുമോദിക്കുകയും ചെയ്യണം.

പലപ്പോഴും, കഥയുടെ പുനരാഖ്യാതാവ് കഥയിൽ ചില ഭാഗങ്ങൾ വിട്ടുപോയെന്നുവരാം, അല്ലെങ്കിൽ വളരെതാണ നിലവാരത്തിലായിരിക്കും പുനരാഖ്യാനം ചെയ്തത്. ഇങ്ങനെ സംഭവിക്കുമ്പോൾ മറ്റ് പഠിതാക്കളോട് തെറ്റ് തിരുത്തികൊടുക്കാൻ ആവശ്യപ്പെടരുത്. ഒരു വേള നിങ്ങളോ, മറ്റു പഠിതാക്കളോ മറ്റുള്ളവരുടെ മുമ്പിൽവച്ച് അയാളുടെ പിശക് തിരുത്താൻ ഇടയായാൽ അയാളുടെ വ്യക്തിത്വത്തിന് മുറിവേല്ക്കും, അയാൾ അമ്പരന്നുപോകും.

അനേകം പിശകുകളോടെ ഒരു കഥ പുനരാഖ്യാനം ചെയ്യപ്പെട്ടാൽ അതിനെ തിരുത്തുന്നത് പഠിതാക്കളിൽ ആശയക്കുഴപ്പം ഉണ്ടാക്കിയേക്കും. കഥ നന്നായി പറയാൻ കഴിയാഞ്ഞ സന്നദ്ധസഹായികളെ, അവർ നന്നായി പറഞ്ഞതോ ചെയ്തതോ ആയ എന്തെങ്കിലും സംഗതിയെ പുകഴ്ത്തി, അനുമോദിച്ചാൽ മതി. ഇപ്രകാരം പറയാവുന്നതാണ്. "നിങ്ങളുടെ ധൈര്യത്തെ ഞാൻ അഭിനന്ദിക്കുന്നു." "ആ കുഷ്ടരോഗിയെക്കുറിച്ച് നിങ്ങൾ വിവരിച്ചത് വളരെ നന്നായിരുന്നു." കഥ അവതരിപ്പിച്ചത്, നാടകീയമായി, ആകർഷകമായി ആയിരുന്നു. അല്ലെങ്കിൽ മറ്റെന്തെങ്കിലും പ്രോത്സാഹജനകമായ അഭിപ്രായങ്ങൾ പറയാവുന്നതാണ്.

സന്നദ്ധ സഹായി കഥയിൽ എന്തെങ്കിലും സംഗതി കഥയെ മനോഹരമാക്കത്തക്കവിധം അധികമായി ചേർത്തു പറഞ്ഞാൽ അതെക്കുറിച്ച് അഭിപ്രായം പറയാം. ശ്രോതാക്കൾ അത് ശ്രദ്ധിച്ചിട്ടുണ്ടാവണം. സന്നദ്ധ സഹായി അധികമായി പറഞ്ഞ സംഗതികളെക്കുറിച്ച് നിങ്ങൾ എന്ത് പറയുന്നു എന്ന് കേൾക്കാൻ സദസ്യർ കാത്തിരിക്കുകയാവും. കഥയ്ക്ക് അലങ്കാരമായി പറഞ്ഞകാര്യങ്ങൾ സ്നേഹപൂർവ്വം അംഗീകരിച്ചു എന്ന് തോന്നു മാറ് അതെക്കുറിച്ച് ഒന്നും പറയാതിരിക്കുന്നതാണ് നല്ലത്. അതുകൊണ്ട് (ദയാപുരസ്സരമായ രീതിയിൽ) നിങ്ങൾ ഖേദം പ്രകടിപ്പിച്ചാൽ മതി, അലങ്കരമായി പറഞ്ഞ കാര്യങ്ങളെക്കുറിച്ച് അഭിപ്രായം ഒന്നും പറഞ്ഞില്ല എന്ന്. അധികമായി യാതൊന്നും കഥയോട് ചേർത്തു പറയുകയോ എന്തെങ്കിലും വിട്ടുകളയുകയോ അതുതെന്നാണ് STS പദ്ധതി അനുശാസിക്കുന്നതെന്ന് പറയാതെ, പറയുക.

## ഒഴിവാക്കുന്നതിന്റെ ഫലങ്ങൾ:-

STS പദ്ധതിയിൽ ദൈവവചനത്തോട് കൂട്ടിച്ചേർക്കുന്നതിന് ആളുകളെ അനുവദിക്കുന്നു എന്ന് ചില വേദ പുസ്തക ഭാഷാകർക്കശന്മാർ കരുതുന്നുണ്ടാവും, അവരെ ഞങ്ങൾ നിരാശപ്പെടുത്തുന്നു (ഞങ്ങൾ അങ്ങനെ ചെയ്യുന്നില്ല). മറ്റുള്ളവർ കരുതുന്നത് അവർ ബൈബിൾ കഥ പറയുമ്പോൾ അവർക്ക് താല്പര്യമുള്ള എന്തും കൂട്ടിച്ചേർക്കാമെന്നാണ്.

ഇപ്രകാരം ആരെങ്കിലും തിരുവചനത്തോട് എന്തെങ്കിലും കൂട്ടിച്ചേർത്ത് കഥ പറഞ്ഞാൽ അതെക്കുറിച്ച് സൗമ്യമായി പ്രതികരിച്ചാൽ മതി. സൗഹൃദമായ ഒരു പുഞ്ചിരി നൽകിക്കൊണ്ട് ഉത്സാഹത്തോടെ പറയുക:"താങ്കൾ വളരെ ജാഗ്രതയുള്ള വ്യക്തിയാണ്. ബൈബിൾ കഥയിൽ ഇല്ലാത്ത ചില വിജ്ഞാനവിവരങ്ങൾ കൂടി ഞങ്ങളുമായി പങ്കുവച്ചുവല്ലൊ. ഇത് ഒരു വെല്ലുവിളിയാണ് എന്നു പറയട്ടെ. ബൈബിൾ കഥയിൽ ഉള്ള സംഗതികൾ മാത്രമേ പറയാവൂ എന്നതാണ് ഞങ്ങൾ നൽകുന്ന വെല്ലുവിളി!"

വളരെ പ്രധാനമായ ഒരു സംഗതി ഇതാണ്: പുനരാഖ്യാതാവ് കഥയെ നന്നായി പറഞ്ഞാൽ മാത്രമല്ല, മോശമായി പറഞ്ഞാലും എന്തെങ്കിലും വിശേഷകാര്യം കണ്ടെത്തി അയാളെ അനുമോദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

കഥയെ നന്നായും, തികവോടെയും പറയത്തക്കവിധം ശരിയായി പഠിക്കുവാനുള്ള സമയമല്ല STS കഥാകഥനത്തിൽ ഒരു സന്നദ്ധസഹായിയോട് കഥ പുനരാഖ്യാനം ചെയ്യാൻ ആവശ്യപ്പെടുന്നതെന്ന് ഓർത്തിരിക്കണം. കഥ ആവർത്തിച്ച് പുനരാഖ്യാനം ചെയ്യുവാൻ സന്നദ്ധസഹായികളോട് ആവശ്യപ്പെടുന്നത് കഥയെ നന്നായി പഠിക്കുവാനുള്ള പഠന രീതിയായി ഞങ്ങൾ ശുപാർശ ചെയ്യുന്നില്ല. കഥ ഒരു പ്രാവശ്യം മാത്രം കേട്ടിട്ടുള്ള ഒരാൾ കഥയെ പുനരാഖ്യാനം ചെയ്യുമ്പോൾ സ്വാഭാവികമായും ആദ്യം ധാരാളം പിശകുകൾ വരുത്തും. തുടർന്ന് മറ്റ് സന്നദ്ധ സഹായികൾ കഥ പറയുമ്പോൾ കൂടുതൽ പിശകുകൾ ഉണ്ടാക്കും. അങ്ങനെ അവസാനം ആളുകൾ ഓർക്കാനിടയാകുന്നത് അവർ ഓരോരുത്തരും വരുത്തിയ പിശകുകൾ ആയിരിക്കും.

സന്നദ്ധസഹായികളുടെ ഈ ബലഹീനത നിങ്ങൾ പരസ്യമായി തിരുത്താൻ ശ്രമിച്ചാൽ പഠിതാക്കളുടെ ആത്മവിശ്വാസം പടുത്തുയർത്തുക എന്ന ലക്ഷ്യം പരാജയപ്പെടും. പഠിതാക്കളുടെ ധൈര്യവും ഉത്സാഹവും നഷ്ടപ്പെട്ടുപോകും. ധീരന്മാർ മാത്രമേ സന്നദ്ധ സഹായികളാകാൻ തുനിയുകയുള്ളൂ. മറ്റുള്ളവർ സങ്കോചത്തോടെ പിന്നിലേക്ക് മാറും. പൊതുവായി, പരസ്യമായി ലജ്ജിതരായിത്തീരുമല്ലൊ എന്ന ആശങ്കയോടെ അവർ അനുകൂലമായി പ്രതികരിക്കാതെ പിന്മാറാൻ ഇടയാകും.

കഥ ആവർത്തിച്ച് പറഞ്ഞ ആൾ ശരിയായിട്ടാണ് കഥ പറഞ്ഞതെങ്കിലും, ബൈബിൾ കഥകൾ മറ്റുള്ളവരെ പഠിപ്പിക്കുന്നതിന് ഇപ്രകാരം സന്നദ്ധസഹായികൾ കഥ ആവർത്തിച്ച് പറയുന്നരീതിയെ ഒരു പ്രായോഗീകരീതിയായി STS പദ്ധതി ശുപാർശ ചെയ്യുന്നില്ല. ഒരു വേള അത് ഫലപ്രദമായി കണ്ടാലും, ബൈബിൾ കഥ പഠിപ്പിക്കുന്നതിനുള്ള രസാവഹമായ രീതി അതല്ല. ബൈബിൾ കഥ പഠിക്കുന്നതിന്റെ താല്പര്യജനകമായ വിധം അതല്ല. യാന്ത്രികമായി മനഃപാഠം പഠിക്കുന്നത് രസകരമല്ല, സജീവവുമല്ല അത് വിരസമാണ്.

STS പദ്ധതിയിൽ നാം നിർവ്വഹിപ്പാൻ ഉദ്ദേശിക്കുന്നലക്ഷ്യം ബൈബിൾ കഥകൾ പഠിപ്പിച്ചുതീർക്കുക എന്നതല്ല. ജനങ്ങൾ കഥകൾ നന്നായി മനസ്സിലാക്കുകയും അതിൽ അന്തർഭവിച്ചിട്ടുള്ള ആത്മീകസത്യങ്ങൾ ചർച്ചയിലൂടെയും ചോദ്യോത്തരങ്ങളിലൂടെയും കണ്ടെത്തുകയും ചെയ്യുകയെന്നാണ്. അതുപോലെ തന്നെ

അവർ കണ്ടുപിടിച്ചതായ ആത്മീക സത്യങ്ങൾ അവരവരുടെ ജീവിതങ്ങളിൽ പ്രായോഗീകമായി ഉപയോഗിക്കുന്നത് എങ്ങനെ എന്ന് കണ്ടുപിടിക്കുക കൂടിയാണ് STS ന്റെ ലക്ഷ്യം.

STS രീതിയിൽ കഥ അവതരിപ്പിക്കുന്നതിനുള്ള എല്ലാ ഘട്ടങ്ങളിലൂടെയും നാം കടന്നുപോകുകയും അനന്തരം കഥയെ ആദിയോടന്തം പൂർണ്ണമായി ചർച്ച ചെയ്യുകയും ചെയ്തു കഴിയുമ്പോൾ നമുക്ക് കഥയെ സംബന്ധിച്ചും പഠിതാക്കളെ സംബന്ധിച്ചും ഒരു കാര്യം തീർച്ചയാകും, കഥ അവർക്ക് നന്നായി മനസ്സിലായിട്ടുണ്ടോ ഇല്ലയോ എന്ന്. ഇത് മാതൃകാദായകമായ ഒരു സമയമാണ്. നാം അതിനെ സൃഷ്ടിപരമായ പുനഃശാക്തീകരണം എന്ന് വിളിക്കുന്നു. അതിന്റെ വിശദീകരണം ഈ അദ്ധ്യായത്തിൽ അന്യത്ര നൽകപ്പെടുന്നതാണ്.

ഒരു കഥ പഠിക്കുന്നതിനുള്ള ഭൂരിഭാഗം വെല്ലുവിളികളും കഥയുടെ അവതരണത്തിലെ അടുത്ത രണ്ട് ഘട്ടങ്ങളിലൂടെ STS പ്രക്രീയയിൽ സ്വാഭാവികമായി പരിഹരിക്കപ്പെടുന്നതാണ്. അടുത്തതായി വരുന്ന കഥയുടെ പുനരാഖ്യാനത്തിലൂടെ പഠിതാക്കളെ കഥയിലേക്ക് ആനയിക്കുമ്പോൾ പഠിതാക്കളുടെ മനസ്സിൽ കഥയെ ഗാഢമായി ഉറപ്പിക്കുന്നു. അതിനും അതീതമായി കഥാകാഥികർ കഥയെക്കുറിച്ചുള്ള നിരീക്ഷണചോദ്യങ്ങൾ ചോദിക്കുമ്പോൾ കഥയുടെ ഏതേതുഭാഗത്തിനിന്നാണ് ചോദ്യങ്ങൾ ചോദിക്കുന്നത് എന്ന് സൂചിപ്പിക്കുകയും. ചോദ്യങ്ങൾ ആ ഭാഗത്ത് കേന്ദ്രീകൃതമായി ചോദിക്കുകയും ചെയ്യുന്നതുകൊണ്ട് നിരീക്ഷണം കൃത്യമായിത്തീരും. ഈ രീതിയിൽ പഠിതാക്കൾ കഥയെ ഭാഗം ഭാഗമായി, കാലക്രമത്തിൽ കേൾക്കുന്നതിനാൽ കഥയുടെ ഉള്ളടക്കം പഠിതാക്കളുടെ ഹൃദയത്തിൽ ദൃഢീകൃതമായിത്തീരുന്നു.

ഭൂലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ പുതുതായി ശില്പശാലകൾ നടത്തുവാൻ എത്തുമ്പോൾ വിചിത്രമായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രാദേശിക നേതാക്കൾ ഞങ്ങളെ അകലേക്ക് വിളിച്ചുകൊണ്ടുപോയി രഹസ്യമായി ഞങ്ങളോട് പറയും. “ഞങ്ങൾ നിങ്ങളെ നിരാശപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. ഈ ദേശത്തുള്ളവർ നിങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകുകയില്ല.” ഇങ്ങനെ കേൾക്കുമ്പോൾ ഞങ്ങൾ ആ നേതാക്കളോട് മറുപടി പറയാറുള്ളത്. “വിവരങ്ങൾ പറഞ്ഞതിന് നന്ദി. നമുക്കു നോക്കാം എന്താണ് സംഭവിക്കുന്നതെന്ന്.”

ഓരോ സ്ഥലത്തും, ഓരോ സന്ദർഭത്തിലും (പ്രാദേശിക നേതാക്കളെ അത്ഭുതപ്പെടുത്തിക്കൊണ്ട്) പഠിതാക്കൾ ഞങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതായി കണ്ടിട്ടുണ്ട്. പഠിതാക്കൾ ഞങ്ങൾക്കൊപ്പം ചർച്ചകളിൽ പങ്കെടുക്കുകയും അവരുടെ ആശയങ്ങൾ പങ്ക് വയ്ക്കുകയും ചെയ്തിട്ടുണ്ട്. മറുപടി പറയുന്നതിന് അവർക്ക് മനസ്സുണ്ടാകുവാൻ കാരണം ഞങ്ങൾ അവരോട് സൗമ്യമായും, സാവകാശമായും, ആശയവിനിമയം ചെയ്യുന്നതാണ്. STS പദ്ധതിയുടെ കേന്ദ്രശക്തിയായ പ്രോത്സാഹനം നൽകൽ മറ്റൊരു കാരണമാണ്.

ചില ആളുകൾക്ക് കൂടുതൽ സമയം വേണം ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകാനുള്ള ധൈര്യവും ഉത്സാഹവും ഉത്ഭുതമാകുവാൻ. ശബ്ദം ഉയർത്തി സംസാരിക്കുവാനുള്ള ആത്മധൈര്യമുണ്ടാകുവാൻ പിന്നെയും സമയം വേണ്ടിവരും. കാരണമുണ്ട്, ക്രിസ്തീയ കൂട്ടായ്മകളിൽ ഉച്ചത്തിൽ സംസാരിക്കരുതെന്നാവും അവരെ പഠിപ്പിച്ചിരിക്കുന്നത്. മറ്റ് ചിലരാകട്ടെ തെറ്റ് പറഞ്ഞുപോകുമോ എന്ന ഭയത്താൽ മിണ്ടാതിരിക്കുകയായിരിക്കും. പലർക്കും വിശ്വാസമില്ല അവർക്ക് വിലയേറിയ ആത്മീക ആലോചനകൾ സംഭാവന ചെയ്യുവാൻ കഴിയുമെന്ന്. മുൻകാലങ്ങളിലുണ്ടായ വിവിധ അനുഭവങ്ങളിൽ നിന്ന് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് പല ജനസമൂഹങ്ങളിലും ആളുകൾക്ക് നൽകിയിരിക്കുന്ന നിർദ്ദേശം അമിതമായി ആലോചിക്കുകയോ, പുതിയ ആശയങ്ങൾ ചിന്തിച്ച് കൂട്ടുകയോ ചെയ്യരുതെന്നാണ്. ഇപ്രകാരമുള്ള ചിന്താഗതികളെയും വിലക്കുകളെയും മാറ്റിക്കളയുന്നതിനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതും, ഇഷ്ടപ്പെടുന്നതും.

## വിലക്കുകൾ ഇല്ലാതാക്കപ്പെടുന്നതിന് ദൃഷ്ടാന്തങ്ങൾ

ഒരു STS ശില്പശാലയുടെ ആദ്യ ദിവസത്തിന്റെ അവസാനത്തിൽ, വിദ്യാസമ്പന്നനായ ഒരു എഴുപതുകാരൻ ഇങ്ങനെ പറയുകയുണ്ടായി. “ എനിക്ക് ഈ പഠനം 40 കൊല്ലം മുമ്പ് കിട്ടേണ്ടതായിരുന്നു. ഞങ്ങൾ ചൈനാക്കാർ ഒന്നും ചർച്ച ചെയ്യാറില്ല. ഞങ്ങൾക്കു കിട്ടുന്ന നിർദ്ദേശമനുസരിച്ച് ഞങ്ങൾ പ്രവർത്തിക്കുന്നു,

കേൾക്കുന്നത് വിശ്വസിക്കുന്നു. എന്നാൽ ഇത് മഹനീയമാണ്. ആയുസ്സിൽ ആദ്യമായാണ് സ്വന്തമായി ചിന്തിച്ച് ആശയങ്ങൾ കണ്ടുപിടിച്ചത്!"

നേപ്പാളിലെ വിദ്യാവിഹീനരായ ഗ്രാമീണർ STS ശില്പശാലയിൽ സംബന്ധിച്ചപ്പോൾ ആദ്യമൊക്കെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ വളരെസമയം എടുത്തിരുന്നു. എന്നാൽ അവർക്ക് അനുമോദനം ലഭിക്കുകയും പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്തപ്പോൾ, ഉത്സാഹഭരിതരായിത്തീരുകയും അധികം സമയം എടുക്കാതെ ഉത്തരങ്ങൾ പറഞ്ഞുതുടങ്ങുകയും ചെയ്തു. സാവകാശമായി ഓരോരുത്തർക്കും ഉത്സാഹം ഉണ്ടാകുകയും ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകാനും ചർച്ചയിൽ പങ്കെടുക്കുവാനും തുടങ്ങി. നിരക്ഷരരിൽ ഒരാൾ അനുഭവം പങ്കിട്ടു. "എഴുത്തും വായനയും അറിഞ്ഞുകൂടാത്തവരോടും ദൈവം സംസാരിക്കുമെന്ന് എനിക്ക് അറിഞ്ഞുകൂടായിരുന്നു."

തായ്‌ലാണ്ടിലെ ഒരു ഗ്രാമത്തിൽ നടത്തപ്പെട്ട ഒരു ശില്പശാലയുടെ പര്യവസാനത്തിൽ, തായ്‌ലാണ്ടുകാരനായ അദ്ധ്യാപകൻ ഇങ്ങനെ റിപ്പോർട്ട് ചെയ്തു. "ആദ്യമൊക്കെ വനിതകൾ ചോദ്യങ്ങൾക്ക് യാതൊരു മറുപടിയും പറയുമായിരുന്നില്ല. അവർക്കും പൊതുരംഗത്ത് സംസാരിക്കാൻ അനുവാദമുണ്ടെന്ന് മനസ്സിലാക്കാൻ അനേക ദിവസങ്ങൾ വേണ്ടി വന്നു. അവർ പറയുന്ന കാര്യങ്ങൾക്കും മൂല്യമുണ്ടെന്ന് അവർക്ക് മനസ്സിലായി. അതിനുശേഷം ഉത്തരങ്ങൾ നൽകുന്നതിൽ നിന്ന് ആർക്കും അവരെ തടയുവാൻ കഴിഞ്ഞില്ല."

## മൂന്നാമത്തെ പ്രാവശ്യം - കഥയിലൂടെ ആനയിക്കുക

ഒന്നാമത്തെ പ്രാവശ്യം നിങ്ങൾ കഥ പറഞ്ഞു, രണ്ടാമത്തെ പ്രാവശ്യം സന്നദ്ധ സഹായി കഥ പറഞ്ഞു. അഥവാ പഠിതാക്കൾ തമ്മിൽത്തമ്മിൽ കഥ പറഞ്ഞു. ഇപ്പോൾ മൂന്നാമത്തെ പ്രാവശ്യം നിങ്ങൾ വീണ്ടും കഥ പറയുമ്പോൾ പഠിതാക്കൾ നിങ്ങളോടൊപ്പം കഥയിലൂടെ സഞ്ചരിക്കണമെന്ന് നിങ്ങൾ ആവശ്യപ്പെടണം, പഠിതാക്കളെ നിങ്ങൾ കഥയിലൂടെ ആനയിക്കുന്നു.

ഇടയ്ക്കിടയ്ക്ക് നിർത്തി നിർത്തി, കൂടെക്കൂടെ തടസ്സങ്ങൾ ഉണ്ടാക്കി പഠിതാക്കളുടെ സഹകരണത്തോടെയാണ് ഈ മൂന്നാം പ്രാവശ്യം കഥ പറയുന്നത്. കഥയുടെ ഏതെങ്കിലും ഭാഗം അല്ലെങ്കിൽ എന്തെങ്കിലും വിശദാംശങ്ങൾ നിങ്ങൾക്ക് ഓർമ്മിച്ചെടുക്കുവാൻ അല്ലെങ്കിൽ, ചേർത്തു പറയുവാൻ പഠിതാക്കളുടെ സഹായവും സഹകരണവും ആവശ്യമാണെന്ന് തോന്നിപ്പിക്കുന്ന വിധമായിരിക്കണം കഥാകാഥികനും അദ്ധ്യാപകനുമായ നിങ്ങൾ കഥ പുനരാഖ്യാനം ചെയ്യേണ്ടത്. പഠിതാക്കൾ കഥ ഓർക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനുള്ള ഒരു പരിപാടിയായി ഇതിനെ കാണരുത്. പ്രത്യുത, കഥാകാഥികനായ നിങ്ങൾ പഠിതാക്കളുടെ മുഖത്തേക്ക് പ്രതീക്ഷയോടെ നോക്കണം, നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന വാക്യത്തിന്റെ അടുത്ത വാക്കോ അടുത്ത വാക്യമോ പഠിതാക്കളിൽ ആരെങ്കിലും പറയുമെന്ന് നിങ്ങൾ ആശിക്കുന്നതായി ദ്യോതിപ്പിക്കുന്ന വിധത്തിൽ വേണം നോക്കേണ്ടത്. ഓർത്തുകൊള്ളണം, പഠിതാക്കൾ കഥയെ ശരിയായും പൂർണ്ണമായും കേൾക്കുന്ന രണ്ടാമത്തെ പ്രാവശ്യമാണിത്. ഇത് കഥയുടെ പുനരവലോകനമല്ല. എല്ലാവരും കഥയെ കൃത്യമായും ശരിയായും പുനരാഖ്യാനം ചെയ്യുന്നതിനുവേണ്ടി പഠിതാക്കളിൽ ഓരോരുത്തരെയും നിങ്ങൾ സഹായിക്കേണ്ടത് അത്യാവശ്യമാണ്.

നിങ്ങൾ തന്നെ കഥ വീണ്ടും പറയുന്നു എന്ന വിധത്തിലായിരിക്കണം കഥ പറഞ്ഞു തുടങ്ങേണ്ടത്. ചില ഭാഗങ്ങളിൽ നിങ്ങൾ മനഃപൂർവ്വം നിർത്തുന്നു, തുടർന്നുള്ള വാക്കുകളോ, വാക്യമോ പഠിതാക്കൾ ചേർന്നു പറയണമെന്ന നിർദ്ദേശം മുഖഭാവത്തിലൂടെ നൽകണം. പഠിതാക്കൾ അത് ഓർമ്മിച്ചുപറയും, നിങ്ങളുടെ ശ്രമം വിജയിച്ചു.

ദൃഷ്ടാന്തമായി. നിങ്ങൾ ഇങ്ങനെ പറയുന്നു. "യേശു ഒരു പട്ടണത്തിലേക്ക് പോയി. യേശു തനിയേ ആണോ പോയത്?... ഉം.....? നിങ്ങൾ പറയുന്നതിന് സ്വയം തടസ്സമുണ്ടാക്കുക, പഠിതാക്കളുടെ സഹായം നിങ്ങൾക്ക് ആവശ്യമാണെന്ന് ആംഗ്യം കാണിക്കുക, പ്രതീക്ഷയോടെ പഠിതാക്കളെ നോക്കുക. അവർ തുടർന്നുള്ള ഭാഗമോ, വിട്ടുപോയ ഭാഗമോ പറയുന്നതിനായി കാത്തുനില്ക്കുക അപ്പോൾ പഠിതാക്കൾ പറയും. "യേശുവിന്റെ ശിഷ്യന്മാർ അവനോടൊപ്പം ഉണ്ടായിരുന്നു." നിങ്ങൾ പ്രതികരിക്കണം. "അതേ," അഥവാ "ശരിതന്നെ, നല്ലകാര്യം." അനന്തരം നിങ്ങൾ കഥ തുടരണം. ഇപ്രകാരം പഠിതാക്കളെ കഥയിലൂടെ ആനയി

ക്കണം. ആളുകൾക്ക് പൊതുവിൽ ഉള്ള ഒരു പ്രശ്നമാണ്, പേരുകളും, അളവുകളും മറന്ന് പോകുക എന്നുള്ളത്. കഥയിലൂടെയുള്ള ആനയിക്കൽ ലളിതമാക്കുന്നതിന് STSൽ ചെയ്യാറുള്ളത് പേരുകളും അളവുകളും ചോദിക്കാതിരിക്കുകയാണ്.

പേരുകൾ ഓർക്കുവാൻ ആവശ്യപ്പെടേണ്ടത് എപ്പോഴാണെന്ന് തീരുമാനിക്കാൻ ബുദ്ധി ഉപയോഗിക്കണം. ഈ കഥയിൽ യേശു, മാർത്താ മറിയ എന്നീ പേരുകൾ പലവട്ടം ആവർത്തിക്കുന്നുണ്ട്. ആകയാൽ ശ്രോതാക്കൾക്ക് ആ പേരുകൾ വേഗത്തിൽ ഓർക്കാൻ കഴിയും. ബുദ്ധി ഉപയോഗിക്കുക. ലളിതമായ ചോദ്യങ്ങൾ ചോദിക്കണം. പഠിതാക്കളായ ശ്രോതാക്കൾക്ക് ധൈര്യം ഉണ്ടാകണമല്ലോ. അതിനോടനുബന്ധിച്ച് അവർ സ്വതന്ത്രമായും ധൈര്യമായും നിങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകുന്നതാണ്.

പഠിതാക്കളോട് ചോദിക്കുക. “അങ്ങനെ മാർത്ത ആരെയാണ് ക്ഷണിച്ചത്? എന്തിനാണ് ക്ഷണിച്ചത്?” അവർ മറുപടി പറയും. “യേശുവിനെയാണ് മാർത്ത ക്ഷണിച്ചത്. അവളുടെ ഭവനത്തിലേക്ക് വരാനാണ് ക്ഷണിച്ചത്.” അപ്പോൾ നിങ്ങൾ പ്രതികരിക്കണം. “നല്ലത്, ശരിതന്നെ.”

ചിലപ്പോൾ കഥാകാഥികൻ കഥയെ ഏതെങ്കിലും ഭാഗത്ത് പൊടുന്നനേ നിറുത്തിയിട്ട് ശ്രോതാക്കളോട് കഥയുടെ അടുത്തഭാഗം തുടർന്ന് പറയുവാൻ ആവശ്യപ്പെടാം, “അപ്പൊഴെ, മാർത്തയ്ക്ക് ഒരു ബന്ധു ഉള്ളതായി കഥയിൽ സൂചന ഉണ്ടല്ലൊ; ആരാണത്?” അപ്പോൾ പഠിതാക്കൾ മറുപടി നൽകും. “മാർത്തയുടെ സഹോദരി മറിയയാണ് ആ ബന്ധു. മറിയ യേശുവിന്റെ കാല്ക്കൽ ഇരുന്നു യേശുവിന്റെ ഉപദേശം കേൾക്കുകയായിരുന്നു.” “ഉത്തരം ശരിയാണ്. നല്ല ഉത്തരം” എന്ന് നിങ്ങൾ പ്രതികരിക്കണം.

അനന്തരം നിങ്ങൾ പറയണം: “പക്ഷേ, മാർത്തയ്ക്ക് ഒരു പ്രശ്നം ഉണ്ടായിരുന്നു- ഒരു പ്രശ്നമാണെന്ന് മാർത്തയ്ക്ക് തോന്നിയ ഒരു സംഗതി. “അത് എന്തായിരുന്നു?”

വീണ്ടും പഠിതാക്കളിൽ നിന്ന് സഹകരണവും സഹായവും ഉണ്ടാകുന്നതിനായി കഥയെ ഇടയിൽ നിർത്തുക. അടുത്തഭാഗം നിങ്ങൾ ഓർക്കുന്നില്ല എന്ന് ഭാവിക്കുക. “വിട്ടുപോയ ഭാഗം പൂരിപ്പിക്കുക,” അല്ലെങ്കിൽ, ‘കഥയുടെ അടുത്തഭാഗം പറയുക’ എന്ന രീതി ഉപയോഗിച്ച് കഥയുടെ തുടർച്ച ഓർമ്മിക്കുവാൻ പ്രോത്സാഹിപ്പിക്കുക.

ഇപ്പോഴോ, മറ്റേതെങ്കിലും സമയത്തോ ശ്രോതാക്കൾ, നിങ്ങൾ കഥ പറയുന്നത് നിർത്തിയപ്പോൾ, കഥ തുടർന്നു പറയുവാൻ കൂട്ടാക്കുന്നില്ലെങ്കിൽ, നിങ്ങൾ തന്നെ അതിന്റെ ഉത്തരം പറഞ്ഞ് തുടരുക. അപ്പോൾ പഠിതാക്കൾക്ക് കഥയുടെ തുടർച്ച ഓർമ്മയിൽ വരുകയും അവർ തുടർന്നു പറയുകയും ചെയ്തു കൊള്ളും.

നിങ്ങളുടെ ചോദ്യത്തിൽ ഉത്തര സൂചകമായ പദമോ പദങ്ങളോ ചേർത്തിരുന്നാൽ പഠിതാക്കൾക്ക് കഥയുടെ അടുത്തഭാഗം ഓർക്കുവാൻ കഴിയും. അപ്രകാരമുള്ള താക്കോൽ വാക്കുകൾ (Key words) ചോദ്യങ്ങളിൽ ഉണ്ടായിരിക്കുന്നത് നല്ലതാണ്. എന്തുകൊണ്ടെന്നാൽ, അപ്രകാരമുള്ള വാക്കുകൾ ഉത്തരങ്ങളെ സൂചിപ്പിക്കുന്നവയാകയാൽ കഥയുടെ അടുത്ത ഭാഗത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ വസ്തുതകളൊന്നും മറികടക്കാതെ അനുബന്ധമായി അവതരിപ്പിക്കാൻ സഹായകമായിരിക്കും.

## താക്കോൽപദങ്ങൾ (Key Words) ഇല്ലാതെ,

ഉദാഹരണമായി, നിങ്ങൾ ആ കഥ പുനരവലോകനം ചെയ്യുകയാണെന്നിരിക്കട്ടെ, നിങ്ങൾ ഇങ്ങനെ ചോദിച്ചാൽ: അനന്തരം മാർത്ത എന്താണു പറഞ്ഞത്? പഠിതാക്കളിൽ ഒരോരുത്തരും ഇങ്ങനെ മറുപടി നൽകും. “മറിയയോട് വന്ന് എന്നെ സഹായിപ്പാൻ കല്പിച്ചാലും എന്ന്. മാർത്ത അങ്ങനെ പറഞ്ഞു എന്നത് ശരിയാണല്ലൊ. ആകയാൽ ശ്രോതാവ് പറഞ്ഞ ഉത്തരം ശരി തന്നെയാണ്. പക്ഷേ, മാർത്ത, യേശുവിനോട് “മറിയയോട് വന്ന് എന്നെ സഹായിപ്പാൻ കല്പിച്ചാലും, എന്നു ആവശ്യപ്പെട്ടതിനുമുമ്പ് അവൾ യേശുവിനോട് ഇപ്രകാരം ചോദിച്ചു. “കർത്താവേ, എന്റെ സഹോദരി ശുശ്രൂഷെയ്ക്ക് എന്നെ തനിച്ച് വിട്ടിരിക്കുന്നതിൽ നിനക്ക് വിചാരമില്ലയോ?” എന്ന്, അങ്ങനെ, നിങ്ങൾ കഥയെ പൊതുവായി വീക്ഷിച്ചുകൊണ്ട് ചോദ്യം ചോദിച്ചതുകൊണ്ട് കഥയുടെ സംഭവഗതിയിൽ വളരെ മുമ്പിലേക്ക് കടന്നു വന്നാണ് ചോദ്യം തയ്യാറാക്കിയത്. പഠിതാവ് വളരെ മുമ്പിലേക്ക് കുതിച്ചു ചാടേണ്ടി വന്നു ചോദ്യത്തിന്റെ ഉത്തരം കണ്ടെത്താൻ.

**താക്കോൽ പദങ്ങളോടുകൂടെ.**

നിങ്ങൾ ഉദ്ദേശിക്കുന്നതായ ഉത്തരം പഠിതാക്കൾ നൽകുന്നതിനുവേണ്ടി കഥയുടെ ഉള്ളടക്കം ഓർക്കുവാൻ സഹായകമായ ചോദ്യം ചോദിക്കുന്നത് നന്നായിരിക്കും. അതിന് ഉദാഹരണമായി ഇങ്ങനെ ചോദിക്കാം: "മാർത്താ യേശുവിനോട് എന്താണ് അപേക്ഷിച്ചത്?" "അപേക്ഷിച്ചത്" എന്ന പദം നിങ്ങൽ ബുദ്ധിപൂർവ്വം ഉപയോഗിച്ചതാണ്. ആകയാൽ നിങ്ങൾക്ക് പഠിതാക്കളെ ശരിയായ ഉത്തരത്തിലേക്ക് ആനയിക്കാൻ കഴിഞ്ഞു "എന്നെ സഹായിപ്പാൻ അവളോട് കല്പിച്ചാലും" എന്നാണ് മാർത്ത അപേക്ഷിച്ചത്.

പഠിതാക്കൾ കൂടുതൽ ഉത്തരങ്ങൾ സ്വയം കണ്ടെത്തുന്നതിന് അവരെ സഹായിക്കുന്നതും, പ്രോത്സാഹജനകവുമായ ചോദ്യങ്ങൾ ചോദിക്കണം. അപ്രകാരം അവരെ ശബ്ദം ഉയർത്തി സംസാരിപ്പാൻ ഉത്സാഹമുള്ളവരാക്കാൻ കഴിയും. പഠിതാക്കളുടെ ഉത്തരം കൃത്യമായി ശരിയല്ലാതിരുന്നാലും അവരെ പ്രോത്സാഹിപ്പിക്കുമാറ് അനുകൂലമായി വേണം പ്രതികരിക്കേണ്ടത്.

ഉദാഹരണത്തിനായി ഈ ചോദ്യം ചോദിച്ചുനോക്കുക:"അപ്പോൾ മാർത്ത യേശുവിനെ സംബോധന ചെയ്തത് എന്തായിരുന്നു? എന്ത് പദം ഉപയോഗിച്ചാണ് സംബോധന ചെയ്തത്? അവർ മറുപടി നൽകും" റബ്ബീ എന്ന് അഥവാ, "കർത്താവേ" എന്ന്, അവർ പറയുന്ന ഉത്തരം "കർത്താവേ" എന്നാണെങ്കിൽ നിങ്ങൾ മറുപടി പറയണം "അത് ശരിയാണ്" എന്ന്, അവർ പറയുന്നത് "റബ്ബീ" എന്നാണെങ്കിൽ നിങ്ങൾ പറയണം "തെറ്റല്ല, മാർത്ത സംബോധന ചെയ്തത്" കർത്താവേ എന്നായിരുന്നു ശ്രോതാക്കളുടെ ഉത്തരമായ "റബ്ബീ" എന്ന പദം കൃത്യമായി ശരിയായിരുന്നില്ലെങ്കിലും, ഉത്തരം നൽകിയ വ്യക്തിയുടെ ആശയം ശരിയായിരുന്നല്ലൊ. പ്രത്യുത്തരം നൽകുന്നതിന് പഠിതാക്കളെ പ്രോത്സാഹിപ്പിക്കുകയാണ് നിങ്ങൾ ചെയ്തത്. അതിനോടനുബന്ധിച്ചുതന്നെ, കഥ കൃത്യമായും ശരിയാകുന്നതിനായി നിങ്ങൾ സൗമ്യതയോടെ ശരിയായ ഉത്തരം പറയുകയും ചെയ്തു.

കഥയുടെ ആദിയോടന്തം നിങ്ങൾ പഠിതാക്കളെ ആനയിച്ചുകൊണ്ടിരുന്നപ്പോൾ നിങ്ങൽക്ക് ഇപ്രകാരമുള്ള ചോദ്യങ്ങൾ പഠിതാക്കളോട് ചോദിക്കാവുന്നതായിരുന്നു - ചോദിക്കാവുന്നതാണ്. "യേശുവിനെ വീട്ടിലേക്ക് ക്ഷണിച്ചത് ആര്? കഥയിൽ മറിയ എന്തു ചെയ്യുകയായിരുന്നു? മാർത്ത എന്തു ജോലിത്തിരക്കിലായിരുന്നു? അപ്പോൾ ഒരു പ്രശ്നം ഉണ്ടാകുന്നു, ആ പ്രശ്നത്തെ ഒന്ന് വിശദമാക്കമോ? മാർത്താ യേശുവിനോട് സംസാരിച്ചപ്പോൾ അവൾ യേശുവിനെ സംബോധന ചെയ്തത് എങ്ങനെയായിരുന്നു? അപ്പോൾ മാർത്താ എന്തു സംഗതിയാൽ വിഷമിച്ചിരിക്കുന്നെന്നാണ് യേശു പറഞ്ഞത്? അതുകൊണ്ട് യേശു പറഞ്ഞു:" മറിയയേ നീ ഈ മുറിയിൽ നിന്ന് വേഗം പുറത്തേക്കു ചെല്ലൂ" ശരിയാണോ? യേശു അങ്ങനെ പറഞ്ഞുവോ? "ഇല്ല". "നിങ്ങൾ പറഞ്ഞത് ശരി" യേശു അങ്ങനെ പറഞ്ഞില്ല. മറിയ എന്തു തിരഞ്ഞെടുത്തു എന്നാണ് യേശു പറഞ്ഞത്?" "അതെക്കുറിച്ച് യേശുവിന്റെ അഭിപ്രായം എന്തായിരുന്നു?" മറിയ തെരഞ്ഞെടുത്തതിനെക്കുറിച്ച് യേശു എന്താണ് പ്രസ്താവിച്ചത്?

നിങ്ങൾ ശ്രദ്ധിച്ചുകാണുമല്ലൊ. പ്രത്യക്ഷത്തിൽ തെറ്റായ ഒരു സംഗതി നമ്മൾ അഭിപ്രായപ്പെട്ടു പ്രത്യക്ഷമായും തെറ്റായ ഒരു കാര്യം നിങ്ങൾ നിരപരാധിത്വത്തോടുകൂടെ പ്രസ്താവിക്കുമ്പോൾ പഠിതാക്കളുടെ ശ്രദ്ധ ഉണരുന്നു, അവർ സസന്തോഷം നിങ്ങളെ തിരുത്തുകയും കഥയെ ശരിയാക്കുകയും ചെയ്യുന്നു. ഇങ്ങനെ കഥയുടെ ഏതെങ്കിലും ഭാഗത്ത് നിങ്ങൾ മനഃപൂർവ്വം പിശകായ ഒരു സംഗതി പ്രസ്താവിക്കുന്നത് ശ്രോതാക്കളിൽ വിസ്മയം ഉളവാക്കുകയും കഥയുടെ പുരോഗതിയിൽ അവർ ശ്രദ്ധയോടെ ഭാഗഭാക്കുകളാകുകയും ചെയ്യും. എന്നാൽ ഈ രീതി അപൂർവ്വമായി മാത്രമേ ഉപയോഗിക്കാവൂ. വല്ലപ്പോഴും മാത്രം അതായത്, കഥയുടെ ആനയിക്കൽ ഘട്ടത്തിൽ ഒരു പ്രാവശ്യം മാത്രം.

മൂന്നാം പ്രാവശ്യത്തെ കഥാകഥനത്തിൽ കഥ ശ്രോതാക്കളുടെ മനസ്സിലേക്ക് ഗാഢമായി പതിയുകയാണ് ചെയ്യുന്നത്? അതിലുമേറെ, കഥാകാഥികൻ ചോദിക്കുന്ന ലളിതമായ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരങ്ങൾ നൽകാൻ കഴിയുന്നതിലൂടെ പഠിതാക്കളുടെ മനസ്സിൽ ആത്മവിശ്വാസം രൂഢമൂലമായിത്തീരുന്നു. (ചോദ്യങ്ങൾ കഥയുടെ ഉള്ളടക്കത്തെക്കുറിച്ചുള്ള അന്വേഷണ ചോദ്യങ്ങൾ മാത്രമാണ്) ഇവയുടെ ഉത്തരങ്ങൾ പഠിതാക്കൾ ശബ്ദം ഉയർത്തി പറയുന്നതിന് ഉത്സാഹമുള്ളവരായിത്തീരുന്നു. ഉത്തരങ്ങൾ അംഗീകരിക്കപ്പെടുന്നതോടെ പഠിതാക്കൾക്ക് ആത്മധൈര്യം ഉറയ്ക്കുന്നു. ഈ ആത്മധൈവ്യം അടുത്ത രണ്ടു ഘട്ടങ്ങളിലേക്ക് ആവശ്യ

മാണ് ചർച്ചയും, പ്രായോഗീകോപയോഗവും കൂടുതൽ വെല്ലുവിളി ഉയർത്തുന്നവയാണ്. ചർച്ചാവേളയിലൂടെ പഠിതാക്കൾ കഥയിലെ നിധികൾ കണ്ടെത്തുകയും അത് ഉച്ചത്തിൽ പറയുകയും ചെയ്യുന്നു. നിങ്ങൾ തയ്യാർ അല്ലേ? നമുക്ക് നമ്മുടെ നിപുണതകൾ അവതരണത്തിനുവേണ്ടി പ്രയോഗിച്ചുനോക്കാം.

# അവതരണം ഘട്ടം രണ്ട്

## ആത്മീക നിരീക്ഷണങ്ങളുടെ ചർച്ചകൾ.

## ആത്മീക നിരീക്ഷണങ്ങൾ

നമ്മൾ ആത്മീക നിരീക്ഷണങ്ങൾക്കും, ആത്മീകമായ പ്രയോഗീകോപയോഗങ്ങൾക്കുമായി അന്വേഷിച്ചപ്പോൾ നിങ്ങൾ നിരവധി നിധികൾ കണ്ടെത്തിയിരുന്നല്ലൊ. അവയെ മൊത്തമായോ ഭാഗീകമായോ നിങ്ങൾ കഥ പഠിപ്പിക്കുമ്പോൾ അവതരിപ്പിക്കാവുന്നതാണ്. പരിശുദ്ധാത്മാവ് നമ്മെ ദൈവ വചനത്തിന്റെ ആഴങ്ങളെയും നിധി സഞ്ചയത്തെയും കാണിച്ചുതരുമ്പോൾ നിസംശയമായും നമ്മൾ കൂടുതൽ നിധികൾ കണ്ടുപിടിക്കുന്നതാണ്.

ചുവടേ ചേർത്തിരിക്കുന്ന മാതൃകാ ചോദ്യങ്ങൾ നിങ്ങൾ കണ്ടുപിടിച്ചിട്ടുള്ള അനവിധി നിധികളിൽ ചിലവയിലേക്ക് നിങ്ങളെ നയിക്കുന്നതാണ്. അതുപോലെ തന്നെ ഭൂലോകമെമ്പാടും നടത്തപ്പെട്ട ശില്പശാലകളിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള നിധികളിലേക്കും നിങ്ങളെ ആനയിക്കുന്നതാണ്. കഥയിലൂടെ നമ്മൾ സംഭവ ക്രമത്തിലാണ് സഞ്ചരിക്കുന്നത്. കഥയുടെ ഒഴുക്കിന് അനുകൂലമായി നാം ഓരോരോ നിരീക്ഷണത്തെയും ചർച്ച ചെയ്ത് മുമ്പോട്ട് പോകാം.

(നമ്പർ ക്രമത്തിൽ കൊടുത്തിരിക്കുന്ന നിരീക്ഷണങ്ങളിൽ ചരിഞ്ഞ അക്ഷരങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നവയെല്ലാം കഥാകാഥികൻ ഓരോ സംഘത്തോടും ചോദിക്കേണ്ടവയാകുന്നു. മറ്റുള്ളവയെല്ലാം ചോദ്യങ്ങളുടെ ഉത്തരങ്ങളോ, സംഘം കണ്ടുപിടിക്കാൻ സാദ്ധ്യതയുള്ള നിധികളോ ആയിരിക്കും. അവയെ ഉച്ചത്തിൽ പറയുകയോ സംഘാംഗങ്ങളുടെ കണ്ടെത്തലുകളെ അംഗീകരിച്ചും അനുമോദിച്ചും കൊണ്ട് കഥാകാഥികൻ പഠിതാക്കളുടെ ആത്മ ധൈര്യത്തിനുവേണ്ടി പറയേണ്ടവയുമാകുന്നു).

1. ഈ കഥയിൽ യേശു മറിയയുടെ പെരുമാറ്റത്തെ അനുമോദിക്കുന്നു. പക്ഷേ മാർത്തയെ വിമർശിക്കുന്നു. ഞാൻ പറഞ്ഞത് ശരിയല്ലേ? (ഉത്തരത്തിനുവേണ്ടി കാത്തുനില്ക്കുക). എനിക്ക് ഇപ്പോൾ ആശയക്കുഴപ്പം തോന്നുന്നു. ആതിഥേയത്വം നല്ല സംഗതിയാണോ? (ഉത്തരത്തിനുവേണ്ടി കാത്തു നില്ക്കുക). അതിഥികൾക്കുവേണ്ടി വീട്ടിൽത്തന്നെ സദ്യ ഒരുക്കുന്നത്. നല്ലകാര്യമാണോ? (ഉത്തരത്തിനായി കാത്തു നില്ക്കുക) ഇപ്പോൾ എന്നെ അത്ഭുതപ്പെടുത്തുന്നകാര്യം യേശു മറിയയുടെ പെരുമാറ്റത്തിൽ സന്തോഷവാനാണ്. മാർത്തായെ അനുമോദിക്കുന്നതുമില്ല. അതിന്റെ കാരണം എന്താണ്?

2. അതുമാത്രമല്ല, ഈ കഥ നമ്മെ പഠിപ്പിക്കുന്നത് വേദപുസ്തകപഠനമാണ് അടുക്കളയിൽ ഭക്ഷണം പാചകം ചെയ്യുന്നതിനെക്കാൾ നല്ലത് എന്നാണെങ്കിൽ, മാന്യരെ, നിങ്ങൾക്കുവേണ്ടി ആരായിരിക്കും ഭക്ഷണം പാചകം ചെയ്തു തരുക? (ഉത്തരത്തിനായി കാത്തുനില്ക്കുക). അതുപോലെ തന്നെ, മാന്യരേ, നിങ്ങളുടെ ഭാര്യമാരോട് അതിഥികളെ സല്കരിക്കാനായി അടുക്കളയിൽ ചെന്ന് സദ്യ ഒരുക്കണമെന്ന് പറഞ്ഞ് വിട്ടതിനുശേഷം നിങ്ങൾ ബൈബിൾ പഠനത്തിനുപോകുകയും അവർക്ക് ബൈബിൾ പഠനം നഷ്ടമാക്കുകയും ചെയ്തിട്ട്, അവരോട് ഈ കഥ പഠിപ്പിക്കുന്നത് അവർ ചെയ്യുന്ന ജോലി വിലമതിപ്പില്ലാത്തപണിയാണെന്ന് അധിക്ഷേപിക്കുന്നത് ശരിയാണോ? (ഉത്തരത്തിനുവേണ്ടി കാത്തുനില്ക്കുക).

   നമുക്ക് അറിയാം യേശു സർവ്വദാസത്യമേ പറഞ്ഞിട്ടുള്ളൂ എന്ന്. എന്നാൽ യേശു പറയുന്നതായ സത്യം ഏതാണ്? എന്താണ് യേശു പറഞ്ഞസത്യം? നാം വീണ്ടും ഈ കഥയിൽ അന്വേഷണം നടത്തേണ്ടതാണ്.

3. മാർത്താ യേശുവിനെ വീട്ടിലേക്ക് എങ്ങനെയാണ് ക്ഷണിച്ചതെന്ന് നാം ഓർക്കുന്നുണ്ടല്ലൊ. യേശു അസാധാരണ വ്യക്തിത്വമുള്ള ഒരു പ്രത്യേക വ്യക്തിയാണെന്ന് മാർത്താ അറിഞ്ഞിരുന്നുവോ എന്ന് നമുക്ക് മനസ്സിലാക്കുവാൻ കഥയിൽ എന്തെങ്കിലും ഉണ്ടോ? (ഉത്തരത്തിനുവേണ്ടി കാത്തിരിക്കുക)

ശ്രോതാക്കൾ മറുപടി നൽകിയേക്കും: “മാർത്ത യേശുവിനെ വീട്ടിലേക്കു ക്ഷണിച്ചു.” “മറിയ യേശുവിന്റെ ഉപദേശം കേട്ടുകൊണ്ടിരുന്നു.” “മാർത്ത യേശുവിനെ കണ്ടപ്പോൾ തന്റെ ശിഷ്യന്മാർ കൂടെയുണ്ടായിരുന്നു.” “യേശു സാധാരണക്കാരിൽ നിന്ന് ഉന്നതനായിരുന്നു.” ഇവയെല്ലാം വിലമതിക്കത്തക്ക പ്രത്യുത്തരങ്ങൾ ആകുന്നു.

4. മാർത്തയുടെ സഹോദരി മറിയ യേശുവിന്റെ കാല്ക്കൽ ഇരുന്നു യേശുവിന്റെ ഉപദേശം കേട്ടു എന്ന് നാം കഥയിൽ നിന്ന് മനസ്സിലാക്കുന്നു. “കർത്താവിന്റെ കാല്കൽ ഇരുന്നു” എന്നതിന്റെ അർത്ഥം വന്ദ്യനായ ഗുരുവിന്റെ പാദാന്തികെ ഒരു വിനീതനായ വിദ്യാർത്ഥി (ശിഷ്യൻ) ഭയ ഭക്തിയോടും സമർപ്പണ മനോഭാവത്തോടും കൂടെ പഠിക്കുന്നു എന്നാണ് ഇവിടെ ഒരു നല്ല ഗുരു ശിഷ്യബന്ധം നമുക്ക് കാണാം. നിങ്ങൾ പറഞ്ഞതുപോലെ അത് സമർപ്പണത്തെയും, വ്യക്തിത്വത്തെയും കാണിക്കുന്നു.

5. മാർത്ത യേശുവിനെ സംബോധന ചെയ്തത് എന്തായിരുന്നു? (ഉത്തരത്തിനുവേണ്ടി കാത്തു നില്ക്കുക) “കർത്താവ്” എന്നാൽ എന്താണ് അർത്ഥം? (ഉയർന്ന സ്ഥാനം എന്ന് സൂചിപ്പിക്കാൻ ഞാൻ കൈ ഉയർത്തുന്നു. യേശു ദൈവമാണെന്ന് മാർത്തായ്ക്ക് അറിയാമായിരുന്നു. കർത്താവ് എന്ന് യേശുവിനെ സംബോധന ചെയ്തത് ആ അർത്ഥത്തിൽ ആയിരുന്നു. പക്ഷേ മറ്റ് ജനങ്ങൾക്ക് അത് അറിവില്ലായിരുന്നു. മാർത്തയ്ക്ക് യേശുവിനെക്കുറിച്ച് അറിയാമായിരുന്നു സംഗതി നമുക്ക് എന്ത് ദൃശ്യമാക്കിത്തരുന്നു? (ഉത്തരത്തിനുവേണ്ടി കാത്തുനില്ക്കുക) അങ്ങനെ, മാർത്തയ്ക്ക് അറിയാമായിരുന്നു യേശു ഒരു സവിശേഷ വ്യക്തി ആണെന്ന്. അവർ യേശുവിനെ ആദരവോടെയാണ് നോക്കേണ്ടത്. അവൾ പറയുന്നുണ്ട് “അവൻ കർത്താവ് ആകുന്നു” എന്ന്. പക്ഷേ അവൾ അവന്റെ ഉപദേശം കേൾക്കാതെ അടുക്കളയിൽ ഇരുന്നു പണി ചെയ്തു. മാർത്തായുടെ പെരുമാറ്റത്തെക്കുറിച്ച് നിങ്ങൾ എന്ത് പറയുന്നു? (ഉത്തരത്തിനായി കാത്തു നില്ക്കുക) അവളുടെ വാക്കുകളും അവളുടെ പ്രവൃത്തിയും തമ്മിൽ ബന്ധമുണ്ടോ? കഥയുടെ ഈ ഭാഗത്ത് അത് എപ്രകാരം വ്യക്തമാകുന്നു?

6. മാർത്താ ജോലി ഭാരത്താൽ വ്യാകുലപ്പെട്ടിരുന്നു എന്ന് കഥ വ്യക്തമാക്കുന്നു. അവൾ തനിയേ പാചക ജോലികൾ ചെയ്യുകയായിരുന്നു. അവൾ തയ്യാറാക്കിക്കൊണ്ടിരുന്ന സദ്യ വലുതായിരുന്നോ ചെറുതായിരുന്നോ എന്ന് കഥയിൽ നിന്ന് മനസ്സിലാകുന്നുണ്ടോ? (ഉത്തരത്തിനായി കാത്തു നില്ക്കുക) അവൾ ലളിതമായ ഒരു ഭക്ഷണമാണോ തയ്യാറാക്കിയത്? അതായത് അതിഥികൾക്ക് പഴങ്ങളോ, ചായയും പലഹാരങ്ങളുമോ ആയിരുന്നോ നൽകാനുദ്ദേശിച്ചത്? അതോ, അവൾ മറ്റ് എന്തെങ്കിലും ആഹാരമാണോ തയ്യാറാക്കിക്കൊണ്ടിരുന്നത്? (ഉത്തരത്തിനായി കാത്തിരിക്കുക) യേശുവിനെ വീട്ടിലേക്ക് ക്ഷണിച്ചത് ആരുടെ തീരുമാനത്താലായിരുന്നു? (ഉത്തരം പ്രതീക്ഷിക്കുക).

7. ഉം? മാർത്ത യേശുവിനോട് യഥാർത്ഥത്തിൽ എന്താണ് ആവശ്യപ്പെട്ടത്? (ഉത്തരം പ്രതീക്ഷിക്കുക) അവൾ യേശുവിനോട് എന്താണ് പറഞ്ഞത്? (നീ കരുതുന്നില്ലേ?) എനിക്ക് അതിശയം തോന്നുന്നു. മാർത്തായുടെ വാക്കുകളിൽനിന്ന് അവൾക്ക് യേശുവിനോടുള്ള വിശ്വാസം പ്രകടമാകുന്നുണ്ടോ? (ഉത്തരം പ്രതീക്ഷിക്കുക).

8. മാർത്തായുടെ പ്രശ്ന പരിഹാരത്തെക്കുറിച്ച് നിങ്ങൾക്ക് എന്ത് തോന്നുന്നു? യേശുവേ, മറിയയോട് എന്നെ സഹായിപ്പാൻ കല്പിച്ചാലും (ഉത്തരം പ്രതീക്ഷിക്കുക) മാർത്ത ഇപ്പോൾ യേശുവിനോട് പെരുമാറുന്നത് എങ്ങനെയാണ്? അവൻ കർത്താവാകുന്നു എന്ന രീതിയിലാണോ? (ഉത്തരം പ്രതീക്ഷിക്കുക) ശരി തന്നെ സമ്മതിച്ചു. കർത്താവ് സേവകനും മാർത്ത യജമാനനും എന്ന രീതിയിൽ അല്ലേ പെരുമാറിയത്? മറ്റുള്ളവരെക്കുറിച്ച് മാർത്താ എങ്ങനെയാണ് ചിന്തിക്കുന്നതെന്ന് ഇത് വെളിപ്പെടുത്തുന്നില്ലേ? അത് ഏത് വിധമാണ്? (ഉത്തരം പ്രതീക്ഷിക്കുക).

9. മാർത്ത സംസാരിക്കുന്ന വാക്കുകൾ ശ്രദ്ധിച്ചാൽ, അതുപോലെതന്നെ യേശു അവളോട് പറയുന്ന മറുപടി നിരീക്ഷിച്ചാൽ നമുക്ക് മനസ്സിലാകയില്ലേ യേശു അവളെ തിരുത്തുകയും, മാറിയയെ ശ്ലാഘിക്കുകയും ചെയ്തതിന്റെ കാരണം എന്താണെന്ന്? യേശു പറഞ്ഞത് എന്ത് മതിയെന്നാണ്? (ഉത്തരം പ്രതീക്ഷിക്കുക).

10. അങ്ങനെ മാർത്താ അവളുടെ ജോലി ഭാരത്തെക്കുറിച്ച് കുറ്റപ്പെടുത്തുന്ന രണ്ടുപേർ ആരെല്ലാമാണ്? (ഉത്തരം പ്രതീക്ഷിക്കുക) അതെ, യേശുവിനെയും മറിയയെയും! മാർത്താ അവരെ എങ്ങനെയാണ് കുറ്റപ്പെടുത്തുന്നത്? (ഉത്തരം പ്രതീക്ഷിക്കുക) മാർത്താ യേശുവിനോട് ചോദിച്ചത് "യേശുവേ, നീ കാണുന്നില്ലേ എന്റെ സഹോദരി മറിയ ഈ ജോലിയെല്ലാം എന്നെ ഏല്പിച്ചിരിക്കുകയല്ലേ?" ശ്രദ്ധിക്കുക, മാർത്ത എന്താണ് പറഞ്ഞത്? മറിയ ആ ജോലിയെല്ലാം അവളെ ഏല്പിച്ചിരിക്കയാണെന്ന്-അല്ലേ?, പക്ഷേ, ഓർമ്മിക്കുക, ആരാണ് യേശുവിനെ ക്ഷണിച്ചത്? (ഉത്തരം പ്രതീക്ഷിക്കുക).

ഈ കഥയിൽ മാർത്തായുടെ ജോലി ഭാരത്തിന് ഉത്തരവാദിയായ ആരുടെ പേരാണ് പറഞ്ഞിട്ടില്ലാത്തത്? (ഉത്തരം പ്രതീക്ഷിക്കുക) അതെ, മാർത്തായുടെ ജോലി ഭാരത്തിന് ഉത്തരവാദിയായ അവളുടെ പേര് അവൾ പറയുന്നില്ല.

11. ശ്രദ്ധിക്കണേ, മാർത്താ സ്വയം എടുത്ത തീരുമാനമാണ് അവളെ യേശുവിൽ നിന്ന് ദൈവവചനം പഠിക്കുന്നതിൽ നിന്ന് പിന്മാറ്റിയത്. എന്നിട്ട് (മാർത്താ സ്വയം ഉണ്ടാക്കിയ പ്രശ്നം പരിഹരിക്കുന്നതിന്) അവൾ കണ്ടു പിടിച്ച പരിഹാരമാർഗ്ഗം മറ്റ് ആരെയെല്ലാം ബാധിച്ചു? (ഉത്തരത്തിനായി കാത്തു നില്ക്കുക) ഉവ്വ്. മറിയ യേശുവിന്റെ അടുത്തുനിന്ന് എഴുന്നേറ്റ് അടുക്കളയിലേക്ക് ചെല്ലേണമായിരുന്നു. മാർത്താ കണ്ടുപിടിച്ച പരിഹാരമാർഗ്ഗത്തെക്കുറിച്ച് നിങ്ങൾ എന്ത് ചിന്തിക്കുന്നു? (ഉത്തരം പ്രതീക്ഷിക്കുക).

12. എപ്രകാരമുള്ള ബഹുമാനമാണ് മാർത്താ യേശുവിന് നൽകിയത്? (ഉത്തരം പ്രതീക്ഷിക്കുക) മാർത്താ യേശുവിനോട് സംസാരിക്കുന്നത് അനാദരവോടെയാണ്. മാർത്ത ആദ്യമേ യേശു അവളെക്കുറിച്ച് കരുതുന്നില്ലെന്നു പറഞ്ഞു കുറ്റപ്പെടുത്തുന്നു. അനന്തരം അവൾ യേശുവിന്റെ യജമാനത്തിയാണെന്ന് തോന്നുമാറ് പഴി പറയുന്നു.

13. യേശു മാർത്തയ്ക്ക് മറുപടി നൽകിയപ്പോൾ എന്തെങ്കിലും വിഷമമോ നീരസമോ പ്രദർശിപ്പിച്ചുവോ? (ഉത്തരത്തിനായി കാത്തു നില്ക്കുക) വിസ്മയകരം തന്നെ. മറ്റുള്ളവരുടെ മുമ്പിൽ വച്ച് മാർത്താ യേശുവിനെ പഴി പറഞ്ഞതിനും, യേശുവിനോട് അവളുടെ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ആജ്ഞാപിച്ചതിനും, യേശു എങ്ങനെ പ്രതികരിക്കാമായിരുന്നു? (ഉത്തരം പ്രതീക്ഷിക്കക). ശരി ഞാൻ അത് മനസ്സിലാക്കുന്നു. മാർത്ത അനാദരവ് കാട്ടിയതിനും, പഴി പറഞ്ഞതിനും അവളോട് കോപിക്കാമായിരുന്നു. അഥവാ നാണക്കേട് തോന്നിയിട്ട് അവിടെ നിന്നു ഇറങ്ങിപ്പോകാമായിരുന്നു. പക്ഷേ, യേശു പ്രതികരിച്ചത് അപ്രകാരം അല്ലായിരുന്നു. യേശു മാർത്തയോട് സംസാരിച്ചത് എങ്ങനെയായിരുന്നു? എങ്ങനെയാണ് യേശു പ്രതികരിച്ചത്? നിങ്ങൾക്ക് ഇത് വിശദമാക്കാമോ? (ഉത്തരം പ്രതീക്ഷിക്കുക) യേശു മാർത്തയോട് വസ്തുതകൾ ശാന്തമായും സൗമ്യമായും വിശദീകരിച്ചു കൊടുത്തു. മറിയ നല്ല അംശം തെരഞ്ഞെടുത്തതിനെ ശ്ലാഘിക്കുകയും ചെയ്തു.

14. മറ്റ് ഏതെല്ലാം രീതിയിൽ മാർത്താ യേശുവിനോട് അനാദരവ് കാണിച്ചു എന്ന് നിങ്ങൾ ചിന്തിക്കുന്നു? (ഉത്തരം പ്രതീക്ഷിക്കുക) യേശു വന്ദ്യനായ ഗുരു ആയിരുന്നു. മാർത്ത യേശുവിനെ വിമർശിച്ചു, മറ്റുള്ളവരുടെ മുമ്പിൽ വച്ച് യേശുവിനെ വിമർശിച്ചു. യേശുവിനെ തന്റെ ശിഷ്യന്മാരുടെ മുമ്പിൽ വച്ച് വിമർശിച്ചു. അങ്ങനെ ചെയ്തതിലൂടെ മാർത്ത യേശുവിനോട് അനാദരവ് കാട്ടി. യേശു മറുപടി പറഞ്ഞപ്പോൾ അഹന്ത കാണിച്ചുവോ അതോ സൗമ്യത പ്രദർശിപ്പിച്ചുവോ? എങ്ങനെ? (ഉത്തരം പ്രതീക്ഷിക്കുക).

15. യേശു മാർത്തായെ എങ്ങനെയാണ് വിളിച്ചത്? എന്താണ് വിളിച്ചത്? അവളുടെ വിഷമത്തെക്കുറിച്ച് യേശു എന്താണ് പറഞ്ഞത്? (ഉത്തരത്തിനായി കാത്തുനില്ക്കുക.) അതെ, യേശുവിനെ മാർത്തയുടെ കാര്യത്തിൽ ആത്മാർത്ഥമായ താല്പര്യം ഉണ്ടായിരുന്നു. മാർത്തായുടെ പേരുചൊല്ലിയാണ് യേശു അവളെ വിളിച്ചത്. യേശു അവളുടെ പേര് ഒരു പ്രാവശ്യമല്ല, രണ്ടു പ്രാവശ്യം വിളിച്ചാണ് അവളോട് സംസാരിച്ചത്!

16. മാർത്തായ്ക്ക് ജോലി ഭാരത്താൽ വിഷമമുണ്ടായത് ആദ്യ അനുഭവമായിരുന്നോ, അതോ, അവളുടെ ശീലമായിരുന്നോ? (ഉത്തരം പ്രതീക്ഷിക്കുക.)

യേശു മാർത്തയോടു പറഞ്ഞ മറുപടിയിൽ നിന്ന് അത് അവളുടെ പതിവ് സ്വഭാവമായിരുന്നെന്ന് മനസ്സിലാക്കാം.

17. മാർത്താ അടുക്കളയിലിരുന്ന് ഭക്ഷണം പാചകം ചെയ്യുന്നതിന് തീരുമാനിച്ചു എന്നോ, യേശുവിന്റെ കാല്കലിരുന്ന് പഠിക്കാൻ തീരുമാനിച്ചു എന്നോ, എന്താണ് കഥയിൽ ദൃശ്യമാകുന്നത്? (ഉത്തരത്തിനായി കാത്തുനില്ക്കുക) അതെ, ഞാൻ സമ്മതിക്കുന്നു. യേശു മാർത്തായെക്കുറിച്ചും മറിയയെക്കുറിച്ചും പറഞ്ഞപ്പോൾ അത് വ്യക്തമാകുന്നുണ്ട്. "മറിയ നല്ല അംശം തിരഞ്ഞെടുത്തു" യേശു പറഞ്ഞ ആ വാക്കുകളിൽ നിന്ന് മാർത്താ തിരഞ്ഞെടുത്തതിനെക്കുറിച്ച് യേശു എന്താണ് വ്യക്തമാക്കിയത്? നിങ്ങൾ എന്ത് ചിന്തിക്കുന്നു.? (ഉത്തരം പ്രതീക്ഷിക്കുക)

18. യേശു പറഞ്ഞു. "മാർത്തേ, മാർത്തേ നീ പലതിനെച്ചൊല്ലി വ്യാകുലപ്പെടുകയും ചിന്താ ഭാരത്തിൽ ആകുകയും ചെയ്തിരിക്കുന്നു. മറിയ നല്ല അംശം തിരഞ്ഞെടുത്തു." മാർത്താ തിരഞ്ഞെടുത്തതിനെക്കുറിച്ച് യേശു എന്താണ് പറഞ്ഞത്? മറിയ തിരഞ്ഞെടുത്തതിനെക്കുറിച്ച് യേശു എന്താണ് പറഞ്ഞത്? മറിയ തിരഞ്ഞെടുത്തതിനെ അപേക്ഷിച്ച് മാർത്ത തിരഞ്ഞെടുത്തത് എങ്ങനെയുള്ളതായിരുന്നെന്നാണ് യേശു പറഞ്ഞത്? (ഉത്തരത്തിന് പ്രതീക്ഷിക്കുക) മറിയ നല്ല അംശം തെരഞ്ഞെടുത്തു.

19. മാർത്ത ചെയ്യാൻ തിരഞ്ഞെടുത്തത് നല്ല കാര്യമായിരുന്നെന്ന് തോന്നുന്നുണ്ടോ? (ഉത്തരത്തിന് പ്രതിക്ഷിക്കുക). മാർത്താ ചെയ്തുകൊണ്ടിരിക്കുന്നത് നല്ല കാര്യമാണെന്ന് യേശു ചിന്തിക്കുന്നുണ്ടോ? (ഉത്തരത്തിനായി പ്രതീക്ഷിക്കുക) ഭക്ഷണം കഴിക്കുന്നത് അത്യാവശ്യമല്ലേ? (ഉത്തരം പ്രതീക്ഷിക്കുക) എനിക്ക് ഒന്നു മനസ്സിലാക്കിത്തരാമോ? എന്താണ് അത്യാവശ്യം എന്ത് അത്യാവശ്യമല്ല എന്നാണ് യേശു പറയുന്നത്? കഥയിൽ നിന്ന് എന്താണ് മനസ്സിലാക്കുന്നത്?

20. ആതിഥേയത്വ മര്യാദ സുശക്തമായുള്ള ഒരു സംസ്കാരത്തിൽ മറിയ എന്തുചെയ്യണമെന്നാണ് പ്രതീക്ഷിക്കപ്പെട്ടത്? (ഉത്തരം പ്രതീക്ഷിക്കുക) മറിയയ്ക്ക് കർശനമായ എന്തെങ്കിലും തീരുമാനം എടുക്കാനുണ്ടായോ? മറിയയ്ക്ക് അവൾ തീരുമാനിച്ച സംഗതിക്ക് എതിരായി എന്തെങ്കിലും തീരുമാനം എടുക്കേണ്ടിവന്നോ? (ഉത്തരത്തിനായി പ്രതീക്ഷിക്കുക) ശരിയാണ്. മറിയയുടെ സാമൂഹ്യ സംസ്കാരത്തിനും കുടുംബത്തിന്റെ പ്രതീക്ഷകൾക്കും അതീതമായി തീരുമാനം എടുക്കാൻ ഇടയായി.

21. മാർത്താ ജോലി ഭാരത്താൽ വ്യാകുലപ്പെടുകയും, സദ്യ തയ്യാറാക്കുവാനുള്ള ജോലി അവൾക്കു തനിയേ ചെയ്യുവാൻ കഴിയാതെ വരുകയും ചെയ്തപ്പോൾ എന്താണ് ചെയ്തതെന്ന് നമ്മൾ കണ്ടല്ലൊ. ഒരു നിമിഷം ചിന്തിച്ചു നോക്കൂ. മാർത്തയ്ക്ക് അവളുടെ ജോലി ഭാരം ഒഴിവാക്കുന്നതിനും, ജോലി തീർക്കുന്നതിനുമായി എന്തെങ്കിലും കാര്യം അവൾക്ക് ചെയ്യാൻ കഴിയുമായിരുന്നോ? (ഉത്തരങ്ങൾ പ്രതീക്ഷിക്കുക) മാർത്തായ്ക്ക് പലകാര്യങ്ങളും ചെയ്യാമായിരുന്നു. (മാർത്തായ്ക്ക് അവളുടെ ജോലി ഭാരിച്ചതാണെന്ന് കണ്ടപ്പോൾ അത് ചെയ്യുന്നതിനായി പല ഉപാധികളും ഉപയോഗിക്കാമായിരുന്നു. അത് എന്തെല്ലാമായിരുന്നു എന്ന് ചിന്തിച്ച് കണ്ടു പിടിക്കാൻ കഴിയുമോ?)

22. മാർത്തായ്ക്ക്, അവിടെ ലഭ്യമാകുമായിരുന്ന സാദ്ധ്യതാ സ്രോതസ് എന്തായിരുന്നു? (ഉത്തരത്തിനുവേണ്ടി കാത്തു നില്ക്കുക) സഹായത്തിനായി ആരുടെ അടുത്തേക്ക് മാർത്തയ്ക്ക് പോകാമായിരുന്നു. (ഉത്തരം പ്രതീക്ഷിക്കുക). ഈ കഥ പഠിക്കയും ചർച്ച ചെയ്യുകയും ചെയ്യുന്ന മിക്ക സന്ദർഭങ്ങളിലും പഠിതാക്കളായ ആളുകൾ അവസാനമായി അവതരിപ്പിക്കുന്നതായ നിർദ്ദേശം ഇങ്ങനെയാണ്. " മാർത്തായ്ക്ക് യേശുവിന്റെ അടുത്തു ചെന്ന് യേശുവിനോട് അപേക്ഷിക്കാമായിരുന്നു." 'കർത്താവേ ഈ പാചക പരിചരണ ജോലികൾ എനിക്കുതന്നെ ചെയ്തു തീർക്കുവാൻ കഴിയുകയില്ല. ഞാൻ എന്താണ് ചെയ്യേണ്ടത് എന്ന് പറഞ്ഞുതരേണമേ?"

23. മാർത്തയ്ക്ക് ലജ്ജ തോന്നിയിട്ടാണോ യേശുവിന്റെ അടുത്തു പോയി സഹായത്തിനായി അപേക്ഷിക്കാഞ്ഞത്? (ഉത്തരത്തിന് പ്രതീക്ഷിക്കുക). മാർത്തായുടെ മനോഭാവത്തെ എങ്ങനെ വിശദമാക്കാം? (ഉത്തരം പ്രതീക്ഷിക്കുക) ഈ കഥയിൽ നിന്ന് മാർത്തായുടെ മനോഭാവവും യേശുവിന്റെ മനസ്ഥിതിയും തമ്മിൽ താരതമ്യപഠനം നടത്തുക.

24. മാർത്താ തിരഞ്ഞെടുത്ത ജോലിയും മറിയ തിരഞ്ഞെടുത്ത കാര്യവും തമ്മിൽ താരതമ്യം ചെയ്യുക. അത് ഒരു പോലെയുള്ളതാണോ? വ്യത്യസ്തമാണോ? (ഉത്തരം പ്രതീക്ഷിക്കുക). ഏത് വനിതയാണ് യേശുവിന് കൊടുക്കുന്നത്? ഏത് വനിതയാണ് യേശുവിൽ നിന്ന് സ്വീകരിക്കുന്നത്? (ഉത്തരം പ്രതീക്ഷിക്കുക) യേശു വിലമതിക്കുന്നകാര്യം അതിൽ ഏതാണ്? (ഉത്തരം പ്രതീക്ഷിക്കുക) അത് നമ്മെ എന്ത് പഠിപ്പിക്കുന്നു. (ഉത്തരം പ്രതീക്ഷിക്കുക).

മാർത്താ യേശുവിന് കൊടുക്കാനായി ചില കാര്യങ്ങൾ ചെയ്യുന്നു; മറിയയാകട്ടെ യേശുവിൽ നിന്ന് സ്വീകരിപ്പാനായി ശ്രദ്ധിക്കുന്നു. യേശു മാർത്തയോട് പറയുന്നത് ആ സന്ദർഭത്തിൽ മാർത്താ അപ്രകാരം ചെയ്യേണ്ടതില്ലായിരുന്നെന്നാണ്. ഈ സംഗതി ഒരു ചർച്ചാവിഷയമാക്കാവുന്നതാണ്. "ജോലിയും കൃപയും."

## നിങ്ങളുടെ ചോദ്യങ്ങൾ നിങ്ങളുടെ ബോധനശൈലിയെ പ്രകടമാക്കുന്നത് എങ്ങനെ?

നിങ്ങൾ കണ്ടുപിടിച്ചിട്ടുള്ള നിരീക്ഷണങ്ങൾ പഠിതാക്കളായ ആളുകൾ കണ്ടെത്തുന്നതിന് അവരെ സഹായിക്കുവാനുള്ള ചോദ്യങ്ങൾ രൂപീകരിക്കുന്നതിനു മുമ്പ്, അദ്ധ്യാപകർ സാധാരണ ചോദ്യങ്ങൾ ചോദിക്കുന്നതിന് അനുവർത്തിക്കുന്ന ശൈലികളെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം.

കഥാകാഥികന്മാർ ചോദ്യങ്ങൾ ചോദിക്കുന്ന രീതിയിലൂടെ ശ്രോതാക്കളായ പഠിതാക്കൾ അവരെ നല്ല അവതാരകരായികാണുന്നതിന് പര്യാപ്തമായ ഒരു ബന്ധം സ്ഥാപിതമാക്കുന്നു. കഥാകാഥികരുടെ ശബ്ദ വിശേഷതകൾ, മുഖഭാവങ്ങൾ, ശാരിരികഭാഷ, ചോദ്യങ്ങളുടെ പദവിന്യാസം എന്നവയിലൂടെ അവർക്ക് കഥാകാഥികരുടെ വ്യക്തിത്വം തിരിച്ചറിവാൻ കഴിയുന്നു. കഥാകാഥികനെ ഗൗരവക്കാരനായ ഒരു അദ്ധ്യാപകനായോ, ഔദാര്യവാനായ പ്രൊഫസർ ആയോ, സഹഗാമിയായോ അവർ തിരിച്ചറിയുന്നു.

ഗൗരവമുള്ള അദ്ധ്യപകന്റെ രീതികൾ STS പരിപാടിക്ക് അനുയോജ്യമല്ല. അദ്ധ്യാപകന്റെ ഗൗരവഭാവം പഠിതാക്കളിൽ ഒരു സംഭ്രമം ജനിപ്പിക്കും. "ചോദ്യത്തിന് ശരിയായ ഒരു ഉത്തരം മാത്രമല്ലേ ഉണ്ടാകു. ഞാൻ ഒരു ഉത്തരം പറഞ്ഞ് തെറ്റിപ്പോയാൽ ക്ലാസ്സിൽ ഞാൻ ലജ്ജിതനായിത്തീരുമല്ലൊ " എന്ന് പഠിതാക്കൾ ആശങ്കാകുലരാകും. അതുകൊണ്ട് പഠിതാക്കൾ ഉത്തരം പറയുന്നതിൽ നിന്ന് പിൻമാറിനില്ക്കും. എന്നാൽ STS പദ്ധതിയിൽ നമ്മൾ പഠിതാക്കളെയും, ശ്രോതാക്കളായ ആളുകളെയും സ്വതന്ത്രമായി ചിന്തിക്കുവാനും, കാര്യകാരണങ്ങളോടെ യുക്തിചിന്ത ചെയ്തു ആത്മീകനിധികളെകണ്ടുപിടിക്കുന്നതിനായി ദൈവദത്തമായ ആലോചനാശക്തിയെ ഉപയോഗിക്കുവാൻ പരിശീലിപ്പിക്കുന്നതിനാൽ ഗൗരവക്കാരനായ സ്ക്കൂൾ അദ്ധ്യാപകനെപ്പോലെ പ്രവർത്തിക്കുവാൻ നമ്മൾ അഭിലഷിക്കുന്നില്ല.

ഔദാര്യവാനായ പ്രൊഫസ്സർ സൗമ്യതയോടെ പുഞ്ചിരിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ ചോദ്യങ്ങളുടെ പദവിന്യാസം പ്രകടമാക്കുന്നത് ശരിയായ ഉത്തരം തനിക്ക് അറിയാം, ആ നിലവാരത്തിലേക്ക് പഠിതാക്കൾക്ക് കടന്നുചെല്ലാൻ കഴിയുമോ? എന്നാണ് പഠനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ദൃശ്യമാകുന്നത് അദ്ധ്യാപകൻ ഒരു പർവ്വതത്തിന്റെ മുകളിൽ നില്ക്കുന്നതായാണ്. അദ്ദേഹം ചോദിക്കുന്നതായി അവർ ശ്രദ്ധിക്കുന്നത്."ഞാൻ വിജ്ഞാനത്തിന്റെ ഒരു ഗിരിശൃംഗത്തിലാണ് നില്ക്കുന്നത്. ഞാൻ സമാർജ്ജിച്ചിട്ടുള്ളതുപോലുള്ള വിജ്ഞാനം പ്രകടിപ്പിക്കുവാനായി ഈ പർവ്വതത്തിനുമുകളിലേക്ക് വരുന്നതിന് നിങ്ങൾക്ക് സാമർത്ഥ്യം ഉണ്ടോ?" എന്ന് ചോദിക്കുന്നതായാണ്.

പഠിതാക്കൾ ചർച്ചകളിൽ പങ്കെടുക്കും. പക്ഷേങ്കിൽ, നിങ്ങൾ സൂക്ഷ്മമായി ശ്രദ്ധിക്കുന്നതായാൽ നിങ്ങൾക്കു മനസ്സിലാകുന്നത് അതിസമർത്ഥന്മാരും, വേഗത്തിൽ ചിന്തിക്കുവാനും ഉത്തരം കണ്ടുപിടിക്കുവാനും തക്ക ബുദ്ധിശക്തി ഉള്ള ഏതാനും ചിലർ മാത്രമാണ് ചോദ്യോത്തരപ്രക്രിയകളിൽ സംബന്ധിക്കുന്നതെന്നാണ്. അവർ ശരിയായ ഉത്തരങ്ങൾ കണ്ടുപിടിച്ച് പറയുവാൻ കഴിവുള്ളവരാണ്, പരിചയിച്ചിട്ടുള്ളവരാണ്. അത്തരം ആംഗുലീപരിചിതമായ പഠിതാക്കൾക്ക് ഈ രീതി ഇഷ്ടമായിരിക്കും.

അവർക്ക് ഈ കഥാകാഥികനെ ഇഷ്ടമാകും. പഠിതാക്കളിൽ, ബാക്കിയുള്ള ഭൂരിഭാഗം ആളുകളെയും അപേക്ഷിച്ച് ഉന്നതനിലവാരം പുലർത്തുന്ന ഈ ന്യൂനപക്ഷം ബുദ്ധിമാന്മാർ മാത്രമായിരിക്കും അദ്ദേഹത്തിന്റെ ബോധനം ആസ്വദിക്കുന്നത്.

നിർഭാഗ്യവശാൽ, ഈ ഉന്നത നിലവാരക്കാർ, ചർച്ചാക്ലാസ്സുകളിൽ ഭാഗഭാക്കുകൾ ആകാത്ത ഭൂരിപക്ഷ ത്തെക്കുറിച്ച് അല്പംപോലും പരിഗണിച്ചിട്ടില്ല. പിൻതള്ളപ്പെട്ടവർ സാമർത്ഥ്യമില്ലാത്തവരായാണ് വീക്ഷിക്ക പ്പെടുന്നത്. പക്ഷേ അവരെക്കുറിച്ച് തന്നെ അവർക്ക് ഉറപ്പില്ല. അവർക്ക് ഗിരിശൃംഗത്തിലേക്ക് എത്തുന്നതിന്, പർവ്വതാരോഹണം ചെയ്വാൻ അവർക്കും കഴിയുമെന്ന് അവർ അറിയുന്നതേയില്ല.

കഥാകാഥികനായ അദ്ധ്യാപകൻ സഹഗാമിയായ പർവ്വതാരോഹകനെപ്പോലെ പ്രവർത്തിക്കുമ്പോൾ, അതായത് ശ്രോതാക്കളായ പഠിതാക്കളുമൊത്ത് ആത്മീകനിധികൾ കണ്ടുപിടിക്കുന്ന പരിശ്രമത്തിൽ ആയിരി ക്കുമ്പോൾ, പഠിതാക്കൾക്ക് ബോദ്ധ്യമാകും. കഥാകാഥികൻ സഹഗാമിയായ പർവ്വതാരോഹകൻ ആണെന്നും, ആത്മീകനിധികൾ കണ്ടെത്തുന്നതിന് സമർത്ഥമായി തങ്ങളെ സഹായിക്കുന്നുണ്ട് എന്നും.

സഹഗാമിയായ ഒരു പർവ്വതാരോഹകന്റെ വ്യക്തിപ്രഭാവം അനുവർത്തിക്കുന്നതാണ് ഏറ്റവും ഫലപ്ര ദവും, വല്ലുവിളി നിറഞ്ഞതുമായ കഥാപാത്രവേഷം, ഈ രീതി STSൽ പങ്കെടുക്കുന്നതിന് അവരെയും സമാ കർഷിക്കും ശില്പശാലയിൽ സംബന്ധിക്കുന്ന പഠിതാക്കൾക്കും കഥാകാഥികർക്കും ഒരുപോലെ അഹന്താ ലേശമില്ലാതെ പഠനബോധന പ്രക്രിയകളിൽ വ്യാപൃതരാകുന്നതിന് പ്രചോദനം നൽകുകയും ചെയ്യുന്നു.

ഒരിക്കൽ, ഒരു ശില്പശാല നടന്നുകൊണ്ടിരിക്കവേ ഭക്ഷണത്തിന്റെ ഇടവേളസമയത്ത് ഒരു പഠിതാവ് ഇങ്ങനെ മൂല്യനിർണ്ണയം ചെയ്തു. “കഥാകാഥികർ സഹഗാമികളായ പർവ്വതാരോഹകരായിരിക്കുന്നത് പ്രോത്സാ ഹജനകമാണ്.” ആ വനിത തുടർന്നു പറഞ്ഞു. “നിങ്ങളുടെ മാർത്താമറിയം കഥ എനിക്ക് യഥാർത്ഥത്തിൽ ഇഷ്ടമായി. അത് എന്നെ വളരെ ചിന്തിപ്പിച്ചു അതിൽ ഞാൻ ഏറ്റവും ഇഷ്ടപ്പെട്ടത് എന്താണെന്ന് നിങ്ങൾക്ക് അറിയാമോ?” അവൾ എന്നോട് ചോദിച്ചു ഞാൻ പുഞ്ചിരിച്ചുകൊണ്ട് അന്വേഷിച്ചു.“എന്താണ്?”

“നിങ്ങൾക്ക് ഉത്തരം അറിഞ്ഞുകൂടാതിരിക്കുകയും ഞങ്ങൾ അത് കണ്ടുപിടിച്ച് നിങ്ങളെ സഹായിക്കു ന്നതിന് ഞങ്ങളെ അനുവദിച്ച ആ നിമിഷങ്ങൾ” ആ വനിതയുടെ മറുപടി രസകരമായിരുന്നു.

“ഓ! അതാണോ? ” ഞാൻ പ്രവചിച്ചു. “നല്ല കാര്യം” STS ൽ ഞങ്ങൾ പഠിപ്പിക്കുമ്പോൾ എല്ലാം ആ മാതൃക ഞങ്ങൾ പാലിക്കാറുണ്ട്. ആ കഥ ഞാൻ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിരവധിതവണ പഠിച്ചിട്ടു ണ്ട്. അതുകൊണ്ട് ആ കഥയും അതിനോടനുബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും എനിക്ക് നന്നായി അറിയാം. എന്നാൽ നിങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുന്നതിന് ഞാൻ അവസരം തരുകയായിരുന്നു. അതുകൊണ്ടാണ് ഞാൻ ഉത്തരം അറിഞ്ഞുകൂടാത്തഭാവം കാണിച്ചത്.

“എനിക്ക് അത് അറിയാം” അവൾ തലകുലുക്കി. “ പക്ഷേ, ഞാൻ പറഞ്ഞത് നിങ്ങൾക്ക് അറിഞ്ഞുകൂ ടാത്ത സ്ഥലത്തെല്ലാം ഞങ്ങളെക്കൊണ്ട് ഉത്തരം കണ്ടുപിടിക്കാൻ അനുവദിച്ചതിനെക്കുറിച്ചായിരുന്നു. എനിക്ക് ഇഷ്ടം തോന്നിയ കാര്യം നിങ്ങൾക്ക് എല്ലാകാര്യങ്ങളും അറിയുവാൻ കഴിയുകയില്ലെന്ന് ഞങ്ങളെ അറിയി ക്കാൻ നിങ്ങൾക്ക് സങ്കോചം തോന്നിയില്ലല്ലൊ എന്നതാണ്.”

“ഉം! ഞാൻ സ്വയം ചിന്തിച്ചു, ഞാൻ എന്റെ ജോലി ഭംഗിയായി ചെയ്തു.” ഞങ്ങൾ നിരീക്ഷണങ്ങളി ലൂടെ കണ്ടെത്തിയവയും പഠനസംഘം സ്വന്തമായി കണ്ടുപിടിച്ചവയുമായ എല്ലാ നിധികളെക്കുറിച്ചുംഎനിക്ക് നേരത്തേതന്നെ അറിയാമായിരുന്നെന്ന് സ്ഥാപിക്കുവാനായി ഞാൻ മിനക്കെട്ടില്ല. എന്റെ പഠിതാക്കൾ എല്ലാ വരും ആ വനിത ഉൾപ്പെടെ, വളരെ ജാഗ്രതയോടും ഉത്സാഹത്തോടും സർവ്വാത്മനാ പഠനപ്രക്രിയയിൽ പങ്കെ ടുത്തു എന്ന് എനിക്കറിയാമായിരുന്നു. അവർക്ക് അന്വേഷത്തിനുള്ള “അനുവാദം” നൽകിയതിലൂടെ, സ്വതന്ത്ര മായി ചിന്തിക്കുവാനും അന്വേഷിച്ചുകണ്ടുപിടിക്കുവാനുള്ള സാവകാശവും പദവിയും ലഭ്യമായി. അലങ്കാരിക മായി പറഞ്ഞാൽ, ഞങ്ങൾ ഒരുമിച്ച് പർവ്വതാരോഹണം നിർവ്വഹിച്ചു.

ഒരുകാര്യം ശ്രദ്ധേയമാണ്, എനിക്ക് സുപരിചിതമായ കഥകൾ അവതരിപ്പിക്കുമ്പോഴും, മുമ്പ് ഞാൻ കണ്ടെത്തിയിട്ടില്ലാത്തതായ അനേകം ആത്മീകനിരീക്ഷണങ്ങളും, ആത്മീകമായ പ്രായോഗികോപയോഗങ്ങളും പഠിതാക്കളായ പങ്കാളികൾ കണ്ടുപിടിക്കാറുണ്ട്. അങ്ങനെ പുതിയ കണ്ടെത്തലുകൾ ഉണ്ടാകുന്നതിന്റെ കാരണം ആ സന്ദർഭങ്ങളിൽ ഞാൻ ചോദിക്കുന്ന ചോദ്യങ്ങളാണ്. സജീവമായ ചർച്ചകൾ അതിന് ഒരു കാരണമാണ്. മാത്രവുമല്ല, പരിശുദ്ധാത്മാവിന്റെ ശബ്ദം കേൾക്കാൻ കഴിയുന്നവർക്ക് പരിശുദ്ധാത്മാവ് ആത്മീകനിധികൾ ദാനമായി നൽകുകയും ചെയ്യും . STS ന്റെ പഠനരംഗം പഠിതാക്കളായ ഓരോരോ വ്യക്തിക്കും ആത്മീകമായ

പ്രകാശം പരിശുദ്ധാത്മാവ് നൽകുന്നതിനാൽ അവർക്ക് സ്വതന്ത്രമായി ആത്മീകനിധികൾ കണ്ടുപിടിക്കാൻ കഴിയുന്നുണ്ട്. അവർ മനസ്സിലാക്കിയതും കണ്ടെത്തിയതുമായ ആത്മീകസന്ദേശങ്ങൾ തമ്മിൽത്തമ്മിൽ വിനിമയം ചെയ്യുകയും ചെയ്യുന്നു.

## ഒരു സഹപർവ്വതാരോഹകൻ ആകുന്നതെങ്ങനെ?

പഠിതാക്കളോട് ചോദിക്കുന്ന ചോദ്യങ്ങളുടെ പദവിന്യാസം പഠിതാക്കളെ പങ്കാളിത്വത്തിന് പ്രോത്സാഹിപ്പിക്കുകയോ, നിരുത്സാഹപ്പെടുത്തുകയോ ചെയ്തേക്കാം. ഉദാഹരണത്തിന്, ഒരു കഥാകാഥികൻ ഇങ്ങനെ ചോദിക്കുന്നു എന്നിരിക്കട്ടെ, "എന്നിട്ട്, അബ്രാഹാം എത്ര ഒട്ടകങ്ങളെ കൊണ്ടുവന്നു?" ശ്രോതാക്കൾക്ക് അറിയാം ആ ചോദ്യത്തിന് കൃത്യമായ ഒരു ഉത്തരം ഉണ്ടെന്ന്. അവർ ചിന്തിച്ചേക്കും "ഞാൻ പറയുന്ന ഉത്തരം ശരിയായതായിരിക്കണം." അപ്രകാരമുള്ള ചോദ്യങ്ങൾ ഒരു ക്ലാസ് മുറിയുടെ അന്തരീക്ഷം ഉളവാക്കുകയും ചർച്ചകളെ പര്യവസാനിപ്പിക്കുകയും ചെയ്യും.

അതിനുപകരം, നിങ്ങളുടെ സ്വരത്തിന് ഒരുവ്യതിയാനം വരുത്തി, നിങ്ങൾക്ക് അത്ഭുതം തോന്നുന്നുവെന്ന് അഭിവ്യഞ്ജിപ്പിക്കുമാറ് ഇപ്രകാരം ചോദിക്കാവുന്നതാണ്. "അതായത്, അബ്രാഹാമിന് ഉണ്ടായിരുന്നത് എത്ര ഒട്ടകങ്ങൾ ആയിരുന്നു.?.." നിങ്ങളുടെ മുഖഭാവവും ശാരീരിക നിലപാടും നോക്കിയാൽ അബ്രാഹാമിനുണ്ടായിരുന്ന ഒട്ടകങ്ങളുടെ എണ്ണം നിങ്ങൾ സ്വയം ഓർമ്മിക്കുവാൻ ശ്രമിക്കുകയാണെന്ന് തോന്നണം. അപ്പോൾ പഠിതാക്കൾ നിങ്ങളെ സഹായിക്കാൻ സന്നദ്ധരാകും ഒരാൾ 12 എന്ന് പറഞ്ഞെന്നിരിക്കട്ടെ, അപ്പോൾ നിങ്ങൾ പറയണം "അത് നമുക്ക് നോക്കാം...... 12 ആയിരുന്നോ കൂടുതൽ ആയിരുന്നോ? എന്ന് അപ്പോൾ മറ്റൊരാൾ പറയുന്നു. 14 എന്ന്, " അപ്പോൾ നിങ്ങൾ പറയണം "അതെ, ആങ്.... ഞാൻ സമ്മതിക്കുന്നു. 14 എണ്ണമായിരുന്നു. നന്ദി, നല്ല ഉത്തരം,"എന്ന്.

നിങ്ങൾക്ക് സഹായം ആവശ്യമാണെന്നവിധത്തിൽ നിങ്ങൾ അഭിനയിച്ചാൽ പഠിതാക്കൾ കൂടുതൽ ഉത്സാഹത്തോടെ പ്രതികരിക്കും. കഥയിലൂടെ ആനയിക്കുമ്പോഴോ, നിരീക്ഷണം നടത്തുമ്പോഴോ, പ്രായോഗികോപയോഗങ്ങൾ കണ്ടെത്തുമ്പോഴോ നിങ്ങളെ പഠിതാക്കൾ സഹായിക്കുന്നുണ്ടെന്ന് അവർക്ക് തോന്നലുണ്ടായാൽ അവർ സങ്കോചം കൂടാതെ നിങ്ങളോടു സഹകരിക്കും, പ്രത്യുത ശരിയായ ഉത്തരം മാത്രമേ പറയാവൂ എന്ന തോന്നലാണ് ഉളവാകുന്നതെങ്കിൽ അവർ സഹകരിക്കുവാൻ താല്പര്യമില്ലാതെ പിൻ വലിയുന്നതായി കാണാനിടയായേക്കും.

നിങ്ങൾ ചോദിക്കുന്ന ചോദ്യത്തിന്റെ ശൈലിയും പദവിന്യാസവും വ്യത്യസ്തമായ ക്ലാസ് അന്തരീക്ഷങ്ങൾ ഉണ്ടാക്കിയേക്കും, അദ്ധ്യാപകരും പാസ്റ്റർമാരും പ്രഭാഷണം ചെയ്യുമ്പോൾ അവരുടെ ശ്രോതാക്കളായ പഠിതാക്കൾ വിചാരിച്ചേക്കും അദ്ധ്യാപകർക്ക് അഥവാ പാസ്റ്റർമാർക്ക് എല്ലാം അറിയാമെന്നും, എല്ലാ ചോദ്യങ്ങളുടെയും ഉത്തരങ്ങൾ അറിയുന്നവരാണെന്നും മറ്റും. ഭൂലോകമെമ്പാടും ഉള്ള ഭൂരിഭാഗം ജനങ്ങളും ചർച്ചകളിലൂടെ പഠനം നടത്തിയിട്ടില്ലാത്തവരാണ്. പഠനത്തിന് ചർച്ചകൾ സഹായകമാണെന്ന് അവർക്ക് അറിഞ്ഞുകൂടാ. ചർച്ചാക്ലാസ്സുകളിൽ ആദ്യമായി സംബന്ധിക്കുന്ന പഠിതാക്കൾക്ക് പ്രോത്സാഹനമായി, കഥാകാഥികനായ അദ്ധ്യാപകൻ സഹമഗാമിയായ പർവ്വതാരോഹകനെപ്പോലെ ഇടപ്പെടുകയാണ് വേണ്ടത്. ശരിയായ ഉത്തരം മാത്രം പ്രതീക്ഷിക്കുന്ന സ്ക്കൂൾ അദ്ധ്യാപകനെപ്പോലെ പെരുമാറിയാൽ പഠിതാക്കൾക്ക് സ്വതന്ത്രമായും, ക്രിയാത്മകമായും ചിന്തിക്കുവാനും ഉത്തരങ്ങൾ കണ്ടുപിടിച്ച് ധൈര്യമായി അവതരിപ്പിക്കുവാനും കഴിയാതെപോകും.

ഒരുവേള ഉത്തരങ്ങളോ, അത്യാവശ്യവിവരങ്ങളോ കണ്ടുപിടിച്ചിട്ടില്ലെങ്കിലും പഠിതാക്കളെ പ്രോത്സാഹിപ്പിച്ചുകൊണ്ട്, വിസ്മയത്തോടും, ആഹ്ലാദത്തോടും കൂടെ ഇപ്രകാരം പറയാവുന്നതാണ്. "ഉവ്വ് എനിക്ക് അത് ഇഷ്ടമായി, നിങ്ങൾ എന്തോ കണ്ടുപിടിച്ചു എന്നു തോന്നുന്നു." അത് വളരെ നന്നായിരിക്കുന്നു.

ചിലപ്പോൾ, പഠിതാക്കൾ കഥയുമായി യോജിക്കാത്തവയോ, ശരിയല്ലാത്തവയോ ആയ ചിന്താശകലങ്ങൾ അവതരിപ്പിച്ചേക്കും. സഹഗാമികളായ അദ്ധ്യാപകൻ അവരുടെ ചിന്തകളെ നേർവഴിക്കായി തിരിച്ചുവിടണം. ഉചിതമായ ചോദ്യങ്ങൾ ചോദിച്ച് അവരെ കഥാവിഷയത്തിലേക്ക് നയിക്കാം. തിരുത്തൽ ഒരു സംഭ്രമവും കൂടാതെ അവർ സ്വീകരിക്കും.

ദൃഷ്ടാന്തമായി, ഒരാൾ കഥയുമായി ബന്ധമില്ലാത്തതോ, കഥയിൽ ഇല്ലാത്തതോ ആയ ഒരു പ്രസ്താവന ചെയ്തു എന്നിരിക്കട്ടെ. അയാൾ വിചാരിക്കുന്നു അത് ശരിയാണെന്നും, സാർത്ഥകമാണെന്നും അപ്പോൾ നിങ്ങൾ പറയേണ്ടത്. "ഒന്നു നില്ക്കണേ, ഞാൻ നോക്കട്ടെ, അത് കഥയിൽ എവിടെയാണ് കാണപ്പെടുന്നത്?" എന്ന്. നിങ്ങൾ സൗമ്യതയോടെ പ്രതികരണം ചെയ്യുന്നു. പഠിതാവ് പറഞ്ഞ സംഗതി കഥയിൽ ന്യായീകരിക്കപ്പെടുന്നില്ല എന്ന് നിങ്ങൾക്ക് വ്യക്തമായി അറിയാം, എങ്കിലും നിങ്ങൾ അയാളെ പരസ്യമായി വിമർശിക്കുന്നില്ല. അയാളുടെ പിശക് സ്വയം കണ്ടുപിടിക്കാൻ അയാളെ സഹായിക്കുമാത്രമേ ചെയ്യുന്നുള്ളു പരസ്യമായി തിരുത്തപ്പെടുന്നതിൽ നാണക്കേട് തോന്നിയേക്കുമല്ലൊ. എന്നാൽ, അപ്രകാരമുള്ള ഭീതി ഉണ്ടാകാത്തതിൽ പഠിതാവിന് ധൈര്യവും, പ്രോത്സാഹനവും അനുഭവപ്പെടുകയും ആത്മീനിധികൾ കണ്ടെത്തുന്നതിന് താല്പര്യപൂർവ്വം ഉദ്യമിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

തെറ്റായതോ, ചോദ്യം ചെയ്യപ്പെടാവുന്നതോ ആയ ഒരു ആശയം ആരെങ്കിലും അവതരിപ്പിച്ചാൽ അതിനെക്കുറിച്ച് സൗമ്യമായ രീതിയിൽ വേണം അഭിപ്രായം പറയുവാൻ പഠനസംഘത്തിൽ ഉൾപ്പെടുന്ന മറ്റുള്ളവരുടെ ആശയങ്ങളും അഭിപ്രായങ്ങളും ആരായണം. നിങ്ങൾ ഇതുപോലെ പറയുന്നതാവും നല്ലത്. "ഉം, രസകമായിരിക്കുന്നു. മറ്റുള്ളവർ ഇതേക്കുറിച്ച് എന്തുപറയുന്നു എന്ന് നോക്കാം. തുടർന്ന് സംഘാംഗങ്ങൾ എല്ലാവരും ഒരുമിച്ച് ചർച്ച ചെയ്യുമ്പോൾ നിങ്ങൾ ഒരു സ്ക്കൂൾ അദ്ധ്യാപകനായോ, ഒരു കോളേജ് പ്രഫസ്സർ ആയോ പെരുമാറാൻ ഇടയാകരുത്." പരിശുദ്ധാത്മാവാണ് ഏറ്റവും വലിയ സ്ക്കൂൾ അദ്ധ്യാപകൻ. അതുപോലെതന്നെ ദൈവവചനമാണ് ഏറ്റവും വലിയ ആത്യന്തികാധികാരി.

ഓർമ്മിക്കണേ, നിങ്ങൾക്ക് അധികമൊന്നും അറിഞ്ഞുകൂടാ എന്ന് നടിക്കുവാൻ എത്രത്തോളം കഴിയുന്നുവോ അത്രത്തോളം പഠിതാക്കൾ നിങ്ങളെ സഹായിക്കുന്നതിന് സന്നദ്ധതയുള്ളവരായിത്തീരുന്നതാണ്. നിങ്ങൾ പഠിതാക്കളോട് ചോദ്യങ്ങൾ ചോദിക്കുകയും ചർച്ചകളിലേക്ക് പഠിതാക്കളെ ആനയിക്കുകയും ചെയ്യുന്നവിധം അനുസരിച്ചാണ് പഠിതാക്കൾ നിങ്ങളുടെ വ്യക്തിത്വം മനസ്സിലാക്കുന്നത്. നിങ്ങൾക്ക് എല്ലാം അറിയാമെന്ന് നടിച്ചാൽ പഠിതാക്കൾക്ക് ഉത്തരങ്ങൾ പറയുന്നതിന് താല്പര്യം കുറവായിരിക്കും. ഒരു ക്ലാസ് മുറിയുടെ അന്തരീക്ഷം ഉണ്ടാക്കരുത്. അതിൽ തെറ്റായ ഉത്തരം പറയുന്നതിനുള്ള ഭയം പഠിതാക്കൾക്ക് ഉണ്ടായിരിക്കുമല്ലോ.

നിങ്ങളുടെ ചോദ്യങ്ങളിൽ ചിന്തോദ്ദീപകങ്ങളായ പദപ്രയോഗങ്ങൾ ഉണ്ടായിരിക്കണം. ഉത്തരങ്ങൾ നൽകുവാനുള്ള പ്രേരണ നൽകുന്ന സംഗതികൾ ഉണ്ടായിരിക്കണം. ഉദാഹരണമായി, "എനിക്ക് വിസ്മയം തോന്നുന്നു. അങ്ങനെയല്ലേ എന്ന്.........." "അങ്ങനെ ആയിരിക്കുമോ........?" "ഇത് സാദ്ധ്യമെന്ന് തോന്നുന്നുണ്ടോ......? " "ഇത് അങ്ങനെയാണെന്ന് തോന്നുന്നുണ്ടോ" "നിങ്ങൾക്ക് എന്തു മനസ്സിലായി ......? ""ഇതിന്റെ അർത്ഥം എന്തായിരിക്കാം.......?" ഇപ്രകാരമുള്ള സാദ്ധ്യതാസൂചകമായ ചോദ്യങ്ങൾ കഥാകാഥികർക്ക് സഹാനേഷകരുടെ പ്രവർത്തനാന്തരീക്ഷം ഉണ്ടാക്കാൻ കഴിയും.

നല്ല ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള കഴിവ് എങ്ങനെ ഉണ്ടാക്കാം എന്നത് മിക്കവാറും "കഥകൾ മാത്രം" പദ്ധതിയിലെ വെല്ലുവിളി നിറഞ്ഞ പ്രക്രിയയാകുന്നു. നിങ്ങൾക്ക് ഒന്നും അറിഞ്ഞുകൂടാ എന്ന് ഭാവിക്കുവാനോ യഥാർത്ഥത്തിൽ നന്നായി അറിയാവുന്ന സംഗതികൾ നിങ്ങൾക്ക് അറിഞ്ഞുകൂടാ എന്ന് പറയുവാനോ അല്ല STS പ്രക്രിയയിൽ ഉദ്ദേശിക്കപ്പെടുന്നത്. നിങ്ങൾ ഒരു സഹപഠിതാവാണ് എന്ന തോന്നൽ ഉളവാക്കുവാനാണാ നിങ്ങളെ സംബന്ധിച്ച് ഉദ്ദേശിക്കപ്പെടുന്നത്. ഈ വിധത്തിലുള്ള ചോദ്യോത്തരശൈലിയുടെ പഠിതാക്കൾക്ക് അവരുടെ ആശയങ്ങൾ തമ്മിൽ തമ്മിൽ പങ്കിടുന്നതിനുള്ള പ്രചോദനം ലഭിക്കുന്നു.

# അവതരണം ഘട്ടം രണ്ട്:
# ആത്മീകമായ പ്രായോഗികോപയോഗങ്ങളുടെ ചർച്ചകൾ

## ആത്മീകമായ പ്രായോഗീകോപയോഗങ്ങൾ

മുമ്പ് നാം മർത്തമറിയയുടെ കഥ പരിശോധിച്ചപ്പോൾ വിസ്മയകരമായ കുറെ പ്രായോഗികോപയോഗങ്ങൾ കണ്ടിരുന്നല്ലൊ. ദൈവവചനത്തിൽ നിന്ന് സുപ്രധാനമായ ചില കാര്യങ്ങൾ നാം കണ്ടുപിടിക്കുകയും അവയെ നമ്മുടെ ദൈനംദിനജീവിതത്തിൽ എങ്ങനെ ഉപയോഗിക്കാമെന്ന് ചിന്തിക്കുകയും ചെയ്തു.

STS പദ്ധതിയുടെ അടുത്തപ്രക്രിയ പഠിതാക്കളെ ചർച്ചകളിലേക്ക് നയിക്കുന്നതിനും, നിങ്ങൾ കണ്ടുപിടിച്ചിട്ടുള്ള പ്രായോഗികോപയോഗങ്ങളെ കണ്ടെത്തുന്നതിനും സഹായകമായ ചോദ്യങ്ങൾ ചോദിക്കുകയാണ്. ഈ കഴിവ് വെല്ലുവിളികൾ നിറഞ്ഞതും, ഫലദായകവുമാകുന്നു. നിങ്ങൾ കണ്ടുപിടിച്ചിട്ടുള്ള നിധികളെ നേരിട്ട് പഠിതാക്കളെ ഏല്പിക്കുവാനുള്ള പരീക്ഷണത്തെ നിങ്ങൾ പ്രതിരോധിക്കണം. നിങ്ങൾ ചെയ്യേണ്ടത് സമുചിതമായ ചോദ്യങ്ങൾ രൂപീകരിക്കുന്നതിനുള്ള നിപുണത നിങ്ങൾ സ്വയം വികസിപ്പിച്ചെടുക്കണം. കഥയിലുള്ള ഗുപ്തനിധികളെ കണ്ടെത്തുവാൻ ആ ചോദ്യങ്ങൾ പഠിതാക്കളെളെ സഹായിക്കും.

ചുവടേ ചേർത്തിരിക്കുന്നത് ഏതാനും മാതൃകാ ചോദ്യങ്ങളാണ്. മാർത്താമറിയ കഥയിൽ അന്തർലീനമായിരിക്കുന്ന പ്രായോഗീകോപയോഗങ്ങളിൽ ചിലത് കണ്ടുപിടിക്കുവാൻ ആ ചോദ്യങ്ങളിൽ ഏതെങ്കിലും നിങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. നമ്മൾ മുമ്പ് പല സമയങ്ങളിലും ആത്മീകമായ പ്രായോഗികോപയോഗങ്ങൾ കണ്ടുപിടിക്കുന്നതിന് ഓരോ കഥയെയും ആദിയോടന്തം പുനപരിശോധനചെയ്യുമായിരുന്നല്ലൊ. ഓരോ പ്രാവശ്യവും ചോദ്യങ്ങൾ ചോദിക്കുന്നതിനുമുമ്പായി കഥയുടെ ഒരു ഭാഗവും ഒരു നിരീക്ഷണവും നമ്മൾ പ്രസ്താവിക്കാറുണ്ടായിരുന്നു. അനന്തരം നമ്മൾ ചോദിക്കുന്ന ചോദ്യങ്ങൾ പഠിതാക്കളെ, പൊതുവായി പ്രയോജകീഭവിക്കുന്ന പ്രായോഗികോപയോഗങ്ങളെക്കാൾ അവരുടെ വ്യക്തിപരമായ ജീവിതങ്ങളിൽ പ്രയോഗിക്കാവുന്ന പ്രായോഗികോപയോഗങ്ങളെ കണ്ടെത്തുന്നത് പ്രാപ്തരാക്കുന്നതാണ്.

1. കഥയിൽ മറിയ ചെയ്തത് അടുക്കളയിൽ നിന്ന് മാറി യേശുവിന്റെ അടുത്തേക്ക് പോയി യേശുവിന്റെ കാല്ക്കൽ ഇരുന്ന് യേശുവിൽ നിന്ന് ദൈവവചനം പഠിക്കുകയായിരുന്നു. ഇത് നമ്മുടെ ജീവിതവുമായി ഏതെങ്കിലും രീതിയിൽ ബന്ധപ്പെടുന്നുണ്ടോ? ഇന്ന് ആർക്കെങ്കിലും യേശുവിന്റെ കാല്കൽ ഇരുന്ന് പഠിക്കാൻ കഴിയുന്നുണ്ടോ? (ഉത്തരം പ്രതീക്ഷിക്കുക)

   * ശ്രോതാക്കൾ ചുവടേ ചേർക്കുന്ന പ്രായോഗികോപയോഗത്തിൽ എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കാം. ഇന്ന് നമ്മൾ ദൈവവചനം പഠിക്കുന്നതും ദൈവത്തെ ആരാധിക്കുന്നതും യേശുവിന്റെ കാല്ക്കൽ ഇരുന്ന് പഠിക്കുന്നതുപോലെതന്നെയാണ്. യേശുവിന്റെ കാല്ക്കൽ ഇരുന്ന് പഠിക്കുന്ന പ്രവൃത്തി ദൃശ്യമാകുന്നത് ദൈവവചനത്തോടുള്ള താല്പര്യമാണ്.

2. മാർത്താ സദ്യ ഒരുക്കുന്ന വലിയ ജോലി ഏറ്റെടുത്തതിനാൽ അവൾക്ക് ജോലി ഭാരം ഉണ്ടായി. നമുക്ക് ഇന്ന് ആ പ്രശ്നം ഉണ്ടാകാറുണ്ടോ? നിങ്ങൾ എന്ത് വിചാരിക്കുന്നു? (ഉത്തരം പ്രതീക്ഷിക്കുക) നമുക്ക് ഇങ്ങനെ പറയേണ്ടതുണ്ടോ? അതേ! അനേകം ചുമതലകൾ ഉണ്ട്.

3. ഇന്ന് സുവിശേഷീകരണ ശുശ്രൂഷയിൽ ആയിരുന്നാലും, ഗാർഹീകജോലികളിലായിരുന്നാലും, തങ്ങൾക്ക് വഹിപ്പാൻ കഴിയുന്നതിലും അധികം ജോലിഭാരം ആളുകൾ ഏറ്റെടുക്കാറുണ്ടോ? ഇത് എപ്രകാരം ഒക്കെ സംഭവിയിക്കാം? (ഉത്തരം പ്രതീക്ഷിക്കുക) നമ്മൾ ചെയ്യാൻ ഉദ്ദേശിക്കുന്നതോ, ചെയ്യുന്നതോ ആയ എന്തെങ്കിലും ജോലികളോ, ശുശ്രൂഷകളോ ദൈവത്തിൽ നിന്ന് പഠിക്കുന്നതിൽ നിന്ന് നമ്മെ പിൻതിരിപ്പിക്കാറുണ്ടോ? ദൈവവചനം പഠിക്കുവാനുള്ള നമ്മുടെ സമയം അപഹരിക്കാറുണ്ടോ? (ഉത്തരം പ്രതീക്ഷിക്കുക)

4. മനുഷ്യർക്ക് അവരുടെ ജീവിതത്തിൽ വ്യവസ്ഥകൾ, തീരുമാനങ്ങൾ തിരഞ്ഞെടുക്കലുകൾ എന്നിവയില്ലേ? (ഉത്തരം പ്രതീക്ഷിക്കുക) ക്രീസ്തീയ ജോലികൾ പോലെ നല്ല ജോലികൾ ചെയ്യുവാനുള്ള തീരുമാന

ങ്ങൾ  മനുഷ്യർക്ക് എടുക്കാവുന്നതല്ലേ? ദൈവം ആവശ്യപ്പെടുകയോ ആഗ്രഹിക്കുകയോ ചെയ്യാതെ ദൈവത്തിനുവേണ്ടി ജോലി ചെയ്യുവാൻ തീരുമാനം എടുക്കുന്നത് എങ്ങനെയാണ്? നിങ്ങൾ എന്നെങ്കിലും അങ്ങനെ ചെയ്തിട്ടുണ്ടോ? അങ്ങനെ എന്നെങ്കിലും സംഭവിച്ചിട്ടുണ്ടോ? നിങ്ങൾക്ക് അതെക്കുറിച്ച് ഒന്നു പറയാമോ?

ദൈവത്തിനുവേണ്ടി എന്തെങ്കിലും ജോലികൾ ചെയ്യണമെന്ന് നമ്മൾ എടുത്ത തീരുമാനങ്ങൾ മൂലം ദൈവത്തോടൊത്ത് ആരാധനയിൽ അഥവാ തിരുവചനപഠനത്തിൽ സമയം ചെലവാക്കുന്നതിൽ നിന്ന് പിന്മാറേണ്ടി വന്നിട്ടുണ്ടോ? (ഉത്തരം പ്രതീക്ഷിക്കുക) നമ്മൾ തിരഞ്ഞെടുത്ത ജോലി ദൈവവചനം പഠിക്കുന്നതിനായി നമുക്ക് ചെലവഴിക്കേണ്ട സമയത്തെ അപഹരിക്കുന്നതാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞാൽ നമുക്ക് എന്തുചെയ്യാൻ കഴിയും? (ഉത്തരത്തിനായി പ്രതീക്ഷിക്കുക)

5. അതിഥികളെ സല്കരിക്കുന്നതിനായുള്ള പാചക പരിചരണജോലികളിൽ മാർത്തയെ മറിയ സഹായിക്കാത്തതിൽ അവളെ മാർത്ത കുറ്റപ്പെടുത്തുന്നു. ഇന്നും ഇപ്രകാരം തന്നെ മനുഷ്യർക്ക് ചെയ്തു തീർക്കാൻ കഴിയാത്ത ജോലി ഭാരം ഉണ്ടാകുമ്പോൾ അവർ ആരെയെല്ലാമാണ് പഴി പറയുന്നത്?  ഞാൻ അർത്ഥമാക്കുന്നത്, മനുഷ്യർ ചെയ്യാൻ കഴിയാത്തത്ര ജോലിഭാരം അറിഞ്ഞുകൊണ്ട് ശിരസാവഹിച്ചിട്ട്, മറ്റുള്ളവരുടെമേൽ കുറ്റം ചാർത്തുന്നത് ശരിയായ കാര്യമാണോ? നിങ്ങൾ എന്ത് നിരീക്ഷിക്കുന്നു. (ഉത്തരം പ്രതീക്ഷിക്കുക)

6. മാർത്തയുടെ പ്രശ്നത്തിൽ യേശു അവൾക്കുവേണ്ടി കരുതുന്നില്ലെന്ന് മാർത്തയേശുവിനെ ധീരമായി പഴി പറയുന്നത് നമ്മൾ കണ്ടു മനുഷ്യർ സ്വയം എടുത്ത തീരുമാനങ്ങൾ മറന്നുകൊണ്ട്, അവർ സ്വയം സൃഷ്ടിച്ച അമിതജോലിഭാരത്തെക്കുറിച്ച് മറ്റുള്ളവരെ കുറ്റപ്പെടുത്താറില്ലേ? (ഉത്തരം പ്രതീക്ഷിക്കുക). മനുഷ്യർ സാധാരണയായി സ്വയം എടുത്ത തീരുമാനങ്ങൾ അഥവാ വ്യവസ്ഥകൾ ശരിയായി നടക്കാതെ വരുമ്പോൾ ദൈവം തങ്ങൾക്കുവേണ്ടി കരുതുന്നില്ലെന്ന് കുററപ്പെടുത്തുകയും, പഴിപറയുകയും ചെയ്യാറില്ലേ? സാഹചര്യങ്ങൾ അനുകൂലമല്ലാതെ വരുമ്പോൾ ദൈവം തങ്ങൾക്കായി കരുതുന്നില്ലെന്ന് പഴി പറയാറില്ലേ? (ഉത്തരം പ്രതീക്ഷിക്കുക)

7. യേശു മഹാനായ ഒരു ഗുരുവാണെന്നു ശിഷ്യഗണങ്ങൾ ഉണ്ടെന്നും മാർത്തയ്ക്ക് അറിയാമായിരുന്നെന്ന് നാം കഥയിൽ നിന്ന് മനസ്സിലാക്കി. അവൾ യേശുവിനെ "കർത്താവ് " എന്ന് സംബോധനചെയ്തിരുന്നു. കർത്താവ് എന്ന പദത്തിന് നേതാവ്, ഉന്നതൻ യജമാനൻ എന്നിങ്ങനെയാണ് അർത്ഥങ്ങൾ. മാർത്ത യേശുവിനെ സമുന്നതനായ ഗുരുവായി കണ്ടു. അവളുടെ ജോലിഭാരത്തിന്റെ പ്രശ്നം പരിഹരിക്കേണ്ടതെങ്ങനെയെന്ന് അവൾ യേശുവിനോട് പറഞ്ഞു. മനുഷ്യർക്ക് ഇന്നും ഇതുപോലുള്ള പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ (അത് സ്വയം കൃതമാണെങ്കിലും) അവർ ദൈവത്തോട് പരാതി പറയുകയും അത് എങ്ങനെ പരിഹരിച്ചുതരണമെന്ന് പ്രപഞ്ചസൃഷ്ടാവായ ദൈവത്തോട് നിർദ്ദേശിക്കുന്നതുപോലെ പ്രാർത്ഥിക്കുകയും ചെയ്യാറില്ലേ? (ഉത്തരത്തിനുവേണ്ടി കാത്തുനില്ക്കുക.)

മനുഷ്യർ അങ്ങനെ ചെയ്യുന്നത് എന്തുകൊണ്ടാണ്? (ഉത്തരത്തിനായി പ്രതീക്ഷിക്കുക) ദൈവത്തെ "കർത്താവ്" എന്ന് സംബോധനചെയ്യുകയും സ്വയംകൃതമായ പ്രശ്നങ്ങൾ പരിഹരിച്ചുതരുന്നതിനായി ദൈവത്തോട് അത് എങ്ങനെ ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നത് ഉചിതമാണോ? ബുദ്ധിപൂർവ്വകമാണോ? നിങ്ങൾക്ക് എന്തുതോന്നുന്നു? (ഉത്തരത്തിനുവേണ്ടി പ്രതീക്ഷിക്കുക)

8. കുറ്റാരോപണങ്ങളെ സംബന്ധിച്ച് അത് രസകരമായിരിക്കുന്നു. മനുഷ്യർക്ക് നിർവ്വഹിക്കുവാൻ കഴിയാത്തത്ര ജോലിഭാരം സ്വയം ഏറ്റെടുത്തിട്ട് "ആരും എന്നെ സഹായിക്കാതിരിക്കുന്നതിനെക്കുറിച്ച്, ദൈവമേ നീ ചിന്തിക്കുന്നില്ലേ? എന്നെക്കുറിച്ച് കരുതുന്നില്ലേ? എന്നു പരാതി പറയുന്നത് കേൾക്കുമ്പോൾ ദൈവത്തിന് വിഷമം തോന്നുകയില്ലേ?' (ഉത്തരം പ്രതീക്ഷിക്കുക)

9. മറിയ തെരഞ്ഞെടുത്തത് നല്ല അംശമാണെന്ന് നാം കണ്ടു. എന്നിട്ട് മാർത്ത, അവളുടെ സഹോദരി മറിയയെ വിമർശിക്കുകയാണ് ചെയ്തത്. മറിയയുടെ തീരുമാനം ശരിയായില്ലെന്ന് മാർത്ത കുറ്റപ്പെടുത്തി. ഇന്നും ഇപ്രകാരം സംഭവിക്കാറില്ലേ? പലരും നല്ല തീരുമാനങ്ങൾ എടുത്തിട്ടും ആളുകൾ

അവരെ അപമാനിക്കുകയും, വിമർശിക്കുകയും ചെയ്യുന്നു. വേറെ ചില ജോലികൾ ചെയ്യാൻ അവരോട് ആവശ്യപ്പെടുകയും ചെയ്യുന്നു. (ഉത്തരം പ്രതീക്ഷിക്കുക) എവിടെയെല്ലാം എങ്ങനെയെല്ലാം അത് സംഭവിക്കുന്നു? വീട്ടിൽ ആയിരിക്കാം, ജോലിസ്ഥലത്ത് ആയിരിക്കാം, സ്കൂളിൽ ആയിരിക്കാം, ശുശ്രൂഷയിലായിരിക്കാം, ചിലപ്പോൾ നാം ശുശ്രൂഷചെയ്യുന്ന ആളുകളുടെ ഇടയിൽ ആയിരിക്കാം. (ഉത്തരത്തിനായി കാത്തുനില്ക്കുക)

നല്ലതീരുമാനം എടുത്തിട്ട് അപമാനിക്കപ്പെടുകയാണുണ്ടാകുന്നതെങ്കിൽ നിങ്ങൾക്ക് എന്തായിരിക്കും തോന്നുക? (ഉത്തരം പ്രതീക്ഷിക്കുക). അപമാനത്തെ യേശു എപ്രകാരം കൈകാര്യം ചെയ്തു? നാം അത് മനസ്സിലാക്കിയല്ലൊ. യേശു എങ്ങനെ പ്രതികരിച്ചു എന്നതിൽ നിന്ന് നാം മനസ്സിലാക്കുന്നത് എന്താണ്?

10. മാർത്തയെപ്പോലെ കായികാദ്ധ്വാനമുള്ള ജോലികൾ ചെയ്യുകയും, അതേസമയം മറിയയെപ്പോലെ ദൈവത്തിൽ നിന്ന് പഠിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുവാൻ ഒരു വ്യക്തിക്ക് സാദ്ധ്യമാണോ? ഇത് എങ്ങനെയായിരിക്കുമെന്ന് വിശദീകരിക്കാമോ?(ഉത്തരത്തിനായി കാത്തുനില്ക്കുക).

11. മറിച്ച് ഏതെങ്കിലും ഒരു വ്യക്തി മറിയയെപ്പോലെ വേദപുസ്തകപഠനം നടത്തുകയും തിരുവചനം ധ്യാനിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, മനസ്സ് മറ്റ് എവിടെയോ, വേറെ ഏതോ ജോലികാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുകയാണെങ്കിൽ അത് ആത്മാർത്ഥമായ പഠനമാണോ? (ഉത്തരത്തിനായി കാത്തുനില്ക്കുക) നിങ്ങളോ (നിങ്ങൾ അറിയാവുന്ന) മറ്റ് ആരെങ്കിലുമോ അങ്ങനെ ചെയ്തിട്ടുള്ളതായി നിങ്ങൾക്ക് അറിയാമോ? (ഉത്തരത്തിനായി കാത്തുനില്ക്കുക).

12. ഞാൻ എന്റെ അനുഭവം ഓർക്കുന്നു. വേദപുസ്തകം വായിക്കുകയോ പ്രാർത്ഥിക്കുകയോ ചെയ്യുമ്പോൾ മനസ്സ് മറ്റുകാര്യങ്ങൾ ചിന്തിക്കുന്നു. എന്റെ മനസ്സ് ചിന്തയിൽ അലഞ്ഞുതിരിയുവാൻ തുടങ്ങുകയും പല കാര്യങ്ങളെക്കുറിച്ചും ചിന്തിക്കുകയും ചെയ്യുന്നു. എനിക്ക് ചെയ്യാനുള്ള ചില കാര്യങ്ങളെക്കുറിച്ച് ആകാം "നിങ്ങൾക്ക് ആർക്കെങ്കിലും അതുപോലെ സംഭവിക്കാറുണ്ടോ?(അല്പസമയം നിർത്തുക)"മാർത്താ മറിയ കഥ" യുടെ വെളിച്ചത്തിൽ ഈ മാനസീക അലിഞ്ഞുതിരിയലിനെ എങ്ങനെ വ്യാഖ്യാനിക്കാം? (ഉത്തരം പ്രതീക്ഷിക്കുക)

13. യേശു മാർത്തയോടു പറഞ്ഞു: " മറിയ തിരഞ്ഞെടുത്തതിനെ അവളോട് ആരും അപഹരിക്കുകയില്ല. യേശുവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ, ആളുകൾ ഇപ്രകാരമുള്ള തീരുമാനങ്ങൾ എടുക്കാറുണ്ടോ, അതായത് യേശുവിൽ അടിയുറച്ച വിശ്വാസം സ്ഥാപിക്കുക, ആഴമാർന്ന വിശ്വാസം കണ്ടെത്തി അതിൽ ജീവിതത്തെ സമർപ്പിക്കുക, അല്ലെങ്കിൽ സമ്പൂർണ്ണസമയ സുവിശേഷശുശ്രൂഷകൻ ആയിത്തീരുക, മുതലയാവ, അവരുടെ സംസ്കാരപാരമ്പര്യമോ, കുടുംബബന്ധങ്ങളോ എതിർപ്പ് പ്രകടിപ്പിക്കാൻ അത് കാരണമായിത്തീരാറുണ്ടോ? (ഉത്തരം പ്രതീക്ഷിക്കുക) എപ്രകാരമുള്ള തീരുമാനങ്ങളാണ് ഇതുപോലുള്ള എതിർപ്പുകളും വിമർശനവും ഉണ്ടാക്കിയിട്ടുള്ളത്?"

14. നിങ്ങളുടെ മനസ്സിലേക്ക് കടന്നുവരുന്ന ഏതെങ്കിലും ഒരു മതത്തെക്കുറിച്ച് ചിന്തിക്കുക. (ആളുകൾക്ക് ചിന്തിക്കാൻ അവസരം നൽകുന്നതിനായി അല്പസമയം നിർത്തുക) ആ മതത്തിന്റെ വിശ്വാസികൾ അവരുടെ ദേവനോ, ദേവന്മാർക്കോ വേണ്ടി, അവരെ പ്രീതിപ്പെടുത്തുന്നതിനോ പ്രസാദിപ്പിക്കുന്നതിനോ വേണ്ടി, എന്തെങ്കിലും ചെയ്യുകയാണോ അതോ ആ ദേവനിൽ നിന്ന് ആ മതത്തിന് എന്തെങ്കിലും ലഭ്യമാകുകയാണോ ചെയ്യുന്നത്? സൽപ്രവൃത്തികൾക്ക്, പ്രാധാന്യം കൊടുക്കുന്ന, അഥവാ പ്രഥമസ്ഥാന കൊടുക്കുന്ന ഒരു മതത്തെയും യേശു പ്രാധാന്യം നൽകിയ പ്രവൃത്തിയെയും തമ്മിൽ താരതമ്യം ചെയ്യുക. യേശു എന്തിനാണ് വില നൽകിയത്? (ഉത്തരം പ്രതീക്ഷിക്കുക)

15. നമ്മൾ കണ്ടല്ലൊ, മാർത്തായ്ക്ക് ജോലിഭാരവുണ്ടെന്ന് അവൾക്ക് ബോദ്ധ്യമായപ്പോൾ അവർ മറിയയെയും, യേശുവിനെയും പഴിപറഞ്ഞു, എന്നാൽ അവളെക്കുറിച്ച് യാതൊന്നും പറഞ്ഞതേയില്ല. മാർത്തയ്ക്ക് സ്വയം ചെയ്യാൻ കഴിയുമെന്ന് അവൾ വിചാരിച്ചതായ ജോലി തനിയേ ചെയ്യുവാൻ സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ അദ്ധ്വാനഭാരം എന്ന പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിനായി നല്ലൊരു ഉറവിടമായ

യേശുവിനെ സമീപിക്കുവാൻ അവൾ മറന്നുപോയി. അവൾ എന്താണ് ചെയ്യേണ്ടതെന്ന് യേശുവിനോട് ചോദിക്കാമായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ചിന്തിച്ചുനോക്കുക, നമ്മുടെ ജോലിഭാരങ്ങളെക്കുറിച്ച് നാം എപ്രകാരമാണ് അവയെ കൈകാര്യം ചെയ്യാൻ ചിന്തിക്കാറുള്ളത്? ഈ കഥ നമ്മെ എന്തുപഠിപ്പിക്കുന്നു? ബുദ്ധിപൂർവ്വകമായ തീരുമാനങ്ങളും തിരഞ്ഞെടുപ്പുകളും നടത്തുവാനായി നാം എന്താണ് ചെയ്യേണ്ടത്?

16. മറിയ അവളുടെ സാമൂഹികസംസ്കാരത്തിനും അവളുടെ ബന്ധുജനങ്ങളുടെ പ്രതീക്ഷകൾക്കും അതീതമായി യേശുവിങ്കൽ നിന്ന് ദൈവീകവചനം പഠിക്കുവാൻ തീരുമാനിച്ചതിനാൽ യേശു മറിയയെ ശ്ലാഘിച്ചു ഇത് നമ്മെ എന്ത് പഠിപ്പിക്കുന്നു (ഉത്തരത്തിനായി കാത്തുനില്ക്കുക) ദൈവത്തെ അറിയുവാനും, ദൈവവചനം പഠിക്കാനുമുള്ള നമ്മുടെ തൃഷ്ണ മുഖേന നമുക്ക് നമ്മുടെ പരമ്പരാഗതമായ സംസ്കാരത്തെയും നമ്മുടെ ബന്ധുജനങ്ങളുടെ പ്രതീക്ഷകളെയും അതിലംഘിച്ച് ദൈവസന്നിധിയിൽ സമയം ചെലവഴിക്കാൻ കഴിയുമോ? ഉവ്വ് എങ്കിൽ എങ്ങനെ?

"കഥകൾമാത്രം " പദ്ധതിയിലൂടെ നിങ്ങൾ "മാർത്താമറിയ കഥയുടെ അവതരണം ഇപ്പോൾ സമ്പൂർണ്ണമാക്കിയിരിക്കയാണ്. വിവിധരീതികളിൽ നിങ്ങൾക്ക് നിങ്ങളുടെ ശുശ്രൂഷയുടെ സമയം പര്യവസാനിപ്പിക്കാവുന്നതാണ്. പ്രാർത്ഥനയോടെ അവസാനിപ്പിക്കാം. (ചുവടെചേർത്തിരിക്കുന്നതുപോലെ) സൃഷ്ടിപരമായ പുനഃശാക്തീകരണം ഉപയോഗിക്കാം. അഥവാ പൊതുവായുള്ള ചില ചോദ്യങ്ങൾ ചോദിക്കാം എങ്ങനെ എന്നാൽ"

- നിങ്ങൾ ഈ കഥയിൽ നിന്ന് എന്തു പഠിപ്പിച്ചു?
- നിങ്ങളെ ദൈവം ഈ കഥയിലൂടെ എന്തു പഠിപ്പിച്ചു?
- ദൈവത്തെക്കുറിച്ച് നിങ്ങൾ എന്തു പഠിച്ചു?
- അടുത്ത ആഴ്ചയിൽ നിങ്ങളെ സഹായിക്കുന്നതായി നിങ്ങൾ എന്ത് കണ്ടുപിടിച്ചു?

ചോദ്യങ്ങൾ തയ്യാറാക്കേണ്ടത് എങ്ങനെ? എന്ന് വിശദമാക്കുന്ന ഗാഢമായ ഒരു കഥാഭ്യാസം അടുത്തായി, അനുബന്ധം "ബി"യിൽ "ഒരു മാതൃകാ കഥിലൂടെയുള്ള യാത്ര" എന്ന ഭാഗത്ത് നൽകപ്പെട്ടിട്ടുണ്ട്.

## ക്രിയാത്മകമായ പുനഃശാക്തീകരണം

കഥയെ ഇപ്രകാരം വിശദമായി അന്വേഷണവിധേയമാക്കുന്നതിന്റെ ഉപോല്പന്നം പഠിതാക്കളായ ജനങ്ങൾ കഥയെ വളരെ നന്നായി പഠിച്ചിരിക്കും എന്നതാണ് കഥയെ സമ്പൂർണ്ണമായി അന്വേഷിച്ചുപഠിക്കുകയും, പ്രായോഗീകോപയോഗങ്ങൾ കണ്ടെത്തി ഉപയോഗിക്കുകയും ചെയ്തതിന് ശേഷം, കഥാകാരന്മാർ കഥയെ ശ്രോതാക്കളായ പഠിതാക്കളുടെ ഓർമ്മയിൽ രൂഢമൂലമാകുന്നതിന് അവരെ സഹായിക്കുന്ന ക്രിയാത്മകമായ പ്രവർത്തനരീതികൾ കണ്ടുപിടിക്കുന്നതിന് തീരുമാനിക്കുന്നു.

ഉദാഹരണമായി, അഞ്ചുദിവസം നീണ്ടുനില്ക്കുന്ന ഒരു ശില്പശാലയിൽ പഠിതാക്കളെ 21 ബൈബിൾ കഥകൾ പരിചയപ്പെടുത്തുന്നു. അതിനുശേഷമായി അവർക്ക് പുനഃശാക്തീകരണം വേണ്ടിവരും, അതിനോടുള്ളിൽ അവർ പഠിച്ചുകഴിഞ്ഞ കഥകൾ എല്ലാം ഓർക്കുന്നതിനുവേണ്ടി. അവർക്ക് ആ കഥകളുടെ പുനരവലോകനം ആവശ്യമാണ്. അവയെ അവരുടെ ഓർമ്മയിൽ സൂക്ഷിക്കുവാനുള്ള പരിശീലനം ആവശ്യമായി വരും.

അവർ തമ്മിൽ തമ്മിൽ കഥ വീണ്ടും പറഞ്ഞ് കഥയെ അനുസ്മരിക്കുവാൻ പരിശീലിക്കുന്നതിന് ആവശ്യപ്പെടാം. കഥയെ മൊത്തം വർണ്ണിക്കുന്നതായ ഒരു ഗാനമോ പദ്യമോ എഴുതി അവതരിപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. പഠിതാക്കളായ ശ്രോതാക്കൾക്ക് വാചിക രീതിയിൽ കഥയെ ഗ്രഹിക്കുന്നതിനും അനുസ്മരിക്കുന്നതിനും സഹായകമായ മറ്റേതെങ്കിലും ദൃശ്യശ്രാവ്യാവതരണവും സ്വീകാര്യമാണ്, അത് നന്നായിരിക്കും.

ഇപ്രകാരമുള്ള "ക്രിയാത്മശാക്തീകരണം" പ്രത്യേകിച്ചും പ്രയോജനപ്പെടുന്നത് എഴുത്തും വായനയും അറിഞ്ഞുകൂടാത്തവർക്കും, അവരുടെ സ്വന്ത ഭാഷയിലുള്ള വേദപുസ്തകം ഇല്ലാത്തവർക്കും, അവർക്ക്

മനസ്സിലാകുന്ന ഭാഷയിലുള്ള, റക്കാർഡ് ചെയ്യപ്പെട്ട വേദപുസ്തക പാഠങ്ങൾ ലഭ്യമല്ലാത്തവർക്കും ആകുന്നു. സാക്ഷരരല്ലാത്ത പഠിതാക്കൾ, സ്വന്തഭാഷയിൽ റക്കാർഡ് ചെയ്യപ്പെട്ട വേദപുസ്തകമോ, വേദപുസ്തകകഥകളോ ലഭ്യമല്ലാത്തവർ മുതലായവർക്ക് പ്രത്യേകപരിഗണനയും ശ്രദ്ധയും ആവശ്യമാണ്.

ഇത് രസാവഹമാണ്. പ്രശ്നപരിഹാരം വ്യക്തം ആണ് - നിങ്ങൾ അവയെ കണ്ടെത്തണം. ഇങ്ങനെയുള്ള ഭീമമായ പ്രശ്നത്തിന്റെ പരിഹാരത്തിനായി ഞങ്ങൾ ഇങ്ങനെ കണ്ടെത്തി.

ശില്പശാലകളിൽ, വേദപുസ്തകകഥകൾ നിങ്ങൾ പറയുന്നത് അവരുടെ മാതൃഭാഷയിൽ വേദപുസ്തകഭാഗങ്ങൾ റെക്കാർഡ് ചെയ്ത് കിട്ടുന്നതിന് ആഗ്രഹവും ആവശ്യവും ഉള്ളവർ ആണെങ്കിൽ, നിങ്ങൾക്ക് നല്ലൊരു സന്ദർഭം കിട്ടുകയാണ്. കുറെ സമയം അവർക്കുവേണ്ടി മാറ്റിവയ്ക്കുകയും പ്രസ്തുത കഥകൾ അവർക്കുവേണ്ടി റക്കാർഡ് ചെയ്തുകൊടുക്കുകയും ചെയ്യണം.

കുറെ വർഷങ്ങളായി നമ്മൾ STS പദ്ധതിയിൽ “ഹൃദയപോക്കറ്റ്” എന്ന വാചകം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. നമ്മൾ പറയാറുണ്ടല്ലോ ഒരിക്കൽ ഒരു കഥ നിങ്ങൾ പഠിച്ചുകഴിഞ്ഞാൽ അത് നിങ്ങളുടെ ഹൃദയപോക്കറ്റിൽ ആയിക്കഴിഞ്ഞിരിക്കും” എന്ന്.

പില്ക്കാലത്ത് നമ്മൾ നിരക്ഷരരുടെ ഇടയിൽ ഒരു പ്രശ്നം ഉണ്ടാകുന്നത് കണ്ടു. നൂറുകണക്കിന് കഥകൾ അവർ പഠിക്കുന്നു. അവർക്ക് കഥകൾ അറിയാം. പക്ഷേ, കഥകളുടെ ലിസ്റ്റ് എഴുതി വയ്ക്കാൻ കഴിയാത്തതുകൊണ്ട് ഏതെല്ലാ കഥകളാണ് അവർ പഠിച്ചതെന്ന് അവർക്ക് പറയാൻ കഴിയുന്നില്ല, പട്ടികയായി ഓർക്കാൻ കഴിയുന്നില്ല.

അങ്ങനെയാണ് ഞങ്ങൾ ഹൃദയപോക്കറ്റ് ബുക്കുകൾ എന്ന സമ്പ്രദായം കണ്ടുപിടിച്ചത്. വിസിറ്റിംഗ് കാർഡിന്റെ വലിപ്പമുള്ള ഓരോ താളുകളിൽ ഓരോ ചിത്രം കൊടുത്തിരിക്കും. ഓരോ കഥയ്ക്കും ഓരോ ചിത്രം. ചിത്രം ഓർക്കുമ്പോൾ അതിനോടനുബന്ധിച്ച് കഥ ഓർക്കുവാൻ കഴിയും. ഇത് സൂചകങ്ങളല്ല. പിന്നെയോ കഥയോട് ബന്ധപ്പെട്ടുള്ള ഒരു രേഖാചിത്രമാണ്. ചിത്രങ്ങൾ എല്ലാം ലാമിനേറ്റ് ചെയ്തിരിക്കും. ഒരു വലിയ താക്കോൽ വളയത്തിൽ അവയെല്ലാം കൊളുത്തിയിട്ടിട്ട് കഥാകാഥികൻ ഒരു ബോധനോപകരണമായി കൈയിൽ സൂക്ഷിച്ചിരിക്കും. അതിനെ “ ഹൃദയ പോക്കറ്റ് ബുക്ക്” എന്നു പറയുന്നു. (കഥകൾ പഠിക്കുന്ന സാക്ഷരർക്കും ഈ ചിത്രങ്ങൾ ഇഷ്ടമാണ്.)

ഇപ്രകാരം നിർമ്മാണാത്മകമായ പരിഹാരമാർഗ്ഗങ്ങൾ ദൈവകൃപയാൽ നമുക്ക് ലഭ്യമാകുന്നതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം

## അദ്ധ്യായം ആറ് (6)

# ചർച്ചകൾ നയിക്കുന്നതിനുള്ള പൊതുനിർദ്ദേശങ്ങൾ

ചർച്ചകൾ പുരോഗമിക്കുന്നതിൻ പ്രകാരം നിങ്ങളുടെ മുൻകാല അനുഭവങ്ങളെയും വേദപുസ്തകപരിജ്ഞാനത്തെയും നല്ല ചോദ്യങ്ങൾ രൂപീകരിക്കുന്നതിനായി ദൈവത്തിന് ഉപയോഗിക്കുവാൻ കഴിയുന്നതാണ്. പരിശുദ്ധാത്മാവിന് അറിയാം എന്താണ് ചർച്ചചെയ്യേണ്ടതെന്ന്, അതിൻ പ്രകാരം, നിങ്ങൾ പഠിപ്പിക്കുമ്പോൾ പരിശുദ്ധാത്മാവ് നിങ്ങളെ നയിക്കും.

കഥകളുടെ വിജയകരമായ ചർച്ചകളിലേയ്ക്ക് നയിക്കുന്ന സുപ്രധാനമായ ഒരു നിപുണത ഇത്തരുണത്തിൽ ഞങ്ങൾ നിങ്ങൾക്ക് നൽകുന്നത് “ശ്രദ്ധിച്ച് കേൾക്കുകയും പ്രതികരണം നൽകുകയും ചെയ്യുക” എന്ന സംഗതിയാണ്. ഒരു കഥ നിങ്ങൾ തയ്യാറാക്കുന്നതിന് മുമ്പ് നിങ്ങൾ ദൈവവചനം ശ്രദ്ധിച്ച് മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. കഥ പറയേണ്ടതായ വ്യക്തി എന്ന നിലയിൽ, ദൈവം നിങ്ങളെ കാണിച്ചുതരുന്ന കഥയിലുള്ള പ്രായോഗികോപയോഗങ്ങളോട് നിങ്ങൾ ശരിയായി പ്രതികരിക്കേണ്ടത് ആവശ്യമാണ്. അപ്രകാരം തന്നെ, ചർച്ചകൾ നടക്കുമ്പോൾ, പഠിതാക്കളായ ആളുകൾ പറയുന്ന കാര്യങ്ങൾ നിങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും അവർക്ക് അനുയോജ്യമായ പ്രതികരണം നല്കുകയും ചെയ്യണം.

## പ്രിയങ്കരനായ മൂപ്പൻ

ഒരു സുപ്രഭാതത്തിൽ, ഒരു ഗ്രാമത്തിലെ ജനങ്ങൾ എല്ലാവരും ഓരോരോ മൂപ്പന്മാരുടെ ചുറ്റും വന്നു കൂടി ഓരോ കാര്യാദികൾ സംസാരിക്കാൻ തുടങ്ങി. ചിലർ ചുറ്റുംകൂടിയത് അവരോട് വിജ്ഞാനവിവരങ്ങൾ പറയുന്ന മൂപ്പന്റെ അടുത്ത് ആയിരുന്നു. ചിലർ ചുറ്റും കൂടിയത് അവരോടൊപ്പം ഇരുന്ന് അവർ പറയുന്ന കാര്യങ്ങൾ കേൾക്കുന്ന മൂപ്പന്റെ അടുത്തായിരുന്നു. എന്നാൽ ആ ഗ്രാമത്തിലെ ഭൂരിഭാഗം ആളുകളും സമീപിച്ചത് അവരെല്ലാം "പ്രിയങ്കരനായ മൂപ്പൻ" എന്ന് വിളിക്കുന്ന അവരുടെ പ്രിയപ്പെട്ട മൂപ്പന്റെ അടുത്തായിരുന്നു.

പ്രിയങ്കരനായ മൂപ്പൻ വിജ്ഞാനദായകമായ വിവരങ്ങൾ പറയുന്ന വ്യക്തിയാണ്. അതിലും ഉപരിയായി അദ്ദേഹം അവർക്ക് പറയാനുള്ള കാര്യങ്ങൾ എല്ലാം ശ്രദ്ധിച്ച് കേൾക്കുന്ന ആൾ ആയിരുന്നു. ഈ നിപുണതകൾക്കും ഉപരിയായി അദ്ദേഹത്തിന് അസാധാരണമായ ഉൾക്കാഴ്ച ക്കൂടി ഉണ്ടായിരുന്നു. ജനങ്ങൾക്ക് ചിന്തിക്കാനും, കണ്ടെത്താനുമുള്ള അവസരം അദ്ദേഹം നൽകിയിരുന്നു. തന്റെ ജനങ്ങളെക്കാൾ കൂടുതൽ അറിവ് അദ്ദേഹത്തിനുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ഉപദേശം തേടിവരുന്നവർക്ക് അവരുടെ അഭിപ്രായങ്ങളും, ആശയങ്ങളും പങ്കുവയ്ക്കുവാനുള്ള അവസരം പ്രദാനം ചെയ്യാറുണ്ടായിരുന്നു. മിക്കപ്പോഴും ഈ മൂപ്പൻ സംസാരിക്കാറില്ല- ഗ്രാമീണരുടെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ (അദ്ദേഹത്തിന് അറിയാമെങ്കിലും) അവരെക്കൊണ്ട് പറയിക്കുകയാണ് ചെയ്യാറുള്ളത്- മൂപ്പന്റെ അടുത്തേക്ക് ഉപദേശത്തിനുവരുന്നവരെക്കൊണ്ട് ചിന്തിപ്പിക്കുകയും, അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം അവരെക്കൊണ്ട് കണ്ടുപിടിപ്പിക്കുകയുമാണ് ചെയ്യാറുള്ളത്. അത് ഗ്രാമീണരെ ചിന്തിപ്പിക്കുവാൻ പഠിപ്പിക്കുന്നു.

ഈ പ്രിയങ്കരനായ മൂപ്പൻ അദ്ദേഹത്തിന്റെ പുത്രന്മാരെയും ഭാര്യമാരെയും പുത്രിമാരെയും ചിന്തിക്കുവാനും, ശബ്ധം ഉയർത്തി അഭിപ്രായങ്ങൾ പറയുവാനും പഠിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. മറ്റുള്ളവരെ സംസാരിക്കാൻ അനുവദിക്കുന്നതിന് അദ്ദേഹത്തിന് ഭയമില്ല. കാരണം എന്താണെന്നോ? അദ്ദേഹത്തിന് അറിയാം മറ്റുള്ളവരെക്കാൾ നല്ല പരിജ്ഞാനം തനിക്കുണ്ട് എന്ന്. അദ്ദേഹം നയിക്കുന്ന ജനങ്ങൾക്ക് എത്രമാത്രം ധൈര്യവും ആത്മവിശ്വാസവും നൽകാൻ തനിക്ക് കഴിയുമോ അത്രമാത്രം വിശ്വാസം തന്റെ ജനങ്ങൾക്ക് തന്റെ നടത്തിപ്പിനെക്കുറിച്ച് ഉണ്ടാകുന്നതാണ് എന്ന് അദ്ദേഹത്തിന് അറിയാം.

അതുപോലെ തന്നെ അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തിന്റെ നേതൃത്വശൈലിയെ അനുകരിക്കാറുണ്ട്. അതിന്റെ ഫലമായി അവർ മറ്റുള്ളവരെ പ്രോത്സാഹിപ്പിച്ച് വിജ്ഞാനം കണ്ടുപിടിക്കുന്നു. ഈ മൂപ്പന്റെ മക്കൾ മുതിർന്നവരായപ്പോൾ നല്ല ജ്ഞാനവും ആത്മവിശ്വാസവും ഉള്ളവരായിത്തീരുകയും അവരുടെ പിതാവിന്റെ പാതയിലൂടെ സഞ്ചരിക്കുകയും ചെയ്യുന്നു.

യേശുവിന്റെ പരസ്യശുശ്രൂഷാകാലത്ത് ഒരേ സമയം 5000-ൽ അധികം ആളുകൾ യേശുവിന്റെ ഉപദേശം കേൾക്കുന്നതിനായി വന്നുകൊണ്ടിരുന്നു എന്ന് വേദപുസ്തകം പ്രസ്താവിക്കുന്നുണ്ട്. രണ്ട് സഹസ്രാബ്ദങ്ങൾക്ക് മുമ്പുസംഭവിച്ചകാര്യം ആണ്, അത്. ആ പുരുഷാരത്തിന് വിശപ്പുണ്ടായി. അവർക്ക് ഭക്ഷണം ആവശ്യമായിരുന്നു.

ആദ്യമായി യേശു ഒരു ചോദ്യം ചോദിച്ചു അനന്തരം യേശു ഫിലിപ്പോസിനും മറ്റ് ശിഷ്യന്മാർക്കും ആ പ്രശ്നം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് ചിന്തിക്കാൻ ഒരു അവസരം നൽകി. എന്നാൽ യേശുവിനോട് ഒരു അത്ഭുതപ്രവൃത്തി ചെയ്യുവാൻ ആവശ്യപ്പെടുന്നതിനുള്ള മാനസീക പക്വത അവർക്ക് ആർക്കും ഇല്ലായിരുന്നു. ആകയാൽ യേശു ഒരു അത്ഭുതകൃത്യം ചെയ്തുകൊണ്ടാണ് ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കിയത്. ഒരു ബാലകന്റെ പക്കൽ ഉണ്ടായിരുന്ന ഭക്ഷണസാധനങ്ങളെ വാഴ്ത്തി അനുഗ്രഹിച്ച് നുറുക്കി അയ്യായിരത്തിൽ അധികം ജനങ്ങൾക്ക് ആഹാരമായി നൽകി.

വീണ്ടും വീണ്ടും യേശു തന്റെ ശിഷ്യന്മാർക്കും മറ്റുള്ളവർക്കും ദൈവീകമായ ഒരു കാഴ്ചപ്പാടോടുകൂടി ചിന്തിക്കുവാനും ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടുപിടിക്കുവാനുമുള്ള അവസരം നൽകുകയായിരുന്നു. സുദീർഘമായ മൂന്നു വർഷക്കാലം യേശു തന്റെ ശിഷ്യന്മാരെ തന്റെ വചനങ്ങൾ ശ്രദ്ധിച്ചുമനസ്സിലാക്കുവാനും ചിന്തിച്ച് വിശ്വസിക്കുവാനും നിരന്തരം പരിശീലിപ്പിച്ചുകൊണ്ടിരുന്നു. അതുപോലെതന്നെ ജ്ഞാനത്തെ പ്രായോഗിക ജീവിതത്തിൽ ഉപയോഗിക്കുവാനും പരിശീലനം നൽകി. യേശു അവരെ സേവനശുശ്രൂഷയ്ക്ക് പരിശീലനം

നടത്തി. അവർക്ക് ലഭിച്ച പരിശീലനത്തിലൂടെ, അവരെ ശുശ്രൂഷന്മാർ ആയിത്തീരുന്നതിന് ബഹുമാന്യനായ ഗുരു അവരെ പ്രോത്സാഹിപ്പിച്ചു ശ്രദ്ധിച്ചു കേൾക്കുവാനും ചിന്തിച്ച് ഉത്തരങ്ങൾ കണ്ടെത്താനും പഠിപ്പിച്ചു. യേശു അവരെ മറ്റുള്ളവരെ ശുശ്രൂഷിക്കുവാൻ പരിശീലിപ്പിച്ചു.

ഇന്ന് STS ശൈലിയിൽ ബൈബിൾ കഥകളും വേദഭാഗങ്ങളും ചർച്ചകളിലൂടെ പഠിക്കുന്നുതിന് സന്നിഹിതരാകുന്ന പഠിതാക്കളിൽ പലരും അവരുടെ കുടുംബങ്ങളിലും, ശുശ്രൂഷകളിലും നേതാക്കന്മാർ ആയിരിക്കുന്നവരാണ്. ആകയാൽ നല്ല അറിവും പരിജ്ഞാനവും അവർക്കുണ്ടായിരിക്കും. അവരുടെ ജനങ്ങളെക്കാൾ അവർ പാണ്ഡിത്യം ഉള്ളവരാണ്. ചോദ്യങ്ങൾക്കെല്ലാം ആദ്യമാദ്യം ഉത്തരം പറയുന്നില്ലെങ്കിലും അവർ അറിവുള്ളവരാകയാൽ ഞങ്ങൾ അവരെ അനുമോദിക്കുന്നു.

അറിവും, ആത്മവിശ്വാസവുമുള്ള ഈ സഭാനേതാക്കൾ മറ്റുള്ളവർക്ക് ഉത്തരങ്ങൾ പറയുവാൻ അവസരം നൽകുന്നത് കാണുന്നത് വളരെ സന്തോഷകരമായ സംഗതിയാണ്. മറ്റുള്ള ആളുകളും ചിന്തിക്കുന്നതിനും, സ്വന്തമായി ആശയങ്ങൾ രൂപികരിക്കുന്നതിനും ഉത്തരങ്ങൾ പറയുന്നതിനും അവരെ പ്രോത്സാഹിപ്പിക്കുന്നതിന് ഈ നേതാക്കൾ വിലകല്പിക്കുന്നു. പ്രിയങ്കരനായ മൂപ്പനെപ്പോലെ, യേശുവിനെപ്പോലെ മറ്റുള്ളവരിൽ ആത്മവിശ്വാസം ജനിപ്പിക്കുന്നത് എങ്ങനെ എന്ന് അവർക്ക് അറിയാം. അവരുടെ അഗാധമായ പാണ്ഡിത്യവും, ബുദ്ധിശക്തിയും അവശ്യമായ സന്ദർഭങ്ങളിൽ അവർ സന്ദർഭോചിതമായി, ശരിയായ സമയത്ത് അവരുടെ അറിവ് മറ്റുള്ളവർക്കായി പകർന്നു നൽകും.

## ശ്രദ്ധിച്ച് കേൾക്കുകയും പ്രതികരിക്കുകയും ചെയ്യുന്നതിലുള്ള വെല്ലുവിളികൾ

STS നിപുണതകൾ ആദ്യമായി സമാർജ്ജിക്കുവാൻ പരിശ്രമിക്കുന്ന വ്യക്തിയാണ് നിങ്ങൾ എങ്കിൽ നിരവധികാര്യങ്ങൾ നിങ്ങൾ ഓർമ്മിക്കേണ്ടതുണ്ട്. STS പദ്ധതിയിൽ പുതുമുഖങ്ങളായവർ പ്രധാനമായും STS ശൈലിയിലുള്ള പാഠാവതരണം ശ്രദ്ധിക്കുന്നു. കഥാകഥനം, STS പ്രക്രിയയുടെ പ്രവർത്തനക്രമം, ചോദ്യരൂപീകരണം, ചോദ്യാവതരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പക്ഷേ, രസകരമെന്നു പറയട്ടെ. ഈ പുതുമുഖ അവതാരകർ അവരുടെ പ്രവർത്തനത്തിൽ അമിതമായ ശ്രദ്ധകേന്ദ്രീകരിക്കുന്നതിനാൽ സുപ്രധാനമായ ഒരു സംഗതി അവർ വിട്ടുകളയുന്നു. – ജനങ്ങൾ; പഠിതാക്കൾ നിങ്ങളുടെ ചുമതല ബൈബിൾ കഥയെ അവതരിപ്പിച്ച് മറ്റുള്ളവരുമായി ചർച്ച ചെയ്യുകയാണ്. ജനങ്ങളുടെ അഭിപ്രായങ്ങളും, ആശയങ്ങളും ശ്രദ്ധയോടെ കേൾക്കുകയും അവരുടെ സംഭാവനകൾക്ക് സമുചിതമായ പ്രതികരണം നൽകുകയും ചെയ്യാതെ യാതൊരു ചർച്ചയും നടക്കുകയില്ല.

ചിന്താശക്തിയെ പ്രചോദിപ്പിക്കുന്ന മാനസീകവാതിലുകളിൽ ഉത്തമമായി ഒരെണ്ണം സംഭാഷണമെന്ന വാതിൽ ആകുന്നു. കഥയിലുള്ള നിരവധി വിലയേറിയ നിധികൾ കണ്ടുപിടിക്കുവാൻ സമയം വിനിയോഗിച്ചതിനുശേഷം, ആ കഥയെ പലരോടും പറയുവാൻ സമയം കണ്ടെത്തണം. അത് ആഹ്ലാദകരമായ കാര്യമാണ്. അങ്ങനെ, നിങ്ങളുടെ "അവതരണത്തെ"ക്കുറിച്ച് ചിന്തിക്കുന്നതിന് പകരം, നിങ്ങൾ എന്തെക്കെയാണ് പറയേണ്ടതെന്ന് ആലോചിക്കുന്നതിന് പകരമായി നിങ്ങൾ ചോദ്യങ്ങൾ ചോദിക്കുകയും മറ്റുള്ളവർക്ക് എന്താണ് പറയുവാനുള്ളത് (മറ്റുള്ളവർ പറയുന്നത് എന്താണ്) എന്ന് ശ്രദ്ധിച്ചു കേൾക്കണം. അവരോട് "കഥയെക്കുറിച്ച് " പറയുക. അവരുമായി ഒരു സംഭാഷണത്തിൽ ഏർപ്പെടുക.

സംഭാഷണവേളയിൽ, നിങ്ങൾ തയ്യാറാക്കിയ ചോദ്യങ്ങളിൽ ചിലത് ചോദിക്കാം. നിങ്ങൾ കഥ അവതരിപ്പിച്ചപ്പോൾ, നിങ്ങൾ കണ്ടെത്തിയ നിധികൾ കണ്ടെത്തുവാൻ നിങ്ങളുടെ ചോദ്യങ്ങൾ പഠിതാക്കളെ സഹായിക്കും. നമ്മൾ ദിവസംതോറും അനേകരോട് സംസാരിക്കുമ്പോൾ യാതൊരു ലിഖിത വിവരങ്ങളുമില്ലാതെ, അനേകം കാര്യങ്ങൾ പറയുന്നില്ലേ? നമുക്ക് താല്പര്യമുള്ള കാര്യങ്ങളാണ് നമ്മൾ പറയുന്നത്. ബൈബിൾ കഥയെക്കുറിച്ച് സ്വതന്ത്രമായി സംസാരിക്കുക. യഥാർത്ഥത്തിൽ, ശ്രദ്ധിച്ച് കേൾക്കുന്നതും പ്രതികരിക്കുന്നതുമാണ് STS പ്രക്രിയയുടെ കാതൽ. അതുകൊണ്ടാണ് നമ്മൾ പറയുന്നത്, "STS ന്റെ നിർവചനം ശ്രദ്ധിച്ച് കേൾക്കുന്നതും പ്രതികരിക്കുന്നതുമാണ്"എന്ന്.

## ശ്രദ്ധിച്ച് കേൾക്കുന്നതും പ്രതികരണം നൽകുന്നതും പ്രവർത്തനത്തിൽ

STS -ൽ നാം അന്വേഷണ പഠനം നടത്തുന്ന ഒരു വേദഭാഗമാണ് 23-ാം സങ്കീർത്തനം. വേദപുസ്തകം അല്പമായെങ്കിലും അറിയാവുന്നവരിൽ ഭൂരിഭാഗം ആൾക്കാർക്കും സുപരിചിതമായ ഒരു വേദഭാഗമാണത്. എന്നാൽ ആ കഥയിലൂടെ നാം സാവധാനം കടന്നുപോകുകയും, ദൈവം ആ സങ്കീർത്തനത്തിൽ നമുക്കായി നൽകിയിരിക്കുന്ന മഹത്തായ സന്ദേശങ്ങൾ ഗഹനമായി ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും സഹായിക്കുന്ന ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്നത് വിസ്മയകരമാണ്.

കുറെ നാളുകൾമുമ്പ്, ബുദ്ധമതക്കാരുടെ പ്രദേശത്ത് നമ്മുടെ ഡയറക്ടർ ആയി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന “രമേശ്” എന്ന ആൾ എന്നോട് ഇപ്രകാരം പറഞ്ഞു. 23-ാം സങ്കീർത്തനം STS ശൈലിയിൽ ഞാൻ പഠിപ്പിച്ചിട്ടുണ്ട്. (നേപ്പാൾകാരനായ ഈ മനുഷ്യനെ ഞാൻ ആണ് STS പദ്ധതി പഠിപ്പിച്ചത്.) ഒരു സങ്കീർത്തനം STS ശൈലിയിൽ അവതരിപ്പിക്കുന്നത് രസകരമായ ഒരു കാര്യമായി എനിക്കു തോന്നി. അതിനാൽ ഞാൻ അദ്ദേഹത്തോടും ചോദിച്ചു “ആകട്ടെ, അത് എന്നെ ഒന്ന് പഠിപ്പിക്കാമോ? ” എന്ന്. ആ ദിവസം, അവിസ്മരണീയമായ ദിവസം ആയിത്തീർന്നു.

ചുവടേ ചേർത്തിരിക്കുന്ന റിപ്പോർട്ട് ശ്രദ്ധിക്കുക. കഥ ശ്രദ്ധയോടെ പഠിക്കുന്നതിന്, കഥാകാഥികൻ പറയുന്ന സംഗതികൾ ശ്രദ്ധയോടെ കേട്ട് മനസ്സിലാക്കുന്നതിന് ഞാൻ എത്രമാത്രം സാവധാനത പാലിച്ചു എന്ന് അതിൽ നിന്ന് മനസ്സിലാക്കുവാൻ കഴിയുന്നതാണ്. അതുപോലെ തന്നെ. ഓരോ നിധിയെ കണ്ടെത്തുന്നതിന് രമേശ് ചെറിയ അപ്പക്കഷണങ്ങൾ വഴിനീളെ തുടർച്ചകയായി ഇട്ടു തന്നത് വളരെ ശ്രദ്ധേയമായിരുന്നു. എനിക്ക് സമയം കണ്ടുപിടിക്കുവാൻ അവസരം നൽകിയിട്ട് രമേശ് പിന്നിലേക്ക് മാറി നില്കകകയായിരുന്നു. ഞാൻ പറയുന്ന ഉത്തരങ്ങൾ ശ്രദ്ധയോടെ കേട്ടിട്ട്, ഞാൻ നിധി കണ്ടുപിടിക്കുന്നതിന് നിധിയോട് കൂടുതൽ അടുക്കുന്നതിനുവേണ്ടി ഓരോ സൂചകം രമേശ് എനിക്ക് തരുകയും ചെയ്തിരുന്നു.

കഥയുടെ ആദിയോടന്തം അനേകം ചോദ്യങ്ങൾ എന്നോട് ചോദിച്ചിരുന്നു. എന്നാൽ രമേശ് നൽകിയ ഒരു പ്രധാന ചിന്താസരണി ഇപ്പോഴും എന്റെ മനസ്സിൽ സ്ഥിതിചെയ്യുന്നു. രമേശ് ചോദിച്ച നിരവധി ചോദ്യങ്ങളെ മറികടന്ന് ഒരു ഒറ്റ ചിന്താസരണിയെ മാത്രം ഞാൻ ഇവിടെ രേഖപ്പെടുത്താം.

രമേശ് ചോദിച്ചു, “ആദ്യഭാഗത്ത് ആടുകൾ ഇടയനെ എങ്ങനെ സംബോധന ചെയ്തു?”

അനേകം വർഷങ്ങൾക്കുമുമ്പ് ഞാൻ പഠിച്ചിട്ടുള്ള ഉത്തരം ഞാൻ നല്കി.“എന്റെ ഇടയൻ”. “അതിൽ നിന്ന് നാം പ്രകടമാക്കുന്നത് നമുക്ക് കർത്താവാം യേശുവിനെ വ്യക്തിപരമായി, സ്വന്തഅനുഭവങ്ങളിലൂടെ അറിയാമെന്നാണ്.”

എന്നാൽ പെട്ടെന്ന് അങ്ങനെ കുതിച്ച് പോകാൻ രമേശ് അനുവദിച്ചില്ല. STS ൽ നമ്മൾ ചെയ്യുന്നത് കഥയെ ആദിയോടന്തം ശ്രദ്ധിച്ച് കേൾക്കുകയും കഥയിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് മനസ്സിലാക്കുകയുമാണ്. അതിനുശേഷം മാത്രമാണ് അതിലെ സന്ദേശം നമ്മുടെ ജീവിതങ്ങളിൽ പ്രായോഗീകമായി ഉപയോഗിക്കാൻ ശ്രമിക്കേണ്ടത്.

രമേശ് എന്നോട് സാവധാനം പോകുവാൻ ആവശ്യപ്പെട്ടു. കഥയിൽ എന്താണ് പറഞ്ഞിട്ടുള്ളതെന്ന് സൂക്ഷ്മമായി മനസ്സിലാക്കുകയും, സുപരിചിതമായ ഈ പാഠഭാഗത്തെ കൂടുതൽ ശ്രദ്ധയോടെ നിരീക്ഷിക്കുകയും ചെയ്യുവാൻ രമേശ് പ്രേരിപ്പിച്ചു. കഥയെ ശ്രദ്ധിച്ച് കേൾക്കുവാൻ രമേശ് നിർബന്ധിച്ചു.

ഞാൻ സമ്മതിച്ചു എനിക്കും ഈ വിദ്യ പ്രയോഗിക്കാമല്ലോ എന്ന് ചിന്തിച്ചുകൊണ്ട് ഞാൻ സൂക്ഷ്മമായി ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഞാൻ നന്നായി പഠിച്ചിട്ടുള്ളതും, അനേകപ്രാവശ്യം പഠിപ്പിച്ചിട്ടുള്ളതും അനേകം ലേഖനങ്ങൾ എഴുതിയിട്ടുള്ളതുമായ ഈ സങ്കീർത്തനഭാഗത്തെ പരാമർശിച്ച് എന്റെ വിദ്യാർത്ഥിയായിരുന്ന രമേശ് എന്നെ എന്താണ് പഠിപ്പിക്കാൻ പോകുന്നതെന്ന് ഞാൻ ഉത്കണ്ഠാകുലയായി.

“ഇത് ഒരു ആട് പറയുന്ന കാര്യമാണ്, അല്ലേ? രമേശ് എന്നോട് ചോദിച്ചു”

ഞാൻ സമ്മതഭാവത്തിൽ തലയാട്ടി.

"ശരി, ആട് തന്റെ ആട്ടിടയനെകുറിച്ച് എന്താണ് പറയുന്നത്? എങ്ങനെയാണ് ആട് ഇടയനെ സംബോധന ചെയ്യുന്നത്? "

അപ്പോൾ ഞാൻ ഒരു വിശദീകരണം കിട്ടാനായി ചോദിച്ചു, "ആട് ഇടയനെ അവൻ എന്ന് വിളിക്കുന്ന തിനെക്കുറിച്ചാണോ ചോദിച്ചത്.?"

"അതെ, അത് ശരിയാണ്." രമേശ് മറുപടി പറഞ്ഞു. "ആട്ടിടയൻ എവിടെ നില്ക്കുന്നതായാണ് ആട് കാണുന്നത്?" രമേശ് ചോദിച്ചു.

"ഏ? എന്താണ്? എനിക്ക് മനസ്സിലായില്ല? "ഞാൻ പറഞ്ഞു.

"ആടുമായുള്ള ബന്ധത്തിൽ ആട്ടിടയൻ ഇപ്പോൾ എവിടെയാണ്? നോക്കുക." രമേശ് നിർബന്ധമായി ആവശ്യപ്പെട്ടു ഞാൻ ഇതുവരെ ശ്രദ്ധിക്കാതിരുന്ന ഒരു സംഗതി ശ്രദ്ധിച്ചുനോക്കുവാൻ നിർബന്ധിക്കുന്നതു പോലെ. (STS) പദ്ധതിയിൽ, നമ്മൾ കണ്ടിരിക്കുന്ന ഒരു സംഗതി കാണാൻ ആയി നാം ആളുകളെ അവിടേക്ക് ഉന്തിത്തള്ളിക്കൊണ്ടു ചെല്ലാറില്ലല്ലൊ. എന്നാൽ ഈ സന്ദർഭത്തിൽ, എന്റെ വിദ്യാർത്ഥി ആയിരുന്ന രമേശ് എന്നോട്, താൻ കണ്ടെത്തിയ ഒരു വിശേഷകാര്യം പങ്കിടുവാൻ ആഗ്രഹിക്കുകയായിരുന്നു. ഈ വിശേഷമായ ശ്രദ്ധിക്കലും പ്രതിപ്രവർത്തനവും എന്നെക്കൊണ്ട് നിർബന്ധിച്ച് ചെയ്യിക്കുന്നത്, അതായത് സാവധാനം ചിന്തിച്ച് സന്ദേശം കണ്ടെത്തുവാൻ എന്നെ പ്രേരിപ്പിക്കുന്നത്, ഞാനും രമേശും തമ്മിലുള്ള ഗുരുശിഷ്യബന്ധത്തിന്റെ പശ്ചാത്തലത്തിൽ തികച്ചും സ്വാഭാവികവും സ്വീകാര്യവും, അഭിലഷണീയവും ആയിരുന്നു. അപ്പോൾ ഞാൻ പറഞ്ഞു. "ഉം, എന്റെ ഊഹം ഇങ്ങനെയാണ്, ആടുകളെ കൂട്ടിക്കൊണ്ടുപോകുകയാണെങ്കിൽ ഇടയൻ ആടുകളുടെ മുമ്പിൽ ആയിരിക്കും."

"ഉവ്വ് അത് ശരിയാണ്." രമേശ് പറഞ്ഞു "വീണ്ടും കഥയിലൂടെ പോകാം. മരണനിഴലിൽ താഴ്‌വരയി ലൂടെ നടന്നാലും എന്ന ഭാഗത്ത്, ആട് ഇടയനെക്കുറിച്ച് എന്താണ് പറയുന്നത്?"രമേശ് ചോദിച്ചു.

"അവൻ " ഞാൻ മറുപടി പറഞ്ഞു.

"ശരി, വീണ്ടും നോക്കു!" രമേശ് പ്രോത്സാഹിപ്പിച്ചു "കഥ ഇങ്ങനെ തുടരുന്നു......... ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല......... കാരണം, ആരാണ് എന്നോട് ഒപ്പം ഉള്ളത്? അപ്പോൾ ആട് ഇടയനെ എന്താണ് വിളിക്കു ന്നത്? ആട് ഇടയനെക്കുറിച്ച് എന്താണ് പറയുന്നത്?"രമേശ് ചോദിച്ചു.

"അല്പം കാത്തുനില്ക്കണേ" ഞാൻ ത്ധഡുതിയിൽ പറഞ്ഞു. "അത് നീ എന്നായിരുന്നു. ഓ അവിടെ ശ്രദ്ധേയമായ ഒരു വ്യതിയാനമുണ്ട്. മുമ്പ് ഞാൻ അത് ശ്രദ്ധിച്ചിരുന്നില്ല. ഇപ്പോൾ ആട് തന്റെ ഇടയനോട് സംസാരിക്കുകയാണ് ഇടയനെക്കുറിച്ച് പറയുകയല്ല. അത് സമ്പന്നമായ ഒരു സംഗതിയാണ്. "

"ഉവ്വ്. വീണ്ടും സൂക്ഷിച്ച് നോക്കുക. ഇപ്പോൾ ഇടയൻ എവിടെയാണ്, നിങ്ങൾ കാണുന്നുണ്ടോ? ഇപ്പോൾ ഉണ്ടായ മാറ്റം എന്താണ്? അത് ശ്രദ്ധിക്കുക "രമേശ് പറഞ്ഞു.

"സൂക്ഷിച്ചുനോക്കേണ്ടത് എവിടെയാണ്? ഞാൻ ചോദിച്ചു."

"മറ്റ് എന്തിനെല്ലാം മാറ്റം ഉണ്ടായി? നോക്കുക അത് കണ്ടെത്തുക, അതിലേക്ക് നോക്കുക മുമ്പ് ആട്ടി ടയൻ ആടുകൾക്കു മുമ്പിൽ ആയിരുന്നു. ഇപ്പോൾ ആട്ടിടയൻ എവിടെയാണ് നില്ക്കുന്നത്? "

"ശരി, ശരി എനീക്കു മനസ്സിലായി" ഞാൻ തുറന്നു പറഞ്ഞു "മുമ്പ് ഇടയൻ ആടുകൾക്കു മുമ്പിലായി രുന്നു ഇപ്പോൾ ആടുകളോടു കൂടെയാണ്."

"ഉവ്വ് ! ആദ്യം അയാൾ ആടുകൾക്കുമുൻപിൽ ആയിരുന്നു ഇപ്പോഴാകട്ടെ സമീപത്തും." രമേശ് വാചാ ലനായി പക്ഷേ, അതുമാത്രം അല്ല. സൂക്ഷിച്ചുനോക്കുക. കഥ ഇപ്രകാരം തുടരുന്നു. നീ.... വീണ്ടും ആടുപറയു കയാണ്. നീ എന്റെ തലയെ എണ്ണകൊണ്ട് അഭിഷേകം ചെയ്യുന്നു. ഇടയൻ ആടിന്റെ തലയിൽ എണ്ണ തേയ്ക്കു ന്നെങ്കിൽ ഇപ്പോൾ ആട്ടിടയൻ എവിടെ നില്ക്കുന്നതായാണ് നിങ്ങൾ കാണുന്നത്.

"ഓ! ഞാൻ അത് കാണുന്നു. ആടുകൾക്ക് മുകളിൽ! ആട്ടിടയൻ ആടുകൾക്ക് മുകളിലാണ്." ഞാൻ മറു പടി പറഞ്ഞു.

“ഇനിയും നോക്കിക്കൊള്ളൂ.” രമേശ് എന്നെ പ്രോത്സാഹിപ്പിച്ചു “കഥ ഇങ്ങനെ തുടരുന്നു. തീർച്ചയായും, നന്മയും കരുണയും ജീവിതകാലം മുഴുവൻ എന്നെ പിൻ തുടരും.” ആട്ടിടയന്റെ സാന്നിദ്ധ്യം മറ്റ് എവിടെയെല്ലാമാണ് ആട് അനുഭവിച്ചറിയുന്നുത്? ആട് എന്ത് പറയുന്നു? നിങ്ങൾക്ക് മനസ്സിലായോ? രമേശ് എന്നോട് ചോദിച്ചു.

“ഉവ്വ്, ഞാൻ മനസ്സിലാക്കുന്നു. അത് വിസ്മയകരം തന്നെ” ഞാൻ മറുപടി പറഞ്ഞു.

രമേശ് വീണ്ടും വാചാലനായി. “ആട്ടിടയൻ ആടുകളുടെ മുമ്പിലും, സമീപത്തും, മീതെയും, പിമ്പിലും ആയി ആടുകളെ നയിക്കുന്നു. അവൻ ആടുകൾക്ക് ചുറ്റും ഉണ്ട്.”

ഞങ്ങൾ കഥയുടെ പര്യവസാനത്തിൽ എത്തിയതിനാൽ ഞങ്ങൾ രണ്ടുപേരും പ്രായോഗികോപയോഗങ്ങളിലേക്ക് പ്രവേശിച്ചു. അങ്ങനെ അല്ലാതിരിക്കാൻ കഴിയുമോ? കഥയിൽ ഞങ്ങൾ രണ്ടുപേരും ഒരുമിച്ച് കണ്ടെത്തിയ പ്രായോഗീകോപയോഗങ്ങളെക്കുറിച്ച് ഞങ്ങൾ വളരെ സംസാരിച്ചു. പക്ഷേ, ആ നൂതനമായ ആശയം, അതായത് നമ്മുടെ ഇടയനായ യേശു നമുക്ക് മുമ്പിലും, സമീപത്തും, മീതെയും, പിമ്പിലും ആയി എപ്പോഴും നമ്മോടൊപ്പം ഉണ്ടെന്നുള്ള വിശേഷകാര്യം ഞങ്ങളുടെ സംഭാഷണത്തിൽ ഉടനീളം മുഖ്യവിഷയമായി നില്ക്കുന്നുണ്ടായിരുന്നു. എത്രമാത്രം ആശ്വാസദായകമാണ് ആ ആത്മീകദർശനം.

അടിക്കുറിപ്പ്- കുറെ നാളുകൾക്കുശേഷം, ഓഫീസിൽ ജോലി ചെയ്യുന്ന ഭാരവാഹികൾ ഓഫീസിൽ വച്ച്, ഞങ്ങൾ ഉണ്ടാകാറുള്ള പിശകുകളെക്കുറിച്ചും, അവയെ പരിഹരിക്കുന്നതിനായി ദൈവം ഞങ്ങളോട് കരുണ കാണിച്ച് അവയെ പരിഹരിക്കുന്നതിനായി സഹായിക്കുന്ന വിധത്തെക്കുറിച്ചും സംസാരിക്കുകയുണ്ടായി. ഞാൻ അഭിപ്രായപ്പെട്ടു. “ദൈവമാണ് നമ്മുടെ പിൻബലം, ദിനാനുദിനം നമ്മൾ നാനാവിധമായ വെല്ലുവിളികളെ അഭിമുഖീകരിക്കുമ്പോൾ ദൈവം നമുക്ക് പിൻബലമായി നില്ക്കുന്നുണ്ട്. അവൻ നമ്മോടു പറയുന്നു.” മുമ്പോട്ടുപോകുക, ഭയപ്പെടേണ്ട. ഞാൻ നിന്നെ സംരക്ഷിച്ചുകൊള്ളാം. നിന്നെ ഉപദ്രവിക്കാനായി ആരും നുഴഞ്ഞുകയറുകയില്ലെന്ന് ഞാൻ ഉറപ്പുതരാം.

അപ്പോൾ ആ സങ്കീർത്തന കഥ എന്റെ ഓർമ്മയിലേക്ക് കടന്നുവന്നു. “ദൈവമേ, അത് 23-ാം സങ്കീർത്തനമാണല്ലോ. നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിൻതുടരും” എന്ന വചനം ആധുനികകാലത്ത് പറയാവുന്നത്. ദൈവം നമുക്ക് പിൻബലമായി നമ്മുടെ പിമ്പിൽ കവചമായി നില്ക്കുന്നുണ്ട് എന്നാണല്ലോ.

ഉം! അദ്ധ്യാപകൻ (അദ്ധ്യാപിക) വിദ്യാർത്ഥിയിൽ നിന്ന് പഠിക്കുന്നു. ഗുരു ശിഷ്യന്റെ വാക്കുകൾ ശ്രദ്ധിച്ച് മനസ്സിലാക്കുന്നു. രണ്ടുപേരും ഒരേ വേദഭാഗത്തിൽ നിന്നാണ് കേൾക്കുന്നത്.

യൂറോപ്പിൽ നിന്നും, പാശ്ചാത്യനാടുകളിൽ നിന്നുമുള്ള നേതാക്കളെ പ്രാദേശിക വിശ്വാസികൾ പഠിപ്പിക്കുന്ന പരസ്പര വ്യതിയാനങ്ങൾ ഇപ്പോൾ സാധാരണമായിരിക്കയാണ്. ഇൻഡ്യാ, ടോഗോ, മുസാമ്പിക് നൈജീരിയ, ഫിലിപ്പൈൻസ് എന്നീ രാജ്യങ്ങളിൽ നിന്ന് മിഷണറിമാർ STS ൽ വന്ന് നാട്ടുകാരായ അദ്ധ്യാപകരിൽ നിന്ന് പഠിച്ചുകൊണ്ടിരിക്കുന്നു.

ആത്യന്തികമായും STS എന്നാൽ ജനങ്ങളാണ്- ജനങ്ങളെ ശ്രദ്ധിച്ചുകേട്ട് പഠിക്കുന്ന ജനങ്ങൾ- അവർ ദൈവവചനം ശ്രദ്ധിച്ച് കേൾക്കുന്നു. ശ്രദ്ധിച്ച് കേൾക്കുകയും പ്രതികരിക്കുകയും ചെയ്യുന്നത് എല്ലാവർക്കും സാദ്ധ്യമാണ്. STS പദ്ധതിയുടെ പ്രവർത്തനവിജയം വ്യക്തമാക്കുന്നത് ഉന്നതരായ നേതാക്കൾക്ക് മാത്രമല്ല ദൈവവചനം ശ്രദ്ധിച്ച് കേട്ട് മനസ്സിലാക്കുവാനും മറ്റുള്ളവർക്കായി അവരുടെ അറിവിനെ പകർന്നുനൽകുവാനും കഴിയുന്നത്. വാസ്തവത്തിൽ മിഷണറിമാരെയും, ആവശ്യാനുസരണം പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന തദ്ദേശീയരായ അദ്ധ്യാപകർ STS ന്റെ മൂന്നാംതലമുറയോ നാലാം തലമുറയോ ആയ പഠിതാക്കൾ തന്നെയാണ്.

## വിജയത്തിലേക്ക് ആനയിക്കുന്ന വിശദവിവരങ്ങൾ

ഈ റിപ്പോർട്ടുകൾ നിങ്ങളെ STS നെ ക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പഠിക്കുന്നതിനും അതിന്റെ നിപുണതകളിൽ ചിലത് സമാർജ്ജിക്കുന്നതിനും നിങ്ങളെ പ്രേരിപ്പിച്ചിട്ടുണ്ടാവുമല്ലൊ. സാക്ഷരരായ

പഠിതാക്കൾക്കുവേണ്ടിയുള്ള ഒരു ഭാഗം മുതൽ ആരംഭിക്കട്ടെ. ചോദ്യങ്ങൾ എഴുതിവയ്ക്കാതെ അവയെ ഓർമ്മിക്കുവാൻ പ്രയാസമാണെന്ന് നിങ്ങൾ ചിന്തിച്ചേക്കുമെങ്കിലും ഞങ്ങൾ നിങ്ങളോട് പറയുന്നത് നിങ്ങൾ യാതൊരു ചോദ്യവും എഴുതരുത് എന്നാണ്. കഥയെക്കുറിച്ച് നിങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുന്ന ചോദ്യങ്ങൾ യാതൊന്നും എഴുതരുത് എന്നത് ഏറ്റവും പ്രധാനമാകുന്നു. ചോദ്യങ്ങൾ ഓർക്കുന്നതിനായി നിങ്ങൾ മനസ്സിലൂടെ കഥയെ ഓർത്തുകൊണ്ടുപോകുക. നിങ്ങൾ തയ്യാറാക്കിയിട്ടുള്ള ചോദ്യങ്ങളെ ആ കഥ തന്നെ നിങ്ങളെ ഓർമ്മിപ്പിക്കട്ടെ. ഓർമ്മിക്കുന്നതിനുള്ള വഴിയായി കഥ പ്രവർത്തിക്കുമ്പോൾ നിങ്ങളുടെ നോട്ടുകൾ (കുറിപ്പുകൾ) ആയും കഥ പ്രവർത്തിക്കുന്നു.

## നിങ്ങളുടെ മുഖവുര പുനർവിചിന്തനം ചെയ്യുക.

കഥയിൽ അന്തർലീനമായിരിക്കുന്ന ആത്മീകനിധികൾ അനേകം നിങ്ങൾ കണ്ടുപിടിച്ചുകഴിഞ്ഞതുകൊണ്ട് നിങ്ങൾ തയ്യാറാക്കിയിരിക്കുന്ന മുഖവുരയുടെ ദൈർഘ്യം കുറയ്ക്കേണ്ടത് ആവശ്യമായിരിക്കുന്നു. നിങ്ങൾ മുഖവുരയിൽ പറയുവാൻ ഉദ്ദേശിച്ച വിവരങ്ങൾ കഥയിൽ തന്നെ ഉണ്ടെങ്കിൽ അത് മുഖവുരയിൽ നിന്ന് ഒഴിവാക്കുന്നതാണ് ബുദ്ധി.

ഉദാഹരണത്തിന്, ഉല്പത്തി 12:1-9 ഭാഗത്തുള്ള അബ്രാം കഥ നിങ്ങൾ ഇങ്ങനെ പറഞ്ഞ് ആരംഭിക്കണമെന്ന് യഥാർത്ഥത്തിൽ ഉദ്ദേശിച്ചു എന്നിരിക്കട്ടെ. "ഈ കഥ ദൈവത്താൽ വിളിക്കപ്പെട്ട ഒരു മനുഷ്യനെക്കുറിച്ചാണ്. ദൈവം അയാളോട് സ്വന്തം ജനങ്ങളെയും, രാജ്യത്തെയും വിട്ടുപോന്ന് പുതിയൊരു ജനതയെ പടുത്തുയർത്താൻ ആവശ്യപ്പെട്ടിരുന്നു". എങ്കിലും, കുറെ ദൂരം നിങ്ങൾ കഥയിലൂടെ നിധികൾ അന്വേഷിച്ചു പോയപ്പോൾ നിങ്ങൾക്കു മനസ്സിലായി അബ്രാമിനെക്കുറിച്ച് പലകാര്യങ്ങളും കഥയിൽത്തന്നെ നൽകപ്പെട്ടിരിക്കുന്നു എന്ന് അപ്പോൾ നിങ്ങൾ തീരുമാനിക്കുന്നു. അതെല്ലാം മുഖവുരയിൽ നിന്ന് മാറ്റണമെന്ന്.

അങ്ങനെയാണെങ്കിലും നിങ്ങൾക്ക് എന്തെങ്കിലും ഉൾക്കാഴ്ച ആ കഥയെ സംബന്ധിച്ച് ഉണ്ടായിട്ടുണ്ടെങ്കിൽ അതെക്കുറിച്ച് മുഖവുരയിൽ പറയാവുന്നതാണ്. നിങ്ങൾ നൽകുന്ന കൂടുതൽ വിവരങ്ങൾ കഥയുടെ വിശകലനത്തിൽ പ്രയോജകീഭവിക്കുന്നതാണ്.

ഉദാഹരണമായി, 'മാർത്തമറിയ' കഥയിൽ അന്തർലീനമായിരിക്കുന്ന നിരവധി ആത്മീക നിധികളിൽ ഒരെണ്ണം അനേകം അതിഥികൾക്കായി വിഭവസമൃദ്ധമായ വലിയ സദ്യ ഒരുക്കുന്നതിനായി അവൾ എടുത്ത തീരുമാനത്തിൽ അധിഷ്ടിതമാണ്. മറ്റൊരു നിധി യേശുവിനോടുള്ള മാർത്തയുടെ പെരുമാറ്റത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. യേശുവിന്റെ ശിഷ്യന്മാരുടെ മുമ്പിൽവച്ച് മാർത്ത യേശുവിനെ അപമര്യാദയോടെ വിമർശിക്കുകയും യേശുവിന്റെ യജമാനത്തിയാണ് താൻ എന്ന വിധത്തിൽ അവൾ സംസാരിക്കുകയും ചെയ്തു. യേശുവും ശിഷ്യന്മാരും ഒരു പട്ടണത്തിലേക്ക് പ്രവേശിച്ച രംഗം മുതലാണ് കഥ ആരംഭിക്കുന്നത്. എന്നാൽ മാർത്ത യേശുവിനെ തന്റെ വീട്ടിലേക്ക് ക്ഷണിച്ചതായിട്ടാണ് കഥയിൽ പറയുന്നത്. ശിഷ്യന്മാരെ ക്ഷണിച്ചു എന്നോ ശിഷ്യന്മാരും യേശുവിനോടൊപ്പം മാർത്തായുടെ ഭവനത്തിലേക്ക് പോയെന്നോ കഥയിൽ പറയുന്നില്ല.

ചർച്ചയ്ക്ക് വ്യക്തതയും മിഴിവും ഉണ്ടാകുന്നതിന് കഥയ്ക്ക് ഒരു മുഖവുര നൽകുന്നത് ബുദ്ധിപൂർവ്വകമാണ്. ഇപ്രകാരം മുഖവുര പറയാവുന്നതാണ് "യേശുവിന്റെ പരസ്യശുശ്രൂഷാസമയത്ത് യേശു ശിഷ്യന്മാരെ തെരഞ്ഞെടുത്തു, തന്നോടൊപ്പം സഞ്ചരിക്കുന്നതിന് അവരെ അനുവദിച്ചു. ഇവരെ ശിഷ്യന്മാർ എന്ന് വിളിക്കുന്നു. യേശു സന്ദർശിച്ച സ്ഥലങ്ങളിലെല്ലാം യേശുവിന്റെ ശിഷ്യന്മാർ കൂടെ ഉണ്ടായിരുന്നു. യേശു തനിയേ അല്പ സമയം വേറിട്ടു പോയിട്ടുണ്ട്. അവിടെ ശിഷ്യന്മാരെ കൊണ്ടുപോയിട്ടില്ല. അഥവാ ഏതാനും ശിഷ്യന്മാരെ മാത്രം (പത്രോസ്, യോഹന്നാൻ, യാക്കോബ്) കൂട്ടിക്കൊണ്ടുപോയിട്ടുണ്ട്, അല്പസമയത്തേക്കുമാത്രം" ഈ വിവരണം കൊണ്ട് ശ്രോതാക്കൾക്ക് മനസ്സിലാക്കാൻ കഴിയും യേശുവിന്റെ സന്ദർശനത്തിൽ ശിഷ്യന്മാരും ഉണ്ടായിരുന്നെന്ന്.

കഥാകാഥികൻ എന്ന നിലയിൽ നിങ്ങൾ സർവ്വദാ അറിഞ്ഞിരിക്കണം, നിങ്ങളുടെ പഠിതാക്കളിൽ ഒന്നോ, അധികമോ ആളുകൾക്ക് കഥയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മാത്രമേ അറിയൂ എന്ന്. വേദപുസ്തകത്തെക്കുറിച്ച് അവർക്ക് അധികം കാര്യങ്ങൾ ഒന്നും അറിഞ്ഞുകൂടാ. അതുകൊണ്ട് STS ശൈലിയിലുള്ള

ചർച്ചകൾക്കുവേണ്ടി കൂടുതൽ വിവരങ്ങൾ നൽകേണ്ടത് ആവശ്യമാണ്. അത് മുഖവുരയിൽ ചേർക്കേണ്ടതാണ്.

## ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകുന്നതിന് ആവശ്യമായ അധികവിവരങ്ങൾ മുഖവുരയിലൂടെ നൽകണം.

പഠിതാക്കളെ നിങ്ങൾ കുറെ കഥകൾ പഠിപ്പിച്ചുകഴിയുമ്പോൾ അതിൽ ഏത് ഭാഗത്തുനിന്നും നിങ്ങൾക്ക് ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്. പഠിതാക്കൾ അവയുടെ വിജ്ഞാന വിവരങ്ങൾ നേടിയെടുത്തിട്ടുണ്ടാവും, ഓരോരോ കഥയിലും വിവിധങ്ങളായ വിജ്ഞാനവിവരങ്ങൾ അന്തർലീനമായിട്ടുണ്ടെന്ന് നിങ്ങൾ ഓർത്തിരിക്കണം. ഒരു കഥയെ നന്നായി പഠിപ്പിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ വേദപുസ്തകത്തിലെ മറ്റു ഭാഗങ്ങളിൽ നിന്ന് കണ്ടുപിടിക്കേണ്ടി വരുകയില്ല.

മുഖവുരയിൽ ഉൾപ്പെടുത്തുന്ന അധികവിവരങ്ങൾ, കഥാവതരണവേളയിൽ, കഥയ്ക്ക് കൂടുതൽ ആഴവും പരപ്പും ഉണ്ടാക്കുന്നതിന് സഹായകമാകും. ഉദാഹരണമായി കുഷ്ടരോഗികളെക്കുറിച്ച് ദൈവം നൽകിയിരിക്കുന്ന കല്പനകൾ, ശബ്ബത്തിന്റെ അനുഷ്ടാനങ്ങൾ, ആഹാരപാനീയങ്ങളുടെ ഉപയോഗരീതികൾ ശമര്യാക്കാരെക്കുറിച്ച് യേശുവിനുണ്ടായിരുന്ന വ്യത്യസ്തമായ മനസ്ഥിതി എന്നിവയെക്കുറിച്ച് സന്ദർഭോചിതമായി മുഖവുരയിൽ പറയാവുന്നതാണ്.

ഒരു ബൈബിൾ കഥയുടെ ചർച്ച നിങ്ങൾ സമ്പൂർണ്ണമാക്കിയതിനുശേഷം, അതിൽ അന്തർഭവിച്ചിട്ടുള്ള പ്രതീകാത്മകമോ മാതൃകാ പാഠസംബന്ധമോ ആയ എന്തെങ്കിലും സാർത്ഥകമായ കാര്യങ്ങൾ അവതരിപ്പിക്കാൻ താല്പര്യപ്പെട്ടേക്കാം. കഥയിലെ പ്രതീകാത്മകമായ സന്ദേശം, “മറ്റൊരു കഥ” പറഞ്ഞുകൊണ്ട് നിങ്ങൾക്ക് അവതരിപ്പിക്കാൻ കഴിയും. വേദപുസ്തകത്തിലെ മറ്റൊരു ഭാഗത്തുനിന്ന് ഒരു വേദഭാഗമോ കഥയോ ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. STS ശൈലിയിൽ വേണം അത് അവതരിപ്പിക്കാൻ. നിങ്ങൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന കഥയിലെ അഗാധമായ ആശയങ്ങളും, സന്ദേശങ്ങളും പഠിതാക്കൾ യഥാർത്ഥത്തിൽ ഗ്രഹിച്ചിട്ടുണ്ടെങ്കിൽ മാത്രമേ ഇപ്രകാരം പ്രതീകാത്മക സന്ദേശം അവതരിപ്പിക്കാൻ പാടുള്ളൂ. അല്ലെങ്കിൽ, പരിശുദ്ധാത്മാവ് നിങ്ങളെ പ്രചോദിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നുവെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്.

നിങ്ങൾ നൽകുന്ന അധികവിജ്ഞാനവിവരം തികച്ചും വ്യക്തവും, സുഗ്രാഹ്യവുമായിരിക്കണം, എങ്കിൽ മാത്രമേ പഠിതാക്കൾക്ക് സ്വാഭാവികമായും, ലളിതമായും അത് പ്രായോഗികമായി ഉപയോഗിക്കാൻ കഴിയുകയുള്ളൂ. ഏകദേശം ഇപ്രകാരം പറഞ്ഞുതുടങ്ങാം. ഈ കഥയിലെ സംഭവത്തിനുശേഷം അനേകസംവത്സരങ്ങൾ കഴിഞ്ഞപ്പോൾ ഇതുപോലൊരു സംഭവമുണ്ടായി. അത് ഇപ്പോൾ ഞാൻ അവതരിപ്പിക്കാൻ പോകുന്നു. പ്രതീകാത്മതയോ, സാദൃശ്യാത്മകതയോ ഉൾക്കൊള്ളുന്ന വേദഭാഗം അതിനോട് അനുബന്ധിച്ച് അവതരിപ്പിക്കുക. ഈ അനുബന്ധകഥ മിക്കവാറും പുതിയ നിയമത്തിൽ ആയിരിക്കും കാണപ്പെടുന്നത്.

ഉദാഹരണത്തിന്, നിങ്ങൾ മോശയുടെ കഥയും പിച്ചളസർപ്പത്തിന്റെ കഥയും അവതരിപ്പിച്ചുകഴിഞ്ഞു എന്നിരിക്കട്ടെ. സംഖ്യാ പുസ്തകം 21 :4-9 ൽ നിന്ന് ആ സംഭവകഥ നിങ്ങൾ പഠിപ്പിച്ചുകഴിഞ്ഞതോടെ പഠിതാക്കൾ ആത്മീകനിരീക്ഷണങ്ങൾ നടത്തുകയും പ്രായോഗികോപയോഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. പഠനസംഘം അപ്രകാരം അനുബന്ധപ്രവർത്തനങ്ങൾ ചെയ്യുമ്പോൾ പ്രതീകാത്മക ആശയം അവതരിപ്പിക്കുന്നതിന് ആത്മീകമായ പ്രേരണ നിങ്ങൾക്ക് ഉണ്ടായേക്കും

നിങ്ങൾ ഇപ്രകാരം പറയണം. വേദപുസ്തകത്തിലെ എല്ലാ കഥകളും പറഞ്ഞുതീർക്കുന്നതിന് അനേകദിവസങ്ങൾ വേണ്ടിവരും. ഇപ്പോൾ ഞാൻ നിങ്ങളോട് ഒരു കഥ പറയുവാൻ പോകുന്നു. അത് സംഭവിച്ചത് നമ്മൾ പഠിച്ചുകൊണ്ടിരുന്ന കഥാസംഭവത്തിന് വളരെ വർഷങ്ങൾക്ക് ശേഷമാണ്. വേദപുസ്തകത്തിൽ പിന്നീട് ഒരു ഭാഗത്തായി നമ്മൾ അത് കാണുന്നതാണ്. ഇപ്പോൾ നമ്മൾപഠിക്കുന്ന കഥയുമായുള്ള സാദൃശ്യവും, പ്രതീകാത്മകതയും ഉള്ളതിനാൽ ഞാൻ ആ കഥ ഇപ്പോൾ അവതരിപ്പിക്കുകയാണ്. മോശെയുടെയും പിച്ചളസർപ്പത്തിന്റെയും കഥയുടെ പ്രതീകാത്മകമായ അർത്ഥവും സന്ദേശവും മനസ്സിലാക്കുന്നതിനും, കൂടുതൽ ആത്മീകനിധികൾ കണ്ടെത്തുന്നതിനും അത് സഹായകമാകുന്നതാണ്.

(നിങ്ങൾക്ക് സമയം ലഭ്യമാണെങ്കിൽ ഒരു മുഖവുര ഹ്രസ്വമായി അവതരിപ്പിക്കാവുന്നതാണ്. യോഹന്നാൻ 3:1-16 അവതരിപ്പിക്കുക. സമയം കുറവാണെങ്കിൽ 1-13 വാക്യങ്ങളിലെ പ്രധാനകാര്യങ്ങൾമാത്രം പറഞ്ഞാൽ മതി. അനന്തരം 14-16 വാക്യങ്ങളിൽ യേശു ആ മതപണ്ഡിതനോട് പറഞ്ഞ കഥ അവതരിപ്പിക്കണം. ഓർമ്മിക്കുക, STS ശൈലിയിൽ വേണം ഇത് പറയേണ്ടത്.)

"മോശെ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനുതന്നേ. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. "(യോഹന്നാൻ 3:14-16)

## പഠിതാക്കളായ ശ്രോതാക്കളുടെ പ്രതികരണങ്ങൾ ശ്രദ്ധിക്കുക

കഥയുടെ അടിസ്ഥാനത്തിലുള്ള ചോദ്യങ്ങൾക്ക് പഠിതാക്കളായ ജനങ്ങൾ നൽകുന്ന ഉത്തരങ്ങളിൽ നിന്നും അവരുടെ ആവശ്യങ്ങളും വ്യക്തിപരമായ പ്രശ്നങ്ങളും, ചോദ്യങ്ങളും എന്തെല്ലാമാണ് എന്ന് മനസ്സിലാക്കുവാൻ കഴിയും. അതിൽനിന്നുണ്ടാകുന്ന ഉൾക്കാഴ്ചയുടെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് നല്ല ചോദ്യങ്ങൾ സ്വാഭാവികമായി തയ്യാറാക്കുവാനും ചർച്ചതുടരുന്നതിനനുസരിച്ച് പഠിതാക്കളോട് ചോദിക്കുവാനും കഴിയുന്നതാണ്. ഇതിനെ സാന്ദർഭികബോധനം എന്നു പറയുന്നു.

## ചോദ്യങ്ങളിൽ ഭൂരിഭാഗവും ജനങ്ങൾ എന്തുചെയ്തു അഥവാ ദൈവം എന്തുചെയ്തു എന്നതിനെക്കുറിച്ച് ആയിരിക്കണം.

ആത്മീക സത്യങ്ങൾ കണ്ടുപിടിക്കുന്നതിന് ഈ ചോദ്യങ്ങൾ ശ്രോതാക്കളെ പ്രചോദിതരാക്കും. ഓരോ കഥാപാത്രവും ചെയ്തതും പറഞ്ഞതുമായ കാര്യങ്ങൾ പുനരവലോകനം ചെയ്യുക. 'എന്തുകൊണ്ട്' എന്ന ചോദ്യങ്ങൾ ചോദിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. കാരണം അത്തരം ചോദ്യങ്ങൾ അഭ്യൂഹങ്ങൾക്കും, സങ്കല്പങ്ങൾക്കും വഴി ഒരുക്കും. തിരുവചനത്തിൽ അവയ്ക്ക് അടിസ്ഥാനം ഉണ്ടായിരിക്കുകയില്ല. 'എന്ത്' എന്ന ചോദ്യങ്ങൾ ആയിരിക്കും കൂടുതൽ ഉപകാരപ്രദം ആയിരിക്കുക. അനേകം 'എന്ത്' എന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ ഓരോരോ 'എന്തിന്' എന്ന ചോദ്യത്തിനുള്ള ഉത്തരം കണ്ടെത്താൻ സഹായകമാകുന്നതാണ്.

### നിരീക്ഷണചോദ്യങ്ങൾ ചോദിക്കുക

കഥയുടെ ആദ്യഭാഗത്തിന്റെ ഒരു അംശത്തെക്കുറിച്ച് ഒരു പ്രസ്താവന നൽകിയതിനുശേഷം ഇങ്ങനെ പറയുന്നതുകൊള്ളാം. 'കഥയുടെ ഈ ആരംഭഭാഗത്തുള്ള എന്തെങ്കിലും സംഗതി.....ടെ/ന്റെ (കഥാപാത്രത്തിന്റെ പേര് ചേർത്ത് പറയണം) വിശ്വാസങ്ങളെക്കുറിച്ച് എന്തെങ്കിലും നമുക്ക് കാണിച്ചുതരുന്നുണ്ടോ?' ആ വ്യക്തി ഏത് കാര്യത്തിനാണ് വില കല്പിച്ചിരുന്നത്?

വീണ്ടും പറയുക:"ഈ ഭാഗത്തുള്ള ഏതെങ്കിലും കാര്യം ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ച് എന്തെങ്കിലും കാണിച്ചുതരുന്നുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ? അഥവാ,"ഇവിടെ നാം വിശ്വസ്തത കാണുന്നുവോ? കഥയുടെ ഓരോ ഭാഗവും അന്വേഷണവിധേയമാക്കുമ്പോൾ കഥയിലുള്ള ഓരോ കഥാപാത്രവും അവരുടെ വാക്കിനാലോ പ്രവൃത്തിയാലോ അനാദരവോ, ഭീതിയോ, ചിന്താക്കുഴപ്പമോ, ദുരാഗ്രഹമോ, ഭയമോ, ധീരതയോ, വിശ്വാസമോ, ജ്ഞാനമോ പ്രകടമാക്കുന്നുണ്ടോ? എന്ന് കണ്ടെത്തണം നിങ്ങൾ ചോദിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ നിങ്ങൾ അവതരിപ്പിച്ച കഥയിൽ നിന്നു തന്നെ കണ്ടുപിടിക്കുവാൻ കഴിയുമെന്ന് ഉറപ്പുവരുത്തണം.

"ഉവ്വ് " അഥവാ "ഇല്ല/അല്ല"എന്ന ഉത്തരം കിട്ടുന്ന ഇനം ചോദ്യങ്ങൾ ചോദിക്കുമ്പോൾ "ഉവ്വ്" ഉണ്ട് എന്ന ഉത്തരം കിട്ടിയ ഏതെങ്കിലും സ്ഥാനത്ത് (ഉത്തരം ശരിയല്ലെങ്കിൽ) ഇങ്ങനെ പറയണം. "സഹായിക്കണേ, കഥയിൽ എവിടെ (എങ്ങനെ)യാണ് നിങ്ങൾ ആ സംഗതികാണുന്നത്? "എന്ന്. പഠിതാക്കൾ കഥയിലെ സത്യങ്ങൾ പ്രായോഗികമായി ഉപയോഗിക്കുന്നതിന് സാവധാനം സഹായിച്ചുകൊടുക്കുക.

ആത്മീകമായ പ്രായോഗീകോപയോഗങ്ങൾക്കുവേണ്ടി ചർച്ചാവേളയിൽ നിധി വേട്ട നടത്തുമ്പോൾ

പഠിതാക്കളായ ജനങ്ങൾ പറയുന്ന ഉത്തരങ്ങളും, ആശയങ്ങളും ശ്രദ്ധയോടെ കേൾക്കണം. കഥയിലെ മനുഷ്യർക്ക് അനുഭവപ്പെട്ടതുപോലെ (സംശയം, ഭയം, വിശ്വാസം, പ്രത്യാശ, ചിന്താക്കുഴപ്പം മുതലായ) വിവിധങ്ങളായ വികാരവിശേഷങ്ങൾ പഠിതാക്കൾക്ക് ആർക്കെങ്കിലുമോ, അവരുടെ പരിചയക്കാരിൽ ആർക്കെങ്കിലുമോ, ഉണ്ടായിട്ടുണ്ടോ എന്ന് ചോദിക്കുവാൻ പറ്റിയ സന്ദർഭങ്ങൾ ഉണ്ടാകുന്നുണ്ടോ എന്ന് ശ്രദ്ധിച്ചുകൊണ്ടിരിക്കണം. ഉവ്വ് ഉണ്ട് എന്ന ഉത്തരം കേൾക്കുമ്പോഴോ, അതെ എന്ന ഉത്തരം പഠിതാക്കളുടെ ശരീരഭാഷയിൽ നിന്ന് വ്യക്തമാകുമ്പോഴോ അവരോട് നിങ്ങളുടെ അനുഭവം ഞങ്ങളുമായി ഒന്ന് പങ്കുവയ്ക്കാമോ? എന്ന് ചോദിക്കുന്നതിനുള്ള നല്ല സമയം നിങ്ങൾക്ക് ലഭിക്കുകയായി.

## വ്യക്തിപരമായ പ്രായോഗികോപയോഗങ്ങൾ പങ്കുവയ്ക്കുക.

പ്രായോഗികോപയോഗങ്ങൾ ചർച്ച ചെയ്തുകഴിഞ്ഞിട്ട് ദൈവനിയോഗം നിങ്ങൾക്കുണ്ടാകുകയാണെങ്കിൽ, കഥയുടെ ഏതെങ്കിലും ഭാഗം നിങ്ങളെ എങ്ങനെ സ്പർശിച്ചു എന്ന് പങ്കുവയ്ക്കാം. അഥവാ, കഥയുടെ ഏതെങ്കിലും ഭാഗം പഠിതാക്കളെ എങ്ങനെ സ്പർശിച്ചു എന്ന് അവരോട് ചോദിക്കാവുന്നതാണ്.

## നല്ലചോദ്യങ്ങളുടെ സജീവമൂലകങ്ങൾ:-

നിങ്ങളുടെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ-

* കഥയിൽ ഉൾപ്പെട്ടിരിക്കണം.
* കഥ മുഖേന തെളിയിക്കപ്പെടണം.

## കഥയ്ക്കുപുറമേ നിന്നുള്ള വിവരങ്ങൾ

കഥയിലെ ഏതെങ്കിലും ഉൾക്കാഴ്ചയോ പ്രായോകോപയോഗമോ വ്യക്തമാക്കപ്പെടുകയോ തെളിയിക്കപ്പെടുകയോ ചെയ്യുന്നതിന് കഥയ്ക്ക് പുറമേ നിന്നുള്ള ഏതെങ്കിലും വാക്യമോ, വേദഭാഗമോ, ആവശ്യമാണെങ്കിൽ തിരുവചനസംബന്ധമായ പ്രസ്തുത വിവരം നിങ്ങൾ മുഖവുരയിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതാകുന്നു. അങ്ങനെ അല്ലെങ്കിൽ നിങ്ങൾ ചെയ്യേണ്ടത്, കഥയിൽ നിന്ന് തെളിയിക്കപ്പെടാവുന്ന എല്ലാ പ്രായോഗികോപയോഗങ്ങളെയും അവതരിപ്പിച്ചതിനുശേഷം അനുബന്ധമായി പ്രസ്തുത വിഷയം അവതരിപ്പിക്കാവുന്നതാണ്.

അപൂർവ്വം ചില സന്ദർഭങ്ങളിൽ മാത്രമേ അങ്ങനെ ചെയ്യാറുള്ളൂ കാരണമുണ്ട് അനുബന്ധമായി നൽകുന്ന വിജ്ഞാനവിവരങ്ങൾ പഠിതാക്കളെ കഥാകാഥികനെ ആശ്രയിക്കുന്നതിന് പ്രേരിപ്പിക്കും. കഥയെ ശ്രദ്ധിച്ച്, കഥയിൽനിന്ന് കണ്ടുപിടിക്കുന്നതിനുള്ള താല്പര്യം മുരടിക്കും. പഠിതാക്കൾ മുമ്പ് പഠിച്ചിട്ടുള്ളതും, അറിഞ്ഞിട്ടുള്ളതുമായ വിജ്ഞാന വിവരങ്ങളിൽ നിന്ന് കഥാകാഥികന് ചോദ്യങ്ങൾ ചോദിക്കാവുന്നതാണല്ലോ.

## നല്ല ഉത്തരങ്ങൾ

പഠിതാക്കൾ ശരിയായ ഉത്തരങ്ങൾ നൽകുമ്പോൾ അവരെ അനുമോദിക്കണം, പ്രോത്സാഹിപ്പിക്കണം. ഇപ്രകാരം പറയുക. "നല്ല ഉത്തരം" "ഞാൻ ഒരിക്കലും അങ്ങനെ വിചാരിച്ചിരുന്നില്ല. " അഥവാ "അത് സാർത്ഥകമാണ്", മുതലായവ.

## അത്ര നല്ലതല്ലാത്ത ഉത്തരങ്ങൾ

പഠിതാക്കൾ നൽകുന്ന ഉത്തരങ്ങൾ തെറ്റാണെങ്കിൽ, നിങ്ങൾ ഇങ്ങനെ പറയണം. "ആകട്ടെ, നമുക്ക് കഥയിലേക്ക് കടന്നുചെന്ന് നിങ്ങൾ പറഞ്ഞകാര്യം കഥയിൽ ഉണ്ടോ എന്ന് നോക്കാം" എന്ന്. അവരുടെ അനുമാനങ്ങൾ തെറ്റാണെങ്കിൽ നിങ്ങൾ അതിന്റെ കുറ്റം ഏറ്റെടുക്കണം, എന്നിട്ട് ഇങ്ങനെ പറയണം "ഞാൻ ഖേദിക്കുന്നു. ഞാൻ ആ ഭാഗം വ്യക്തമാക്കിയില്ലായിരുന്നു." അഥവാ, "എന്റെ ചോദ്യത്തിലെ വാക്കുകൾ ഞാൻ ശരിയായിട്ടല്ല ഉപയോഗിച്ചത്." എന്ന്.

പഠിതാവിന്റെ ഉത്തരമോ, ഏതെങ്കിലും ചോദ്യമോ പാഠഭാഗത്തിന് പുറമേ നിന്നാണെങ്കിൽ നിങ്ങൾ ഇങ്ങനെ പറയണം. ആവിഷയം നമ്മൾ മറ്റൊരു സന്ദർഭത്തിൽ ചർച്ച ചെയ്യുന്നതാണ്. അഥവാ "അടുത്തകഥ

യിൽ നിങ്ങളുടെ ചോദ്യത്തിന്റെ ഉത്തരം ഉണ്ടായിരിക്കും" എന്ന്. ചിലചോദ്യങ്ങൾ സമയം അപഹരിക്കും, മറുകണ്ടം ചാടുന്നതിന് കാരണമായിത്തീരും. അങ്ങനെയുള്ള ചോദ്യങ്ങൾക്ക് ഉടനെ ഉത്തരം നൽകാൻ പാടില്ല. പഠനവിഷയവും പഠിതാക്കളും വഴിവിട്ട് പോകാൻ ഇടയാക്കും.

## പഠനസംഘം വിപുലമായിരിക്കയോ, സമയം ചുരുക്കമായിരിക്കയോ ചെയ്താൽ .........

STS പദ്ധതിയുടെ അംഗീകൃത പ്രവർത്തശൈലിചോദ്യങ്ങൾ ചോദിക്കുകയും പഠിതാക്കളുടെ ഉത്തരങ്ങളോട് പ്രതികരിക്കുകയും ചെയ്യുക എന്നതാണ്. എല്ലാ ചോദ്യങ്ങളും ചോദിച്ച് വിശദമായി ഉത്തരങ്ങൾ പറയിപ്പിക്കുന്നതിന് സമയം പരിമിതമാണെങ്കിൽ അല്ലെങ്കിൽ എല്ലാവരിൽ നിന്നും ഉത്തരം കേൾക്കുന്നതിന് സാഹചര്യമോ, സംഘത്തിന്റെ വലിപ്പമോ അനുവദിക്കുന്നില്ലെങ്കിൽ, മറ്റൊരു ഉപാധി സ്വീകരിക്കാവുന്നതാണ്. STS ൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ ചിന്തോദ്ദീപകമായ ചോദ്യങ്ങൾ ചോദിക്കണം. അതായത് അദ്ധ്യാപകൻ ചോദിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ പഠിതാക്കൾ ആലോചിച്ച്, മനസ്സിൽ കണ്ടുപിടിക്കട്ടെ, ഉത്തരങ്ങൾ പറയേണ്ടതില്ല. ചോദ്യങ്ങൾ ചോദിച്ചതിനുശേഷം, കഥാകാഥികനായ നിങ്ങൾ പഠിതാക്കൾക്ക് ഉത്തരങ്ങൾ മനസ്സിൽ കണ്ടുപിടിക്കുവാൻ മൂന്നോ നാലോ സെക്കൻഡ് സമയം നൽകാവുന്നതാണ്.

## കൃത്യത പാലിക്കുക: പുനരവലോകനത്തിന്റെ മൂല്യം.

"പുനരവലോകനം" എന്ന ശക്തമായ പ്രവർത്തനോപകരണം ഉപയോഗിക്കാൻ കഴിയുന്നതാണ്. STS ശൈലിയിലുള്ള ചർച്ചകളുടെ പ്രയോജനങ്ങളിൽ മുഖ്യമായ ഒരു സംഗതി.

ബൈബിൾ കഥകൾ കാലാനുക്രമത്തിൽ അവതരിപ്പിക്കപ്പെടുമ്പോൾ ഏറ്റവും മൂല്യമുള്ളതായിത്തീരുന്നത് പുനരവലോകനം ആണ്. കഥാവതരണത്തിനുമുമ്പ് അദ്ധ്യാപകൻ ഒരു മുഖവുര നൽകുന്നതിനുപകരം, പഠിതാക്കളോട് അവർ മുൻ ക്ലാസ്സിൽ പഠിച്ചതായ കഥയെക്കുറിച്ചും, കണ്ടെത്തിയ ആത്മീകസത്യങ്ങളെക്കുറിച്ചും ഒരു പുനരവലോകനം ഹ്രസ്വമായി നൽകുവാൻ ആവശ്യപ്പെടുന്നതാണ് നല്ലത്.

ഓരോ ക്ലാസ്സിലും പുതിയ പഠിതാക്കൾ സംബന്ധിക്കുന്നുണ്ടാവും തുടർച്ചയായി സംബന്ധിക്കുന്ന ചിലർ കഴിഞ്ഞ ക്ലാസ്സിൽ ഹാജരായിട്ടുണ്ടാവില്ല. അങ്ങനെ, മുൻ പാഠഭാഗം കേട്ടിട്ടില്ലാത്തവർക്ക് അത് ലഭ്യമാകുന്നതിന് കഴിഞ്ഞകഥാപാഠത്തിന്റെ പുനരവലോകനം സഹായകമായിരിക്കും. പുനരവലോകത്തിന് പഠിതാക്കൾക്ക് ചുമതല നൽകുന്നതിലൂടെ പഠിതാക്കളായ ജനങ്ങൾക്ക് കഥയെ അവരുടെ ഓർമ്മയിൽ ആവർത്തിച്ച് പറയുന്നതിന് ഒരു അവസരം ലഭ്യമായിത്തീരുന്നു.

അപ്രകാരം പഠിതാക്കളായ അംഗങ്ങളോട് അവർ മുമ്പ് പഠിച്ചതും അവർ കണ്ടെത്തിയതുമായ ആത്മീകനിധികൾ പങ്കുവയ്ക്കാനായി ആവശ്യപ്പെടാവുന്നതാണ്. പുനരവലോകനം മുഖേന, പഠിതാക്കൾക്ക് അവർ പഠിച്ചതായ വിജ്ഞാന വിവരങ്ങൾ മനസ്സിൽ ദൃഢമാക്കുവാൻ കഴിയുന്നു. അതുപോലെ തന്നെ അവർക്ക് തിരുവചനം മറ്റുള്ളവരോട് പറയുന്നതിന് അവസരം ലഭിക്കുകയും ചെയ്യുന്നു. പഠിതാക്കൾ പഠിച്ച കഥയിലെ ആത്മീകസത്യങ്ങൾ കഴിഞ്ഞ ഒരാഴ്ചത്തെ ജീവിതത്തിൽ അവർക്ക് എങ്ങനെയെല്ലാം പ്രായോഗികമായി ഉപയോഗിക്കുവാൻ കഴിഞ്ഞു എന്ന് വിശദമാക്കുന്ന അനുഭവസാക്ഷ്യം മറ്റുള്ളവർക്ക് കേൾക്കുവാനുള്ള അവസരം ഉണ്ടാകുകയും ചെയ്യുന്നു.

അപ്രകാരം തന്നെ, കഴിഞ്ഞ ക്ലാസ്സിൽ അവർ ഒരുമിച്ച് പഠിച്ചതായ വസ്തുതകൾ പങ്കുവയ്ക്കുവാൻ പഠിതാക്കളെ അനുവദിക്കുന്നതുകൊണ്ട് അദ്ധ്യാപകന്, താൻ കഴിഞ്ഞ ക്ളാസ്സിൽ അവതരിപ്പിച്ച കഥാപാഠം നന്നായി അവതരിപ്പിച്ചു എന്ന് മനസ്സിലാക്കാൻ കഴിയുന്നു. മാത്രമല്ല, പാഠഭാഗവും ആത്മീകനിധികളും പഠിതാക്കൾ തൃപ്തികരമായും, ശരിയായും മനസ്സിലാക്കിയിട്ടുണ്ട് എന്ന്. അദ്ധ്യാപകന് ബോദ്ധ്യമാകുകയും ചെയ്യുന്നു.

കഴിഞ്ഞക്ലാസ്സിൽ സംബന്ധിച്ച പഠിതാക്കൾക്ക് അവർ പഠിച്ചസംഗതികൾ ശരിയായി മനസ്സിലായിട്ടില്ലെങ്കിൽ അതായത് പാഠഭാഗത്തെക്കുറിച്ച് അവ്യക്തമായ ധാരണമാത്രമേ ഉള്ളൂ എങ്കിൽ, അവർക്ക് ആ കഥ ശരിയായി പറയുവാൻ കഴിയാതെപോകും. അത് അദ്ധ്യാപകന് ലഭിക്കുന്ന ഒരു സൂചനയാണ്. പഠിതാക്കളായ എല്ലാവർക്കുമായി ആ കഥയെ അദ്ധ്യാപകൻ പുനരവലോകനം ചെയ്യണം എന്നാണ് അത് സൂചിപ്പിക്കുന്നത്.

അതുകൂടാതെ, യാതൊരു കാരണവശാലും അദ്ധ്യാപകൻ പുതിയൊരു പാഠത്തിലേക്ക് പ്രവേശിക്കരുത്. കഴിഞ്ഞ കഥാപാഠം പഠിതാക്കൾ എല്ലാവരും, ശരിയായും വ്യക്തമായും, നന്നായി പഠിച്ചു എന്ന് ഉറപ്പാക്കുന്നതുവരെയും പുതിയ കഥാപാഠം അവതരിപ്പിക്കാൻ പാടില്ല.

## അദ്ധ്യായം 7

# കൃത്യമായ പ്രായോഗീകോപയോഗം

### ആനയെ കാണുന്നത്

കഥാകാഥികന്മാരുടെ അന്വേഷണ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനനുസരിച്ച്, അവർ മുമ്പ് പഠിച്ചിട്ടുള്ളതും ഇപ്പോൾ പഠിപ്പിക്കുന്നതുമായ വേദഭാഗങ്ങളിൽ നാളിതുവരെ അവർ ശ്രദ്ധിച്ചിട്ടില്ലാത്തതും, അവർ കണ്ടുപിടിക്കാൻ വിട്ടുപോയിരുന്നതുമായ അനേകം ആത്മീക സത്യങ്ങളും വിശദാംശങ്ങളും അവർ കണ്ടുപിടിക്കുവാൻ തുടങ്ങുകയായി. ഓരോ കണ്ടുപിടുത്തവും അത് എത്ര ചെറുത് ആയിരുന്നാൽത്തന്നെയും, എത്ര മാത്രം ആഹ്ലാദകരമായിരിക്കും. രസകരമായ ആ ചെറിയ നിധികൾ കണ്ടുപിടിക്കുന്നവേളയിൽ ഉണ്ടാകുന്ന സന്തോഷം കൊണ്ട് കഥയുടെയും വേദഭാഗത്തിന്റെയും അന്തസത്തയും സമ്പൂർണ്ണതയും കഥാകാഥികർ മറന്നുപോകാതിരിക്കാൻ ശ്രദ്ധയുള്ളവരായിരിക്കേണ്ടതാണ്. കഥാകാഥികർ മനസ്സിലാക്കണം വേദപുസ്തകം ഒരു ചരിത്രപുസ്തകമല്ല. അതിനേക്കാൾ സമുന്നതമാണ്. ചെറിയ ചെറിയ ഭാഗങ്ങളും സാർത്ഥകമായ ആത്മീക സന്ദേശങ്ങൾ നൽകുന്നവയാണ്, അത് വിട്ടുപോകാതെ സൂക്ഷിക്കണം.

ഉദാഹരണത്തിന്, ദാവീദിന്റെയും ഗോലിയാത്തിന്റെയും കഥ മിക്കപ്പോഴും ആളുകൾ പറയാറുണ്ടല്ലോ. അവർ അവതരിപ്പിക്കാറുള്ളത് ദാവീദ് വളരെ പ്രായം കുറഞ്ഞ ഒരു പയ്യൻ ആയിട്ടാണ്. ചർച്ചകളിലും ദാവീദിനെക്കുറിച്ച് പറയുന്നത് അവൻ ചെറുപ്പമായിരുന്നു. പക്ഷേ കവിണ ഉപയോഗിക്കുന്നതിൽ അതിസമർത്ഥനായിരുന്നു, ധീരനായിരുന്നു. ആത്മവിശ്വാസം ഉണ്ടായിരുന്നു. മല്ലനായ ഗോലിയാത്തിനെ അഭിമുഖീകരിക്കുന്നതിന് ഭയമില്ലായിരുന്നു എന്നിവയാണല്ലൊ. അതിൽ നിന്ന് ഒരു പ്രായോഗികഉപയോഗം കണ്ടെത്തുകയും ചെയ്യുന്നു. അതായത്, "നിങ്ങൾ ഏവരും ദാവിദിനെപ്പോലെ ധീരതയുള്ളവരായിരിക്കണം. എത് ഭീകരമായ ബുദ്ധിമുട്ടിനെയും, ധൈര്യത്തോടും ആത്മവിശ്വാസത്തോടും കൂടെ അഭിമുഖീകരിക്കണം" എന്ന്.

നല്ല സന്ദേശം. പക്ഷേ, ഈ കഥയിൽ അതുമാത്രമേ ഉള്ളോ ആത്മീക സന്ദേശമായി കണ്ടെത്താൻ?

ഉപദേശമായി നൽകിയ പ്രസ്തുതസന്ദേശം ആ കഥയിൽ അടങ്ങിയിരിക്കുന്ന ഏക സന്ദേശമല്ല. വിപുലമായ അനേകം സന്ദേശങ്ങളും ആത്മീകസത്യങ്ങളും ആ കഥയിൽ അന്തർലീനമായിട്ടുണ്ട്. ദാവീദിന് ഉറച്ച വിശ്വാസം ദൈവത്തിങ്കൽ ഉണ്ടായിരുന്നു. ദാവീദ് അറിഞ്ഞിരുന്നു ഗോലിയാത്തിനെ തോല്പിക്കുവാൻ ദൈവത്തിന് കഴിയുമെന്ന്. മിഥ്യാമൂർത്തികളെ സേവിക്കുന്നവരായ ഫെലിസ്ത്യരെ മൊത്തവും തോല്പിക്കുന്നതിന് ദൈവത്തിന് മഹത്തായ വല്ലഭത്വം ഉണ്ടെന്ന് ദാവീദിന് അറിയാമായിരുന്നു.അതുമാത്രമല്ല, യിസ്രായേൽ പട്ടാളവും, അവരുടെ രാജാവായ ശൗലും, ദൈവത്തിൽ ആശ്രയം വയ്ക്കേണമായിരുന്നു, അങ്ങനെ എങ്കിൽ മിഥ്യാമൂർത്തികളെ സേവിച്ചിരുന്ന മല്ലനായ ഗോലിയാത്തിനെയും ഫെലിസ്ത്യസൈന്യത്തെയും തോല്പിക്കുവാനുള്ള ഉറപ്പ് അവർക്കുണ്ടാകുമായിരുന്നു. പക്ഷേ യുദ്ധരംഗത്ത് അവർ ദൈവാശ്രയം ഇല്ലാത്തവരായിപ്പോയിരുന്നു. മിഥ്യാ മൂർത്തികളെ സേവിച്ചിരുന്ന ജനതയെ, ദൈവത്തിൽ ആശ്രയം വച്ച ഒരേ ഒരു വ്യക്തി മുൻപോട്ടുവന്നപ്പോൾ, മൊത്തമായും പരാജയപ്പെടുത്തുവാൻ കഴിഞ്ഞു.

ഓരോരോ കഥയിലുമുള്ള വിലയേറിയ ചെറുതും വലുതുമായ ആത്മീകസത്യങ്ങൾ കണ്ടെത്തുമ്പോൾ, കഥയുടെ മുഖ്യമായ സന്ദേശം നഷ്ടപ്പെടാതിരിക്കുന്നതിനായി കഥയെ മൊത്തമായും ശ്രദ്ധിക്കുകയും, വിശകലനം ചെയ്യുകയും വേണം. കഥയിൽ അന്തർഭവിച്ചിട്ടുള്ള എല്ലാ ആത്മീകസത്യങ്ങളും ശ്രദ്ധിക്കുവാൻ അത് സഹായകമായിത്തീരും.

"ആനയെ കാണുക" എന്ന സിദ്ധാന്തം, കഥാകാഥികരായ നമുക്ക് ഓരോ കഥയെയും സൂക്ഷ്മമായും മൊത്തമായും പഠിക്കണമെന്ന ആവശ്യബോധം നൽകുന്നതാണ്. ഓരോ കഥയിലുമുള്ള ആത്മീകനിധികൾ സമ്പൂർണ്ണമായും കണ്ടെത്തുന്നതിന് അത് നമ്മെ സഹായിക്കും.

## ആദ്യമായി, ആനയെ കണ്ടതായ ഒരു സംഗതി

മുമ്പ് എന്നെങ്കിലും, നിങ്ങൾ ഇതുപോലൊരു കഥ കേട്ടിരിക്കും. അഞ്ച് കുരുടന്മാരെ ആനയെ കാണിക്കാൻ കൊണ്ടുപോയി. അവരോട് ഇങ്ങനെ പറഞ്ഞു. "നിങ്ങൾ ഒരു ആനയുടെ അടുത്താണ് നില്ക്കുന്നത്. നിങ്ങൾ ആനയെ തൊട്ടുനോക്കുക. എന്നിട്ട് ആനയെക്കുറിച്ച് നിങ്ങൾ മനസ്സിലാക്കുന്ന കാര്യങ്ങൾ പറയണം." നാലുപേർ ഉടൻ തന്നെ ആനയുടെ ഓരോ ഭാഗം തൊട്ടു മനസ്സിലാക്കി.

ഒന്നാമത്തെ ആൾ ആനയുടെ വാൽ ആണ് തൊട്ടുനോക്കിയത്. അയാൾ പറഞ്ഞു. "ആന ഒരു ചൂല് പോലെയാണ്" .രണ്ടാമത്തെ കരോന ആനയുടെ ചെവിയാണ് തൊട്ട് നോക്കിയത്. അയാൾ പറഞ്ഞു ആന ഒരു വലിയ വീശറി പോലെയാണ് എന്ന്.

മൂന്നാമതൊരു കുരുടൻ ആനയുടെ തുമ്പിക്കൈയിലാണ് തൊട്ടുനോക്കിയത് അയാൾ പറഞ്ഞു. "ആന ഒരു പാമ്പിനെപ്പോലെയാണ്."അയാൾ പുറകോട്ട് ചാടിക്കൊണ്ടാണ് അങ്ങനെ പറഞ്ഞത്.

നാലാമത്തെ കുരുടൻ ആനയുടെ വയറും ശരീരവുമാണ് തൊട്ടുനോക്കിയത്. അയാളുടെ കൈകൾ മുകളിലേക്ക് എത്തുന്നില്ല. അയാൾ പറഞ്ഞത്, "ആന ഒരു വലിയ ഉരുളൻ പാറയാണ്. പക്ഷേ, പാറയുടെ കട്ടിയും കടുപ്പവുമില്ല" എന്ന്. "അത് ചലിക്കുന്നു" എന്ന് അയാൾ തുടർന്നു പറഞ്ഞു.

അഞ്ചാമത്തെ കുരുടൻ അവരെക്കാൾ മിടുക്ക് കാണിച്ചു. അയാൾ വിജയഭാവത്തിൽ പറഞ്ഞു. "എനിക്ക് ആനയെ കാണാൻ അതിനെ തൊട്ടുനോക്കേണ്ട കാര്യമൊന്നുമില്ല. അതിന്റെ ശബ്ദം കേട്ടാൽ മതിയാകും. ഞാൻ ആനയുടെ ശബ്ദം പലവട്ടം കേട്ടിട്ടുണ്ട്. അത് ഒരു കാഹളം പോലെയാണ്. ആർക്കാണ് അറിഞ്ഞുകൂടാത്തത് ആന ഒരു സംഗീതോപകരണമായ കാഹളം ആണെന്ന്?"

ഓരോ കുരുടനും ആനയുടെ ഓരോ ഭാഗം വിവരിക്കാൻ ശ്രമിച്ചു. പക്ഷേ ആനയുടെ രൂപം നഷ്ടപ്പെട്ടുപോയിരുന്നു. ഒരുത്തനും അതിന്റെ എല്ലാ ഭാഗങ്ങളും മനസ്സിലായില്ല. ആനയുടെ മൊത്തമായ ആകൃതിയും രൂപവും അവർക്ക് കിട്ടിയില്ല. അവർക്ക് ആനയെ കിട്ടിയതേയില്ല- ആനയെ അവർ മനസ്സിലാക്കിയില്ല.

ഒരു ബൈബിൾ കഥയിലെ ആത്മീകനിധികൾ അന്വേഷിക്കുമ്പോൾ നാം ഓർക്കേണ്ടതായ ഒരു സംഗതിയുണ്ട്- ഓരോ കഥയ്ക്കും അതിന്റേതായ സമ്പൂർണ്ണരൂപമുണ്ട്. നാം അതിനെ "ആന" (സമ്പൂർണ്ണത) എന്ന് വിളിക്കുന്നു. ഒരു നീണ്ട കഥയാണ് അവതരിപ്പിക്കേണ്ടതെങ്കിൽ, അതിന് സ്വാഭാവികമായും ഏതാനും ഭാഗങ്ങൾ ഉണ്ടായിരിക്കുമല്ലോ, പല രംഗങ്ങൾ ഉള്ള ഒരു നാടകം പോലെ. നീണ്ടകഥയിലെ ഓരോ ഭാഗത്തിലും, ഓരോ രംഗത്തിലും "ഓരോ ആത്മീകസത്യത്തിന്റെ ആന" ഉണ്ടായിരിക്കും.

നമുക്ക് സുപരിചിതമായ ഒരു കഥ നാം വീണ്ടും വായിക്കുകയോ കേൾക്കുകയോ ചെയ്യുമ്പോൾ, നമുക്ക് ആ കഥയെക്കുറിച്ച് മുന്നമേയുള്ള ധാരണയുടെയും അഭിപ്രായത്തിന്റെയും തണലിൽ അതിലുള്ള മറ്റ് സന്ദേശങ്ങൾ നാം കാണാതെപോകും, ശ്രദ്ധിക്കാതെ പോകും, ആനയെ ചെന്ന് ഒന്നു തൊട്ടുനോക്കാൻ പോലും മിനക്കെടാത്ത അഞ്ചാമത്തെ കുരുടനെ ഓർക്കുന്നുണ്ടല്ലോ. അവൻ ആനയെ ഒരു കാഹളമായി സങ്കല്പിച്ചിരിക്കയായിരുന്നു. അതിനാൽ അവന് യാതൊരു അന്വേഷണ താല്പര്യവുമില്ലായിരുന്നു. ഇതുപോലെതന്നെയാണ് നമ്മളും ഓരോ ബൈബിൾ കഥയെക്കുറിച്ച് ചിന്തിക്കുന്നത്. "എനിക്ക് ആ കഥ നേരത്തേ അറിയാം, വേദപുസ്തകപരമായ എല്ലാകാര്യങ്ങളും ഞാൻ പഠിച്ചിട്ടുണ്ട്. ആ കഥയിൽ നിന്ന് പുതുതായിട്ട് യാതൊന്നും എനിക്ക് പഠിപ്പാനില്ല." എന്നാണ്. അതുകൊണ്ട് ആ കഥയിലെ ആത്മീകസത്യങ്ങൾ മൊത്തമായും നഷ്ടപ്പെടുകയാണ് ചെയ്യുന്നത്.

അങ്ങനെ ആ കുരുടന്മാരെപ്പോലെ തന്നെ, നമ്മളും തെറ്റാണ് ചെയ്യുന്നത്. കഥയുടെ ഏതെങ്കിലും ഭാഗം മാത്രം നമ്മൾ പിടിച്ചെടുക്കുന്നു. അതോടെ നിരീക്ഷണം അവസാനിപ്പിക്കുന്നു. കഥയെ മൊത്തമായും വിശകലനം ചെയ്ത് ആത്മീകസത്യങ്ങൾ നിരീക്ഷണവിധേയമാക്കാൻ ശ്രദ്ധിക്കാതിരിക്കുകയും, കഥയുടെ

ഓരോ ഭാഗവും എപ്രകാരം പരസ്പരം ഇഴുകിച്ചേരുന്നു എന്ന് മനസ്സിലാക്കാൻ ശ്രമിക്കാതിരിക്കയും ചെയ്യുന്നതിനാൽ കഥയാകുന്ന ആനയെ മൊത്തമായും നഷ്ടപ്പെടുകയാണ് ചെയ്യുന്നത്.

കഥ മൊത്തമായും, കൃത്യമായും നമ്മൾ മനസ്സിലാക്കുന്നുണ്ട് എന്നു ഉറപ്പുവരുത്താൻ നമുക്ക് ശ്രദ്ധയും പ്രാർത്ഥനയും അത്യാവശ്യമാണ്. കരുതലോടുകൂടി കഥയെ ശ്രദ്ധിച്ചുകേൾക്കണം, പ്രാർത്ഥനയോടെ വിചിന്തനം ചെയ്യണം. ഓരോരോ ചെറിയ സത്യങ്ങൾ നിങ്ങൾ കണ്ടെത്തുന്നവ വിലമതിക്കത്തക്കവയാണ്. പക്ഷേ കഥയാകുന്ന ആനയെ വിശദീകരിക്കുവാൻ ചെറിയ നിരീക്ഷണസത്യങ്ങൾ മതിയാകയില്ല.

## ബൈബിൾ കഥയിലെ ആനയെ കണ്ടുപിടിക്കുന്നതിന് ഒരു ഉദാഹരണം.

## ഒന്നാമതായി മാക്കോസ് 1: 40-45 വായിക്കുക. അനന്തരം ആനയെ കണ്ടുപിടിക്കുന്നതിന് സമയം ഉപയോഗിക്കുക.

"ഒരു കുഷ്ടരോഗി അവന്റെ അടുക്കൽ വന്ന് മുട്ടുകുത്തി. നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്ന് അപേക്ഷിച്ചു. യേശു മനസ്സലിഞ്ഞ് കൈ നീട്ടി, അവനെ തൊട്ടു മനസ്സുണ്ട്, ശുദ്ധമാക എന്നു പറഞ്ഞു. ഉടനെ കുഷ്ടം വിട്ടുമാറി. അവന്ന് ശുദ്ധി വന്നു. യേശു അവനെ അമർച്ചയായി ശാസിച്ചു നോക്കൂ, ആരോടും ഒന്നും പറയരുത്. എന്നാൽ ചെന്ന് പുരോഹിതന് നിന്നെത്തന്നേകാണിച്ച് നിന്റെ ശുദ്ധീകരണത്തിനുവേണ്ടി മോശെ കല്പിച്ചത് അവർക്ക് സാക്ഷ്യത്തിനായി അർപ്പിക്ക എന്നു പറഞ്ഞു അവനെ വിട്ടയച്ചു അവനോ പുറപ്പെട്ട് വളരെ ഘോഷിപ്പാനും വസ്തുത പ്രസംഗിപ്പാനും തുടങ്ങി. അതിനാൽ യേശുവിന്നു പരസ്യമായി പട്ടണത്തിൽ കടപ്പാൻ കഴിയായ്കകൊണ്ട് അവൻ പുറത്ത് നിർജ്ജന സ്ഥലങ്ങളിൽ പാർത്തു, എല്ലാടത്തുനിന്നും ആളുകൾ അവന്റെ അടുക്കൽ വന്നുകൂടി."

ഈ കഥയിൽ തീർച്ചയായും വിസ്മയകരമായതും പ്രാധാന്യമുള്ളതുമായ അനേകം ആത്മീകനിധികൾ അന്തർലീനമായിട്ടുണ്ട്. പക്ഷേ നിങ്ങൾ ഇതിലെ ആനയെ കണ്ടോ? മിക്കപ്പോഴും അദ്ധ്യാപകരും അത് കാണാറില്ല.

അവർ കാണാറുള്ള സംഗതികൾ ഇപ്രകാരമുള്ളവയാണ്.

1. യേശു അവനെ ശുദ്ധമാക്കും (സൗഖ്യമാക്കും) എന്നുള്ള ആ മനുഷ്യന്റെ വിശ്വാസം.
2. അവനെ ശുദ്ധമാക്കുന്നതിന് യേശുവിനുണ്ടായിരുന്ന സന്മനസ്സ്.
3. രോഗശാന്തി നൽകുവാൻ യേശുവിനുള്ള കഴിവ്
4. യേശുവിന്റെ കരുണയും മനസ്സലിവും.
5. ഒരു കുഷ്ഠരോഗിയെ സ്പർശിക്കുന്നതിന് യേശു കാണിച്ച ദയാവായ്പും സ്നേഹവും.
6. തൊട്ടുകൂടാത്ത ഒരുവനോട് യേശു അടുത്ത് പെരുമാറിയത്.

എന്നാൽ, ഇവ ഓരോന്നും ചുവടേ ചേർത്തിരിക്കുന്ന "രസാവഹമായ" നിരീക്ഷണങ്ങളെ ദൃശ്യമാക്കിത്തരുകയും ചെയ്യുന്നു.

1. യേശു സൗഖ്യമാക്കിയ വിവരം ആരോടും പറയരുതെന്ന് കർശനമായി പറഞ്ഞിരുന്നു. എന്നാൽ പുരോഹിതന്റെ അടുത്ത് ചെന്ന് അവൻ ശുദ്ധനായ വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ മനുഷ്യൻ വളരെ സന്തോഷവാൻ ആയതുകൊണ്ട് അവന്ന് അടങ്ങിയിരിപ്പാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവൻ സൗഖ്യമാക്കപ്പെട്ട സന്തോഷവിവരം എല്ലാവരോടും പങ്കുവച്ചു യേശു അവന്നുവേണ്ടി ചെയ്ത നന്മയെക്കുറിച്ച് എല്ലാവരോടും സാക്ഷ്യം പറയുകയും ചെയ്തു. അവന്റെ സന്തോഷവും സന്തുഷ്ടിയും അവൻ പ്രസംഗിക്കുകയും യേശുവിനെ മഹത്വപ്പെടുത്തുകയും ചെയ്തു.
2. രോഗശാന്തി പ്രാപിച്ച കുഷ്ടരോഗിയോട് അവന്ന് സംഭവിച്ചത് എന്താണെന്ന് ആരോടും പറയരുതെന്ന് യേശു കല്പിച്ചിരുന്നെങ്കിലും അവൻ സൗഖ്യം പ്രാപിച്ചതിലുള്ള സന്തോഷം അവന്ന് മറച്ചുവയ്ക്കുവാൻ

കഴിയാഞ്ഞതിനാൽ അനേകരോട് അവൻ ആ സന്തോഷം പങ്കുവയ്ക്കുകയുണ്ടായി. അനുഭവസാക്ഷീകരണത്തിന്റെ പ്രാധാന്യമാണ് ഈ പ്രായോഗീകോപയോഗത്തിന്റെ മുഖമുദ്ര.

3. സുഖം പ്രാപിച്ച രോഗി, തന്റെ രോഗശാന്തിയെക്കുറിച്ച് നാടെങ്ങും വിളിച്ചറിയിച്ചതുകൊണ്ട് യേശുവിന് ആ പട്ടണം വിട്ട് നിർജ്ജനപ്രദേശങ്ങളിലേയ്ക്ക് പോകേണ്ടിവന്നു. എന്നിട്ടും ജനങ്ങൾ യേശുവിന്റെ അടുത്തേക്ക് ഓരോ ഇടത്തുനിന്നും തടിച്ചുകൂടുകയുണ്ടായി. ,സുഖം പ്രാപിച്ച മനുഷ്യന്റെ സാക്ഷീകരണം ഹേതുവായി കൂടുതൽ ആളുകൾ രോഗികളുമായി യേശുവിന്റെ അടുത്തേക്ക് രോഗശാന്തിക്കായി വന്നു കൊണ്ടിരുന്നു. അതിൽ നിന്നും നാം മനസ്സിലാക്കുന്ന ആത്മീകോപയോഗം രോഗശാന്തി പ്രാപിച്ച മനുഷ്യനിലൂടെ ദൈവത്തിന്റെ സർവ്വവല്ലഭത്വമുള്ള ഹിതം നിറവേറ്റപ്പെട്ടു എന്നതാണ്.

നമുക്ക് ഈ കഥയെ വീണ്ടും പരിശോധിക്കാം, ഈ കഥയെ സമ്പന്നവും സമ്പൂർണ്ണവുമാക്കുന്ന വിസ്മയകരമായ നിധികൾ എത്രമാത്രമുണ്ടെന്ന് കണ്ടുപിടിക്കാം.

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഒമ്പത് നിധികൾ കഥയെക്കുറിച്ച് ഒരു പര്യവേക്ഷണം നമുക്ക് നൽകുന്നുണ്ടോ? അതോ ഏന്തെങ്കിലും പ്രധാനഭാഗം വിട്ടുപോയിട്ടുണ്ടോ? ആനയുടെ പകുതിമാത്രമേ നമ്മൾ കണ്ടിട്ടുള്ളോ?

കഥയിലെ നിരവധി നിധികളെക്കുറിച്ച് ചർച്ചചെയ്യേണ്ടത് പ്രധാനകാര്യമാണ്. കുഷ്ടരോഗിയുടെ വിശ്വാസം, സൗഖ്യമാകുന്നതിന് അവന്റെ വിശ്വാസം സഹായകമായത്, കുഷ്ടരോഗിയുടെ രോഗശാന്തി, എന്നിവയെല്ലാം ചർച്ചചെയ്യണം. എന്നാൽ നമ്മൾ കഥയിൽ എന്തെങ്കിലും വിട്ടുപോയാൽ അഥവാ കഥയിലില്ലാത്ത എന്തെങ്കിലും നമ്മൾ പഠിപ്പിച്ചാൽ, നമ്മൾ കഥയുടെ ആത്മീകസമ്പൂർണ്ണത നഷ്ടപ്പെടുത്തുന്നു.

നമ്മൾ കഥ കേൾക്കുമ്പോൾ, ഏതാനും സുപ്രധാന വാചകങ്ങളും, പദപ്രയോഗങ്ങളും ശ്രദ്ധിക്കുന്നു. എന്നിട്ട് കഥയെക്കുറിച്ച്, അന്ന് സംഭവിച്ചത് എന്തൊക്കെയാണെന്ന് സംസാരിക്കുന്നു. യേശുവിനെക്കുറിച്ച് ധീരമായി സാക്ഷീകരിക്കുന്ന കാര്യം നമുക്കെല്ലാം ഇഷ്ടമാണ്. ആകയാൽ, ആ മനുഷ്യന്റെ പ്രവൃത്തികൾ നല്ലവ ആയിരുന്നു എന്ന് നാം മനസ്സിലാക്കുന്നു. എന്തായിരുന്നാലും ആ മനുഷ്യൻ അനേകം സ്ഥലങ്ങളിൽ, അനേകരോട് യേശു അവന്ന് വേണ്ടി ചെയ്തത് എന്തെല്ലാമാണെന്ന് സാക്ഷീകരിച്ചുവല്ലൊ. അപ്രകാരം തന്നെ, ദൈവത്തിന്റെ സർവ്വവല്ലഭത്വത്തെക്കുറിച്ച് സംസാരിക്കുവാൻ നമുക്ക് അവസരങ്ങൾ കിട്ടുന്നത് സന്തോഷകരമായിരിക്കും. അതുകൊണ്ട് അതിനെ ഒരു ആത്മീക നിധിയായി ഞങ്ങൾ ചിത്രീകരിക്കുന്നു.

കഥയിൽ നിന്ന് എന്തെല്ലാമാണ് കണ്ടുപിടിക്കേണ്ടത് എന്ന് അറിയുന്നതിന് കഥയുടെ ഓരോ ഭാഗത്തുക്കൂടിയും സാവധാനത്തിൽ നിരീക്ഷണം ചെയ്തുപോകുകയുമാണ് വേണ്ടത്.

യേശു കുഷ്ടരോഗിയോട് എന്തെല്ലാം ചെയ്യണമെന്ന് പറഞ്ഞു? എന്തെല്ലാമാണ് ചെയ്യരുതെന്ന് പറഞ്ഞത്?

പുതുതായി സുഖം പ്രാപിച്ച ആ മനുഷ്യനോട് യേശു കല്പിച്ച രണ്ടു സംഗതികളും അയാളുടെ ഹിതപ്രകാരം ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യാമെന്നായിരുന്നുവോ?

അല്ല, ഒരിക്കലും അല്ല. യേശു അയാളോട് കർശനമായിത്തന്നെയാണ് അവന്റെ രോഗശാന്തിയെക്കുറിച്ച് ആരോടും യാതൊന്നും പറയരുതെന്ന് കല്പിച്ചത്. പുരോഹിതന്റെ അടുത്തുചെന്ന് താൻ സൗഖ്യമായിരിക്കുന്നു എന്ന സാക്ഷ്യം പ്രസ്താവിക്കുകയും അത് പുരോഹിതൻ അംഗീകരിച്ച് തന്റെ രോഗസൗഖ്യം അംഗീകരിക്കപ്പെടുന്നതിന്, മോശെ വിധിച്ച പ്രകാരം യാഗം അർപ്പിക്കുകയും മറ്റ് പരിഹാരകർമ്മങ്ങൾ അനുഷ്ടിക്കുകയും വേണം എന്ന് കല്പിച്ചിരുന്നു.

അങ്ങനെ, നമ്മളും കഥയിൽ പറഞ്ഞിരിക്കുന്നതുപോലെ അനുവർത്തിക്കാറുണ്ടോ? അനിയന്ത്രിതമായ സന്തോഷം, സാക്ഷീകരണത്തിന്റെ ആനന്ദവും മഹിമയും, ദൈവത്തിന്റെ സർവ്വവല്ലഭത്വം എന്നിവയെക്കുറിച്ച് പഠിപ്പിക്കുമ്പോൾ നാം ദൈവീകനിയോഗത്തെ അനുസരിക്കാറുണ്ടോ? അന്നേ ദിവസം എന്താണ് സംഭവിച്ചതെന്ന് മനസ്സിലാക്കുവാൻ ആവശ്യമായ വിവരങ്ങൾ ആ വേദഭാഗത്തിൽ ദൈവം ധാരാളമായി നൽകിയിരിക്കുന്നു.

നാം കഥയെ നന്നായി ശ്രദ്ധിച്ചു കേൾക്കാതിരുന്നാൽ നമ്മൾക്ക് ആനയെ നഷ്ടപ്പെടും.

നന്നായി തയ്യാറാകുന്ന കഥാകാഥികർ ആദ്യമായി കഥയുടെ പശ്ചാത്തലം എന്താണെന്ന് അന്വേഷിച്ച് കണ്ടുപിടിക്കുന്നു. കഥയുടെ മുൻഭാഗത്ത് കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ നിന്ന് യേശുവിന്റെ അഭിലാഷമെന്തായിരുന്നു എന്ന് ഏറെ കുറെ വ്യക്തമാകുന്നു.

"അവൻ അവരോട്, ഞാൻ അടുത്ത ഊരുകളിലും പ്രസംഗിക്കേണ്ടതിന്ന് നാം അവിടേക്ക് പോക, ഇതിനായിട്ടല്ലോ ഞാൻ പുറപ്പെട്ട് വന്നിരിക്കുന്നത് എന്ന് പറഞ്ഞു. അങ്ങനെ അവൻ ഗലീലയിൽ ഒക്കെയും അവരുടെ പള്ളികളിൽ ചെന്ന് പ്രസംഗിക്കയും ഭൂതങ്ങളെ പുറത്താക്കുകയും ചെയ്തു."

(മാക്കോസ് 1 :38,39)

യേശു അടുത്ത പട്ടണങ്ങളിലേക്ക് പോകാൻ ആഗ്രഹിച്ചു എന്ന് 38-ാം വാക്യത്തിൽ നിന്ന് നിങ്ങൾക്ക് മനസ്സിലായില്ലേ?

പുരോഹിതന്മാരെ സമീപിച്ചിട്ട് എന്ത് ചെയ്യണമെന്നാണ് യേശു കുഷ്ഠരോഗിയോട് ആവശ്യപ്പെട്ടത്?.......... പുരോഹിതന്റെ അടുത്തു ചെന്ന് താൻ ശുദ്ധനായിരിക്കുന്ന വസ്തുത അവനെ ബോദ്ധ്യപ്പെടുത്തുവാൻ യേശു കർശനമായി കല്പിച്ചിരുന്നു. അതുപോലെതന്നെ, മോശെ അനുശാസിച്ചിട്ടുള്ള വഴിപാടുകൾ, തന്റെ ശുദ്ധീകരണം അംഗീകരിക്കപ്പെടുന്നതിനായി നിർവ്വഹിക്കണമെന്നും യേശു കല്പിച്ചിരുന്നു. ആകയാൽ, നമുക്ക് ആദ്യമേ തന്നെ മനസ്സിലാക്കുന്നത് സുഖം പ്രാപിച്ച ആ രോഗി പുരോഹിതന്റെ അടുത്തുപോയില്ലെന്നും, മോശെയുടെ അനുശാസനം പാലിച്ചില്ലെന്നും അങ്ങനെ, നിയപരമായി സൗഖ്യം പ്രാപിച്ചതായി അംഗീകാരം വാങ്ങിയില്ല എന്നുമാണ്.

കുഷ്ടരോഗി ശുദ്ധനായിത്തീർന്ന വിവരം പുരോഹിതനെ കാണിച്ച് സാക്ഷീകരിക്കണമെന്ന് യേശു നിഷ്കർഷിച്ചിരുന്നു. പക്ഷേ കുഷ്ടരോഗം സുഖപ്പെട്ടവൻ അത് അനുസരിക്കാതെയിരുന്നു. മോശെ നൽകിയിരുന്ന നിയമമനുസരിച്ച് രോഗം സുഖമായ ആൾ ശുദ്ധീകരണത്തിന്റെ അംഗീകാരത്തിനായി വഴിപാട് അർപ്പിക്കണമായിരുന്നു. അതും അയാൾ അനുസരിക്കാൻ ശ്രദ്ധിച്ചില്ല. കഥയിൽ നിന്ന് എന്താണ് മനസ്സിലാകുന്നത്? കുഷ്ടരോഗി സുഖം പ്രാപിച്ച വിവരം പുരോഹിതർ അറിയണം എന്നും അവർ അതിനെ സ്ഥിരികരിക്കണമെന്നും യേശു ആഗ്രഹിച്ചു എന്ന് കഥയുടെ അടിസ്ഥാനത്തിൽ നമുക്ക് സ്ഥാപിക്കാൻ കഴിയുമോ? സുഖം പ്രാപിച്ച ആൾ ആർക്കാണ് ബഹുമാനം നൽകിയത്? യേശുവിനോ? പുരോഹിതർക്കോ? അതോ പഴയനിയമത്തിൽ ദൈവം നൽകിയ നിയമങ്ങൾക്കോ? ശരി തന്നെ, അതിനൊന്നുമല്ല, അയാൾക്ക് തന്നെ...

കുഷ്ടരോഗിയുടെ രോഗശാന്തിക്കുശേഷം, ആ മനുഷ്യന്റെ മന: സാക്ഷിയുടെ പ്രവർത്തനഫലമായി യേശുവിന്ന് ആ പട്ടണത്തിൽ പരസ്യമായി യാത്രചെയ്യാൻ കഴിയാതെവന്നെന്ന് ആ കഥയിൽ ദൈവം നമ്മോട് പറയുന്നു.

കുഷ്ടരോഗിയുടെ ശുദ്ധീകരണം, സുഖം പ്രാപിക്കുന്നതിന് ഹേതുവായ അവന്റെ വിശ്വാസം, യേശുവിനെ സംബന്ധിച്ച് നാം മനസ്സിലാക്കുന്ന മറ്റ് അനേകം അത്ഭുതകാര്യങ്ങൾ മുതലായവയെല്ലാം മഹാസത്യങ്ങളാണ്. എങ്കിലും, സുഖം പ്രാപിച്ച ആ കുഷ്ടരോഗി യേശുവിനെ അനുസരിക്കാതെ യേശുവിനോട് അനാദരവ് കാണിച്ചത് നാം വിട്ടുകളയുകയാണെങ്കിൽ കഥയാകുന്ന ആനയുടെ ഒരു ഭാഗം നമ്മൾ വിട്ടുകളയുന്നതിന് തുല്യമാണത്.

കുഷ്ടരോഗി സുഖം പ്രാപിച്ചതിനെ സംബന്ധിച്ചുള്ള വിജ്ഞാനവിവരം പോലെതന്നെ, സുഖം പ്രാപിച്ച ആ രോഗിയുടെ അനുസരണക്കേടിനെയും ഗൗരവപൂർവ്വമാണ് പരിഗണിക്കേണ്ടത്.

കഥയുടെ ഈ അവസാനഭാഗം സന്തോഷത്തെക്കുറിച്ചോ, സാക്ഷീകരണത്തെക്കുറിച്ചോ അല്ല. അത് സ്വന്തഹിതം നിറവേറ്റുന്നതിനെക്കുറിച്ചാണ്. ഇതിൽ ചിത്രീകരിച്ചിരിക്കുന്നത് ദൈവത്തിൽ നിന്ന്, ജീവിതത്തിന് മാറ്റം വരുത്തുന്ന ദാനങ്ങൾ ചോദിച്ചുവാങ്ങിയിട്ട്, അവന്റെ കല്പനകളെ അനുസരിക്കാതെ സ്വന്തഹിതമനുസരിച്ച് ജീവിക്കുന്ന നന്ദിഹീനരായ വ്യക്തികളെയാണ്.

കഥയെ ശ്രദ്ധാപൂർവ്വം വായിച്ച് മനസ്സിലാക്കിയിട്ട് (നമ്മുടെ സ്വന്തം ആശയങ്ങൾ കഥയോട് ചേർക്കാതെ) കഥയിലുള്ള ആത്മീകസത്യത്തെ സമ്പൂർണ്ണമായി തിരിച്ചറിയണം. കഥയിലെ ആന അപ്പോൾ സുവ്യക്തമായിത്തീരുന്നതാണ്.

യേശു രക്ഷിതാവ് അത്ഭുതകാരുണ്യത്തോടെ, അസ്പൃശ്യനായ ഒരു മനുഷ്യനെ സുഖപ്പെടുത്തി, എന്നിട്ട് അയാൾ എന്താണ് ചെയ്തത്? സ്വന്തഹിതം അനുസരിച്ച് പ്രവർത്തിച്ചു അവനെ സുഖപ്പെടുത്തിയ യേശുവിനെ അനുസരിക്കാതെ സ്വന്തവഴിക്കുപോയി. ഈ കഥയിൽ ശ്രദ്ധിക്കപ്പെടാതെ പോകുന്ന ആനയുടെ ഭാഗം അതാണ്.

ആ കുഷ്ടരോഗി രോഗശാന്തിയെ ആണ് കുടുതൽ ശ്രദ്ധിച്ചത്. രോഗശാന്തി ദായകനെ അല്ല വേദപുസ്തകത്തിൽ ഉടനീളം പലകഥകളിലും പല ആളുകളും ആ പിശക് ചെയ്യുന്നതായി നാം കാണുന്നുണ്ട്. മനുഷ്യർ അങ്ങനെ മതപരമായ പാപങ്ങൾ ചെയ്യുന്നു. അവരുടെ തീഷ്ണത മുഖേന അവർ ദൈവത്തിനു വേണ്ടി പല കാര്യങ്ങളും ചെയ്തുകൂട്ടുന്നു, ദൈവം അവരോട് പറയുന്നത് കേൾക്കാതെ, ദൈവം അവരോട് ആവശ്യപ്പെടുന്നത് ചെയ്യാതെ സാക്ഷീകരിക്കുന്നത് തെറ്റാണോ? അല്ലേ അല്ല - നമ്മൾ സാക്ഷികളായിരിക്കണം എന്നാണ് അനുശാസിക്കപ്പെടുന്നത്. പക്ഷേ, യേശു ആവശ്യപ്പെട്ടതിൻ പ്രകാരം അല്ലാഞ്ഞതിനാൽ അയാൾ ചെയ്ത സാക്ഷീകരണം തെറ്റ് ആയിരുന്നില്ലേ? ആ സമയത്ത് തീർച്ചയായും.

1 ശമുവേൽ 15-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന മതപരമായ ഒരു ചടങ്ങിനെപ്പോലെ, ശരിയെന്ന് തോന്നിപ്പോകുന്ന ഒരു ചടങ്ങിനെ ദൈവം എപ്രകാരമാണ് വീക്ഷിക്കുന്നത് എന്നതിന്റെ പൗരാണികമായ ഉദാഹരണമാണ് ആ സംഭവം. അവിടെ നാം കാണുന്നുത് ഒരു വ്യക്തി മതപരമായ ഒരു ചടങ്ങ് നടത്തുന്നതാണ്. എന്നാൽ അത് അനുഷ്ടിച്ചിരിക്കുന്നത് ദൈവം നൽകിയിട്ടുള്ള ഒരു നിബന്ധനയെ ധിക്കരിക്കുന്ന വിധത്തിൽ ആയിരുന്നു. അതിന്റെ സമയവും, സാഹചര്യങ്ങളും അനുസരണക്കേടിനാൽ ആവരണം ചെയ്യപ്പെട്ടിരുന്നു. ദൈവനിയോഗത്തെയും ദൈവദത്തമായ നിർദ്ദേശങ്ങളെയും അവഗണിക്കുകയും അനുസരിക്കാതിരിക്കുകയും ചെയ്യുന്നത് ഏറ്റവും ഹീനമായ പാപമായാണ് ദൈവം പരിഗണിക്കുന്നത്.

"യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ, ഹോമയാഗങ്ങളും, ഹനനയാഗങ്ങളും യഹോവയ്ക്ക് പ്രസാദമാകുമോ? ഇതാ അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്. മത്സരം ആഭിചാരദോഷം പോലെയും ശാഠ്യം മിത്ഥ്യപൂജയും, വിഗ്രഹാരാധനയും പോലെയും ആകുന്നു."

(1ശമുവേൽ 15: 22,23)

ഈ കഥയെ സംബന്ധിച്ച് നാം ഒരു ചർച്ചനടത്തുന്നസമയത്ത് ആ കുഷ്ടരോഗിയുടെ അനുസരണക്കേടിനെ ന്യായീകരിക്കുകയോ, മാപ്പാക്കുകയോ ചെയ്താൽ അത് മനുഷ്യർ ചെയ്യുന്ന സർവ്വസാധാരണമായ ഒരു തെറ്റിനെ നമ്മൾ അംഗീകരിക്കുന്നതിന് തുല്യമായിത്തീരും. ചിലപ്പോൾ ഈ പാപം അതിസൂക്ഷ്മമായിരിക്കും, കാരണം നമ്മൾ ഉച്ചത്തിൽ ഒന്നും പറഞ്ഞിട്ടില്ല. "ഞാൻ ദൈവഹിതത്തിന് അതീതമായി എന്റെ പാത തിരഞ്ഞെടുത്തു." എന്ന് . എന്നാലും നമ്മൾ ദൈവത്തിന്റെ വചനങ്ങളെ വിസ്മരിച്ചുകൊണ്ട്, നാം ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യുവാൻ തീരുമാനം എടുക്കുകയാണെങ്കിൽ നമ്മൾ ചെയ്യുന്നത് പാപം ആയിരിക്കും അനുസരണത്തിന്റെ കുറവ്, അനുസരണക്കേടാണ്.

ഈ രണ്ടാം ഭാഗത്തെ നമുക്ക് വിട്ടുകളയാൻ പാടുള്ളതല്ല- അനുസരണക്കേടിന്റെ പ്രവർത്തനവും അതിന്റെ ഫലവും. എന്തെങ്കിലും കാരണം പറഞ്ഞ് ആ കുഷ്ടരോഗിയുടെ അനുസരണക്കേടിന് നമ്മൾ മാപ്പ് കൊടുക്കുകയാണെങ്കിൽ, ദൈവഹിതത്തിന് അതീതമായി നമ്മൾ സ്വന്തം ഹിതം നിർവ്വഹിക്കുന്നതിന് തീരുമാനിക്കുന്ന പാപത്തെ പ്രോത്സാഹിപ്പിക്കുകയല്ലേ ചെയ്യുന്നത്? വിശ്വാസികൾ ഇങ്ങനെ പറയുന്നത് കേൾക്കാറുണ്ട് " ഈ സംഗതിയെക്കുറിച്ച് ദൈവവചനത്തിൽ ദൈവം പറഞ്ഞിരിക്കുന്നത് എന്താണെന്ന് എനിക്ക് അറിയാം. എങ്കിലും വ്യത്യസ്തമായി എനിക്ക് പ്രവർത്തിക്കേണ്ടി വരുന്നതിന് എനിക്ക് ന്യായീകരണങ്ങൾ ഉണ്ട്." ഇത് എത്രയോ ഖേദകരമാണ്. മനുഷ്യർ അവരുടെ പ്രവൃത്തികളെ ഇപ്രകാരം വർണ്ണിക്കുന്നത് അപൂർവ്വമായെങ്കിലും നാം കേൾക്കാറുണ്ട്, ഞാൻ ദൈവത്തിന്റെ വാക്കുകളെ അനുസരിക്കുന്നില്ല, കാരണമുണ്ട്, ഞാൻ ദൈവത്തിന്റെ തീരുമാനങ്ങളെക്കാൾ മെച്ചമായ തീരുമാനങ്ങൾ എടുക്കുന്നു.

ഈ വേദഭാഗം ഞങ്ങൾ തെരഞ്ഞെടുക്കാൻ കാരണമുണ്ട് അനേകം അദ്ധ്യാപകരും ഇത് കാര്യമായി ശ്രദ്ധിക്കാറില്ല. ഒരു കഥയുടെ സമ്പൂർണ്ണത എങ്ങനെ നഷ്ടപ്പെടാനിയാകും എന്ന് ദൃഷ്ടാന്തീകരിക്കുവാൻ ഞങ്ങൾ താല്പര്യപ്പെട്ടു. അങ്ങനെ ചെയ്യാനിടയായാൽ നമ്മൾ ദൈവവചനം സമ്പൂർണ്ണമായി പഠിപ്പിക്കുന്നുണ്ടാവുകയില്ല. ദൈവവചനം, ഒരു കഥയിലൂടെ എങ്കിലും, പഠിപ്പിക്കുന്നത് മഹത്തായ ഒരു കർത്തവ്യമാണ്. ആനയുടെ ചിത്രീകരണം ഉപയോഗിക്കുന്നതിന്റെ ഉദ്ദേശ്യം നമ്മൾ ദൈവവചനം ശ്രദ്ധയോടും സമ്പൂർണ്ണമായും ശ്രദ്ധിച്ച് കേൾക്കണം എന്ന് അനുസ്മരിപ്പിക്കുകയാണ്. ബൈബിളിൽ പറഞ്ഞിരിക്കുന്നതുപോലെ ചെവിയുള്ളവൻ കേൾക്കട്ടെ.

STS നിർദ്ദേശങ്ങൾ ഉപയോഗിച്ച് പഠിപ്പിക്കുമ്പോൾ നമ്മൾ കഥയെ മൊത്തമായും സൂക്ഷ്മതയോടെ ശ്രദ്ധിച്ച് കേൾക്കണം. അതിനെ മനസ്സിലാക്കാനും, ആ കഥയിൽ ദൈവം എന്ത് പറഞ്ഞിരിക്കുന്നുവോ അതിൽ ആശ്രയിക്കുവാനും പ്രാർത്ഥനയുള്ളവരായിരക്കേണ്ടതാകുന്നു. കഥയുടെ ഓരോ ഭാഗവും ചേർന്ന് സമ്പൂർണ്ണമായ കഥയായിത്തീരുന്നത് എങ്ങനെ എന്ന് കാണുവാൻ നമുക്ക് താല്പര്യം വേണം.

കുഷ്ടരോഗിയുടെ കഥയിൽ, ദൈവം നമുക്ക് അനുസരണക്കേടിന്റെ ഫലം എന്താണെന്ന് മനസ്സിലാക്കിത്തരുന്നു. എന്തായിരുന്നാലും, നമുക്ക് ഒരു സംഗതി മനസ്സിലാക്കാൻ കഴിയുന്നുണ്ട്. മറ്റ് പല ബൈബിൾ കഥകളിലും മനുഷ്യരുടെ പാപങ്ങളുടെ ഫലങ്ങൾ കാണിച്ചിട്ടില്ല. ദൈവത്തെ അനുസരിക്കുന്നതിലെ ബുദ്ധിവൈശിഷ്ട്യം കൂടി നമുക്ക് പഠിപ്പിക്കുവാൻ കഴിയും, ദൈവത്തിന്റെ നേതൃത്വത്തെ നമ്മൾ ആശ്രയിക്കുന്നു, വിശ്വസിക്കുന്നു. അതിന്റെ കാരണം അനുസരണക്കേടിന്റെ ഫലങ്ങളെ ഞങ്ങൾ ഭയപ്പെടുന്നു എന്നതു മാത്രമല്ല കാരണം.

മാർക്കോസിന്റെ സുവിശേഷത്തിലുള്ള ഈ കഥ അതിന്റെ സമ്പൂർണ്ണതയിൽ പഠിപ്പിക്കുന്നതുമുഖേന എല്ലാ ജനങ്ങൾക്കും പഠിക്കാൻ കഴിയുന്ന ഒരു പ്രധാന സംഗതി ഇതാണ്. "രോഗശാന്തിയുടെ സന്തോഷവും, ജീവനും നമുക്ക് നൽകുന്ന രക്ഷിതാവായ യേശുവിനെ അനുസരിക്കാതിരിക്കുന്നതിന്റെ ദുഃഖഫലങ്ങൾ എന്തെല്ലാമാണെന്ന് ഗ്രഹിക്കുവാൻ കഴിയുന്നു." ഈ കഥയിലെ അനുസരണക്കേടിനെയും അതിന്റെ ഫലത്തെയും നമ്മൾ ശ്രദ്ധിക്കാതിരിക്കുകയോ, വിട്ടുകളയുകയോ ചെയ്താൽ നമ്മൾ കഥയെ സമ്പൂർണ്ണമായി ഗ്രഹിക്കാതെ പോകും, അതുപോലെ തന്നെ വിശ്വാസികളെ, ദൈവത്തെ അനുസരിക്കുന്നതിന്, വിശ്വാസത്തോടെ അനുസരിക്കുന്നതിന് പഠിപ്പിക്കുവാൻ നമുക്ക് കഴിയാതെ പോകയും ചെയ്യും.

## അദ്ധ്യായം എട്ട് (8)

# നിരക്ഷരരും വാചിക ബൈബിൾ സ്കൂളുകളും

### സാക്ഷരരും നിരക്ഷരരും ഒരുമിച്ചുള്ള ശില്പശാലകൾ

മിക്കപ്പോഴും വായിക്കാൻ അറിയാത്തവരും ശില്പശാലകളിൽ സംബന്ധിക്കാറുണ്ട്. അതുകൊണ്ട് കഥാഭാഗങ്ങൾ വായിക്കാൻ അറിവില്ലാത്തവർക്കുവേണ്ടി വായിച്ചുകൊടുക്കേണ്ടത് അത്യാവശ്യമാണ്. കഥ അവർക്ക് പറഞ്ഞുകൊടുക്കണം, അല്ലെങ്കിൽ ഒരു ഓഡിയോപ്ലെയർ ഉപയോഗിച്ച് ഓഡിയോ റക്കാർഡുകൾ പ്ലേ ചെയ്യിച്ച് കേൾപ്പിക്കണം.

ശില്പശാലകളിൽ റക്കാർഡ് ചെയ്യപ്പെട്ട കഥകൾ ഉപയോഗിക്കേണ്ടിവരുമ്പോൾ ഞങ്ങൾ ഉപയോഗിക്കുന്നത് മെഗാവോയിസ് മുതലായ കമ്പനിക്കാർ നിർമ്മിച്ചിട്ടുള്ള സോളാർ പവർ റേഡിയോ പ്ലേയറുകളാണ് ഉപയോഗിക്കുന്നത്. ദൈവത്തിന്റെ കഥയും പുതിയനിയമവും റക്കാർഡ് ചെയ്യപ്പെട്ടത് (പഠിതാക്കളുടെ മാതൃ

ഭാഷയിൽ) ലഭ്യമാണെങ്കിൽ അവയും ഉപയോഗിക്കാറുണ്ട്. ഇക്കാര്യത്തിനുവേണ്ടി ബൈബിൾ കഥകൾ “ഗോഡ്സ് സ്റ്റോറി” പദ്ധതിയിലൂടെ വിവിധ ഭാഷകളിൽ റക്കോർഡ് ചെയ്തുകൊണ്ടിരിക്കുന്നു.

ശില്പശാലകളുടെ പ്രവർത്തനാനന്തരം, ശില്പശാലയിൽ സംബന്ധിച്ച പഠിതാക്കളുടെ ഗ്രാമങ്ങൾക്കായി ഓരോ റക്കാർഡ് പ്ലേയറുകൾ സൗജന്യമായി നൽകുന്നു. അത് കൈപ്പറ്റുന്ന ആൾ അതിന്റെ സൂക്ഷിപ്പുകാരൻ ആയിരിക്കും. ഒരു ഗ്രാമത്തിൽ നിന്ന് പ്രതിനിധികളായി സംബന്ധിച്ച മറ്റു പഠിതാക്കൾക്ക് അതാതു സ്ഥലത്ത് ഉപയോഗിക്കാൻ വേണ്ടി അത് കൊടുത്തയയ്ക്കും. റക്കോർഡ് പ്ലെയർ ഉപയോഗിച്ച് അവർ ധാരാളം കഥകൾ പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്നു.

മിക്കവാറും ഗ്രാമീണർ എല്ലാവരും ഒത്തുകൂടി ഈ വിധത്തിൽ ബൈബിൾ കഥകൾ പഠിക്കുന്നു. ശില്പാലയിൽ വന്ന് പഠിച്ചവർ ഈ റക്കോർഡ് പ്ലെയർ വിലമതിക്കുന്നതുകൊണ്ട് അത് അവരുടെ പാസ്റ്ററുടെ പക്കൽ ഏല്പിക്കുന്നു. (നിരക്ഷരരായ പഠിതാക്കൾക്ക് അത് വളരെ ഉപയോഗപ്രദമാണല്ലോ). പാസ്റ്റർമാർ അവരുടെ സുവിശേഷീകരണ ശുശ്രൂഷയ്ക്ക് അത് ഉപയോഗിക്കുന്നു. നിരക്ഷരരായ ഗ്രാമീണർക്ക് വേദപുസ്തക കഥകൾ പഠിക്കാൻ അത് ഉപകരിക്കപ്പെടുന്നു. കഥകൾ കൃത്യമായിരിക്കാൻ ഇവ സഹായിക്കുന്നു.

രസകരമെന്ന് പറയട്ടെ, ഈ ഹാൻഡ് ബുക്കിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന STS പരിശീലനപദ്ധതി തന്നെയാണ് ഭൂലോകം എമ്പാടും സാക്ഷരർക്കും നിരക്ഷരർക്കും ഒരുപോലെ, ഒരേ ശില്പശാലയിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. മിക്കപ്പോഴും വായിക്കാൻ അറിയാവുന്ന സാക്ഷരരെക്കാൾ കൂടുതൽ വേഗത്തിൽ, കൂടുതൽ മികവോടെ, വായിക്കാനറിഞ്ഞുകൂടാത്ത നിരക്ഷരരാണ് ഓരോ കഥയും നന്നായി പഠിക്കുകയും നന്നായി പറഞ്ഞു കേൾപ്പിക്കുകയും ചെയ്യുന്നത്.

വിസ്മയകരമായി, ചില നിരക്ഷരപഠിതാക്കാൾ ഒരു കഥയിൽ നിന്ന് ബഹുവിധമായ ഗുപ്തനിധികൾ കണ്ടെത്താറുണ്ട്. എന്തായിരുന്നാലും എല്ലാ പഠിതാക്കളും, സാക്ഷരരായിരുന്നാലും നിരക്ഷരരായിരുന്നാലും പഠനത്തിന്റെ ആരംഭഘട്ടത്തിൽ നല്ല ചോദ്യങ്ങൾ രൂപീകരിക്കുന്നതിന് നന്നായി പരിശ്രമിക്കാറുണ്ട്. നല്ല ചോദ്യങ്ങൾ കൊണ്ടാണ് മറ്റുള്ളവരെ ഗുപ്തനിധികൾ കണ്ടുപിടിക്കാൻ പ്രേരിപ്പിക്കുന്നത്. ഫലപ്രദമായ ചർച്ചകൾക്ക് അത് സഹായകമായിത്തീരും. നല്ല ചോദ്യങ്ങൾ രൂപീകരിക്കുന്നത് സാക്ഷരർക്കും നിരക്ഷരർക്കും ഒരു പോലെ സമാർജ്ജിക്കാൻ കഴിയുന്ന നിപുണതയാണ്.

## അപ്രതീക്ഷിതമായ പ്രായോഗികോപയോഗം

ഉഗാണ്ടായിലെ ദ്വാനിറോ എന്ന സ്ഥലത്ത് നടത്തപ്പെട്ട ഒരു ശില്പശാലയിൽ വച്ച്, വയോവൃദ്ധൻ നൽകിയ സന്ദേശം ആഫ്രിക്കയിലെ TGSP ഡയറക്ടറും, ഞാനും ഒരിക്കലും മറക്കുന്നതല്ല. “ഗ്രാമങ്ങളെ” അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ആഫ്രിക്കയിലെ ഡയറക്ടർ നൽകിയ റിപ്പോർട്ട് ചുവടേ ചേർക്കുന്നു.

“ഈ പ്രദേശവാസികൾ ദരിദ്രരാണ്. ഈ ശില്പശാലയിൽ സംബന്ധിക്കുന്നവരിൽ ആർക്കും വായിക്കാനും എഴുതാനും അറിഞ്ഞുകൂടാ. അപരിഷ്കൃതമാണ് ഈ പ്രദേശം ഒട്ടാകെ.

ഒരു പ്രത്യേക കഥാകാഥികൻ ഒരു മരത്തണലിൽ നിന്നുകൊണ്ട് തന്റെ ആദ്യകഥ STS ശൈലിയിൽ അവതരിപ്പിക്കുകയാണ്. എഴുത്തും വായനയും അറിഞ്ഞുകൂടാത്തവരും, STS കഥപഠിച്ചിട്ടില്ലാത്തവരുമായ ഒരു ചെറിയ സംഘം ആളുകളോടാണ് അയാൾ കഥ പറഞ്ഞത്. ശ്രോതാക്കൾ കേവലം അഞ്ചുപേർ മാത്രമായിരുന്നു. ഏകദേശം 65 വയസ് പ്രായമുള്ള ഒരു വയോധികനാണ് കഥപറഞ്ഞത്. രണ്ടുരാജാക്കന്മാരുടെ പുസ്തകത്തിലെ ഊരിപ്പോയ മഴുവിനെ ക്കുറിച്ചായിരുന്നു അയാൾ കഥ അവതരിപ്പിച്ചത്. ശ്രോതാക്കളെ ആ മനുഷ്യൻ ചർച്ചയിലേക്ക് നയിച്ചത് ഞാൻ പ്രത്യേകം നിരീക്ഷിച്ചു.

കഥാവതരണശേഷം ചർച്ചകളിലൂടെ പ്രായോഗികോപയോഗങ്ങളിലേക്ക് കടന്നപ്പോൾ അദ്ദേഹം ചോദിച്ചു എലീശാ പ്രവാചകന്റെ ശിഷ്യന്റെ മഴു ഊരിപ്പോയപ്പോൾ അയാൾ വളരെയേറെ പരിഭ്രമിച്ചു കാരണം എന്താ

യിരുന്നു? ആ മഴു അയാൾ വാടകയ്ക്ക് എടുത്തതായിരുന്നു. ശ്രോതാക്കൾ തലയാട്ടി സമ്മതിച്ചു. എലീശായും ദൈവവും അതിൽ പ്രത്യേക താല്പര്യം കാണിച്ചു ആ ശിഷ്യൻ വായ്പ എടുത്തതായിരുന്ന ആ മഴു കണ്ടുപിടിച്ചുകൊടുത്തില്ലേ? ഞാൻ അവരോട് ചോദിച്ചു.

“നിങ്ങൾ വായ്പ വാങ്ങിയതായ ഏതെങ്കിലും സാധനം നിങ്ങളുടെ വീട്ടിൽ ഉണ്ടോ?” ശ്രോതാക്കളായ പുരുഷന്മാർ തമ്മിൽത്തമ്മിൽ നോക്കി. “ഒന്നുമില്ല” എന്ന അർത്ഥത്തിൽ തോൾ ചലിപ്പിച്ചു.

കഥാകാഥികൻ വീണ്ടും നിർബന്ധിച്ചുചോദിച്ചു. “നിങ്ങൾക്ക് സ്വന്തമല്ലാത്ത എന്തെങ്കിലും സംഗതി നിങ്ങളുടെ വീട്ടിൽ ഉണ്ടോ?” അവരുടെ വീടുകളിൽ കാര്യമായി യാതൊന്നുമില്ലാത്ത ആ മനുഷ്യർ നിഷേധാർത്ഥത്തിൽ തല ചലിപ്പിച്ചു. ആ ഗ്രാമീണർ ഇങ്ങനെ വിശദീകരിച്ചു. ഞങ്ങളുടേതല്ലാത്തയാതൊന്നും ഞങ്ങളുടെ വീടുകളിൽ ഇല്ല.

കഥാകാഥികൻ അല്പം നിരാശയിലായി. കാരണം എന്തെന്നാൽ അയാൾ കണ്ടെത്തിയ വിശേഷമായ ഒരു നിധി ആ മനുഷ്യർക്ക് ആർക്കും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. അതുകൊണ്ട് അയാൾ അമർഷത്തോടെ ചോദിച്ചു. “നിങ്ങളുടെ ഭാര്യമാരുടെ കാര്യമോ? ” അവർ നിങ്ങളുടെ സ്വന്തമാണോ?

“അതെ, അവർ ഞങ്ങളുടെ സ്വന്തമാണ്” ഐകകണ്ഠ്യേന അവർ മറുപടി നൽകി. ഞങ്ങൾ നാല് ആടുകളെ വീതം  കൊടുത്തിട്ടാണ് ഓരോരുത്തരും ഭാര്യയെ സ്വന്തമാക്കിയത്.

“എനിക്കറിയാം” കഥാകാഥികൻ പ്രത്യുത്തരം നൽകി. “പക്ഷേ ആരാണ് ആടുകൾക്ക് ജീവൻ നൽകിയത്? ആടുകളെ വാങ്ങുന്നതിന് നിങ്ങൾക്ക് കഴിവ് തന്നത് ആരാണ്?....” ദൈവം. “അതായത്, നിങ്ങളുടെ ഭാര്യമാർ ദൈവത്തിന്റെ സ്വന്തമാണ്, നിങ്ങൾ അല്ല. ശ്രോതാക്കളായ മനുഷ്യന്മാർ ഗൗരവത്തോടെ തമ്മിൽത്തമ്മിൽ ശ്രദ്ധിച്ചുനോക്കി. അനന്തരം കഥാകാഥികനുമായി അവർ യോജിച്ചു.

“ശരി, നിങ്ങൾ ഭാര്യമാരോട് എങ്ങനെയാണ് പെരുമാറുന്നത്? അവരെ നിങ്ങൾ ദൈവത്തിൽ നിന്ന് വായ്പ എടുത്തതായോ അതോ നിങ്ങളുടെ സ്വന്തമാണെന്ന് കരുതിയോ?”

“ഞാൻ എന്റെ ഭാര്യയെ തല്ലുകയും തൊഴിക്കുകയും ചെയ്യാറുണ്ട് അവൾ എന്റെ സ്വന്തമാണല്ലോ.” ഓരോരുത്തരും മറുപടി പറഞ്ഞു. “ അവൾ എന്റെ സ്വന്തമാകയാൽ എനിക്ക് തോന്നുന്നതുപോലെ അവളോട് പെരുമാറുമായിരുന്നു. “അവർ തുടർന്നു” പക്ഷേ അവളെ ഞാൻ വായ്പവാങ്ങിയതാണെങ്കിൽ എന്റെ സ്വന്തമല്ലല്ലോ. അവൾ ദൈവത്തിന്റെ സ്വന്തമാകയാൽ ഞാൻ അങ്ങനെയല്ല പെരുമാറേണ്ടത്. ദൈവത്തിന്റെ സ്വന്തമെന്നുള്ള പദവിയിൽ പെരുമാറണം, എന്റെ കുഞ്ഞുങ്ങളോടും അങ്ങനെ പെരുമാറണം” അവർ സമ്മതിച്ചു.

“അങ്ങനെ പറഞ്ഞിട്ട് അയാൾ കരയാൻ തുടങ്ങി, ലജ്ജാഭാരത്തോടെ അയാൾ അകലേക്ക് മാറി നിന്ന് പശ്ചാത്തപിക്കാൻ തുടങ്ങി ദൈവത്തോട് മാപ്പ് അപേക്ഷിച്ചു മറ്റു പുരുഷന്മാരും അതുപോലെ തന്നെ വിലപിക്കുവാനും, പശ്ചാത്തപിക്കാനും തുടങ്ങി. പരിശുദ്ധാത്മാവ് അവർക്കെല്ലാം ഒരേ സന്ദേശം പകർന്നുനൽകിയിരുന്നു. അവരുടെ കണ്ണുകളിൽ നിന്നും കണ്ണു നീരൊഴുകിത്തുടങ്ങി. എല്ലാവരും പശ്ചാത്തപിച്ചതോടെ കഥാവതരണം അവസാനിപ്പിച്ചു.”

ഈ കഥ എന്നോട് പറഞ്ഞത് ഞാൻ കേട്ടുകഴിഞ്ഞപ്പോൾ എന്റെ മനസ്സ് ചഞ്ചലിക്കുവാൻ തുടങ്ങി. ആ കഥയിൽ ഇങ്ങനെ ഒരു സന്ദേശം യഥാർത്ഥത്തിൽ അന്തർഭവിച്ചിട്ടുണ്ടോ? വായ്പ എടുത്ത വസ്തുവിന് വില കല്പിക്കണമെന്നൊരു സന്ദേശം അതിൽ ഉണ്ടെന്ന് എനിക്കറിയാം. പക്ഷേ ഇത്, വിലയേറിയ ഒരു പ്രായോഗികോപയോഗസന്ദേശമാണോ? ആ മനുഷ്യർക്ക് അത് വിലയേറിയ പ്രായോഗികോപോയോഗമായി അനുഭവപ്പെട്ടു, അന്ന്, അപ്പോൾത്തന്നെ ഞാൻ ചിന്തിക്കാൻ ആരംഭിച്ചു. ഞാൻ എന്റെ ഓഫീസ് ജീവനക്കാരോട് സൗമ്യമായി പെരുമാറാറുണ്ടോ? അവർ എന്റെ ജീവനക്കാരാണെന്ന് ചിന്തിച്ചുകൊണ്ട് അവർ എന്തെങ്കിലും തെറ്റു

ചെയ്താൽ ഞാൻ അവരെ ശാസിക്കാറില്ലേ? അവരെ ദൈവത്തിൽ നിന്ന് വായ്പ എടുത്തതാണെന്ന് അറിഞ്ഞുകൊണ്ട് അവരോട് സൗഹാർദ്ദമായി പെരുമാറേണ്ടതല്ലേ? എന്റെ മനസ്സിലും കുറ്റബോധം അനുഭവപ്പെട്ടു.

(ദൈവവചനം മനസ്സിലാക്കുന്നതിനും, പ്രായോഗികമായി ഉപയോഗിക്കുന്നതിനും ഈ നിരക്ഷരനായ വയോധികൻ യുക്തിശാസ്ത്രവും പ്രായോഗികയുക്തിചിന്തയും ഉപയോഗിച്ചില്ലേ? ആ കഥയിലെ സുപ്രധാന സത്യം കണ്ടുപിടിക്കുന്നതിന് ആ ഗ്രാമീണ മനുഷ്യരെ സഹായിക്കുവാൻ ആ വയോധികൻ സമുചിതമായ ചോദ്യങ്ങൾ ഉപയോഗിച്ചില്ലേ? ദൈവവചനം പഠിച്ചിട്ടുള്ള ഒരു സുവിശേഷശുശ്രൂഷാനേതാവിനെ, തികച്ചും വ്യത്യസ്തമായ സംസ്കാര സമൂഹത്തിൽ നിന്നുള്ള നിരക്ഷരനായ ഒരു വ്യക്തിക്ക് ആത്മീകമായ പ്രായോഗികോപയോഗങ്ങൾ പഠിപ്പിച്ചുകൊടുക്കുവാൻ കഴിയുമോ? ഉവ്വ്, ഉവ്വ്. ഉവ്വ്!!!

## വാചിക ബൈബിൾ സ്ക്കൂളുകൾ (Oral Bible Schools):-

STS ശില്പശാലകളിൽ ദൃശ്യമായ പൊതു താല്പര്യങ്ങളുടെ പ്രേരണയാൽ, ഗഹനീയമായ വേദപുസ്തക പഠനത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടതാണ് വാചികബൈബിൾ സ്ക്കൂളുകൾ (OBSs) വിശിഷ്യാ പ്രാദേശിക പാസ്റ്റർമാരും, സഭാനേതാക്കന്മാരും വേദപുസ്തകകഥകൾ ജനസമൂഹങ്ങളുടെ ഉപയോഗത്തിനായി പഠിക്കുന്നതിന് കൂടുതൽ അവസരങ്ങൾ കിട്ടുവാൻ അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. വാചികബൈബിൾ സ്ക്കൂളുകളെ രൂപകല്പന ചെയ്യുവാൻ ഇതെല്ലാം സഹായകമായി.

വാചികബൈബിൾ സ്കൂളിൽ ചേരാൻ ആഗ്രഹിക്കുന്നവർ ഒരു ഫാറം പൂരിപ്പിച്ച് അപേക്ഷ കൊടുക്കണം അല്ലെങ്കിൽ പ്രാദേശിക സഭകളുടെ പാസ്റ്റർമാർ അർഹരായവരുടെ പേരുവിവരം നൽകുന്നതാണ്. അങ്ങനെ വാചിക ബൈബിൾ സ്കുളുകളിൽ പ്രവേശനം നടത്തുന്നു. പന്ത്രണ്ട് പേരെ തെരഞ്ഞെടുത്തതിൽ പലരും ശില്പശാലകളിൽ സംബന്ധിച്ചുള്ളവരായിരുന്നു. STS ലെ ഒരു അദ്ധ്യാപകൻ, തെരഞ്ഞെടുക്കപ്പെട്ട ഈ വിദ്യാർത്ഥികൾക്ക് ഒരാഴ്ചത്തെ പ്രത്യേകപരിശീലനം നൽകുന്നു. ഈ അദ്ധ്യാപകൻ OGBS ന്റെ മേൽനോട്ടക്കാരൻ ആയിത്തീരുന്നു.

ഭൂരിഭാഗം സ്ക്കൂളുകൾക്കും ഒരു വർഷത്തേക്കുള്ള പഠനപദ്ധതിയാണുള്ളത് ഈ പഠനകാലത്ത് വിദ്യാർത്ഥികൾ രണ്ടാഴ്ച പഠനകേന്ദ്രത്തിൽ സംബന്ധിച്ചശേഷം രണ്ടാഴ്ചത്തേയ്ക്ക് അവരവരുടെ വീടുകളിലേക്ക് പോകുന്നു. ചിലർ ദിവസവും പഠനം നടത്തുന്നു. മേൽനോട്ടക്കാരൻ ഓരോ ദ്വൈവാര ക്ലാസ്സുകളുടെ അവസാനത്തെ മൂന്ന് ദിവസങ്ങൾ വീതം വാചിക ബൈബിൾ സ്ക്കൂൾ സന്ദർശിക്കുന്നു. വിദ്യാർത്ഥികൾ അവർക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ കടകളിൽ നിന്ന് വാങ്ങുകയോ അവരുടെ വീടുകളിൽ നിന്ന് കൊണ്ടുവരികയോ ചെയ്യുന്നു. ആവശ്യമുള്ളവർക്ക് താമസസൗകര്യങ്ങൾ സ്ഥലം സഭയുടെ പാസ്റ്റർമാർ ക്രമീകരിച്ചുകൊടുക്കുന്നു.

വിദ്യാർത്ഥികളുടെ പഠനപദ്ധതി വേദപുസ്തകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 210 കഥകൾ STS രീതിയിൽ പഠിക്കുകയും ചർച്ചചെയ്യുകയുമാണ്. 210 കഥകളും പഠിച്ചുതീർന്നാൽ മാത്രമേ പഠനപദ്ധതി പൂർണ്ണമാകുകയും ബിരുദം ലഭ്യമാകുകയും ചെയ്കയുള്ളൂ. പഠിച്ചുതീരാത്തവർക്ക് 210 കഥകളും പഠിച്ചുതീർക്കുന്നതിനുള്ള സമയം നൽകുന്നു. പഠനപദ്ധതിയുടെ ഭാഗമായ പ്രായോഗിക പ്രവൃത്തികൾ (പ്രാക്ടിക്കൽസ്) STS ശില്പശാല നടത്തുന്നതിനുള്ള നിപുണത നേടുന്നതും, പരസ്യയോഗം, സന്ദർശനങ്ങൾ മുതലായ ബാഹ്യസമ്പർക്ക പരിപാടികൾ നടത്തുന്നതുമാകുന്നു.

ഒരു ബിഷപ് ഒരു വാചിക ബൈബിൾ സ്ക്കൂൾ നടത്തുകയുണ്ടായി. വിശേഷതരമായിരുന്നു ആ ബൈബിൾ സ്കൂൾ പൂന്തോട്ടങ്ങളിൽ ജോലിചെയ്യുന്നവരും, സഭാംഗങ്ങളുമായ കുറെ ആളുകൾ അവരുടെ ഉച്ചഭക്ഷണസമയത്ത് അവിടെ സംബന്ധിക്കും. അവരെ നാല് സ്ഥലങ്ങളിലായിട്ടായിരുന്നു അദ്ദേഹം സമ്മേളിച്ചത്. ആഴ്ചതോറും അഞ്ച് കഥകൾ വീതം അവിടെ പഠിപ്പിക്കുകയും ചർച്ചചെയ്യിക്കുകയും ചെയ്തിരുന്നു. മറ്റ്

തൊഴിലാളികളും കഥകൾ പഠിക്കുവാൻ താല്പര്യമുള്ളവരായിവന്നു. അവരും അവിടെ ചേർന്ന് ശ്രദ്ധിച്ച് പഠിച്ചു ആദ്യത്തെ നാലുമാസങ്ങൾക്കുള്ളിൽ അനേകർ മാനസാന്തരപ്പെട്ടു തത്ഫലമായി പതിനാറ് സ്ഥലങ്ങളിൽ സഭകൾ സ്ഥാപിക്കുവാൻ സാദ്ധ്യമായിത്തീർന്നു.

മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരും അവരുടെ പണികൾക്കുശേഷം അവിടെ സന്നിഹിതരായി കഥകൾ പഠിച്ചു ഈ രണ്ടിനം ബൈബിൾ സ്ക്കൂളുകളിലും 210 കഥകൾ വീതം പഠിക്കുന്ന പഠന ലക്ഷ്യം ഉണ്ടായിരുന്നു.

ഇൻഡ്യയിൽ ചില സ്ഥലങ്ങളിൽ വീടുകളിൽ വച്ചാണ് ഇപ്രകാരമുള്ള വാചികബൈബിൾ സ്ക്കൂളുകൾ നടത്തപ്പെടുന്നത്. ദിവസവും വൈകുന്നേരസമയങ്ങളിൽ രണ്ടുമൂന്ന് കുടുംബങ്ങളിലെ ആളുകൾ ഒരു വീട്ടിൽ സംബന്ധിക്കുകയും കഥകൾ പഠിക്കുകയും ചെയ്യുന്നു. അത് ഒരു സ്കൂൾ ആയി പ്രവർത്തിക്കുന്നു.

ഫിലിപ്പൈൻസിലുള്ള ഒരു സർഗ്ഗാത്മകപ്രവർത്തകൻ ആഴ്ചതോറും ഒരു റേഡിയോ പ്രോഗ്രാം നടത്താറുണ്ട്. സ്റ്റുഡിയോവിൽവച്ച് ഒരു ചെറിയ സദസിനോട് അദ്ദേഹം STS ശൈലിയിൽ കഥ പറയുന്നു. അതേ സമയം തന്നെ അത് പ്രക്ഷേപണം ചെയ്യുകയുമാണ്. അദ്ദേഹം ചോദ്യങ്ങൾ ചോദിക്കുമ്പോൾ ഫോൺ മുഖേനയോ മറ്റ് മാർഗ്ഗേനയോ ഉത്തരങ്ങൾ നൽകുന്നു. ചില സന്ദേശങ്ങൾ സ്റ്റുഡിയോവിൽ എത്തുന്നത്, ഭീകരപ്രവർത്തകർ വിഹരിക്കുന്ന പ്രദേശങ്ങളിൽ നിന്ന് ആയിരിക്കും.

അദ്ദേഹം റേഡിയോവിലൂടെ ഒരു ശില്പശാല നടത്തുവാൻ തീരുമാനിച്ചു. കഥാകാഥികനായ ഈ സഭാനേതാവ് റേഡിയോവിലൂടെ വാചിക ബൈബിൾ സ്കൂളിനെക്കുറിച്ച് സംസാരിക്കുവാൻ തുടങ്ങിയപ്പോൾ റേഡിയോവിലൂടെ ശില്പശാലയിൽ സംബന്ധിച്ചിരുന്നവർ അദ്ദേഹത്തോട് ഫോൺ ചെയ്തു ചോദിച്ചു. “ഞങ്ങളുടെ ദ്വീപിൽ ഒരു ശില്പശാലയോ ബൈബിൾ സ്കൂളോ നടത്തുവാൻ കഴിയുകയില്ലേ?” എന്ന്.

പ്രസ്തുത അഭ്യർത്ഥനയുടെ ഫലമായി ഒരു “മൊബൈൽ” (ചലിക്കുന്ന) വാചിക ബൈബിൾ സ്കൂൾ ആരംഭിച്ചു. മൂന്നു സ്ഥലങ്ങളിൽ, 7 പേർ, 13 പേർ, 17 പേർ എന്നീ ക്രമത്തിൽ അംഗങ്ങളുള്ള സംഘങ്ങളായി OBS പ്രവർത്തനം തുടങ്ങി. അവർ കഥകൾ പഠിച്ചു. ആഴ്ചയിൽ മൂന്ന് പ്രാവശ്യം വീതം ആ പഠിതാക്കൾ അവരുടെ അദ്ധ്യാപകരെ ടെലിഫോണിലൂടെ ബന്ധപ്പെട്ട് കഥകൾ പറഞ്ഞുകേൾപ്പിക്കുകയും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. കഥകളിൽ അവർ കണ്ടെത്തിയ സന്ദേശങ്ങൾ അദ്ധ്യാപകരോട് പറഞ്ഞിരുന്നു.

രണ്ടു വർഷങ്ങൾക്കുള്ളിൽ പഠന, ബോധനപദ്ധതികളുടെ വിവിധ പ്രവർത്തനരീതികൾ ആവിഷ്ക്കരിക്കപ്പെടുകയും ഒമ്പത് രാജ്യങ്ങളിലായി അറുപതിൽപരം വാചിക ബൈബിൾ സ്കൂളുകൾ പ്രവർത്തനക്ഷമം ആയിത്തീരുകയും ചെയ്തു.

ഏകദേശം 40% വാചിക ബൈബിൾ സ്കൂൾ വിദ്യാർത്ഥികളും വിദ്യാഭ്യാസം ഉള്ളവരും മറ്റ് ബൈബിൾ സ്കൂളുകളിൽ നിന്ന് ഡിപ്ലോമാ സമ്പാദിച്ചിട്ടുള്ളവരും ആയിരുന്നു. അവരിൽ ഭൂരിഭാഗം പേരും പാസ്റ്റർമാരോ സുവിശേഷകരോ ആയി ശുശ്രൂഷ ചെയ്യുന്നവരും ആകുന്നു.

വാചിക ബൈബിൾ സ്കൂളിൽ പഠിച്ച്, പഠനം പൂർത്തിയാക്കിയവരുടെ ശതമാനം 95 ആകുന്നു.

## വാചിക ബൈബിൾ സ്ക്കൂളിന്റെ സ്വാധീനം- ഞെട്ടൽ, ആശ്ചര്യം, ആദരവ്

ആഫ്രിക്കയിലെ ഡയറക്ടർ ഒരു പ്രധാനസംഗതി അന്വേഷിച്ചുകൊണ്ട് ഞങ്ങളെ ടെലിഫോണിൽ ബന്ധപ്പെട്ടപ്പോഴുണ്ടായ ഞെട്ടൽ എന്തായിരുന്നെന്ന് നിങ്ങൾക്ക് അനുമാനിക്കാമോ? ചോദ്യം ഇതായിരുന്നു ലേക് വിക്ടോറിയാദ്വീപിൽ ശില്പശാല ആരംഭിച്ച പ്രവർത്തകർക്ക് പുതിയൊരു പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടിവന്നു. ഈ ദ്വീപിലെ നിവാസികൾ ബഹുഭാര്യാത്വക്കാരാണ് ആതിഥേയരും, പാസ്റ്റർമാരും സഭാനേതാ

ക്കളും ഉൾപ്പെടെ, ശില്പശാലയിൽ സംബന്ധിച്ചിരുന്നവർ പലരും ബഹുഭാര്യാത്വക്കാരാണ്. ഞങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും? ഈ പ്രശ്നം ചർച്ചചെയ്യാനായി ഞങ്ങൾ ഏതെങ്കിലും പ്രത്യേകകഥകൾ തെരഞ്ഞെടുക്കണമോ?

പ്രാഥമികമായുണ്ടായ ഞെട്ടലിനുശേഷം ഞാൻ കർത്താവിനോട് അപേക്ഷിച്ചു. "ഞങ്ങൾ ഏത് കഥകളാണ് ഇതിനായി തെരഞ്ഞെടുക്കേണ്ടത്? വളരെ വേഗം, അതിന്റെ ഉത്തരം കർത്താവു നൽകി. നിങ്ങൾ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന ആദർശങ്ങൾക്കുവേണ്ടി പ്രത്യേക കഥകൾ യാതൊന്നും തെരഞ്ഞെടുക്കേണ്ടതില്ല. കഥകൾ ശ്രദ്ധിച്ച് കേൾക്കുന്നവർക്കുവേണ്ടി പരിശുദ്ധാത്മാവ് തനിക്ക് നൽകുവാനുള്ള സന്ദേശം ശില്പശാലയിൽ പഠിപ്പിക്കുന്ന സാധാരണ പാഠങ്ങളിലൂടെ പഠിതാക്കൾക്ക് നൽകുന്നതാണ്.

"ഇത് തീർച്ചയാണോ? ഉറപ്പുണ്ടോ?" ഡയറക്ടർ ആരാഞ്ഞു."ഈ സ്ഥലം എന്ത് വിദൂരതയിലാണെന്ന് ഓർക്കുക. എന്നോട് ഫോൺ ചെയ്തുചോദിച്ച അദ്ധ്യാപകൻ ഒരു മരക്കൊമ്പിൽ ഇരിക്കുകയാണ്. ഫോൺ നെറ്റ്വർക്ക് കിട്ടുന്നതിന് അവിടെ ഒരു സ്ഥലമേയുള്ളൂ. അതുകൊണ്ടാണ് അയാൾ മരത്തിൽ കയറി ഫോൺ ചെയ്തത് ഞങ്ങളുടെ ചോദ്യത്തിന് ഈ മറുപടി മതിയാകുമോ?"

ഞാൻ മറുപടി പറഞ്ഞു "ഉവ്വ്, കർത്താവ് നിങ്ങൾക്ക് നൽകുവാൻ ആഗ്രഹിക്കുന്ന മറുപടി അതു തന്നെയാണ് എന്ന് ഞാൻ മനസ്സിലാക്കുന്നു. ക്രിസ്തീയ ജീവിതത്തിൽ ബഹുഭാര്യാത്വം ആഭിലഷണീയമല്ല, ശരിയല്ല എന്നതാണ് നമ്മൾ മനസ്സിലാക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്നത്" എങ്കിലും പരിശുദ്ധാത്മാവ് പ്രസ്തുത സംഗതിക്കായി എന്ത് ഉപദേശം നൽകുന്നു എന്ന് ശ്രദ്ധിക്കുവാൻ ഞങ്ങൾ ഉപദേശിച്ചു. ആനുകാലികമായി, പരിശുദ്ധാത്മാവ് ഉചിതമായ നിർദ്ദേശം നൽകുന്നതാണ് മരക്കൊമ്പിൽ ഇരുന്ന അദ്ധ്യാപകൻ താഴെ ഇറങ്ങി. ഞങ്ങൾ എല്ലാവരും പ്രാർത്ഥന നിരതരായി.

ശില്പശാലയ്ക്കുശേഷം പഠിതാക്കളും അദ്ധ്യാപകരും എല്ലാം വീടുകളിലേയ്ക്ക് മടങ്ങിപ്പോയി, അനന്തരം ഇങ്ങനെ ഒരു റിപ്പോർട്ട് ഞങ്ങൾക്ക് അയച്ചുതന്നു.

"ശില്പശാല പരിശീലനക്ലാസ്സിന്റെ മൂന്നാംദിവസം, ഒരു കഥ രൂപകല്പന ചെയ്യുന്ന സംഘങ്ങളിൽ ഒന്നിൽ ഒരു ചർച്ച നടന്നു. നിങ്ങൾ ഊഹിക്കുന്നത് ശരിയാണ്- ബഹുഭാര്യാത്വത്തെക്കുറിച്ചായിരുന്നു. ചർച്ച. ആശ്ചര്യമെന്നുപറയട്ടെ, അദ്ധ്യാപകർ ആരുമായിരുന്നില്ല ആ വിഷയം അവതരിപ്പിച്ചത്. തീരുമാനങ്ങളോ പരിഹാരമാർഗ്ഗമോ കണ്ടെത്തിയില്ല; പക്ഷേ, പരിശുദ്ധാത്മാവ് ഒരു ചിന്താബീജം അവരുടെ ഹൃദയങ്ങളിൽ പ്രദാനം ചെയ്തു."

"ഈ വിശ്വാസികളും, പാസ്റ്റർമാരും ഞങ്ങളുടെ ചുറ്റും വന്നുകൂടി. ഞങ്ങളുടെ ദ്വീപിലേക്ക് ക്രിസ്തീയ അദ്ധ്യാപകർ ഇത് ആദ്യമാണ്, സന്ദർശിക്കുന്നത്. ഞങ്ങൾക്ക് വേണ്ടി വേദപുസ്തകം കൊണ്ടുവന്നു തന്നു. ഞങ്ങൾക്ക് മനസ്സിലാകുന്നവിധത്തിലാണ് അത് ഞങ്ങൾക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ളത്. എന്ന് അവർ പ്രസ്താവിച്ചു അവർക്കുവേണ്ടി ഒരു വാചിക ബൈബിൾ സ്ക്കൂൾ ആ ദ്വീപിൽ ആരംഭിക്കണമെന്ന് അവർ അഭ്യർത്ഥിച്ചു അങ്ങനെയാകട്ടെ എന്ന് ഞങ്ങൾ മറുപടി നൽകി. അങ്ങനെ രണ്ട് ആഴ്ചകൾക്ക് ശേഷം അവിടെ ബൈബിൾ സ്ക്കൂൾ ആരംഭിച്ചു."

സ്കൂൾ ആരംഭിച്ച് മൂന്നുമാസം കഴിഞ്ഞപ്പോൾ ഞങ്ങൾക്ക് ഡയറക്ടറിൽ നിന്ന് വിസ്മയകരമായ ഒരു റിപ്പോർട്ട് ലഭിച്ചു. (അപ്പോഴേക്കും പന്ത്രണ്ട് പഠിതാക്കളും അറുപത് കഥകൾ പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ടാവണം) ഞങ്ങളുടെ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് നൽകി: പഠിതാക്കൾക്ക് മാനസീക പരിവർത്തനം ഉണ്ടാക്കുവാൻ ദൈവം ഏതേത് കഥകളെയാണ് ഉപയോഗിച്ചതെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ, ഈ പ്രദേശത്തെ പാസ്റ്റർമാർ എല്ലാവരും ഐകകണ്ഠ്യേന തീരുമാനിച്ചു ബഹുഭാര്യാത്വം ശരിയല്ല എന്ന്. ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുകയില്ലെന്ന് അവർ തീരുമാനിച്ചു തിരുവചനത്തെ ബഹുമാനിക്കുന്നതി

നായി അവർ മറ്റൊരു തീരുമാനം കൂടി കൈക്കൊണ്ടു ബഹുഭാര്യാത്വം ഉള്ളവർ പാസ്റ്റർ സ്ഥാനത്തുനിന്ന് വിരമിക്കുന്നതാണ്, എന്ന്.

അതിനുശേഷം നാളിതുവരെ, പ്രസ്തുത വിശ്വാസികൾ അവരുടെ പ്രതിഷ്ടയിൽ ഉറച്ചുനിൽക്കുന്നു.

ഒരു വർഷത്തെ പഠനം പൂർത്തിയാക്കി അവർ ബിരുദമെടുത്തു. അനന്തരം അവർ മറ്റൊരു വാചിക ബൈബിൾസ്കൂളിന്റെ ബിരുദദാന ചടങ്ങിൽ ഇപ്രകാരം സാക്ഷ്യം പറഞ്ഞു.

"കഴിഞ്ഞ മൂന്നു കൊല്ലമായി ഞാൻ ആഫ്രിക്കയിലെ STS ഡയറക്ടറെ സ്വാധീനിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞങ്ങൾ നടത്തുന്ന അനാഥാലയത്തിന് പണം ആവശ്യമായിരുന്നു. അദ്ദേഹത്തിന് പാശ്ചാത്യലോകവുമായി സമ്പർക്കമുണ്ടായിരുന്നതുകൊണ്ട് ഞങ്ങളെ സഹായിക്കുമെന്ന് ഞാൻ പ്രത്യാശിച്ചു.

കഴിഞ്ഞ വർഷം ഞാൻ അദ്ദേഹത്തെ വീണ്ടും വന്നുകണ്ടു. പക്ഷേ, അദ്ദേഹം പണമൊന്നും തന്നില്ല. അതിനുപകരം എന്നെയും എന്റെ സഹവിശ്വാസികളെയും ദൈവത്തിന്റെ തിരുവചനങ്ങൾ പഠിക്കുന്നത് എങ്ങനെയാണെന്ന് അദ്ദേഹം പഠിപ്പിച്ചുതരുകയാണ് ചെയ്തത്."

ഈ കഴിഞ്ഞ ആഴ്ചയോടെ ഞങ്ങളുടെ അനാഥാലയത്തിൽ 70 അനാഥരുണ്ടായിട്ടുണ്ട്. അവർക്ക് എല്ലാവർക്കും സഹായം ലഭിക്കുന്നുണ്ട്. ഞങ്ങളുടെ സമൂഹത്തിനുണ്ടായ പരിവർത്തനത്തിന്റെ ഫലമായി ഞങ്ങളുടെ അനാഥാലായത്തെ സാമ്പത്തീകമായി സന്ധാരണം ചെയ്യുന്നതിന് ഞങ്ങളുടെ ജനസമൂഹം തന്നെയാണ് പരിശ്രമിക്കുന്നത്.

(ഒരു ജനസമൂഹത്തിന് മൊത്തത്തിൽ ഉണ്ടായ ഉല്പതിഷ്ണുത്വപരമായ സാംസ്കാരിക നവോത്ഥാനത്തെക്കുറിച്ച് ഞങ്ങൾ അത്ഭുതാധീനരായിത്തീർന്നു. ദൈവവചനം ശ്രദ്ധയോടെ കേട്ട് ഗ്രഹിച്ചതിന്റെ ഫലമായി പാരമ്പര്യങ്ങൾക്കും ആചാരങ്ങൾക്കും പരിവർത്തനം സംഭവിച്ചു. മനസ്താപത്തോടുകൂടി സമൂഹത്തിൽ രൂഢമൂലമായിരുന്ന ദുരാചാരങ്ങളെ മാറ്റുന്നതിനായി അവർ പ്രതികരിച്ചു. നിസ്സഹായരോട് അവർ സ്നേഹം പ്രകടിപ്പിച്ചു. അവരുടെ സ്വന്തം പണം ഉപയോഗിച്ച് അവരെ സഹായിപ്പാൻ തുടങ്ങി. തിരുവചനത്തെ ജീവിതത്തിൽ പ്രാവർത്തികമാക്കുന്ന യഥാർത്ഥ വ്യക്തിയെ യാക്കോബ് 1:27ൽ നാം കാണുന്നുവല്ലോ. പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ, അനാഥരെയും, വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്ന് കാണുന്നതും, ലോകത്തിലുള്ള കളങ്കം പറ്റാത്ത വണ്ണം തന്നത്താൻ കാത്തുകൊള്ളുന്നതും ആകുന്നു. ഈ വാക്യം, ആ ദ്വീപിലെ നിവാസികളിൽ സംഭവിച്ചതായ ധാർമ്മീകമായ പരിവർത്തനത്തെയും അനാഥരോടും വിധവമാരോടും അവർക്കുണ്ടായ പെരുമാറ്റ വ്യതിയാനത്തെയും വിശദീകരിക്കുന്നു.)

## ബിരുദധാരികൾ ജോലിതുടരുന്നു.

സാമ്പത്തീക സൗകര്യം ഉണ്ടായാൽ ഓരോ വാചിക ബൈബിൾ സ്ക്കൂൾ ബിരുദധാരിക്കും സൗരോർജ്ജം കൊണ്ടുപ്രവർത്തിക്കുന്ന ഓരോ ഓഡിയോ പ്ലേയർ സംഭാവനയായി നൽകുന്നതാണ്. ബിരുദസമ്പാദനശേഷം മിക്കപേരും പാസ്റ്റർമാരോ, അദ്ധ്യാപകരോ, സുവിശേഷകരോ ആയിത്തീരുന്നു. ഈ ശുശ്രൂഷകൾക്കും അതീതമായി അവരിൽ 25% പേരും വാചികബൈബിൾ സ്കൂളുകളിൽ മേൽനോട്ടക്കാരായി സേവനം അനുഷ്ഠിക്കാൻ സ്വയം തീരുമാനം കൈക്കൊള്ളുന്നു. പുതിയ വാചിക സ്ക്കൂളുകളിൽ അവർ STS അദ്ധ്യാപകരായി പ്രവർത്തിക്കുകയും ചെയ്യുന്നു. അദ്ധ്യാപകർ ശമ്പളം കൈപ്പറ്റാത്ത സന്നദ്ധസേവകരായി പ്രവർത്തിക്കുന്നു. അത്യാവശ്യമുള്ളപ്പോൾ അദ്ധ്യാപകർക്കും, മേൽനോട്ടക്കാർക്കും ചെലവുകുറവുള്ള യാത്രപ്പടിയും ഭക്ഷണച്ചെലവും നൽകാറുണ്ട്. ചിലപ്പോൾ, അത്യാവശ്യമുള്ളവർക്കായി ചെറിയതോതിൽ പ്രതിഫലവും നൽകാറുണ്ട്.

**പ്രാദേശീക ശാക്തീകരണം.**

ഒരു രാജ്യത്തിലെ TGSP ഡയറക്ടർക്ക് ഒരു ക്ഷണക്കത്ത് ലഭിച്ചു, ആ രാജ്യത്തിലെ എല്ലാ സ്ക്കൂളുകളിലും തിരുവചനപാഠങ്ങൾ ശുശ്രൂഷ ചെയ്യുന്നതിന്. സ്കൂളുകളിൽ ശുശ്രൂഷ ചെയ്യുന്നത് കൂടാതെ ഈ രാജ്യത്തെ STS അദ്ധ്യാപകരും പ്രവർത്തകരും സജീവമായി ശില്പശാലകളും, വാചികബൈബിൾ സ്കൂളുകളും നടത്തുകയും, മേൽനോട്ടം വഹിക്കുകയും ചെയ്യാറുണ്ട്. ആ ക്ഷണക്കത്തിന്റെ ഫലമായി ഞങ്ങൾ ദേശീയ ശാക്തീകരണം പുരോഗമിപ്പിക്കുകയുണ്ടായി. സാമ്പത്തികസഹായവും, ആവശ്യമായുള്ള പ്രവർത്തകരും പ്രവർത്തനസമയവും, സമർത്ഥമായും, ഫലവത്തായും ആവശ്യമുള്ള സ്ഥാനങ്ങളിൽ നൽകുന്നതാണ് പ്രാദേശികശാക്തീകരണം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

ഓരോ പ്രദേശത്തേക്കുമുള്ള പ്രവർത്തന പദ്ധതിയിൽ സുവിശേഷീകരണശുശ്രൂഷ, ശില്പശാലകൾ, വാചികബൈബിൾ സ്കൂളുകൾ എന്നിവ ഉൾപ്പെടുന്നു. 25 പ്രത്യേക ഗ്രാമങ്ങൾ ഉൾക്കൊള്ളുന്നതാണ് ഒരു പ്രദേശം. ഇത് സാദ്ധ്യമാക്കുന്നതിനായി മൂന്ന് അദ്ധ്യാപകർ ഒരു പ്രദേശത്തേയ്ക്ക് മൂന്ന് പ്രാവശ്യം പോയിരിക്കും. ഓരോ പ്രദേശത്തും ഓരോ വാചിക ബൈബിൾ സ്കൂൾ സ്ഥാപിക്കയും പരിശീലനം നടത്തുകയും ചെയ്യുന്നു. മൂന്നു പരിശീലനങ്ങൾക്കുശേഷം ഒരു അദ്ധ്യാപകൻ ഒരു പ്രദേശത്തെ പുതിയ ബൈബിൾ സ്കൂളിൽ തുടർച്ചയായി സന്ദർശിച്ചുകൊണ്ടിരിക്കും. അടുത്ത പതിനൊന്നു മാസങ്ങളിലും, വാചിക ബൈബിൾ സ്കൂളിന്റെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഈ അദ്ധ്യാപകൻ സന്ദർശനം നടത്തും.

പ്രാദേശീക ശാക്തീകരണത്തിൽ ദൈവത്തിന്റെ കഥയുടെ അച്ചടിച്ച പ്രതികൾ ദാനമായി നൽകുകയും, വേദപുസ്തക കഥകളും വായനഭാഗങ്ങളും അടങ്ങുന്ന ഓഡിയോ പ്ലേയറുകൾ നൽകുകയും മറ്റ് വിജ്ഞാന സ്രോതസ്സുകൾ പ്രദാനം ചെയ്യുകയും മറ്റും ചെയ്യുന്നു. അദ്ധ്യാപകരുടെ ഓരോ സന്ദർശനവും വിവിധോദ്ദേശ്യ പദ്ധതികൾ ആയതിനാൽ അവരുടെ യാത്രാചെലവുകൾ താരതമ്യേന ലഘുവായിരിക്കുമല്ലോ. ഭക്ഷണാവശ്യങ്ങൾക്കും മറ്റുമുള്ള ചെലവുകളും കുറവായിരിക്കും. ഓരോ പ്രദേശത്തും 2500ൽ അധികം ആളുകൾക്ക് ഈ ഓരോ സന്ദർശനവും പ്രയോജനം ചെയ്യും. ഓരോ സന്ദർശനവും പൂർത്തിയാകുമ്പോൾ പ്രാദേശിക നേതാക്കൾക്ക് പരിശീലനം കിട്ടിയിരിക്കും. അവർ ഗ്രഹിച്ചിട്ടുള്ള വിവിധത്തിൽ അവർക്ക് നിർവ്വഹിക്കുവാൻ കഴിയുന്ന വിധത്തിൽ അവർക്ക് നിർവ്വഹിക്കുവാൻ കഴിയുന്ന വിധത്തിൽ വേദപുസ്തകപാഠങ്ങളും കഥകളും പഠിപ്പിക്കുവാനും ശുശ്രൂഷിക്കുവാനുമുള്ള തയ്യാറെടുപ്പും പരിശീലനവും അവർക്ക് ലഭ്യമായിക്കഴിഞ്ഞിട്ടുണ്ടാവണം.

## അദ്ധ്യായം ഒൻപത് (9)

# തൂവൽ (മുള്ള്) പറിച്ചെടുക്കുക ചിന്താധാരയിലുണ്ടാകുന്ന വ്യതിയാനങ്ങൾ

## തൂവൽ (മുള്ള്) പറിച്ചെടുക്കുക: വാചികപ്രവർത്തനപരിപാടികൾ അനുവർത്തിക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ

മുള്ളൻ പന്നി അതിന്റെ ശത്രുക്കളിൽ നിന്ന് രക്ഷപ്പെടുന്നത് എങ്ങനെയാണ്? അതിനെ ഭീക്ഷണിപ്പെടുത്തുന്ന ജന്തുക്കളുടെ നേർക്ക് അതിന്റെ തൂവൽ (മുള്ളുകൾ) തെറിപ്പിക്കുന്നു. അതിന്റെ മുള്ള് നേരെ തെറിച്ചുചെന്ന് മറ്റു ജന്തുക്കളുടെ ശരീരത്തിൽ വേഗത്തിൽ തുളച്ചുകയറുന്നു. മുള്ളിന്റെ അറ്റത്തുള്ള ഉടക്ക് കാരണം അതിനെ വലിച്ചൂരി എടുക്കുമ്പോൾ വലിയ വേദന അനുഭവപ്പെടും.

ഈ അദ്ധ്യായത്തിന്റെ ശീർഷകമായ “തൂവൽ-മുള്ള് -പറിച്ചെടുക്കുക” എന്ന് നൽകിയിരിക്കുന്നത്, കാലാകാലങ്ങളായി അനുവർത്തിക്കുകയും അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുള്ള വിജയകരമായ ബോധന രീതികളെയും ഉപദേശരീതികളെയും പൊടുന്നനേ മാറ്റിക്കളയുന്നതിനുവേണ്ടിയല്ല. തൂവൽ-മുള്ളുകൾ ഈ ധാരണകളും വിശ്വാസങ്ങളുമാണ്.

കുറിപ്പുകൾ (നോട്ട്സ്) കൂടാതെ ഫലവത്തായി പഠിപ്പിക്കുവാൻ സാദ്ധ്യമല്ല.

ഒരു പാഠഭാഗത്തിന് പുറമേനിന്ന് വിജ്ഞാനവിവരങ്ങൾ ശേഖരിച്ച് ഉപയോഗിക്കണം.

പരമ്പരാഗതമായ ബോധനതന്ത്രങ്ങൾക്ക് അതീതമായി ഗഹനമായി പഠിപ്പിക്കാൻ സാദ്ധ്യമല്ല.

വിദ്യാഹിനർക്ക് വേദപുസ്തക പാഠങ്ങൾ പരസ്പരബന്ധത്തോടുകുടി പഠിക്കുവാൻ കഴിയുകയില്ല.

STS പഠനത്തിന്റെ ചിട്ടകളിൽ മിക്കവയെക്കുറിച്ചും പഠിതാക്കളും പരിശീലനാർത്ഥികളും പലപ്പോഴും ബുദ്ധിമുട്ടുന്നതായി ഞങ്ങൾക്ക് നിരന്തരം അനുഭവം ഉണ്ടാകാറുണ്ട്. വാചികപഠിതാക്കളേക്കാൾ വിദ്യാസമ്പന്നർക്കാണ്, വിശിഷ്യാ ദൈവശാസ്ത്രപഠനവും പരിശീലനവും സിദ്ധിച്ചിട്ടുള്ളവർക്കാണ് കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പെടാറുള്ളത്.

STS പഠനം ഗഹനമായി നടത്തുവാൻ ഉദ്യമിക്കുന്നവരോട് ഞങ്ങൾ പ്രോത്സാഹനാർത്ഥം പറയുന്നത് STS പാഠങ്ങളുടെ ആശയങ്ങൾ നന്നായി ഉൾക്കൊള്ളുകയും അവയെ പ്രായോഗികമാക്കാൻ പരിശ്രമിക്കുകയും ചെയ്യണമെന്നതാണ്. STS പഠനരീതി ഉൾക്കൊള്ളുന്നതിനായി വിദ്യാസമ്പന്നരായ പാസ്റ്റർമാരോടും സഭാനേതാക്കന്മാരോടും ഈ നവീന പഠനരീതി സ്വായത്തമാക്കണമെന്ന് ഞങ്ങൾ ഉപദേശിക്കുന്നതുകൊണ്ട് അതായത് കുറിപ്പുകൾ (നോട്ട്സ്) തയ്യാറാക്കുകയോ, എഴുതി എടുക്കുകയോ ചെയ്യരുത് എന്ന് നിർദ്ദേശിക്കുന്നത്, സ്വന്തം ശരീരത്തിൽ തുളച്ചുകയറിയിരിക്കുന്ന മുള്ളൻ പന്നിയുടെ തൂവൽ -മുള്ളുകൾ ശരീരത്തിൽ നിന്ന് പറിച്ചെടുക്കുന്നതിന് സമാനമായ ബുദ്ധിമുട്ടും വേദനയും ഉളവാക്കുന്ന സംഗതിയായിരുന്നു. ഞങ്ങൾ വലിക്കുന്നു. മുള്ളുകൾ ഊരിയെടുക്കുന്നു. പഠിതാക്കൾ ഔ എന്ന് നിലവിളിക്കുന്നു. പക്ഷേ മുള്ളുകൾ ഊരിമാറ്റിക്കഴിയുമ്പോൾ ഉണ്ടാകുന്നതോ? വലിയൊരു ആശ്വാസം! പഠിതാക്കൾ ആശ്ചര്യവും ആഹ്ലാദവും പ്രകടമാക്കും. കൂടുതൽ ഫലപ്രദമായ ഒരു കഴിവ് അവർക്ക് ലഭ്യമായതിലുള്ള സന്തോഷം അവരിൽ ഉത്ഭൂതമാകുന്നത് കാണാം.

## പരമ്പരാഗതപാഠ്യാവതരണവും STS ശൈലിയും തമ്മിൽ താരതമ്യം ചെയ്തുനോക്കാം

## ഒരു കഥ പഠിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന സാധാരണ രീതികൾ

ഒരു പാഠമോ കഥയോ പഠിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന പരമ്പരാഗതമായ രീതിയിൽ ആദ്യമായി കഥാഭാഗമോ, പാഠഭാഗമോ അദ്ധ്യാപകൻ വായിക്കുന്നു. അതിനുശേഷം ഓരോരോ വാക്യമായി വിശദീകരിക്കുകയും, വ്യാഖ്യാനിക്കുകയു ചെയ്യുന്നു. ചിലപ്പോഴാകട്ടെ, പാഠഭാഗം വായിക്കാതെ, അദ്ധ്യാപകൻ പാഠഭാഗത്തെ വാക്യം വാക്യമായി അവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യും. അനന്തരം വേദഭാഗം വായിക്കുന്നു. അതിനെ അടിസ്ഥാനമാക്കി മറ്റുവേദഭാഗങ്ങളും അനുബന്ധമായി ചേർത്ത് വ്യാഖ്യാനിക്കുന്നു. ആത്മീകസത്യങ്ങൾ കോർത്തിണക്കുകയോ, വെളിവാക്കുകയോ ചെയ്യുന്നു.

ചിലപ്പോൾ വേദപുസ്തകഭാഗങ്ങൾ അല്ലാതെ മറ്റുഗ്രന്ഥങ്ങളിൽ നിന്നുള്ള വിജ്ഞാന വിവരങ്ങൾ കൂടെ ചേർത്ത് പഠിപ്പിക്കുന്നു. എബ്രായഭാഷയിൽ നിന്നോ, യവന ഭാഷയിൽ നിന്നോ ഉള്ള വിശേഷമായ പദങ്ങൾ വ്യാഖ്യാനിച്ച് പാഠഭാഗത്തെ കൂടുതൽ വിജ്ഞാനപ്രദമാക്കുന്നു. അദ്ധ്യാപകന്റെ ആശയങ്ങൾക്ക് ഉപോത്ബലകമായ വേദവാക്യങ്ങളോ മറ്റ് ഉദ്ധരണികളോകൂടി അദ്ധ്യാപകൻ ഉപയോഗിക്കുന്നു. മിക്കപ്പോഴും ഒരു ഫലിതമോ, ഫലിതരസമുള്ള ചെറിയ കഥയോ പ്രാസംഗികൻ ഉപയോഗിക്കും, സദസ്യരായ ശ്രോതാക്കൾക്ക് ജിജ്ഞാ

സയും, ശ്രദ്ധയും ഉണ്ടാകുന്നതിന് അത് സഹായകമായിത്തീരും. പ്രായോഗികോപയോഗങ്ങൾ, ശ്രോതാക്കൾക്കു വേണ്ടി നൽകാനുണ്ടെങ്കിൽ അത് പ്രസംഗത്തിൽ ഇഴചേർത്ത് നെയ്തിരിക്കും. അല്ലെങ്കിൽ പ്രസംഗവസാന ത്തിൽ അത് അനുബന്ധമായി അവതരിപ്പിക്കും. പ്രാസംഗികനായ അദ്ധ്യാപകൻ തന്നെയാണ് അത് അവതരി പ്പിക്കുന്നത്. ശ്രോതാക്കളായ പഠിതാക്കൾ എന്താണ് ചെയ്യേണ്ടത് എന്നോ, എന്താണ് ചെയ്യരുതാത്തത് എന്നോ ആയിരിക്കും പ്രാസംഗികനോ, അദ്ധ്യാപകനോ പാഠാവസാനത്തിൽ പ്രസ്താവിക്കുന്നത്. പരമ്പരാഗതവും ചിരപരിചിതവുമായ ഈ ബോധനരീതി തെറ്റല്ല. എന്നാൽഒരു കഥയോ പാഠഭാഗമോ പഠിപ്പിക്കുന്നതിന് ഈരീതി മാത്രമല്ല നല്ല അവതരണരീതി

## STS ശൈലി

തികച്ചും വൈരുദ്ധ്യാത്മകമാണ് STS അവതരണശൈലി. ശ്രോതാക്കളായ പഠിതാക്കൾ സ്വയം ആത്മീ കസത്യങ്ങൾ കണ്ടുപിടിക്കുന്നു. വേദപുസ്തകത്തിൽ നിന്ന് ആത്മീക വിജ്ഞാനവിവരങ്ങൾ കണ്ടുപിടിക്കുന്ന തിന് പഠിതാക്കളെ അദ്ധ്യാപകൻ സഹായിക്കുന്നു, പ്രോത്സാഹനം നൽകുന്നു. സഭാജനങ്ങൾ എല്ലാവരും വേദപുസ്തകപഠനത്തിൽ ദത്തശ്രദ്ധരയിരിക്കുന്നത് കാണുവാൻ വെമ്പൽക്കൊള്ളുന്ന പാസ്റ്റർമാർ മറ്റൊരു സവി ശേഷ ദൃശ്യം കണ്ട് വിസ്മയാധീനരാകും. ശ്രോതാക്കൾ എല്ലാവരും സ്വയമായി ആത്മീകസത്യങ്ങൾ കണ്ടുപി ടിക്കുന്നതിൽ വാപൃതരായിരിക്കുകയും, ആത്മീകസത്യങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുന്നതിന്റെ സന്തോഷം അവരുടെ മുഖങ്ങളിൽ പ്രത്യക്ഷമാകുന്നത് പാസ്റ്റർമാർക്ക് കാണാൻ കഴിയുന്നു.

“STS എന്ന ഈ നവീനപദ്ധതിയും, അധികം സാക്ഷരത ഉൾക്കൊള്ളുന്ന പരമ്പരാഗതബോധനരീ തിയും തമ്മിലുള്ള വ്യത്യാസം ഇവയിൽ STS ന് വേദപുസ്തകത്തെ അപഗ്രഥനരീതിയിൽ വ്യാഖ്യാനിക്കുന്ന സ്വഭാവമില്ല. വേദപുസ്തകത്തിലെ തിരുവെഴുത്തുകളെ അംശാംശമായി വിഭജിച്ച് പരിശോധിക്കുന്ന രീതിയുമി ല്ല. പ്രത്യുത ചരിത്രപരമായ യാഥാർത്ഥ്യബോധത്തോടെ, ബൈബിളിനെ സംഭവങ്ങളുടെ ഒരു പരമ്പരയായി കാണുന്നു. STS ന്റെ പഠന-ബോധന പദ്ധതിയിൽ വേദപുസ്തകത്തിന്റെ സംഭവങ്ങൾ സജീവത്വമുള്ളതായി യാഥാർത്ഥ്യം ഉൾക്കൊള്ളുന്നതായി കാണുവാൻ കഴിയുന്നു. സമാന്തരയാഥാർത്ഥ്യങ്ങളായ വികാരവിശേഷ ങ്ങൾ, കഥാപാത്രങ്ങളുടെ ചേതോവികാരങ്ങൾ, വിഭാവനകൾ, ആത്മീകമായ പരസ്പരബന്ധങ്ങൾ മുതലായ വയും കഥയിലെ അടിയൊഴുക്കുകളായി കാണുവാൻ കഴിയുന്നുണ്ട്. ”

ഭൂലോകം എമ്പാടും “കഥകൾ മാത്രം ” അവതരിപ്പിക്കുമ്പോൾ നാം കൂടെക്കൂടെ കേൾക്കാറുള്ള പ്രതി കരണം ഇപ്രകാരമാണ്. “സമുന്നതവിദ്യാഭ്യാസം നേടിയിട്ടുള്ള പഠിതാക്കളെക്കാൾ കൂടുതൽ STS നിപുണത കൾ താരതമ്യേന കുറച്ച് വിദ്യാഭ്യാസം മാത്രം സമ്പാദിച്ചിട്ടുള്ളവരാകുന്നു. ഇതിന്റെ അർത്ഥം ഈ ലോക ത്തിൽ വിദ്യാവിഹീനരാണ് വിദ്യാസമ്പന്നരേക്കാൾ കൂടുതൽ സാമർത്ഥ്യമുള്ളവർ എന്നാണോ? ഒരിക്കലും അല്ല.”

## നമ്മൾ അത് അംഗീകരിക്കുന്നു.

മുമ്പ് പഠിച്ചിട്ടുള്ളതിൽനിന്ന് വ്യത്യസ്തമായ പുതിയൊരു സമ്പ്രദായം പഠിച്ച്, പരിശീലിച്ച് സ്വന്തം ആക്കു മ്പോൾ, അതിൽ സമ്പാദിച്ച വിജയത്തിന്റെ അടിസ്ഥാനത്തിൽ മുമ്പ് പഠിച്ചിട്ടുള്ളതും പരിശീലിച്ചിട്ടുള്ളതുമായ സമ്പ്രദായങ്ങളെ അവഗണിച്ചുകൊണ്ട് പുതിയസമ്പ്രദായത്തെ സ്വീകരിക്കുന്നത് ഒരു വെല്ലുവിളിയായി അനുഭ വപ്പെടാൻ സാദ്ധ്യതയുണ്ടല്ലോ. മുകളിൽ പ്രസ്താവിച്ചതുപോലെ, സമുന്നതമായി വിദ്യ ആർജ്ജിച്ചിട്ടുള്ളവർക്ക് ആയിരിക്കും STS ന്റെ പ്രവർത്തനപരിപാടികളെല്ലാം പ്രായോഗീകമായി വിനിയോഗിക്കുന്നതിന് കൂടുതൽ ബുദ്ധിമുട്ട് അനുഭവപ്പടുന്നത്.

STS പഠന പരിശീലന പ്രക്രിയയിൽ ഇപ്രകാരമൊരു അസന്തുലിതാവസ്ഥ വിദ്യാസമ്പന്നർക്ക് ഉണ്ടാ കുന്നതിന്റെ കാരണം വേഗത്തിൽ കണ്ടുപിടിക്കാൻ കഴിയുന്നതാണ്. STS ശില്പശാലയിൽ സംബന്ധിക്കുന്ന

സമുന്നതവിദ്യാസമ്പന്നരായ ക്രൈസ്തവരെല്ലാം STS നെ മനസ്സാ അംഗീകരിക്കുന്നുണ്ടെങ്കിലും, അവർ തിരുവചനം പഠിച്ച് STS ശൈലിയിൽ വാചികമായി അവരിപ്പിക്കാൻ ഉദ്യമിക്കുമ്പോൾ ഈ നവീന പദ്ധതി അവർക്ക് അപരിചിതവും, അന്യവുമായി അനുഭവപ്പെടുവാൻ ഇടയാകുന്നു. അവർ പഠിച്ചിട്ടുള്ള രീതികൾ അനുസരിച്ചാണ് അവരുടെ ശുശ്രൂഷകൾ അവർ കെട്ടിപ്പടുത്തിട്ടുള്ളത്. അത് വാചിക ബോധനരീതിയല്ല. ആകയാൽ STS ശൈലി അനുവർത്തിക്കാനുള്ള ശ്രമത്തിൽ അവർക്ക് ഈ പദ്ധതിയുടെ ഏതാനും ഭാഗങ്ങൾ മാത്രമേ പ്രായോഗികമാക്കാൻ കഴിയാറുള്ളൂ.

സമാനതയുള്ള വേദഭാഗങ്ങൾ പരാമർശിക്കാതിരിക്കുക

കുറിപ്പുകൾ (നോട്ട്സ്) എഴുതി എടുക്കാതെ പഠിക്കുക

കുറിപ്പുകൾ തയ്യാറാക്കാതെ പഠിപ്പിക്കുക.

ഒരു പാഠഭാഗം (വായനാഭാഗം) മാത്രം അവതരിപ്പിക്കുക.

പാഠഭാഗത്തിനുപുറമേയുള്ള യാതൊരു വിവരവും ഉൾപ്പെടുത്താതിരിക്കുക.

ലക്ചറിലൂടെയല്ലാതെ ചർച്ചകളിലൂടെ ആത്മീകസത്യങ്ങളിലേയ്ക്ക് ആനയിക്കുക.

കഥയെ ഉച്ചത്തിൽ വായിച്ചുകേൾപ്പിക്കാതെ ശ്രോതാക്കളോട് കഥപറയുക (അഥവാ വളരെ പരിമിതമായി കഥ വായിച്ചുകേൾപ്പിക്കുക)

ഒരു കഥ സ്വതന്ത്രമായി ഒറ്റയായി അവതരിപ്പിക്കുക.

ചർച്ചാവേളയിൽ വിവിധചിന്താവിഷയങ്ങൾ ചർച്ചചെയ്യുക. അദ്ധ്യാപകൻ പഠിപ്പിച്ച വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ആത്മീകസത്യങ്ങൾ കണ്ടെത്തുമെന്ന് വിശ്വസിക്കുക. അഥവാ, ചർച്ചകളിലൂടെ ആത്മീകസത്യങ്ങൾ കണ്ടുപിടിക്കപ്പെടുന്നവ എല്ലാം പരിഗണിക്കുക.

## ശ്രദ്ധിക്കേണ്ടതായ പ്രധാനസംഗതി

പരമ്പരാഗതമായ ബോധനരീതികളിൽ ഏതെങ്കിലും തെറ്റാണെന്ന് ഞങ്ങൾ പരിഗണിക്കുന്നില്ല. ഏതെങ്കിലും രീതിയെ തിരസ്കരിക്കണമെന്ന് അഭിപ്രായപ്പെടുന്നതുമില്ല. എന്നാൽ വാചികരീതിയിൽ പഠനം നടത്തുവാൻ ആവശ്യമുള്ള ജനങ്ങളുടെ ശതമാനം കൂടിക്കൊണ്ടിരിക്കുന്നതിനാൽ കൂടുതൽ കൂടുതൽ നവീനമായ ബോധനരീതികൾ കണ്ടുപിടിക്കുവാൻ ഇടയാകട്ടെ എന്ന് ഞങ്ങൾ ആശിക്കുകയാണ്. പുതിയ ബോധനരീതികൾ ആവിഷ്കരിക്കുന്നതിന് ഗവേഷകന്മാരെ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. വാചികരീതിയിൽ തിരുവചനം പഠിപ്പിക്കുന്നതിന് പാസ്റ്റർമാരും മറ്റ് ക്രൈസ്തവ വിദ്യാഭ്യാസ വിചക്ഷണന്മാരും ദത്തശ്രദ്ധ ചെലുത്തിക്കൊണ്ടിരിക്കുന്നതിൽ ഞങ്ങൾ അവരെ അനുമോദിക്കുന്നു. അവരെ ആദരിക്കുകയും ചെയ്യുന്നു.

ചുവടേ ചേർത്തിരിക്കുന്ന രണ്ട് റിപ്പോർട്ടുകൾ (ഒരെണ്ണം തായ്ലാന്റിൽനിന്നും ഒരെണ്ണം നൈജീരിയായിൽനിന്നും) പ്രകടമാക്കുന്നത്.മുകളിൽ സൂചിപ്പിച്ചിട്ടുള്ള അസ്വസ്ഥതയുണ്ടാക്കുന്ന സാഹചര്യങ്ങളെ എങ്ങനെ ഫലപ്രദമായി നേരിടുവാൻ കഴിയുമെന്നതിന്റെ ഉത്തരങ്ങൾ ആകുന്നു വാചികമായ പ്രവർത്തനപരിപാടികളുടെ പ്രാധാന്യം എന്താണെന്ന് അവ വ്യക്തമാക്കുകയും ചെയ്യുന്നു.

## തായ്ലാന്റിലുള്ള ഒരു യുവജനപ്രവർത്തകന്റെ നിരീക്ഷണറിപ്പോർട്ട്

വ്യക്തമായ ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടി പാഠക്കുറിപ്പുകൾ തയ്യാറാക്കി, ഉദ്ദേശ്യബോധത്തോടുകുടി പാഠാവതരണം നടത്തുന്നത് എന്റെ ചിരപരിചിതമായ പ്രവർത്തനരീതിയാണ്. പാഠാവതരണത്തിൽ ഉടനീളം ഞാൻ, പ്രസ്തുതലക്ഷ്യങ്ങൾ സാദ്ധ്യമാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്. പാഠം അവതരിപ്പിച്ച് കഴിഞ്ഞാലുടൻ എന്റെ പഠിതാക്കളായ ശ്രോതാക്കൾക്ക് അത് ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യാ

റുണ്ട്. അങ്ങനെയൊക്കെയാണെങ്കിലും, പാഠം പഠിച്ചുകഴിഞ്ഞ് അധികസമയം പിന്നിട്ടുന്നതിന് മുമ്പുതന്നെ, പഠിതാക്കൾ അത് ഓർമ്മിക്കുന്നതായി കാണാറില്ലായിരുന്നു, അവർ അത് മറന്നുപോകാറുണ്ടായിരുന്നു.

STS ൽ ആകട്ടെ, എന്റെ പാഠാവതരണത്തിലെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് സമാന്തരമായി വ്യക്തമായ ഒരു ലക്ഷ്യം പുരോഗമിക്കുന്നുണ്ട്. മറ്റ് ഒരു പ്രധാന വ്യത്യാസം ഞാൻ കാണുന്നത്, എന്റെ ശ്രോതാക്കളായ പഠിതാക്കൾ ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾക്ക് നൽകുന്ന ഉത്തരങ്ങളിൽ നിന്നും വ്യക്തമാകുന്ന സംഗതിയാണ്. അതായത്, ഞാൻ രൂപകല്പന ചെയ്തിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ പഠിതാക്കൾക്ക് കണ്ടുപിടിക്കുവാൻ കഴിയുന്നുണ്ട്. അവർ സ്വയമായി അത് കണ്ടുപിടിക്കുന്നതുകൊണ്ട് അത് അവരുടെ ഹൃദയമനസ്സുകളിൽ ദൃഢമായി മുദ്രണം ചെയ്യപ്പെടുന്നു. തത്ഫലം ആയി അത് ദീർഘകാലം അവരുടെ മനസ്സുകളിലും ഓർമ്മയിലും നിലനില്ക്കും. ഞാൻ പഠിപ്പിക്കാൻ ഉദ്ദേശിച്ച സംഗതികൾ അവർ സ്വായത്തമാക്കുന്നു.

## മറ്റാരുമല്ല, ദൈവം തന്നെ ആ കഥ എടുക്കുന്നതാണ്.

ചിന്താശീലരായ ചില ക്രിസ്തീയ നേതാക്കൾ ഒരു കഥ മാത്രം ഒരു പ്രാവശ്യം പഠിപ്പിക്കുന്നതിൽ ആകുല ചിന്ത ഉള്ളവരായിത്തീർന്നു  മറ്റു തിരുവചനഭാഗങ്ങളിൽ നിന്ന് അന്യമായി ഒരു കഥാഭാഗത്തെമാത്രം ഉപയോഗിക്കുന്ന രീതിയെക്കുറിച്ച് അവർ ആകുല ചിത്തരായി. ഉദാഹരണത്തിന്, ഒരിക്കൽ ഒരാൾ ഇങ്ങനെ ഞങ്ങളോട് ചോദിച്ചു: "വേദപുസ്തകത്തിലെ ഓരോ കഥയും ദൈവത്തിന്റെ വീണ്ടെടുപ്പ് പദ്ധതിയുടെ ഓരോ ഭാഗം ആയിത്തീരുന്നത് എങ്ങനെ എന്ന് ശ്രോതാക്കളായ പഠിതാക്കൾക്ക് മനസ്സിലാക്കിക്കൊടുക്കാമോ? യേശുക്രിസ്തു ക്രൂശിന്മേൽ വീണ്ടെടുപ്പ് കർമ്മം നിർവ്വഹിച്ചത് ഓരോരോ കഥ മുഖേന സൂചിപ്പിക്കാൻ കഴിയുമോ? (ലൂക്കോസ് 24:27 ഉം, അപ്പോ. പ്രവൃ 8:35ഉം വായിക്കുക) സുവിശേഷമാകുന്ന തിരുവചനത്തിന്റെ അതിബൃഹത് ആയ ചിത്രകഥയിൽ നിന്ന് അടർത്തി മാറ്റിയാൽ ബൈബിൾ കഥകൾ ഓരോന്നും ധാർമ്മീകമായ പെരുമാറ്റ മര്യാദകളുടെ പാഠഭാഗം അല്ലാതെ മറ്റൊന്നും ആയിത്തീരുന്നില്ല."

ചിന്താകുലതയുണ്ടാക്കുന്ന ഈ പ്രശ്നത്തിന് വിവിധ രീതികളിൽ നമുക്ക് പ്രതികരിക്കാൻ കഴിയും. ക്രൂശിന്റെ ശത്രുക്കൾ സർവ്വദാ യേശുവിനെ താഴ്ത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കും. മനുഷ്യവർഗ്ഗത്തിന്റെ ഭയങ്കരമായ നിസ്സഹായതയെ അവർ വിസ്മരിക്കുന്നു. ദൈവത്തിന്റെ വീണ്ടെടുപ്പിൽ പദ്ധതിയെ അവർ മറക്കുന്നു. ഈ വിധമായ ചതിവുകളെക്കുറിച്ച് നമ്മൾ സൂക്ഷ്മാവബോധം ഉള്ളവരാകുന്നു.

ഒരു കഥയിൽ മാത്രം ഒതുങ്ങി നില്ക്കുന്നതിനെക്കുറിച്ചുള്ള ചോദ്യത്തിന് നമ്മൾ ഉത്തരം കണ്ടെത്തുന്നു, അത് പരിശുദ്ധാത്മാവിന്റെ നിസീമമായ ശക്തിയും പ്രഭാവവുമാകുന്നു. കഥാവതാരകനായ അദ്ധ്യാപകൻ പാഠാവതരണത്തിനുമുമ്പായി പ്രത്യേകവിഷയങ്ങൾ തെരഞ്ഞെടുക്കുകയോ, കണ്ടെത്തുകയോ ചെയ്യേണ്ട കാര്യമില്ല. പാഠം (ബൈബിൾ കഥ) അവതരിപ്പിക്കുമ്പോൾത്തന്നെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ശ്രോതാക്കളായ ജനങ്ങൾക്ക് ലഭിക്കേണ്ടതായ ആത്മീകസന്ദേശം യഥാസമയം ജനഹൃദയങ്ങളിലേക്ക് സംപ്രേഷണം ചെയ്തുകൊള്ളും. ഒരു കഥയിൽ അന്തർഭവിച്ചിട്ടുള്ള സർവ്വവിധ സന്ദേശങ്ങളും ആത്മീക നിധികളും വിപാടനം ചെയ്തു കണ്ടെത്തുന്നതിനായുള്ള ചർച്ചകൾ പുരോഗമിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ ആത്മീകനിയോഗം  കൂടെ കൂടെ  ഉണ്ടായിക്കൊണ്ടിരിക്കും.

ലക്ചർ ശൈലിയിൽ തിരുവചനം അവതരിപ്പിക്കുമ്പോൾ ആരാണ് രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നതെന്ന് കണ്ടുപിടിക്കുവാൻ എളുപ്പമല്ല. കാരണമെന്തെന്നാൽ, രക്ഷാനേഷകർക്കായുള്ള ആഹ്വാനം പൊതുവായാണല്ലോ നൽകപ്പെടുന്നത്. താല്പര്യമുള്ളവരെ തിരിച്ച് അറിയുന്നില്ല. എന്നാൽ STS ശൈലിയിൽ തിരുവചനം അവതരിപ്പിക്കുമ്പോൾ അദ്ധ്യാപകൻ പഠിതാക്കളോട്, ചർച്ചാവേളയിൽ, നേരിട്ട് സംഭാഷണം ചെയ്യുന്നതിനാൽ ആരെല്ലാമാണ് പരിശുദ്ധാത്മാവിന്റെ പ്രചോദനം ഉൾക്കൊള്ളുന്നതെന്ന് നേരിട്ട് മനസ്സിലാക്കുവാൻ കഴിയുന്നു. സമൂഹമായി, "സംഭാഷണശൈലിയിൽ " ആത്മീകകാര്യങ്ങൾ ചർച്ചചെയ്യുക ആണല്ലോ.

ചർച്ചകൾ നടക്കുമ്പോൾ ആർക്കെങ്കിലും ദൈവത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ അറിയുവാൻ ആഗ്ര ഹമുണ്ടെന്നുകണ്ടാൽ അവരോട് ദൈവകാര്യങ്ങൾ കൂടുതലായി പറയുവാൻ കഴിയുമല്ലോ. ആർക്കെങ്കിലും യേശുവിനെക്കുറിച്ച് കൂടുതലായി അറിവാൻ താല്പര്യമുണ്ടായാൽ അവർക്ക് യേശുവിന്റെ സുവിശേഷം സമൃ ദ്ധമായി നൽകാവുന്നതാണ്. ആർക്കെല്ലാമാണോ ജിജ്ഞാസയുണ്ടാകുന്നത് അവരുടെ താല്പര്യങ്ങൾക്ക് അനു സൃതമായ പ്രതികരണം നൽകുവാൻ കഴിയുമല്ലോ. കഥാകാഥികനായ അദ്ധ്യാപകന് നേരിട്ട് സുവിശേഷാവത രണം നടത്താവുന്നതാണ്. തിരുവചനത്തിൽ നിന്ന് വീണ്ടെടുപ്പിനുവേണ്ടി ദൈവം നൽകിയിരിക്കുന്ന പദ്ധതി വിശദീകരിച്ചുകൊടുക്കാം. അടുത്ത് നൽകപ്പെടുന്ന റിപ്പോർട്ടിൽനിന്ന്, തിരുവചനത്തിലൂടെ പരിശുദ്ധാത്മാവ് ജനങ്ങളോട് എപ്രകാരം സംസാരിക്കുകയും, രക്ഷയിങ്കലേക്ക് ജനഹൃദയങ്ങളെ സ്വാധീനിക്കുകയും ചെയ്യുന്നു എന്ന് മനസ്സിലാക്കാവുന്നതാണ്.

നൈജീരിയായുടെ വടക്കൻ മേഖലയിലും കിഴക്കൻ മേഖലയിലുമായി അഞ്ച് STS ശില്പശാലകൾ നടത്തപ്പെട്ടു മൂന്നുമാസങ്ങൾക്കുശേഷം അദ്ധ്യാപകൻ നൈജീരിയായിലേക്ക് തിരിച്ചുചെന്നു. അവർക്ക് അത് പ്രയോജനകരമായോ എന്ന് അറിയുന്നതിനായി പരിശീലനക്ലാസ്സുകൾ നടത്തപ്പെട്ടപ്പോൾ അദ്ധ്യാപകൻ പഠി പ്പിച്ച സംഗതികൾ എല്ലാം നാല് ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിരുന്നു. അതുകൊണ്ട് ക്ലാസ്സുകൾ എത്രമാത്രം ഫലപ്രദമായിട്ടുണ്ടാവും എന്ന് അദ്ദേഹത്തിന് ഉറപ്പില്ലായിരുന്നു.

“അവർക്ക് അത് മനസ്സിലായെന്നു മാത്രമല്ല, അവർ അത് പരിശീലിപ്പിക്കുകയും, ഉപയോഗിക്കുകയും ചെയ്യുന്നു.” അദ്ധ്യാപകൻ അവരെക്കുറിച്ച് റിപ്പോർട്ട് നൽകി.

ഒരു സുവിശേഷപ്രവർത്തകൻ STS അദ്ധ്യാപകനോട് പറഞ്ഞു ഞാൻ ഒമ്പത് മുസ്ലീം യുവാക്കളെ കർത്താവിങ്കലേക്ക് നയിച്ചു എന്ന് ആ മുസ്ലീം യുവാക്കളെ സ്വാധീനിച്ചത് എന്തായിരുന്നു എന്ന് ആ സുവിശേ ഷകൻ ഞങ്ങളോട് പങ്കുവച്ചു. “പുതിയ വിശ്വാസികളായ മുസ്ലീങ്ങൾ ഇങ്ങനെയാണ് പറഞ്ഞത്. ”ബൈബിൾ കഥകളിലെ കഥാപാത്രങ്ങളെക്കുറിച്ച് ഞങ്ങൾക്ക് നേരത്തേ അറിയാമായിരുന്നു. പക്ഷേ, ഖുറാനിൽ അവരെ ക്കുറിച്ച് പൂർണ്ണമായിട്ട് പറഞ്ഞിട്ടില്ല. ആരും അതെക്കുറിച്ച് പറഞ്ഞിട്ടുമില്ല. അവരെ സ്പർശിച്ചതായ കഥ ഏതാ യിരുന്നു എന്ന് ആ സുവിശേഷകനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് പുറപ്പാട് 17-ലെ മോശെയും പാറയും എന്ന കഥയായിരുന്നു എന്നാണ്.

STS ന്റെ ഒരു മുതിർന്ന അദ്ധ്യാപകനായ എനിക്ക് ആ റിപ്പോർട്ട് കേട്ടപ്പോൾ അത്ഭുതം തോന്നി. അതു കൊണ്ട് ഞാൻ ചോദിച്ചു. “അവരെ സ്പർശിച്ചതായ സംഗതി, ആ കഥയിൽ എന്തായിരുന്നു?” STS അദ്ധ്യാപ കൻ വിവരിച്ചു.

“ആ സുവിശേഷകൻ എന്നോട് ഇങ്ങനെയാണ് പറഞ്ഞത്. ആ നവവിശ്വാസികൾ അവരുടെ അനുഭവം പ്രസ്താവിച്ചു. ഞങ്ങൾ ആ കഥ കേൾക്കുകയും അതെക്കുറിച്ച് തമ്മിൽ ചർച്ചചെയ്യുകയും ചെയ്തപ്പോൾ കണ്ടത് മോശെയുടെ ജനം മോശയെ ബഹുമാനിച്ചില്ല എന്നുമാത്രമാണ്. എന്നാൽ ആ ജനങ്ങൾക്കായി താൻ എന്താണ് ചെയ്യുക എന്ന് മോശെ ദൈവത്തോട് ആലോചന ചോദിച്ചു. മോശെ ജനങ്ങൾക്കുവേണ്ടി കരുതി. പക്ഷേ, നമ്മുടെ നേതാക്കൾ നമുക്കുവേണ്ടി കരുതുന്നില്ല. ദൈവം ആ ജനങ്ങളെ ശിക്ഷിച്ചില്ല. ദൈവം അവർക്ക് ദാഹജലം നൽകി അവരോട് കരുണ കാണിച്ചു ആ ദൈവത്തെയാണ് ഞങ്ങൾക്ക് വേണ്ടത്.

ഞാൻ സ്വയം ചിന്തിച്ചു, “സുവിശേഷീകരണത്തിനുവേണ്ടി എനിക്ക് മോശെയുടെ കഥ തെരഞ്ഞെടു ക്കാമായിരുന്നോ? മുസ്ലീംങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ കഴിയുന്ന നല്ലൊരു കഥയായി അത് എന്റെ ലിസ്റ്റിൽ ഉൾപ്പെടുത്താമായിരുന്നില്ലേ? ഇല്ല; അതു തെരഞ്ഞെടുക്കേണ്ടതില്ല. തിരുവചനത്തിലൂടെ ബൈബിൾ കഥകളി ലൂടെ, ദൈവസന്നിധിയിലേക്ക് എപ്രകാരമാണ് ആകർഷിക്കപ്പെടുന്നതെന്ന് ഞാൻ പഠിക്കുന്നതിന് മുമ്പ് ആ വിഷയം ഞാൻ തെരഞ്ഞെടുക്കേണ്ടതില്ല. ദൈവസന്നിധിയിലേക്ക് അടുക്കുവാൻ ആഗ്രഹവും ആവശ്യവും ഉള്ളവരെ തിരുവചനം ആകർഷിച്ച് അടുപ്പിക്കും.

ആ കഥ എന്റെ അദ്ധ്യാപന വിഷയങ്ങളുടെ ലിസ്റ്റിൽ ഉണ്ടായിരുന്നാലും ഇല്ലെങ്കിലും, അത് പരിശുദ്ധാത്മാവിന്റെ ലിസ്റ്റിൽ ഉണ്ടായിരുന്നു. STS ന്റെ ഉപയോഗത്തിൽ ഇത് നാം വീണ്ടും വീണ്ടും കാണുന്നുണ്ട്. ദൈവ വചനം സമ്പൂർണ്ണമായി നാം അവതരിപ്പിക്കുമ്പോൾ അദ്ദേഹം റിപ്പോർട്ടിൽ എഴുതിയിരിക്കുന്നതുപോലെ, ചർച്ചകളിലൂടെ ശ്രോതാക്കളായ പഠിതാക്കൾ അതിൽനിന്ന് ആത്മീകനിധികൾ കണ്ടുപിടിക്കുന്നതോടൊപ്പം ദൈവത്തിന്റെ അസാമാന്യമായതും അഭൗമമായതുമായ, മഹത്തായ ശക്തി വിപാടനം ചെയ്യപ്പെടുകയാണ്."

പുറപ്പാട് 17-ലെ കഥയോട് അനുബന്ധിച്ച് മറ്റൊരുകഥകൂടി പറയുവാൻ താല്പര്യപ്പെടുന്നവരെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നതാണ്. ശ്രോതാക്കളായ പഠിതാക്കൾ ചർച്ചചെയ്തിട്ടുണ്ടാവും ദൈവം ഒരു പാറയിൽ നിന്ന് ജീവദായകമായ ജലം പ്രദാനം ചെയ്തതിനെക്കുറിച്ച് അനന്തരം 1 കൊറിന്ത്യർ 10: 1-6 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള കഥ അനുബന്ധമായി ശ്രവിക്കുമ്പോൾ അവരുടെ കണ്ണുകൾ ആശ്ചര്യകൊണ്ടും ആദരവുകൊണ്ടും വികസിതമാകുന്നതാണ്. പാറയിൽനിന്ന് ജലം നൽകപ്പെട്ടതായ പൂർവ്വകഥയിൽ പാറയുടെ പ്രാധാന്യം വിവരിക്കപ്പെട്ടിരിക്കുന്നത് അവർ ശ്രദ്ധിച്ച് ഗ്രഹിച്ചിട്ടുണ്ടാവണം. "..........എല്ലാവരും ഒരേ ആത്മീക പാനീയം കുടിച്ചു. -അവരെ അനുഗമിച്ച ആത്മീക പാറയിൽ നിന്നല്ലൊ അവർ കുടിച്ചത്, ആ പാറ ക്രിസ്തു ആയിരുന്നു.- " ജനങ്ങൾ പുതിയ കഥയിലെ സാദൃശ്യപാഠം തിരിച്ചറിയുന്നു. മുൻകുറിശാസ്ത്രം " അനുസരിച്ച് ആ പാറ ക്രിസ്തു ആകുന്നു എന്ന് മനസ്സിലാക്കുകയും യേശുവിന്റെ ചിത്രം അവിടെ ദർശിക്കുകയും ചെയ്യുന്നു.

ആ കഥകൾ രണ്ടും വീണ്ടെടുപ്പിന്റെ ഒരുപദ്ധതിയാണ് പ്രസ്താവിക്കുന്നത്. ചരിത്രപരമായി, കാലക്രമപ്രകാരമാണ് ദൈവത്തിന്റെ വീണ്ടെടുപ്പ് പദ്ധതി ആവിഷ്കൃതമായിരിക്കുന്നത്. മൂൻകുറിശാസ്ത്രപ്രകാരം അതിൽ രണ്ടാമത്തെ കഥയാണോ ആ മുസ്ലീം യുവാക്കളോട് സംസാരിച്ചത്? അല്ലാ അതായിരുന്നില്ല. നൈജീരിയായിൽ നിന്നുള്ള റിപ്പോർട്ടിൽ നിന്ന് നിങ്ങൾ പ്രത്യേകം ശ്രദ്ധിച്ചില്ലേ മോശെയുടെയും പാറയുടെയും കഥയിലെ എന്ത് ചിന്താവിഷയമാണ് ആ ഒമ്പത് മുസ്ലീം യുവാക്കളെയും ദൈവത്തെക്കുറിച്ച് അവർക്ക് എങ്ങനെ അറിയുവാൻ കഴിയുമെന്ന് ചിന്തിപ്പിച്ചത് എന്ന്? ഉവ്വ്, അത് ദൈവത്തിന്റെ കരുണയുടെ ദൃശ്യമായ തെളിവ് അവർക്ക് ഗ്രഹിപ്പാൻ കഴിഞ്ഞതാണ്. അതുകൊണ്ടാണ് അവർ ദൈവത്തിന്റെ കരുണയെക്കുറിച്ച് കൂടുതൽ അറിവാൻ ആഗ്രഹിച്ചത്. മോശെയുടെയും പാറയുടെയും കഥ പറഞ്ഞ സുവിശേഷകൻ, ആ കാരണത്താൻ ദൈവത്തിന്റെ നിസീമമായ കരുണയെക്കുറിച്ച് ആ യുവാക്കളോട് വിവരിച്ചുപറയുകയുണ്ടായി. വിശ്വാസത്തിലേക്കുള്ള രാജവീഥി ആ യുവാക്കൾക്ക് അദ്ദേഹം കാണിച്ചുകൊടുത്തു. ദൈവപുത്രനായ യേശുക്രിസ്തുവിലൂടെ ദൈവത്തെക്കുറിച്ച് അവർക്ക് മനസ്സിലാക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞുകൊടുത്തു.

## ലേഖനങ്ങളുടെ കാര്യം എന്താണ്?

വാചികബോധനരീതികളാൽ ആവരണം ചെയ്യപ്പെട്ട് ബൈബിൾ കഥകൾ പഠിപ്പിക്കുമ്പോൾ വിഷയാനുക്രമബന്ധവും ചിന്താവ്യതിയാനങ്ങളും സംഭവിക്കുന്നതിനോടൊപ്പം തന്നെ, പരസ്പരബന്ധങ്ങളും, സാദൃശ്യങ്ങളും, സമാനതകളും ഉരുത്തിരിയുകയും ചെയ്യുന്നുണ്ട്. ദൈവവചനങ്ങളെ, സമസ്തമായും, സ്നേഹിക്കുന്നവരും, ദൈവീകാലോചനകൾ സർവ്വതും സാർത്ഥകമാണെന്ന് വിശ്വസിക്കുന്നവരുമായ നിരവധി ആളുകൾ വിശേഷതരമായ ഈ  ചോദ്യം ചോദിക്കാറുണ്ട്. "ലേഖനങ്ങളുടെ കാര്യം എന്താണ്?" എന്ന്. പരിഗണനയ്ക്ക് വേണ്ടി ഞങ്ങൾ നിരവധി പ്രത്യുത്തരങ്ങൾ നൽകാറുണ്ട്.

## അവയിൽ ഒരെണ്ണം ഇതാണ്.

ദീർഘകാലമായി വേദപുസ്തകകഥകൾ അപഗ്രഥിക്കപ്പെടുകയും ഖണ്ഡശ്ശ വിവിധഭാഗങ്ങളായി വ്യാഖ്യാനിക്കപ്പെടുകയും ഓരോരോ വിഷയങ്ങളെ  അവതരിപ്പിക്കുന്നതിനും വിശദീകരിക്കുന്നതിനും ഉദാഹരണങ്ങളും ദൃഷ്ടാന്തങ്ങളുമായി ഉപയോഗിക്കപ്പെടുകയുമാണ് ഉണ്ടായിട്ടുള്ളത്. ദൗർഭാഗ്യവശാൽ വാചിക പഠിതാ

ക്കൾക്ക് അത് പ്രയോജനരഹിതമായിരുന്നു. അവയെ ഗ്രഹിക്കുന്നതിനും അനുസ്മരിക്കുന്നതിനും അവ ഓരോന്നും സമ്പൂർണ്ണമായി അവതരിപ്പിക്കേണ്ടത് ആവശ്യമായിരുന്നു. ബൈബിൾ കഥകൾ എഴുതപ്പെട്ടിരിക്കുന്നതുപോലെ തന്നെ അവതരിപ്പിക്കപ്പെടണം.

വാചികമായ ബോധനരീതികൾ അവലംബിച്ചുകൊണ്ട് ബൈബിൾ കഥകൾ അവതരിപ്പിക്കുന്നതുമുഖേന വേദപുസ്തകത്തിലെ 75% പഠന വിഷയങ്ങളും ഭൂലോകത്തിലെ 80% ജനങ്ങൾക്കും വ്യക്തമായി ഗ്രഹിക്കുവാൻ സാദ്ധ്യമാകുന്നുണ്ടെങ്കിൽ അത് വിജയകരമായ പദ്ധതിയായി ആഘോഷിക്കപ്പെടേണ്ടതാണ്.

ബൈബിൾ കഥകളും വേദഭാഗങ്ങളും വിജയകരമായി പഠിപ്പിക്കുന്നതിനും പ്രസംഗിക്കുന്നതിനും വാചികബോധനരീതി ഉപയോഗിക്കുന്നത് വേദപുസ്തകാനുസൃതവും സുശക്തവുമാണെന്ന് ക്രിസ്തീയ അദ്ധ്യാപകരും പാസ്റ്റർമാരും മിഷണറിമാരും അംഗീകരിച്ചുകൊണ്ടിരിക്കുന്നത് ഞങ്ങൾക്ക് സന്തോഷജനകവും, പ്രോത്സാഹനപ്രദവും ആയി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. STS ന്റെ പ്രായോഗികഫലമായി, താത്വിക സിദ്ധാന്തത്തിനും അതീതമാണ്. വാചികബോധനരീതിയിലൂടെ ബൈബിൾ കഥകൾ സമ്പൂർണ്ണമായി അവതരിപ്പിക്കുകയും ആനുഷങ്കികമായി ചർച്ചകൾ ചെയ്ത് ആത്മീകസത്യങ്ങൾ പരസ്പരബന്ധത്തോടെ കണ്ടെത്തുകയും ചെയ്യുന്നതിന് ഉദ്യമിക്കുന്ന എല്ലാവർക്കും ദൃശ്യവും, അനുകൂലാത്മകവുമായ ഫലങ്ങൾ ലഭ്യമാകുന്നതാണ്.

വേദപുസ്തകകഥകൾ വാചികരീതിയിൽ പഠിപ്പിക്കുന്ന "കഥകൾ മാത്രം" പദ്ധതിയുടെ അനിതരസാധാരണമായ ഫലപ്രാപ്തി, അത് ആഗോളവ്യാപകമായി ഉപയോഗിക്കപ്പെട്ടുതുടങ്ങിയതിന് മുമ്പുതന്നെ, അതിന്റെ ആവിഷ്കരണകാലമായ ആദ്യത്തെ അഞ്ചു കൊല്ലങ്ങൾക്കുള്ളിൽ പ്രവർത്തനം നടത്തിയ സ്ഥലങ്ങളിൽ എല്ലാം തന്നെ സംതൃപ്തിജനകമായി ദൃശ്യമായിട്ടുണ്ടായിരുന്നു. 90 രാഷ്ട്രങ്ങളിൽ STS ന്റെ പ്രവർത്തനം അവതരിപ്പിക്കപ്പെടുകയും ഉപയോഗിക്കപ്പെടുകയും ചെയ്തിരുന്നു.

ഫിലിപ്പൈൻസിൽ ഞങ്ങൾ നടത്തിയ മൂന്ന് ശില്പശാലകൾക്കുശേഷം, STS പദ്ധതിയുടെ വളർച്ചയുടെ ദൃഷ്ടാന്തം ഞങ്ങൾക്ക് കാണുവാൻ കഴിഞ്ഞു. ഒരു ആതിഥേയൻ ഞങ്ങൾക്ക് ഒരു എഴുത്ത് അയച്ചു. അതിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ശില്പശാലകൾ നടത്തപ്പെട്ടിട്ട് നാല് മാസങ്ങൾക്ക് ശേഷം ഞാൻ അതിലെ പഠിതാക്കളിൽ പലരെയും കാണാനിടയായി. 1400 പേർക്ക് STS പരിശീലനം ലഭിച്ചുകഴിഞ്ഞു. 25 ഭാഷകളിൽ STS പഠനം നടത്തപ്പെട്ടു"

വിക്ളിഷ് പ്രസിദ്ധീകരണങ്ങളുടെ ഒരു പരിഭാഷക അമേരിക്കയിൽ നടത്തപ്പെട്ട ഒരു ശില്പശാലയിൽ സംബന്ധിച്ചിരുന്നു. അവരുടെ ഗ്രാമത്തിലെ ഏതാനും ഗ്രാമീണനേതാക്കളെ ഒരു ശില്പശാലയിലേക്ക് തുടർ പരിശീലങ്ങൾക്കായി അയച്ചു. മൂന്നുമാസങ്ങൾക്കുശേഷം, അവരിൽ അഞ്ച് ഫിലിപ്പിനോഗ്രാമീണർ - അവിടെ പരിശീലനം നേടിയിട്ട് ഒരു നഗരത്തിലേക്ക് പോയി ഒരു ശില്പശാല അവിടെ ആരംഭിച്ചു. പിന്നൊരിക്കൽ ആ വിക്ളിക് പരിഭാഷക ഞങ്ങൾക്ക് എഴുതിയത് "അവിടെ പഠനപരിശീലനംനടത്തിയ വിദ്യാസമ്പന്നരായ പാസ്റ്റർമാർ ആ ശില്പശാലയിലെ അദ്ധ്യാപകരോടുചോദിച്ചു." നിങ്ങൾക്ക് ഇനിയും എന്ന് വരാൻ കഴിയും, ഞങ്ങളെ കൂടുതൽ കാര്യങ്ങൾ പഠിപ്പിക്കാനായി?" അവരെ പരിശീലിപ്പിച്ച അഞ്ച് അദ്ധ്യാപരിൽ മൂന്ന് പേര് നിരക്ഷരരായിരുന്നു എന്ന് ആ പാസ്റ്റർമാർക്ക് അറിഞ്ഞുകൂടായിരുന്നു.

പുതുതായി ശാക്തീകരണം ലഭിച്ച വാചിക പഠിതാക്കളിൽ ഭൂരിഭാഗവും നിരക്ഷരരാണ്. അവരുടെ ആശയഗ്രഹണപാടവം അവർ പ്രകടമാക്കാറുണ്ട്. മറ്റുള്ളവരോട്, അവർ പഠിച്ചകഥകൾ തികവോടും വ്യക്തതയോടും കൂടി പങ്കിടുന്നതിൽ നിന്ന് അവർ നന്നായി പഠിച്ചിട്ടുണ്ട് എന്ന് വ്യക്തമാകുന്നു. ഒരു വർഷത്തിനുള്ളിൽ അഞ്ചോ ആറോ പ്രാവശ്യം വാചികശില്പശാലകൾ വിജയകരമായി നടത്തപ്പെട്ടതിന്റെ റിപ്പോർട്ടുകൾ ഞങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നു. കഥകൾ പറഞ്ഞുകൊടുത്തു പഠിപ്പിച്ചിട്ടുള്ളവ അടുത്തടുത്ത പുതിയ ക്ലാസ്സുകളിലേക്ക് പറഞ്ഞുകൊടുത്തുകൊണ്ടുള്ള ബോധനവും, പഠനവും നിരന്തരമായി നടന്നുകൊണ്ടിരിക്കുന്നു. നാം കണ്ടുകൊണ്ടിരിക്കുന്ന ആത്മീകഫലത്തിന്റെ സമ്പത്ത് ദൈവവചനത്തിന്റെ അധികാരശക്തിയുടെ അനു

ഭവസാക്ഷ്യമാണ്. "കഥ" എന്ന തനതായ ആവരണത്തിനുള്ളിലാണ് ദൈവവചനം നൽകപ്പെട്ടുകൊണ്ടിരിക്കുന്നത്.

ആഹ്, പക്ഷേ, ..... എന്നാലും, ലേഖനങ്ങളുടെ കാര്യം എന്താണ്? ( ലേഖനങ്ങളെ എങ്ങനെ STS ശൈലിയിൽ അവതരിപ്പിക്കും?)

വേദപുസ്തകത്തിലെ ഏതുഭാഗം പഠിപ്പിക്കുന്നതിനും STS ന്റെ അടിസ്ഥാനതത്വങ്ങൾ ഉപയോഗിക്കാവുന്നതാണ്.

100% STS രീതികൾ ഉപയോഗിച്ച് ലേഖനങ്ങൾ പഠിപ്പിക്കാം. എന്നതിന് ശില്പശാലകളിൽ ഏതാനും ലേഖനഭാഗങ്ങൾ മാതൃകയായി പ്രകടിപ്പിക്കാറുണ്ട്. സങ്കീർത്തനങ്ങളിൽ നിന്നും ലേഖനങ്ങളിൽനിന്നും ഓരോ ഭാഗങ്ങൾ തെരഞ്ഞെടുത്ത് അവതരിപ്പിക്കുകയും STS രീതികൾ എങ്ങനെ പ്രയോഗിക്കാമെന്ന് പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഈ ഭാഗങ്ങൾ കഥകളായി പരിഗണിക്കപ്പെടാവുന്നവയല്ലെന്നതാണ് പ്രത്യേകസംഗതി. എന്നാൽ മറ്റ് അനേകം ഭാഗങ്ങൾ ലേഖനപുസ്തകങ്ങളിലും, പദ്യപുസ്തകങ്ങളിലും പ്രവചനപുസ്തകങ്ങളിലും, കഥയുടെ ഘടനയും രൂപവും ഉള്ളവയായി നമുക്ക് കാണുവാൻ കഴിയും. ആകയാൽ അവയെല്ലാം STS രീതിയിൽ ആകർഷകമായി അവതരിപ്പിക്കാവുന്നവയാണ്.

ഒന്നാം സങ്കീർത്തനത്തിന്റെ അഞ്ചുവാക്യങ്ങൾ നിങ്ങൾക്ക് പരിചിതമാണെങ്കിൽ കണ്ണുകൾ അടച്ച് വൈസ്കൗൺസലർ ചോദിച്ചതുപോലുള്ള ചോദ്യങ്ങൾ ചോദിച്ചുനോക്കുക. ഒന്നാം സങ്കീർത്തനത്തിലെ രണ്ടു മനുഷ്യർ എന്തൊക്കെയാണ് ചെയ്യുന്നതെന്ന് കണ്ടുപിടിക്കുക. അവർ തെരഞ്ഞെടുത്ത കാര്യങ്ങൾ ശ്രദ്ധിക്കുക. അവർക്ക് എന്ത് ചെയ്യാമായിരുന്നു എന്നുകൂടി ചിന്തിക്കുക. അതിന്റെ ഫലങ്ങൾ ശ്രദ്ധിക്കുക. അവർ തെരഞ്ഞെടുത്ത കാര്യങ്ങളുടെ സ്വാധീനശക്തി ശ്രദ്ധിക്കുക. അവരുടെ ജീവിതങ്ങളിൽ ദൈവം ഇടപെടുന്നത് എങ്ങനെ എന്ന് നോക്കുക. ദൈവത്തിന്റെ സ്വഭാവവിശേഷത ശ്രദ്ധിക്കുക.

വീണ്ടും കണ്ണുകൾ അടച്ച് മറ്റൊരു സുപരിചിതമായ ഭാഗം പരിഗണിക്കുക. ഇടയ ഗായകനായ ദാവിദ് 23-ാം സങ്കീർത്തനത്തിൽ തന്റെ ആടുകളെ വർണ്ണിക്കുന്നത് എത്ര ഹൃദ്യവും വ്യക്തിപരവും, ആത്മാർത്ഥവുമാണെന്ന് നിങ്ങളുടെ മനസ്സിൽ ചിന്തിക്കുക, ദർശിക്കുക. (ഈ ഹാൻഡ്ബുക്കിൽ മുമ്പ് ഒരു ഭാഗത്ത് രമേഷിനെയും 23-ാം സങ്കീർത്തനത്തെയും കുറിച്ച് പറഞ്ഞിട്ടുള്ളതിലും അധികം കാര്യങ്ങൾ നിങ്ങൾക്ക് ശ്രവിക്കുവാൻ കഴിയും.) ആടിനെ ശ്രദ്ധിക്കുക, നന്നായി ആലോചിക്കുക. കഥമുഴുവൻ ശ്രദ്ധിച്ച് കേൾക്കുകയും ഗ്രഹിക്കുകയും ചെയ്തതിനുശേഷം വേണം നിങ്ങൾ പ്രായോഗികോപയോഗത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ ചോദിക്കേണ്ടത്. നിങ്ങൾ കഥയിൽ നിരീക്ഷിച്ച സംഗതികളെ അടിസ്ഥാനമാക്കി ചോദ്യങ്ങൾ ചോദിക്കണം. ഇടയർ എന്ന നിലയിൽ നമ്മെ സംബന്ധിക്കുന്ന കാര്യങ്ങൾ എന്തെല്ലാം? യേശു ആകുന്ന ഇടയന്റെ പ്രത്യേകതകൾ ഏവ?

യശയ്യാവ് 1:10-20 വാക്യങ്ങളിലുള്ള കഥാരൂപം ശ്രദ്ധിക്കുക. റോമർ 1:14-25 വാക്യങ്ങളിലും, യാക്കോബ് 1:20-27 വാക്യങ്ങളിലുമുള്ള കഥാഘടന മനസ്സിലാക്കുക. ഒരു സാധാരണകഥയെ ഓർക്കുന്നതുപോലെ ഈ ഭാഗങ്ങൾ ഓർമ്മിക്കാൻ എളുപ്പമല്ല എന്നത് സമ്മതിക്കുന്നു. ഇതൊരു വെല്ലുവിളി ഉയർത്തുന്ന കാര്യമാണ് മറ്റു കഥകളിൽ സംഭാഷണങ്ങൾ ഉണ്ട് കഥാപാത്രങ്ങളുടെ പെരുമാറ്റങ്ങളും മറ്റു സംഭവങ്ങളും ഉണ്ട്. സാവധാനമായി കടന്നുപോകുക. കഥാപാത്രങ്ങൾ എന്തെല്ലാം പറയുന്നുണ്ട് എന്നും ചെയ്യുന്നുണ്ടെന്നും ശ്രദ്ധിക്കുക. അവർ എന്തെങ്കിലും തീരുമാനങ്ങൾ എടുക്കുന്നുണ്ടോ? അവയ്ക്ക് ഫലങ്ങളുണ്ടോ? എന്തെങ്കിലും സ്വാധീനശക്തിയുണ്ടോ, സ്വാധീനം ചെലുത്തുന്നുണ്ടോ?

വ്യക്തമായും, യഥാർത്ഥമായും, ആ ഭാഗങ്ങളിൽ ദൈവം തന്റെ സ്വഭാവ വിശേഷതകൾ പ്രകടമാക്കുകയും, വെളിപ്പെടുത്തുകയും ചെയ്യുന്നു. വിവിധ രീതികളിലാണ് ദൈവം തന്റെ സ്വഭാവം പ്രകടമാക്കുന്നത്. STS

തത്വങ്ങൾ പ്രയോജനപ്പെടുത്തുക. കഥയിൽ കാണുന്ന സംഗതികളുമായി നിങ്ങളുടെ ആത്മീക നിരീക്ഷണങ്ങൾ പരസ്പരം ബന്ധപ്പെടുത്തുക. അതിനുശേഷം കഥയുടെ ആരംഭത്തിലേക്ക് തിരികെ ചെന്നിട്ട് നിങ്ങളുടെ ആത്മീകനിരീക്ഷണങ്ങൾ ഓരോന്നും നിത്യജീവിതവുമായി എങ്ങനെ ബന്ധപ്പെടുത്താമെന്നുള്ള ആത്മീകമായ പ്രായോഗികോപയോഗങ്ങൾ കണ്ടുപിടിക്കുക.

വേദപുസ്തകത്തിൽ ഉടനീളം നാം മൂന്നിനം വായന ഭാഗങ്ങൾ കാണുന്നു.

- കഥാഭാഗങ്ങൾ
- അർദ്ധകഥാഭാഗങ്ങൾ
- കഥയല്ലാത്ത വായനാഭാഗങ്ങൾ

ഇവയിൽ കഥാഭാഗങ്ങളാണ് ഓർമ്മിക്കുന്നതിന് ഏറ്റവും ലളിതമായുള്ളത്, സംശയമില്ല.

കഥാഭാഗങ്ങളെ മനസ്സിന്റെ കണ്ണുകൾ കൊണ്ട് കാണുവാൻ കഴിയും. കഥകൾ ഭൗതീകലോകത്ത് സംഭവിച്ച കാര്യങ്ങളാണ് കഥകൾ പ്രവർത്തനാത്മകമാണ്, അതിൽ കഥാപാത്രങ്ങളുണ്ട് പ്രവർത്തനങ്ങളുണ്ട്, സംഭാഷണമുണ്ട്. തത്ഫലമായി കഥകൾ അനുഭവിച്ച് അറിയാവുന്നകാര്യമാണ്. കഥാപാത്രങ്ങളിലൂടെ കഥയുടെ സംഭവങ്ങൾ കാണുകയും, കേൾക്കുകയും അനുഭവിച്ചറിയുകയും ചെയ്യാം.

അർദ്ധകഥാഭാഗങ്ങൾ പഠിക്കുവാൻ അല്പം വെല്ലുവിളി നേരിടണം.അവ സാധാരണ കഥയെപ്പോലെ പൂർണ്ണരൂപത്തിൽ കഥയല്ല. എങ്കിലും അവയിൽ പലദൃശ്യരൂപങ്ങളും, ശബ്ദങ്ങളും ഉണ്ട്. അതുകൊണ്ട് നമുക്ക് കാണാനും കേൾക്കാനും കഴിയുന്നവയെല്ലാം നമുക്ക് ഓർമ്മിക്കുവാനും കഴിയും. അർദ്ധകഥാഭാഗങ്ങൾക്ക് പരസ്പര പ്രവർത്തനങ്ങൾ കുറവാണ്. അവയിൽ പലതും ആത്മഗതം ഉൾക്കൊള്ളുന്നവയാണ്. ഉള്ളടക്കം കൂടുതലും വിശദീകരണമായിരിക്കും. പ്രവാചകപുസ്തകങ്ങളിൽ ഭൂരിഭാഗം ഉള്ളടക്കങ്ങളും ഇപ്രകാരം ഉള്ളവയാണ്. അതായത് അർദ്ധകഥാഭാഗങ്ങൾ. അർദ്ധകഥാഭാഗങ്ങൾക്ക് ഉദാഹരണമാണ് ഒന്നാം സങ്കീർത്തനം, റോമർ 11, യാക്കോബ് മുതലായവ.

ഓർമ്മിക്കുവാൻ ഏറ്റവും വിഷമമുള്ള വേദഭാഗങ്ങൾ കഥയല്ലാത്ത ഭാഗങ്ങളാണ്. ദൃശ്യരൂപങ്ങൾ വളരെ വിരളമായുള്ള വേദഭാഗങ്ങൾ ആയതുകൊണ്ടാണ് അവ ഓർമ്മിക്കുവാൻ വളരെ ബുദ്ധിമുട്ട് ഉള്ളവ ആയിരിക്കുന്നത്. അവ ഉപദേശരൂപത്തിൽ ഉള്ളവയാണ്. ഒരാൾ മാത്രം സംസാരിക്കുന്നവയും, ആത്മഗതങ്ങളും ആയിരിക്കും. മിക്കവാറും ഏതെങ്കിലും ഒരു വിഷയത്തെ അടിസ്ഥാനമാക്കിയുള്ള വിവരണം ആയിരിക്കും. ലേഖനങ്ങളിൽ ഭൂരിഭാഗവും കഥയല്ലാത്ത വിവരണ ഭാഗങ്ങളാണ്.

ലേഖനങ്ങളിൽ ഭൂരിഭാഗവും കഥയല്ലാത്ത വിവരണഭാഗങ്ങൾ ആണെങ്കിലും അവയെ STS ബോധന തന്ത്രങ്ങിലിൽ ഭൂരിഭാഗവും ഉപയോഗിച്ച് വിജയകരമായി അവതരിപ്പിക്കുവാൻ കഴിയുന്നതാണ്. നന്നായി അവതരിപ്പിക്കപ്പെടുന്ന കഥകൾ ശ്രോതാക്കളുടെ ശ്രദ്ധയെ സമാകർഷിക്കുന്നു. ലേഖനങ്ങൾ എല്ലാം വികാരഭരിതമാണ്, വികാരനിർഭരമായ എഴുത്തുകളാണ്. വികാരഭരിതരായ ലേഖകരാണ് അവയുടെ രചയിതാക്കൾ, വികാരവായ്പുള്ള ദൈവത്തിങ്കൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട വികാര നിർഭരരായ ലേഖകന്മാർ രചിച്ച വികാരോജ്വലമായ കത്തുകളാണ് ലേഖനങ്ങൾ എന്ന് നിർവ്വചിക്കാവുന്നതാണ്. പാഠാവതരണ സമയത്ത് അദ്ധ്യാപകർ ഈ ചേതോവികാരം ഉൾക്കൊള്ളണം. അനന്തരം പ്രസ്തുതവികാരവായ്പോടെ വേണം ആ ലേഖന ഭാഗം വായിക്കുകയോ, പ്രസംഗിക്കുകയോ ചെയ്യേണ്ടത്. മറ്റുള്ളവരിലേക്ക്, അതായത് ശ്രോതാക്കളിലേക്ക് അതേവികാരം പ്രസരിപ്പിക്കുകയും ചെയ്യണം.

സുവിശേഷീകരണ ശുശ്രൂഷയിൽ, ഓർമ്മിക്കുവാൻ ബുദ്ധിമുട്ടുള്ള, കഥയല്ലാത്ത ലേഖന ഭാഗങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗം, അത് ഉച്ചത്തിൽ വായിച്ചു കേൾപ്പിക്കുകയും, അതിനുശേഷം STS സിദ്ധാന്തങ്ങൾ അനുസരിച്ച് അതിനെ സമുചിതമായി പഠിപ്പിക്കുകയും ചെയ്യുകയാണ്.

കഥയല്ലാത്ത വായനാഭാഗം വാചികമായി എങ്ങനെ വിജയകരമായി പഠിപ്പിക്കാമെന്ന പ്രശ്നം പരിഹരിക്കുന്നതിന് ഒരു പ്രാവശ്യം മൂന്നോ നാലോ വാക്യങ്ങൾ മാത്രം പഠിപ്പിക്കുകയും അവയെ വ്യാഖ്യാനിച്ച് വിശദീകരിക്കുകയും ചെയ്യുന്നു. പ്രസ്തുത വാക്യങ്ങൾ ഭാവഗാംഭീര്യത്തോടെ പ്രസ്താവിക്കുയും, കാലാനുക്രമരീതിയിൽ തുടർന്ന് ചർച്ച ചെയ്യുകയും ചെയ്താൽ ശ്രോതാക്കൾക്ക് അവയെ ഓർമ്മിക്കുവാൻ എളുപ്പം ആയിത്തീരും. അവിടെയും ഒരു വെല്ലുവിളിയെ നേരിടേണ്ടി വന്നേക്കും. അവതരിപ്പിക്കുന്ന വേദവാക്യങ്ങളിൽത്തന്നെ കേന്ദ്രീകരിച്ച് നില്ക്കണം. ചിലപ്പോൾ ഉചിതമായ ഒരു മുഖവുര നൽകേണ്ടി വന്നേക്കും. വായനാ ഭാഗം മുഖവുരയോട് അനുബന്ധിച്ച് അവതരിപ്പിക്കണം.

ഇത് ചെയ്യുവാൻ കഴിയുമോ? വേദ പുസ്തകത്തിൽ നിന്ന് മറ്റ് വാക്യങ്ങൾ ഒന്നും അനുബന്ധമായി എടുക്കാതെ നിങ്ങൾക്ക് വളരെ അധികം സംഗതികൾ പ്രസംഗിക്കുവാൻ ആശയങ്ങൾ കിട്ടുമോ? (വേദപുസ്തകത്തിന് പുറമേ നിന്നും അനുബന്ധമായ സംഗതികൾ സ്വീകരിക്കാതിരിക്കാൻ കഴിയുമോ?) ബോധന വിഷയത്തിലേക്ക് വേണ്ടത്ര പ്രകാശം ചൊരിയുവാൻ നിങ്ങൾക്ക് ആവശ്യാനുസരണം ആശയങ്ങൾ കൈവശമുണ്ടോ?

ഉവ്വ്, അങ്ങനെ ചെയ്യാൻ കഴിയും. ഞങ്ങൾ ഈ കാര്യം ശില്പശാലകളിൽ പ്രകടിപ്പിച്ച് കാണിക്കാറുണ്ട്.

ദൈവവചനത്തിന്റെ സമ്പന്നത ഞങ്ങൾ ഒരു ചെറിയ വായന ഭാഗത്തിൽ നിന്ന് പ്രദർശിപ്പിക്കാറുണ്ട്. ആദ്യമായി ഞങ്ങൾ ചെയ്യുന്നത് ഒരു ചെറിയ മുഖവുര നൽകുകയാണ്. അതിലൂടെ ശ്രോതാക്കൾക്ക് പാഠഭാഗത്തിന്റെ സന്ദർഭം ബോദ്ധ്യമാക്കിക്കൊടുക്കുന്നു. കഥാവതരണത്തിനും, കഥയുടെ പുരോഗതിക്കും, ചർച്ചയ്ക്കും ആവശ്യമായ വേദപുസ്തകപരമായ മുന്നറിവ് ശ്രോതാക്കൾക്ക് ലഭ്യമാകുന്നതിന് മുഖവുര സഹായകമാകുന്നു. ഉദാഹരണമായി നമ്മൾ ഇങ്ങനെ പറഞ്ഞു തുടങ്ങുന്നു. (മുഖവുര) "യരൂശലേമിൽ വച്ച് യേശു തന്റെ ശിഷ്യന്മാരോട് അവസാനമായി സംസാരിക്കുകയായിരുന്നു. ഈ ഭൂമിയിലെ തന്റെ സഭയുടെ തലസ്ഥാനം യരൂശലേമാണ്. യേശുവിന്റെ ശിഷ്യന്മാർ മൂന്ന് സംവത്സരകാലം യേശുവിനോടൊപ്പം അനേക സ്ഥലങ്ങളിൽ സഞ്ചരിച്ചു വിസ്തൃത മേഖലയായ യഹൂദ്യയിലും, പുറജാതികൾ താമസിച്ചിരുന്ന അയൽ രാജ്യമായ ശമര്യായിലും അവർ പോയിരുന്നു."

അനന്തരം നമ്മൾ "കഥ" അവതരിപ്പിക്കുന്നു: അപ്പോസ്തല പ്രവൃത്തികൾ 1:8 അതെ, ഒരു വാക്യം മാത്രമുള്ള ഹ്രസ്വമായ ഒരു കഥ STS ശൈലിയിൽ അവതരിപ്പിക്കുകയാണ്. ഓരോ ഭാഗത്തുനിന്നും ധാരാളം ആത്മീകസത്യങ്ങൾ കണ്ടുപിടിക്കാനും ചർച്ച ചെയ്യാനും ഉള്ളതുകൊണ്ട് ഈ വാക്യത്തിന്റെ രണ്ടാമത്തെ ഭാഗമാണ് അവതരിപ്പിക്കുന്നത്. ഇതിനു തന്നെ 30 മിനിട്ട് സമയം വേണ്ടി വരും. തിരുവചനം നേരത്തേ പഠിച്ചിട്ടുള്ളവരും, തിരുവചനപഠനത്തിൽ പുതുമുഖങ്ങളായവരും ഒരുപോലെ പഠനത്തിലും ചർച്ചകളിലും പങ്കെടുക്കുന്നു. വിസ്മയകരമായ കണ്ടെത്തലുകളും, കണ്ണീരണിയുന്ന തീരുമാനങ്ങളും പ്രായോഗീകോപയോഗങ്ങളും സംഭവിക്കാറുണ്ട്. എന്തിന് അധികം പറയണം? പഠിതാക്കളായ ജനങ്ങൾ ആത്മീക നിറവുള്ളവരായി പോകുകയും മറ്റുള്ളവരോട് അവർ ഗ്രഹിച്ച വസ്തുതകൾ പങ്കിട്ടുകൊടുക്കുകയും ചെയ്യുന്നു.

പാസ്റ്റർമാരും, ക്രിസ്തീയ ഉപദേഷ്ടാക്കന്മാരും ഇതെക്കുറിച്ച് ബോധവാന്മാരായിരിക്കേണ്ടതാണ്. പാസ്റ്റർമാരും ഉപദേഷ്ടാക്കന്മാരും, ജനങ്ങൾ ഗ്രഹിക്കണമെന്നും പ്രായോഗീക ജീവിതത്തിൽ അവയെ ഉപയോഗിക്കണമെന്നും ആഗ്രഹിക്കുന്ന ആത്മീക സത്യങ്ങൾ അവരെ ഗ്രഹിപ്പിക്കുന്നതിന് ഉപയുക്തവും, ഫലപ്രദവുമായ ബോധനരീതി, അവർ പരമ്പരാഗതമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ലക്ചർ-പ്രസംഗ രീതി അല്ലെന്ന് അവർ അംഗീകരിച്ചു തുടങ്ങിയിരിക്കുന്നു. കുറഞ്ഞ പക്ഷം, ശ്രോതാക്കളും പഠിതാക്കളും പാഠങ്ങൾ കേൾക്കുന്നതു കൂടാതെ അതിനെ സംബന്ധിച്ച് ചിന്തിക്കുകയും ചർച്ച ചെയ്യുകയും, നല്ലതായ പ്രായോഗീക ആശയങ്ങൾ കണ്ടെത്തി ഉപയോഗപ്രദമാക്കുകയും ചെയ്തു തുടങ്ങണം. ക്രിസ്തീയ ബോധനത്തിൽ ഈ രീതി വിപുലമായി പ്രായോഗീകമാക്കണം. പഠിതാക്കൾ പ്രതികരിക്കുകയും അനുകൂലമായ പ്രതിപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യണം.

കഥകളെ ബുദ്ധി പൂർവ്വമായി അവതരിപ്പിക്കുന്ന ക്രിസ്തീയ അദ്ധ്യാപകർ അപ്പോസ്തല പ്രവൃത്തികൾ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ലേഖനങ്ങളെ സാന്ദർഭീകമായി അവതരിപ്പിക്കാറുണ്ട്. അപ്പോസ്തല പ്രവൃത്തികളിലെ സംഭവ കഥകളോട് ബന്ധപ്പെടുന്ന ലേഖനങ്ങൾ അവസരോചിതമായി അവർ അവതരിപ്പിക്കുന്നു. അപ്പോസ്തലന്മാരുടെ മിഷണറി യാത്രകളോട് ബന്ധമുള്ളവയാണ് പല ലേഖനങ്ങളും. ഈ സവിശേഷത ലേഖനങ്ങൾ പഠിപ്പിക്കുന്നതിന് സന്ദർഭോചിതമായ സാഹചര്യങ്ങൾ ഒരുക്കുന്നു. ലേഖനങ്ങൾ ഇപ്രകാരം പഠിപ്പിക്കുന്നതായാൽ, STS ബോധനരീതികളായ, ചോദ്യോത്തരങ്ങൾ, പ്രതിപ്രവർത്തനാത്മകമായ ചർച്ചകൾ, ആത്മീക നിരീക്ഷണങ്ങൾ, ആത്മീകമായ പ്രായോഗികോപയോഗങ്ങൾ എന്നീ ധർമ്മങ്ങൾ പ്രവർത്തനാത്മകമാക്കുവാൻ കഴിയുന്നതാണ്. ലേഖനങ്ങളുടെ ബോധനത്തിനായും ഈ രീതികൾ പ്രായോഗികമാക്കാം.

മിക്കപ്പോഴും നല്ല സാക്ഷരതയുള്ള അദ്ധ്യാപകരാണ് പാസ്റ്റർമാരെയും ഉപദേഷ്ടാക്കളെയും പരിശീലിപ്പിക്കുന്നത്. ഉന്നത വിദ്യാഭ്യാസമുള്ള അദ്ധ്യാപകർ വാചിക ബോധനത്തിന്റെ പ്രവർത്തനശക്തിയെക്കുറിച്ച് അറിവുള്ളവരല്ലെങ്കിൽ, വാചികബോധനം ആവശ്യമുള്ള നിരക്ഷരരെ പഠിപ്പിക്കുന്നതിന് പരിശീലനം നേടുന്ന അദ്ധ്യാപകരെ കഥകൾ പഠിപ്പിക്കുവാൻ എങ്ങനെ പരിശീലിപ്പിക്കും? എഴുത്തും വായനയും അറിഞ്ഞുകൂടാത്ത നിരക്ഷരർ കഥകളല്ലാത്ത വേദഭാഗങ്ങൾ പഠിക്കേണ്ടേ? അങ്ങനെ എങ്കിൽ ഉന്നത വിദ്യാഭ്യാസമുള്ള അദ്ധ്യാപകരും, പരിശീലകരും, അവരുടെ ബുദ്ധി ശക്തിയും, വരദാനങ്ങളും, നിപുണതകളും എല്ലാം നിരക്ഷരരുടെ ബോധനത്തിനും പരിശീലനത്തിനും വേണ്ടി കൂടി ഉപയോഗിക്കേണ്ടതല്ലേ? തീർച്ചയായും, നിരക്ഷരർക്കായുള്ള വാചിക ബോധനം പ്രചരിപ്പിക്കണം.

## തിരുവചനം പദാനുപദമായി മനഃപാഠം പഠിക്കുന്നതിന്റെ പ്രാധാന്യം എന്താണ്?

രണ്ട് ചിന്താധാരകൾ മനസ്സിൽ വരുന്നു. ഒന്നാമതായി, ദൈവവചനത്തെ നമ്മുടെ ഹൃദയങ്ങളിൽ ഗുപ്തമായി സൂക്ഷിക്കുന്നതിന്റെ അതിശക്തമായ ആവശ്യവും വേദപുസ്തകപരമായ നിർബന്ധനിയോഗവും; രണ്ടാമതായി മനഃപാഠം പഠിക്കുന്നതിന്റെയും ഓർമ്മിച്ച് ചൊല്ലുന്നതിന്റെയും മേധാപരമായ നിപുണതയുടെ ഉദ്ദേശ്യം.

ദൈവകൃപയാൽ, അനേകം വിശ്വാസികളും വേദപുസ്തക മനഃപാഠം പഠിക്കൽ പരിപാടിയിൽ നിമഗ്നരാണ്. ഈ പരിപാടികളിൽ തിരുവചനം പദാനുപദവും, വാക്യപ്രതിവാക്യവുമായി മനഃപാഠം പഠിക്കുന്നതിന്റെ പ്രാധാന്യവും, സന്തോഷവും വ്യക്തമാക്കപ്പെടുന്നു. ചെറുപ്പകാലത്തുതന്നെ നിരവധി വേദവാക്യങ്ങൾ മനഃപാഠം പഠിക്കുന്നത് ക്രൈസ്തവ ലോകത്ത് വലിയൊരു നേട്ടമായി പരിഗണിക്കപ്പെടുന്നു. മനസ്സും ഹൃദയവും ഊർജ്ജസ്വലവും, കൂടുതൽ പ്രവർത്തനക്ഷമവുമായ ശൈശവ, കൗമാരകാലഘട്ടങ്ങളിൽ ധാരാളം വാക്യങ്ങൾ ഹൃദിസ്ഥമാക്കുവാൻ കഴിയും. അപ്രകാരം ധാരാളം വാക്യങ്ങൾ പഠിക്കുവാൻ കഴിയുന്നത് അഭിമാനകരവും, ചാരിതാർത്ഥ ജനകവും ആണ്.

തിരുവചനവാക്യങ്ങൾ ഹൃദിസ്ഥമാക്കുന്നതിന് ചില വെല്ലുവിളികൾ ഉണ്ട്. കുറച്ച് പേർക്കുമാത്രമേ കൂടുതൽ വാക്യങ്ങൾ മനഃപാഠമാക്കുവാൻ കഴിയൂ. ദീർഘകാലം അത്രയും വാക്യങ്ങൾ ഓർമ്മിക്കുവാൻ പ്രത്യേക പരിശീലനം വേണം. തുടരെ തുടരെ ഓർമ്മിച്ചു ചൊല്ലിശീലിക്കണം. ഒരു കഥയാണെങ്കിൽ അത്രമാത്രം യത്നം ആവശ്യമില്ല. ഒരു പ്രാവശ്യം നന്നായി പഠിച്ചാൽ വളരെക്കാലം അത് മനസ്സിൽ നിൽക്കും. ഞങ്ങൾ ഈ ഹാൻഡ് ബുക്കിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ പഠനം നടത്തിയാൽ നിങ്ങൾക്ക് നന്നായി പഠിക്കാൻ കഴിയും പലവട്ടം ആവർത്തിച്ച് പറഞ്ഞു ശീലിച്ചാൽ മതി. പിന്നീട് കഥയെ പുനരവലോകനം ചെയ്യാതെ സ്വാഭാവികമായി ഓർമ്മിക്കാൻ കഴിയും. കഥ നിങ്ങളുടെ മനസ്സിൽ ഒരു രേഖാചിത്രമായി നിലനില്ക്കും. നിങ്ങളുടെ സ്വന്ത വാക്കുകളിൽ പഠിച്ച് ഉറപ്പിച്ചതുകൊണ്ട് അവയെ ഓർമ്മിക്കാൻ എളുപ്പവും, സ്വാഭാവികവും ആയിത്തീരുന്നു.

37 മണിക്കൂർ സമയം നടത്തപ്പെടുന്ന STS ശില്പശാലയിൽ വച്ച് പഠിതാക്കൾ 21 വ്യത്യസ്തകഥകൾ പഠിക്കുന്നു. മുകളിൽ സൂചിപ്പിച്ചതുപോലെ, ഒരു കഥയെ പല പ്രാവശ്യം പുനരവലോകനം ചെയ്യുകയും ആവർത്തിച്ച് പറയുകയും ചെയ്യുന്നതിന്റെ ഫലമായി ആ കഥയെ ആജീവനാന്തം ഓർമ്മിക്കുവാൻ കഴിയുന്നു. 21 കഥകളിൽ 148 വാക്യങ്ങൾ ഉണ്ട്.

## മനഃപാഠമാക്കലും, ഓർമ്മിക്കലും

വിവിധ ഭാഷകളിൽ രചിക്കപ്പെട്ട വേദപുസ്തകത്തിന്റെ താളുകൾ താരതമ്യം ചെയ്യുക. അവ ഒരു പോലെയാണോ? വാക്കുകളിൽ സാമ്യമുണ്ടോ? ഇല്ല. വാസ്തവത്തിൽ, അവയിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്നത് തികച്ചും വിഭിന്നങ്ങളായ അക്ഷരങ്ങളും, വാക്കുകളും ആണ്. വാക്കുകൾ വ്യത്യസ്തമാണ്. അവയുടെ ഉച്ചാരണങ്ങൾ വിഭിന്നങ്ങളാണ്, പക്ഷേ അവയിലെല്ലാം ഒരു സംഗതി ഒരു പോലെ ഉണ്ടാവും. അത് എല്ലാ വേദപുസ്തകങ്ങളിലും ഉണ്ടായിരിക്കും. അത് എന്താണ്? അതെ, അതിലെ ആശയങ്ങൾ, ഉള്ളടക്കങ്ങൾ. ഒരേ വാക്കുകളല്ല. അതിലെ സന്ദേശമാണത്. അതിന് മാറ്റമില്ല, വാക്കുകൾ എത്രതന്നെ വ്യത്യസ്തമായിരുന്നാലും.

STS ശൈലിയിൽ കഥ അവതരിപ്പിക്കുമ്പോൾ അശ്രദ്ധ മുഖേനയോ ആവേശം കൊണ്ടോ എന്തെങ്കിലും കൂട്ടിപ്പറയുകയോ കുറയ്ക്കുകയോ, വ്യത്യാസപ്പെടുത്തുകയോ ചെയ്യരുതെന്നും, ഉച്ചാരണത്തിലോ, ഭാവ പ്രകടനത്തിലോ, ആംഗ്യങ്ങളിലോ അഭിനയത്തിലോ കഥയ്ക്ക് യാതൊരു വ്യതിയാനവും ഉണ്ടാക്കരുതെന്നും പ്രത്യേകം നിഷ്കർഷിക്കാറുണ്ടല്ലോ., വേദപുസ്തക കഥകൾ സംഭാഷണ ശൈലിയിൽ അവതരിപ്പിക്കണമെന്നും, ഓരോ ഭാഗത്തിലുമുള്ള ആശയങ്ങൾക്കോ, വിവരങ്ങൾക്കോ യാതൊരു കാരണവശാലും യാതൊരു വ്യതിയാനവും ഉണ്ടാക്കരുതെന്നും, സുപ്രധാനമായ നിർദ്ദേശവും, നിഷ്കർഷയും നൽകാറുണ്ട്. ഓരോ ഭാഗത്തുമുള്ള വിവരങ്ങൾ എത്ര ചെറുതോ അപ്രധാനമോ ആയാൽ പോലും അവയെ തള്ളിക്കളയരുതെന്ന് പ്രത്യേകം നിർദ്ദേശിക്കുന്നു.

ദൈവത്തിന്റെ തിരുവചനത്തെ ഹൃദയാന്തർഭാഗത്ത് രൂഢമൂലമാക്കുന്നതിന് മനഃപാഠം പഠിക്കലും, ഓർമ്മിക്കലും അത്യന്താപേക്ഷിതമാകുന്നു. കഥകളെ സമസ്തമായി ഓർമ്മിക്കുന്നതിനും വായനാഭാഗങ്ങളെ മനഃപാഠമാക്കി ആവർത്തിച്ചു പറഞ്ഞു ശീലിക്കുന്നതിനും, സംഭാഷണഭാഷ ഉപയോഗിക്കുന്നതിനെക്കുറിച്ച് നമ്മുടെ സ്മരണോപകരണപേടകത്തിൽ പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ടല്ലോ.

## വിദ്യാഭ്യാസ വിഹീനർക്ക് വേദപുസ്തകം ആനുഷങ്കികമായി പഠിക്കുവാൻ കഴിയുമോ?

പലപ്പോഴും ആളുകൾ വിചാരിക്കുന്നത് വിദ്യാസമ്പന്നർ യുക്തി സഹമായി ചിന്തിക്കാൻ കഴിവുള്ളവർ ആകുന്നു എന്നാണ്. അതിന് വിരുദ്ധമായി, വിദ്യാവിഹീനർ യുക്തി സഹമായി ചിന്തിക്കുവാൻ കഴിയാത്തവരും, പരസ്പര ബന്ധത്തോടെ ആശയങ്ങൾ ഉൾക്കൊള്ളാൻ കഴിയാത്തവർ ആണെന്നും ചിന്തിക്കുന്നു. നിരക്ഷരരോ, വാചികമായി ആശയവിനിമയം ചെയ്യാൻ മാത്രം കഴിയുന്നവരോ ആയ ആളുകൾ യുക്തി ചിന്ത ഇല്ലാത്തവരും ബൗദ്ധികമായി താണ നിലവാരത്തിൽ ഉള്ളവരുമാണെന്ന് കരുതാറുണ്ട്.

തീർച്ചയായും, ഈ സരണിയിലുള്ള ചർച്ചകൾ തുടരണം വാചിക പഠിതാക്കൾക്കും യുക്തി ചിന്തയും, ആനുഷങ്കിക പഠനവും, വിഷയങ്ങളുടെ പരസ്പര ബന്ധപഠനവും അത്യാന്താപേക്ഷിതമാകുന്നു. യുക്തിചിന്ത, അപഗ്രഥനാത്മകവും ഉത്ഗ്രഥനാത്മകവുമായ യുക്തി, പഠനതാല്പര്യം എന്നിവയിൽ വാചികപഠിതാക്കൾക്കുള്ള നിസീമമായ കഴിവുകൾ പഠനവിഷയമാക്കേണ്ടതാകുന്നു. വിദ്യാസമ്പന്നരെപ്പോലെതന്നെ വിദ്യാവിഹീനർക്കും നൈസർഗ്ഗീകമായ, ജന്മസിദ്ധമായ താലന്തുകൾ ഉണ്ട്. അവയെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുകയും അവരുടെ താലന്തുകളെ നിർവ്വചിക്കുകയും ചെയ്യേണ്ടതാകുന്നു.

വേദപുസ്തകപരമായ കാഴ്ചപ്പാടിൽ നമുക്ക് അനുമാനിക്കുവാൻ കഴിയുമോ യുക്ത്യാധിഷ്ടിതമായി ചിന്തിക്കുവാനും, വിലയിരുത്തുവാനും, നിഗമനങ്ങളിൽ എത്തുവാനും, ബുദ്ധിപൂർവ്വകമായ തീരുമാനങ്ങൾ എടുക്കു

വാനും വിദ്യാസമ്പന്നർക്കുമാത്രമേ കഴിയുകയുള്ളു അഥവാ വിദ്യാവിഹീനരേക്കാൾ ഉന്നത വിദ്യാഭ്യാസമുള്ള വരും സാംസ്കാരിക പാരമ്പര്യം ഉള്ളവർക്കും മാത്രമായി യുക്തി ചിന്തകൾ സങ്കുചിതമാക്കപ്പെട്ടിരിക്കയാണ് എന്നിങ്ങനെ?

എല്ലാ മനുഷ്യരും ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കയാണ് (ഉല്പത്തി 1:26-27 നോക്കു ക) എന്ന സത്യം പരിഗണിക്കുമ്പോൾ മുകളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന അനുമാനത്തിന് വിശ്വാസ്യത നഷ്ടമാകുന്നു. അതുപോലെതന്നെ, എല്ലാമനുഷ്യർക്കും യുക്തിചിന്തവും വിവേകവും, ന്യായഅന്യായവിവേ ചന ശക്തിയും നൽകപ്പെട്ടിട്ടുണ്ട്. മനുഷ്യന്റെ ആദ്യ പതനത്തിനുശേഷം അവന് ധാർമ്മീക വിവേചനത്തി നുള്ള മനഃസാക്ഷിയും നൽകപ്പെട്ടിട്ടുണ്ട്. ചിലപ്പോഴെല്ലാം അവൻ മനസ്സാക്ഷിയെയും യുക്തി ചിന്തയെയും നിഷേധിക്കാറുണ്ട്. (റോമർ 1:19-23).

മർക്കോസ് 12:24ൽ രസകരമായ ഒരു സംഗതി രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക. യേശുവിനെ കുടുക്കുവാനായി വിദ്യാസമ്പന്നരായ സാദൂക്യർ ഒരു ചോദ്യവുമായി യേശുവിനെ സമീപിച്ചു യേശു അതിനു മറുപടിയായി ഒരു മറുചോദ്യം ചോദിച്ചു.".... നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയാ യ്കകൊണ്ടല്ലയോ തെറ്റിപ്പോകുന്നത്?"

മതാനുസാരികളായ സാദൂക്യർ തിരുവചനങ്ങൾ പദാനുപദം അറിവുള്ളവരായിരുന്നു. തിരുവചനത്തെ സാദൂക്യർ ശരിയായി വിവേചനം ചെയ്ത് പഠിക്കുന്നില്ലെന്നാണ് യേശു ഈ സംഗതിയിലൂടെ സാദൂക്യരോട് ചോദിക്കുന്നത്. ഈ മതനേതാക്കന്മാർക്ക് ആത്മീകമായ വിവേചനബുദ്ധി ഇല്ലാത്തതിനാൽ അവർക്ക് കാര്യ ക്ഷമമായ വിജ്ഞാനം ഇല്ലായിരുന്നു. ആകയാൽ അവർക്ക് വിവേക ബുദ്ധിയും യുക്തി ചിന്തയും നഷ്ടപ്പെട്ടി രുന്നു. അവർക്ക് സത്യത്തെക്കുറിച്ചുള്ള അറിവ് നഷ്ടപ്പെടുകയും ചെയ്തു.

മുകളിൽ സൂചിപ്പിച്ചതുപോലെ, തിരുവചനം സർവ്വസംസ്കാരാതീതമാണ്. STS ശൈലി ഉപയോഗിക്കുന്ന കഥാകാഥികർ മുഖവുര പറയുമ്പോൾ കഥയുടെ പശ്ചാത്തലമായി കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്താറുള്ള തുകൊണ്ട് ചർച്ചാവേളയിൽ വൈവിദ്ധ്യമാർന്ന ആത്മീകനിധികൾ കഥാഭാഗത്തുനിന്ന് പഠിതാക്കൾ കണ്ടു പിടിക്കുന്നതിന് പ്രേരണയും പ്രചോദനവും നൽകപ്പെടുന്നു. ഭൂലോകം എമ്പാടുമുള്ള പഠിതാക്കൾ അവരുടെ വിദ്യാഭ്യാസത്തിനോ വായിക്കാനുള്ള കഴിവിനോ അതീതമായി നിധികൾ അന്വേഷിച്ചുകണ്ടുപിടിക്കുന്നു.

യേശു തെരഞ്ഞെടുത്ത ശിഷ്യന്മാരിൽ ഏതാനും ചിലരുടെ വിദ്യാഭ്യാസം പശ്ചാത്തലത്തെക്കുറിച്ച് അപ്പോസ്തല പ്രവൃത്തികൾ 4:13ൽ രേഖപ്പെടുത്തിയിട്ടുണ്ട്. പത്രോസും യോഹന്നാനും യേശുവിനെക്കുറിച്ച് ശക്തമായി പ്രസംഗിച്ചതിനാൽ സാദൂക്യരും മറ്റ് മതനേതാക്കളും കോപിഷ്ടരായി എന്ന് തോന്നുന്നു. ആക യാൽ അവർ രണ്ടുപേരെയും മതനേതാക്കളും ഭരണാധികാരികളും ചേർന്ന് അറസ്റ്റു ചെയ്തു. അനന്തരം അവ രുടെ ഭരണാധിപന്മാരുടെ മുമ്പാകെ ചോദ്യം ചെയ്യുന്നതിനായി കൊണ്ടു ചെന്നു പത്രോസ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി യുക്തിശാസ്ത്രപരമായും പണ്ഡിതോചിതവുമായ ഒരു പ്രഭാഷണം നടത്തി, മതനേതാക്ക ന്മാരുടെ കുരീതികളെ ചോദ്യം ചെയ്യുകയും യേശുവിനെ ഉയർത്തിക്കാട്ടുകയും ചെയ്തു. സാദൂക്യരെയും മത നേതാക്കളെയും മുട്ടുകുത്തിച്ചു അവരെ ബന്ധനസ്ഥരാക്കിയ വിദ്യാസമ്പന്നരെ തലകുനിപ്പിച്ചു.സന്നിദ്രീം സംഘ ത്തിലുണ്ടായിരുന്ന മനുഷ്യരെ ലജ്ജിതരാക്കി. അപ്പോസ്തല പ്രവൃത്തി 4:14 നോക്കുക.

"അവർ പത്രോസിന്റെയും യോഹന്നാന്റെയും ധൈര്യം കാണുകയാലും, ഇവർ പഠിപ്പില്ലാത്തവരും, സാമാ ന്യരുമായ മനുഷ്യർ എന്ന് ഗ്രഹിക്കയാലും ആശ്ചര്യപ്പെട്ടു അവർ യേശുവിനോടുകൂടെ ആയിരുന്നവർ എന്നും അറിഞ്ഞു" (അപ്പോ 4:13).

ഇത് ഇന്നും സംഭവിക്കുന്നുണ്ടോ? വിദ്യാവിഹനരായ ശിഷ്യന്മാർക്ക് യേശുവിൽ നിന്ന് പഠിക്കാൻ കഴി ഞ്ഞതുപോലെ, നിരക്ഷരരായ പഠിതാക്കൾക്ക് തിരുവചനം നന്നായി പഠിക്കുന്നതിനും യുക്തി പൂർവ്വം ചിന്തിച്ച്

ആത്മീക സത്യങ്ങൾ കണ്ടു പിടിക്കുന്നതിനും, മറ്റുള്ളവരെയും ഗഹനമായ സത്യങ്ങൾ പഠിപ്പിക്കുന്നതിനും സാദ്ധ്യമാകുമോ? ഉവ്വ്.

**പ്രവർത്തനസ്ഥാനങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകൾ ഈ ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകും.**

## ദൈവത്തിന്റെ വചനം ഹൃദയങ്ങളുടെ മറയിടങ്ങളോട് സംസാരിക്കുന്നു.

പാശ്ചാത്യരായ STS അദ്ധ്യാപകർക്ക് ചിലപ്പോൾ ഗ്രാമപ്രദേശങ്ങളിൽ STS ശൈലിയിൽ പഠിപ്പിക്കുവാൻ അവസരം ലഭിക്കാറുണ്ട്; ചിലപ്പോൾ, STS പദ്ധതി പ്രകാരമുള്ള ബോധനം നടത്തുന്നത് കാണുവാൻ അവസരം ലഭ്യമാകാറുണ്ട്. ഒരിക്കൽ ഞങ്ങൾ, പാശ്ചാത്യനാട്ടിൽ നിന്ന് കെനിയായിലെ എകലാകാലാ എന്ന ഗ്രാമം സന്ദർശിച്ചു മുമ്പ്, ആഫ്രിക്കക്കാരായ STS അദ്ധ്യാപകരാണ് അവിടെ ശുശ്രൂഷ ചെയ്തിരുന്നത്. അവർ STS ശൈലിയിൽ ബൈബിൾ കഥകൾ പഠിപ്പിച്ചു അനന്തരം അവിടെയുള്ള വിശ്വാസികളെ STS പദ്ധതിയിൽ പരിശീലിപ്പിക്കുകയുണ്ടായി.

ഞങ്ങളുടെ വഴികാട്ടി ഞങ്ങൾക്ക് വിശദീകരിച്ചു തന്നുകൊണ്ടിരുന്നു. “ഞങ്ങൾ ഇവിടെ ആദ്യം വന്ന സമയത്ത് സഭാജനങ്ങൾ കൈയ്യടിച്ച് പാട്ടുപാടുകയായിരുന്നു. വചന ശുശ്രൂഷ ഉണ്ടായി. ഒരു വേദവാക്യം മാത്രം. അതിനെ വിശദീകരിച്ചുള്ള പ്രസംഗം - അത്രമാത്രം. വിശ്വാസികൾക്ക് വേദപുസ്തകജ്ഞാനം തീരെ കുറവായിരുന്നു. ഇപ്പോഴാകട്ടെ അവിടെ രക്ഷിക്കപ്പെടുന്നവർ ധാരാളം ഉണ്ട്, വിശ്വാസ ജീവിതത്തിന്റെ വളർച്ച ഉണ്ടാകുന്നുണ്ട്.

## ഞങ്ങൾ കണ്ടതായ സംഗതിയിൽ ഞങ്ങളോട് ചേരുക

സിമന്റുകൊണ്ട് ചുമരുകൾ നിർമ്മിച്ച് നാകത്തകിടുകൊണ്ട് മേൽക്കൂര പണിതിട്ടുള്ള ഒരു ഗ്രാമീണ സഭാഹാളിലേക്ക് നിങ്ങൾ പ്രവേശിക്കുന്നു. കെനിയായിലെ എകാലകാലയാണ് സ്ഥലം. കാംബാഗോത്രത്തിലെ 60 ഓളം ആളുകൾ ആ സഭാഹാളിൽ സന്നിഹിതരായിരുന്നു. ഹാളിലെ ബഞ്ചുകളിൽ മറ്റ് ആളുകളോടൊപ്പം 15 പാസ്റ്റർമാരും ഉണ്ടായിരുന്നു. അവർ 11 സഭകളിൽ നിന്ന് വന്നിട്ടുള്ളവരായിരുന്നു. പ്രോഗ്രാം ആരംഭിക്കുന്നതിന് എല്ലാവരും കാത്തിരിക്കുകയാണ്.

സ്ത്രീകൾ നിറപ്പകിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചിട്ടുണ്ട്, ഹാറ്റുകൾ വച്ചിട്ടുണ്ട്. പുരുഷന്മാർ ഏറ്റവും നല്ല കോട്ടുകളും പാന്റ്സും, നെക്ടൈയും ഒക്കെ ധരിച്ചിട്ടുണ്ട്. നിങ്ങൾ ശ്രദ്ധിച്ചുനോക്കിയാൽ അവരുടെവസ്ത്രധാരണത്തിലെ പോരായ്മകൾ കണ്ടെത്തും. മെലിഞ്ഞ ശരീര പ്രകൃതിയുള്ള ആളുകൾ ധരിച്ചിട്ടുള്ളത് വലിപ്പം കൂടുതലുള്ള, ലൂസ് ആയി കിടക്കുന്ന കോട്ടുകളാണ്. ഷർട്ടുകളുടെ കൈകൾ നൂലുകൾ വലിഞ്ഞ് തൂങ്ങിക്കിടക്കുന്നവയായിരുന്നു. ട്രൗസേഴ്സ് ആകട്ടെ വളരെ മെലിഞ്ഞവയും. നിങ്ങൾ ചിന്തിച്ചു നോക്കൂ ഈ വസ്ത്രങ്ങൾ മുമ്പ് എത്ര പേര് ധരിച്ചുകൊണ്ടിരുന്നവയാവും, “ഞായറാഴ്ച വസ്ത്രങ്ങളായി.”

“നാലു മണിക്കുമുമ്പ് ക്ലാസ്സുകൾ അവസാനിപ്പിക്കണം” എന്ന് അവർ നിങ്ങളോട് പറയും. “നദിയിൽ ഹിപ്പോപൊട്ടാമസുകൾ ഇറങ്ങുന്നതിന്മുമ്പ് അവർക്ക് നദി കടന്ന് അവരുടെ വീടുകളിൽ എത്തേണ്ടതാണ്. “സഭാ ഹാളിൽ സന്നിഹിതരായിരിക്കുന്നവർ നദിക്ക് അക്കരെയുള്ള ഗ്രാമങ്ങളിൽ പാർക്കുന്നവരാണ്. നാലുമണിക്കൂറോളം കാൽ നടയായി യാത്ര ചെയ്തു വേണം അവരുടെ മൺകുടിലുകളിൽ എത്താൻ.

അവിടെ സന്നിഹിതരായവരോട്, ആഫ്രിക്കക്കാരനായ ഒരു അദ്ധ്യാപകൻ ഉല്പത്തി 35:1-5 വാക്യങ്ങൾ STS ശൈലിയിൽ പറയുന്നതിനും അവരെ ചർച്ചകളിലേക്ക് നയിക്കുന്നതിനുമായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ഈ അവതരണം സ്വാഹിലിഭാഷയിലാണ്. ആയതിനാൽ കാമ്പാഭാഷയിലേക്ക് അത് പരിഭാഷപ്പെടുത്തപ്പെട്ടു നിങ്ങൾ ആ ഹാളിന്റെ പിൻ ബഞ്ചിൽ ഇരിക്കുകയും ആഫ്രിക്കനായ ഒരു വിവർത്തകൻ അവിടെ നടക്കുന്ന സംഗതികളെല്ലാം നിങ്ങൾക്ക് ഇംഗ്ലീഷിൽ വിവർത്തനം ചെയ്തു തരുകയും ചെയ്യുന്നു.

ദൈവം യാക്കോബിനെ ദീർഘകാലം എപ്രകാരമാണ് സംരക്ഷിച്ചതെന്ന് അവർ ചർച്ച ചെയ്തു. ഇപ്പോൾ യാക്കോബിനോട് ബെഥേലിലേക്ക് കുടുംബ സഹിതം പോകുവാൻ ദൈവം ആജ്ഞാപിക്കുന്നു. യാക്കോബ് ദൈവത്തെ കണ്ടുമുട്ടിയത് അവിടെ വച്ച് ആയിരുന്നു.

യാക്കോബ് നല്ലൊരു ആത്മീക നായകനായിരുന്നു. തന്റെ കുടുംബത്തിൽ നിന്ന് വിഗ്രഹങ്ങളെ എല്ലാം നീക്കം ചെയ്യുവാൻ ദൈവം യാക്കോബിനോട് ആവശ്യപ്പെട്ടു യാക്കോബ് അപ്രകാരം തന്നെ തന്റെ കുടുംബ ത്തിൽ നിന്ന് സകല വിഗ്രഹങ്ങളെയും നീക്കം ചെയ്യിച്ചു ആകയാൽ യാക്കോബ് "ദൈവത്തോട് അനുസരണ മുള്ളവൻ ആയി" വിളിക്കപ്പെട്ടു.

കഥാകാഥികൻ ശ്രോതാക്കളായ ജനങ്ങളോട് ചോദിച്ചു "യാക്കോബ് കഥയുടെ ഈ ഭാഗത്ത് നല്ല നായ കൻ ആയിത്തീരുകയായിരുന്നോ അതോ ദീർഘകാലമായി നല്ല നായകൻ തന്നെ ആയിരുന്നുവോ? നിങ്ങൾക്ക് എന്തുതോന്നുന്നു?" അനന്തരം അയാൾ അവരോട് ചോദിച്ചു" യാക്കോബ് ആവിഗ്രഹങ്ങളെ എന്തു ചെയ്തു? ഇത് നിങ്ങൾക്ക് എന്ത് കാണിച്ചു തരുന്നു?

**സദസ്യർ തമ്മിൽ ആലോചനയിൽ ഏർപ്പെട്ടു അവർ ഉത്തരം കണ്ടുപിടിക്കയാണ്.**

അല്പസമയത്തിനുശേഷം പരിഭാഷകൻ നിങ്ങളോട് അടക്കം പറയുന്നു "അവർ ആ കഥയിൽ നിന്ന് കൂടുതൽ കാര്യങ്ങൾ കണ്ടുപിടിക്കുകയാണ്. അവർ ഇപ്രകാരം പറയുന്നു." യാക്കോബ് തന്റെ കുടുംബാംഗ ങ്ങൾ സൂക്ഷിച്ചിരുന്ന വിഗ്രഹങ്ങൾ എല്ലാം പിടിച്ചു വാങ്ങി ശേഖമിലുള്ള ഒരു കരുവേലകമരത്തിൻ കീഴിൽ കുഴിച്ചിട്ടു. അവൻ ആ സ്ഥലത്തിന് ഒരു അടയാളം വച്ചു. "ഇപ്പോൾ അവർ യാക്കോബിന്റെ ദുരാഗ്രഹത്തെക്കു റിച്ചാണ് സംസാരിക്കുന്നത്." ദൈവം തന്റെ ആവശ്യങ്ങൾ എല്ലാം നിറവേറ്റുമെന്ന് യാക്കോബ് വിശ്വസിച്ചില്ല."

"വിഗ്രഹങ്ങൾ സ്വന്തഭവനത്തിൽ സൂക്ഷിച്ചിരുന്നതിന് യാക്കോബ് വിട്ടുവീഴ്ചാമനോഭാവം കാണിച്ചിരു ന്നില്ലേ?" അവർ പറയുകയാണ്. "ഒരാൾ പറഞ്ഞിട്ടുണ്ടത്രേ പൂജാവിഗ്രഹങ്ങൾ സമ്പാദ്യങ്ങൾ ആണ്" എന്ന്. "അതുകൊണ്ട് യാക്കോബ് തന്റെ ഭവനത്തിൽ വിഗ്രഹങ്ങൾ ഉണ്ടായിരുന്ന കാര്യം നേരത്തേ അറിഞ്ഞിട്ടുണ്ടാ വണം. വിഗ്രഹങ്ങൾ സ്വർണ്ണ നിർമ്മിതമായിരുന്നു."

സഭാഹാളിൽ സന്നിഹിതരായവർ തമ്മിൽത്തമ്മിൽ യാക്കോബിന്റെ നടപടികളെക്കുറിച്ച് ചർച്ച ചെയ്തു കൊണ്ടിരുന്നപ്പോൾ ഒരു സ്ത്രീ സദസ്സിൽ നിന്ന് എഴുന്നേറ്റിട്ട് ആശ്ചര്യഭാവത്തിൽ ആംഗ്യങ്ങൾ കാണിച്ചു കൊണ്ട് കാമ്പാഭാഷയിൽ എന്തോ സംഗതി ധ‍ടുതിയായി പറഞ്ഞു.

അപ്പോൾ പരിഭാഷകൻ അടക്കമായി പറഞ്ഞു "ആ സ്ത്രീ പറയുന്നത്" നമ്മൾ എല്ലാവരും ഇപ്പോൾ ക്രിസ്ത്യാനികൾ ആണ്. എന്നിട്ടും നമുക്ക് ഇപ്പോഴും പല പൂജാസാധനങ്ങളോടും കമ്പമുണ്ട്, അവയെ ഒളി പ്പിച്ച് വയ്ക്കുകയും ചെയ്യാറുണ്ട്. ഇനി മേലിൽ അങ്ങനെ യാതൊരു സാധനവും നമ്മൾ ഒളിപ്പിച്ചു വയ്ക്കരുത്. നാം അവയെ എല്ലാം നശിപ്പിച്ചുകളയണം."

അപ്പോഴേക്കും ഒരു ഭീമൻ മനുഷ്യൻ എഴുന്നേറ്റിട്ട് ഉച്ചത്തിൽ എന്തോ ഗർജ്ജനം ചെയ്തു. സന്നിഹിതരാ യിരുന്ന മറ്റ പരുഷന്മാർ എല്ലാവരും അത് സമ്മതിച്ചു.

നിങ്ങൾ ജിജ്ഞാസുക്കൾ ആയിത്തീർന്നിരിക്കുന്നു. ആ മനുഷ്യൻ പറഞ്ഞത് എന്താണ്? അവർ തീരുമാ നിച്ചതെന്ത്? നിങ്ങൾക്ക് ജിജ്ഞാസയായി. നിങ്ങൾ പരിഭാഷകന്റെ അടുത്തേക്ക് ചായുന്നു; "എന്താണ് അയാൾ പറഞ്ഞത് ?" നിങ്ങൾ പരിഭാഷകനോട് അന്വേഷിക്കുന്നു.

ആ മനുഷ്യൻ പറഞ്ഞുകൊണ്ടിരുന്ന കാര്യങ്ങൾ മുഴുവൻ കേൾക്കാൻ ചെവി കൂർപ്പിക്കുന്നു. അല്പസമ യത്തെ ശ്രദ്ധയ്ക്കുശേഷം വിവർത്തകൻ പറയുന്നു "ആ മനുഷ്യൻ പറയുന്നത്: ഞാൻ എന്റെ കുടുംബത്തെ ഭരിക്കുന്നു. ഞാൻ പറയുന്നതുപോലെ എന്റെ കുടുംബാംഗങ്ങൾ പ്രവർത്തിക്കും. പക്ഷേ, ഞാനും യാക്കോബി

നെപ്പോലെയാണ്. ഞാൻ എന്റെ കുടുംബത്തെ ആത്മീകമായി നടത്തിയില്ല. എനിക്ക് മാറ്റം ആവശ്യമാണ്. എന്റെ സ്വഭാവത്തെ ഞാൻ മാറ്റുന്നതാണ്.”

[അന്നേദിവസം, ആ ബൈബിൾ കഥയിലൂടെ, ആ സഭാഹാളിലുണ്ടായിരുന്ന എല്ലാവർക്കും യാക്കോബിന്റെ കപടഭക്തി മനസ്സിലാക്കുവാൻ കഴിഞ്ഞു യാക്കോബിന്റെ പാപത്തെ തിരിച്ചറിഞ്ഞതിലൂടെ ആ മനുഷ്യനും, സദസ്സിൽ സംസാരിച്ച ആ സ്ത്രീക്കും അവരുടെ പാപത്തെയും തിരിച്ചറിയാൻ കഴിഞ്ഞു.]

അപ്രകാരം തന്നെ, ആ ദിവസം ദൈവത്തിന്റെ കഥകളുടെ അഭൗമമായ ശക്തി വിശേഷം നാം കണ്ടെത്തുകയും ചെയ്തു. സഭാജനങ്ങളുടെ ആഗോളവീക്ഷണമായ ആദർശചിന്തകളുടെ കേന്ദ്ര തലത്തിലേക്ക് ആത്മീക സന്ദേശങ്ങൾ പ്രസരിപ്പിക്കുവാൻ ബൈബിൾ കഥയ്ക്ക് കഴിഞ്ഞു നിരക്ഷരരായ ഈ വാചിക പഠിതാക്കൾ ചിന്തകരായി. അവർ ആത്മീക സത്യങ്ങൾ കണ്ടെത്തുകയും അവയെ സ്വന്തജീവിതത്തിൽ പ്രായോഗികമായി ഉപയോഗിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. മിഷണറിമാരുടെ സുവിശേഷീകരണത്തിലൂടെ ഇങ്ങനെയൊരു മാനസീക പരിവർത്തനം ആത്മീകമായി അവരുടെ ജീവിതത്തിൽ ലഭ്യമാക്കണമെങ്കിൽ ദശാബ്ദങ്ങൾ തന്നെ കഴിയേണ്ടി വന്നേക്കും!

## ഒരിക്കലും തീരെ താമസിച്ചുപോയിട്ടില്ല,
## ഒരിക്കലും തീരെ നഷ്ടപ്പെട്ടിട്ടുമില്ല.

നേപ്പാളിലെ നവാൽ പരാസി ജില്ലയിൽ ഒരു മന്ത്രവാദി വൈദ്യൻ ജീവിച്ചിരുന്നു. 66 വയസ്സ് പ്രായത്തിനിടയിൽ ഒരിക്കലും ഒരക്ഷരം പോലും അയാൾ പഠിച്ചിട്ടില്ല. എഴുത്തും വായനയും അഭ്യസിച്ചിരുന്നില്ലെങ്കിലും അയാൾ പരശതം ആളുകളെ ചൊൽപ്പടിക്ക് നിയന്ത്രിച്ചിട്ടുണ്ട്. ജനങ്ങൾ അയാളെ അമ്പരപ്പോടും ഭയത്തോടും കൂടെയാണ് കാണാറുണ്ടായിരുന്നത്.

60 വയസ്സ് പ്രായം മുതൽ അയാൾ യേശുവിനെക്കുറിച്ച് കേട്ടിരുന്നു. പക്ഷേ അയാൾക്ക് യേശുവിനെ ആവശ്യമില്ലെന്നാണ് അയാൾ ചിന്തിച്ചിരുന്നത്. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിച്ചിരുന്നവരെക്കുറിച്ച് അയാൾ കേട്ടിട്ടുണ്ട്. അവരുടെ പ്രാർത്ഥനകൾക്ക് മറുപടി കിട്ടിയിട്ടുള്ളതായി അയാൾ അറിഞ്ഞിരുന്നു. എന്നാൽ അയാൾ മന്ത്രവാദി ആയിരുന്നതുകൊണ്ട് ദുരാത്മാക്കളുടെ സ്വാധീനത്താൽ അയാൾ പലതും പ്രവർത്തിച്ചിരുന്നതിനാൽ അയാൾക്ക് യേശുവിനെ ആവശ്യമില്ലെന്നാണ് അയാൾ ചിന്തിച്ചത്. അയാൾക്ക് യേശുവിന്റെ ആവശ്യമെന്താണ്? അയായിരുന്നു അയാളുടെ ചിന്ത.

ഒരു ദിവസം അയാളുടെ കൊച്ചുമകന് സുഖമില്ലാതായി. മരണാവസ്ഥയോടടുത്തു. മന്ത്രവാദി വൈദ്യൻ മന്ത്രങ്ങൾ ചൊല്ലി, ദുരാത്മക്കളെ വിളിച്ചു കൊച്ചുമകന്റെ രോഗം സുഖമാക്കുവാൻ ആവശ്യപ്പെട്ടു പക്ഷേ രാഗിക്ക് സൗഖ്യം ഉണ്ടായില്ല. അവൻ മരണാസന്നനായി. അവസാനം, നിരാശയിൽ ആ വയോധികൻ യേശുവിന്റെ അനുയായികളെ സമീപിച്ചു. തന്റെ കൊച്ചുമകനുവേണ്ടി പ്രാർത്ഥിക്കേണമേ എന്ന് അപേക്ഷിച്ചു അവർ പ്രാർത്ഥിച്ചു ആ ബാലന്റെ രോഗം അവനെ വിട്ടുമാറി. എന്നാൽ മന്ത്രവാദി മനന്തിരിയുകയോ യേശുവിനെ പിന്തുടരുകയോ ചെയ്തില്ലെന്നു മാത്രമല്ല തന്റെ മന്ത്രവാദം തുടരുകയും ചെയ്തു.

പക്ഷേ, മൂന്നു മാസങ്ങൾക്ക് ശേഷം ഈ മനുഷ്യന്റെ ഭാര്യ വിശ്വാസി ആയതുകൊണ്ട്, ഒരു STS ശില്പശാലയിൽ സംബന്ധിക്കുകയും, അവൾ STS ൽ പഠിച്ചതായ ഒരു കഥ അവളുടെ ഭർത്താവായ ഈ മന്ത്രവാദി വൈദ്യനോട് പറയുകയും ചെയ്തു.

II രാജാക്കന്മാർ 5ലെ നയമാന്റെ കഥ, നേപ്പാളികളായ അദ്ധ്യാപകരാണ് പഠിപ്പിച്ചത്. പഠിതാക്കൾ ആ കഥ ചർച്ച ചെയ്തു. നയമാൻ അരാമ്യ സൈന്യത്തിന്റെ സർവ്വ സൈന്യാധിപൻ ആയിരുന്നു എന്ന് അവർ പഠിച്ചു. പക്ഷേ, അയാൾ കുഷ്ടരോഗി ആയിരുന്നു. അരാമ്യർ യിസ്രായേൽക്കാരുടെ ശത്രുക്കൾ ആയിരുന്നെങ്കിലും,

യിസ്രായേലിലുള്ള ഒരു പ്രവാചകൻ മുഖേന തനിക്ക് സൗഖ്യമാകുവാൻ കഴിയുമെന്ന് അറിഞ്ഞപ്പോൾ അയാൾ ഒരു ഒട്ടക സംഘവുമായി യിസ്രായേലിലേക്കു സൗഖ്യം സമ്പാദിക്കുവാനായി പോയി.

എന്നാൽ നയമാൻ, പ്രവാചകനായ എലിശായുടെ വസതിയിൽ എത്തിയപ്പോൾ, താൻ പ്രതീക്ഷിച്ചതു പോലുള്ള ഗംഭീര സജ്ജീകരണങ്ങളോ, അതി വിപുലമായ ചടങ്ങുകളോ ഒന്നും പ്രവാചകൻ നിർദ്ദേശിച്ചില്ല. നയമാനെ കാണുവാനായി പ്രവാചകൻ വെളിയിലേക്ക് വരുകപോലും ഉണ്ടായില്ല. എന്നാൽ ഒരു ശിഷ്യനായ സേവകൻ വെളിയിലേക്ക് വന്ന് നയമാനോട് യോർദ്ദാൻ നദിയിൽ ചെന്ന് ഏഴ് പ്രാവശ്യം മുങ്ങിക്കുളിക്കുവാൻ ആവശ്യപ്പെടുകയാണുണ്ടായത്; അതിങ്കൽ നയമാന് അരിശമുണ്ടായി. നയമാൻ ഇങ്ങനെ ആക്രോശിച്ചു". യിസ്രാ യേയിലെ നദികളെക്കാൾ നല്ല വെള്ളമുള്ള അബാനായും, പാർപ്പരായും ദമസ്കോസിന് സമീപമായി ഉള്ള പ്പോഴാണോ ഈ നദിയിൽ ഞാൻ പോയി മുങ്ങേണ്ടത്?" എന്ന്. നയമാന്റെ പ്രതീക്ഷകൾ അതിൽ കൂടുതൽ ആയിരുന്നു! " എനിക്ക് ഞങ്ങളുടെ നദിയിൽ മുങ്ങിക്കുളിച്ച് ശുചിത്വം പ്രാപിച്ചുകൂടേ? "എന്ന് ആക്രോശിച്ചു കൊണ്ട് നയമാൻ കോപത്തോടെ പോകാൻ ഒരുങ്ങി."

"പ്രവാചകൻ വലിയൊരു കാര്യം ചെയ്‌വാൻ ആവശ്യപ്പെട്ടിരുന്നെങ്കിൽ അങ്ങ് അപ്രകാരം ചെയ്യുമായിരു ന്നില്ലേ? പിന്നെ ഈ നിസ്സാരകാര്യം ചെയ്‌വാൻ ആവശ്യപ്പെട്ടപ്പോൾ എത്ര അധികം ചെയ്യേണ്ടതാണ്?" എന്ന് നയമാന്റെ സേവകന്മാർ നയമാനോട് ആവശ്യപ്പെട്ടപ്പോഴാണ് നയമാന് ആവശ്യബോധവും കർത്തവ്യ നിർവ്വ ഹണ തീരുമാനവും ഉണ്ടായത്. അവൻ നദിയിലേക്ക് ചെന്നു. യോർദ്ദാൻ നദിയിൽ ഏഴുപ്രാവശ്യം മുങ്ങി. പ്രവാചകൻ നിർദ്ദേശിച്ചതുപോലെ ഏഴുപ്രാവശ്യം മുങ്ങിയപ്പോൾ തന്റെ രോഗം പാടേ വിട്ടുമാറി. തനിക്ക് പരി പൂർണ്ണസൗഖ്യം ഉണ്ടായി."

മന്ത്രവാദിവൈദ്യൻ നയമാന്റെ കഥ കേട്ടപ്പോൾ തന്റെ ഭാര്യയോടു പറഞ്ഞു: "ഞാൻ നയമാനാണ്. എന്റെ അഹംഭാവമാണ് യേശുവിനെ പിന്തുടരുന്നതിൽ നിന്ന് എന്നെ വലിക്കുന്നത്."

അടുത്ത ദിവസം തന്നെ ഈ മന്ത്രവാദി വൈദ്യർ തന്റെ ഭാര്യയോടുകൂടി STS ശില്പശാലയിലേക്ക് പോയി. അവിടെ ചെന്നിട്ട് ഒരു അദ്ധ്യാപകനോട് പറഞ്ഞു. "എനിക്ക് യേശുവിന്റെ അനുഗാമി ആകണം." അയാൾക്ക് ആശ്വാസോപദേശം കിട്ടി. അയാൾ രക്ഷ ലഭിപ്പാനായി അപേക്ഷിച്ചുകൊണ്ട് പ്രാർത്ഥിച്ചു അതിനു ശേഷമായി, ഈ വിദ്യാവിഹീനനായ മനുഷ്യൻ തന്റെ ദീർഷകാലത്തെ മന്ത്രവാദജീവിതത്തെ വെടിഞ്ഞുകൊ ണ്ട്, തന്റെ പുതിയ തീരുമാനങ്ങളെക്കുറിച്ച് മറ്റുള്ളവരെ അറിയിപ്പാൻ ആഗ്രഹിച്ചു. അവിടെ സന്നിഹിതരായി രുന്നവർ അയാളുടെ അനുഭവസാക്ഷ്യം ശ്രദ്ധിച്ചുകേട്ടു അത് ഇപ്രകാരമായിരുന്നു.

"നയമാൻ അഹം ഭാവിയായ മനുഷ്യനായിരുന്നു. അതുകൊണ്ട് അയാൾക്ക് രോഗസൗഖ്യം നഷ്ടമാകാൻ തുടങ്ങിയതാണ്. ഞാനും അഹംഭാവിയായ മനുഷ്യനാണ്. യേശുവിനെ പിന്തുടരണമെന്ന് പലവട്ടം എനിക്ക് പ്രേരണ ഉണ്ടായതാണ്. എന്നാൽ എനിക്ക് യേശുവിനെ ആവശ്യമുണ്ടെന്ന് സമ്മതിക്കുവാൻ എനിക്ക് മനസ്സി ല്ലായിരുന്നു. ജനങ്ങൾ എന്നെ ആശ്രയിക്കുന്നുണ്ടായിരുന്നു. അതുകൊണ്ട് എനിക്ക് എന്റെ പദവിയിൽ നിന്ന് താഴാൻ മനസ്സു വന്നില്ല. എന്റെ കൊച്ചുമകന് ദൈവം സൗഖ്യം നൽകിയിട്ടും ഞാൻ ദൈവത്തെ അനുസരിച്ചി ല്ല. എന്റെ അഹംഭാവമാണ് എന്റെ രക്ഷയ്ക്ക് വിലയായി ഞാൻ കൊടുക്കേണ്ടത്. ഇപ്പോൾ എന്റെ അഹം ഭാവം ഞാൻ വെടിഞ്ഞിരിക്കുന്നു. ഞാൻ ഇനിമേൽ യേശുവിന്റെ അനുയായിയാണ്."

ഏതൊരാളും, വിദ്യാസമ്പന്നനോ വിദ്യവിഹീനനോ ആയിക്കൊള്ളട്ടെ, ബൈബിളിൽ നിന്ന് വിജ്ഞാനം കണ്ടെത്തുമ്പോൾ പരിശുദ്ധാത്മാവിനാണ് ബഹുമതി ലഭിക്കേണ്ടത്. മന്ത്രവാദി വൈദ്യർക്ക് ബൈബിൾ കഥ യിൽ നിന്ന് ആത്മീക വിജ്ഞാനം ലഭിച്ചപ്പോൾ അയാളുടെ മനസ്സിലേക്ക് അയാൾ ചെയ്തിരുന്നതെറ്റുകളെല്ലാം ദൃശ്യമായി വന്നു. അയാളെടുത്തിരുന്ന തെറ്റായ തീരുമാനങ്ങളും അവസാനം കൈക്കൊണ്ട ശരിയായ തീരുമാ നവും മനസ്സിൽ തെളിഞ്ഞു വന്നു. അയാളുടെ മാനസാന്തരത്തിലൂടെ അയാൾ കണ്ടെത്തിയ ആത്മീക സത്യ ത്തിന്റെ അഗാധത സകല വിദ്യാഭ്യാസങ്ങൾക്കും അതീതമായിരുന്നു.

രസകരായ ഒരു സംഗതി, STS നെക്കുറിച്ചുള്ള റിപ്പോർട്ടുകളിൽ പ്രകാരം, ആ ശില്പശാലകൾ നയിക്കുകയും അവിടെ പഠിപ്പിക്കുകയും ചെയ്തിരുന്നത് STS ന്റെ രണ്ടാമത്തെയും, മൂന്നാമത്തെയും, നാലാമത്തെയും "തലമുറക്കാർ" ആയിരുന്നു എന്നതാണ്. അവരിൽ ഭൂരിഭാഗവും ഗ്രാമീണരായിരുന്നു. വാചികമായി STS പഠനം നടത്തിയവരും ആയിരുന്നു.

## വ്യാഖ്യാനഗ്രന്ഥങ്ങളുടെ ഉപയോഗത്തെക്കുറിച്ച് എന്ത് പറയുന്നു?

തിരുവചനം പഠിക്കുന്നവർക്ക് വ്യാഖ്യാന പുസ്തകങ്ങൾ വിജ്ഞാനത്തിന്റെ സമ്പത്താണ് പ്രദാനം ചെയ്യുന്നത്. നൂറ്റാണ്ടുകളായി ദൈവീക പുരുഷന്മാരും ദൈവീക വനിതകളുടെ അവരുടെ അറിവിന്റെ അന്തർദർശനങ്ങളിലൂടെ ക്രിസ്ത്യാനികൾക്കായി അവരുടെ പ്രസംഗങ്ങളിലൂടെയും ബോധന പ്രക്രിയകളിലൂടെയും പങ്കുവച്ചിട്ടുള്ള തിരുവചന വിജ്ഞാനത്തേക്കാൾ അതി മഹത്തായ വിജ്ഞാനസമ്പത്ത് വേദപുസ്തക പണ്ഡിതന്മാർ രേഖപ്പെടുത്തി വച്ചിട്ടുള്ള വ്യാഖ്യാന ഗ്രന്ഥങ്ങളുടെ പൈതൃകസ്വത്ത് പ്രദാനം ചെയ്യുന്നുണ്ട്. തിരുവചന സംബന്ധമായി ആരെങ്കിലും ഒരു വിശദീകരണമോ വ്യാഖ്യാനമോ നൽകുന്നതുപോലെ തന്നെയാണ് ഒരു വ്യാഖ്യാനഗ്രന്ഥം അറിവ് നൽകുന്നത്. എന്നാൽ നമ്മൾ അത് കൈക്കൊള്ളുന്നതിൽ സൂക്ഷ്മമായ ചില വ്യത്യാസങ്ങൾ ഉണ്ട്. പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്ന അറിവ് ആധികാരികവും വസ്തുനിഷ്ടവുമാണ് പ്രസിദ്ധീകരണത്തിന് വേണ്ടത്ര സമയവും പഠനവും, നിരീക്ഷണഗവേഷണങ്ങളും വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. എന്തായിരുന്നാലും, ഉറവിടം എന്ത് ആയിരുന്നാലും അത് വ്യക്തികൾ പറയുന്ന വിജ്ഞാമമായിരുന്നാലും പ്രസിദ്ധീകരിക്കപ്പെട്ട ഗ്രന്ഥമായിരുന്നാലും അത് തിരുവചനാടിസ്ഥാനത്തിലുള്ളതുതന്നെയോ എന്ന് പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടത് ആവശ്യമാണ്.

നമ്മെ പഠിപ്പിക്കുന്ന കാര്യങ്ങൾ ശരിതന്നെയോ എന്ന് പരിശോധിച്ച് ബോദ്ധ്യപ്പെടുന്നത് എങ്ങനെ എന്ന് പരിശുദ്ധാത്മാവ് നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ തിരുവചനത്തിൽ അത് രേഖപ്പെടുത്തിയിട്ടുണ്ട്.

"സഹോദരന്മാർ ഉടനെ, രാത്രിയിൽത്തന്നെ, പൗലോസിനെയും ശീലാസിനെയും ബെരോവെക്ക് പറഞ്ഞയച്ചു അവിടെ എത്തിയാറെ അവർ യഹൂദന്മാരുടെ പള്ളിയിൽ പോയി. അവർ തെസ്സലോനിക്കയിലുള്ളവരെക്കാൾ ഉത്തമന്മാരായിരുന്നു. അവർ വചനം പൂർണ്ണ ജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങനതന്നെയോ എന്ന് ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ചുപോന്നു." (അപ്പോ. 17:10, 11)

ബെരോവായിലുള്ള ജനങ്ങൾ ജാഗ്രതയും അന്വേഷണബുദ്ധിയും ഉള്ളവരായിരുന്നു അവരെ പഠിപ്പിക്കുന്ന സംഗതികൾ തിരുവചനാധിഷ്ഠിതമാണോ എന്ന് അവർ ദിനംപ്രതി പരിശോധിച്ച് ബോദ്ധ്യപ്പെടാറുണ്ടായിരുന്നു ബെരോവക്കാർ തിരുവചനത്തെ ആധികാരികമായ രേഖയായി അംഗീകരിച്ചിരുന്നു. രസകരമായ ഒരു സംഗതി ഇതാണ്. ആരുടെ പഠിപ്പിക്കലാണ് തിരുവചനാധിഷ്ടിതമാണോ എന്ന് പരിശോധിച്ചത്? നിങ്ങളുടെ ഉത്തരം ശരിയാണ്. അപ്പോസ്തലനായ പൗലോസിന്റെ.

അങ്ങനെ, ഇന്ന് നാം ചെയ്യേണ്ടകാര്യം എന്താണ്? മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള മാതൃകപോലെ, നാം വേദപുസ്തകവുമായി പരിശോധിക്കണം, വ്യക്തികൾ നൽകുന്ന അഭിപ്രായങ്ങളോ, വ്യാഖ്യാനങ്ങളോ ആയിരുന്നാലും, പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളോ ബോധന പാഠങ്ങളോ ആയിരുന്നാലും അവയെ വേദപുസ്തകാടിസ്ഥാനത്തിൽ ശരിതന്നെയോ എന്ന് പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്.

കഥകളിലൂടെ ജനങ്ങൾക്ക് തിരുവചന ശുശ്രൂഷ ചെയ്യുമ്പോൾ അച്ചടിച്ചതോ റക്കാർഡ് ചെയ്യപ്പെട്ടതോ ആയ തിരുവചനഭാഗങ്ങൾ ലഭ്യമാക്കാനും ശ്രദ്ധിക്കണം. എഴുത്തും വായനയും അറിയാവുന്നവർ അത് വായിച്ചു നോക്കി അവരെ പഠിപ്പിച്ച സംഗതികൾ തിരുവചനാധിഷ്ഠിടമാണോ എന്ന് അവർ വായിച്ച് ബോദ്ധ്യപ്പെടട്ടെ.

ആഫ്രിക്കയിൽ നടത്തപ്പെട്ട ഒരു മഹാസമ്മേളനത്തിൽ എല്ലാവരും STS വാചികരീതിയിൽ ബൈബിൾ കഥകൾ പഠിപ്പിക്കുന്നതിനെ പ്രശംസിക്കുകയായിരുന്നു. അല്പം അവസരവാദിയും പഠനകാര്യത്തിൽ ജിജ്ഞാ

സുവുമായ ഒരു യുവാവ് എഴുന്നേറ്റ് രസകരമായ ഒരു ചോദ്യം ചോദിച്ചു. ബൈബിൾ കഥകൾ പഠിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയായിരുന്നു അയാൾ. അയാളുടെ അന്വേഷണം ഇതായിരുന്നു." ഞങ്ങൾക്ക് വ്യാഖ്യാന ഗ്രന്ഥങ്ങൾ അയച്ചുതരാൻ കഴിയുമോ?" ചോദ്യം കേട്ട് ഞാൻ ഞെട്ടിപ്പോയി. പിന്നെ ഞാൻ മറുപടി പറഞ്ഞു. "അതിനുള്ള ഏർപ്പാടുകൾ ചെയ്യാം" ഞാൻ പുഞ്ചിരിച്ചു "ഞങ്ങൾ പട്ടികയിൽ ചേർത്തിട്ടുള്ള 210 കഥകളും പഠിച്ചുകഴിയുമ്പോൾ ഞങ്ങളെ ബന്ധപ്പെടുക. നിങ്ങൾക്ക് വ്യാഖ്യാന ഗ്രന്ഥങ്ങൾ നോക്കി പാഠങ്ങളെ വിലയിരുത്താനുള്ള അറിവും മുന്നൊരുക്കവും അപ്പോഴേ ലഭ്യമാകുകയുള്ളൂ."

വ്യാഖ്യാതക്കളുടെ അഭിപ്രായങ്ങൾക്കും ആശയങ്ങൾക്കും തിരുവചനത്തിൽ നൽകപ്പെട്ടിട്ടുള്ള വ്യക്തമായ വിജ്ഞാനത്തെ അപേക്ഷിച്ച് സമുന്നതമായ സ്ഥാനവും, മൂല്യവും ചിലർ അവരോധിക്കാറുണ്ട്. ചില ആളുകൾ ചെയ്യുന്നത് തിരുവചനത്തെ ഗഹനമായി വിചിന്തനം ചെയ്ത് പഠിക്കുന്നതിനുപകരം വ്യാഖ്യാനഗ്രന്ഥങ്ങൾ വായിച്ച് തിരുവചനം മനസ്സിലാക്കാൻ ശ്രമിക്കുകയാണ്. കാരണമുണ്ട്. അവർക്ക് തിരുവചനസത്യങ്ങൾ തിരുവചനത്തിൽ നിന്നു തന്നെ കണ്ടെത്തുവാനുള്ള ആവേശമോ, ആവശ്യബോധമോ ഇല്ല തന്നെ. തിരുവചനത്തിന്റെ വിവിധ ഭാഗങ്ങൾ പരിശോധിച്ച് ആത്മീകരഹസ്യങ്ങളും, ആത്മീകസത്യങ്ങളും കണ്ടു പിടിക്കുന്നതിനായി സമയം ഉപയോഗിക്കുന്നതിനു പകരം, വിദ്യാസമ്പന്നരും, ദൈവശാസ്ത്രജ്ഞരുമായ പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുള്ള, അവരുടെ വീക്ഷണങ്ങളും അഭിപ്രായങ്ങളും ആത്മീക സത്യങ്ങളായി അംഗീകരിക്കുകയാണ് ചെയ്യുന്നത്.

നമ്മുടെ സഭകളിൽ വന്ന് വചന ശുശ്രൂഷ ചെയ്യുന്നവരോ, തങ്ങളുടെ നിരീക്ഷണ പഠനങ്ങളും, അഭിപ്രായ ആശയങ്ങളും പ്രസിദ്ധീകരണങ്ങളിൽ അച്ചടിച്ച് പ്രചരിപ്പിക്കുന്നവരോ ആയ പണ്ഡിതന്മാർക്കുമാത്രമേ തിരുവചനത്തിൽ അടങ്ങിയിട്ടുള്ള സത്യങ്ങൾ വ്യക്തമായും പൂർണ്ണമായും ഗ്രഹിപ്പാൻ കഴിഞ്ഞിട്ടുള്ളൂ എന്നുള്ള ധാരണയെ നമ്മൾ മാറ്റേണ്ടത് ആവശ്യമാണ്. അപ്രകാരം ചിന്തിക്കുന്ന മാനസീകാവസ്ഥയ്ക്ക് മാറ്റം വരേണ്ടത് അത്യാവശ്യമാണ്. വേദപുസ്തകം സർവ്വക്കുമായി എഴുതപ്പെട്ടിരിക്കുന്ന ഗ്രന്ഥമാണ്. സാധാരണക്കാർക്കും വിദ്യാസമ്പന്നർക്കും ഒരുപോലെ ഗ്രഹിക്കുവാൻ പര്യാപ്തമാണ് തിരുവചനം. ദൈവത്തിന്റെ അഭിവാഞ്ച വേദപുസ്തകം എല്ലാവർക്കും പ്രയോജനകരമാകണം എന്നാണ്. വിദ്യാഭ്യാസം ചെയ്യുന്നതിന് ഭാഗ്യം ലഭിച്ചിട്ടുള്ള ചുരുക്കം ചിലർക്കുവേണ്ടി മാത്രമല്ല വേദപുസ്തകം വിരചിതമായിരിക്കുന്നത്.

ഒരർത്ഥത്തിൽ ബൈബിൾ കഥകളെക്കുറിച്ച് ചർച്ചയിൽ ഏർപ്പെടുന്നത് വേദപുസ്തക പണ്ഡിതന്മാർ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന അഭിപ്രായങ്ങളും, നിഗമനങ്ങളും വായിച്ച് മനസ്സിലാക്കുന്നതുപോലെ വിജ്ഞാനപ്രദവും രസകരവുമാകുന്നു. ചർച്ചകൾ നടക്കുമ്പോൾ പഠിതാക്കളിൽ ആരെങ്കിലും, അസാധാരണമായൊരു അഭിപ്രായം അവതരിപ്പിക്കുകയാണെങ്കിൽ, അത് "സാധു" വായിരുന്നാലും "അസാധു" ആയിരുന്നാലും നമുക്ക് ഉടനെ തന്നെ ചോദിക്കാവുന്നതാണ്. "ആകട്ടെ, അത് കഥയുടെ ഏത് ഭാഗത്താണ് കാണാനിടയായത്?" എന്ന്. അതുപോലെ തന്നെയാണ് വ്യാഖ്യാനഗ്രന്ഥങ്ങളിലെ ആശയങ്ങളും. അതേചോദ്യങ്ങൾ നമുക്ക് വ്യാഖ്യാനങ്ങളോടും, വ്യാഖ്യാനഗ്രന്ഥങ്ങളോടും, വ്യാഖ്യാതാക്കളോടും ചോദിക്കാം.

യഥാർത്ഥത്തിൽ, ഒരു വേദഭാഗത്തിന്റെ ആശയത്തെക്കുറിച്ചോ അർത്ഥത്തെക്കുറിച്ചോ ഏതെങ്കിലും ഒരാൾ ഒരു അഭിപ്രായമോ, നിർദ്ദേശമോ പറഞ്ഞാൽ അത് വേദപുസ്തക വ്യാഖ്യാതാവിന്റെ സംഭാവനയ്ക്ക് സമാനമായ ഒരു പ്രവർത്തനമായി വിലമതിക്കാവുന്നതാണ്. ആകയാൽ അപ്രകാരമൊരു ആശയം അവതരിപ്പിക്കുന്നത് ആരാണ് എന്ന് നോക്കേണ്ടകാര്യമില്ല. വേദപുസ്തകപഠനത്തിൽ അയാൾ ഒരു പുതുമുഖമോ, ഉന്നത വിദ്യാഭ്യാസമുള്ള ദൈവശാസ്ത്രജ്ഞനോ ആരുമാകട്ടെ, അദ്ദേഹം ചിലപ്പോൾ പണ്ഡിതനായിരിക്കാം. ദീർഘകാലമായുള്ള വേദപുസ്തക-വേദശാസ്ത്ര-പഠനത്തിന്റെ ഫലമായുള്ള കണ്ടെത്തലുകൾ ആയിരിക്കും അദ്ദേഹം അവതരിപ്പിച്ചത്, അത് ബൈബിൾ കഥയിൽ വ്യക്തമായി കാണപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു.

# അദ്ധ്യാം 10
# "കഥകൾ മാത്രം"
# കഥാകാഥികരുടെ വർഗ്ഗീകരണങ്ങൾ

## ജോലി പരിശീലിക്കുന്ന ആൾ

എല്ലാ ശില്പശാലകളിലും സന്നിഹിതരാകുന്ന ആളുകൾ പരിശീലനം നേടുന്നതിനൊപ്പം സ്വയം പരിശീലിപ്പിക്കുകയും ചെയ്യുന്നു. STS പദ്ധതി നടപ്പാക്കുന്നത് എങ്ങനെയെന്ന് പഠിപ്പിക്കുകയും അതിന്റെ പ്രവർത്തനതന്ത്രങ്ങൾ കൈമാറി കൊടുക്കുകയും ചെയ്യുന്നതിലുള്ള സന്തോഷം കണ്ടെത്തുകയാണ് നമ്മുടെ ചുമതലയുടെ ലക്ഷ്യം. പഠിതാക്കൾ ബൈബിൾ കഥകൾ പഠിക്കുന്നതിനോട് ഒപ്പം അത് പഠിപ്പിക്കുന്നതിന്റെ രീതികൾ പരിശീലിക്കുകയും വേണം. അങ്ങനെ അവരുടെ കഴിവുകളും നിപുണതകളും പ്രവർത്തന ക്ഷമമാക്കുകയാണ് പഠിതാക്കൾ ചെയ്യേണ്ടത്.

STS ൽ പഠിതാവായിരിക്കുന്ന ഓരോ വ്യക്തിയും ഓരോ "ജോലി പരിശിലിക്കുന്ന വ്യക്തി" കൂടിയാണ്. ഇപ്രകാരമുള്ള പഠന പരിശീലനം നടത്തുന്നവരിൽ ഭൂരിഭാഗം പേരും STS ബോധനതന്ത്രങ്ങൾ കൈകാര്യം ചെയ്യുന്നതിന് സമർത്ഥരായിത്തീരുന്നു. അവരുടെ ഗ്രാമങ്ങളിലേക്കോ, നഗരങ്ങളിലേക്കോ തിരികെ ചെന്ന് ബൈബിൾ കഥകൾ STS ശൈലിയിൽ അവതരിപ്പിക്കുവാനും ചർച്ചകളിലൂടെ ആത്മീകതൃങ്ങളും, സന്ദേശങ്ങളും പങ്കിടുവാനും അവർ സമർത്ഥരായിത്തീരുന്നു. ജോലി പരിശീലിച്ചുകൊണ്ടിരിക്കുന്നവരോട് പഠന പരിശീലനനാന്തരം സ്വന്തനാടുകളിൽ ചെന്ന് STS ശൈലിയിൽ ബൈബിൾ കഥകൾ അവതരിപ്പിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്യണമെന്ന് ഞങ്ങൾ അവരെ നിർബന്ധിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. STS ശൈലി പ്രയോഗിക്കുന്നതിന് പ്രേരകമായി ഞങ്ങൾ പല ഉപകരണങ്ങളും അവർക്ക് സംഭാവന ചെയ്യുകയും ചെയ്യുന്നു.

ജോലി പരിശീലിച്ചുകൊണ്ടിരിക്കുന്ന പഠിതാക്കൾ സമർത്ഥരായ കഥാകാഥികരായിത്തീരുന്നുണ്ടെങ്കിലും അവർക്ക് ഒരു ശില്പശാല നടത്തുവാനുള്ള സന്നദ്ധത ആയിട്ടില്ല. STS ശൈലിയിൽ മറ്റുള്ളവരെ പരിശീലിപ്പിക്കുവാനും പഠിപ്പിക്കുവാനുമുള്ള അർഹത ഉണ്ടായിട്ടില്ല.

സുവിശേഷ ശുശ്രൂഷ നടത്തിക്കൊണ്ടിരിക്കുന്ന പലരും ഞങ്ങളോട് പലപ്പോഴും ചോദിക്കാറുണ്ട്. "ഞങ്ങൾ പഠിപ്പിക്കുന്ന മറ്റ് വിഷയങ്ങളോട് ചേർത്ത് STS ശൈലി ഉപയോഗിച്ചു കൊള്ളട്ടേ?" എന്ന്. അവരുടെ ആവശ്യത്തെയും താല്പര്യത്തെയും ഞങ്ങൾ ശ്ലാഘിക്കുന്നു. ഞങ്ങൾ അവർക്ക് അനുകൂലം ആയ മറുപടി നൽകി. ജോലി പരിശീലനം നടത്തുന്നവർക്ക് അവരുടെ വീക്ഷണങ്ങൾ പ്രസാരണം ചെയ്യാവുന്നതാണ്. അവർക്ക് മറ്റ് ആളുകളോടും പൊതുജനങ്ങളോടും, STS ശൈലിയെക്കുറിച്ച് പറഞ്ഞ് അറിയിക്കാനും, ഉത്സാഹിപ്പിക്കുവാനും കഴിയും. അവർക്ക് അറിയാവുന്ന സംഗതികളും, ഞങ്ങൾ അവർക്ക് നൽകുന്ന പാഠനസാമഗ്രികളും ചേർത്ത് അവർക്ക് STS നെപ്പറ്റി പ്രചരിപ്പിക്കാവുന്നതാണ്. അങ്ങനെ സംഭവിക്കുന്നത് കാണുന്നതിന് ഞങ്ങൾക്ക് സന്തോഷമാണ്.

- ★ STS പ്രക്രീയയുടെ ഓരോ പ്രവർത്തനഘട്ടത്തെക്കുറിച്ചും ഉറച്ചധാരണ ഉണ്ടായിരിക്കുക
- ★ STS മാതൃകയിൽ വ്യക്തമായി പാഠങ്ങൾ അവതരിപ്പിക്കുവാനും, പ്രകടിപ്പിക്കുവാനും കഴിയുക.
- ★ STS പ്രക്രീയയെ നിർവ്വചിക്കുന്ന ഉദ്ദേശ്യ ലക്ഷ്യങ്ങളും ഉപയോഗങ്ങളും വ്യക്തമായി അറിയുക.

ജോലി പരിശീലിക്കുന്ന ചിലർ എത്രയും വേഗം STS ബോധനം ആരംഭിക്കാൻ ആഗ്രഹിക്കാറുണ്ട്. പരിപൂർണ്ണമായി പഠിച്ച് പരിശീലനം നേടി യോഗ്യതാ സർട്ടിഫിക്കറ്റ് കിട്ടുന്നതുവരെ കാത്തുനില്ക്കാൻ അവർ കൂട്ടാക്കാറില്ല. തങ്ങളുടെ പ്രദേശങ്ങളിൽ STS പഠനം ലഭിക്കാൻ താല്പര്യമുള്ളവർക്കായി എത്രയും വേഗം, ലളിതമായി STS പഠനം ആരംഭിക്കുന്നതിനെക്കുറിച്ചാണ് അവർ ചിന്തിക്കുന്നത്.

ചുരുക്കം ചില സന്ദർഭങ്ങളിൽ, സമർത്ഥരും ഉസ്താഹശീലരുമായ സോദ്ദേശ്യ ജോലി പരിശീലന പഠിതാക്കൾ സ്വന്തമായി STS പരിശീലന ക്ലാസ്സുകൾ ആരംഭിച്ചിരുന്നു. അവ അനധികൃതമായിരുന്നു, ആധികാരികം ആയിരുന്നില്ല. അത് നടത്തിയവർ പൂർണ്ണമായി പരിശീലിപ്പിക്കപ്പെടുകയോ, യോഗ്യതാസർട്ടിഫിക്കറ്റ് നേടുകയോ ചെയ്യാഞ്ഞതിനാൽ ഔപചാരികവും സമ്പൂർണ്ണവുമായ പരിശീലനം അവരുടെ പഠിതാക്കൾക്ക് നൽകുവാൻ കഴിഞ്ഞിരുന്നില്ല. അവർ കേട്ട കാര്യങ്ങൾ പറഞ്ഞു കൊടുക്കുകമാത്രമാണ് ചെയ്തത്. വാങ്ങുകയും മറിച്ചു കൊടുക്കുകയും മാത്രമായിരുന്നു. അവയാൽ അവരുടെ പഠിപ്പിക്കൽ ചെറുത് ആയിരുന്നു. അതിനേക്കാൾ മോശമായിത്തീർന്നത്, അവിടെ പഠിക്കുവാൻ വന്നവർ പ്രതീക്ഷിച്ചതുപോലെ, ഫലപ്രദവും, ക്രീയാത്മകവും, ഫലദായകവുമായ ഒരു പരിശീലനം അവർക്ക് ലഭ്യമായില്ല. നന്നായി കഥകൾ കഥനം ചെയ്യുവാനും, ചർച്ചകൾ നടത്തുവാനും ആവശ്യമായ തികവായ പഠനമോ പരിശീലനമോ അവർക്ക് ലഭിച്ചില്ല. സംതൃപ്തമായ പരിശീലനാനുഭവം സംജാതമായതുമില്ല.

അവിടെ സന്നിഹിതരായവർ അർദ്ധ പരിശീലനം നടത്തി പിരിഞ്ഞുപോയി. അതിന്റെ ദോഷമെന്താണ്? അവർ തെറ്റിദ്ധരിച്ചു അവർക്ക് STS പരിശീലനം മൊത്തമായി ലഭിച്ചു എന്ന്. അതിന്റെ ഫലമെന്തായി? സമ്പൂർണ്ണമായ ഒരു STS ശില്പശാല അവിടെ നടത്തപ്പെട്ടപ്പോൾ അവർക്ക് അതിൽ സംബന്ധിക്കാൻ താല്പര്യം ഉണ്ടായില്ല. അവർ STS രുചിച്ചറിഞ്ഞു എന്നായിരുന്നു അവരുടെ പ്രതിലോമചിന്ത അത് അവർക്ക് ഫലപ്പെട്ടില്ല. ഖേദകരമെന്നേ പറയേണ്ടൂ STS ന്റെ സമ്പൂർണ്ണ നിപുണതകൾ അവർക്കു ലഭിച്ചില്ല. ഞങ്ങൾക്ക് അവരെ പഠിപ്പിക്കാൻ അവർ തന്നെ തടസ്സമുണ്ടാക്കി.

“ലളിതമായി” എന്നത് “ലളിതമല്ല” കഥകൾ മാത്രം പദ്ധതിയെക്കുറിച്ച് ആളുകൾ വിചാരിക്കുന്നത് STS തീരെ ലളിതമാണ് എന്നാണ്. അത്, കഥ പറയുന്നതിൽ മാത്രം ഒതുങ്ങി നില്ക്കുന്നു എന്ന ചിന്തയ്ക്ക് കാരണമായിത്തീരുന്നു. ഞങ്ങൾ ഒരു ശില്പശാലയിൽ ചെയ്യുന്നത് അതുമാത്രമാണെങ്കിൽ ഞങ്ങൾക്ക് ഒറ്റ ദിവസം കൊണ്ട് പരിശീലന പരിപാടി ചെയ്ത് തീർക്കാം. എന്നാൽ STS ൽ യഥാർത്ഥത്തിൽ ചെയ്യുന്നത് അതല്ല. STS നൽകുന്നത് അദ്ധ്യാപനത്തിലുണ്ടായിട്ടുള്ള ചിന്താവ്യതിയാനങ്ങൾ, പ്രവർത്തന വ്യതിയാനങ്ങൾ, സുവിശേഷീകരണത്തിനായുള്ള വിവിധ പ്രവർത്തന രീതികൾ എന്നിവയാകുന്നു.

അതുപോലെ തന്നെ, ജനങ്ങൾ ബൈബിൾ കഥകൾ പഠിക്കുന്നത് എങ്ങനെയാണ് എന്നതിനെക്കുറിച്ചും, വേദപുസ്തക സംബന്ധമായ വിജ്ഞാനം മറ്റുള്ളവരിലേക്ക് എങ്ങനെയാണ് എത്തിച്ചുകൊടുക്കേണ്ടത്, ഫലപ്രദമായി ആശയ വിനിമയം ചെയ്യേണ്ടത് എങ്ങനെയാണ് എന്നതിനെക്കുറിച്ചും വ്യക്തിപരമായ തലത്തിലും, ശുശ്രൂഷാതലത്തിലും, ചിന്താവ്യതിയാനങ്ങൾ അനുബന്ധമായി നിരവധിയായി ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്.

STS ശില്പശാലകൾ നടത്തുന്നവർ, ജോലി പരിശീലനം ചെയ്യുന്നവർക്ക് വളരെയധികം ഉത്സാഹവും പ്രവർത്തനമികവും ലഭ്യമാകുന്നതിനുവേണ്ടി ധാരാളം സമയവും പരിശീലന സൗകര്യങ്ങളും പ്രദാനം ചെയ്യുന്നതുപോലെ തന്നെ പരിശീലനത്തിൽ ഏർപ്പെടുന്നവരും, മറ്റുള്ളവരെ ഫലപ്രദമായി പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നതിനുള്ള നൈപുണ്യം നേടിയെടുക്കുന്നതിനുവേണ്ടി അപ്രകാരം തന്നെ സമയവും ശ്രദ്ധയും ഉപയോഗിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്.

STS ശൈലിയിൽ ബൈബിൾ കഥകൾ പഠിപ്പിക്കുന്നതിന് ശരിയായ പരിശീലനം കിട്ടിയാൽ മാത്രമേ മറ്റുള്ളവരെ അതിനായി നല്ലതുപോലെ പരിശീലിപ്പിക്കുവാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ അടുത്ത തലമുറ അദ്ധ്യാപകർ കഥ പറയുന്ന പരിപാടി നിർത്തിയേക്കാൻ ഇടയുണ്ട്. സുവിശേഷീകരണ ശുശ്രൂഷയിൽ ബൈബിൾ കഥകൾ ഉപയോഗിക്കുന്ന കാര്യത്തിൽ ശുശ്രൂഷകന്മാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായാൽ, അതിന്റെ ഇച്ഛാഭംഗംകൊണ്ട് അവർ തെറ്റായ തീരുമാനം കൈക്കൊള്ളാനിടയാകും കഥാകഥനം ഫലശൂന്യമാണെന്നും അത് ഇനിയും ഉപയോഗിക്കേണ്ടെന്നും അവർ തീരുമാനിച്ചേക്കും.

ആദ്യത്തെ 37 മണിക്കൂർ പരിശീലനം, STS ഉപയോഗിക്കേണ്ടത് എങ്ങനെ എന്നും, മറ്റുള്ളവരെ പരിശീലിപ്പിക്കേണ്ടത് എങ്ങനെ എന്നുള്ള പരിശീലനത്തിലേക്ക് പ്രവേശിക്കുന്നതും ആകുന്നു ഈ പരിശീലനത്തിൽ ഒരു STS ശില്പ ശാല നടത്തേണ്ടത് എങ്ങനെയാണെന്ന് പഠിപ്പിക്കുന്നില്ല. പരിശീലനത്തിന് അർഹതയുള്ളവരെ കണ്ടുപിടിക്കുന്നത് എങ്ങനെ എന്നും, ശില്പശാല നടത്തുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും, ഉപയോഗങ്ങളും എന്തെന്നും STS പ്രക്രീയയുടെ രീതികൾ, അവയുടെ ഉദ്ദേശ്യവ്യതിയാനങ്ങൾ എന്നിവയൊന്നും ഈ പരിശീലനത്തിൽ പഠിപ്പിക്കുന്നില്ല.

ജോലി പരിശീലനം ചെയ്തുകൊണ്ടിരിക്കുന്നവർക്ക് ശിഷ്യന്മാരെ വർദ്ധിപ്പിക്കുവാനും, മറ്റുള്ളവർക്ക് STS നിപുണതകൾ പഠിക്കുവാനും ഉപയോഗിക്കുവാനും അവരെ സഹായിക്കുന്നതിനും സാദ്ധ്യമാകയില്ലെന്ന് ഇതിന് അർത്ഥമുണ്ടോ? ഒരിക്കലുമില്ല. യഥാർത്ഥത്തിൽ, ഇപ്രകാരം STS പദ്ധതിയെ ഒരു ശിഷ്യത്വ പ്രക്രീയയായി വികസിപ്പിക്കുന്നതിനെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. ശിഷ്യത്വ വർദ്ധീകരണത്തെക്കുറിച്ച് കുടുതൽ വിവരങ്ങൾ അറിയുന്നതിന് ഈ ഹാൻഡ് ബുക്കിലെ 11-ാം അദ്ധ്യായം ഉപയോഗിക്കുവാനുള്ള സ്ഥലങ്ങൾ STS പഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ! വായിച്ചുനോക്കുക.

നിങ്ങളുടെ ഒരു സംഘം ആളുകൾക്ക് പരിശീലനം നൽകണമെന്നുണ്ടെങ്കിൽ ഞങ്ങളെ ബന്ധപ്പെടുക. നിങ്ങളോടൊത്ത് പ്രവർത്തിക്കാൻ ഞങ്ങൾക്ക് സന്തോഷമാണ്. നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ നിങ്ങളെ ഒരു തികവുള്ള അദ്ധ്യാപകന്റെ പദവിയിലേക്ക് അവരോധിക്കുന്നതിന് ആവശ്യമായ ഒരു പ്രവർത്തന പദ്ധതി ഞങ്ങൾ തയ്യാറാക്കി തരാം. നേതൃത്വ പദവിയെ നേരായ പാതയിലൂടെ പ്രദാനം ചെയ്യുന്നത് ഞങ്ങളുടെ സേവനത്തിന്റെ ഒരു പ്രത്യേകതയാകുന്നു. ഏതൊരു വ്യക്തിക്കും, എന്നല്ല യോഗ്യതയുള്ള എല്ലാ ജനങ്ങൾക്കും യോഗ്യതാ സർട്ടിഫിക്കറ്റ് ഉള്ള അദ്ധ്യാപകർ ആയിത്തീരാൻ കഴിയും. യോഗ്യതാമാനദണ്ഡം ഇതായിരിക്കും.

★ എത്രയും വേഗത്തിൽ പഠിക്കാമോ അപ്രകാരം ശില്പശാലയ്ക്കുവേണ്ടിയുള്ള പഠന പദ്ധതിയുടെ ഉള്ളടക്കം പഠിക്കുക.

★ STS കഥകൾ പറയുന്നതിന് കഴിവും, മിഴിവും നേടുക.

★ STS പരിശീലനം ആവശ്യമുള്ളവർക്ക് പരിശീലനം നൽകുവാൻ വേണ്ടി തെരഞ്ഞെടുക്കുക.

★ ഒരു സീനിയർ അദ്ധ്യാപകന്റെ മുമ്പിൽ STS നിർദ്ദേശങ്ങൾ അനുസരിച്ച് ഒരു ശില്പശാല പ്രവർത്തനക്ഷമമാക്കി STS ശൈലിയിൽ ബോധനം നടത്തുക.

അദ്ധ്യാപകൻ: അസിസ്റ്റന്റ്, സ്ഥിരമാക്കപ്പെടേണ്ട അദ്ധ്യാപകൻ, യോഗ്യതാ സർട്ടിഫിക്കറ്റ് ഉള്ളവർ, സീനിയർ

മുകളിൽ കൊടുത്തിരിക്കുന്ന വിവിധ തസ്തികയിലുള്ള അദ്ധ്യാപകരും, അദ്ധ്യാപകസഹായികളും അവരവരുടെയോഗ്യതയ്ക്കും, നമ്മുടെ വിശ്വാസ പ്രമാണത്തിനു അനുയോജ്യമായ നിലയ്ക്കും അനുസരിച്ച് നിയമിക്കപ്പെടും. അദ്ധ്യാപകരും മറ്റ് ഔദ്യോഗികാനൗദ്യോഗിക പ്രവർത്തകരും ഒരുമാനപ്പെട്ട് നമ്മുടെ വിശ്വാസപ്രമാണങ്ങളോട് കുറുള്ളവരായി ഐക്യമത്യത്തോടെ സേവനം ചെയ്യേണ്ടതാകുന്നു. നമ്മുടെ പ്രവർത്തന വിജയത്തിന് വഴിയൊരുക്കുന്ന എല്ലാ അദ്ധ്യാപകരും പ്രവർത്തരും TGSP-STS പദ്ധതിയുടെ ഉപദേശപ്രമാ

ണത്തെ (ചുവടേ ചേർക്കുന്നു - നമ്മുടെ വെബ്സൈറ്റിലും കൊടുത്തിട്ടുണ്ട്) അംഗീകരിക്കുന്നവരായിരിക്കണം എന്ന് ഞങ്ങൾ നിർബന്ധമായി ആവശ്യപ്പെടുന്നു.

## ഉപദേശ പ്രമാണം

★ ദൈവ നിശ്വാസിതമായ ഏകഗ്രന്ഥമായ സത്യവേദ പുസ്തകം പഴയനിയമവും പുതിയ നിയമവും അടങ്ങിയിട്ടുള്ളതും ദൈവീക പ്രചോദനത്താൽ വിരചിതവും ആകുന്നു.

★ തൃത്വോപദേശം

★ മനുഷ്യന്റെ പതനം, തത്ഫലമായുണ്ടായ ധാർമ്മീകമായ അധഃപതനം, വീണ്ടും ജനനത്തിനായുള്ള അവന്റെ ആവശ്യം

★ യേശു ക്രിസ്തുവിന്റെ ദൈവീകത്വവും, മാനുഷീകത്വവും, കന്യകയിലുണ്ടായ തിരുജനനം, പാപരഹിതമായ ജീവിതം, മനുഷ്യപകരമായും, പാപപരിഹാരമായുമുള്ള ബലിമരണം, ശരീരത്തോടെയുള്ള ഉയിർത്തെഴുന്നേല്പ്, സ്വർഗ്ഗാരോഹണം, ഭാവിയിൽ സ്വശരീരത്തോടെ ഭൂമിയിലേക്കുള്ള വീണ്ടും വരവ്.

★ ക്രിസ്തുവിലുള്ള വിശ്വാസത്താൽ മാത്രമുള്ള നീതീകരോണപദേശം

★ ശരീരത്തിന്റെ ഉയർന്നെഴുന്നേല്പ്, നീതിമാന്മാർക്കും നീതി ഇല്ലാത്തവർക്കും.

★ രക്ഷിക്കപ്പെട്ടവരുടെ നിത്യകാലവാഴ്ചയും നഷ്ടപ്പെട്ടുപോയവരുടെ നിത്യമായ ശിക്ഷയും.

## അസിസ്റ്റന്റ് അദ്ധ്യാപകർ (Assistant Instructors):-

STSന്റെ ശില്പശാലയിൽ സംബന്ധിക്കുന്ന ഭൂരിഭാഗം പരിശീലനം നേടുന്നവരും ചെറിയ സംഘങ്ങളായ ഗോത്രങ്ങളുടെ നേതാക്കന്മാരെ സഹായിക്കുന്നതിന് യോഗ്യത നേടുന്നു. അവരെയാണ് അസിസ്റ്റന്റ് അദ്ധ്യാപകർ (Assistant Instructors) എന്ന് വിളിക്കുന്നത്.

## സ്ഥിരമാക്കപ്പെടേണ്ട അദ്ധ്യാപകർ (Provisional Instructors):

ഒരു ശില്പശാലയിൽ മൂന്നു ദിവസത്തോളം സഹായികളായി സേവനം ചെയ്തിട്ടുള്ള അസിസ്റ്റന്റ് അദ്ധ്യാപകർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി STS ന്റെ ഒരുക്കം, അവതരണം എന്നീ ഘട്ടങ്ങളെ വ്യക്തമായി വിശദീകരിക്കാൻ കഴിവ് നേടേണ്ടിയിരിക്കുന്നു. മറ്റുള്ളവരോട് STS ശൈലിയിൽ ബൈബിൾ കഥകൾ പറയുവാനുള്ള കഴിവ് തെളിയിക്കണം. സൗമ്യതയോടെ, ജ്ഞാനത്തോടെ, ശാന്തമായി പഠിപ്പിക്കുവാനുള്ള നൈപുണ്യം നേടിയിരിക്കണം. യോഗ്യതാ സർട്ടിഫിക്കറ്റ് ഉള്ള, പരിചയസമ്പന്നനായ അദ്ധ്യാപകൻ വിലയിരുത്തുകയും, മൂല്യനിർണ്ണയത്തിനുശേഷം, അസിസ്റ്റ് അദ്ധ്യാപകർക്ക് “സ്ഥിരമാക്കപ്പെടേണ്ട അദ്ധ്യാപകരുടെ” (Provisional Instructors) പദവി നൽകുകയും ചെയ്യുന്നു. യോഗ്യത ഉള്ളവർക്ക് ആ പദവി ലഭിക്കുന്നു.

## യോഗ്യതാ സർട്ടിഫിക്കറ്റ് ലഭിച്ച അദ്ധ്യാപകർ (Certified Instructors):-

ഒന്നോ, രണ്ടോ അതിലധികമോ ശില്പശാലകളിൽ സഹായ അദ്ധ്യാപകരായി സേവനം അനുഷ്ടിച്ച ശേഷം പ്രൊവിഷണൽ ഇൻസ്ട്രക്ടേഴ്സിന് യോഗ്യതാ സർട്ടിഫിക്കേറ്റ് ലഭിക്കുന്ന അദ്ധ്യാപകരുടെ പദവിയിലേക്ക് എത്തുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകർ ഒരു സീനിയർ അദ്ധ്യാപകന് മുമ്പിൽ STS ശില്പശാല നടത്തുന്നതിനുള്ള എല്ലാ ഘട്ടങ്ങളും, STS നിബന്ധനകളിൽ പ്രകാരമുള്ള പ്രക്രീയകളും നിർവ്വഹിച്ച് കാണിക്കുകയും വിജയി ആകുകയും വേണം.

യോഗ്യതാ സർട്ടിഫിക്കേറ്റ് നേടിയ അദ്ധ്യാപകർക്ക് STS ശില്പശാലകൾ നേതൃത്വ സംവിധാനത്തോടെ നടത്താം. മറ്റു അദ്ധ്യാപകർക്ക് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അവകാശവും അധികാരവുമില്ല.

### സീനിയർ അദ്ധ്യാപകർ (Senior Instructors):-

യോഗ്യതാ സർട്ടിഫിക്കറ്റ് നേടിയ അദ്ധ്യാപകർ ഒരു സീനിയർ അദ്ധ്യാപകനോടൊപ്പം ശില്പശാലകൾ സംഘടിപ്പിക്കുകയും, ശില്പശാലകൾ നടത്തുകയും, പഠിപ്പിക്കുകയും ചെയ്യണം. അദ്ധ്യാപനത്തിൽ പ്രവർത്ത നനിപുണതയും, മികവും, തെളിയിക്കുന്നതിനോടൊപ്പം പുതിയ കഥാകാഥികനരെ പ്രോത്സാഹിപ്പിക്കുകയും, അവരുടെ കഥാകഥനത്തിന്റെ മൂല്യനിർണ്ണയം ചെയ്യുകയും വേണം.

സീനിയർ അദ്ധ്യാപകർ STS ശില്പശാലകൾ സംഘടിപ്പിച്ച് നടത്തുക മാത്രമല്ല ചെയ്യുന്നത്. യോഗ്യത യുള്ള പ്രൊവിഷണൽ അദ്ധ്യാപകർക്ക് "സർട്ടിഫൈഡ് ഇൻസ്ട്രക്ടർ" പദവി നൽകുന്നതും സീനിയർ അദ്ധ്യാ പകരാണ്.

സ്വദേശികളായ "സർട്ടിഫൈഡ് ഇൻസ്ട്രക്ടേഴ്സി"ന്റെ സംഘത്തിൽ നിന്നാണ് വിവിധ രാജ്യങ്ങളിലെ, STS വാചിക സ്കൂളുകൾക്കുവേണ്ടിയുള്ള അദ്ധ്യാപകരെ തെരഞ്ഞെടുത്ത് അയയ്ക്കുന്നത്.

## അദ്ധ്യാം 11

# STS ഉപയോഗിക്കേണ്ട സ്ഥലങ്ങൾ STS പഠനത്തിനും പ്രചാരണത്തിനുമുള്ള വിധങ്ങൾ

## "കഥകൾ മാത്രം" ഉപയോഗിക്കേണ്ട സ്ഥലങ്ങൾ

### നിങ്ങളുടെ നിലവിലുള്ള ശുശ്രൂഷയിൽ STS ഉൾപ്പെടുത്തുക

നിങ്ങൾ ശുശ്രൂഷ ചെയ്യുന്നത് കുട്ടികളുടെ ഇടയിലോ, കൗമാരപ്രായക്കാരുടെ ഇടയിലോ, യുവാക്കളുടെ ഇടയിലോ, ഏത് പ്രായത്തിലും ഉള്ള മുതിർന്നവരുടെ ഇടയിലോ ആകട്ടെ, STS ബോധനം ചർച്ചകളെ സജീ വമാക്കും, തിരുവചനപഠനത്തിന് ജനങ്ങളെ ജാഗരൂകരാക്കും.

നിങ്ങൾ കണ്ടെത്തിയിട്ടുള്ള ആത്മീക നിരീക്ഷണങ്ങളുടെയും, പ്രായോഗീകോപയോഗങ്ങളുടെയും എണ്ണം ക്രമീകരിച്ചുകൊണ്ട് നിങ്ങൾക്ക് ലഭ്യമായ സമയത്തിനുള്ളിൽ ഒരു ബൈബിൾ കഥയെ STS ശൈലിയിൽ വിജ യകരമായി അവതരിപ്പിക്കാവുന്നതാണ്. നിങ്ങൾക്ക് 30 മിനിട്ടിൽ കുറച്ച് സമയം മാത്രമേ കിട്ടുകയുള്ളൂ എങ്കിൽ അവതരണത്തിന്റെ രണ്ടാം ഘട്ടം ഒഴിവാക്കാവുന്നതാണ്; ഒരു സന്നദ്ധ സഹായിക്കൊണ്ട് കഥ പറയിപ്പിക്കേ ണ്ട. നിങ്ങൾ തന്നെ കഥ പറഞ്ഞാൽ മതി. അനന്തരം സദസ്യരോട് രണ്ടു പേർ വീത് അന്യോന്യം കഥ പറയു വാൻ ആവശ്യപ്പെടുക. STS മാതൃകയിലുള്ള പ്രക്രീയകൾ അപ്പോഴും നടക്കുന്നതാണ്.

### സംഭാഷണരീതിയിലുള്ള STS.

STS ശൈലിയിൽ കഥാകഥനം നടത്തുന്നതിന് സമയം തീരെ കുറവാണെങ്കിൽ നിങ്ങൾക്ക് ചില ക്രീയാ ത്മക പരിപാടികൾ ചെയ്യാവുന്നതാണ്. പരിശീലനങ്ങൾ നടത്തുമ്പോൾ, സദസ്യരായ ജനങ്ങൾ STSന്റെ അടിസ്ഥാന ധർമ്മങ്ങൾ ഗ്രഹിച്ചുകഴിഞ്ഞാൽ ഞങ്ങൾ STS ന്റെ പ്രായോഗീകോപയോഗങ്ങൾ ഇപ്രകാരം അവരെ പരിശീലിപ്പിക്കുന്നു. അതിന്റെ പ്രവർത്തനരീതി, ചുരുക്കത്തിൽ ഇപ്രകാരമാണ്.

ഒരു മിനിട്ടും അല്പ നിമിഷങ്ങളും കൊണ്ട് ഒരു കഥ STS ശൈലിയിൽ പറയാവുന്നതാണ്. അനന്തരം തെരഞ്ഞെടുക്കപ്പെട്ട ഏതാനും നിരീക്ഷണങ്ങളും ആത്മീകമായ പ്രായോഗീകോപയോഗങ്ങളും 5ഓ 10ഓ

മിനിട്ടുകൊണ്ട് ചെയ്യുവാനും കഴിയും. കഥ പറയുക-നേരിട്ട് നിരീക്ഷണങ്ങളിലേക്കും പ്രായോഗിക ഉപയോഗത്തിലേക്കും പ്രവേശിക്കുക.

ഓരോ ചോദ്യവും ചോദിക്കുന്നതിനുമുമ്പ്, നിങ്ങൾ കണ്ടെത്തിയവയും പഠിതാക്കൾ കണ്ടെത്തണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതുമായ നിധികൾ കണ്ടെത്തുവാൻ സഹായകമായ വിധത്തിൽ ആ കഥാ ഭാഗം വിശദമായി ഒന്നുകൂടി പറയണം. ഉദാഹരണത്തിന്, നിങ്ങൾ മർക്കോസ് 1:40-45 വാക്യങ്ങളാണ് പറഞ്ഞതെങ്കിൽ, നിങ്ങളുടെ ചോദ്യം ഇങ്ങനെ ഒരു ആമുഖത്തോടെ അവതരിപ്പിക്കാം. "നിനക്കു മനസ്സുണ്ടെങ്കിൽ, എനിക്ക് ശുദ്ധമാകുവാൻ കഴിയും" എന്ന് പറഞ്ഞുകൊണ്ട് ഒരു കുഷ്ടരോഗി യേശുവിന്റെ മുമ്പിൽ തലകുനിച്ച് നിന്ന് അപേക്ഷിച്ചപ്പോൾ യേശുവിന് ആ കുഷ്ടരോഗിയോട് എപ്രകാരമാണ് കരുണ തോന്നിയതെന്ന് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ. അനന്തരം നിങ്ങൾ ചോദ്യം ചോദിക്കുക. അതാണ് താക്കോൽ. പഠതാക്കൾ പഠിച്ചതായ കഥാഭാഗത്തിൽ നിന്ന് നിങ്ങളുടെ ചോദ്യത്തിന് ആവശ്യമായ ഉത്തരം ലഭിക്കുവാൻ സഹായകമായ വിവരങ്ങൾ വീണ്ടും അവരുടെ ശ്രദ്ധയിലേക്ക് അവതരിപ്പിച്ചതിനുശേഷം ചോദ്യം ചോദിക്കുമ്പോൾ അവർക്ക് നിങ്ങളുടെ ചോദ്യത്തിന്റെ ശരിയായ ഉത്തരം നൽകുവാൻ സാദ്ധ്യമാകുന്നതാണ്.

## പാസ്റ്റർമാർ പ്രയോഗിക്കുന്നു

പരമ്പരാഗതവും, യാഥാസ്ഥിതികവുമായ സഭകളുടെയും, കൂട്ടായ്മകളുടെയും പാസ്റ്റർമാർ പ്രസംഗവേദിയിൽ വച്ച് STS ശൈലി ഉപയോഗിക്കുവാൻ വൈമുഖ്യം കാണിക്കുന്നു. വചനശുശ്രൂഷാവേളയിൽ ചോദ്യങ്ങൾ ചോദിക്കുന്നത് പാസ്റ്റർമാരുടെ പ്രവർത്തന രീതി അല്ല. ഒരു കഥാഭാഗം വായിച്ചുകേൾപ്പിക്കുന്നതിന് പകരം കഥ പറയുന്നത്, അധികമായുള്ള ഒരു കുതിച്ചു ചാട്ടമായിത്തീരും. എങ്കിലും, ഭൂലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് STS ശില്പശാലകളിൽ സംബന്ധിച്ചിട്ടുള്ള പാസ്റ്റർമാർ ചുവടേ ചേർക്കുന്ന പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. അനൗപചാരികമായ യുവജനയോഗങ്ങളിൽ പാസ്റ്റർമാർ STS ശൈലി ഉപയോഗിച്ചിട്ടുള്ളതായി നിരവധി പാസ്റ്റർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് യുവാക്കളിൽ നിന്ന് ഉണ്ടായ പ്രതികരണങ്ങൾ പ്രോത്സാഹജനകമാണ്. അവരുടെ മാതാപിതാക്കൾ പാസ്റ്റർമാരെ സമീപിച്ച് ഇങ്ങനെ അന്വേഷിച്ചു "ഞങ്ങളെയും ഈ രീതിയിൽ താങ്കൾ പഠിപ്പിക്കാത്തത് എന്താണ്?"

2. മറ്റ് ചില പാസ്റ്റർമാർ പ്രസംഗവേദിയിൽ വച്ച് STS ശൈല ഉപയോഗിക്കാറുണ്ട്. ഒരു വ്യത്യാസമുണ്ട്. കഥ പറയുന്നതിന് പകരം കഥയെ തിരുവചനത്തിൽ നിന്ന് വായിച്ചുകേൾപ്പിക്കും. പഴയരീതിയിലുള്ള വായനയല്ല, നാടകീയരീതിയിലുള്ള വായനയാകും നടത്തുക. അത് രസാവഹമായിരിക്കും. "കഥാകഥന ശൈലി" എന്ന് അവർ ആ രീതിയെ വിളിക്കുന്നു.

   അനന്തരം അവർ ആത്മീകനിരീക്ഷണങ്ങൾക്കും, പ്രായോഗീകോപയോഗങ്ങൾക്കുമുള്ള ചോദ്യങ്ങൾ ചോദിക്കുന്നു. ചിലർ സദസ്യരോട് ഉത്തരങ്ങൾ സദസ് കേൾക്കെ പറയുവാൻ ആവശ്യപ്പെടുന്നു. മറ്റു ചിലർ സദസ്യർ ചിന്തിക്കുന്നതിനുവേണ്ടിമാത്രമുള്ള ചോദ്യങ്ങൾ ചോദിക്കും, ഉത്തരങ്ങൾ പറയേണ്ട, സമയം എടുത്ത് ചിന്തിച്ച്, മനസ്സിൽ ഉത്തരങ്ങൾ പറഞ്ഞാൽ മതി, അത് സജീവമാണ്, ശക്തമാണ്. അപ്രകാരം വിഷയങ്ങൾ അവതരിപ്പിക്കുന്ന പാസ്റ്റർമാർ അവരുടെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ചിന്തിച്ച് കണ്ടുപിടിക്കുന്നതിനുള്ള സമയം നൽകണം എന്നുമാത്രം.

3. റേഡിയോവിലൂടെയോ ടെലിവിഷനിലൂടെയോ STS ശൈലിയിലുള്ള ബൈബിൾ കഥാവതരണം ചില പാസ്റ്റർമാർ ചെയ്യാറുണ്ട് "വായിക്കാൻ അറിഞ്ഞുകൂടാത്തവരും, സമീപസ്ഥരല്ലാത്തവരുമായ മറ്റ് ആളുകൾക്കും STS ഉപ്രയോജനപ്പെടുന്നതിനായി ഈ രീതി ഉപയോഗിക്കാവുന്നതാണ്." ഇപ്രകാരം ബൈബിൾ കഥകൾ "മറ്റുള്ളവർക്ക്" വേണ്ടി പ്രചരിപ്പിക്കുന്നതിന് പ്രോത്സാഹജനകമായ പ്രതികര

ണങ്ങളാണ് പൊതു ജനങ്ങളിൽ നിന്ന് കിട്ടുന്നത്. സഭകളിൽ STS അവതരണത്തിന് ഇത് ഒരു വാതിൽ തുറന്നു കൊടുത്തിരിക്കയാണ്.

4. മറ്റു ചില പാസ്റ്റർമാർ സണ്ടേ സ്കൂൾ കുട്ടികൾക്കുവേണ്ടി STS ശൈലി അവതരിപ്പിക്കുന്നു. സണ്ടേ സ്കൂൾ പ്രോഗ്രാമിന്റെ നേതാക്കൾക്ക് ഈ രീതി പഠിപ്പിച്ചുകൊടുക്കുന്നു.

5. മറ്റ് ഏതാനും പാസ്റ്റർമാർ STS ശൈലിയെ പുതിയ വിശ്വാസികളെ തിരുവചനം പഠിപ്പിക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്നു.

പ്രതികരണങ്ങൾ കൂടാതെ, തത്സമയ STS സംപ്രേഷണം, സമ്പൂർണ്ണമായി

1. സദസ് അതിവിപുലമായിരുന്നാൽ, അഥവാ സദസിന് നിങ്ങളുടെ ചോദ്യങ്ങൾക്ക് പ്രത്യുത്തരം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ആയിരുന്നാൽ നിങ്ങൾക്കം STS ന്റെ ശൈലിയിൽ ചില മാറ്റങ്ങൾ വരുത്തേണ്ടി വരും; അത് സാംഗത്യമാണ്. കഥ വീണ്ടും പറയുന്നതിന് പഠിതാക്കളോട് ആവശ്യപ്പെടുന്ന ഘട്ടം ഒഴിവാക്കിയിട്ട് മറ്റ് എല്ലാ ഘട്ടങ്ങളും ഒരു അദ്ധ്യാപകന് നിർവ്വഹിക്കാൻ കഴിയും നിങ്ങളുടെ പഠിതാക്കളിൽ നിന്ന് ഉത്തരങ്ങൾ കേൾക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ അത് ഒഴിവാക്കിക്കൊണ്ട്, പാഠം അവതരിപ്പിക്കാം. സദസ്യർ ഉത്തരങ്ങൾ പറയണമെന്നില്ല, ചോദ്യങ്ങളിലൂടെ ഉത്തരങ്ങൾ മനസ്സിൽ ചിന്തിച്ച രൂപീകരിച്ചാൽ മതി; അങ്ങനെയുള്ള ചോദ്യങ്ങൾ മാത്രം ചോദിക്കുക. സദസ്യർക്ക് ഉത്തരങ്ങൾ കണ്ടു പിടിക്കുന്നതിനായി ചിന്തിക്കാൻ സമയം നൽകണം.

2. STS ശൈലിയിൽ കഥകൾ റേഡിയോവിലൂടെയും TVയിലൂടെയും സംപ്രേഷണം ചെയ്യാവുന്നതാണ്. പഠിതാക്കൾ കഥ ആവർത്തിച്ചുപറയുന്ന ഘട്ടം ഒഴിവാക്കിയിരിക്കും. മറ്റ് ഘട്ടങ്ങൾ എല്ലാം നടത്താവുന്നതാണ്. റെഡിയോവിൽ STS അവതരിപ്പിക്കുമ്പോൾ ചോദ്യങ്ങളുടെ ഇടവേളയിൽ, ചില നിരർത്ഥക ശബ്ദങ്ങൾ സംപ്രേഷണം ചെയ്യാം.

   'നിരർത്ഥകശബ്ദങ്ങൾ' എന്ന് ഞങ്ങൾ വിളിക്കുന്നത്, സദസ്യർക്ക് ചിന്തിക്കുനനതിനുള്ള സമയവും, സാവകാശവും, പ്രേരണയും നൽകുന്നതിന് സഹായകമായ ചില ശബ്ദങ്ങൾ നാം റേഡിയോവിലും മറ്റും സാധാരണകേൾക്കാറുള്ളവയാണ്. സാർത്ഥകമായ വാക്കുകളോ, വാക്യങ്ങളോ ചോദ്യങ്ങൾ ചോദിച്ചതിനുശേഷം നാം കേൾക്കാനിടയായാൽ നമ്മുടെ ചിന്തകൾ അവയെക്കുറിച്ചാകും. നമ്മൾ കേട്ടതായ ചോദ്യത്തെക്കുറിച്ച് ആയിരിക്കയില്ല നമ്മുടെ ചിന്തകൾ പോകുന്നത്. ഉദാഹരണത്തിന്. "നിങ്ങൾ എന്താണ് ചിന്തിക്കുന്നത്?" അഥവാ "നിങ്ങൾക്ക് എന്തുതോന്നുന്നു?" അനന്തരം എന്താണ് സംഭവിച്ചതെന്ന് നിങ്ങൾക്ക് എന്തെങ്കിലും ഊഹമുണ്ടോ?" "നിങ്ങൾ എന്തു പറയുന്നു?" "നിങ്ങളുടെ ഉത്തരം എന്താണ്?" എന്നെല്ലാമുള്ള ശബ്ദങ്ങൾ സാർത്ഥകങ്ങളാണ് നിങ്ങൾക്ക് അവ ചിന്തിക്കാൻ അവസരം തരുന്നില്ല.

   എന്നാൽ "നിരർത്ഥക ചിലക്കൽ" എന്ന് പറയുന്നത് ഇങ്ങനെ നിർവ്വചിക്കാം. യാതൊരു അർത്ഥവും ആശയവുമില്ലാതെ മനുഷ്യർ പുറപ്പെടുവിക്കുന്ന ശബ്ദങ്ങളെ "നിർത്ഥകശബ്ദങ്ങൾ എന്ന് പറയുന്നു എന്നാൽ ആ ശബ്ദങ്ങൾ നിശബ്ദതയുടെ ഇടവേളകളിൽ ചിന്തയെ ഉണർത്തുവാൻ പര്യാപ്തമാണ്. നിരർത്ഥകശബ്ദങ്ങൾ ശ്രോതാക്കളുടെ ശ്രദ്ധയെ അപഹരിക്കുന്നില്ല. ശ്രദ്ധയെ പതറിക്കുന്നില്ല. എന്നാൽ അവ ഇടവേളകളുടെ ശൂന്യതയെ നിറയ്ക്കുന്നു. ശ്രോതാക്കൾ ബാൻഡ് മാറ്റുന്നില്ല. അതേ നിലയത്തിന്റെ പ്രോഗ്രാം തുടർന്നു ശ്രദ്ധിക്കുന്നു. ഉദാഹരണത്തിന് നിരർത്ഥകശബ്ദങ്ങൾ "ഉം, ഉം, ഉം," എന്നോ "ആ, ആ, ആ" എന്നോ "ഹാ, ഹാ, ഹാ" എന്നോ ആയിരിക്കും.

STS വെബ് സൈറ്റിൽ മാർത്താമറിയ കഥയുടെ ഒരു റേഡിയോ പ്രോഗ്രാം കൊടുത്തിട്ടുണ്ട്. അതിൽ സാർത്ഥകശബ്ദങ്ങളും, നിരർത്ഥകശബ്ദങ്ങളും അവസരോചിമായി ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധിക്കുക.

3 STS അവതരണത്തിൽ നിങ്ങൾ നിപുണനാണെങ്കിൽ മൂന്നോ നാലോ ആളുകളെ മൈക്രോഫോണുകളുമായി റേഡിയോ നിലയത്തിൽ പ്രോഗ്രാം അവതരിപ്പിക്കാൻ ഇരുത്തുക. നിങ്ങൾക്ക് രസാവഹമായ ഒരു STS പ്രോഗ്രാം അവതരിപ്പിക്കാം. ഫിലിപ്പൈൻസിലെ ഒരു STS കഥാകാഥികനാണ് ആദ്യമായി റേഡിയോവിലൂടെ STS പ്രോഗ്രാം അവതരിപ്പിച്ചത്. ആഴ്ചതോറും അദ്ദേഹം STS പ്രോഗ്രാം അവതരിപ്പിച്ചു ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ റേഡിയോ നിലയത്തിലേക്ക് 1,400ൽ പരം എഴുത്തുകൾ കിട്ടിക്കൊണ്ടിരുന്നു. ഓരോ പ്രോഗ്രാമിനെക്കുറിച്ചും ഫോൺ കോളുകളും ലഭിച്ചുകൊണ്ടിരുന്നു. അതുപോലെ മറ്റ് റേഡിയോ പ്രോഗ്രാമുകളും വിജയകരമായി പ്രക്ഷേപണം ചെയ്യപ്പെട്ടിരുന്നു.

## നാടകങ്ങൾ, രസകരവും ശക്തവുമാണ്

നാടകങ്ങൾ അവതരിപ്പിക്കാനും, കാണുന്നതിനും രസകരമാണ്. ബൈബിൾ കഥകളെ യഥാർത്ഥവും, സ്വാഭാവികവുമാക്കുവാൻ നാടകങ്ങൾക്ക് കഴിയും. ഒരു കഥയെ ആദ്യമായി അവതരിപ്പിക്കുവാൻ നാടകം ഉപയോഗിക്കുക.

നിങ്ങളുടെ സഹായികളോട് കഥാപാത്രങ്ങളുടെ പെരുമാറ്റങ്ങളും പ്രവൃത്തികളും നിശബ്ദമായി അഭിനയിക്കാൻ ആവശ്യപ്പെടണം. കഥാകാഥികൻ, കഥാപാത്രങ്ങളുടെ സംഭാഷണങ്ങൽ അതാത് സന്ദർഭമനുസരിച്ച് പറഞ്ഞുകൊണ്ടിരിക്കും. കാരണം ഒരു കഥാകാഥികൻ കഥയെ അവതരിപ്പിക്കുന്നതായി വേണം. ശ്രോതാക്കൾ കഥ ഗ്രഹിച്ചിട്ട് നിങ്ങളോട് തിരികെ പറയേണ്ട് ആവശ്യമാണല്ലൊ. അപ്രകാരം തന്നെ, ശ്രോതാക്കൾ കഥയെ ശ്രദ്ധിച്ചുകേട്ടതിനുശേഷം മറ്റുള്ളവരോട് പറയുന്നതിനും ഒരാൾ തന്നെ കഥ പറഞ്ഞു കേൾക്കുന്നതാണ് സഹായകമായിട്ടുള്ളത്.

നാടകം അഭിനയിച്ചു കാണിക്കുന്ന സഹായികൾ കഥാപാത്രങ്ങളുടെ സംഭാഷണം ഏറ്റുപറയുവാൻ ഇടയാക്കരുത്. അവരോട് അഭിനയിച്ചാൽ മാത്രം മതി എന്ന് പ്രത്യേകം നിർദ്ദേശിക്കണം. അഭിനേതാക്കളായ സഹായികൾ  സംഭാഷണം നടത്തിയാൽ അത് സാധാരണ നാടകം ആയിപ്പോകും. അങ്ങനെ, അഭിനേതാക്കൾ സംസാരിക്കുന്ന നാടകം ആകർഷകവും സജീവവുമായിരിക്കുമെങ്കിലും, ശ്രോതാക്കൾക്ക് കഥയെ, കഥാകാഥികനോട് പറഞ്ഞു കേൾപ്പിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതാണ്. കഥ ഓർമ്മിച്ചുപറയുവാനുള്ള കഴിവ് നഷ്ടമാകും.

STS ശൈലിയിൽ കഥ അവതരിപ്പിക്കുമ്പോൾ അനേകർ കഥാപാത്രങ്ങളുടെ സംഭാഷണം, പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ശ്രോതാക്കൾ അതിൽ ചിലതൊക്കെ ശ്രദ്ധിക്കാതെ പോകും. കഥയുടെ ശരിയായ അവതരണം സാദ്ധ്യമാകാതെ വരും. സംഭാഷണങ്ങൾ പല അഭിനേതാക്കൾ മനഃപാഠം പഠിക്കേണ്ടിവരുന്നു; അതവരണത്തിൽ പിഴവുകൾ സംഭവിക്കാൻ അത് ഇടയാകും. നാടകാഭിനയസമയത്ത് സംഭാഷണം മറന്നുപോയാൽ ഗൗരവ സ്വഭാവമുള്ള ബൈബിൾ കഥ, വെറും തമാശയായി മാറിപ്പോകും. ബൈബിൾ കഥയുടെ പ്രാധാന്യമുള്ള സന്ദേശം വെറും തമാശയായി, നിസാരമായി പോകാൻ ഇടയാക്കരുത്.

**ദൈവത്തിന്റെ കഥാ പദ്ധതി പഠനത്തിനും STS പ്രചരിപ്പിക്കുവാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. അതുപോലെ തന്നെ വൈവിദ്ധ്യമാർന്ന സ്രോതസ്സുകളും**

1. STS ഹാൻഡ് ബുക്ക്

   STS ന്റെ ഈ ഹാൻഡ് ബുക്ക് ഓഡിയോ സിഡി ആയും, പുസ്തകരൂപത്തിൽ അച്ചടിച്ചും ലഭ്യമാണ്. STS പ്രക്രീയകൾ ഇതിൽ വിശദീകരിച്ചു നൽകപ്പെട്ടിരിക്കുന്നു.

2. STS ന്റെ ദൃശ്യാവിഷ്ക്കരണം

   അദ്ധ്യാപകർ വേണ്ടത്ര ലഭ്യമാകയാൽ ഞങ്ങൾ ദൃശ്യാവിഷ്കാരങ്ങൾ അവതരിപ്പിക്കുന്നതിന് തയ്യാർ ചെയ്തിട്ടുണ്ട്. രണ്ടുമണിക്കൂർ മുതൽ രണ്ടു ദിവസം വരെ ദൈർഘ്യമുള്ള പരിപാടികൾ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഞങ്ങൾ STS നെ പ്രകടിപ്പിച്ച് പ്രദർശനം നടത്തുന്നു. STS ആശയം വിവരിക്കുന്നു. STS ന്റെ ഫലങ്ങൾ പ്രകടമാക്കുന്നു. ഈ ദൃശ്യാവിഷ്കാരപ്രദർശനം 4 മണിക്കൂറോ അതിൽ ഏറെയോ ദൈർഘ്യമുള്ളത് ആണെങ്കിൽ ഞങ്ങൾ അതിനുവേണ്ടി പരിചയസമ്പന്നരായ പ്രവർത്തകരെ അയച്ചു കൊടുക്കും.

3. STS ന്റെ ത്രിദിനശില്പശാല

   മൂന്നു ദിവസം കൊണ്ട് നടത്തപ്പെടുന്ന ഈ ശില്പശാല ഒരു മാതൃകാ പ്രവർത്തന പ്രകടനമാണ്. STSന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള വിശദീകരണം അതിൽ നിന്ന് ലഭിക്കുന്നു. നേരിട്ട് കണ്ടു മനസ്സിലാക്കുകയും ചെയ്യാം. പ്രവർത്തകരും സന്നിഹിതരാകുന്ന വ്യക്തികളും തമ്മിൽ ചരിചയപ്പെടുന്നു, ഈ മൂന്ന് ദിവസത്തെ പരിശീലനം കൊണ്ട് പല അംഗങ്ങൾക്കും STS ശൈലി പരിശീലനം ചെയ്യുവാൻ കഴിയുന്നു. അതിനുശേഷം ബൈബിൾ കഥകൾ അവതരിപ്പിച്ചുകൊണ്ട് സുവിശേഷീകരണ ശുശ്രൂഷ ചെയ്യുവാനും കഴിയുന്നു.

4. STS വൺ സ്റ്റോപ്പ് ശില്പശാല

   രണ്ടു ഘട്ടങ്ങളുള്ളതും, ഒന്നാമത്തേതിൽ നിന്ന് രണ്ടാമത്തേതിലേക്ക് സ്വാധീനം ചെലുത്തുന്നതുമായ ഒരു പ്രധാനശില്പശാല ഞങ്ങൾ നടത്താറുണ്ട്. പഠനവും പരിശീലനവും നേടി യോഗ്യതാ സർട്ടിഫിക്കറ്റ് സമ്പാദിക്കുന്നവരായ STS അദ്ധ്യാപകരെ വാർത്തെടുക്കുന്ന ഒരു പരിശീലനസ്ഥാനമാണ് ഇത്. ഈ അദ്ധ്യാപകർക്ക് മറ്റ് വ്യക്തികളെ അദ്ധ്യാപകരായി പരിശീലിപ്പിക്കാൻ കഴിയും. അതിനായുള്ള യോഗ്യതയും അധികാരവും അവർക്ക് ഉണ്ട്. ഈ ശില്പശാല ഒരു മാതൃകാസ്ഥാപനമാണ്. വളരെ വിദൂരതയിൽ നിന്ന്, പരിശീലനത്തിനായി, ഒരു സംഘം വ്യക്തികൾ എത്തുകയും പരിശീലനം നേടുകയും ചെയ്യുന്നു. അല്ലെങ്കിൽ പല സ്ഥലങ്ങളിൽ നിന്ന് വരുന്നവർ പരിശീലനം നേടുന്നു.

   ആദ്യത്തെ 18 മണിക്കൂർ സമയത്ത് മൂന്ന് പഠിതാക്കൾക്ക് ഒരു അദ്ധ്യാപകൻ എന്ന ക്രമത്തിൽ ഒരു ചെറിയ സംഘത്തിന്റെ പരിശീലന പഠനം നടക്കുന്നു. 14 മണിക്കൂർ സമയത്തെ തീവ്രമായ പഠനപരിശീലനങ്ങൽക്കുശേഷം ജോലി പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന പ്രാക്ടീഷണർമാർ, അസിസ്റ്റന്റ് ഇൻസ്ട്രക്ടേഴ്സിനെ സഹായിച്ചുകൊണ്ട് വിപുലമായ ഒരു സംഘത്തിന്റെ പഠനപരിശീലന പ്രക്രീയ നിർവ്വഹിക്കുന്നു. അവിടെ 19 മണിക്കൂർ സമയത്തെ അധിക പരിശീലനത്തിനായി വന്നവരാണ് അവിടെ പരിശീലനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ അധികപരിശീലനം നടത്തുന്നത് ഒരു അസിസ്റ്റന്റ് ഇൻസ്ട്രക്ടർക്ക് അഞ്ച് പഠിതാക്കൾ എന്ന അംശബന്ധത്തിലാണ് നടത്തുന്നത്.

   33 മണിക്കൂർ സമയത്തെ പരിശീലന പരിപാടി അഞ്ച് ദിവസത്തിൽ അധികം സമയം കൊണ്ടാണ് നടത്തപ്പെട്ടത്. അതിനുശേഷം അസിസ്റ്റന്റ് ഇൻസ്ട്രക്ടേഴ്സ് ആയിത്തീരുന്നു. അവർ തുടർന്നുള്ള ജോലി

പരിശീലനത്തിനും, നേതൃത്വ പരിശീലനത്തിനും ശേഷം സർട്ടിഫൈഡ് ഇൻസ്ട്രക്ടേഴ്സ് ആയി ഉയർത്തപ്പെടുന്നു.

5. STS സഭ വികസനശില്പശാല

ഈ ശില്പശാലയിൽ വെള്ളിയാഴ്ച രാത്രി, ശനിയാഴ്ച, ഞായറാഴ്ച അഥവാ ശനിയാഴ്ചയും ഞായറാഴ്ചയും, പഠന പരിശീലനങ്ങൾ നടത്തപ്പെടുന്നു. അടുത്തടുത്ത നാല് വാരാന്ത്യങ്ങളിൽ 14 മണിക്കൂർ വീതമുള്ള പഠന പരിശീലനത്തിന്റെ ഫലമായി ഒരു സഭയിലുള്ള എല്ലാ അംഗങ്ങളും കാര്യക്ഷമതയുള്ള "STS പ്രാക്ട്രീഷണർ" പദവിയിൽ എത്തുന്നു.

അഞ്ചുമുതൽ ഏഴ് ആഴ്ച സമയം കൊണ്ട് ഒരു വലിയ സഭയിലെ എല്ലാ മുതിർന്ന അംഗങ്ങളും (50,000 ആളുകൾ) പരിശീലനം ലഭിച്ചവർ ആയിത്തീരുന്നു. അതുപോലെ തന്നെ, അവരിൽ ഭൂരിഭാഗം പേരും യോഗ്യതാ സർട്ടിഫിക്കറ്റ് ലഭിച്ച അദ്ധ്യാപകർ ആയിത്തീരുന്നു. (Certified STS Instructors) വിസ്മയകരമായും ഈ വികസന ശില്പശാലകളിൽ സംബന്ധിക്കുന്ന അംഗങ്ങളിൽ ഭൂരിഭാഗത്തിനും ഒന്നോ രണ്ടോ വാരാന്ത്യ പരിശീലന ക്ലാസ്സുകളിൽ സംബന്ധിച്ചാൽ മതിയാകും സഭ മൊത്തമായും, പരിശീലനം ലഭിച്ച അദ്ധ്യാപകരായിത്തീരുന്നതിന്.

6. STS ഭവന ശില്പശാല

യോഗ്യതാ സർട്ടിഫിക്കേറ്റ് ലഭിച്ച ഒരു അദ്ധ്യാപകൻ മൂന്ന് വിശ്വാസികളെ ഒരു ഭവനത്തിൽ നടത്തപ്പെടുന്ന ശില്പശാലയിൽ സംബന്ധിക്കാൻ ക്ഷണിക്കുന്നു. അദ്ധ്യാപകൻ ആഴ്ചതോറും $2^1/_2$ മണിക്കൂർ സമയത്തെ പരിശീലനക്ലാസ്സുകൾ നടത്തുകയും ആറ് ആഴ്ചകൊണ്ട് ശില്പശാലയിലെ പരിശീലനം പൂർത്തീയാക്കുകയും ചെയ്യുന്നു. പരിശീലന സെഷനുകൾ പകലോ രാത്രിയിലോ നടത്താവുന്നതാകുന്നു.

പകൽ സമയത്തായിരുന്നാൽ ഗാർഹിക ജോലികൾ മുഖേനയോ തൊഴിൽ സംബന്ധമായ ആവശ്യങ്ങൾ കാരണമോ ശില്പശാലയിൽ സംബന്ധിക്കാൻ കഴിയാത്തവർ ധാരാളമുണ്ട്. അവർക്കുവേണ്ടിയാണ് ഇപ്രകാരം ക്ലാസ്സുകൾ നടത്തുന്നത്. അതുമാത്രമല്ല, ഒരു വീട്ടിൽ ആകുമ്പോൾ സ്വൈരമായ അന്തരീക്ഷം അനുഭവപ്പെടും, അത് സൗകര്യപ്രദവും, ഭീതിരഹിതവുമായിരിക്കും; ലജ്ജാശീലമുള്ള ആളുകൾക്ക് പ്രത്യേകിച്ചും! അവരുടെ പഠനാവശ്യത്തിനായി ഞങ്ങൾ, ഗൈഡ് ലൈനുകൾ, പാഠപുസ്തകങ്ങൾ, പഠനത്തിനായുള്ള പ്രവർത്തന സമയത്തിന്റെ പട്ടിക എന്നിവ നൽകുന്നുണ്ട്.

അപ്രകാരം ആറ് സെഷനുകളിലൂടെ ഒരു അദ്ധ്യാപകൻ തന്നെ ഈ മൂന്നു പേരെയും പ്രവർത്തനയോഗ്യതയുള്ള STS പ്രാക്ടീഷണർമാർ ആയി പരിശീലിപ്പിക്കുന്നു. ഈ മൂന്ന് പുതുമുഖ പ്രാക്ടീഷണർമാരും വീണ്ടും ആറ് ആഴ്ചത്തേക്കുള്ള ഒരു ഭവന ശില്പശാലയിൽ സംബന്ധിക്കുവാൻ പ്രോത്സാഹിതരായിത്തീരുന്നു. അവരിൽ ഓരോരുത്തരും മൂന്ന് പേരെ വീതം പരിശീലനത്തിനായി ക്ഷണിച്ചുകൊണ്ടുവരണം.

നമ്മുടെ പഞ്ചദിനശില്പശാലകളിലും സഭാവികസന ശില്പശാലകളിലും ചെയ്യാറുള്ളതുപോലെ, നൂതനമായി പരിശീലനം ചെയ്യപ്പെടുന്ന പ്രാക്ടീഷണർമാരെ, അദ്ധ്യാപകർ സാവകാശമായി നേതൃത്വ പദവിയിലേക്ക് ആനയിക്കുന്നു. രണ്ടാമത്തെ ആറാഴ്ച പരിശീലനത്തിന്റെ അവസാനമായി ആരംഭത്തിലെ മൂന്ന് പരിശീലകരും മൂന്ന് പേരെ വീതം പരിശീലനത്തിനായി ആനയിക്കയും പരിശീലകരാകാൻ സഹായിക്കുകയും ചെയ്യുന്നു. അതുമാത്രമല്ല, അവർക്ക് STS നിപുണതകൾ കൂടുതൽ ലഭ്യമാകുകയും അസിസ്റ്റന്റ് ഇൻസ്ട്രക്ടേഴ്സ് ആയുള്ള പ്രവർത്തന പരിചയം കിട്ടുകയും ചെയ്യുന്നു.

പഠിതാക്കൾ മറ്റുള്ളവരെ പരിശീലിപ്പിക്കുന്ന പ്രക്രീയ അനുക്രമം നടന്നുകൊണ്ടിരിക്കും. ആഴ്ചതോറും അവർ എല്ലാവരും ഒരു സ്ഥലത്ത് സമ്മേളിച്ച് ദൈവവചനം പഠിക്കുകയും ചെയ്യും. ഭവനാടിസ്ഥാനത്തിലുള്ള ബൈബിൾ പഠനമോ, ഒരു സംഘമായുള്ള സഭാ കൂട്ടായ്മയിലോ ഇപ്രകാരം പഠനം നടത്തുന്നു.

ഈ പന്ത്രണ്ടുപേരും മൂന്ന് പേരെ വീതം ക്ഷണിച്ച് പഠനസംഘത്തെ വികസിപ്പിക്കുന്നതോടെ 36 പേർ പരിശീലനത്തിന് എത്തുന്നു. ആരംഭ അദ്ധ്യാപകൻ ഉൾപ്പെടെ ഇപ്പോൾ 49 പേർ ശില്പശാലകളിൽ ഉണ്ടായിരിക്കും. അങ്ങനെ ആ സഭ വളരുന്നു. ഇത്രയും പേരെ ഉപവിഷ്ടരാക്കുവാൻ പല ഭവനങ്ങൾക്കും സൗകര്യമുണ്ട്. അതുപോലെ, ചെറിയ സംഘങ്ങളായി തിരിഞ്ഞും പരിശീലനപരിപാടികൾ നടത്താറുണ്ട്. പരിശീലകരായ പ്രവർത്തകർ ഉള്ളതിനാൽ നാലുപേരുവീതമുള്ള സംഘങ്ങളായി തിരിഞ്ഞ് (ഒരു പരിശീലകനും മൂന്ന് പഠിതാക്കളും) ഓരോ മുറികളിലായോ, വരാന്തയിലോ, വെളിയിലോ വച്ച് പരിശീലന ക്ലാസ്സുകൾ നടത്തുന്നു.

STS ൽ നൂതനമായി പരിശീലനം നേടുന്നവർ ഇപ്രകാരം പ്രവർത്തിക്കുന്നു. കൂടുതൽ പ്രാക്ടീഷണർമാർക്ക് പരിശീലനം നൽകികൊണ്ട് അവർ സംഖ്യവർദ്ധിപ്പിക്കുന്നു. അവർക്കു ഭവന ശില്പശാലകൾ നടത്താം. അല്ലെങ്കിൽ സുവിശേഷീകരണത്തിനുവേണ്ടി ബൈബിൾ കഥകൾ പറയുവാനുള്ള കഴിവുകൾ ഉപയോഗിക്കാം. പഠിപ്പിക്കുവാനുള്ള നിപുണതയും സുവിശേഷീകരണത്തിന് ഉപയോഗിക്കാവുന്നതാണ്. അതുമല്ലെങ്കിൽ STS ശൈലിയിൽ കഥകൾ അവതരിപ്പിച്ചുകൊണ്ട് ദൈവത്തോടു കൂടുതൽ അടുക്കുന്നതിന് സാദ്ധ്യമാകും. ഈ വിധമായ ശുശ്രൂഷകൾ എല്ലാം അതിശയകരമായ അനുഭവങ്ങളാണ്.

STS നിപുണതകൾ വേദപുസ്തകത്തിലെ തിരുവെഴുത്തുകൾ സൂക്ഷ്മമായി പഠിക്കുന്നതിന് ജനങ്ങളെ സന്നദ്ധരാക്കുന്നതിനാൽ അവരുടെ ജീവിതങ്ങളും, അവർ കഥകൾ പറഞ്ഞുകൊടുക്കുകയും, പഠിപ്പിക്കുകയും ചെയ്യുന്ന പഠിതാക്കളുടെ ജീവിതങ്ങളും ആത്മീകനിറവുള്ളതായിത്തീരുകയും ദൈവനാമം മഹത്വപ്പെടുകയും ചെയ്യുന്നു.

പരിശീലനം ലഭിച്ച് യോഗ്യതയുള്ളവരായിത്തീരുന്ന അദ്ധ്യാപകർ മറ്റുള്ളവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നതിന്റെ ഫലമായി, അനേകം പേർ പരിശീലനം ലഭിച്ചവരായിത്തീരുന്നു. ആദ്യമായി മൂന്നുപേരെ പരിശീലിപ്പിച്ച അദ്ധ്യാപകന്റെ ഉദ്യമം മുഖേന രണ്ട് വർഷങ്ങൾക്കുള്ളിൽ 6,000 പേരെ പരിശീലിപ്പിച്ച് അദ്ധ്യാപകരാക്കാൻ കഴിഞ്ഞു. ഇത് പ്രായോഗീകവും, സ്വാഭാവികവും, പ്രവർത്തനക്ഷമവും മാതൃകാപരമായ ശിഷ്യത്വപ്രചരണവുമാകുന്നു. ശിഷ്യരായവരെ വീണ്ടും പ്രോത്സാഹിപ്പിച്ച് കർത്തവ്യ നിരതരാക്കുവാനും സാദ്ധ്യമാണ്. STS പദ്ധതിയുടെ പ്രവർത്തന രീതി, ദൈവവചനം ശ്രദ്ധിക്കുകയും, വ്യക്തി ജീവിതങ്ങളിൽ പ്രായോഗികമാക്കുകയും ആകയാൽ അത് സംജാതമാക്കുന്ന സ്വാധീനശക്തിയും ആത്മീകഫലങ്ങളും, സഭാവികസനവും അതിമഹത്തും, മഹനീയവുമാകുന്നു.

## 7. ശിഷ്യത്വവർദ്ധീകരണം

STS ശില്പശാലകളിൽ നിന്ന് പഠന-പരിശീലനങ്ങൾകഴിഞ്ഞ് വീടുകളിലേക്കു പോകുന്നവർ കഥകൾ പറയുന്നവരായി മാറുന്നു. ഓരോരുത്തരോടോ ഒരു സമൂഹത്തോടോ അവർ പുതിയ നിപുണതകൾ ഉപയോഗിച്ച് കഥകൾ പറയുന്നു. വിവിധ മാദ്ധ്യമങ്ങളും ബോധനപാഠപദ്ധതികളും, അവരുടെ കഴിവുകളെ സുവിശേഷീകരണ ശുശ്രൂഷകളിൽ കഥകൾ ഉപയോഗിക്കുന്നതിനുള്ള പ്രവർത്തന പരിപാടികളും അവരെ പ്രവർത്തനതല്പരരാക്കിത്തീർക്കുന്നു. പ്രക്ടീഷണർ ഗൈഡ് എന്ന ഹാൻഡ് ബുക്ക് നിപുണതകളെ വികസിപ്പിക്കുന്നത് എങ്ങനെ എന്ന് വിശദീകരിക്കുന്നു. ഏറ്റവും പ്രധാനമായ കാര്യം,

ഈ ഗൈഡ്ലൈൻസ് വായിക്കണം, നിങ്ങൾ സുവിശേഷ ശുശ്രൂഷ ചെയ്യുമ്പോൾ STS ശൈലി എപ്രകാരം ഉപയോഗിക്കാമെന്ന് അതിൽനിന്ന് നിങ്ങൾക്ക് ഗ്രഹിക്കാം. നിങ്ങൾ പഠിപ്പിക്കുന്നവർക്ക് വേണ്ടി STS ശൈലിയിൽ എങ്ങനെ അറിവ് പകർന്നു നൽകാമെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. (വെബ്സൈറ്റിൽനിന്നും "പരിശീലന വിവരങ്ങൾ" "സ്രോതസ്സുകൾ" എന്നിവ നിങ്ങൾക്ക് കണ്ടുപിടിക്കാം. വിവിധ ഇനം പ്രവർത്തന പരിപാടികളുടെ നിർദ്ദേശങ്ങൾ അവിടെ ലഭ്യമാണ്).

**8. ബ്രോഷറുകൾ (ലഘുലേഖകൾ)**

മൂന്നായിമടക്കാവുന്ന ലഘുലേഖകളിൽ STS നെക്കുറിച്ചുള്ള ലഘു വിവരണവും, അനുഭവസാക്ഷ്യങ്ങളും, ദൈവത്തിന്റെ കഥയും, STS ഉപയോഗിക്കേണ്ട വിധങ്ങളും, ഉപയോഗങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. മറ്റു വിഷയങ്ങളെക്കുറിച്ചും, STS ഉപയോഗിക്കാനുള്ള സ്ഥലങ്ങളെക്കുറിച്ചുമുള്ള ലഘു ലേഖകൾക്കായി ആവശ്യപ്പെടുക.

**9. പ്രാക്ടീഷണർ ഓഡിയോ ട്രെയിനിംഗ്**

പരസ്പരം ബന്ധപ്പെട്ട് ആശയ വിനിമയം ചെയ്യുന്നതിനും ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ചകൾ നടത്തുന്നതിനും സഹായകമായി STS ബൈബിൾ കഥകൾ ഓഡിയോ ആയി തയ്യാർ ചെയ്തിട്ടുണ്ട്. ബൈബിൾ കഥകൾ ഗഹനുമായി പഠിക്കുന്നതിന് ഇത് സഹായിക്കുന്നു. ചർച്ചാ സംഘങ്ങൾ 2 മുതൽ 6 മണിക്കൂർ വരെ ചർച്ചകൾ നടത്തുകയും ആത്മീക സത്യങ്ങൾ കണ്ടുപിടിക്കുകയും ചെയ്യുന്നു. $MP_3$, CD സോളാർ റക്കാർഡ് പ്ലേയറുകൾ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. വിവിധ ഭാഷകളിൽ ഓഡിയോ CDകൾ ലഭ്യമാണ്.

**10. പരസ്പരം ചർച്ചകൾ ചെയ്ത് വേദപുസ്തക സത്യങ്ങൾ കണ്ടു പിടിക്കുന്നു.**

വേദപുസ്തക കഥകൾ ചോദ്യങ്ങളോടുകൂടി തയ്യാർ ചെയ്തിരിക്കുന്നു. ഗ്രൂപ്പ് ആയി പഠിച്ച് ചർച്ച ചെയ്യുവാൻ സഹായിക്കുന്നു. സ്കൂളുകളിൽ, ഓരോ, ക്ലാസ്സിലും ഉപയോഗിക്കാം ഭവനങ്ങളിൽ ഗ്രൂപ്പ് ചർച്ച നടത്താം. വിശ്വാസികളും വിശ്വാസാന്വേഷികളും പങ്കെടുക്കുന്നു. ശരാശരി 60 മിനിട്ട് മുതൽ 90 മിനിട്ട് വരെയുള്ള DVD, ഓഡിയോ, എന്നിവ വിവിധ ഭാഷകളിൽ ലഭ്യമാണ്.

**11. കഥകൾ മാത്രം വെബ്സൈറ്റ്**

STS നെക്കുറിച്ച് വിശദമായ വിവരങ്ങൾ നൽകുന്നു. അതുപോലെ തന്നെ അച്ചടിച്ച പ്രസിദ്ധീകരണങ്ങൾ, ഓഡിയോ, വീഡിയോ മുതലായവയും ലഭ്യമാണ്. STS ന്റെ ആരംഭം, പ്രവർത്തന വിവരങ്ങൾ, ഉപയോഗങ്ങൾ, ഉദ്ദേശ്യ ലക്ഷ്യങ്ങൾ, കംപ്യൂട്ടറിൽ, നെറ്റ് വർക്ക് മുഖേന സംഭരിക്കാവുന്ന വിവരങ്ങൾ, ഭൂലോകമെമ്പാടും STS ഉപയോഗിക്കുന്നതിന്റെ റിപ്പോർട്ടുകൾ, നടന്നുകൊണ്ടിരിക്കുന്ന പരിശീലന പരിപാടികൾ എന്നിവ മനസ്സിലാക്കാം, വാചിക ബൈബിൾ സ്കൂളുകൾ, മാതൃകാ കഥകൾ, മുതലായവ. 3 മിനിറ്റ് സമയത്തേക്കുള്ള വീഡിയോ ദൃശ്യങ്ങൾ എന്ത്? എന്തിന് എന്നിവ സഭകളിൽ പഠിപ്പിക്കുന്നു. പരിപാടികളുടെ പ്രക്ഷേപണം. ഹ്രസ്വകാല മിഷൻ യാത്രകളും STS പരിശീലനങ്ങളും. STS വെബ്സൈറ്റിൽ കൂടെകൂടെ നൽകപ്പെടുന്ന സ്രോതസ്സുകൾ, ലേഖനങ്ങൾ.

**12. തത്സമയ പ്രവർത്തനങ്ങളും, പ്രോത്സാഹനങ്ങളും**

STS പദ്ധതി വിസ്തൃതമാക്കുന്നതിനുള്ള ക്ലാസ്സുകൾ. തത്സമയ കഥാപരിശീലന പ്രസാരണ പരിപാടികൾ. അതിൽ സംബന്ധിക്കുക

**13. ഓഡിയോ ഹാൻഡ് ബുക്ക്**

STS ഹാൻഡ് ബുക്കിന്റെ CD റക്കാർഡ് ലഭ്യമാണ്. STS പരിശീലനത്തിന്റെ DVD ലഭ്യമാകാൻ പോകുന്നു.

14. ട്വിറ്റർ (Twitter)

STS നെ സംബന്ധിച്ചുള്ള ട്വിറ്റർ http://www.twitter.com/simplythestory

15. ആതിഥേയത്വം (Hosting)

ഒരു ശില്പശാല നടത്തുന്നതിന് ആതിഥേയത്വം നൽകുന്നതിനെക്കുറിച്ച് നിങ്ങൾക്ക് അറിവാൻ താല്പര്യമുണ്ടെങ്കിൽ നിങ്ങൾക്കു ഏറ്റവും അടുത്തുള്ള സംസ്ഥാന ഡയക്ടറുമായി ബന്ധപ്പെടുക. മേൽവിലാസം ഈ ഹാൻഡ് ബുക്കിന്റെ അവസാനഭാഗത്ത് നൽകിയിരിക്കുന്നു. STS വെബ്സൈറ്റ് സന്ദർശിക്കുകയും അതിഥേയത്വം (hosting) സംബന്ധിച്ച വിവരങ്ങൾക്ക് ആയി അന്വേഷിക്കുക.

## അനുബന്ധം A:

# പരിശീലനപുനരവലോകന ഫാറങ്ങൾ

കഥാകാഥികൻ.................................................... അദ്ധ്യാപകൻ.................................................... തീയതി..........................

"കഥകൾമാത്രം" പദ്ധതിയുടെ വിശദാംശങ്ങൾ STS ഹാൻഡ് ബുക്കിൽ ഉണ്ട്. കഥാകാഥികരെ ഓർമ്മിപ്പിക്കുക."ഞാൻ നിങ്ങളെ ഇതിന് ശേഷവും പരിശീലിപ്പിക്കും. നിങ്ങളുടെ കഥാവതരണം ആരംഭിക്കുന്നതിനു മുമ്പ് ഇത് ഓർമ്മിക്കുക. നിങ്ങളുടെ ശില്പശാലയിലെ പഠിതാക്കൾ എത്രതന്നെ സാക്ഷരത ഉള്ളവർ ആയിരുന്നാലും നിങ്ങൾ കഥ അവതരിപ്പിക്കേണ്ടത് നിങ്ങളെ ശ്രദ്ധിക്കുന്ന സദസ്യർ ഏവരും വാചിക പഠിതാക്കൾ ആണെന്നും, നിങ്ങൾ അവതരിപ്പിക്കുന്ന കഥയുടെ ഉള്ളടക്കം മാത്രമേ അവർക്ക് അറിയാൻ പാടുള്ളൂ എന്നും ആകുന്നു. (തുടർന്നുള്ള പരിശീലനത്തിൽ അവതരിപ്പിക്കുന്ന കഥകളുടെയും ഉള്ളടക്കം മാത്രമേ അവർക്ക് അറിയാൻ പാടുള്ളൂ എന്നും.(ചിന്തിക്കുക).

നിങ്ങളെ അനുസ്മരിപ്പിക്കാനുള്ള സംഗതികൾ:-

പരിശീലകനായ അദ്ധ്യാപകനും കഥാകാഥികരും..............

1. മുഖവുരയിൽ വേദപുസ്തകത്തിന് പുറമേ നിന്ന് യാതൊന്നും ഉപയോഗിക്കുകയില്ല
2. അത്യാവശ്യം ഉണ്ടെങ്കിൽ മാത്രം കഥയ്ക്കുമുമ്പായി ഒരു മുഖവുര പറയും
3. വേദ പുസ്തകത്തിലെ കഥയുടെ കൃത്യത പാലിക്കും.
4. ഒരു കഥയിൽ മാത്രം നിലകൊള്ളുന്നതും സമാനമായ വേദഭാഗങ്ങളിൽ നിന്ന് യാതൊന്നും ചേർത്തു പറയാതിരിക്കുന്നതുമാണ്.
5. ശ്രോതാക്കൾ നൽകുന്ന പ്രതികരണങ്ങൾക്കും ഉത്തരങ്ങൾക്കും ബുദ്ധിപൂർവ്വവും, പ്രോത്സാഹജനകവുമായ പ്രതികരണങ്ങൾ നൽകുന്നതാണ്.
6. മറുപടി നൽകുന്നവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാനുള്ള വിനയവും, മനസ്സൊരുക്കവും നൽകുക.
7. കഥയിലൂടെ ആനയിക്കുമ്പോൾ രസകരമായ അന്തരീക്ഷം ചമയ്ക്കുക. ശ്രോതാക്കളെ ഭാഗഭാക്കുകളാക്കുന്ന ചോദ്യങ്ങൾ ചോദിക്കുക.
8. വാചിക പഠിതാവിന് ഉത്തരം നൽകാവുന്നതരം ചോദ്യങ്ങൾ ചോദിക്കുക. അതിലൂടെ കഥയിലെ ആത്മീക നിരീക്ഷണങ്ങളിലേക്ക് പഠിതാക്കളെ ആനയിക്കുന്നു.

9. ആത്മീകമായ പ്രായോഗീകോപയോഗങ്ങൾ പങ്കുവയ്ക്കുന്നതിനും, പഠിതാക്കൾ കണ്ടെത്തുന്നതിനുമായി വാചിക പഠിതാക്കൾക്ക് ഉത്തരം നൽകാൻ കഴിയുന്ന ചോദ്യങ്ങൾ ചോദിക്കും.

10. പ്രസംഗിക്കുകയോ ഉപദേശിക്കുകയോ ചെയ്യുകയില്ല.

11. വ്യക്തി പരമായി താല്പര്യമുള്ള ഒരു വിഷയത്തെക്കുറിച്ച് വിവരിക്കുന്നതിനുള്ള ചവിട്ടുപടിയായി കഥയെ ഉപയോഗിക്കുകയില്ല.

12. STS അവതരണത്തിലെ 5 പ്രത്യേക ഘടകങ്ങളെ നിർവ്വഹിക്കുവാനും പ്രകടിപ്പിക്കുവാനും കഴിവ് ഉപയോഗിക്കും.

അദ്ധ്യാപകന്റെ ഗ്രേഡ് രേഖപ്പെടുത്തുവാനുള്ള പട്ടികയിൽ പ്രതിഫലിക്കുന്നത് കഥാകാഥികൻ STSന്റെ അഞ്ച് ഘടകങ്ങളെയും പ്രകടിപ്പിച്ചിരിക്കുന്നു എന്നാണ്. വിട്ടുപോയ ഏതെങ്കിലും ഘടകത്തെ, അഥവാ വ്യക്തമായി അവതരിപ്പിക്കാത്ത ഘടകത്തെ "NTY" റേറ്റിംഗിൽ അടയാളപ്പെടുത്തണം. (NTY = Not there yet = അവിടെ എത്തിയിട്ടില്ല) അല്ലെങ്കിൽ GIഎന്ന് രേഖപ്പെടുത്തണം (GI = Got it = അത് കിട്ടി)

Name of the Story Teller..........................................................................

| Instructor Gading Grid | Date | Story Title | Reference | Story | Retell | Lead through | Observations | Applications |
|---|---|---|---|---|---|---|---|---|
| Overall Recommendations | | | | | | | | |

അടുത്ത പേജിൽ ചേർത്തിരിക്കുന്ന ചില ഇനങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ അദ്ധ്യാപകന്റെ അഭിപ്രായങ്ങളാണ്. അസാധാരണമായി മെച്ചമായിട്ട് എന്തെങ്കിലും നിർവ്വഹിക്കുന്നു എങ്കിൽ അതെക്കുറിച്ച് അദ്ധ്യാപകൻ തന്റെ അഭിപ്രായം രേഖപ്പെടുത്തും. ചിലകാര്യങ്ങളെക്കുറിച്ച്, അവ ശരിയായി നടത്തപ്പെട്ടിട്ടുണ്ടെങ്കിൽ അഭിപ്രായം ഒന്നും എഴുതേണ്ടതില്ല. ചെക്ക് ലിസ്റ്റ് നോക്കുമ്പോൾ അദ്ധ്യാപകന് ഓർക്കാൻ കഴിയും പിന്നീട് എന്താണ് പറയേണ്ടത് എന്ന്. തടസ്സങ്ങൾ ഒന്നുമില്ലാതെ STS അവതരണം മൊത്തമായും ഉടനെ നിർവ്വഹിക്കാം. കഥാകാഥികന് എന്തെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ കഥ വീണ്ടും ആവർത്തിക്കാവുന്നതാണ്.

## 3 പ്രാവശ്യം കഥ അവതരിപ്പിക്കുന്ന പരിശീലന പുനരവലോകനം

| | കഥ, അഭിപ്രായങ്ങൾ |
|---|---|
| 1. മുഖവുര | |
| 2. കൃത്യത | |
| 3. ശ്രവണതാല്പര്യം | |
| 4. കഥയിൽ കേന്ദ്രീകരിച്ച് | |
| 5. കഥ ആസ്വദിക്കപ്പെട്ടു | |
| 6. ആംഗ്യാഭിനയങ്ങൾ | |
| | |
| | **സന്നദ്ധസഹായി അഭിപ്രായങ്ങൾ** |
| 1. കഥ പറഞ്ഞുകൊടുക്കുന്നത് | |
| 2. പ്രോത്സാഹജനകം | |
| 3. സന്നദ്ധസഹായിയുടെ തിരുത്തലുകൾ | |
| | |
| | **കഥയിലൂടെയുള്ള ആനയിക്കൽ, അഭിപ്രായങ്ങൾ** |
| 1. കൃത്യമായി അവസാനിപ്പിച്ചു | |
| 2. വിവിധശൈലികൾ (3) | |
| 3. പങ്കാളിത്തം | |
| 4. കൃത്യത | |

# രണ്ടിനം ആത്മീക നിധികൾക്കുവേണ്ടിയുള്ള പരിശീലന പുനരവലോകനം

| | | |
|---|---|---|
| **ആത്മീക നിരീക്ഷണങ്ങൾ, അഭിപ്രായങ്ങൾ** | | |
| 1. | സുപ്രധാന - താക്കോൽ - പദങ്ങളുടെ ഉപയോഗങ്ങൾ | |
| 2. | വാചികശൈലിയിലുള്ള ചോദ്യങ്ങൾ | |
| 3. | ആംഗ്യങ്ങൾ താക്കോലുകളായി | |
| 4. | മൂല്യമുള്ള നിരീക്ഷണങ്ങൾ | |
| 5. | തലങ്ങും വിലങ്ങുമായുള്ള ചർച്ചകൾ | |
| 6. | ഗ്രൂപ്പ് ആയുള്ള പ്രതിപ്രവർത്തനങ്ങൾ | |
| 7. | സൗമ്യമായ പരസ്പര മാറ്റങ്ങൾ | |
| 8. | സ്ഥിരീകരണങ്ങൾ | |
| 9. | കഥയിലെ ഉത്തരങ്ങൾ | |
| 10. | നിധികളിലേക്ക് നയിക്കപ്പെട്ടവ | |
| 11. | ശ്രദ്ധയോടെ ശ്രവിച്ചു | |
| 12. | കഥ പഠിപ്പിക്കട്ടെ | |
| **ആത്മീകമായ പ്രായോഗീകോപയോഗങ്ങൾ– അഭിപ്രായങ്ങൾ** | | |
| 1. | വാചികശൈലിയിലുള്ള ചോദ്യങ്ങൾ | |
| 2. | ആംഗ്യങ്ങൾ താക്കോലുകളായി | |
| 3. | മൂല്യമുള്ള പ്രായോഗികോപയോഗങ്ങൾ | |
| 4. | തലങ്ങും വിലങ്ങുമുള്ള ചർച്ചകൾ | |
| 5. | ഗ്രൂപ്പ് ആയുള്ള പ്രതിപ്രവർത്തനങ്ങൾ | |
| 6. | സൗമ്യമായ പരസ്പരമാറ്റങ്ങൾ | |
| 7. | സ്ഥിരീകരണങ്ങൾ | |
| 8. | കഥയിൽ ഉള്ള പ്രായോഗികോപയോഗങ്ങൾ | |
| 9. | ആനയിക്കപ്പെട്ട്/പറഞ്ഞയാൾ പ്രായോഗികോപയോഗങ്ങള്‍ | |
| 10. | ലഭിക്കേണ്ടതായ ഉത്തരങ്ങൾ | |
| 11. | പ്രസംഗം /ഉപദേശം ഒഴിവാക്കപ്പെട്ടു | |
| **സംഘത്തെ മൊത്തമായും കൈകാര്യം ചെയ്തത്** | | |
| 1. | പ്രശ്ന പരിഹരണം | |
| 2. | കഥയ്ക്ക് പുറമേനിന്നുള്ള ചോദ്യങ്ങളുടെ പ്രതികരണങ്ങൾ | |
| 3. | ഗ്രൂപ്പ് ആയുള്ള വിവരണം | |
| | | |

# അനുബന്ധം B.

# ഒരു മാതൃകാ കഥയിലൂടെയുള്ള യാത്ര

## ചോദ്യങ്ങൾ തയ്യാറാക്കുന്നത് എങ്ങനെ? സഖായി (ലൂക്കോ 19:1–10)

ഈ അദ്ധ്യായത്തിന്റെ ശീർഷകം സൂചിപ്പിക്കുന്നതുപോലെ, നമ്മൾ ഇപ്പോൾ മറ്റൊരു മാതൃകാ കഥയിലൂടെ യാത്ര ചെയ്യാൻ പോകുകയാണ്. ഞങ്ങൾ തെരഞ്ഞെടുത്തത് സഖായിയുടെ കഥയാണ്. ഈ കഥ തെരഞ്ഞെടുക്കാൻ കാരണം സഖായിയുടെ കഥ കുട്ടികൾക്ക് വേഗം മനസ്സിലാക്കാൻ കഴിയുന്നതാണ്; എന്നതാകുന്നു. പക്ഷേ അത് ഗഹനവുമാണ്.

ആ കഥ സാധാരണ ഇങ്ങനെയാണ് പറയുന്നത്:

“സഖായി എന്ന് പേരുള്ള ഒരു ചെറിയ മനുഷ്യൻ യേശുവിനെ കാണാൻ ആഗ്രഹിച്ചു അതുകൊണ്ട് അയാൾ ഒരു മരത്തിൽ കയറി. ആൾക്കൂട്ടത്തിന് മുകളിലൂടെ അയാൾ യേശുവിനെ കണ്ടു അവിടെ എത്തിയ ജനാവലിക്ക് ഈ മനുഷ്യനെ ഇഷ്ടമല്ലായിരുന്നു. കാരണം അയാൾ കരം പിരിവുകാരൻ-ചുങ്കക്കാരൻ-ആയിരുന്നു. യേശു അയാളെ കണ്ടു അയാളെ താഴേക്ക് വിളിച്ച് ഇറക്കി. അയാളുടെ വീട്ടിലേക്ക് യേശുപോയി. അയാളോടൊപ്പം ഭക്ഷണം കഴിച്ചു സഖായിക്ക് സന്തോഷമായി. അയാളുടെ സമ്പത്തിന്റെ പകുതി ഭാഗം ദരിദ്രർക്കു വേണ്ടി ദാനമായി കൊടുത്തു നമ്മൾ സഖായിയെപ്പോലെ ആയിരിക്കണം.”

ഇവിടെ പറഞ്ഞ വിവരങ്ങൾ കഥയുടെ ഉള്ളിൽ ഉള്ളവയാകുന്നു-എന്നാൽ കഥയിൽ അതിലും ഏറെ, നമുക്ക് കണ്ടെത്താൻ ഉണ്ട്. STS ശൈലിയിൽ നമ്മൾ കഥയുടെ ഉള്ളിൽകൂടി സഞ്ചരിക്കുമ്പോൾ നമുക്ക് ഒട്ടേറെ കാര്യങ്ങൾ കണ്ടെത്തുവാൻ കഴിയും. കഥയുടെ ആഴങ്ങളിൽ നിന്ന് ധാരാളം നിധികൾ അനാവരണം ചെയ്യാൻ കഴിയുന്നതാണ്.

നമ്മൾ സഖായിയുടെ കഥയിലൂടെ അന്വേഷണം നടത്തുമ്പോൾ STSന്റെ പ്രക്രീയകൾ വ്യത്യസ്തമായ ഒരു ശൈലിയിൽ ആശയവിനിമയം ചെയ്യുന്നു. അപ്പോൾ നാം ശ്രദ്ധകേന്ദ്രീകരിക്കേണ്ടത് ചോദ്യങ്ങൾ രൂപീകരിക്കുന്നതിലാകുന്നു.

നിങ്ങളുടെ ചിന്തകളിൽ സാധാരണ ചെയ്യപ്പെടുന്ന ആലോചനാ കാര്യങ്ങളെ പ്രതിനിധീകരിക്കുന്ന രീതിയിലുള്ളതും ലിഖിതമായ രൂപം ഉള്ളതുമായ ചോദ്യങ്ങളാണ് പൊതുവായി ഉപയോഗിക്കപ്പെടുന്നത്. ഞങ്ങൾ ഇപ്പോൾ അടുത്ത് ഇല്ലാത്തതിനാൽ ചോദ്യരൂപീകരണം എങ്ങനെയാണെന്ന് നിങ്ങളോട് സംസാരിക്കുവാൻ സാദ്ധ്യമല്ലല്ലൊ. അതുകൊണ്ട് ഞങ്ങൾ എഴുതി വച്ചിരിക്കുന്നസംഗതികളെ നിങ്ങളുടെ മനസ്സിലേക്ക് പ്രസാരണം ചെയ്യാൻ ഈ രീതി ഞങ്ങൾ ഉപയോഗിക്കട്ടെ.

ഒരു ബൈബിൾ കഥ ഇപ്രകാരം തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യം, അതിലെ ഗുപ്തനിധികൾ കണ്ടെത്തുകയും അവയുടെ അടിസ്ഥാനത്തിൽ ചോദ്യങ്ങൾ രൂപീകരിക്കുന്നതുമാകുന്നു. ഇത് നിങ്ങൾ മനസ്സിൽ ചെയ്യുമ്പോൾ ബൈബിൾ കഥയാണ് നിങ്ങളുടെ നോട്സ് ആയിരിക്കുന്നത്. കഥ ഒരു അഴയെപ്പോലെയാണ്. തുണികൾ തൂക്കിയിടുന്ന ക്ലോത്സ്‌ലൈൻ (അഴ) നിങ്ങളുടെ മനസ്സിൽ അഴകെട്ടുക; നിധികളാകുന്ന വസ്ത്രങ്ങൾ അതിൽ തൂക്കിയിടുക. ചോദ്യങ്ങളും ഉത്തരങ്ങളും ആ ലൈനിൽ തൂക്കി തൂക്കി ഇടാം.

ഈ മാതൃകാ കഥയുടെ യാത്രാദൈർഘ്യം കാണുമ്പോൾ നിങ്ങൾ അത്ഭുതപ്പെട്ടുപോകും. “ഇത് വളരെ ദീർഘമാണല്ലൊ!” നിങ്ങൾ അതിശയം പ്രകടിപ്പിക്കും. നിങ്ങൾ അതിലൂടെയുള്ള യാത്ര ആരംഭിക്കുമ്പോൾ നിങ്ങൾ പറഞ്ഞേക്കും “ഇതിൽ ആവർത്തനം വളരെയുണ്ടല്ലൊ?” മറ്റുള്ളവരും അങ്ങനെ പറയും. സത്യസന്ധ

മായി പറഞ്ഞാൽ മാതൃകായെടുത്ത കഥ നിങ്ങളുടെ പഠനശൈലിക്ക് യോജിച്ചതല്ല. ഞങ്ങൾ ആവശ്യപ്പെടുന്നത് ഈ കഥയിൽ നിന്ന് ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള മാതൃകാരൂപങ്ങൾ നിങ്ങൾ കണ്ടെത്തണം എന്നാണ്.

യഥാർത്ഥത്തിൽ, ചില ആളുകൾക്ക് ഈ കഥയാണ് നല്ല ചോദ്യങ്ങൾ രൂപീകരിക്കുന്നതിനുള്ള മാതൃകാസ്ഥാനമായിരിക്കുന്നത്. ചോദ്യങ്ങൾ വ്യക്തതയോടെ രൂപീകരിക്കുവാൻ ഈ കഥയാണ് അവർക്ക് സഹായകമായിത്തീർത്ത്.

ആദ്യമായി, നിങ്ങൾ സ്വയമേ സഖായിയുടെ കഥയിലൂടെ അന്വേഷണ യാത്ര ചെയ്താൽ നിങ്ങൾ സ്വാഭാവികമായും അധികം നിധികളൊന്നും കണ്ടെത്തുകയില്ല. ഞങ്ങൾ ഈ കഥയെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ പഠിപ്പിച്ചിട്ടുണ്ട്. ഈ കഥയെ മറ്റുള്ളവരുമായി ചർച്ച ചെയ്തിട്ടുള്ളപ്പോൾ ഒട്ടേറെ നിധികൾ കണ്ടെത്തുവാൻ സാദ്ധ്യമായിട്ടുണ്ട്. മറ്റുള്ളവരിൽ നിന്ന് ഞങ്ങൾ പഠിച്ച സംഗതികൾ ഞങ്ങൾ നിങ്ങൾക്കുവേണ്ടി പകർന്നുതരുന്നു. യഥാർത്ഥത്തിൽ നിങ്ങളും അനേകരിൽ നിന്ന് നല്ല വിജ്ഞാനവിവരങ്ങൾ അറിയുവാൻ സാദ്ധ്യതയുണ്ട്. STSപദ്ധതിയിലെ ചർച്ചകളിലൂടെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ പുതിയ ആശയങ്ങൾ ഉരുത്തിരിയും. ഈ പദ്ധതിയിൽ സംഭവിക്കുന്നതും സംഭവിക്കേണ്ടതും അതാണ്.

STS ശൈലിയിൽ നിങ്ങൾ കഥകൾ ഒരുക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നത് തുടരണം. ആ പ്രക്രീയയിൽ നിങ്ങളും പുതിയ പുതിയ ആശയങ്ങൾ കണ്ടെത്തുന്നതാണ്. വാസ്തവം പറയട്ടെ, നിങ്ങൾ പിന്നൊരിക്കൽ ഈ കഥയെ വീണ്ടും അവതരിപ്പിച്ചാൽ അത്യന്തനൂതനമായ ആത്മീക നിധികളും അത്മീക സന്ദേശങ്ങളും കണ്ടെത്തുന്നതാണ്. ദൈവവചനം അപ്രകാരം ഉള്ളതാണ്. ഒരിക്കലും അതിൽ നിന്ന് പുതിയ സത്യങ്ങൾ കിട്ടാതെ വരികയില്ല. ആത്മീകസന്ദേശങ്ങൾ തീർന്നുപോകയില്ല.

ഈ അദ്ധ്യായം ചുവടേ ചേർത്തിരിക്കുന്നപ്രകാരം രൂപകല്പന ചെയ്തിരിക്കുന്നു. സഖായിയുടെ കഥ വായിക്കുകയും പഠിക്കുകയും ചെയ്തതിന്ശേഷം ഞങ്ങൾ നിർദ്ദേശിക്കുന്നത് പോലെ ചെയ്യണം. ഞങ്ങൾ നിങ്ങൾക്ക് കാണിച്ചുതരാം, ആത്മീകനിധികൾ നിങ്ങൾ എങ്ങനെയാണ് കണ്ടുപിടിക്കേണ്ടതെന്ന്. അതു മനസ്സിലാക്കിയതിനുശേഷം, നിങ്ങൾ കണ്ടെത്തിയ നിധികൾ കണ്ടെത്തുവാൻ മറ്റുള്ളവരെ സഹായിക്കുന്ന വിധത്തിലുള്ള ചോദ്യങ്ങൾ രൂപീകരിക്കുവാൻ പരിശ്രമിക്കുകയും ചെയ്യണം.

ഞങ്ങൾ നിർദ്ദേശിക്കുന്ന ആത്മീകനിധികൾ ഒരുവേള നിങ്ങൾ കണ്ടെന്നുവരികയില്ല, അല്ലെങ്കിൽ, നിങ്ങൾ അതിനോട് യോജിച്ചു എന്ന് വരുന്നതുമല്ല. അത് അസാധാരണകാര്യമല്ല. അത് ഒരു പ്രശ്നമല്ല. STS ശൈലിയിൽ നിങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുമ്പോൾ നിങ്ങൾ കഥയിൽ കണ്ടെത്തുന്നതും വ്യക്തിപരമായി ഗ്രഹിക്കുന്നതുമായ കാര്യങ്ങൾ മാത്രമേ മറ്റുള്ളവരോട് പറയുവാൻ പാടുള്ളൂ നിങ്ങൾക്ക് ലഭിച്ചിട്ടില്ലാത്തത് നിങ്ങൾക്ക് പങ്കുവയ്ക്കുവാൻ സാധിക്കുന്നതെങ്ങനെ?

ഞങ്ങൾ നിങ്ങൾക്കു നൽകുന്ന ആശയങ്ങൾ മറ്റുള്ളവരുമായി നിങ്ങൾ ചർച്ച ചെയ്യാനുള്ളവയാണ് - പല ആശയങ്ങളും മറ്റുള്ളവർക്ക് പുതിയവയാണ്. ഓരോ ആശയവും ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ച ചെയ്യുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഓരോരുത്തരിലൂടെ സംസാരിക്കും. അങ്ങനെ, ഒരു പുതിയ ആശയമോ, ആത്മീകസന്ദേശമോ തിരുവചന ഭാഗത്തുനിന്ന് പ്രകാശത്തിലേക്ക് ഉണർന്നുവരും.

ചോദ്യങ്ങളെ വികസിപ്പിച്ച് ശ്രോതാക്കളായ പഠിതാക്കളെ ആത്മീക നിധികളുടെ കണ്ടുപിടുത്തത്തിലേക്ക് നയിക്കുന്നത് ഒരു വെല്ലുവിളിയാണ്. STS പ്രക്രീയയിൽ അതുപോലെ അനേകം വെല്ലുവിളികൾ ഉണ്ട്. അവയെ നാം അഭിമുഖീകരിക്കണം. ചോദ്യങ്ങളുടെ ആവർത്തനം, വെല്ലുവിളികളുടെ ആവർത്തനം മുതലായവ നിങ്ങളുടെ നിപുണതകൾ ദൃഢീകരിക്കപ്പെടുന്നതിന് സഹായകമായിരിക്കും.

നിങ്ങൾ ഈ കഥ പഠിപ്പിക്കുകയാണെങ്കിൽ, സമയക്കുറവുകൊണ്ടോ മറ്റ് എന്തെങ്കിലും കാരണത്താലോ, ഏതാനും നിധികൾ മാത്രമേ ഏതെങ്കിലും ഒരു സമയത്ത് അവതരിപ്പിക്കാൻ കഴിഞ്ഞെന്നുവരുകയുള്ളൂ.

## ഇനി, നമുക്ക് ആരംഭിക്കാം

ഈ അഭ്യാസത്തിനുവേണ്ടി ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നത് നിങ്ങൾ ആദ്യമായി ഈ പത്തു വാക്യ-കഥ STS ശൈലിയിൽ പഠിക്കണം. (ബൈബിളിൽ നിന്ന്, സഖായിയുടെ കഥ ചുവടേ ഒരു ഭാഗത്ത് ചേർത്തിട്ടുണ്ട്.)

മുകളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ കഥ പഠിക്കുക. അനന്തരം കഥ ഒരുക്കുന്നത് എങ്ങനെ എന്ന് ശ്രദ്ധിക്കുക.

1. പത്തുവാക്യങ്ങളുള്ള ഈ കഥ ഉച്ചത്തിൽ, ഒരുപ്രാവശ്യം വായിക്കുക.
2. നിങ്ങൾ കഥ വായിക്കുമ്പോൾ നിങ്ങളുടെ സ്വന്തം വാക്കുകൾ ഉപയോഗിക്കുക. ഉദാഹരണത്തിന് "ചുങ്കക്കാരൻ" എന്നതിനുപകരം "കരം പിരിക്കുന്നവർ" എന്ന് പറയുക.
3. കഥയിൽ സംഭവിക്കുന്ന കാര്യങ്ങൾ നിങ്ങളുടെ മനഃകണ്ണുകൾ കൊണ്ട് കാണുക.
4. നിങ്ങൾ കഥ വായിച്ചുതീർന്നാലുടനെ, കണ്ണുകൾ അടച്ച്, നിങ്ങൾക്ക് ഓർമ്മിക്കാവുന്നത്ര ഭാഗങ്ങൾ ഓർമ്മയിൽ നിന്ന് ഉച്ചത്തിൽ പറയുക നിങ്ങൾ കഥയാണ് ഓർക്കേണ്ടത് അതിലെ എല്ലാവാക്കുകളും ഓർക്കുകയല്ല.
5. വീണ്ടും കണ്ണുതുറന്ന് കഥ ഉച്ചത്തിൽ വായിക്കുക. നിങ്ങൾ വിട്ടുപോയ ഭാഗങ്ങൾ ഇപ്പോൾ ശ്രദ്ധിക്കുക.
6. വീണ്ടും കണ്ണുകൾ അടച്ച് കഥയെ ഉച്ചത്തിൽ ആവർത്തിച്ചുപറയുക.

മിക്കവാറും, ഇങ്ങനെ ഒരുനാലുപ്രാവശ്യം വായിക്കുകയും പറയുകയും ചെയ്യുമ്പോൾ, ഒരു കഥ സാമാന്യം നന്നായി പറയുവാൻ ഏതൊരാൾക്കും കഴിയുന്നതാണ്.

ഒരു വേള നാലു മുതൽ ആറുപ്രാവശ്യം വരെ വായിക്കുകയും പറയുകയും ചെയ്താലും കഥ നന്നായി പറയുവാൻ കഴിയാത്തവർക്ക് സാരമായ ഒരു പ്രശ്നം ഉണ്ടായിട്ടുണ്ട്. അവർ കഥ ഓർക്കുവാനല്ല കഥാഭാഗത്തിന്റെ വാക്കുകൾ ഓർക്കുവാനാണ് ബദ്ധപ്പെടുന്നത്. പുതിയരീതിയിൽ, കഥയുടെ ഉള്ളടക്കം ഓർക്കുകയാണ് വേണ്ടത്. അവർ STSന്റെ പാചകക്കുറിപ്പ് മാറ്റിക്കുളയുന്നു!

കഥ ഓർമ്മിക്കുന്നതിന് നിങ്ങൾ ബുദ്ധിമുട്ടുകയാണെങ്കിൽ, നിങ്ങൾ വീണ്ടും കഥാഭാഗം വായിക്കുകയും STS രീതിയിൽ അത് ഓർമ്മിക്കുവാൻ പരിശ്രമിക്കുകയും ചെയ്യണം. സഖായിയുടെ കഥ ഉച്ചത്തിൽ വായിക്കുകയും, പറഞ്ഞുശീലിക്കുകയും ചെയ്യുക. ശ്രദ്ധ കേന്ദ്രീകരിച്ച് പഠിക്കുക. കഥ ചുവടേ ചേർക്കുന്നു.

"അവൻ യരീഹോവിൽ എത്തി കടന്നു പോകുമ്പോൾ ചുങ്കക്കാരിൽ പ്രമാണിയും ധനവാനുമായ സഖായി എന്നു പേരുള്ളോരു പുരുഷൻ യേശു എങ്ങനെയുള്ളവൻ എന്നു കാണ്മാൻ ശ്രമിച്ചു. വളർച്ചയിൽ കുറിയവൻ ആയതുകൊണ്ട് പുരുഷാരം നിമിത്തം കഴിഞ്ഞില്ല. എന്നാറെ അവൻ മുമ്പോട്ട് ഓടി, അവനെ കാണേണ്ടതിന് ഒരു കാട്ടത്തിമേൽ കയറി, യേശു ആ വഴിയായി വരികയായിരുന്നു."

"അവൻ ആ സ്ഥലത്ത് എത്തിയപ്പോൾ മേലോട്ടു നോക്കി. സഖായിയേ വേഗം ഇറങ്ങിവാ. ഞാൻ ഇന്ന് നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു. എന്ന് അവനോട് പറഞ്ഞു അവൻ ബദ്ധപ്പെട്ട് ഇറങ്ങി സന്തോഷത്തോടെ അവനെ കൈക്കൊണ്ടു കണ്ടവർ എല്ലാം അവൻ പാപിയായൊരു മനുഷ്യനോടുകൂടി പാർപ്പാൻ പോയി എന്ന് പിറുപിറുത്തു."

> "സഖായിയോ നിന്ന് കർത്താവിനോട്: കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്ക് കൊടുക്കുന്നുണ്ട്; വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലു മടങ്ങ് മടക്കി കൊടുക്കുന്നു എന്നു പറഞ്ഞു യേശു അവനോട് ഇവനും അബ്രാഹാമിന്റെ മകൻ ആകയാൽ ഇന്ന് ഈ വീട്ടിന് രക്ഷ വന്നു. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത് എന്ന് പറഞ്ഞു" [ലൂക്കോ 19:11-10]

## സദയം കരുതലോടെ ശ്രദ്ധ ചെലുത്തുക.

നിങ്ങളുടെ കഥ ഒരുക്കിയതിനുശേഷം, നിങ്ങൾക്ക് കഥയിലെ എല്ലാ ആത്മീക സന്ദേശങ്ങളെയും അവതരിപ്പിക്കാൻ എളുപ്പമല്ലെന്ന് നിങ്ങൾ ചിന്തിച്ചുതുടങ്ങും. നിങ്ങൾ പഠിപ്പിക്കുന്ന സമയത്ത് നിങ്ങൾക്ക് അവതരിപ്പിക്കാൻ കഴിയാത്ത ആത്മീക സന്ദേശങ്ങളെ വിട്ടുകളയാം. അവയെ പിന്നൊരിക്കൽ അവതരിപ്പിക്കാനായി മാറ്റി വയ്ക്കുക. നിങ്ങൾ കഥ അവതരിപ്പിച്ചതിനുശേഷം ചോദ്യങ്ങൾ ചോദിക്കുമ്പോൾ, പരിശുദ്ധാത്മാവ് മറ്റുള്ളവരിലൂടെ നിങ്ങളോട് സംസാരിക്കും, നിങ്ങൾ ചോദിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങളിലൂടെ. ആ സമയത്ത് നിങ്ങൾ മുമ്പ് ചിന്തിച്ചതും അവതരിപ്പിക്കാൻ കഴിയാഞ്ഞതുമായ ആത്മീക സത്യങ്ങൾ വെളിപ്പെട്ടുവരുന്നതാണ്.

കൂടുതൽ വായിക്കുന്നതിനുമുമ്പ് ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നത് സഖായിയുടെ കഥയിൽ നിന്ന് നിങ്ങൾക്ക് കണ്ടുപിടിക്കാൻ കഴിയുന്നത്ര ആത്മീകനിധികൾ നിങ്ങൾ കണ്ടുപിടിക്കണമെന്നാണ്. നിങ്ങളുടെ നിപുണതകൾ ഉപയോഗിച്ച് ആകുന്നത്ര നിധികൾ കണ്ടുപിടിച്ചതിനുശേഷം ഞങ്ങൾ നൽകുന്ന കണ്ടെത്തലുകളുമായി അവയെ താരതമ്യം ചെയ്യുക. നിങ്ങളുടെ നിരീക്ഷണങ്ങളിൽ ചിലത് ഞങ്ങൾ നൽകാത്തവ ആയിരിക്കും. അതുപോലെ ഞങ്ങൾ കണ്ടുപിടിച്ചവ മറ്റ് നിധികളും ആവാം. നിങ്ങൾ കണ്ടുപിടിച്ച നിധികളെക്കുറിച്ച് നിങ്ങൾ സന്തോഷിക്കുക.

## ഞങ്ങൾ കണ്ടെത്തുന്ന ചില ആത്മീക നിരീക്ഷണങ്ങൾ:

1. യേശുവിനോട് ഇഷ്ടമുണ്ടെന്ന് ഭാവിച്ചിരുന്ന ചില ആളുകൾ സഖായിയെ യേശുവിന്റെ അടുത്ത് എത്തുന്നതിൽ നിന്ന് തടഞ്ഞു.
2. സഖായി എന്ന ഈ മനുഷ്യൻ ഉയരത്തിൽ കുറഞ്ഞവാൻ ആയിരുന്നു. എന്നാൽ പദവിയിൽ ഉയർന്നവൻ ആയിരുന്നു. അയാൾ ധനികനായിരുന്നു. കരം പിരിവുകാരിൽ പ്രമാണി-ചുങ്കക്കാരൻ പ്രമാണി-ആയിരുന്നു. യേശുവിനെ കാണുവാൻ തീക്ഷ്ണമായ ആഗ്രഹമുണ്ടായിരുന്നു. സാധാരണരീതിയിൽ യേശുവിനെ കാണുന്നതിന് ജനക്കൂട്ടം തടസ്സമായിരുന്നതിനാൽ വഴിമാറി, മറ്റൊരു മാർഗ്ഗം സ്വീകരിച്ചു.
3. സ്ഥാനമഹിമയുള്ള ഈ മനുഷ്യൻ ജനക്കൂട്ടത്തിൽ മുമ്പോട്ട് ഓടുന്നതും, കാട്ടത്തിമരത്തിൽ തത്തിപ്പിടിച്ച് കയറുന്നതും കാണുന്ന ജനാവലി തന്നെ കളിയാക്കുമെന്ന് സഖായി ശങ്കിച്ചതേയില്ല. മരത്തിൽ പിടിച്ചുകയറുന്നതിൽ നിന്ന് പിൻതിരിയുവാൻ സഖായിചിന്തിച്ചതേയില്ല.
4. തിക്കിത്തിരക്കിക്കൊണ്ടിരിക്കുകയും യേശുവിനു ചുറ്റും തടിച്ചുകൂടുകയും ചെയ്യുന്ന ജനക്കൂട്ടത്തിന്നിടയിൽകൂടി യേശു നടന്നുപോകുന്നത് നാം കണ്ടതാണല്ലൊ. എല്ലാ ജനങ്ങളും യേശുവിന്റെ ചുറ്റും തടിച്ചുകൂടുകയും തിക്കും തിരക്കും ഉണ്ടാക്കുകയും ചെയ്തിട്ടും യേശു അവരെയെല്ലാം മറികടന്ന് സഖായി ഇരുന്നിരുന്ന മരത്തിന് അടുത്തെത്തി അവിടെ നില്ക്കുകയും, മുകളിലേക്കുനോക്കി സഖായിയെ കാണുകയും ചെയ്തു. ആ ഒരു മനുഷ്യനെ കാണാൻവേണ്ടി മാത്രമാണ് യേശു ആ മരത്തിനടുത്തേക്ക് ചെന്നത്. അയാൾ യേശുവിന്റെ അടുത്തു അല്ലായിരുന്നു. അയാൾ ഒരു വൃക്ഷത്തിന്റെ ശിഖരത്തിലായിരുന്നു,
5. യേശു അയാളെ "സഖായിയേ" എന്ന് പേരു ചൊല്ലി വിളിച്ചു. യേശുവിന് സഖായിയോടുണ്ടായതായ വ്യക്തിപരമായ താല്പര്യത്തെ ഇത് വ്യക്തമാക്കുന്നു.

6. യേശു സ്വയം സഖായിയുടെ വീട്ടിലേക്ക് പോകുവാൻ തീരുമാനിച്ചു. എല്ലാ മാനവസംസ്ക്കാരത്തിലും അതീതമായിരുന്നു ആ സംസ്കാരം. അത് വ്യക്തമാക്കുന്നത് അടുത്ത് സംഭവിപ്പാൻ പോകുന്നത് എന്താണെന്ന് യേശുവിന് അറിയാമായിരുന്നു എന്നാണ്.

7. ഒരാൾ മുകളിലേക്ക് നോക്കുമ്പോൾ, വിശിഷ്യാ അനേകം പേർ അനുഗമിക്കുന്ന ഒരു നേതാവ് മുകളിലേക്ക് നോക്കുമ്പോൾ, അനുയായികളെല്ലാവരും മുകളിലേക്ക് നോക്കും, നേതാവ് നോക്കുന്നത് എന്താണെന്ന് കാണുവാൻ. അതിന്റെ അർത്ഥം യേശുമാത്രമല്ല സഖായിയെ കണ്ടത് പിന്നെയോ ജനങ്ങൾ എല്ലാവരും സഖായിയെ കണ്ടു എന്നാണ്. സഖായിയെ യേശുവും ജനങ്ങളും കണ്ടുപിടിച്ചതിൽ സഖായിക്ക് ഭയമോ സംഭ്രമമോ ഉണ്ടായില്ല. യഥാർത്ഥത്തിൽ സഖായിക്ക് സന്തോഷമാണുണ്ടായത്.

8. യേശു വിളിച്ചപ്പോൾ സഖായിക്ക് യേശുവിനെ അനുസരിപ്പാൻ വിസമ്മതം ഉണ്ടായില്ല. യാതൊരു എതിർപ്പും കൂടാതെ സഖായി യേശുവിന്റെ വിളിയോട് പ്രതികരിച്ചു അയാൾ തിരക്കുപിടിച്ചു വേഗത്തിൽ ഇറങ്ങിച്ചെന്നു.

9. ജനക്കൂട്ടം സഖായിക്ക് എതിരായി ഒച്ചവച്ചു യേശുവിനെക്കുറിച്ച് ജനങ്ങൾ അടക്കം പറഞ്ഞു, പിന്നെ ഉച്ചത്തിലായി "യേശു ചുങ്കക്കാരന്റെ വീട്ടിൽ പോയി, അവൻ പാപിയായൊരു മനുഷ്യനോടൊത്ത് ഭക്ഷിക്കുന്നു. എന്ന് അവർ അധിക്ഷേപിച്ചു." "കൂടെ..... പോയി" എന്നത് സൂചിപ്പിക്കുന്നത് യേശു അവിടേക്ക് "പോയിക്കഴിഞ്ഞു" എന്നോ ആകാം. സഖായിയുടെ ഭവനത്തിലേക്ക് യേശു പോകുവാൻ തീരുമാനിച്ചതിനെതിരേ ജനങ്ങൾ പിറുപിറുത്തു; യേശുവിന്റെ തീരുമാനത്തെ അവർ വിമർശിച്ചു ഈ സംഗതി യേശുവും സഖായിയും എപ്പോഴാണ് അറിഞ്ഞതെന്ന് വ്യക്തമല്ല. എങ്കിലും, സഖായിയുടെ വീട്ടിൽ വച്ച് യേശു സഖായിയുടെ സാന്നിദ്ധ്യത്തിൽ പറഞ്ഞ അഭിപ്രായങ്ങൾ വ്യക്തമാക്കുന്നുണ്ട് യേശുവും സഖായിയും ജനങ്ങളുടെ വിമർശനത്തെക്കുറിച്ച് അറിഞ്ഞിരുന്നെന്ന്. പക്ഷെ സഖായി ജനങ്ങളുടെ വിമർശനത്തെക്കുറിച്ച് അംഗീകരിച്ചില്ല. അവൻ യേശുവിനെ സ്വന്തം ഭവനത്തിലേക്ക് സ്വാഗതം ചെയ്തു.

10. "യേശു പാപിയായ ഒരു മനുഷ്യനോടുകൂടെ പാർപ്പാൻ പോയി" എന്ന് ജനക്കൂട്ടം വിമർശിച്ചതിൽ നിന്ന് സൂചിപ്പിക്കപ്പെടുന്നത്, ജനക്കൂട്ടം വിചാരിക്കുന്നത് "അവർ പാപികൾ അല്ല" എന്നാണെന്നാകുന്നു!

11. ജനക്കൂട്ടത്തിന്റെ പെരുമാറ്റം കണ്ടാൽത്തോന്നും അവർ യേശുവിന്റെ "അനുഗാമികൾ" ആകുന്നു എന്ന്. യേശുവിനെ മുട്ടി ഉരുമ്മിക്കൊണ്ടാണ് അവർ യേശുവിന്റെ കൂടെ പോയത്. യേശു ആരോടുകൂടിയാണ് ഭക്ഷിക്കുന്നതെന്ന് അവർക്ക് അറിവാൻ പ്രത്യേക ജിജ്ഞാസ ഉണ്ടെന്ന് അവരുടെ വിമർശനം സൂചിപ്പിക്കുന്നുണ്ടെങ്കിലും, അവർ അർത്ഥമാക്കുന്നത് അവരിൽ ഒരാളുടെ വീട്ടിൽ ആയിരിക്കണമായിരുന്നു യേശു അതിഥിയായി വരേണ്ടിയിരുന്നത് എന്നാണ്. യഥാർത്ഥത്തിൽ ആ ജനാവലിക്ക് യേശുവിനോട് തികഞ്ഞ അപമര്യാദയും അവമാനവും ആയിരുന്നു ഉണ്ടായിരുന്നത്. യേശു, താൻ അതിഥിയായിരിപ്പാൻ സ്വയം തെരഞ്ഞെടുത്ത ഭവനത്തെക്കുറിച്ച് അവർക്ക് അതൃപ്തിയായിരുന്നു. അവർ ആ തെരഞ്ഞെടുക്കലിനെ അംഗീകരിച്ചില്ല. യേശു സഖായിയുടെ ഭവനം സന്ദർശിക്കാനാണ് തീരുമാനിച്ചത്.

12. കുറ്റം വിധിക്കുന്ന പ്രകൃതക്കാരായ ആ ജനാവലിക്ക് അവരുടേയായ വിശ്വാസങ്ങൾ ഉണ്ടായിരുന്നു. എന്നാൽ യേശുവിനോട് നേരിട്ട് ചോദിക്കുവാൻ അവർക്ക് ആർക്കും ധൈര്യമുണ്ടായിരുന്നില്ല. യേശുവിന്റെ അധികാരശക്തിയെക്കുറിച്ച് അവർക്ക് ആർക്കും ഒരു ധാരണയും ഉണ്ടായിരുന്നില്ല. അവർ തമ്മിൽത്തമ്മിൽ സംസാരിക്കുന്നത് യേശു ശ്രദ്ധിക്കുകയില്ല, എന്നായിരുന്നു അവരുടെ ചിന്ത.

13. ധനികനായ സഖായി തന്റെ വസ്തുവകയിൽ പകുതി ദരിദ്രന്മാർക്കുകൊടുക്കുമെന്ന് തീരുമാനിച്ചതിലൂടെ തന്റെ മനഃസ്ഥിതിയും സഹൃദയത്വവും പ്രകടമാക്കുകയാണ് ചെയ്തത്.

14. സഖായി മറ്റൊരു സംഗതികൂടി പ്രസ്താവിച്ചു താൻ ആരോടെങ്കിലും, എന്തെങ്കിലും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ അയാൾക്ക്/അവർക്ക്, നാല് മടങ്ങ് പകരം കൊടുക്കുന്നതാണെന്ന്. താൻ നിയമത്തിനുമുമ്പിൽ കുറ്റക്കാരനാണെന്ന് തെളിഞ്ഞാൽ താൻ ചതിവായിട്ടെടുത്തതിന്റെ നാല് മടങ്ങ് തിരിച്ചുകൊടുക്കാമെന്നല്ല സഖായി തീരുമാനം പറഞ്ഞത്. സഖായി ഈ തീരുമാനം കൈക്കൊണ്ടത് സ്വമനസ്സാലെ ആയിരുന്നു. ചിലർ പറഞ്ഞേക്കും; സഖായി ഇപ്പോൾത്തന്നെ ദരിദ്രർക്കുവേണ്ടി തന്റെ പണം നൽകുന്നുണ്ടല്ലൊ. പക്ഷേ ജനാവലിയുടെ അഭിപ്രായം തകിടം മറിഞ്ഞാണ് കാണപ്പെടുന്നത്.

സഖായി തന്റെ പണത്തിന്റെ പകുതി ദരിദ്ര ജനങ്ങൾക്കുവേണ്ടി നൽകിക്കൊണ്ടിരിക്കുന്ന ആൾ ആയിരുന്നെങ്കിൽ അയാൾക്ക് അത് രഹസ്യമായി ദാനം ചെയ്യാമായിരുന്നു. എങ്കിലും, അയാൾ ആരോടെങ്കിലും ചതിവായി എന്തെങ്കിലും വാങ്ങിയിട്ടുണ്ടെങ്കിൽ അത് നാലു മടങ്ങ് മടക്കിക്കൊടുക്കുന്നതാണെന്ന് വാഗ്ദാനം ചെയ്തത് പൊതുജനങ്ങളുടെ ദൃഷ്ടിയിൽ നീതിമാൻ ആയി കാണപ്പെടുന്നതിന് സഹായകമായിട്ടുണ്ട്.

നാം ഈ കഥയിൽ നിന്ന് മനസ്സിലാക്കുന്ന സംഗതി ഇതാണ്: കഥയുടെ ഒരു ഭാഗത്ത് സഖായി താൻ ഒരു പാപിയാണെന്ന് മനസ്സിലാക്കുകയും കുറ്റസമ്മതം നടത്തുകയും ചെയ്യുന്നു പാപിയാണെന്ന് സ്വയം എല്ക്കുകമാത്രമല്ല, പിശകുകൾ തിരുത്തുന്നതിന് ശ്രമിക്കുകയും ചെയ്തു. ആ വീടിന് അന്ന് രക്ഷ വന്നു എന്ന് യേശു പ്രസ്താവിച്ചു സഖായി അസാധാരണവും അവിശ്വസനീയവുമായ ഔദാര്യമാണ് പ്രദർശിപ്പിച്ചത്.

15. നമുക്ക് ആദ്യം തോന്നിയിട്ടുണ്ടാവും സഖായി യേശുവിൽ നിന്ന് ആത്മീകമായ അംഗീകാരം വാങ്ങാൻ ഉദ്യമിക്കുകയായിരുന്നു എന്ന്. എന്നാൽ, സഖായി രക്ഷയുടെ അനുഭവത്തിലേക്കുവരാൻ കാരണം യേശു "ഇന്ന് ഈ വീടിന് രക്ഷ വന്നു" എന്ന് പ്രസ്താവിച്ചതായിരുന്നു സഖായി മാത്രമാണ് സ്വയം പാപ ബോധമുള്ളവനായിട്ട് "ഞാൻ പാപിയാണ്" എന്ന് ഏറ്റു പറഞ്ഞത്. ആ കഥയിൽ സഖായി മാത്രമാണ് രക്ഷിക്കപ്പെട്ടത്.

16. കഥ ശ്രദ്ധിക്കുക; യേശു സഖായിയോട് നേരിട്ടു പറയുന്നു "ഇന്ന് ഈ വീടിന് രക്ഷ വന്നു." യേശു തുടർന്നു പറയുന്നു. "ഇവനും (സഖായി) അബ്രാഹാമിന്റെ മകൻ ആകുന്നു." അതിൽ നിന്ന് നാം എന്തു മനസ്സിലാക്കുന്നു? സഖായിയെകൂടാതെ മറ്റ് പലരും അവിടെ സന്നിഹിതരായിരുന്നു. യേശുവിന്റെ പ്രസ്താവനയിൽ നിന്ന് നാം മനസ്സിലാക്കുന്നത് യേശു സഖായിയെ മാനസീകമായും ആത്മീകമായും പരിവർത്തനം ചെയ്തു എന്നാണ്. അതുപോലെ തന്നെ മറ്റുള്ളവരുടെ മുമ്പിൽ സഖായിയെ യേശു സാമൂഹ്യമായി സംരക്ഷിക്കുകയും ചെയ്തു.

17. "കാണാതെപോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്" എന്ന് യേശു പ്രസ്താവിച്ചതിനാൽ സഖായിയെ യേശു ബഹുമാനിതനാക്കുകയും ചെയ്തു. നിരൂപണവും, വിമർശനവും നടത്തിയ ജനാവലിയുടെ മുമ്പിൽ യേശു സഖായിയെ വിടുവിച്ചു, സുരക്ഷിതനാക്കി.

18. കഥയുടെ ആരംഭത്തിൽ സഖായി യേശുവിനെ അന്വേഷിക്കുകയായിരുന്നു എന്ന് വ്യക്തമാകുന്നുണ്ട്. അനന്തരം, കഥയുടെ ഒരു ഭാഗം കഴിയുമ്പോഴേക്കും യേശു സഖായിയെ അന്വേഷിക്കുന്നതായി കാണുന്നു. അങ്ങനെ കഥയുടെ അടുത്തഭാഗം സഖായിയെ അന്വേഷിക്കുന്ന യേശുവിന്റെ കഥ ആയി മാറുന്നു.

**നിരീക്ഷണ ചോദ്യങ്ങൾ രൂപീകരിക്കുന്നത്**

മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന നിരീക്ഷണങ്ങളിൽ ഓരോന്നിലേക്കും മറ്റുള്ളവരെ നയിക്കുവാൻ പര്യാപ്തമായ ചോദ്യങ്ങൾ രൂപീകരിക്കുന്നത് എങ്ങനെ എന്ന് നിങ്ങളുടെ പരിശീലനത്തിനുവേണ്ടി ഞങ്ങൾ കാണിച്ചുതരാം. ഒരു നിരീക്ഷണത്തിലേക്ക് ആനയിക്കുവാൻ ചിലപ്പോൾ പല ചോദ്യങ്ങൾ ചോദിക്കേണ്ടി വരും.

ഓരോ ചോദ്യവും ശ്രോതാക്കളെ ആത്മീക നിരീക്ഷണത്തിലേക്ക് ആനയിക്കുവാൻ വേണ്ടി രൂപ കല്പന ചെയ്തതാകൽ ഞങ്ങൾ ആ ചോദ്യങ്ങളെ "SO" എന്ന പട്ടികയിൽ ഉൾപ്പെടുത്തുന്നു. ഓരോ നിരീക്ഷണത്തി ലേക്കും എത്തിക്കുന്ന ചോദ്യം അഥവാ ചോദ്യങ്ങൾ "SO" എന്ന് വിളിക്കപ്പെടുന്നു.

SO = Spiritual Observations (ആത്മീക നിരീക്ഷണങ്ങൾ) ആത്മീക നിരീക്ഷണങ്ങളിലേക്ക് നയിക്കുന്ന ചോദ്യങ്ങളെ "SOQ" എന്ന് അടയാളം ചെയ്യുന്നു. (SOQ = Spiritual Observation Questions) മറ്റുള്ളവരെ ആത്മീ കനിരീക്ഷണങ്ങളിലേക്ക് നയിക്കുന്നത് എങ്ങനെ എന്ന് ഇതിനാൽ നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടാവും. പക്ഷിയെ കൂട്ടിലേക്ക് നയിക്കുന്നത് ഒരുവരി അപ്പക്കഷണങ്ങൾ എങ്ങനെ സഹായകം ആകുമോ അപ്രകാരമാണ് ആത്മീക നിരീക്ഷണത്തിലേക്ക് പഠിതാക്കളെ നയിക്കേണ്ടത്.

1. **SO (ആത്മീകനിരീക്ഷണം)**

★ യേശുവിനോട് ഇഷ്ടമുണ്ടെന്ന് ഭാവിച്ചിരുന്ന ചില ആളുകൾ സഖായിയെ യേശുവിന്റെ അടുക്കൽ എത്തുന്നതിൽ നിന്ന് തടഞ്ഞു SOQ (ആത്മീകനിരീക്ഷണചോദ്യം)

★ സഖായിക്ക് യേശുവിനെ കാണാൻ ആഗ്രഹമുണ്ടായി. എന്നാൽ ആൾക്കൂട്ടം മുഖേന അയാൾക്ക് യേശുവിന്റെ അടുത്ത് എത്താൻ കഴിഞ്ഞില്ല. തന്നെയുമുല്ല, സഖായി പൊക്കം കുറഞ്ഞവനായിരുന്ന തിനാൽ മറ്റാളുകൾ സഖായിക്ക് യേശുവിനെ കാണാൻ തടസ്സവുമായി എന്ന് നമ്മൾ കഥയിൽ നിന്ന് മനസ്സിലാക്കി. സഖായിക്ക് തടസ്സം ഉണ്ടാകത്തക്കവിധം ജനങ്ങൾ എന്താണ് ചെയ്തത്?

★ യേശുവിന്റെ അടുത്തേക്കു ചെല്ലുവാൻ വെമ്പൽ കാണിച്ചവർ ഒരു അന്വേഷകനായ സഖായിയെ യേശുവിനെ കാണുന്നതിൽ നിന്ന് തടഞ്ഞു എന്നാണോ നിങ്ങൾ പറയുന്നത്?

★ നിങ്ങൾ അതെക്കുറിച്ച് എന്തു ചിന്തിക്കുന്നു?

2. **SO** സഖായി എന്ന ഈ മനുഷ്യൻ പൊക്കം കുറഞ്ഞവൻ ആയിരുന്നു. എന്നാൽ പദവിയിൽ ഉയർന്നവൻ ആയിരുന്നു. അയാൾ ധനികൻ ആയിരുന്നു. കരം പിരിവുകാരിൽ പ്രധാനി-ചുങ്കക്കാരൻ പ്രമാണി-ആയിരുന്നു. യേശുവിനെ കാണുവാൻ തീക്ഷ്ണമായ ആഗ്രഹം ഉണ്ടായിരുന്നു. സാധാരണരീതിയിൽ യേശുവിനെ കാണുന്നതിന് ജനക്കൂട്ടം തടസ്സമായിരുന്നതിനാൽ വഴിമാറി മറ്റൊരു വഴി കണ്ടെത്തി.

SOQ:-

★ സഖായിയുടെ സാമൂഹികവും, തൊഴിൽപരവും, ധനപരവുമായ സ്ഥാനം എന്തായിരുന്നു? നിങ്ങൾ അതെക്കുറിച്ച് എന്ത് വിവരണം തരുന്നു?

★ അതുകൊണ്ട് സഖായി തന്റെ ധനശക്തി ഉപയോഗിച്ച് കുറെ ഗുണ്ടാകളെ കൊണ്ടു വന്ന് ആളുകളെ തള്ളി മാറ്റിയിട്ട് തനിക്ക് യേശുവിന്റെ അടുത്തെത്താൻ വഴിയുണ്ടാക്കി, ശരിയാണോ? അല്ലേ?

★ ശരി, എന്നിട്ട് നമ്മൾ കഥയിൽ എന്ത് കാണുന്നു? സാധാരണ രീതികളിൽ ഈ മനുഷ്യന്, അയാൾ സമുന്നതസ്ഥാനീയൻ ആയിരുന്നിട്ടും, യേശുവിനെ കാണാൻ കഴിയാതെ വന്നപ്പോൾ അയാൾ യേശു വിനെ കാണാനായി മറ്റ് എന്ത് മാർഗ്ഗം സ്വീകരിച്ചു?

3. SO. സ്ഥാനമഹിമയുള്ള ഈ മനുഷ്യൻ ജനക്കൂട്ടത്തിൽ മുന്നോട്ട് ഓടുന്നതും, കാട്ടത്തിമരത്തിൽ തത്തിപ്പി ടിച്ച് കയറുന്നതും കാണുന്ന ജനാവലി, തന്നെ കളിയാക്കുമെന്ന് സഖായി ശങ്കിച്ചതേയില്ല. മരത്തിൽ പിടിച്ചുകയറുന്നതിൽ നിന്ന് പിൻതിരിയുവാൻ സഖായി ചിന്തിച്ചതേയില്ല.

SOQ:-

★ ആദേശത്തുള്ള ജനങ്ങൾ സഖായിക്കുറിച്ച് എന്താണ് ചിന്തിച്ചതെന്ന് നമ്മൾ കഥയിൽ കണ്ടുവോ?

- ★ സഖായി, സമൂഹത്തിൽ പ്രധാനസ്ഥാനമുള്ള ഒരു വ്യക്തി ആയിരുന്നു. എങ്കിലും ജനങ്ങൾ അയാളെ അയോഗ്യൻ എന്ന് കരുതിയിരുന്നത് അയാൾക്ക് അറിയമായിരുന്നു. ഇത് സ്വാഭാവികമായ കാര്യമാണെന്ന് നിങ്ങൾക്ക് തോന്നുന്നുവോ? യേശുവിനെ കാണുന്നതിനുവേണ്ടി സഖായി ജനക്കൂട്ടത്തിനിടയിൽ നിന്ന് റോഡിലൂടെ മുമ്പോട്ട് ഓടി ഒരു കാട്ടത്തിനേൽ പിടിച്ചു കയറുന്നത് പൊതുജനങ്ങൾ കാണാനിടയാകുന്നതിൽ സഖായിക്ക് നാണക്കേട് ഉണ്ടായില്ലേ? ഉണ്ടായെങ്കിൽ എപ്രകാരം?

4. SO:-

തിക്കിത്തിരക്കിക്കൊണ്ടിരിക്കുകയും, യേശുവിനു ചുറ്റും തടിച്ചുകൂടുകയും ചെയ്യുന്ന ജനക്കൂട്ടത്തിനിടയിൽ കൂടി യേശു നടന്നു പോകുന്നത് നാം കണ്ടതാണല്ലൊ. എന്നിട്ടും യേശു അവരെ എല്ലാം മറികടന്ന് ഒരു മനുഷ്യനെ നോക്കുന്നതിനായി അകലേക്ക് നടന്നുചെന്നു. ആ മനുഷ്യനെ നോക്കി. അയാളോ ഒരു മരത്തിന് മുകളിലുമായിരുന്നു.

SOQ:-

- ★ ഒരു ജനാവലിക്ക് ഇടയിലൂടെ തെരുവീഥിയിലൂടെ യാത്ര ചെയ്തിരുന്ന യേശു അവരിൽ ആരോടാണ് സംസാരിച്ചത്?
- ★ യേശുവിന്റെ പെരുമാറ്റം നമുക്ക് ദൃശ്യമാക്കിത്തരുന്നത് എന്താണ്?

5. SO:-

യേശു സഖായിയെ പേരുചൊല്ലി വിളിച്ചു യേശുവിന് അയാളോടുള്ള വ്യക്തിപരമായ താല്പര്യത്തെ അത് വ്യക്തമാക്കുന്നു.

SOQ:-

യേശു സഖായിയോട് എങ്ങനെയാണ് തന്റെ വ്യക്തിപരമായ താല്പര്യം പ്രകടമാക്കിയത്?

6. SO:- യേശു സ്വയം സഖായിയുടെ വീട്ടിലേക്ക് ക്ഷണിച്ചു എല്ലാ മാനവസംസ്ക്കാരത്തിലും അതീതമായിരുന്നു ആ സംസ്ക്കാരം. അത് വ്യക്തമാക്കുന്നത് “അടുത്ത് സംഭവിപ്പാൻ പോകുന്നത് എന്താണെന്ന് യേശുവിന് അറിയാമായിരുന്നു” എന്നാണ്.

SOQ:- ഈ സംഭാഷണത്തിൽ നേതൃത്വം വഹിക്കുന്നത് ആര്? ഈ ക്ഷണം മാനവസംസ്കാരവുമായി എങ്ങനെ പൊരുത്തപ്പെടുന്നു? ഇതിലെ അസാധാരണത്വം എന്താണ്?

7. SO:- ഒരാൾ മുകളിലേക്ക് നോക്കുമ്പോൾ, വിശിഷ്യാ അനേകം പേർ അനുഗമിക്കുന്ന ഒരു നേതാവ് മുകളിലേക്ക് നോക്കുമ്പോൾ അനുയായികൾ എല്ലാവരും മുകളിലേക്ക് നോക്കും; നേതാവ് നോക്കുന്നത് എന്താണെന്ന് കാണുവാൻ. അതിന്റെ അർത്ഥം യേശു മാത്രമല്ല സഖായിയെ കണ്ടത് പിന്നെയോ ജനങ്ങൾ എല്ലാവരും സഖായിയെ കണ്ടു എന്നാണ്. സഖായിയെ യേശുവും ജനങ്ങളും കണ്ടുപിടിച്ചതിൽ സഖായിക്ക് ഭയമോ സംഭ്രമമോ ഉണ്ടായില്ല. യഥാർത്ഥത്തിൽ സഖായിക്ക് സന്തോഷമാണുണ്ടായത്.

SOQ:-

- ★ നിങ്ങൾ എപ്പോഴെങ്കിലും ഒരു സംഘം ആളുകളുടെ കൂട്ടത്തിൽ ആയിരുന്നിട്ടുണ്ടോ? അവരിൽ ഒരാൾ മുകളിലേക്ക് നോക്കിയപ്പോൾ മറ്റുള്ളവരും അങ്ങനെ ചെയ്തില്ലേ?
- ★ യേശു അല്ലാതെ മറ്റാരെങ്കിലും സഖായി മരത്തിൽ ഇരിക്കുന്നതായി കണ്ടോ? എങ്ങനെ?
- ★ അങ്ങനെ സംഭ്രമജനകമായ ഒരു സാഹചര്യത്തിൽ ഈ മനുഷ്യൻ പിടിക്കപ്പെട്ടു അങ്ങനെ അല്ലേ?

എല്ലാവരും അയാൾ മരത്തിനുമുകളിൽ ഇരിക്കുന്നത് കണ്ടു! അല്ലേ? ധനികനും പ്രധാനിയുമായ ഒരാളെ മരത്തിനുമുകളിൽ ഇരിക്കുന്നതായി കണ്ടുപിടിക്കപ്പെട്ടാൽ എന്തായിരിക്കും അയാളുടെ സംഭ്രമം?

★ സഖായി വീണ്ടും ഒളിച്ചിരിക്കാനോ ഒഴികഴിവുകൾ പറയുവാനോ ശ്രമിച്ചോ?

★ സഖായിക്ക് എന്ത് അനുഭവപ്പെട്ടു എന്ന് നമുക്ക് കഥയിൽ നിന്ന് മനസ്സിലാകുന്നുണ്ടോ? എന്താണത്?

8. SO:-

★ യേശു വിളിച്ചപ്പോൾ സഖായിക്ക് യേശുവിനെ അനുസരിപ്പാൻ വിസമ്മതം യാതൊന്നും ഉണ്ടായില്ല. അയാൾ തിരക്കുപിടിച്ച് മരത്തിൽ നിന്ന് ഇറങ്ങി വന്നു.

SOQ:-

★ യേശു സഖായിയെ വിളിച്ചപ്പോൾ എങ്ങനെയാണ് പ്രതികരിച്ചത്? താഴേക്ക് ഇറങ്ങി വന്നോ? എങ്ങനെ?

9. SO:-

ജനക്കൂട്ടം സഖായിക്ക് എതിരായി ഒച്ചവച്ചു യേശുവിനെക്കുറിച്ച് ജനങ്ങൾ അടക്കം പറഞ്ഞു പിന്നെ ഉച്ചത്തിൽ ആയി. "യേശു ചുങ്കക്കാരന്റെ കൂടെ വീട്ടിൽ പോയി," അവൻ പാപിയായൊരു മനുഷ്യനോടൊത്ത് ഭക്ഷിക്കുന്നു." എന്ന് അധിക്ഷേപിച്ചു. "കൂടെ.... പോയി" എന്നത് സൂചിപ്പിക്കുന്നത് "യേശു അവിടേക്കു പോകുകയായി "എന്നോ" അവിടേക്ക് പോയിക്കഴിഞ്ഞു" എന്നോ ആകാം. സഖായിയുടെ ഭവനത്തിലേക്ക് യേശു പോകുവാൻ തീരുമാനിച്ചതിനെതിരേ, ജനങ്ങൾ പിറുപിറുത്തു. യേശുവിന്റെ തീരുമാനത്തെ അവർ വിമർശിച്ചു ഈ സംഗതി യേശുവും സഖായിയും എപ്പോഴാണ് അറിഞ്ഞതെന്ന് വ്യക്തമല്ല. എങ്കിലും, സഖായിയുടെ വീട്ടിൽ വച്ച് യേശു സഖായിയുടെ സാന്നിദ്ധ്യത്തിൽ പറഞ്ഞ അഭിപ്രായങ്ങൾ വ്യക്തമാക്കുന്നുണ്ട് യേശുവും സഖായിയും ജനങ്ങളുടെ വിമർശനത്തെക്കുറിച്ച് അറിഞ്ഞിരുന്നെന്ന്. പക്ഷേ, സഖായി ജനങ്ങളുടെ വിമർശനത്തെ അംഗീകരിച്ചില്ല. അവൻ യേശുവിനെ സ്വന്തം ഭവനത്തിലേക്ക് സ്വാഗതം ചെയ്തു.

SOQ:-

★ ജനക്കൂട്ടം സഖായിയെക്കുറിച്ച് പിറുപുറുത്തതിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട് അവർ സഖായിയേക്കാൾ ഉന്നതരാണെന്ന് ചിന്തിക്കുന്നു എന്ന്. ജനക്കൂട്ടത്തിന്റെ പിറുപിറുക്കൽ സഖായിയിൽ എന്തെങ്കിലും സ്വാധീനം ചെലുത്തിയോ?

★ അവരുടെ വിമർശനത്തെ സഖായിക്ക് മറ്റ് ഏത്പ്രകാരം പ്രതികരിക്കാമായിരുന്നു?

★ ജനക്കൂട്ടത്തോട് പ്രതികരിക്കാഞ്ഞതിൽ നിന്ന് സഖായിയെക്കുറിച്ച് നമുക്ക് എന്തെല്ലാം മനസ്സിലാക്കാൻ കഴിയും?

10. SO:- "യേശു പാപിയായ ഒരു മനുഷ്യനോടുകൂടി പാർപ്പാൻപോയി" എന്ന് ജനക്കൂട്ടം വിമർശിച്ചതിൽനിന്ന് "അവർ പാപികളല്ല" എന്ന് അവർ ചിന്തിക്കുന്നെന്ന് വ്യക്തമാകുന്നു.

SOQ:-

★ ജനക്കൂട്ടത്തിൽ ഉള്ളവർ സഖായി വിമർശിച്ചതിൽ നിന്ന് സഖായിയെക്കുറിച്ച് എന്തെങ്കിലും നമുക്ക് കാണിച്ചുതരുന്നുണ്ടോ? ആത്മീകമായി?

★ ജനക്കൂട്ടത്തിന്റെ വിമർശനത്തിന്റെ അടിസ്ഥാനത്തിൽ അവർ സ്വയം വിചാരിച്ചത് എന്താണെന്ന് നമുക്ക് എന്തെങ്കിലും ആശയം കിട്ടുന്നുവോ? ആത്മീകമായി?

11. SO:- ജനക്കൂട്ടത്തിന്റെ പെരുമാറ്റം കണ്ടാൽ തോന്നും അവർ യേശുവിന്റെ അനുഗാമികൾ ആകുന്നു എന്ന്, യേശുവിനെ മുട്ടി ഉരുമ്മിക്കൊണ്ടാണ് അവർ യേശുവിനോടൊപ്പം യാത്ര ചെയ്തത് യേശു ആരോടുകൂടിയാണ് ഭക്ഷിക്കുന്നതെന്നറിവാൻ അവർക്ക് പ്രത്യേക ജിജ്ഞാസയുണ്ടെന്ന് അവരുടെ വിമർശനം സൂചിപ്പിക്കുന്നു. അവരിൽ ഒരാളുടെ വീട്ടിൽ ആയിരിക്കണമായിരുന്നു യേശു അതിഥിയായി വരേണ്ടിയിരുന്നത് എന്ന് അവരുടെ വിമർശനം സൂചിപ്പിക്കുന്നു. യഥാർത്ഥത്തിൽ ആ ജനാവലി യേശുവിനോട് അപമര്യാദയും അപമാനവുമാണ് കാണിച്ചത് യേശു അതിഥിയായി വസിപ്പാൻ സ്വയം തെരഞ്ഞെടുത്ത ഭവനത്തെക്കുറിച്ച് അവർക്ക് അതൃപ്തിയായിരുന്നു. ആ തെരഞ്ഞെടുക്കലിനെ അവർ അംഗീകരിച്ചില്ല. യേശു സഖായിയുടെ ഭവനം സന്ദർശിക്കാനാണ് തീരുമാനിച്ചത്.

SOQ:- ★ കഥയുടെ ആരംഭത്തിൽ ജനാവലിയെക്കുറിച്ച് അവർ യേശുവിന്റെ അനുയായികൾ ആയിരുന്നു എന്ന് ചിന്തിക്കാൻ സഹായകമായ എന്തെങ്കിലും കാണുന്നുണ്ടോ?

★ യേശുവിനെ മുട്ടിയുരുമ്മിക്കൊണ്ടാണ് ജനാവലി സഞ്ചരിച്ചത്. ജനങ്ങളുടെ ശാരീരിക ചലനങ്ങളും, പ്രത്യക്ഷത്തിൽ കാണിക്കുന്ന താല്പര്യങ്ങളും കൊണ്ട് യേശു ആരോടൊപ്പം സമയം ചെലവഴിക്കുമെന്നാണ് അവർ ഉദ്ദേശിച്ചുകൊണ്ടിരിക്കുന്നത്?

★ എന്നാൽ വാസ്തവത്തിൽ, അവർ യേശുവിനോട് എപ്രകാരമുള്ള ആദരവാണ് കാണിച്ചത്?

12. SO:-

കുറ്റം വിധിക്കുന്ന പ്രകൃതക്കാരായ ജനാവലിക്ക് അവരുടേതായ വിശ്വാസങ്ങൾ ഉണ്ടായിരുന്നു. എന്നാൽ യേശുവിനോട് നേരിട്ട് ചോദിക്കുവാൻ അവരിൽ ആർക്കും ധൈര്യമുണ്ടായിരുന്നില്ല. യേശുവിന്റെ അധികാരശക്തിയെക്കുറിച്ച് അവർക്ക് ആർക്കും യാതൊരു ധാരണയും ഉണ്ടായിരുന്നില്ല. അവർ തമ്മിൽത്തമ്മിൽ സംസാരിക്കുന്നത് യേശു ശ്രദ്ധിക്കുകയില്ലെന്നായിരുന്നു അവരുടെ ചിന്ത.

SOQ:-

★ നിങ്ങൾക്കറിയാമോ ജനാവലി എത്രമാത്രം ആശയക്കുഴപ്പത്തിലായെന്ന്? യേശു അവരെ ഒക്കെ വിട്ടിട്ട് പാപിയായ ഒരുവനോടു കൂടെ പാർപ്പാൻ പോയില്ലേ? അവർ എന്താണ് പറഞ്ഞത്?

★ ജനങ്ങൾ യേശുവിനെ യഥാർത്ഥത്തിൽ ബഹുമാനിച്ചുവോ ഇല്ലയോ എന്ന് അവരുടെ പെരുമാറ്റങ്ങളിൽനിന്ന് പ്രകടമാകുന്നില്ലേ? അവർ യഥാർത്ഥത്തിൽ യേശുവിനെ ബഹുമാനിച്ചുവോ?

13. SQ:- ധനികനായ സഖായി തന്റെ വസ്തുവകയിൽ പകുതി ദരിദ്രന്മാർക്കു കൊടുക്കുമെന്ന് തീരുമാനിച്ചതിലൂടെ തന്റെ മനഃസ്ഥിതിയും സഹൃദയത്വവും പ്രകടമാക്കുകയാണ് ചെയ്തത്.

SOQ:-

★ എത്രമാത്രം ഔദാര്യധന്യമായ തീരുമാനമാണ് സഖായി കൈക്കൊണ്ടത്?

★ സഖായിയുടെ തീരുമാനം തന്റെ മാനുഷീകമൂല്യങ്ങളിൽ ഏതെല്ലാമാണ് പ്രകടമാകുന്നത്?

14. SO:-

സഖായി മറ്റൊരു സംഗതി കൂടി പ്രസ്താവിച്ചു താൻ ആരോടെങ്കിലും എന്തെങ്കിലും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ അയാൾക്ക്/അവർക്ക്, നാല് മടങ്ങ് പകരം കൊടുക്കുന്നതാണ് എന്ന്. താൻ നിയമത്തിനു മുമ്പിൽ കുറ്റക്കാരൻ ആണെന്ന് തെളിഞ്ഞാൽ താൻ ചതിവായി വാങ്ങിയിട്ടുള്ളതിന്റെ നാലുമടങ്ങ് തിരിച്ചുകൊടുക്കാമെന്നല്ല സഖായി തീരുമാനം എടുത്തത്. സഖായി ഈ തീരുമാനം എടുത്തത് സ്വമനസ്സാലെ

ആയിരുന്നു. ചിലർ പറഞ്ഞേക്കും. സഖായി ഇപ്പോൾത്തന്നെ ദരിദ്രർക്കുവേണ്ടി തന്റെ പണം നൽകുന്നു ണ്ടല്ലൊ. പക്ഷേ ജനാവലിയുടെ അഭിപ്രായം വ്യത്യസ്തം ആയിരുന്നു.

സഖായി തന്റെ പണത്തിന്റെ പകുതി ദരിദ്രർക്കുവേണ്ടി നൽകുന്ന ആൾ ആണെങ്കിൽ അത് രഹസ്യമായി കൊടുക്കാമായിരുന്നു. അയാൾ ആരോടെങ്കിലും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ അതിന്റെ നാലുമടങ്ങ് കൊടുക്കുന്നതാണെന്ന് വാഗ്ദാനം ചെയ്തത് ജനങ്ങളുടെ ദൃഷ്ടിയിൽ നീതിമാൻ ആയി കാണപ്പെടുന്ന തിന് സഹായകമായി.

നാം ഈ കഥയിൽ നിന്ന് മനസ്സിലാക്കുന്ന സംഗതി ഇതാണ്. കഥയുടെ ഒരു ഭാഗത്ത് സഖായി താൻ ഒരു പാപിയാണെന്ന് മനസ്സിലാക്കുകയും കുറ്റസമ്മതം നടത്തുകയും ചെയ്യുന്നു. പാപിയാണെന്ന് സ്വയം ഏല്ക്കു കമാത്രമല്ല തെറ്റുകൾ തിരുത്തുവാൻ ശ്രമിക്കുകയും ചെയ്തു. ആ വീടിന് അന്ന് രക്ഷ വന്നു എന്ന് യേശു പ്രസ്താവിച്ചു അത് അസാധാരണവും അവിശ്വസനീയവുമായ ഔദാര്യമാണ്.

SOQ:-

- ★ സഖായി നിയമത്തിന്റെ ദൃഷ്ടിയിൽ കുറ്റവാളിയാണ് എന്ന് കണ്ടുപിടിക്കപ്പെട്ടെന്നും, അതിന്റെ ശിക്ഷ യിൽ നിന്ന് രക്ഷപ്പെടുന്നതിനായി നാല് മടങ്ങ് തിരിച്ചുകൊടുക്കാൻ തീരുമാനിച്ചു എന്നും കഥയിൽ പറഞ്ഞിട്ടുണ്ടോ?
- ★ ജനാവലിയുടെ അഭിപ്രായത്തിൽ നിന്ന്, സഖായി അവിശ്വസനീയമാം വിധം വിശ്വസ്ഥനായ കരം പിരിവുകാരൻ ആയിരുന്നുവോ? അതുപോലെ, അയാൾ സ്വന്തം പണം സാധുക്കൾക്കുവേണ്ടി ദാനം കൊടുക്കാറുണ്ടായിരുന്നുവോ?
- ★ സഖായി, നിയമവിരുദ്ധമായി കരം ചുമത്തി ആരിൽ നിന്നെല്ലാം പണം അമിതമായി വാങ്ങിയോ അവരെ ഒക്കെയും കണ്ടു പിടിച്ച് പണം തിരികെ കൊടുക്കുവാൻ എളുപ്പമാണോ? ചെയ്യുവാൻ സൗകര്യപ്പെടുന്ന കാര്യമാണോ?
- ★ യേശുവുമായുള്ള കണ്ടുമുട്ടലിന്റെ ഫലമായി സഖായിയുടെ ജീവിതത്തിൽ മാറ്റങ്ങൾ സംഭവിച്ചുവോ? നിങ്ങൾ ആ സംഗതി എങ്ങനെ മനസ്സിലാക്കുന്നു?

15. SOQ:-

നമുക്ക് ആദ്യം തോന്നിയിട്ടുണ്ടാവും സഖായി യേശുവിൽ നിന്ന് ആത്മീകമായ അംഗീകാരം വാങ്ങാൻ ഉദ്യമിക്കുക ആയിരുന്നു എന്ന്. എന്നാൽ സഖായി രക്ഷയുടെ അനുഭവത്തിലേക്ക് വരുവാൻ കാരണം "ഇന്ന് ഈ വീടിന്ന് രക്ഷ വന്നു എന്ന് പ്രസ്താവിച്ചത് ആയിരുന്നു. സഖായിമാത്രമാണ് സ്വയം കുറ്റം ഏറ്റുപറഞ്ഞ് രക്ഷ നേടിയത്. (സഖായി മാത്രമാണ് അന്നും രക്ഷിക്കപ്പെട്ടത്)"

- ★ കഥയിലുള്ള എത്രപേർക്ക് യേശുവിനെക്കുറിച്ച് താല്പര്യം ഉണ്ടെന്ന് തോന്നുന്നു?
- ★ യേശുവിൽ നിന്ന് ഉപകാരകർമ്മം വാങ്ങാൻ സഖായി ഉദ്ദേശിക്കുന്നുണ്ടായിരുന്നെന്ന് കഥയിൽ നിന്ന് തോന്നുന്നുണ്ടോ?
- ★ സഖായിക്ക് യഥാർത്ഥത്തിൽ അന്ന് ആത്മീകമായ പരിവർത്തനം ഉണ്ടായെന്ന് തെളിയിക്കുന്ന എന്തെങ്കിലും സംഗതി കഥയിൽ കാണാൻ കഴിയുന്നുണ്ടോ?
- ★ യേശു സഖായിയെക്കുറിച്ച് പ്രസ്താവിച്ച സംഗതിയിൽ നിന്ന് സഖായി വിശ്വാസി ആയിത്തീർന്നെന്ന് നമുക്ക് കാണാൻ കഴിയുന്നുണ്ടോ?

- ★ ഈ കഥയിൽ ആരാണ് സ്വയം കുറ്റം ഏറ്റുപറഞ്ഞ് "താൻ ഒരു പാപിയാണെ"ന്ന് പരസ്യസമ്മതം ചെയ്തത്.
- ★ തങ്ങൾ പാപികളാണെന്ന് സമ്മതിക്കാൻ കഴിയാത്തത് ആര്?
- ★ കഥയിലുള്ള എല്ലാംവരിലും വച്ച് രക്ഷിക്കപ്പെട്ടത് ആരായിരുന്നു?
- ★ ഈ കഥയിൽ നിന്ന് നമുക്ക് കണ്ടുപിടിക്കാൻ കഴിയുന്നത് എന്താണ്? യേശുവിന്റെ സമീപത്തേക്ക് വരുവാൻ കഴിയുമായിരുന്നവർ വന്ന് വിശ്വാസികൾ ആയിത്തീരുന്നതും, യേശുവിന്റെ സമീപത്തേക്ക് വരാൻ കഴിയുമായിരുന്നെങ്കിലും വരാതിരിക്കുകയും വിശ്വാസം പ്രാപിക്കാതിരിക്കയും ചെയ്യുന്നതും തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കുമല്ലോ.

16. SO:-

കഥയിൽ യേശു സഖായിയോട് നേരിട്ടു പറയുന്നു. "ഇന്ന് ഈ വീടിന് രക്ഷ വന്നു" എന്ന്, യേശു തുടർന്നു പറയുന്നത് ശ്രദ്ധിക്കുക:"ഇവനും (സഖായിയും) അബ്രാഹാമിന്റെ മകൻ ആകുന്നു", എന്ന്. അതിൽ നിന്ന് നാം എന്ത് മനസ്സിലാക്കുന്നു? സഖായിയെ കൂടാതെ മറ്റ് പലരും അവിടെ സന്നിഹിതരായിരുന്നു. യേശുവിന്റെ പ്രസ്താവനയിൽ നിന്ന് നാം മനസ്സിലാക്കുന്നത് യേശു സഖായിയെ മാനസീകമായും, ആത്മീകമായും പരിവർത്തനം ചെയ്തു എന്നാണ്. അതുപോലെ തന്നെ മറ്റുള്ളവരുടെ മുമ്പിൽ സഖായിയെ യേശു സാമൂഹ്യമായി സംരക്ഷിക്കുകയും ചെയ്തു.

SOQ:-

- ★ കഥയിൽ, സഖായി തന്റെ തെറ്റുകൾ ഏറ്റുപറഞ്ഞ് വിശ്വാസത്തിലേക്ക് വരുന്ന സംഭവത്തിൽ സഖായിയും യേശുവും തമ്മിൽ ഒരു സംഭാഷണത്തിൽ ഏർപ്പെടുന്നതായാണ് നാം കാണുന്നത്. എന്നാൽ, "ഇവനും അബ്രാഹാമിന്റെ മകൻ ആകയാൽ............" എന്ന് യേശു പ്രസ്താവിച്ചതിൽ നിന്ന് മറ്റ് ആളുകളും അവിടെ സന്നിഹിതരായിരുന്നു എന്നും, യേശു അവരോടാണ് ഇപ്രകാരം പ്രസ്താവിച്ചത് എന്നും സൂചന ലഭിക്കുന്നില്ലേ?
- ★ ആദ്യമായി യേശു സഖായിയോടാണ് സംസാരിച്ചത് എന്ന് വ്യക്തമാണ്. എന്നാൽ "ഇവനും...." എന്ന് യേശു പറഞ്ഞപ്പോൾ ആരോടായിരുന്നു സംസാരിച്ചത്?
- ★ യേശു ഏതെങ്കിലും വിധത്തിൽ സഖായിയെ പിന്തുണയ്ക്കുന്നുണ്ടോ?
- ★ സഖായിയെക്കുറിച്ചും, മറ്റുള്ളവരെക്കുറിച്ചും അവരവർ എന്ത് മനസ്സിലാക്കണമെന്നാണ് യേശു ആഗ്രഹിച്ചത്?

17. SO:-

"കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ, മനുഷ്യപുത്രൻ വന്നത്" എന്ന് യേശു തന്റെ ആഗമനത്തെക്കുറിച്ച് പ്രസ്താവിച്ചത് നിസംശയമായും സഖായിയെ ശ്ലാഘിക്കുകയായിരുന്നില്ലേ? യേശു സഖായിക്ക് ബഹുമതി നൽകുകയായിരുന്നു എന്നു മാത്രമല്ല ജനാവലിയുടെ വിമർശനത്തിന് തിരിച്ചടി നൽകുകയുമായിരുന്നു.

SOQ:-

- ★ "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്" എന്ന് യേശു പ്രസ്താവിക്കുന്നതോടെ കഥ അവസാനിക്കുന്നു. യേശുവിന്റെ ആഗമനോദ്ദേശ്യം അതാണെന്ന് യേശു വ്യക്തമാക്കി. യേശുവിന്റെ പ്രസ്താവനയുടെ വിപുലമായ അർത്ഥം എന്താണ്?

★ ജന സഞ്ചയം അവരെക്കുറിച്ചുതന്നെ വിലയിരുത്തുവാൻ യേശു ആഗ്രഹിച്ചു എന്നാണോ ഇതിൽ നിന്ന് മനസ്സിലാകുന്നത്?

★ നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.

18. SO:-

കഥയുടെ ആരംഭത്തിൽ സഖായി യേശുവിനെ അന്വേഷിക്കുക ആയിരുന്നുവെന്ന് വ്യക്തമാകുന്നു. അനന്തരം കഥയുടെ ഒരു ഭാഗം കഴിയുമ്പോഴേക്കും യേശു സഖായിയെ അന്വേഷിക്കുന്നതായി കാണുന്നു. അങ്ങനെ കഥയുടെ രണ്ടാം ഭാഗം സഖായിയെ അന്വേഷിക്കുന്ന യേശുവിന്റെ കഥയായി മാറുന്നു.

SOQ:-

★ കഥയിൽ ഇതപര്യന്തം സഖായി യേശുവിനെ അന്വേഷിക്കുകയായിരുന്നു എന്നാണോ നിങ്ങൾ പറയുന്നത്?

★ ഇത് നമുക്ക് എന്ത് കാണിച്ചുതരുന്നു?

★ എന്നാൽ കഥയുടെ അടുത്ത ഭാഗം പരിശോധിക്കുമ്പോൾ യേശു സഖായിയെ അന്വേഷിക്കുകയാണെന്ന് നിങ്ങൾ പറയുമോ?

★ കഥയുടെ ഏത് ഭാഗത്താണ് നിങ്ങൾ അത് കാണുന്നത്?

★ അവിടെ നാം കാണുന്നത് സഖായി യേശുവിനെ അന്വേഷിക്കുന്നതായോ, യേശു സഖായിയെ അന്വേഷിക്കുന്നതായോ? എന്താണ്?

★ രണ്ടും ശരിയായിരിക്കാൻ സാദ്ധ്യതയുണ്ടോ? നിങ്ങളുടെ ചിന്താഗതി എന്താണ്?

## ഞങ്ങൾ കാണുന്ന ആത്മീകമായ പ്രായോഗികോപയോഗങ്ങൾ:-

അടുത്ത ഘട്ടം ആത്മീകമായ പ്രായോഗികോപയോഗങ്ങൾ തയ്യാറാക്കുക എന്നതാണ്. ഓരോ ആത്മീകോപയോഗവും, ഓരോരോ ആത്മീക നിരീക്ഷണത്തെ അടിസ്ഥാനമാക്കിയാണ് രൂപീകരിക്കേണ്ടത്. ആകയാൽ ഞങ്ങൾ ആത്മീകനിരീക്ഷണങ്ങളെ ഒരിക്കൽ കൂടി അവതരിപ്പിക്കുന്നു. ഓരോ നിരീക്ഷണത്തിനും പിന്നാലേ അതാതിന്റെ ആത്മീകമായ പ്രായോഗീകോപയോഗവും നൽകപ്പെട്ടിരിക്കുന്നു.

ആത്മീക നിരീക്ഷണത്തിലേക്ക് നയിക്കുന്ന ചോദ്യങ്ങൾ രൂപീകരിക്കുന്നതിനാ നാം ചെയ്തതുപോലെ, ആത്മീകമായ പ്രായോഗീകോപയോഗങ്ങൾ കണ്ടെത്തുന്നതിനുള്ള ചോദ്യങ്ങൾ രൂപീകരിക്കുന്നത് എങ്ങനെ എന്ന് ഞങ്ങൾനിങ്ങളെ പഠിപ്പിക്കാം. അവസാനമായി കണ്ടുപിടിക്കാനുള്ളത് പ്രായോഗീകോപയോഗങ്ങൾ ആണല്ലോ. ഈ വിഭാഗത്തിൽ നിങ്ങൾ കാണുന്നത് ഓരോ ആത്മീക നിരീക്ഷണത്തിന്റെയും ആത്മീകമായ പ്രായോഗീകോപയോഗവും, അതിലേക്ക് നയിക്കുന്ന ചോദ്യങ്ങളുമാണ്.

ആവർത്തനവും പുനരാവർത്തനവും ഞങ്ങൾ ഈ ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്, ചോദ്യങ്ങൾ എപ്രകാരം ആത്മീകനിരീക്ഷണങ്ങളിലേക്ക് നയിക്കുന്നു എന്നും, ആത്മീക നിരീക്ഷണങ്ങൾ ആത്മീകമായ പ്രായോഗീകോപയോഗങ്ങളിലേക്ക് ആനയിക്കുന്നു എന്നും ബോദ്ധ്യമാക്കുവാനാണ്. ആത്മീക നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കിയുള്ള ഉചിതമായ ചോദ്യങ്ങൾ പ്രായോഗീകോപയോഗങ്ങൾ കണ്ടെത്തുവാൻ സഹായിക്കുന്നു. പഠിതാക്കളെ ഓരോരോ കണ്ടെത്തലിലേക്ക് നയിക്കുവാൻ പര്യപ്തമായ ചോദ്യങ്ങൾ രൂപ കല്പന ചെയ്യുന്നത് STS ബോധനശൈലിയിലെ വെല്ലുവിളി നിറഞ്ഞ പ്രക്രീയയാകുന്നു.

ചുവടേ ചേർത്തിരിക്കുന്നത് ആത്മീകമായ പ്രായോഗീകോപയോഗങ്ങളുടെ ഒരു പട്ടികയാണ്. അവയിൽ ഓരോന്നും മുകളിൽ കൊടുത്തിട്ടുള്ള ആത്മീക നിരീക്ഷണങ്ങളിൽ അധിഷ്ഠിതമാകുന്നു. ഈ പ്രക്രീയയെ

ലളിതമായി പിന്തുടരുന്നതിന് ആത്മീക നിരീക്ഷണങ്ങളെ വീണ്ടും ഉൾപ്പെടുത്തിയിരിക്കുന്നു. അതിന് "SO" എന്നും, തുടർന്നുള്ള ആത്മീകമായ ഉപയോഗത്തിന് "SA"(Spiritual Application) എന്നും ശീർഷകം നൽകിയിരിക്കുന്നു.

1. SO യേശുവിനോട് താല്പര്യം (ഇഷ്ടം) ഉണ്ടെന്ന് ഭാവിച്ചിരുന്ന ചില മനുഷ്യർ സഖായി യേശുവിന്റെ അടുക്കൽ എത്തുന്നതിനെ തടഞ്ഞു.

   SA. യേശുവിനെ അനുഗമിക്കുന്നവർ എന്ന് അവകാശപ്പെടുന്ന നമ്മൾ യേശുവിനോട് (മതപരമായ കാര്യങ്ങളോട്) കൂടുതൽ അടുത്തായിരിക്കുവാൻ വെമ്പൽ കൊള്ളുന്നതുമൂലം, അശ്രദ്ധകൊണ്ടോ ചിലപ്പോൾ കരുതലില്ലായ്മകൊണ്ടോ, യേശുവിനെ അന്വേഷിക്കുന്ന ചിലരെ യേശുവിൽ നിന്ന് അകറ്റി നിർത്താറുണ്ട്.

2. SO:- സഖായി എന്ന ഈ മനുഷ്യൻ ഉയരത്തിൽ കുറഞ്ഞവൻ ആയിരുന്നു. എന്നാൽ പദവിയിൽ ഉന്നതൻ ആയിരുന്നു. അയാൾ ധനികനായിരുന്നു. കരം പിരിവുകാരിൽ പ്രധാനി-ചുങ്കക്കാരൻ പ്രമാണി - ആയിരുന്നു. യേശുവിനെ കാണുന്നതിന് ജനക്കൂട്ടം തടസ്സമായിരുന്നതിനാൽ മറ്റൊരു മാർഗ്ഗം സ്വീകരിച്ചു.

   SA:- നമ്മൾ യേശുവിനെ അന്വേഷിക്കുവാൻ ആഗ്രഹിക്കുമ്പോൾ നമ്മുടെ അഹങ്കാരത്തെ മാറ്റിയിട്ട്, യേശുവിനെ അന്വേഷിച്ച് കണ്ടെത്തുവാനും, അനുഗമിക്കുവാനുമുള്ള കാര്യങ്ങൾ ചെയ്യണം.

3. SO:- സ്ഥാനമഹിമയുള്ള ഈ മനുഷ്യൻ ജനക്കൂട്ടത്തിൽ മുന്നോട്ട് ഓടുന്നതും, കാട്ടത്തിമരത്തിൽ തത്തിപ്പിടിച്ച് കയറുന്നതും കാണുന്ന ജനാവലി, തന്നെ കളിയാക്കുമെന്ന് സഖായി ശങ്കിച്ചതേയില്ല. മരത്തിൽ പിടിച്ചു കയറുന്നതിൽ നിന്ന് പിന്തിരിയുവാൻ സഖായി ചിന്തിച്ചതേയില്ല.

   SA:- നമ്മുടെ അഹംഭാവമോ, മറ്റുള്ളവർ നമ്മെക്കുറിച്ച് എന്തുപറയും എന്ന ആശങ്കയോ നമ്മെ, യേശുവിനെക്കുറിച്ച് അറിയുന്നതിൽ നിന്ന് അകറ്റുവാൻ കാരണമാകരുത്. നമുക്ക് ചെയ്യുവാനുള്ള കാര്യങ്ങൾ മറ്റുള്ളവരുടെ നോട്ടത്തിൽ വിഡ്ഢിത്തമാണെന്ന് തോന്നിയാലും അല്ലെങ്കിൽ നമ്മുടെ സാമൂഹ്യപദവിക്ക് നിരക്കാത്തതാണെങ്കിലും, നമ്മൾ അത് ചെയ്യുക തന്നെ വേണം.

4. SO:- തിക്കിത്തിരക്കിക്കൊണ്ടിരിക്കുകയും, യേശുവിനുചുറ്റും തടിച്ചു കൂടുകയും ചെയ്യുന്ന ജനക്കൂട്ടത്തിന് ഇടയിൽ കൂടി യേശു നടന്നു പോകുന്നത് നാം കണ്ടതാണല്ലോ. എന്നിട്ടും യേശു അവരെ എല്ലാം മറികടന്ന് ഒരു മനുഷ്യനെ നോക്കുന്നതിനായി അകലേക്ക് നടന്നു ചെന്നു. ആ മനുഷ്യനെ നോക്കി അയാളോ ഒരു മരത്തിന് മുകളിലുമായിരുന്നു.

   SA:- അന്ന്, അനേകം ആളുകൾ ദൈവപ്രീതിനേടുവാൻ ഉദ്യമിച്ചു അവർക്ക് യേശുവിനോട് താല്പര്യമുണ്ടെന്ന് തോന്നിയിരുന്നു. എന്നാൽ, യേശു അവരെ എല്ലാം വിട്ടിട്ട് ഒരേ ഒരാളിനെ മാത്രം തെരഞ്ഞെടുത്തു. ഭൂലോകത്തിലുള്ള മനുഷ്യരിൽ ഭൂരിഭാഗവും ദൈവീക കാര്യങ്ങളിൽ (ദൈവത്തിൽ) താല്പര്യമുള്ളവർ ആണെന്ന് അഭിനയിക്കുന്നു. എന്നാൽ അവരിൽ പലരും ആത്മാർത്ഥതയുള്ളവർ അല്ല. ദൈവത്തിന് നമ്മുടെ ഹൃദയങ്ങളെ അറിയാം. നമ്മൾ യഥാർത്ഥത്തിൽ ദൈവത്തെ അന്വേഷിക്കുന്നുണ്ടോ എന്നും അറിയാവുന്നതാണ്.

5. SO:- യേശു സഖായിയെ പേരു ചൊല്ലി വിളിച്ചു. യേശുവിന് അയാളോടുള്ള വ്യക്തിപരമായ താല്പര്യത്തിന് അതു തെളിവാണ്.

   SA:- നമ്മൾ ഇവിടെ, വ്യക്തിപരമായി താല്പര്യമുള്ള ഒരു ദൈവത്തെ കാണുന്നു; നമ്മെ പേരു ചൊല്ലി വിളിക്കുന്ന ദൈവത്തെ. നമ്മൾ എവിടെയാണെന്ന് ആ ദൈവം അറിയുന്നു; തന്നെ അന്വേഷിക്കുന്നവ

രോട് കരുണയുള്ള ദൈവം. നമ്മുടെ പേരിലൂടെ ദൈവം നമ്മെ അറിയുന്നു എങ്കിൽ അത് നമുക്ക് ആശ്വാസം പ്രദാനം ചെയ്യുന്നതാകുന്നു. സഖായിക്ക് യേശുവിനെ കാണണമെന്നുള്ള അഭിലാഷം ഉണ്ടായിരുന്നു. അതുകൊണ്ട് യേശു അവനെ പേരു ചൊല്ലി വിളിച്ചപ്പോൾ സഖായി സന്തോഷവാനായി അനുസരിച്ചു വേഗത്തിൽ ഇറങ്ങിച്ചെന്ന് യേശുവിനെ കണ്ടു, ധന്യനായി.

6. SO:- യേശു സ്വയം സഖായിയുടെ വീട്ടിലേക്ക് ക്ഷണിച്ചു എല്ലാ മാനവസംസ്കാരത്തിലും അതീതമായിരുന്നു ആസംസ്കാരം. അതു വ്യക്തമാക്കുന്നത് "അടുത്ത് സംഭവിപ്പാൻ പോകുന്നത് എന്താണെന്ന് യേശുവിന് അറിയാമായിരുന്നു" എന്നാണ്.

SA:- നമ്മൾ ഈ കഥയിൽ കാണുന്നത് വ്യക്തിപരമായി നമ്മെ അറിയുന്ന ദൈവത്തെയാണ്. നമ്മൾ എവിടെയാണെന്നും നമ്മുടെ പേര് എന്താണെന്നും അറിയുന്ന ദൈവത്തെ. ദൈവത്തെ അന്വേഷിക്കുന്നവരോട് ദൈവം കരുണാമയനാണെന്ന് നാം അറിയുന്നതുകൊണ്ട് നമ്മെ അവൻ പേരു ചൊല്ലിവിളിക്കണമെന്ന് ആഗ്രഹിക്കുന്നു. അത് നമുക്ക് ആശ്വാസദായകമാണ്. സഖായിക്ക് യേശുവിനെ കാണണമെന്ന് വലിയ അഭിലാഷമുണ്ടായിരുന്നു. ആകയാൽ, യേശു സഖായിയെ പേരു ചൊല്ലി വിളിച്ചപ്പോൾ സഖായി അതിയായി സന്തോഷിച്ചു.

7. SO:- അനേകം പേര് അനുഗമിച്ചുകൊണ്ടിരിക്കുന്ന ഒരു നേതാവ് മുകളിലേക്ക് നോക്കുമ്പോൾ, അനുയായികൾ എല്ലാവരും മുകളിലേക്ക് നോക്കുന്നതാണ്, നേതാവ് നോക്കുന്നത് എന്താണെന്ന് കാണുന്നതിന് വേണ്ടിയാണ് അവർ നോക്കുന്നത്. അതിന്റെ അർത്ഥം, ഈ കഥയിലെ സംഭവത്തിൽ യേശു മാത്രമല്ല സഖായിയെ കണ്ടത്, പിന്നെയോ ജനങ്ങൾ എല്ലാവരും സഖായിയെ കണ്ടു എന്നാണ്. സഖായിയെ യേശുവും ജനങ്ങളും കണ്ടുപിടിച്ചതിൽ സഖായിക്ക് സംഭ്രമമോ ഭയമോ ഉണ്ടായില്ല. യഥാർത്ഥത്തിൽ സഖായിക്ക് സന്തോഷമാണ് ഉണ്ടായത്.

SA:- നമ്മെ അവിശ്വാസികൾ നോക്കുമ്പോൾ, അതായത് ദൈവ വിശ്വാസികൾ എന്ന് അവകാശപ്പെടുന്ന അവിശ്വസ്ഥരായ ആളുകൾ നോക്കുമ്പോൾ, അവർ നമ്മെ നിസാരന്മാരെന്ന് ചിന്തിച്ചേക്കും. നമ്മൾ ദൈവത്തെക്കുറിച്ച് അന്വേഷിക്കുന്നതുകൊണ്ട് അവർ നമ്മെ സ്വാധീനിക്കാൻ അനുവദിക്കരുത്. നമ്മുടെ ദൈവത്തിന് നമ്മോട് താല്പര്യമുണ്ടെന്ന് ബോദ്ധ്യമുള്ളതുകൊണ്ട് നാം സന്തോഷമുള്ളവരായി മറ്റുള്ളവരെ അഭിമുഖീകരിക്കണം.

8. SO:- യേശു സഖായിയെ വിളിച്ചപ്പോൾ സഖായിക്ക് യേശുവിനെ അനുസരിപ്പാൻ വിസമ്മതം യാതൊന്നുമില്ലായിരുന്നു. അയാൾ തിരക്കുപിടിച്ച് മരത്തിൽ നിന്ന് ഇറങ്ങി വന്നു.

SA:- ഏതെങ്കിലും സമയത്ത് ദൈവം നമ്മെ എന്തെങ്കിലും പ്രവൃത്തി ചെയ്യുവാൻ വിളിച്ചാൽ നമ്മൾ അനുകൂലമായി പ്രതികരിക്കണം. ദൈവം നിർദ്ദേശിക്കുന്നതുപോലെ പ്രവർത്തിക്കണം. അനുസരിക്കുവാൻ താമസിക്കുന്നത് അനുസരണക്കേടിന് സമമാണ്.

9. SO:- ജനക്കൂട്ടം സഖായിക്ക് എതിരായി ഒച്ചവച്ചു. യേശുവിനെക്കുറിച്ച് ജനങ്ങൾ അടക്കം പറഞ്ഞു "യേശു ചുങ്കക്കാരന്റെ കൂടെ വീട്ടിൽ പോയി, അവൻ പാപിയായൊരു മനുഷ്യനോടൊത്തു ഭക്ഷിക്കുന്നു" എന്ന് അധിക്ഷേപിച്ചു. "കൂടെ..... പോയി" എന്നത് സൂചിപ്പിക്കുന്നുത് "യേശു അവിടേക്ക് പോകുകയായി" "എന്നോ,... പോയിക്കഴിഞ്ഞു" എന്നോ ആകാം. സഖായിയുടെ ഭവനത്തിലേക്ക് യേശു പോകുവാൻ തീരുമാനിച്ചതിനെ ജനാവലി വിമർശിച്ച വിവരം സഖായിയും യേശുവും എപ്പോഴാണ് അറിഞ്ഞതെന്ന് വ്യക്തമല്ല. എന്നാൽ കഥയുടെ അടുത്ത ഭാഗത്ത് യേശു സഖായിയുടെ ഭവനത്തിൽ വച്ച്, സഖായിയുടെ സാന്നിദ്ധ്യത്തിൽ പറഞ്ഞ സംഗതികൾ വ്യക്തമാക്കുന്നത് സഖായിയും യേശുവും ജനങ്ങളുടെ വിമർശനം

അറിഞ്ഞിരുന്നു എന്നാണ്. പക്ഷേ ജനങ്ങളുടെ വിമർശനത്തിന് സഖായിയുടെ തീരുമാനത്തെ മാറ്റുവാൻ സാദ്ധ്യമായില്ല. അവൻ യേശുവിന്റെ സ്വഭവനത്തിലേക്ക് സ്വാഗതം ചെയ്തു.

SA:- ഏതുകാര്യവും നമുക്ക് ആരംഭിക്കാൻ കഴിയും. എന്നാൽ അതിനെ നിലനിർത്തുക എന്നത് ഒരു വെല്ലുവിളിയാണ്. ചുറ്റുപാടും വിമർശനം ഉണ്ടായേക്കും. മതപരമായ പശ്ചാത്തലം ഉള്ള ജനാവലിയിൽ നിന്നും വിമർശനം ഉണ്ടായേക്കും.

10. SO:- "യേശു പാപിയായ ഒരു മനുഷ്യന്റെ കൂടെ പാർപ്പാൻ പോയി" എന്ന് ജനക്കൂട്ടം വിമർശിച്ചതിൽ നിന്ന്, "അവർ പാപികളല്ല" എന്ന് അവർ ചിന്തിക്കുന്നെന്ന് വ്യക്തമാകുന്നു.

SA:- സ്വന്തം അധരങ്ങൾ കൊണ്ടു തന്നെ അഹംഭാവികളായ മനുഷ്യർ സ്വയം നിന്ദിക്കുന്നു. "തങ്ങൾക്ക് പാപമില്ല എന്ന് പറഞ്ഞുകൊണ്ട് അവരുടെ പാപത്തെ അവർ സമ്മതിക്കുന്നില്ല."

11. SO:- ജനക്കൂട്ടത്തിന്റെ പെരുമാറ്റം കണ്ടാൽ തോന്നും അവർ യേശുവിന്റെ അനുയായികൾ ആണെന്ന് യേശുവിനെ മുട്ടിയുരുമ്മിക്കൊണ്ടാണ് അവർ യേശുവിനോടൊപ്പം നടക്കുന്നത്. യേശു ആരുടെ വീട്ടിൽ പാർക്കുമെന്ന് അറിവാൻ അവർക്കു ജിജ്ഞാസ ഉണ്ടായിരുന്നു എന്ന് അവരുടെ വിമർശനം സൂചിപ്പിക്കുന്നു. അവരിൽ ഒരാളുടെ വീട്ടിൽ വേണമായിരുന്നു യേശു അതിഥിയായിരിക്കേണ്ടിയിരുന്നതെന്ന് അവരുടെ വിമർശനം സൂചിപ്പിക്കുന്നു. യഥാർത്ഥത്തിൽ ആ ജനാവലി യേശുവിനോട് അപമര്യാദയാണ് കാണിച്ചത്. യേശു വസിപ്പാൻ തെരഞ്ഞെടുത്ത ഭവനം അവർ ഇഷ്ടപ്പെട്ടില്ല. ആ തെരഞ്ഞെടുക്കൽ ജനം അംഗീകരിച്ചില്ല. പക്ഷേ, യേശു സഖായിയുടെ ഭവനമാണ് പാർക്കാൻ തെരഞ്ഞെടുത്തത്.

SA:- എല്ലാവരും യേശുവിന്റെ അനുയായികളാണെന്ന് പറയുമെങ്കിലും അവർക്ക് യേശുവിനെ യഥാർത്ഥത്തിൽ അറിഞ്ഞുകൂടാ. യോഗ്യമായി ബഹുമാനിക്കുന്നില്ല. അവന്റെ തീരുമാനങ്ങളെ അവർ മാനിക്കുന്നുമില്ല. എല്ലാ മതവിശ്വാസികളും ദൈവത്തെ ആദരിക്കുന്നില്ല.

12. SO:- കുറ്റം വിധിക്കുന്നവരായ ജനാവലിക്ക് അവരുടെ വിശ്വാസങ്ങൾ മാത്രം ശരിയെന്ന ധാരണയായിരുന്നു. യേശുവിനോട് നേരിട്ട് ചോദ്യം ചോദിക്കുവാൻ അവർക്ക് ധൈര്യമില്ലായിരുന്നു. യേശുവിന്റെ അധികാര ശക്തിയെക്കുറിച്ച് അവർക്ക് ആർക്കും യാതൊരു ധാരണയുണുണ്ടായിരുന്നില്ല. അവർ തമ്മിൽ തമ്മിൽ സംസാരിക്കുന്നത് യേശു കേൾക്കുകയില്ലെന്ന് അവർ ചിന്തിച്ചു.

SA:- ജനാവലിയുടെ പെരുമാറ്റം ഇന്നത്തെ ജനങ്ങളുടെ പെരുമാറ്റം പോലെയായിരുന്നു. ദൈവത്തിന് കേൾക്കാൻ കഴിയുകയില്ലെന്ന് അവർ ചിന്തിക്കുന്നു. അവർ പിറുപിറുക്കാൻ തുടങ്ങി. അവർ ഇരുട്ടത്ത് ചെയ്യുന്ന കാര്യങ്ങൾ ദൈവം കാണുകയില്ലെന്ന് വിചാരിക്കുന്നു. അവർ ഒളിയിടങ്ങളിൽ കുറ്റകൃത്യങ്ങൽ ചെയ്യുന്നു.

13. SO:- ധനികനായ സഖായി തന്റെ വസ്തുവകയിൽ പകുതി ദരിദ്രന്മാർക്കു കൊടുക്കുമെന്ന് തീരുമാനിച്ചതിലൂടെ തന്റെ മനഃസ്ഥിതിയും സഹൃദയത്വവും പ്രകടമാക്കുകയാണ് ചെയ്തത്.

SA:- യേശുവുമായി ആത്മാർത്ഥതയോടെ കണ്ടുമുട്ടുന്നതിലൂടെ ഏതൊരു വ്യക്തിയിലും മാനസീകവും ആത്മീകവുമായ മാറ്റങ്ങൾ സംഭവിക്കുന്നു; വിശ്വവീക്ഷണം മാറുന്നു, മാനുഷീകമൂല്യങ്ങൾ മാറുന്നു.

14. SO:- "ആരോടെങ്കിലും എന്തെങ്കിലും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാല് മടങ്ങ് മടക്കി കൊടുക്കുന്നുണ്ട്" എന്ന് സഖായി പറഞ്ഞു നിയമത്തിനുമുമ്പിൽ താൻ കുറ്റക്കാരനാണെന്ന് തെളിഞ്ഞാൽ താൻ ചതിവായി വാങ്ങിയിട്ടുള്ളതിന്റെ നാല് മടങ്ങ് തിരിച്ച് കൊടുക്കാമെന്നല്ല സഖായി പറഞ്ഞത്. സ്വമനസ്സാലെയാണ് തീരുമാനം കൈക്കൊണ്ടത്. ചിലർ പറഞ്ഞേക്കും സഖായി ഇപ്പോൾത്തന്നെ ദരിദ്രർക്കുവേണ്ടി

തന്റെ പണം നൽകുന്നുണ്ടല്ലോ എന്ന്. എന്നാൽ പൊതു ജനങ്ങളുടെ അഭിപ്രായം തികച്ചും വിഭിന്നമായിരുന്നു.

ചുങ്കക്കാരനായ സഖായി തന്റെ ധനത്തിന്റെ പകുതി ദരിദ്രർക്കുവേണ്ടി കൊടുക്കുന്നുണ്ടെങ്കിൽ അത് രഹസ്യമായിട്ടാകും ചെയ്തിരുന്നത്. എന്നാൽ, താൻ എന്തെങ്കിലും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ അത് നാല് മടങ്ങായി മടക്കിക്കൊടുക്കും എന്ന് സഖായി തീരുമാനിച്ചതിൽ നിന്നും താൻ ഒരു നീതിമാൻ ആണെന്ന് പൊതു ജനമദ്ധ്യേ തെളിയുകയാണുണ്ടായത്.

ഈ കഥയിൽ നിന്ന് നാം മനസ്സിലാക്കുന്ന സംഗതി ഇതാണ്. സഖായി ഒരു പാപിയാണെന്ന് മനസ്സിലാക്കുകയും കുറ്റസമ്മതം നടത്തുകയും ചെയ്യുന്നു. പാപിയാണെന്ന് സ്വയം സമ്മതിക്കുക മാത്രമല്ല തെറ്റുകൾ തിരുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്നു. സഖായിയുടെ ഭവനത്തിന് അന്ന് രക്ഷ വന്നു എന്ന് യേശു പ്രസ്താവിച്ചു സഖായി താനും അവിശ്വസനീയമായ ഔദാര്യം പ്രകടമാക്കുകയും ചെയ്തു.

SA:- സഖായി ധനികനായ മനുഷ്യൻ ആയിരുന്നു. ചുങ്കക്കാരിൽ പ്രമാണിയായിരുന്നു. അയാളുടെ ദുരാഗ്രഹരീതികൾക്ക് മാറ്റം വന്നു അവൻ സത്യസന്ധനും, ഔദാര്യവാനും ആയിത്തീർന്നു. പ്രമാണിയായ ഈ ചുങ്കക്കാരൻ സ്വയം താഴ്മയുള്ളവനായിത്തീർന്നു. ആരോടെല്ലാം താൻ ചതിവു ചെയ്തോ, ആരോടെല്ലാം അമിതമായി കരം പിരിച്ചുവോ അവരോടെല്ലാം താൻ മാപ്പു ചോദിക്കാമെന്ന് തീരുമാനിച്ചു മാത്രമല്ല, നാലു മടങ്ങ് മടക്കിക്കൊടുക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. നമ്മൾ യേശുവിങ്കലുള്ള വിശ്വാസത്തിലേക്ക് വരുമ്പോൾ നമ്മുടെ പാപങ്ങളെ ഏറ്റുപറയുകയും, താഴ്മയുള്ള തെറ്റുകളെ തിരുത്തുകയും മുമ്പ് ചെയ്തുപോയ പിഴകളെ പരിഹരിക്കുകയും ചെയ്യണം.

15. SO:- നമുക്ക് ആദ്യം തോന്നിയിട്ടുണ്ടാകും സഖായി യേശുവിൽ നിന്ന് ആത്മീകമായ അംഗീകാരം വാങ്ങാൻ ശ്രമിക്കുക ആയിരുന്നു എന്ന്. എന്നാൽ, സഖായി രക്ഷയുടെ അനുഭവത്തിലേക്ക് വന്നത് “ഇന്ന് ഈ വീട്ടിന് രക്ഷ വന്നു” എന്ന് യേശു പ്രസ്താവിച്ചപ്പോൾ സഖായി മാത്രമാണ് സ്വയം പാപ ബോധമുള്ളവനായിട്ട് “ഞാൻ പാപിയാണ്” എന്നു ഏറ്റു പറഞ്ഞത്. ആ കഥയിൽ സഖായി മാത്രമാണ് രക്ഷയുടെ അനുഭവത്തിലേക്ക് വന്നത്.

SA:- “പാപിയാണെ”ന്ന് സ്വയം സമ്മതിക്കാത്തയാതൊരാൾക്കും രക്ഷ ലഭ്യമാകയില്ല.

16. SO:- കഥയിൽ, യേശു സഖായിയോട് നേരിട്ടു പറയുന്നു: “ഇന്ന് ഈ വീടിന് രക്ഷ വന്നു.” യേശു തുടർന്നു പറയുന്നു. “ഇവനും (സഖായിയും) അബ്രാഹാമ്മിന്റെ മകൻ ആകുന്നു.” അതിൽ നിന്ന് നാം എന്തു മനസ്സിലാക്കുന്നു? സഖായിയെ കൂടാതെ മറ്റു പലരും അവിടെ ഉണ്ടായിരുന്നു അവരോടാണ് യേശു അപ്രകാരം പ്രസ്താവിച്ചത്. യേശു സഖായിയെ മാനസീകമായും, ആത്മീകമായും പരിവർത്തനം ചെയ്തിരിക്കുന്നു എന്നും യേശുവിന്റെ പ്രസ്താവന വ്യക്തമാക്കുന്നു. മറ്റുള്ളവരുടെ മുമ്പിൽ യേശു സഖായിയെ സാമൂഹികമായി സംരക്ഷിച്ചു.

SA:- യേശു സഖായിയോടൊപ്പം സഞ്ചരിക്കുകയും, സംസാരിക്കുകയും പ്രവർത്തനനിരതനാകുകയും ചെയ്തു. സഖായി വിശ്വാസത്തോടെ യേശുവിങ്കലേക്ക് തിരിഞ്ഞു ഇതെല്ലാം നാം കഥയിൽ കാണുകയുണ്ടായി. അപ്പോഴൊക്കെയും വിമർശകരായ ജനങ്ങൾ ഇതെല്ലാം കണ്ടുകൊണ്ട് ആ സ്ഥലത്തുതന്നെ ഉണ്ടായിരുന്നു, സ്വയനീതികരണത്തിന്റെ അഹന്തയിൽ പൊങ്ങച്ചം ഭാവിച്ചു നില്ക്കുന്ന ജനങ്ങൾക്ക് ചിന്തിക്കാൻ അവസരം നൽകിക്കൊണ്ട്, അവർ തങ്ങളെത്തന്നെ പരിശോധിച്ച് നോക്കുന്നതിനും, സഖായിക്ക് ദൈവത്തിന്റെ അംഗീകാരം കിട്ടിയിരിക്കുന്നത് മനസ്സിലാക്കുവാനും വേണ്ടി. ഇന്നും അപ്രകാരം സ്വയന്യായീകരണം ചെയ്യുന്ന മനുഷ്യർ ധാരാളമുണ്ട്. അവൻ മറ്റുള്ളവരെ കുറ്റം വിധിക്കുന്നു. യേശുവിനെ പിന്തു

ടരുമ്പോൾ തങ്ങളുടെ ജീവിതത്തിന് മാറ്റം സംഭവിക്കുന്ന ജനങ്ങളെ കാണുന്നത് അവർക്ക് കണ്ണിൽ കരട് വീണതിന് സമമായിരിക്കും.

17. SO:- യേശുവിന്റെ ആഗമനം “കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാൻ......” എന്ന് യേശു പ്രസ്താവിച്ചതിൽ നിന്നും സഖായിക്ക് ആ സമൂഹത്തിൽ മാന്യത ഉണ്ടായി. അവിടെ വിമർശകരായി തടിച്ചുകൂടിയ ജനാവലി നിശ്ശേഷ്ടരാകുന്നതിന് ഈ പ്രസ്താവന ഉപയുക്തമായി.

    SA:- നമുക്ക് ദൈവത്തിന്റെ അംഗീകാരം ലഭിക്കാൻ നാം ആഗ്രഹിക്കുന്നു എങ്കിൽ നമ്മുടെ നിസ്സഹായാവസ്ഥയെയും, പാപാവസ്ഥയെയും സ്വയം അംഗീകരിക്കണം, സ്വയം സമ്മതിക്കുകയും ഏറ്റുപറയുകയും ചെയ്യണം. അതുമാത്രവുമല്ല ദൈവത്തിന് നമ്മെ രക്ഷിക്കുവാനുള്ള സാഹചര്യം നൽകണം. ദൈവം നമ്മെ രക്ഷിക്കുവാൻ നമ്മെ വിധേയപ്പെടുത്തണം.

18. SO:- കഥയുടെ ആരംഭത്തിൽ, സഖായി യേശുവിനെ അന്വേഷിക്കുകയായിരുന്നു. കഥയുടെ ഒരു ഭാഗം കഴിയുമ്പോഴേക്കും യേശു സഖായിയെ അന്വേഷിക്കുന്നതായി നാം കാണുന്നു. അങ്ങനെ കഥയുടെ രണ്ടാം ഭാഗം സഖായിയെ അന്വേഷിക്കുന്ന യേശുവിന്റെ കഥ ആയിരുന്നു.

    SA:- കഥയുടെ ആദ്യഭാഗത്ത് സഖായി യേശുവിനെ അന്വേഷിക്കുന്നതായും, പിന്നീട് യേശു സഖായിയെ അന്വേഷിക്കുന്നതായും കണ്ടു അത് രണ്ടും സത്യം തന്നെ. നമ്മൾ ദൈവത്തെ അന്വേഷിക്കുനനതുപോലെ തന്നെ, ദൈവം നമ്മെയും അന്വേഷിക്കുന്നുണ്ട് എന്ന് അറിഞ്ഞിരിക്കണം.

**ആത്മീകമായ പ്രായോഗീകോപയോഗങ്ങളുടെ ചോദ്യങ്ങൾ തയ്യാറാക്കുന്നവിധം**

അവസാനമായി, ഞങ്ങൾ തയ്യാറാക്കിയിരിക്കുന്ന ആത്മീക പ്രായോഗീകോപയോഗചോദ്യങ്ങൾ നിങ്ങൾ ശ്രദ്ധിക്കുക. ആത്മീകമായ പ്രായോഗീകോപയോഗങ്ങളിലേക്ക് അവ നിങ്ങളെ എങ്ങനെ ആനയിക്കുമെന്ന് ശ്രദ്ധിക്കുക. ആത്മീകമായ നിരീക്ഷണങ്ങളും, ആത്മീകമായ പ്രായോഗീകോപയോഗങ്ങളുടെ അടിസ്ഥാനത്തിലാണ് അതിന്റെ ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. ആത്മീകമായ പ്രായോഗീകോപയോഗങ്ങളുടെ ചോദ്യങ്ങളെ "SAQ'' (Spiritual application questions) എന്ന ചുരുക്കെഴുത്തിൽ രേഖപ്പെടുത്തുന്നു.

1. SO:- യേശുവിനോട് ഇഷ്ടമുണ്ടെന്ന് ഭാവിച്ചിരുന്ന ചില മനുഷ്യർ, സഖായി യേശുവിന്റെ അടുക്കൽ എത്തുന്നതിനെ തടഞ്ഞു.

    SA:- യേശുവിനെ അനുഗമിക്കുന്നവർ എന്ന് അവകാശപ്പെടുന്ന നമ്മൾ യേശുവിനോട് (മതപരമായ കാര്യങ്ങളോട്) കൂടതൽ അടുത്തായിരിക്കുവാൻ വെമ്പൽക്കൊള്ളുന്നത് മൂലം, അശ്രദ്ധകൊണ്ടോ, കരുതലില്ലായ്മകൊണ്ടോ യേശുവിനെ അന്വേഷിക്കുന്ന ചിലരെ യേശുവിൽ നിന്ന് അകറ്റി നിറുത്താറുണ്ട്.

    SAQ:-

    ★ മതതീക്ഷ്ണതയുള്ളവർ എന്ന് അവകാശപ്പെടുന്നവർ ദൈവത്തെ ആത്മാർത്ഥമായി അന്വേഷിക്കുന്നവർക്കു തടസ്സമായി നില്ക്കുന്നത് ശരിയാണോ?

    ★ അത് എങ്ങനെ ഒക്കെയാണ് സംഭവിക്കുന്നത്?

2. SO:- സഖായി എന്ന ഈ മനുഷ്യൻ പൊക്കം കുറഞ്ഞവൻ ആയിരുന്നു. എന്നാൽ പദവിയിൽ ഉന്നതൻ ആയിരുന്നു. അയാൾ ധനികൻ ആയിരുന്നു. കരംപിരിവുകാരിൽ പ്രമാണി -ചുങ്കക്കാരൻ പ്രമാണി-ആയിരുന്നു. യേശുവിനെ കാണുന്നതിന് ജനക്കൂട്ടം തടസ്സമായിരുന്നതിനാൽ മറ്റൊരു മാർഗ്ഗം സ്വീകരിച്ചു.

    SA:- യേശുവിനെ അനുഗമിക്കുന്നവർ എന്ന് അവകാശപ്പെടുന്ന നമ്മൾ യേശുവിനെ അന്വേഷിക്കുവാൻ

ആഗ്രഹിക്കുന്ന സമയത്ത് നമ്മുടെ അഹങ്കാരത്തെ മാറ്റിവച്ചിട്ട് യേശുവിനെ അന്വേഷിച്ച് കണ്ടെത്തുവാനും, അനുഗമിക്കുവാനുമുള്ള കാര്യങ്ങൾ ചെയ്യണം.

SAQ:-

★ സഖായിപ്പോലെ അഹംഭാവം മാറ്റിവച്ചിട്ട് യേശുവിന്റെ അടുത്തേക്കു ചെല്ലുവാൻ ഇന്നും അവസരങ്ങൾ ഉണ്ടാകുമോ? അതിന് സന്നദ്ധത ഉള്ളവർ ഉണ്ടാകുമോ?

★ ആ സമയം എപ്പോഴാണ് ഉണ്ടാകുക?

★ നിങ്ങളോ നിങ്ങൾക്ക് പരിചയമുള്ള ആരെങ്കിലുമോ ഇപ്രകാരം ചെയ്തിട്ടുള്ളതായി നിങ്ങൾക്ക് പറയുവാൻ കഴിയുമോ?

3. SO:- സ്ഥാനമഹിമയുള്ള ഈ മനുഷ്യൻ ജനക്കൂട്ടത്തിൽമുമ്പോട്ട് ഓടുന്നതും, കാട്ടത്തിമരത്തിൽ തത്തിപ്പിടിച്ച് കയറുന്നതും കാനുന്ന ജനാവലി, തന്നെ കളിയാക്കുമെന്ന് സഖായി ശങ്കിച്ചതേയില്ല. മരത്തിൽ പിടിച്ച് കയറുന്നതിൽ നിന്ന് പിന്തിരിയുവാൻ സഖായി ചിന്തിച്ചതേയില്ല.

SA:- നമ്മുടെ അഹംഭാവമോ, മറ്റുള്ളവർ നമ്മെക്കുറിച്ച് എന്തു പറയും എന്ന ആശങ്കയോ നമ്മെ യേശുവിനെക്കുറിച്ച് അറിയുന്നതിൽ നിന്ന് അകറ്റുവാൻ കാരണമാകരുത്. നമുക്ക് ചെയ്യുവാനുള്ള കാര്യങ്ങൾ മറ്റുള്ളവരുടെ നോട്ടത്തിൽ വിഡ്ഢിത്തമാണെന്ന് തോന്നിയാലും, അല്ലെങ്കിൽ നമ്മുടെ സാമൂഹ്യ പദവിക്ക് നിരക്കാത്തതാണെങ്കിലും നമ്മൾ അത് ചെയ്യുക തന്നെ വേണം.

SAQ:-

★ ദൈവത്തെ അന്വേഷിക്കുന്നവരെ മറ്റാളുകൾ പരിഹസിക്കുന്ന അനുഭവങ്ങൾ ഇപ്പോഴും ഉണ്ടാകാറുണ്ടോ?

★ പരിഹാസം ഉണ്ടാകുന്നത് എങ്ങനെയാണ് സഹിക്കുക?

★ കർത്താവിനെ പിന്തുടരുന്നതിന് ആരെങ്കിലും നിങ്ങളെയോ നിങ്ങൾക്ക് പരിചയമുള്ള ആരെ എങ്കിലുമോ കളിയാക്കിയിട്ടുണ്ടോ? അല്ലെങ്കിൽ, കർത്താവിനെക്കുറിച്ച് കൂടുതൽ അറിയുവാനുള്ള നിങ്ങളുടെ പരിശ്രമത്തിൽ നിങ്ങൾക്ക് എന്തെങ്കിലും നിന്ദകൾ സഹിക്കേണ്ടി വന്നിട്ടുണ്ടോ?

★ പരിഹാസങ്ങളെ ഒഴിവാക്കാൻ കഴിയുമെങ്കിൽ അത് ഒഴിവാക്കാൻ ശ്രമിക്കുന്നത് ഒരു പരിക്ഷണമല്ലേ?

★ ശരിയായ തീരുമാനം എടുക്കുന്നതിന് സഖായിയുടെ കഥയിലെ ഏത് മാതൃതയാണ് സ്വീകരിക്കാവുന്നത്?

4. SO:- തിക്കിത്തിരക്കിക്കൊണ്ടിരിക്കുകയും യേശുവിനു ചുറ്റും തടിച്ചുകൂടുകയും ചെയ്യുന്ന ജനക്കൂട്ടത്തിന് ഇടയിൽകൂടി യേശു നടന്നു പോകുന്നത് നാം കണ്ടതാണല്ലോ. എന്നിട്ടും യേശു അവരെ എല്ലാം മറികടന്ന് ഒരു മനുഷ്യനെ നോക്കുന്നതിനായി അകലേക്ക് നടന്നു ചെന്ന്, ആ മനുഷ്യനെ നോക്കി. അയാളോ അപ്പോൾ ഒരു മരത്തിന് മുകളിലുമായിരുന്നു.

SA:- അന്ന് അനേകം ആളുകൾ ദൈവപ്രീതിനേടുവാൻ ഉദ്യമിച്ചു അവർക്ക് യേശുവിനോട് താല്പര്യമുണ്ടെന്ന് തോന്നിയിരുന്നു. എന്നാൽ യേശു അവരെയെല്ലാം വിട്ടിട്ട് ഒരേ ഒരാളിനെമാത്രം തെരഞ്ഞെടുത്തു. ഭൂലോകത്തുള്ള മനുഷ്യരിൽ ഭൂരിഭാഗവും ദൈവീക കാര്യങ്ങളിൽ താല്പര്യമുള്ളവരാണെന്ന് അഭിനയിക്കുന്നു. എന്നാൽ അവരിൽ പലരും ആത്മാർത്ഥതയുള്ളവർ അല്ല. ദൈവത്തിന് നമ്മുടെ ഹൃദയങ്ങളെ അറിയാം. നമ്മൾ യഥാർത്ഥത്തിൽ ദൈവത്തെ അന്വേഷിക്കുന്നുണ്ടോ? ഈ സംഗതിയും ദൈവത്തിന് അറിയാം.

SOQ:-

★ ലോകജനസംഖ്യയിൽ എത്ര ശതമാനം ആളുകൾ ഏതെങ്കിലും ഒരു മതത്തിന്റെ അംഗങ്ങളാണ്?

★ മതതീക്ഷ്ണതയുള്ള മനുഷ്യരെല്ലാം യഥാർത്ഥത്തിൽ ദൈവത്തിന്റെ അനുയായികൾ ആണോ?

★ അത് മനസ്സിൽ വച്ചുകൊണ്ട്, കഥയിൽ നാം കണ്ടതായ മനുഷ്യരെ സംബന്ധിച്ചു നമുക്ക് വിചിന്തനം ചെയ്യാം. ഭൂലോകത്തുള്ള മത വിശ്വാസികളിൽ എത്ര പേർക്ക് യഥാർത്ഥത്തിൽ ദൈവവിശ്വാസമുണ്ട്? എത്രപേർ യഥാർത്ഥത്തിൽ ദൈവത്തെ അനുസരിക്കുന്നവരാണ്? എത്രപേർ കേവലം മതവിശ്വാസികൾ മാത്രമാണ്? സത്യത്തിൽ, ദൈവത്തെ അന്വേഷിക്കുന്ന എത്ര പേരുണ്ട്?

★ യഥാർത്ഥത്തിൽ ദൈവത്തെ അന്വേഷിക്കുന്ന വ്യക്തിയെ തിരിച്ചറിയുന്നതിന് കഥയിൽ എന്താണ് സംഭവിച്ചത്?

5. SO:- യേശു സഖായിയെ പേരു ചൊല്ലി വിളിച്ചു, യേശുവിന് അയാളോടുള്ള വ്യക്തിപരമായ താല്പര്യത്തിന് അത് തെളിവാകുന്നു.

SA:- വ്യക്തി പരമായി താല്പര്യമുള്ള ദൈവത്തെ നമ്മൾ ഇവിടെ കാണുന്നു. നമ്മെ പേരു ചൊല്ലി വിളിക്കുന്ന ദൈവത്തെ നമ്മൾ കാണുന്നു. നമ്മൾ എവിടെയാണെന്ന് ദൈവം അറിയുന്നു. തന്നെ അന്വേഷിക്കുന്നവരോട് ആ ദൈവം കരുണയുള്ളവനാണ്. നമ്മുടെ പേരിലൂടെ ദൈവം നമ്മെ അറിയുന്നു എങ്കിൽ അത് നമുക്ക് ആശ്വാസം പ്രദാനം ചെയ്യുന്നുണ്ട്, സഖായിക്ക് യേശുവിനെ കാണണമെന്ന അഭിലാഷം ഉണ്ടായിരുന്നു. അതുകൊണ്ട് യേശു അവനെ പേരു ചൊല്ലി വിളിച്ചപ്പോൾ സഖായി സന്തോഷവനായി അനുസരിച്ചു വേഗത്തിൽ ഇറങ്ങിച്ചെന്ന് യേശുവിനെ കണ്ടു ധന്യതനേടി.

SAQ:-

★ യേശു സഖായിയോട് സംസാരിച്ച വിധത്തെക്കുറിച്ച് പരിഗണിക്കാം. അത് നിങ്ങൾക്ക് പ്രത്യാശയെ പ്രദാനം ചെയ്യുന്നതാണോ?

★ അതിന്റെ കാരണം എന്താണെന്ന് വിശദീകരിക്കാമോ?

★ ഏതാണ് ഉത്തമമെന്ന് നിങ്ങൾക്കു തോന്നുന്നത്? വ്യക്തിപരമായി താല്പര്യമില്ലാത്ത ദൈവം; അതോ നിങ്ങളെ വ്യക്തിപരമായി അറിയുന്ന ദൈവം.

★ നിങ്ങളെ വ്യക്തി പരമായി അറിയുന്ന ദൈവം ഉണ്ടായിരുന്നാലുള്ള ഗുണങ്ങൾ ഏവ? ദോഷങ്ങൾ വല്ലതും ഉണ്ടോ?

★ ദൈവം നിങ്ങളോട് എന്നെങ്കിലും വ്യക്തിപരമായി സംസാരിച്ചിട്ടുണ്ടോ?

6. SO:- യേശു സ്വയം സഖായിയുടെ വീട്ടിലേക്ക് ക്ഷണിച്ചു എല്ലാ മാനവസംസ്കാരത്തിലും അതീതമായിരുന്നു ആ സംസ്കാരം. അത് വ്യക്തമാക്കുന്നത് അടുത്ത് സംഭവിപ്പാൻ പോകുന്നത് എന്താണെന്ന് യേശുവിന് അറിയാമായിരുന്നെന്നാണ്.

SA:- യേശുവിനെ അന്വേഷിക്കുന്നവരോടൊപ്പം ആയിരിപ്പാൻ യേശു ആഗ്രഹിക്കുന്നത് അതിശയകരവും പ്രോത്സാഹജനകവുമാണ്.

SAQ:-

★ സഖായിയുടെ വീട്ടിലേക്കുള്ള ക്ഷണത്തിന്റെ അത്ഭുത വിശേഷത എന്താണ്?

★ യേവിന്റെ സന്ദർശനം ആ ഭവനത്തിൽ ഉണ്ടാകുമായിരുന്നു എന്ന് സൂചിപ്പിക്കുന്ന എന്തെങ്കിലും യേശു വിന്റെ സംസാരത്തിൽ ഉണ്ടായോ?

★ യേശു സ്വയം സഖായിയുടെ ഭവനത്തിലേക്ക് ക്ഷണിച്ചതിൽ അടങ്ങിയിരിക്കുന്ന എന്ത് സംഗതിയാണ് ദൈവത്തെ അന്വേഷിക്കുന്നതിന് ഇന്ന് നമ്മെ പ്രചോദിപ്പിക്കുന്നത്?

7. SO:- അനേകം പേർ അനുഗമിച്ചുകൊണ്ടിരിക്കുന്ന ഒരു നേതാവ് മുകളിലേക്ക് നോക്കിയാൽ നേതാവ് നോക്കുന്നത് എന്താണെന്ന് കാണുന്നതിനായി അനുയായികളും മുകളിലേക്ക് നോക്കും. അതിന്റെ അർത്ഥം, ഈ കഥയിലെ സംഭവത്തിൽ യേശുമാത്രം അല്ല സഖായിയെ കണ്ടത്, പിന്നെയോ എല്ലാ ജനങ്ങളും സഖായിയെ കണ്ടു എന്നാണ്. സഖായിടെ യേശുവും ജനങ്ങളും കണ്ടുപിടിച്ചതിൽ സഖാ യിക്ക് സംഭ്രമമോ ഭയമോ ഉണ്ടായില്ല; സഖായിക്ക് യഥാർത്ഥത്തിൽ സന്തോഷമാണ് ഉണ്ടായത്.

SA:- അവിശ്വാസികൾ നമ്മെ നോക്കുമ്പോൾ, അവർ നമ്മെ നിസാരന്മാരെന്ന് ചിന്തിച്ചേക്കും. ദൈവത്തെ നമ്മൾ അന്വേഷിക്കുന്നതുകൊണ്ട് അവർ നമ്മോട് താല്പര്യമുണ്ടെന്ന് നമുക്ക് ബോദ്ധ്യമുള്ളതിനാൽ നാം സന്തോഷത്തോടെ മറ്റുള്ളവരെ അഭിമുഖീകരിക്കണം.

SAQ:-

★ ദൈവത്തെക്കുറിച്ച് അറിയുവാൻ വേണ്ടിയുള്ള ഓട്ടത്തിൽ സ്വന്തം ഭവനത്തിലെ മറ്റ് എല്ലാം അംഗങ്ങ ളിൽ നിന്നും വ്യത്യസ്തനാകുകയും, സമൂഹത്തിൽ നിന്നോ സാംസ്കാരികപാരമ്പര്യത്തിൽ നിന്നോ അന്യനാകുകയും ചെയ്യേണ്ടതായി വരുമോ?

★ നിങ്ങൾക്ക് അത് എപ്പോഴെങ്കിലും കാണേണ്ടി വന്നിട്ടുണ്ടോ?

★ ദൈവീക കാര്യങ്ങൾക്കുവേണ്ടി നമുക്ക് പ്രാധാന്യമുണ്ടായിരുന്ന വ്യക്തികളെയോ സംഗതികളെയോ വിടേണ്ടി വന്നാൽ അപ്രകാരം ചെയ്യേണമെന്ന് സഖായിയുടെ പെരുമാറ്റങ്ങളും, പെരുമാറ്റങ്ങളുടെ ഫലങ്ങളും നമുക്ക് ഇന്ന് പ്രചോദകമായി അനുഭവപ്പെടുന്നുണ്ടോ?

★ നമ്മുടെ തീരുമാനങ്ങൾക്കും തെരഞ്ഞെടുക്കലിനും അനുകൂലമായി, കഥയിൽ നിങ്ങൾ കണ്ടതായ എന്തെല്ലാം സംഗതികളാണ് പ്രചോദകമായി കാണപ്പെടുന്നത്?

8. SO:- യേശു സഖായിയെ വിളിച്ചപ്പോൾ സഖായിക്ക് യേശുവിനെ അനുസരിപ്പാൻ വിസമ്മതം ഇല്ലായിരു ന്നു. അയാൾ തിരക്കുപിടിച്ച് മരത്തിൽ നിന്ന് ഇറങ്ങി വന്നു.

SA:- ഏതെങ്കിലും സമയത്ത് ദൈവം നമ്മോട് എന്തെങ്കിലും പ്രവൃത്തി ചെയ്യുവാൻ ആവശ്യപ്പെട്ടാൽ നമ്മൾ അനുകൂലമായി പ്രതികരിക്കണം. അനുസരിക്കുവാൻ താമസിക്കുന്നത് അനുസരണക്കേടിന് തുല്യമാണ്.

SAQ:-ഇന്നും ദൈവം മനുഷ്യരെ വിളിക്കുന്നുണ്ടോ?

★ എങ്കിൽ, എപ്രകാരമാണ് ആ വിളി വരുന്നത്?

★ എപ്പോഴെങ്കിലും ദൈവം നമ്മെ പ്രവർത്തനങ്ങൾക്കായി വിളിക്കുന്നു എന്ന് നാം അറിഞ്ഞാൽ ഈ കഥ നമ്മെ എപ്രകാരം പിന്തുണയ്ക്കും?

★ പെട്ടെന്ന് പ്രതികരിക്കുന്നതു കൂടാതെ നാം എന്തു ചെയ്യണമെന്നാണ് ദൈവീകനിയോഗങ്ങൾ നമ്മോട് നിർദ്ദേശിക്കുന്നത്? “കാലവിളംബമുണ്ടായ അനുസരണം” എന്നതിനെ എങ്ങനെ വർഗ്ഗീകരിക്കാം?

9. SO:- ജനക്കൂട്ടം സഖായിക്ക് എതിരായി ശബ്ദം ഉയർത്തി. യേശുവിനെക്കുറിച്ച് ജനങ്ങൾ അടക്കം പറഞ്ഞു

“യേശു ചുങ്കക്കാരന്റെ കൂടെ അവന്റെ വീട്ടിൽ പാർപ്പാൻ പോയി” എന്നും, “അവൻ പാപിയായ ഒരു മനുഷ്യനോടൊത്തു ഭക്ഷിക്കുന്നു” എന്ന് അധിക്ഷേപിച്ചു“കൂടെ..... പോയി” എന്നത് സൂചിപ്പിക്കുന്നത് “യേശു അവിടേക്കു പോകുകയായി...” എന്നോ “പോയിക്കഴിഞ്ഞു” എന്നോ ആകാം. യേശു സഖായിയുടെ ഭവനത്തിലേക്ക് പോകുവാൻ തീരുമാനിച്ചതിനെ ജനങ്ങൾ വിമർശിച്ച വിവരം യേശുവും സഖായിയും എപ്പോഴാണ് അറിഞ്ഞതെന്ന് വ്യക്തമല്ല സഖായിയുടെ ഭവനത്തിൽ വച്ച് യേശു പറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കുന്നത് യേശുവും സഖായിയും അറിഞ്ഞിരുന്നു എന്നാണ്. ജനങ്ങളുടെ വിമർശനത്തിന് സഖായിയുടെ തീരുമാനത്തെ മാറ്റാൻ സാദ്ധ്യമായില്ല. സഖായി, യേശുവിനെ സ്വഭവനത്തിലേക്ക്, സസന്തോഷം സ്വാഗതം ചെയ്തു.

SA:- ഏതു കാര്യവും നമുക്ക് ആരംഭിക്കാൻ കഴിയും. എന്നാൽ അതിനെ നിലനിർത്തുക എന്നത് ഒരു വെല്ലുവിളിയാണ്. ചുറ്റുപാടും വിമർശനം ഉണ്ടായേക്കും. മതപരമായ പശ്ചാത്തലം ഉള്ള ജനാവലിയിൽ നിന്ന് വലിയ വിമർശനം ഉണ്ടാകും.

SAQ:-

★ ജനാവലി യേശുവിനെതിരെ പരസ്യമായി കുശുമ്പും പിറുപിറുപ്പും ഉണ്ടാക്കി. സഖായിയെ പരസ്യമായി വിമർശിച്ചു നിങ്ങളേക്കാൾ ഉന്നതരെന്ന് കരുതുന്ന ആളുകൾ നിങ്ങളെ പരസ്യമായി ആക്ഷേപിക്കുകയും നിങ്ങളെക്കുറിച്ച് അസഭ്യവാക്കുകൾ പറയുകയും ചെയ്തിട്ടുണ്ടോ?

★ നിങ്ങൾക്ക് അത് എങ്ങനെ അനുഭവപ്പെട്ടിട്ടുണ്ട്?

★ പൊതുജനസമ്മതം കിട്ടാത്ത സാഹചര്യങ്ങളിൽ നിങ്ങൾ എപ്രകാരം പ്രതികരിക്കണമെന്നാണ് ഈ കഥയിൽ നിന്ന് നിങ്ങൾ ഗ്രഹിക്കുന്നത്?

10. SO:- “യേശു പാപിയായ ഒരു മനുഷ്യനോടുകൂടെ പാർപ്പാൻ പോയി” എന്ന് ജനക്കൂട്ടം വിമർശിച്ചതിൽ നിന്ന്, “അവർ പാപികൾ അല്ല” എന്ന് ചിന്തിക്കുന്നു എന്ന് വ്യക്തമാകുന്നു.

SA:- സ്വന്തം അധരങ്ങൾ കൊണ്ടുതന്നെ അഹംഭാവികളായ മനുഷ്യർ സ്വയം നിന്ദിക്കുന്നു. തങ്ങൾക്കു പാപമില്ല എന്ന് അട്ടഹസിക്കുന്നു അവരുടെ പാപങ്ങളെ ഒട്ടും സമ്മതിക്കുന്നതേയില്ല.

SAQ:-

★ ദൈവത്തെ സമീപിക്കുവാനുള്ള നിങ്ങളുടെ അന്വേഷണത്തിൽ നിങ്ങൾ എന്നെങ്കിലും മതതീക്ഷ്ണതയുള്ളവരെന്ന് അവകാശപ്പെടുനനവരും, “പരിശുദ്ധരും, പാപമില്ലാത്തവരു”മെന്ന് സ്വയം വിശേഷിപ്പിക്കുന്നവരുമായ മതഭക്തരുമായി സംഭാഷണത്തിൽ ഏർപ്പെട്ടിട്ടുണ്ടോ?

★ സ്വയനീതികരണത്തെ നിങ്ങൾ എപ്രകാരം വ്യവഹരിക്കുന്നു?

★ സത്യസന്ധനായ ഒരു ദൈവാനുയായിക്ക് ഉണ്ടായിരിക്കേണ്ട ഗുണവിശേഷമാണോ“സ്വയ നീതികരണം”?

11. SO:- ജനക്കൂട്ടത്തിന്റെ പെരുമാറ്റം കണ്ടാൽ തോന്നും അവർ യേശുവിന്റെ അനുയായികൾ ആണെന്ന് യേശുവിനെ മുട്ടിയുരുമ്മിക്കൊണ്ടാണ് അവർ യേശുവിനോടൊപ്പം യാത്ര ചെയ്തത്. യേശു ആരോട് ഒപ്പമാണ് ഭക്ഷണം കഴിക്കുന്നതെന്ന് അറിവാൻ അവർക്ക് ജിജ്ഞാസ ഉണ്ടെന്ന് അവരുടെ വിമർശനം സൂചിപ്പിക്കുന്നു. അവരിൽ ഒരാളുടെ വീട്ടിൽ വേണമായിരുന്നു യേശു അതിഥിയായിരിക്കേണ്ടിയിരുന്നതെന്ന് അവരുടെ വിമർശനം വ്യക്തമാക്കുന്നു. യഥാർത്ഥത്തിൽ ആ ജനക്കൂട്ടം യേശുവിനോട് അപമര്യാദയാണ് കാണിച്ചത്. യേശു തെരഞ്ഞെടുത്ത ഭവനം അവർ ഇഷ്ടപ്പെട്ടില്ല. പക്ഷേ യേശു സഖായിയുടെ ഭവനം തന്നെ തെരഞ്ഞെടുത്തു.

SA:- എല്ലാവരും യേശുവിന്റെ അനുയായികളാണെന്ന് പറയുമെങ്കിലും, അവർക്ക് യേശുവിനെ യഥാർത്ഥ ത്തിൽ അറിഞ്ഞുകൂടാ, യോഗ്യമായി ബഹുമാനിക്കുന്നുമില്ല. അവന്റെ തീരുമാനങ്ങളെ അവർ മാനിക്കുന്നി ല്ല. എല്ലാ മതവിശ്വാസികളും യേശുവിനെ ആദരിക്കുന്നില്ല. അത് ദൈവനിന്ദയാണ്, ദൈവത്തെ അപമാനി ക്കയാണ്, അവർ ദൈവവചനത്തെ അനുസരിക്കുന്നില്ല.

SAQ:-

★ ജനാവലി യേശുവിനെ ബഹുമാനിച്ചതുപോലെ പെരുമാറിയത് നമ്മൾ കണ്ടതാണല്ലൊ. യേശുവി നോടുകൂടി ആയിരിക്കുന്നതിന് ആരാണ് ക്ഷണിക്കപ്പെട്ടത് എന്ന് കണ്ടപ്പോൾ ജനങ്ങൾ അവരുടെ തനത് ഹൃദയവും മനഃസ്ഥിതിയും പ്രകടമാക്കി; യേശുവിന്റെ തീരുമാനത്തെ അവർ വിമർശിച്ചു.

★ ഇന്നും, പല മനുഷ്യരും ദൈവാനുയായികൾ എന്ന് സ്വയം പ്രകടിപ്പിക്കുകയും ഭാവിക്കുകയും ചെയ്യു മെങ്കിലും അവർ യഥാർത്ഥത്തിൽ സ്നേഹിക്കയും ആദരിക്കയും ചെയ്യുന്നത് അവരവരെത്തന്നെയാ ണ്.

★ അത് കാണുമ്പോൾ നമുക്ക് എന്താണ് തോന്നുന്നത്?

12. SO:- കുറ്റം വിധിക്കുന്നവരായ ജനങ്ങൾക്ക് അവരുടെ വിശ്വാസങ്ങൾ മാത്രമാണ് ശരി എന്ന ധാരണയാ യിരുന്നു. യേശുവിനോട് നേരിട്ട് ചോദ്യം ചോദിക്കുവാൻ അവർക്ക് ധൈര്യമുണ്ടായിരുന്നില്ല. യേശുവിന്റെ അധികാരശക്തിയെക്കുറിച്ച് അവർക്ക് യാതൊരുധാരണയുമില്ലായിരുന്നു. അവർ തമ്മിൽത്തമ്മിൽ സംസാ രിക്കുന്നത് യേശു കേൾക്കുകയില്ലെന്ന് അവർ ചിന്തിച്ചു.

SA:- ജനങ്ങളുടെ പെരുമാറ്റം ഇന്നത്തെ ജനതയുടെ പെരുമാറ്റം പോലെ ആയിരുന്നു. ദൈവത്തിന് കേൾക്കാൻ കഴികയില്ല എന്ന് അവർ ചിന്തിക്കുന്നു. അവർ പിറുപിറുക്കാൻ തുടങ്ങി അവർ ഇരുട്ടത്ത് ചെയ്യുന്ന കാര്യ ങ്ങൾ ദൈവം കാണുകയില്ലെന്ന് അവർ ചിന്തിക്കുന്നു. അവർ ഒളിയിടങ്ങളിൽ കുറ്റ കൃത്യങ്ങൾ ചെയ്യുന്നു.

SAQ:-

★ ആരും കാണുകയില്ലെന്നും, അറിയുകയില്ലെന്നും വിചാരിച്ച് ഇരുളിൽ വച്ച് കുറ്റകൃത്യങ്ങൾ ചെയ്യു കയും രഹസ്യങ്ങൾ പറയുകയും ചെയ്യുന്നില്ലേ?

★ നമ്മൾ ചെയ്യുന്നതും പറയുന്നതുമെല്ലാം ദൈവം കാണുകയും കേൾക്കുകയും ചെയ്യുന്നു എന്ന് കഥ യുടെ ഏതുഭാഗമാണ് നമുക്ക് തെളിവു നൽകുന്നത്?

★ ആ വിജ്ഞാനം എപ്രകാരം നമ്മെ ബാധിക്കും?

13. SO:- ധനികനായ സഖായി തന്റെ വസ്തുവകയിൽ പകുതി ദരിദ്രന്മാർക്കുകൊടുക്കുമെന്ന് തീരുമാനിച്ചതി ലൂടെ തന്റെ മനഃസ്ഥിതിയും സഹൃദയത്വവും പ്രകടമാക്കുകയായിരുന്നു.

SA:- ആത്മാർത്ഥമായി യേശുവിനെ കണ്ടുമുട്ടുന്നതിലൂടെ, ഏതൊരു വ്യക്തിയിലും മാനസീകവും ആത്മീ കവുമായ മാറ്റങ്ങൾ സംഭവിക്കുന്നു, വിശ്വവീക്ഷണം മാറ്റുന്നു. മാനുഷീകമൂല്യങ്ങൾ മാറുന്നു.

SAQ:-

★ യേശുവുമായി ആത്മാർത്ഥമായി കണ്ടുമുട്ടാൻ കഴിഞ്ഞാൽ ഒരു വ്യക്തിയുടെ വിശ്വവീക്ഷണവും, ജീവി തമൂല്യങ്ങളും എങ്ങനെയാണ് പരിവർത്തനം ചെയ്യപ്പെടുന്നത്?

★ ഏതാനും ഉദാഹരണങ്ങൾ നൽകാമോ?

14. SO:- "ആരോടെങ്കിലും എന്തെങ്കിലും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ, നാലുമടങ്ങ് മടക്കിക്കൊടുക്കുന്നുണ്ട് "എന്ന് സഖായി പറഞ്ഞു, നിയമത്തിനുമുമ്പിൽ താൻ കുറ്റക്കാരനാണെന്നു തെളിഞ്ഞാൽ താൻ ചതിവായി വാങ്ങിയിട്ടുള്ളതിന്റെ നാലുമടങ്ങ് തിരിച്ചുകൊടുക്കാം എന്നല്ല സഖായി പറഞ്ഞത്. സ്വമനസ്സാലെയാണ് തീരുമാനം കൈക്കൊണ്ടത്. ചിലർ പറഞ്ഞേക്കും സഖായി ഇപ്പോൾത്തന്നെ ദരിദ്രർക്കുവേണ്ടി തന്റെ പണം നൽകുന്നുണ്ടല്ലോ എന്ന് എന്നാൽ പൊതുജനങ്ങളുടെ അഭിപ്രായം വിഭിന്നമാണ്."

ചുങ്കക്കാരനായ സഖായി തന്റെ ധനത്തിന്റെ പകുതി ദരിദ്രർക്കുവേണ്ടി കൊടുക്കുന്നുണ്ടെങ്കിൽ അത് രഹസ്യമായിട്ടാകും ചെയ്തിരുന്നത്. എന്നാൽ, താൻ എന്തെങ്കിലും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ, അത് നാലുമടങ്ങായി മടക്കിക്കൊടുക്കും എന്ന് സഖായി തീരുമാനിച്ചതിൽ നിന്നും താൻ ഒരു നീതിമാൻ ആണെന്ന് പൊതുജനമദ്ധ്യേ തെളിയുകയാണുണ്ടായത്.

ഈ കഥയിൽ നിന്ന് നാം മനസ്സിലാക്കുന്ന സംഗതി ഇതാണ്. സഖായി ഒരു പാപിയാണെന്ന് സ്വയം മനസ്സിലാക്കുകയും, കുറ്റം സമ്മതിക്കുകയും ചെയ്യുന്നു. കുറ്റം സമ്മതിക്കുക മാത്രമല്ല, തെറ്റ് തിരുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. സഖായിയുടെ ഭവനത്തിന് അന്ന് രക്ഷ വന്നു എന്ന് യേശു പ്രസ്താവിച്ചു സഖായിയാകട്ടെ അവിശ്വസനീയമായ ഔദാര്യം പ്രകടമാക്കുകയും ചെയ്തു.

SA:- സഖായി ധനികനായ മനുഷ്യൻ ആയിരുന്നു. ചുങ്കക്കാരിൽ പ്രമാണിയായിരുന്നു. അയാളുടെ ദുരാഗ്രഹരീതികൾക്ക് മാറ്റം വന്നു. അവൻ സത്യസന്ധനും, ഔദാര്യവാനും ആയിത്തീരും. പ്രമാണിയായ ഈ ചുങ്കക്കാരൻ സ്വയം താഴ്മയുള്ളവനായിത്തീർന്നു. ആരോടെല്ലാം താൻ ചതിവായി കരം പിരിച്ചുവോ അവരോടെല്ലാം താൻ ചതിവായി കരം പിരിച്ചുവോ അവരോടെല്ലാം താൻ മാപ്പു ചോദിക്കാമെന്നും നാലുമടങ്ങ് മടക്കിക്കൊടുക്കാമെന്നും തീരുമാനിച്ചു യേശുവിലുള്ള വിശ്വാസത്തിൽ വരുമ്പോൾ പാപങ്ങളെ ഏറ്റു പറഞ്ഞ് താഴ്ചയോടും, ഔദാര്യത്തോടും, പിഴകളെ പരിഹരിക്കുകയും, തെറ്റുകൾ തിരുത്തി ജീവിക്കുകയും ചെയ്യണം.

SAQ:-

- ★ യേശുവിൽ വിശ്വാസം അർപ്പിച്ചതുകൊണ്ട് അടിസ്ഥാനപരമായി മാറ്റങ്ങൾ സംഭവിച്ചിട്ടുള്ളവരെ നിങ്ങൾ കണ്ടിട്ടില്ലേ?
- ★ അങ്ങനെയെങ്കിൽ, അവർ യേശുവിങ്കൽ വിശ്വാസിച്ചതുകൊണ്ട് എപ്രകാരമെല്ലാമാണ് അവർക്ക് മാറ്റങ്ങൾ സംഭവിച്ചത്?
- ★ നമ്മൾ ചെയ്തിട്ടുള്ള തെറ്റുകളെ കണ്ടുപിടിച്ച് അവയെ തിരുത്തുന്നതിനും നല്ല ജീവിതം നയിക്കുന്നതിനും, എപ്രകാരമുള്ള മനോഭാവവും ചേതോവികാരവുമാണ് നമ്മുടെ ഹൃദയമനസ്സുകളിൽ ഉണ്ടാകേണ്ടത്?
- ★ തെറ്റുകളെ തിരുത്തി, ചെയ്തുപോയ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്ത്, നല്ല വ്യക്തിയായിത്തീർന്ന് യേശുവിന്റെ പിൻഗാമിയായി ജീവിക്കുന്ന ആരെയെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ? യേശുവിൽ വിശ്വാസം അർപ്പിച്ച്, യേശുവിന്റെ അനുയായിത്തീർന്നപ്പോൾ, ചെയ്തു പോയിരുന്ന സകല പാപങ്ങളെയും ഉപേക്ഷിച്ച് വിശുദ്ധജീവിതം നയിക്കുന്നവരെ പരിചയമില്ലേ?
- ★ അവർക്ക് എന്തെല്ലാമാണ് സംഭവിച്ചത്?

15. SO:- നമുക്ക് ആദ്യം തോന്നിയിട്ടുണ്ടാകും സഖായി യേശുവിൽ നിന്ന് ആത്മീകമായ അംഗീകാരം വാങ്ങാൻ ശ്രമിക്കുക ആയിരുന്നെന്ന്. എന്നാൽ സഖായി രക്ഷയുടെ അനുഭവത്തിലേക്കു വന്നത് "ഇന്ന് ഈ വീടിന് രക്ഷ വന്നു" എന്ന് യേശു പ്രസ്താവിച്ചപ്പോൾ ആയിരുന്നു. അവിടെ, സഖായി മാത്രമാണ് സ്വയം പാപ

ബോധം ഉള്ളവനായി “ഞാൻ പാപിയാണ്” എന്ന് ഏറ്റുപറഞ്ഞത്. ആ കഥയിൽ രക്ഷയുടെ അനുഭവത്തിലേക്കു വന്നത് സഖായി മാത്രം ആയിരുന്നു.

SA:- “പാപിയാണെ”ന്ന് ഏറ്റു പറയാത്ത ആർക്കും രക്ഷയുടെ അനുഭവത്തിലേക്ക് വരാൻ സാദ്ധ്യമല്ല.

SAQ:-

- ★ യേശുവിൽ നിന്ന് സഖായി എന്തെങ്കിലും ഉപകാരം കൈപ്പറ്റുവാൻ ശ്രമിക്കുകയായിരുന്നുവോ എന്ന് നമ്മൾ ചിന്തിച്ചു ഇന്ന്, ദൈവത്തെ പ്രസാദിപ്പിക്കുവാനായും, ദൈവത്തിൽ നിന്ന് ഉപകാരം പ്രാപിക്കുവാനുമായും സത്പ്രവൃത്തികൾ ചെയ്യുകയും പണം ചെലവാക്കുകയും ചെയ്യുന്ന ആളുകളെ നിങ്ങൾ കാണാറില്ലേ?
- ★ അവർ ഏതെല്ലാം രീതികളിൽ അങ്ങനെ ചെയ്യുന്നു?
- ★ അങ്ങനെ ചെയ്തിട്ടുള്ള ആളുകളെ നിങ്ങൾക്ക് അറിയാമോ? നിങ്ങൽ അങ്ങനെ ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ടോ? അഥവാ, അങ്ങനെ ചെയ്തിട്ടുണ്ടോ?
- ★ താൻ പാപിയാണെന്ന് ഏറ്റുപറഞ്ഞത് സഖായി മാത്രമായിരുന്നു, ആ കഥയിൽ, എന്ന് നാം കണ്ടുവല്ലൊ. സ്വന്തം മനസ്സിനും ഹൃദയത്തിനും ആത്മാർത്ഥവും നിഷ്കളങ്കവുമായ പരിവർത്തനമാണ് സഖായിയിൽ ഉണ്ടായതെന്നും നമ്മൾ കണ്ടുവല്ലൊ. മറ്റുള്ളവരുമായുള്ള ഇടപാടികളിലും പണ സംബന്ധമായ കാര്യങ്ങളിലും സഖായി ആത്മാർത്ഥമായാണ് പുതിയ തീരുമാനങ്ങൾ കൈക്കൊണ്ടത്. ദൈവത്തിങ്കലേക്ക് തിരിയുകയും വിശ്വാസി ആയിത്തീരുകയും ചെയ്തത് സഖായി ആത്മാർത്ഥമായിത്തന്നെയാണെന്ന് യേശുവിന് ബോദ്ധ്യമായിരുന്നു.
- ★ തങ്ങൾ പാപികളാണെന്ന് സമ്മതിക്കുവാൻ പലർക്കും ബുദ്ധിമുട്ട് ആണെന്ന് കാണുന്നില്ലേ?
- ★ ഈ കഥയുടെ അടിസ്ഥാനത്തിൽ, മനസ്താപവും പാപങ്ങൾ ഏറ്റുപറയുന്നതും വിശ്വാസികൾ ആകേണ്ടവർക്ക് ഏറ്റവും അത്യന്താപേക്ഷിതവും സുപ്രധാനവുമാണ് എന്ന് കാണുന്നില്ലേ?

16. SO:- കഥയിൽ യേശു സഖായിയോട് നേരിട്ടു പറയുന്നു: “ഇന്ന് ഈ വീടിന് രക്ഷ വന്നു” എന്ന്. യേശു തുടർന്നു പറയുന്നു. “ഇവനും (സഖായിയും) അബ്രാഹാമിന്റെ മകൻ ആകുന്നു.” അതിൽ നിന്ന് നാം എന്ത് മനസ്സിലാക്കുന്നു? സഖായി കൂടാതെ മറ്റ് പലരും അവിടെ ഉണ്ടായിരുന്നു. അവരോടാണ് യേശു അപ്രകാരം പ്രസ്താവിച്ചത്. യേശു സഖായിയെ മാനസീകമായും ആത്മീകമായും പരിവർത്തനം ചെയ്തിരിക്കുന്നു. എന്നും യേശുവിന്റെ പ്രസ്താവന വ്യക്തമാക്കുന്നു. മറ്റുള്ളവരുടെ മുമ്പിൽ യേശു സഖായിയെ സാമൂഹികമായി സംരക്ഷിച്ചു.

SA:- യേശു സഖായിയോടൊപ്പം സഞ്ചരിക്കുകയും, സംസാരിക്കുകയും, പ്രവർത്തനനിരതനാകുകയും ചെയ്തു. സഖായി വിശ്വാസത്തോടെ യേശുവിങ്കലേക്ക് തിരിഞ്ഞു. ഇതെല്ലാം നാം കഥയിൽ കാണുകയുണ്ടായി. അപ്പോഴൊക്കെയും വിമർശകരായ ജനങ്ങൾ ഇതെല്ലാം കണ്ടുകൊണ്ട് ആ സ്ഥലത്തുതന്നെ ഉണ്ടായിരുന്നു. യേശു അപ്പോഴും സ്വയനീതികരണത്തിന്റെ അഹന്തയിൽ പൊങ്ങച്ചം ഭാവിച്ചു നില്ക്കുന്ന ജനങ്ങൾക്ക് ചിന്തിക്കാൻ അവസരം നൽകികൊണ്ട് അവരെയെല്ലാം സമീപിക്കുകയായിരുന്നു. അവർ തങ്ങളെത്തന്നെ പരിശോധിച്ച് നോക്കുന്നതിനും സഖായിക്ക് ദൈവത്തിന്റെ അംഗീകാരം കിട്ടിയിരിക്കുന്നത് മനസ്സിലാക്കുവാനും വേണ്ടി. ഇന്നും അപ്രകാരം സ്വയന്യായീകരണം ചെയ്യുന്ന മനുഷ്യർ ധാരാളമുണ്ട്. അവർ മറ്റുള്ളവരെകുറ്റം വിധിക്കുന്നു. യേശുവിനെ പിന്തുടരുന്ന സമയത്ത് തങ്ങളുടെ ജീവിതത്തിന് മാറ്റം സംഭവിക്കുന്ന ജനങ്ങളെ കാണുന്നത് അവർക്ക് കണ്ണിൽ കരട് വീണതിന് തുല്യമായിട്ടായിരിക്കും.

SAQ:-

★ ഇവിടെ ഇതാ ഒരു മനുഷ്യൻ, ആരും ഒരിക്കലും ഇഷ്ടപ്പെടാതിരുന്നവനും, വിശ്വാസത്തിലേക്കു വന്ന വനുമായ സഖായി. ജനസമ്മതനല്ലായിരുന്ന ഈ മനുഷ്യനെ യേശു, സ്വയ നീതികരണക്കാരായ ജന ങ്ങളുടെ മദ്ധ്യേ നിരപരാധിയാക്കി സംരക്ഷിച്ചു ഇന്നും പൊതു ജനങ്ങൾ, മറ്റുള്ളവരെ അവരുടെ ജീവി തശൈലിയെച്ചൊല്ലിയോ, തൊഴിൽ കാര്യങ്ങളെക്കുറിച്ച് പറഞ്ഞോ അവഹേളിക്കാറില്ലേ?

★ എപ്രകാരമുള്ള ആളുകളെയാണ് ജനങ്ങൾ പാപികളായി മുദ്രകുത്തുന്നത്? സ്വയ നീതീകരണക്കാരായ മനുഷ്യൻ ആരെയാണ് അധഃസ്ഥിതരായി വീക്ഷിക്കുന്നത്?

★ ഇപ്രകാരമുള്ള സംഗതികൾ സംഭവിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ?

★ നിങ്ങൾ അപ്രകാരം കണ്ടിട്ടുണ്ടെങ്കിൽ, സ്വയനീതികരണക്കാരായ ആളുകൾ എന്നെങ്കിലും, "പാപി കൾ" രക്ഷാന്വേഷകർ ആയിരിക്കണമെന്ന് ആഗ്രഹിക്കാറുണ്ടോ? യേശുവിനെ കണ്ടുമുട്ടുന്നതിന് (അ ങ്ങനെ പറയുന്നതാണ് നല്ലത്) പ്രേരിപ്പിക്കാറുണ്ടോ?

17. SO:-യേശുവിന്റെ ആഗമനം, "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാൻ..........." എന്ന് യേശു പ്രസ്താ വിച്ചതിൽ നിന്നും സഖായിക്ക് ആ സമൂഹത്തിൽ മാന്യത ഉണ്ടായി. അവിടെ വിമർശകരായി തടിച്ചു കൂടിയ ജനാവലി നിശ്ചേഷ്ടരാകുന്നതിന് ഈ പ്രസ്താവ ഉപയുക്തമായി.

SA:- നമുക്ക് ദൈവത്തിന്റെ അംഗീകാരം ലഭിക്കാൻ നാം ആഗ്രഹിക്കുന്നെങ്കിൽ നമ്മുടെ നിസ്സഹായാവസ്ഥ യെയും നഷ്ടപ്പെട്ടുപോയ അവസ്ഥയെയും, പാപാവസ്ഥയെയും സ്വയം അംഗീകരിക്കണം. സ്വയം സമ്മതിക്കുകയും ഏറ്റുപറയുകയും വേണം. അതുമാത്രവുമല്ല ദൈവത്തിന് നമ്മെ രക്ഷിക്കുവാനുള്ള സാഹചര്യം നൽകണം. ദൈവം നമ്മെ രക്ഷിക്കുവാൻ നമ്മെ വിധേയമാക്കണം.

SAQ:-

★ ഈ കഥയുടെ അവസാന ഭാഗത്തിൽ യേശു അരുളി ചെയ്ത വചനങ്ങളിൽ നിന്നും ദൈവം ഇന്ന് നമ്മോട് ആവശ്യപ്പെടുന്നത് എന്താണെന്ന് നിങ്ങൾക്കു പറയാമോ?

★ ഭൂലോകത്തിലുള്ള എത്രപേർക്ക് ആ സ്ഥാനത്ത് എത്തുവാനുള്ള കഴിവുണ്ട്? എത്രപേർ ലക്ഷ്യ സ്ഥാനത്ത് എത്തും?

★ നമ്മുടെ നഷ്ടാവസ്ഥ, അഥവാ പാപപങ്കിലാവസ്ഥ നമ്മൾ സ്വയം സമ്മതിക്കുന്നത് ബുദ്ധിമുട്ടാണോ, ലളിതമാണോ?

★ യേശുവിനെക്കുറിച്ചു കേട്ടിട്ടുള്ളവരും യേശുവിങ്കൽ നിന്ന് കേട്ടിട്ടുള്ളവരുമായ ചിലർ വിശ്വാസത്തി ലേക്കു വരുന്നില്ല. കാരണമെന്താണ്?

★ ഈ കഥ നിങ്ങളോട് എന്ത് സംസാരിക്കുന്നു?

18. SO:-കഥയുടെ ആരംഭത്തിൽ സഖായി യേശുവിനെ അന്വേഷിക്കുകയായിരുന്നു. കഥയുടെ ഒരു ഭാഗം കഴിയുമ്പോഴേക്കും യേശു സഖായിയെ അന്വേഷിക്കുന്നതായി നാം കാണുന്നു. അങ്ങനെ കഥയുടെ രണ്ടാം ഭാഗം സഖായിയെ അന്വേഷിക്കുന്ന യേശുവിന്റെ കഥ ആയിത്തീരുന്നു.

SA:-കഥയിൽ സഖായി യേശുവിനെ അന്വേഷിക്കുന്നതായും, യേശു സഖായിയെയ അന്വേഷിക്കുന്നതായും നാം കണ്ടുവല്ലൊ. രണ്ടു സംഗതികളും സത്യം തന്നെ. നമ്മൾ ദൈവത്തെ അന്വേഷിക്കണം. അതേ സമയം ദൈവം നമ്മളെയും അന്വേഷിക്കുന്നതാണ്.

SAQ:-

- ★ മനുഷ്യർക്ക് ദൈവത്തെ അന്വേഷിക്കേണ്ട ആവശ്യമുണ്ടോ?
- ★ ദൈവം മനുഷ്യരെ അന്വേഷിക്കുന്നതായി കഥയിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നുണ്ടോ?
- ★ എങ്കിൽ, അത് എവിടെയാണ്? ഏത് സംഗതിയാണ്? ദൈവം മനുഷ്യരെ അന്വേഷിക്കുന്നുവോ? മനുഷ്യർ ദൈവത്തെ അന്വേഷിക്കുന്നുവോ?
- ★ ഇതിൽ വൈരുദ്ധ്യങ്ങൾ എന്തെങ്കിലും ഉണ്ടോ?
- ★ നിങ്ങൾ അത് എപ്രകാരമാണ് വിശദീകരിക്കുന്നത്.

★★★★

## അനുബന്ധം C

# ഉപയോക്താക്കളുടെ അനുഭവ റിപ്പോർട്ടുകൾ

### നിർദ്ദേശം നൽകലും വിപുലീകരണവും

1. “ഞാൻ നിരക്ഷരനാണ്. എങ്കിലും കഴിഞ്ഞ 5 വർഷക്കാലമായി ഞാൻ പാസ്റ്റർ ആയും, സുവിശേഷകനായും കർത്തൃശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നു. ഞാൻ 1993 ലാണ് കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചത്. എനിക്ക് കർത്തൃശുശ്രൂഷ ചെയ്യുവാൻ ആഗ്രഹമുണ്ടായി. ഏതെങ്കിലും ബൈബിൾ കോളേജിൽ നിന്ന് വേദപുസ്തകസംബന്ധമായ അറിവ് നേടണമെന്ന് ആഗ്രഹിച്ചു എന്നാൽ വിദ്യാഭ്യാസമുള്ളവർക്കുവേണ്ടിയുള്ള ബൈബിൾ കോളേജുകളിൽ എനിക്ക് പ്രവേശനം ലഭിച്ചിരുന്നില്ല. കാരണങ്ങൾ പലതാണ്. നിരക്ഷരനായ എനിക്ക് വേദപുസ്തകം വായിക്കാൻ കഴിയുകയില്ലായിരുന്നു, നോട്ടുകൾ എഴുതി എടുക്കാനോ വായിച്ചറിയാനോ സാധിക്കുമായിരുന്നില്ല. സർവ്വോപരി, ബൈബിൾ കോളേജുകളിലെ ബോധനരീതി വിദ്യാഭ്യാസം ഉള്ളവർക്കുവേണ്ടിയുള്ള ലക്ചർ ആയിരുന്നു, സാക്ഷരതാ ബോധനരീതി ആയിരുന്നു.” “എന്റെ കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും സുവിശേഷം അറിയിപ്പാൻ ഞാൻ വെമ്പൽക്കൊള്ളുകയായിരുന്നു. ഈ സാഹചര്യത്തിൽ കർത്താവ് ഞങ്ങളുടെ നാട്ടിലേക്ക് TGSP പദ്ധതി കൊണ്ടുവന്നു, ഞങ്ങളുടെ ജീവിതത്തിലേക്ക് പ്രസ്തുത സുവിശേഷ ശുശ്രൂഷ കടന്നു വന്നു. ആയതിനായി ഞാൻ ദൈവത്തെ അധികമായി സ്തുതിക്കുന്നു. STS ശൈലിയിൽ ഞാൻ 155 കഥകൾ പഠിച്ചു ഇപ്പോൾ എനിക്ക് സാക്ഷരരോടും, നിരക്ഷരരോടും സുവിശേഷം അറിയിപ്പാൻ കഴിയുമെന്ന സന്തോഷ വാർത്ത ഏവർക്കുമായി പങ്കു വച്ചുകൊള്ളട്ടെ.”

   (Y. ബാബു സുവിശേഷകൻ/ പാസ്റ്റർ എം. എം. ബി.സി. കർണാടക, ഇൻഡ്യ)

2. “ദൈവവചനത്തിൽ അന്തർലീനമായിരിക്കുന്ന ആത്മീക നിധികൾ അന്വേഷിച്ച് കണ്ടുപിടിക്കുന്നതിൽ സജീവമായി പ്രവർത്തനനിരതരായിരിക്കുന്ന ഒരു സംഘം ആളുകളെക്കുറിച്ച് സങ്കല്പിച്ചുനോക്കുക. വിഭിന്ന സംസ്കാരങ്ങളിൽ നിന്നുള്ളവരും വിവിധ പ്രായത്തിലുള്ളവരും, വിശ്വാസികളോ അവിശ്വാസികളോ ആയുള്ളവരും ഒരുമിച്ച് തിരുവചനത്തിലെ ഗുപ്തനിധികൾ താല്പര്യപൂർവ്വം അന്വേഷിച്ചുകൊണ്ടിരിക്കുന്നു. “കഥകൾ മാത്രം” പദ്ധതിയുടെ ഒരു മാതൃകാപഠന സംഘത്തിന്റെ ഛായാചിത്രമാണ് നിങ്ങൾ ഇപ്പോൾ കാണുന്നത്”.

“മിഷണറി പ്രവർത്തനത്തിൽ ഞങ്ങൾ STS ശൈലി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. മുതിർന്നവർക്കു വേണ്ടി ഭവനങ്ങളിൽ നടത്തപ്പെടുന്ന ബൈബിൾ പഠനത്തിലും, കുട്ടികൾക്കുവേണ്ടിയും, യുവാക്കൾക്കു വേണ്ടിയുമുള്ള സുവിശേഷീകരണ ശുശ്രൂഷകളിലും ഞങ്ങൾ ഇത് ഉപയോഗിക്കുന്നു. പ്രസംഗങ്ങളിലും STS ശൈലിയും, ആശയങ്ങളും ഉപയോഗിക്കപ്പെടുന്നു.”

(പാസ്റ്റർ ക്രീസ് ജോൺസൺ - കാൽവറിചാപ്പൽ, യു.എസ്.എ.)

3. “കഥകൾമാത്രം” പദ്ധതി, സഭകൾക്കുവേണ്ടി ആഗോളാടിസ്ഥാനത്തിൽ ദൈവം നൽകിയിരിക്കുന്ന സുവിശേഷീകരണ സാങ്കേതിക വിദ്യയാണ് നമ്മുടെ കാലഘട്ടത്തിലും, സമയത്തിലും സുവിശേഷീകരണ ദൗത്യം പൂർത്തീകരിക്കപ്പെടുന്നതിന് ഈ പദ്ധതി ഉപയോഗിക്കേണ്ടതാകുന്നു. അനേക നൂറ്റാണ്ടുകളായി നമ്മൾ ഒരേരീതിയിൽ തിരുവചനം അവതരിപ്പിച്ചുകൊണ്ടിരിക്കുയാണല്ലൊ. (വിവരണാത്മകമായ പ്രസംഗ ശൈലിയിലൂടെ), പക്ഷേ അതിന് പല പരിമിതികളും ഉണ്ടെന്ന് നമ്മൾ കണ്ടുകഴിഞ്ഞു.”

“ഈ പ്രമാണഗ്രന്ഥത്തിലൂടെ STS പ്രവർത്തനരീതികൾ പഠിച്ചതുകൊണ്ട് എനിക്ക് ധൈര്യമായി പറയുവാൻ കഴിയുന്നുണ്ട്. ശിഷ്യത്വ പ്രകരണത്തിന് നല്ലൊരു പുതിയ മാർഗ്ഗം വന്നിരിക്കുന്നു എന്ന്. STS എന്റെ വിശ്വദർശനം മാറ്റിയിരിക്കുന്നു; വിപുലമായ രീതിയിൽ തിരുവചനത്തിലേക്ക് എന്റെ കണ്ണുകളെ തുറന്നിരിക്കുകയാണ്. സാക്ഷരത വളരെ ഉയർന്ന നിലവാരത്തിലുള്ള ദക്ഷിണ സുഡാനിൽ STS ന്റെ പ്രവർത്തനം വളരെ പ്രസക്തവും പ്രധാനവുമാണല്ലൊ. അവിടെ STS ന്റെ സ്വാധീനശക്തി എന്നെപ്പോലെ വിദ്യാഭ്യാസമുള്ളവർക്കും പ്രയോജനം നൽകുന്നുണ്ട്.”

“ഭൂലോകം എമ്പാടുമുള്ള എല്ലാ ക്രിസ്തീയ നേതാക്കൾക്കും, ഞാൻ ഈ വിജ്ഞാനസ്രോതസ്സിനെ അതിശക്തമായി ശുപർശ ചെയ്യുന്നു. ദൂരദേശങ്ങളിലേക്ക്, അതിവിപുലമായി, TGSP അതിന്റെ പലിശീലന പ്രവർത്തനങ്ങൾ ഇരട്ടിയായി പ്രചരിപ്പിക്കുമെന്ന് പ്രത്യാശിക്കുന്നു. അതിനായി ഞാൻ പ്രാർത്ഥിക്കുന്നു. ഈ പ്രമാണ ഗ്രന്ഥം, ആ പ്രവർത്തനങ്ങളുടെ നല്ല പ്രാരംഭം കുറിക്കുന്നതിന് നിങ്ങൾക്ക് സഹായകരമാകും. യോഗ്യതാ സർട്ടിഫിക്കേറ്റ് നേടിയിട്ടുള്ള അദ്ധ്യാപകർ ഇതിന്റെ പരിശീലന പ്രക്രീയകൾ നിർവ്വഹിക്കുന്നതാണ്.”

(റവ. ഡാനിയേൽ ഛരഗായി ഗാക് - ആംഗ്ലിക്കൻ ചർച്ച് ഓഫ് സുഡാൻ)

## നിർദ്ദേശം നൽകലും, വിപുലീകരണവും

1. TGSP യുടെ ആധികാരിക പ്രവർത്തനസമിതിയിലെ അംഗീകൃത പ്രവർത്തകരാൽ പരിശീലനം നേടിയ മൂന്നു പേരിൽനിന്നുള്ള അനുഭവസാക്ഷ്യങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അവർ പരിശീലനം നേടിയിട്ട് മറ്റു പലർക്കും പരിശീലനം നൽകി-അവർ മറ്റുള്ളവരെ പരിശീലിപ്പിക്കുന്നു - ഇത് ദൈവത്തിന്റെ പദ്ധതി അല്ലേ?

2. എംബുവിലുള്ള ഒരു ബിഷപ്പ് എഴുന്നേറ്റ് ഇപ്രകാരം എന്നോട് പറഞ്ഞു “ സഭ കുഴപ്പത്തിലാണ്. കാരണം, സഭയ്ക്ക് വേദപുസ്തകാനുസാരികളായ പിതാക്കന്മാർ ഇല്ലാത്തതാണ്. താങ്കളെ പരിശീലപ്പിച്ചവരോട് ദയവായി പറഞ്ഞാലും” ബ്രാമുവേലിനെ ബിഷപ്പുമാരുടെ പിതാവായിരിക്കുവാൻ ശാക്തീകരണം നൽകിയതിന് നന്ദി പറയുന്നു, എന്ന്.

(ബ്രാമുവേൽ മൂസ്യാ- CEO നേർപാതാസ്രോതസ്സുകൾ, കെനിയാ)

3. STS രീതികൾ മുൻകാലത്തേക്കാൾ അധികം ആത്മീകനേതാക്കളെ പരിശീലിപ്പിച്ച് എടുക്കുവാൻ നമ്മെ സഹായിച്ചിട്ടുണ്ട്. ആത്മീകനേതാക്കളെ വാർത്തെടുക്കുന്നതിനും, അവരെ സഭകളിൽ ശുശ്രൂഷകരായി നിലനിർത്തുന്നതിനും, മിഷണറി മേഖലയിലേക്ക് അയയ്ക്കുന്നകിനുമൊക്കെ സഭാ വികസനം സംഭവിച്ചുകൊണ്ടിരിക്കുന്നത് സഹായകമാകുന്നുണ്ട്. ദൈവത്തിന്റെ തിരുവചനങ്ങൾ സാക്ഷരർക്കും, നിരക്ഷരർക്കും, യുവാക്കൾക്കും, വയോ വൃദ്ധർക്കും എല്ലാവർക്കും ഒരുപോലെ പ്രയോജനകരമാകുന്നു. നമ്മുടെ ത്രീയേക ദൈവവുമായുള്ള സന്തുഷ്ടമായ കൂട്ടായ്മയ്ക്ക് ഇത് ഒരു സമ്പുഷ്ടാഹാരം തന്നെയാണ്.

(ഡോക്ടർ മാർക് മുനിയപ്പാ, ആൾ ഇൻഡ്യ കൗൺസിൽ/ ടി.ജി.എസ്.പി. ഇൻഡ്യാ)

4. നിങ്ങളോട് എല്ലാമുള്ള എന്റെ കൃതജ്ഞത പ്രകടമാക്കുന്നതിന് ഞാൻ ഏതെല്ലാം വാക്കുകളാണ് ഉപയോഗിക്കേണ്ടത്? എനിക്ക് കർത്താവിനോട് അളവില്ലാത്ത കൃതജ്ഞതയുണ്ട്, അപ്രകാരം തന്നെയാണ് 'കഥകൾ മാത്രം' എന്ന ഈ ഉപകരണത്തോടും കഴിഞ്ഞ 20 വർഷക്കാലത്തെ എന്റെ ശുശ്രൂഷാവേളയിൽ എനിക്ക് ഏറ്റവും ഉപകാരപ്രദമായിത്തീർന്നത് STS ആകുന്നു. ദൈവവചനത്തിന്റെ അഗാധതകളിലേക്ക് കടന്നു ചെയ്യുന്നതിന് STS പ്രക്രീയ നിസംശയമായും എന്നെ സഹായിച്ചിരിക്കുന്നു. ദൈവ വചനത്തിന്റെ ആഴവും പരപ്പും എനിക്കും കണ്ടെത്തുവാൻ കഴിയുന്നു. എന്റെ സുവിശേഷീകരണ സംഘടനത്തിലും ഇത് എന്നെ ഒട്ടേറെ സഹായിക്കുന്നു. ആത്മീകമായി അനേകം പ്രായോഗീക പ്രവർത്തനങ്ങൾ എനിക്ക് കണ്ടെത്തുവാനും, ചെയ്യുവാനും കഴിയുന്നു. ഞാൻ ഈ പദ്ധതിയിൽ നിന്ന് പഠിച്ചതായ ഒരു സംഗതി ശ്രദ്ധേയമാണ്. തീരുമാനങ്ങൾ എടുക്കുന്നതിനുമുമ്പ് പല പല വ്യവസ്ഥകളെക്കുറിച്ച് ചിന്തിക്കുകയും, ഉചിതമായത് തെരഞ്ഞെടുക്കുകയും ചെയ്യുക. കൂടാതെ, തെരഞ്ഞെടുക്കുന്ന തീരുമാനങ്ങളുടെ ഭാവി ഫലങ്ങളും, പ്രത്യാഘാതങ്ങളും എന്തായിരിക്കാം എന്നുകൂടി ചിന്തിക്കുക. എന്റെ പ്രവർത്തക സംഘത്തെ അപ്രകാരം ദീർഘ വീക്ഷണമുള്ളവരാക്കുവാനും ഈ പദ്ധതി എന്നെ സഹായിക്കുന്നുണ്ട്.

(രമേശ് സപ്കോട്ടാ, സി. ഇ. ഒ. കിങ്ടം ഇൻവസ്റ്റുമെന്റസ്

നേപാൾ, ഓർഗനൈസേഷൻ ഫൈറ്റിംഗ് എഗൻസന്റ് ഹ്യൂമൺ ട്രാഫികിംഗ്)

5. ആദ്യമായിത്തന്നെ ഞാൻ ദൈവമഹത്വവും, എന്റെ ഹൃദയംഗമമായ കൃതജ്ഞതയും, നമ്മുടെ സർവ്വശക്തനായ കർത്താവ് ക്രിസ്തുയേശുവിന് നൽകുന്നു. അനന്തരം എന്റെ സഹപ്രാർത്ഥനാ ജ്യേഷ്ഠനായ ബ്രദർ രമേശിനും എന്റെ കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

ഞങ്ങൾ തമ്മിൽ കണ്ടുമുട്ടിയപ്പോൾ ഞാൻ ക്രിസ്തീയ ശുശ്രൂഷയിൽ പുതുമുഖം ആയിരുന്നു. എന്റെ ശുശ്രൂഷകൾ ഒരു നവജാതശിശുവിനെപ്പോലെ ബാലാരിഷ്ടതകളിൽ ആയിരുന്നു. എന്റെ ശുശ്രൂഷകളെ പോഷിപ്പിക്കുന്നതിന് ഒരു ആത്മീക മാതാവ് അത്യാവശ്യമായിരുന്നു. ബ്രദർ രമേശ് എനിക്ക് STS പരിശീലനം നൽകി. എല്ലാറ്റിന്റെയും പ്രാരംഭം അതായിരുന്നു. ആ കാലത്ത് ഞങ്ങൾ ക്രിസ്തുവിലായവർ വളരെ കുറച്ചുപേരേ ഉണ്ടായിരുന്നുള്ളൂ അന്ന് ഒരു കൂട്ടായ്മയേ ഉണ്ടായിരുന്നുള്ളൂ. ദുർബലവുമായിരുന്നു എന്റെ സഭയിൽ അദ്ദേഹം STS പദ്ധതി തുടർന്ന് നടത്തി. ഇപ്പോൾ, വളരെ കുറച്ച് സമയം കൊണ്ടു തന്നെ, STS പദ്ധതിയിലൂടെ ദൈവം എട്ട് സഭകൾ ആരംഭിക്കുവാൻ സഹായിച്ചു ഈ വർഷം പുതുതായി രണ്ട് സഭകൾ കൂടി ആരംഭിക്കുവാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നു. സഭ വിപുലീകരണത്തിനായി ഞാൻ STS ശൈലിയാണ് ഉപയോഗിച്ചത്. STS പരീശീലനത്തിൽ സംബന്ധിക്കുന്നതിന് എനിക്ക് ക്ഷണം ലഭിച്ചത് ഇതിന് കാരണമായിത്തീർന്നു. എന്റെ സഭയുടെ, സഹസഭാനേതാവിനും അവിടെ പരിശീലനം ലഭിച്ചു എന്നെക്കാൾ മെച്ചമായി അദ്ദേഹം STS ശൈലി പ്രയോഗിക്കുന്നു. ബ്രദർ രമേശ്, താങ്കൾക്ക് നന്ദി.

ഞാൻ ഒരു ചിത്രശലഭത്തിന്റെ ഉടൽ മാത്രമായിരുന്നു. താങ്കൾ അതിനെ സുന്ദരമായ ഒരു ചിത്രശാലഭ മാക്കിത്തീർത്തു! STS നുവേണ്ടി അദ്ധ്വാനിച്ചവരും പ്രവർത്തിച്ചവരുമായ എല്ലാവർക്കും ആയി കർത്താവിന്റെ ദാസന് ഞാൻ നന്ദി പറയുന്നു. ദൈവത്തിന്റെ നാമം മഹത്വപ്പെടട്ടെ. എന്റെ ശുശ്രൂഷകളെയും എന്നെയും അനുഗ്രഹിക്കേമേ.

(പാസ്റ്റർ കൃഷ്ണാ പി. ഗിമൈർ, അസിസ്റ്റന്റ് ജനറൽ സെക്രട്ടറി,

നാഷണൽ ചർച്ചസ് ഫെലോഷിപ്പ് ഓഫ് നേപ്പാൾ)

6. "സുവിശേഷീകരണമിഷൻ പ്രവർത്തനങ്ങളിൽ ഞാൻ ദൈവീക തത്വജ്ഞാനിയും, പണ്ഡിതനുമായി പ്രവർത്തിക്കുന്നു. ഫുള്ളർ തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ഞാൻ Ph.D. സമ്പാദിച്ചിട്ടുണ്ട്. അനേകവർഷങ്ങളായി ഞാൻ ഉന്നതസാക്ഷരതയുള്ള ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, എനിക്ക് ബോദ്ധ്യമായ ഒരു സംഗതി. ഞാൻ ഇതുവരെയും പാശ്ചാത്യവിദ്യാഭ്യാസ രീതിയിൽ "മസ്തിഷ്ക്കത്തിന്റെ ഇടതുഭാഗം" ഉപയോഗിക്കുന്ന ഇനം ബോധനരീതി നടത്തുകയായിരുന്നു എന്നതാണ്. (അപ്രഗ്രഥനരീതിയിൽ, ആശയങ്ങളെ പരസ്പരം വിഘടിപ്പിച്ച് ലെക്ചർ ചെയ്യുകയായിരുന്നു.)"

"STS ന്റെ ജീവസ്സുറ്റ പ്രവർത്തന ശൈലിയിലൂടെ എനിക്ക് നവീനമായ ഉണർവ്വുണ്ടായി. മിസ്സിസ്സ് ഡോറതി മില്ലർ ആവിഷ്കരിച്ചിട്ടുള്ള STS ശൈലിയും, അവർ നയിക്കുന്ന വികസ്വരമായ STS പ്രസ്ഥാനവും എനിക്ക് മനസ്സിലാക്കിത്തന്ന സത്യം ഇതാണ്. ഏറ്റവും വലിയ ഗുരുവായ യേശു അക്കാലത്തെ സാക്ഷരതരെയും നിരക്ഷരരായ സാധാരണക്കാരെയും, കഥകൾ (ഉപമകൾ) ഉപയോഗിച്ചാണല്ലോ പഠിപ്പിച്ചത്. യേശുവിന്റെ കാലഘട്ടത്തിൽ ഉണ്ടായിരുന്ന തോറാപണ്ഡിതന്മാരെ അത്ഭുതസ്തബ്ധരാക്കിക്കൊണ്ടാണ് യേശു ഉപമകളിലൂടെ പഠിപ്പിച്ചത്. STS ശൈലിയിൽ കഥകൾ അവതരിപ്പിക്കുന്ന ഒരു പരിശീലകനായ ഞാൻ അറിയപ്പെട്ടതോടെ എന്റെ ശുശ്രൂഷ യബുദജനങ്ങളുടെ ഇടയിലേക്ക് വ്യാപിക്കപ്പെട്ടു".

"ഞാൻ ഓരോ കഥയെയും വീണ്ടും പഠിക്കേണ്ടി വന്നു. എന്റെ പ്രവർത്തനത്തിൽ അത് STS ശൈലിയിൽ ഉപയോഗിക്കുവാൻ പരിശീലിച്ചു എന്റെ പരമ്പരാഗത ബോധന രീതിയോടുള്ള എന്റെ മാനസീക ബന്ധം മാറ്റുകയും, തിരുവചനത്തെ സജീവമായും, സാർത്ഥകമായും, സ്വാധീനശക്തിയുള്ളതായും അവതരിപ്പിക്കുവാൻ പഠിക്കുകയും ചെയ്തു."

അത്യന്താധുനീക പാശ്ചാത്യലോകത്തിൽ കഥാകഥനത്തെ തെറ്റുകൾ തിരുത്തി പുനരുദ്ധരിക്കുനനതിന് STS ശൈലി പ്രേരണയും പ്രചോദനവും നൽകുന്നുണ്ട്. അപ്രകാരം തന്നെ പാശ്ചാത്യേതരരാജ്യങ്ങളിൽ സഭയുടെ വികാസവും വളർച്ചയും വാചിക പഠിതാക്കളുടെ ഇടയിൽ അഭൂതപൂർവ്വമായി സംഭവിക്കുന്നതിനും ഇത് സഹായകമായിത്തീരുന്നു. ഓരോരോ നിയുക്ത അദ്ധ്യാപകനും തന്റെ വിളിയും തെരഞ്ഞെടുപ്പും അഭികാമ്യമായി വികസിതമാകുന്നത് മനസ്സിലാക്കുവാൻ കഴിയും, വേദപുസ്തകകഥകൾ തന്മയത്വമായി STS ശൈലിയിൽ അവതരിപ്പിക്കുന്നതിലൂടെ. പ്രസ്തുത ലക്ഷ്യത്തിൽ എത്തുന്നതിനായി STS പദ്ധതി ഉപയോഗിക്കുന്നതിന് ഞാൻ ശുപാർശ ചെയ്യുകയാണ്."

(ബിൽ ബ്ജോറാകർ Ph.D, പ്രഫസ്സർ ഓഫ് യൂദിയോ-ക്രിസ്റ്റ്യൻ സ്റ്റഡീസ്,
വില്യംകേറീ ഇന്റനാഷണൽ യൂണിവേഴ്സിറ്റി, യു.എസ്.എ.)

7. “സാമൂഹ്യ നീതിയുടെ അവസരങ്ങൾക്കായി ക്രിസ്തീയ ലോകത്തിൽ പലരും തിരക്കുപിടിച്ച് ഓടി ക്കൊണ്ടിരിക്കുകയാണ്' യാഥാർത്ഥത്തിലുള്ള നീതിക്കുവേണ്ടി ഭൂലോക ജനതയുടെ ഭൂരിഭാഗവും വിശ ക്കുകയും ദാഹിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ആ വിശപ്പും ദാഹവും ശമിക്കണമെങ്കിൽ ദൈവവചനം ഉൾക്കൊള്ളണം. ദൈവവചനത്തിന് - യേശു ക്രിസ്തുവിന്-മാത്രമേ മനുഷ്യന്റെ നീതി ദാഹത്തിന്, നീതിക്കായുള്ള വിശപ്പിന് ആത്യന്തികമായ ശമനവും, സംതൃപ്തിയും നൽകുവാൻ കഴിയു കയുള്ളൂ”

“കഥകൾമാത്രം” പദ്ധതിയിലൂടെ പ്രാവർത്തികമാകുന്ന ഗാഢമായ ശിഷ്യത്വപ്രകരണം, യേശുവിന്റെ അത്ഭുതകരവും, വിസ്മയകരവുമായ ശോഭയും, മഹത്വവും പ്രകടമാക്കുന്നുണ്ട്.

“STS ശൈലിയെ നമ്മൾ നമ്മുടെ കൊച്ചുമക്കൾക്ക് ധ്യാനത്തിനായുള്ള വഴികാട്ടിയായി ഉപയോഗിക്കുക യാണ്. നമ്മുടെ സഭകളിലെ പാസ്റ്റർമാർ എല്ലാവരും STS ശൈലിയിൽ പരിശീലനം നേടിയവരാകയാൽ ചെറിയ സംഘങ്ങളിൽ യുവാക്കളെ പഠിപ്പിക്കുന്നതിനും STS ഉപയോഗിക്കുന്നു. നമ്മുടെ മിഷൻ പ്രവർത്ത നങ്ങളുടെ പാസ്റ്ററും, കമ്മിറ്റി അംഗങ്ങളും ഇപ്പോൾ STS പ്രവർത്തനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ധനം സമാഹരിക്കുവാനും, സ്വരൂപിച്ച് വയ്ക്കുവാനും ശ്രദ്ധാലുക്കളായിരിക്കുന്നു. ആഫ്രിക്കയിലുള്ള STS പ്രോഗ്രാ മുകൾക്കും വാചിക ബൈബിൾ സ്കൂളുകൾക്കുമായി പണം അയച്ചുകൊടുക്കുവാനും അവർ ശ്രദ്ധിക്കു ന്നു.”

“പരസ്പരം ബന്ധപ്പെടുത്തിയുള്ള വേദപുസ്തകപഠനം, സുവിശേഷീകരണം, ശിഷ്യതരൂപീകരണം മുത ലായവ വളർന്നുകൊണ്ടേയിരിക്കുന്നു. ഞങ്ങളെ കൂടെ കൂടെ അമേരിക്കയുടെ ഉൾനാടൻ നഗരങ്ങളി ലേക്ക് ക്ഷണിച്ചുകൊണ്ടിരിക്കുന്നു. അവിടങ്ങളിലെല്ലാം കള്ളപ്രവാചകന്മാരും, കപട സുവിശേഷങ്ങളും കടന്നുചെന്ന് ജനങ്ങളിൽ നിരാശയും, നിരാശ്രയത്വവും ഉളവാക്കിക്കൊണ്ടിരിക്കയാണ്. മനുഷ്യനിർമ്മി തമായ ഐശ്വര്യവും, സംസ്കാരങ്ങളും മനുഷ്യജീവിതങ്ങളിലേക്ക് നുഴഞ്ഞുകയറിക്കൊണ്ടിരിക്കുന്നു. ലൈംഗീക ജീവിതവും, ആഡംബരത്വവും ജനങ്ങളെ നിരർത്ഥകതയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ ആശയും ആശ്രയവും നൽകുന്നത് സത്യസുവിശേഷം മാത്രമാണ്. STS ശൈലിയിൽ, നമ്മുടെ കർത്താവിന്റെ ബോധന രീതി ഉപയോഗിച്ചുകൊണ്ട് ജനങ്ങൾക്ക് ജ്ഞാനവും ആത്മീകദർശനവും നൽകുവാൻ നാം ഉദ്യമിച്ചാൽ മാനവരാശിക്ക് വീണ്ടെടുപ്പിന്റെ അനുഭവം നൽകുവാൻ കഴിയും. അതിലേ ക്കായി നമുക്ക്, STS മുഖേന, ഒരു ബോധന പദ്ധതി പ്രായോഗികമാക്കാവുന്നതാണ്. തകർന്നുകൊണ്ടി രിക്കുന്ന സംസ്കാരങ്ങളിൽ നിന്ന് സാമൂഹിക ജീർണ്ണതകളിൽ നിന്ന് മാനവരാശിയെ വീണ്ടെടുക്കു വാനും മാനുഷീക മൂല്യങ്ങൾ വീണ്ടും നേടിയെടുക്കുവാനുമായി STS ബോധന പദ്ധതിയെ പ്രാവർത്തി കമാക്കാൻ ശ്രദ്ധിക്കാം, അതിനായ പരിശ്രമിക്കാം.”

(മാർക്സാൻഡ്സ്-പ്രസിഡന്റ് ചർച്ച് ബിൽഡർ ഫൗണ്ടേഷൻ, ഗ്ലോബൽ)

# അനുബന്ധം D.

# ഒരു നായകന്റെ കണ്ടുപിടുത്തം

## പുറം ലോകവുമായി ബന്ധപ്പെടാൻ അനുവാദമില്ലാത്ത രാജ്യത്ത് സുവിശേഷം അറിഞ്ഞിട്ടില്ലാത്ത ജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കാനെത്തിയ ഒരു മിഷണറി

"വാചികമായ ബൈബിൾ ബോധന രീതിയെക്കുറിച്ച് ഞാൻ ആദ്യം കേട്ടപ്പോൾ എനിക്ക് അതിൽ ഒട്ടും തന്നെ താല്പര്യം തോന്നിയില്ല. കുട്ടികൾക്കുള്ള കഥകൾ പറഞ്ഞുകൊണ്ട് നമുക്ക് ഒരു സഭ സ്ഥാപിക്കാൻ സാദ്ധ്യമല്ലെന്ന് ഞാൻ യുക്തി യുക്തം വാദിക്കാൻ ശ്രമിച്ചു. എന്നാൽ, ഒരു മിഷൻ കോൺഫ്രൺസിൽ സംബന്ധിക്കാനായി ഞാൻ USAയിൽ ചെന്നപ്പോൾ ഒരു അദ്ധ്യാപക ദമ്പതികളുടെ ഭവനത്തിലാണ് പാർത്തത്. അവർ ഭൂലോകമെമ്പാടും വാചികമായി വേദപുസ്തകസംബന്ധമായ നിപുണതകൾ പഠിപ്പിക്കുന്ന അദ്ധ്യാപകരായിരുന്ന. ഞാൻ  അവരോട് വാചിക ബോധനത്തെക്കുറിച്ച് നിരവധി ചോദ്യങ്ങൾ ചോദിച്ചു. ഞാൻ അവരോടൊപ്പം സഞ്ചരിക്കുകയും ചെയ്തു. അവർ നടത്തിയ ഒരു വാചിക പരിശീലനക്ലാസ്സിന്റെ വീഡിയോ ചിത്രം തയ്യാറാക്കാൻ സൗകര്യമുണ്ടായി. ഒരു വാരാന്ത്യത്തിലാണ് അത് നടത്തപ്പെട്ടത്.

സഭയും, സഭാവിശ്വാസികളും ദൈവവചനത്തിൽ അടിയുറച്ചവർ ആയിരിക്കണം എന്ന ഉറച്ച വിശ്വാസം എനിക്ക് ഉണ്ടായിരുന്നു. ഒരു വിശ്വാസി തിരുവചനം ഗഹനമായി അറിയുകയും ജീവിതത്തിൽ പ്രായോഗികമാക്കുകയും വേണം. തിരുവചനത്തെ ശരിയായി വിഭജിച്ച് പങ്കിടുകയും ഭക്ഷിക്കുകയും ചെയ്യണം. ഇതിൽ കുറവായുള്ള ഏത് വിശ്വാസവും, സഭയും കപട ഭക്തിയാകുന്നു. അവിടെ പ്രശ്നങ്ങളുടെ കൂമ്പാരം ആയിരിക്കും ഉണ്ടായിരിക്കുന്നത്.

അനേക വർഷങ്ങളായി എന്റെ മനസ്സിൽ രൂഢമൂലമായിട്ടുള്ള ചിന്താഗതിയാണ് പരസ്പരബന്ധമുള്ള വിഷയങ്ങളായി വേദപുസ്തകപഠനം നടത്തുന്നതാണ് ശരിയെന്ന്. ഓരോ വിഷയത്തിനും അനുബന്ധമായുണ്ടാകുന്ന വിഷയങ്ങളെ പഠിക്കുക. അങ്ങനെ വിഷയങ്ങൾക്കും ആശയങ്ങൾക്കും തമ്മിൽ യുക്തി സഹവും വിഷയാനുക്രമവുമായ ബന്ധം ഉണ്ടായിരിക്കണമെന്ന് ഞാൻ വിശ്വസിച്ചിരുന്നു. അത് കാലാകാലങ്ങളിലായി വർദ്ധിക്കയും ചെയ്തിരുന്നു. വാചികമായ ബൈബിൾ ബോധനത്തെക്കുറിച്ചുള്ള അറിവ് ലഭിച്ചിട്ടും എന്റെ ഉറച്ച വിശ്വാസം മങ്ങിപ്പോയില്ല, അത് വർദ്ധിക്കുകയായിരുന്നു.

വാചികമായ രീതിയിൽ വിഷയാനുബന്ധത്തിൽ പരസ്പരതാരതമ്യത്തിലും ചേർച്ചയിലും തിരുവചനം പഠിപ്പിക്കാൻ കഴിയുമെന്ന് അറിവുകിട്ടിയപ്പോൾ എനിക്ക് അത്ഭുതമാണ്, ഞെട്ടലാണ് അനുഭവപ്പെട്ടത്. അത് സാദ്ധ്യമാണോ? ഞാൻ സംശയിച്ചു "അതിന്റെ ആവശ്യം എന്താണ്?" ഞാൻ ജിജ്ഞാസു ആയി.

ഒന്നാമതായി, അതിന്റെ ആവശ്യം എന്താണ്? വാചികമായ ബൈബിൾ നിപുണതകൾ പഠിപ്പിക്കുന്ന വ്യക്തികളെല്ലാം അവരുടെ CDകളും, അവരുടെ അനുഭവസാക്ഷ്യങ്ങളുടെ വീഡിയോ ക്ലിപ്പിങ്ങുകളും ഏല്പിച്ചിട്ടുണ്ട്. വാചികമായി ബൈബിൾ ബോധനം നടത്തേണ്ടതിന്റെ ആവശ്യകതയും, സാദ്ധ്യതകളും, ഞാൻ വിശദമാക്കുന്നതിനേക്കാൾ മെച്ചമായി അവകൾ സംസാരിക്കുന്നതാണ്.

സുപ്രധാനമായ ഒരു വഴിത്തിരിവ് ഉണ്ടായി. അഖില ലോകസുവിശേഷീകരണ മീറ്റിംഗുകൾക്കായുള്ള 2004ലെ "ലാസാന്നെ കമ്മിറ്റി"യിൽ അവതരിപ്പിക്കപ്പെട്ട റിപ്പോർട്ടിലൂടെയാണ് അത് സംഭവിച്ചതെന്ന് എനിക്ക് തോന്നുന്നു. USA, UK മുതലായ സമുന്നത സാക്ഷരതാ നിലവാരമുള്ള രാഷ്ട്രങ്ങളിൽ പോലും വാചികപഠനത്തിന് താല്പര്യമുള്ള ജനങ്ങളുടെ ശതമാനം വർദ്ധിച്ചുകൊണ്ടിരിക്കുന്നതായാണ് ആ റിപ്പോർട്ട് രേഖപ്പെടുത്തിയിരിക്കുന്നത്. സാക്ഷരത വളരെ കുറവുള്ള രാജ്യങ്ങളിൽ ഇതിന്റെ ശതമാനം വളരെ അധികവുമാണ്.

കഴിഞ്ഞ 17 വർഷങ്ങളായി ഞങ്ങളുടെ പ്രവർത്തക സംഘം പ്രവർത്തനരംഗത്തായിരുന്നു. ഞങ്ങൾ സുവിശേഷീകരണത്തിന് വാചിക സമീപനമാണ് സ്വീകരിച്ചത്. ഞങ്ങൾ യാതൊരു ലിഖിതരൂപവും ഉപയോഗിച്ചില്ല. ലഘുലേഖകളോ, പുസ്തകങ്ങളോ ഒന്നും ഉപയോഗിച്ചിരുന്നല്ല. ഞങ്ങളുടെ പ്രവർത്തകസംഘം എല്ലാം പഠിച്ച് ഹൃദിസ്ഥമാക്കി, വാചികമായി സുവിശേഷം അവതരിപ്പിച്ചു. അതിന്റെ ഫലമായി. ഞങ്ങൾക്ക് പ്രത്യക്ഷമായി ഫലം കാണുവാൻ കഴിഞ്ഞു അനേകം പേര് ക്രീസ്തുവിൽ വിശ്വാസം അർപ്പിച്ചു.

ഞങ്ങൾ തുടർന്നു നടത്തിയ പ്രവർത്തനത്തിൽ സാക്ഷരതാരീതി ഉപയോഗിച്ചിരുന്നു. ശ്രോതാക്കൾക്ക് ഞങ്ങൾ ഓരോ ബൈബിൾ നൽകി. അവർ അത് വായിക്കണമെന്ന് നേരിട്ട് പറഞ്ഞു വായിക്കുകയും പഠിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടു സാന്ദർഭികമായി, പരസ്പരബന്ധമുള്ള വിഷയങ്ങൾ കണ്ടെത്തി വായിച്ചു പഠിക്കുവാൻ പറഞ്ഞു. ഈ തുടർപ്രവർത്തനത്തിൽ ഞങ്ങൾ ഞങ്ങളുടെ തല ഒരു ചുവരിൽ ഇടിച്ചതുപോലെ ആയിപ്പോയി. പുതിയ വിശ്വാസികൾ വളർന്നില്ല. തണുത്ത് മരവിച്ചതുപോലെ ആയി, പിന്മാറ്റക്കാർ ആകുകയും ചെയ്തു.

ഞങ്ങൾ കടന്നു ചെന്ന ഒരു ഗ്രാമത്തിൽ ഏകദേശം 20 ആളുകൾ ക്രിസ്തുവിങ്കലേക്ക് അവരെത്തന്നെ സമർപ്പിച്ചിരുന്നു. അവർ വിശ്വാസത്തിൽ ഉറയ്ക്കുകയും വളരുകയും ചെയ്തു. ഞങ്ങൾ അവരോട് നിർബന്ധിച്ചു പറഞ്ഞു തിരുവചനം വായിക്കണമെന്ന്. പരസ്പര ബന്ധത്തോടെ വായിക്കുവാൻ ഞങ്ങൾ പഠിപ്പിച്ചു അതുപോലെ തന്നെ അവരോടൊത്ത് ഞങ്ങൾ സമയം ചെലവിടുകയും ഞങ്ങളുടെ അനുഭവങ്ങൾ പങ്കിടുകയും ചെയ്തു.

“ക്രിസ്തുവിനെ പിന്തുടരുവാൻ ക്ലേശങ്ങൾ സഹിക്കുന്ന” കൂട്ടർ എന്ന് നിങ്ങൾ വിളിക്കുന്ന ഇനം ആളുകൾ ആരും തന്നെ ഇന്ന് കാണപ്പെടുന്നില്ല. അനേകർക്കും താല്പര്യമുണ്ടായിരുന്നു. പക്ഷേ ഇത്രകാലമായിട്ടും അവർ യഥാർത്ഥത്തിൽ തിരുവചനം വായിച്ച് ഗ്രഹിച്ചിട്ടില്ല. അത് അവരുടെ ഹൃദയങ്ങളിലേക്ക് ഇറങ്ങിയിട്ടില്ല. വായനയും പഠനവും അവർക്ക് സാദ്ധ്യമായിട്ടില്ല; അവർ അങ്ങനെ ചെയ്തിട്ടുള്ളതായി ഞാൻ ചിന്തിക്കുന്നില്ല.

എന്തിന് അധികം - എന്താണ് കൂടുതൽ പറയുക? അവർ തിരുവചനം കൈകളിൽ എടുക്കയോ, വായിക്കുകയോ, ഗ്രഹിക്കുകയോ, മറ്റുള്ളവരുമായി പങ്കു വയ്ക്കുയോ ചെയ്തിട്ടില്ല. നമ്മൾ സുവിശേഷശുശ്രൂഷ ആർക്കുവേണ്ടി ചെയ്യുന്നുവോ, അവർ മറ്റുള്ളവർക്കായി സുവിശേഷം പങ്കിടുന്നില്ലെങ്കിൽ നമുക്ക് എപ്രകാരം സുവിശേഷം കേട്ടിട്ടില്ലാത്തവർക്ക് ഫലപ്രദമായി സുവിശേഷം എത്തിക്കുവാൻ കഴിയും?

വാചികമായി ബൈബിൾ പഠിപ്പിക്കുന്നതുകൊണ്ട് അടിസ്ഥാനപരമായ അനേക നേട്ടങ്ങൾ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഒന്നാമത് വേദപുസ്തകസത്യങ്ങൾ വായിച്ചു മനസ്സിലാക്കുവാൻ നമ്മൾ ചുമതലപ്പെടുത്തുന്നതിലും അധികം സംഗതികൾ വാചിക ബോധനത്തിലൂടെ ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. രണ്ടാമതായി, ആളുകൾ അവർ കേൾക്കുന്ന കാര്യങ്ങൾ മറ്റുള്ളവരോട് പറഞ്ഞു പ്രചരിപ്പിക്കും - ഇതാണ് ആത്യന്തികമായ “പ്രത്യുല്പാദക സുവിശേഷീകരണ ശുശ്രൂഷ”.

മറ്റൊരു നേട്ടം, കർശന നിയന്ത്രണങ്ങൾക്ക് വിധേയരായിട്ടുള്ള ജനങ്ങൾക്ക് അവരുടെ മേലധികാരികളുമായി യാതൊരു സമ്പർക്കവുമില്ല എന്നതാണ്. അവർ അറിയുന്ന കാര്യങ്ങൾ മേലധികാരികളുടെ ശ്രദ്ധയിലേക്ക് വലിച്ചിഴയ്ക്കുകയില്ല. എനിക്ക് മുമ്പോട്ടു പോകാൻ കഴിഞ്ഞു. വീണ്ടും, ഞാൻ എന്റെ പക്കൽ കിട്ടിയ CDകളും വീഡിയോ ക്ലിപ്പിങ്ങുകളും കൂട്ടിച്ചേർത്ത് പ്രദർശിപ്പിക്കുവാൻ തുടങ്ങി. വാചിക ബോധനത്തിന്റെ പ്രവർത്തന തന്ത്രങ്ങളും, വിജയവും പ്രസിദ്ധമാക്കുന്നതിന് അത് ഉപകാരപ്രദമായി.

രണ്ടാമത് ഒരു ചോദ്യം എനിക്ക് വളരെ പ്രധാനമായി അനുഭവപ്പെട്ടു.“വാചികരീതിയിൽ വേദപുസ്തകപഠനം വിഷയാനുബന്ധത്തിലും, വേദപുസ്തക വ്യാഖായാനാടിസ്ഥാനത്തിലും എങ്ങനെ നടത്തുവാൻ കഴിയും? എന്ന ചോദ്യം.”

ഇപ്പോൾ പല സംഘടനകളിലും വാചികമായി വേദപുസ്തകപഠനം നടത്തുന്നതിനും, അത് പ്രചരിപ്പിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഉണ്ട്. അന്തർദ്ദേശീയ വാചികത്വ പ്രവർത്തനസംഘടന (ION) യുമായി അവരിൽ പലർക്കും അംഗത്വമുണ്ട്. അതുപോലെ തന്നെ വാചികമായി വേദപുസ്തകം പഠിപ്പിക്കുന്നതിൽ പ്രത്യേകമായ വൈദഗ്ദ്യം നേടുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന സംഘടകനകളും ഉണ്ട്. ഞാൻ അതിൽ പല സംഘടനക്കാരെയും കണ്ടു അവരുടെ ബോധന സാമഗ്രികൾ വാങ്ങി, അവരുടെ വീഡിയോകൾ കണ്ടു. അങ്ങനെ പല കാര്യങ്ങളും മനസ്സിലാക്കുകയും ചെയ്തു.

അതിൽ ഒരു സംഘടനയുടെ പ്രധാന ഓഫീസിലേക്ക് ഞാൻ പോയിരുന്നു; അവരോടു ഞാൻ അന്വേഷിച്ചു. "വേദപുസ്തകം വാചിക രീതിയിൽ പഠിപ്പിക്കുന്നത് എങ്ങനെയെന്ന് പരിശീലിപ്പിക്കുന്ന ഏറ്റവും നല്ല സംഘടന ഏതാണ്? അവർ പറഞ്ഞ മറുപടി "STS" അഥവാ "കഥകൾ മാത്രം" എന്നായിരുന്നു. ഞാൻ അവരുടെ വെബ്സൈറ്റു സന്ദർശിച്ചു. അവരുടെ ബോധന-പഠന-സാമഗ്രികകൾ കൈവശമാക്കി; ഞാൻ അതിൽ നിന്ന് ഗ്രഹിച്ച വിജ്ഞാനത്തിന് ഒരു വ്യത്യസ്ത ഉണ്ടായിരുന്നു.

അവരെ സംബന്ധിച്ച് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, എനിക്ക് വളരെ ഇഷ്ടമായിത്തോന്നി. അതായത് അവർ പരസ്പര ബന്ധത്തോടെയാണ് വാചികരീതിയിൽ കഥകൾ പഠിപ്പിക്കുന്നത് എന്നാണ്. അവർ വേദപുസ്തക ഭാഷ്യം ഉപയോഗിച്ചുകൊണ്ടാണ് വാചിക രീതിയിൽ വേദപുസ്തക ബോധനം നടത്തുന്നത്. മറ്റ് സംഘടനകൾ ബോധനം നടത്തുന്നതുപോലെയോ, അതിനേക്കാൾ മെച്ചമായോ അവർ വാചിക ബോധനം നടത്തുന്നു. ഞാൻ അന്വേഷിച്ചുകൊണ്ടിരുന്നത് കണ്ടെത്തിയിരിക്കുന്നു. Skype ലൂടെ ഞാൻ അവരോട് സംസാരിക്കുവാൻ തുടങ്ങി.

നവംബർ ആരംഭത്തിൽ ഞങ്ങൾക്ക് STS ൽ നിന്ന് രണ്ടു അദ്ധ്യാപകരെ ലഭിച്ചു. അവർ അഞ്ചു ദിവസത്തേക്കുള്ള ഒരു പരിശീലനക്ലാസ് നടത്തി. ആദ്യത്തെ രണ്ടു ദിവസം പരിശീലകർക്കുവേണ്ടി ആയിരുന്നു. (അവർ, ഞങ്ങളുടെ സംഘത്തിൽ നിന്ന്, ഞങ്ങൾ തെരഞ്ഞെടുത്തവരായിരുന്നു.) അടുത്ത മൂന്നു ദിവസം ഞങ്ങളുടെ സംഘത്തിൽ നിന്ന് പരിശീലിപ്പിക്കപ്പെട്ടവർ മറ്റ് പ്രതിനിധികളെ പരിശീലിപ്പിച്ചു STS അദ്ധ്യാപകർ അവരെ സഹായിക്കുയുണ്ടായി. അപ്രകാരം ഈ പദ്ധതി ഞങ്ങളുടെ മിഷൻ പ്രവർത്തനത്തിന് ഫലപ്രദമായി ഉപയോഗിക്കാൻ സാദ്ധ്യമായിത്തീർന്നതുകൊണ്ട് ഞങ്ങൾക്ക് വളരെ ഉത്സാഹമായി, സജീവമായി പരിശീലന പരിപാടികൾ തുടർന്നു നടത്തപ്പെട്ടു.

വളരെ വേഗം ഞങ്ങൾ STS പദ്ധതി പ്രായോഗീകമാക്കി. ഓരോ സ്ഥലത്തുനിന്നും നല്ല പ്രവർത്തന റിപ്പോർട്ടുകൾ കിട്ടിക്കൊണ്ടിരിക്കുന്നു. പദ്ധതി വളരെ വേഗം വളർന്ന് പ്രചരിതമായിക്കൊണ്ടിരിക്കുന്നതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. ഇതിൽ നിന്നും, ഞങ്ങൾ ലിഖിതരൂപത്തിലുള്ള ബോധനം വിട്ടുകളഞ്ഞു എന്ന് ധരിക്കരുത്. വിഷയാനുബന്ധത്തിലും, വേദപുസ്തക ഭാഷ്യാടിസ്ഥാനത്തിലുമുള്ള ബോധനവും നടക്കുന്നുണ്ട്. എത്രയോ വ്യത്യസ്തമാണ് കാര്യങ്ങൾ! വളരെ ഗൗരവാഹമാണ്, STS പദ്ധതി.

നമ്മൾ വാചിക ബോധനത്തിൽ എന്താണ് ചെയ്യുന്നത്?

1) ലിഖിതമായ വചനത്തെ, നമ്മുടെ പഠനത്തിലൂടെ, മനസ്സിൽ ഉറപ്പിക്കുന്നു; പക്ഷേ, അതിന് പകരമായി ത്തീരുന്നില്ല.

2) വായിക്കാൻ കഴിയാത്തവരോ, വായിക്കാൻ അറിഞ്ഞുകൂടാത്തവരോ ആയ പഠിതാക്കൾക്ക് എത്തിച്ചു കൊടുക്കുന്നു.

3) സമൂഹത്തിൽ ഉന്നത നിലവാരമുള്ളവർക്ക് വേഗത്തിൽ പഠിക്കുവാൻ കഴിയും, പക്ഷേ നമ്മൾ തികച്ചും സാധാരണക്കാർക്കുവേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

4) നമ്മൾ സാധാരണയായി വചനം പഠിപ്പിക്കുന്ന സാക്ഷരരെക്കാൾ വേഗത്തിൽ നിരക്ഷരർ വാചികമായി മറ്റുള്ളവരുമായി വചനം പങ്കിടുന്നുണ്ട്. നിരക്ഷരരുടെ ഇടയിൽ വചനം വേഗം പ്രചരിക്കുന്നു.

5) നിയന്ത്രണങ്ങൾക്ക് വിധേയരായി ജീവിക്കുന്ന ജനതയുടെ ഇടയിൽ വചനം പ്രചരിപ്പിക്കുവാനുള്ള ഫലപ്രദമായ മാർഗ്ഗം ഇതാണ്.

6) ബാഹ്യമായ യാതൊരു സാമ്പത്തീക സഹായവും ഇല്ലാതെ, മറ്റ് യാതൊരുവിധ സ്രോതസുകളുടെയും പിൻബലമില്ലാതെ സ്വതന്ത്രമായാണ് ഈ പദ്ധതി നടത്തുന്നത്. ഭൂലോകം എമ്പാടും അതിവേഗത്തിൽ പ്രത്യുല്പാദനം ചെയ്യാൻ കഴിയുന്ന പദ്ധതിയാണ് STS.

വീണ്ടും, ഞാൻ പറഞ്ഞതുപോലെ തന്നെ, ഒട്ടേറെ സംഘടനകളുമായി ബന്ധപ്പെട്ടു ഓരോ സംഘവും മറ്റേതിൽ നിന്ന് വ്യത്യസ്ഥമായിരുന്നു, എന്നുമാത്രവുമല്ല അവയിൽ പലതും വേദപുസ്തകത്തെ വാചികരീതിയിൽ അവതരിപ്പിക്കാറുമില്ല. "കഥകൾ മാത്രം" പദ്ധതിയിൽ വേദപുസ്തക ഭാഗങ്ങൾ കൃത്യമായി അവതരിപ്പിക്കുമ്പോൾ അതിനെ വാചികമായി ചിത്രീകരിക്കുന്നു, പാഠഭാഗത്തിൽ നിന്ന് യാതൊന്നും നീക്കാതെയും തികച്ചും യഥാത്ഥമായി അവതരിപ്പിക്കുകയാണ് STS ൽ ചെയ്യുന്നത്. ആകയാൽ നിങ്ങൾ പകർന്നു നൽകുന്നത് തിരുവചനം അപ്രകാരം തന്നെയാണ്. നമ്മൾ ലിഖിതരൂപത്തിലുള്ള വചനങ്ങളെ വായിച്ച് മനസ്സിലാക്കുന്നതുപോലെ, തിരുവചനം അപ്രകാരം തന്നെ വാചികമായി പങ്കിടുകയാണ് ചെയ്യുന്നത്.

ദൈവത്തിന്റെ തിരുവചനം ലിഖിതരൂപത്തിൽ തയ്യാർ ചെയ്തിരിക്കുന്നതാണ് കാനോൻ, അതാണ് ഉറവിടം. നമ്മൾ അത് പഠിപ്പിക്കണം സമുചിതമായി വ്യഖ്യാനിക്കുകയും വേണം എന്നാൽ, ലിഖിത വചനത്തിൽ നിന്നാണ് നമുക്ക് വാചികമായ വചനങ്ങൾ കിട്ടുന്നത്. നമ്മൾ വാചികമായി പഠിപ്പിക്കുമ്പോൾ വേദപുസ്തകം തുറന്നു പിടിച്ചുകൊണ്ടാണല്ലൊ പഠിപ്പിക്കുന്നത്. നാം അവതരിപ്പിക്കുന്നത് വേദപുസ്തകത്തിൽ നിന്നാണെന്ന് അത് വ്യക്തമാക്കുന്നു. അതിനാൽ നാം സ്ഥാപിക്കുന്നതും സ്ഥിരീകരിക്കുനനതും എന്താണ്? ലിഖിതരൂപത്തിലുള്ള തിരുവചനം - വേദപുസ്തകം - ആണ് യഥാർത്ഥ ഉറവിടം എന്നാണ്.

ആദിമകാലസഭയിൽ, തിരുവചനത്തിൽ നിന്ന് ആളുകൾ വായിച്ചുകേൾപ്പിക്കുകയും മറ്റ് ആളുകൾ അത് ശ്രദ്ധിച്ച് കേൾക്കുകയും ആയിരുന്നു. പൗലോസ് അപ്പോസ്തലൻ ലേഖനങ്ങൾ അയച്ചപ്പോൾ, അത് എല്ലാവരും കേൾക്കെ ആരെങ്കിലും വായിക്കണം എന്ന് പ്രത്യേകിച്ച് ആവശ്യപ്പെടാറുണ്ടായിരുന്നു. ഞാൻ എടുത്തിരുന്ന CD കളിൽ, ഒരെണ്ണത്തിൽ ഞെട്ടിക്കുന്ന ഒരു ചോദ്യം ഞാൻ കാണാനിടയായി. "അന്നു തന്നെ 3000 പേർ സഭയോട് ചേർന്നു" എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ആദിമ കാലത്ത് - ഒന്നാം നൂറ്റാണ്ടിൽ - എഴുത്തും വായനയും അറിയാവുന്നവരുടെ ശതമാനം എത്രയായിരുന്നു? അതിന്റെ ഉത്തരം 5% എന്നാണ് ഞാൻ അറിഞ്ഞിട്ടുള്ളത്.

വേദപുസ്തക സംബന്ധമായ "കൃത്യത," അതാണ് ഞാൻ "കഥകൾ മാത്രം" പദ്ധതിയെ ഇഷ്ടപ്പെടുവാനുള്ള ഒരു കാരണം മറ്റൊന്ന് വിഷയാനുക്രമത്തിൽ, സംഭവക്രമത്തിൽ പരസ്പര ബന്ധ അടിസ്ഥാനത്തിൽ പഠിപ്പിക്കുന്നതിന് STS സഹായിക്കുന്നു, STS പദ്ധതി അപ്രകാരം പഠിപ്പിക്കുന്നു എന്നതാണ്. കഥ അവതരിപ്പിച്ചതിനുശേഷം, അദ്ധ്യാപകൻ പഠിതാക്കളോട് പാഠാനുബന്ധമായി ധാരാളം ചോദ്യങ്ങൾ ചോദിക്കുന്നു. പഠിതാക്കൾ കേട്ടതായ സംഗതികളുടെ അടിസ്ഥാനത്തിൽ അവയോട് ബന്ധപ്പെടുത്തി ആത്മീകമായ നിരീക്ഷണങ്ങൾ രൂപീകരിക്കുന്നത് ഇപ്രകാരമാണല്ലൊ. ചോദ്യങ്ങൾ ഓരോന്നും പഠിതാക്കളെ പാഠഭാഗം ആത്മീകമായി വ്യാഖ്യാനിക്കുന്നതിന് പ്രേരിപ്പിക്കുന്നു. അതുപോലെ തന്നെ അവയോരോന്നും അവരുടെ ജീവിതങ്ങളിൽ എങ്ങനെ ഉപയോഗിക്കപ്പെടാം എന്നും കണ്ടുപിടിക്കുന്നു.

“കഥകൾ മാത്രം” വിസ്മയകരമായ ഒരു ഉപകരണമാണ്. നല്ല പുരോഗതിയുള്ളതും, സമർത്ഥമായി പഠിപ്പിക്കപ്പെടുന്നതുമായ പദ്ധതിയാണ്.

## ദൈവത്തിന്റെ കഥ: സൃഷ്ടിപ്പു മുതൽ നിത്യതവരെ.

STS ന്റെ “രക്ഷാകർത്താ”വായ ദൈവത്തിന്റെ കഥയുടെ പ്രഭാവവും പ്രവർത്തനഫലവും ലോകമെമ്പാടും അതിശക്തമായി ദൃശ്യമായതുകൊണ്ടാണ് ഞങ്ങൾ ഇപ്രകാരം, “കഥകൾ മാത്രം” എന്ന പദ്ധതി ആവിഷ്കരിച്ചത്. “ദൈവത്തിന്റെ കഥ” എന്നത് 80 മിനിട്ട് ദൈർഘ്യമുള്ള ഒരു ദൃശ്യാവിഷ്കാരമാണ്, പഴയ നിയമം മുതൽ പുതിയ നിയമത്തിന്റെ അവസാനം വരെയുള്ള പ്രധാനപ്പെട്ട കഥകൾ എല്ലാം ഇതിൽ ചിത്രീകരിച്ചിരിക്കുന്നു. ഇത് ഓഡിയോ രൂപത്തിലും, വീഡിയോ ആയും ലഭ്യമാണ്. 2012 വർഷം ഉൾപ്പെടെ, “ദൈവത്തിന്റെ കഥ” അനേക തവണ പ്രസിദ്ധീകരിച്ചിട്ടുണ്ട് ലോകം എമ്പാടുമായി 300 ഭാഷകളിൽ “ദൈവത്തിന്റെ കഥ” പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സൗരോർജ്ജം കൊണ്ടു പ്രവർത്തിക്കുന്ന ഓഡിയോ പ്ലേയറുകൾ ഉപയോഗിച്ച് ഇത് പ്രവർത്തിക്കാവുന്നതാണ്.

ഈ സംഭവം ശ്രദ്ധിക്കുക:

“സുഡാൻ കാരനായ ഒരു ബാലന് അവന്റെ സഹപാഠിയോട് വിദ്വേഷമുണ്ടായി. അവൻ ഒരു ദിവസം സ്കൂളിൽ വന്നത് ഒരു കഠാരയുമായിട്ടായിരുന്നു. അവന്റെ സഹപാഠിയെ കൊല്ലണമെന്ന് അവൻ ഉദ്ദേശിക്കുകയുണ്ടായി. അവരുടെ ക്ലാസ്സ് അദ്ധ്യാപകന് ഒരു സൗരോർജ്ജം ഓഡിയോ പ്ലേയർ കിട്ടിയത് അന്നായിരുന്നു. അദ്ദേഹം അത് പ്രവർത്തിപ്പിച്ചു അവരുടെ മാതൃഭാഷയിലായിരുന്നു. അതിൽ കഥ അവതരിപ്പിച്ചിരുന്നത്. വിധി നിർണ്ണായകമായ ആ ദിവസം അദ്ധ്യാപകൻ ഓഡിയോ പ്ലേയർ മുഖനേ അവതരിപ്പിച്ചത് കായിനിന്റെയും ഹാബേലിന്റെയും കഥ ആയിരുന്നു. വിദ്യാർത്ഥികൾ എല്ലാവരും ആ കഥ ശ്രദ്ധിച്ചു.”

കായിനിന്റെയും ഹാബേലിന്റെയും കഥ കേട്ടതോടെ, ക്ലാസ്സിൽ കോപിഷ്ടനായി വന്നിരുന്ന ബാലനിൽ എന്തോ ഒരു മാറ്റം സംഭവിച്ചു അവന്റെ മനോഭാവം മാറി. അവൻ കൊണ്ടുവന്നിരുന്ന കഠാര വെളിയിലേക്ക് എടുത്ത് ക്ലാസ് അദ്ധ്യാപകന്റെ കൈയിൽ കൊണ്ടുകൊടുത്തു. അവന്റെ നിഗൂഢ ചിന്ത അദ്ധ്യാപകനോട് പറഞ്ഞു കുറ്റം ഏറ്റുപറഞ്ഞ് പശ്ചാത്തപിച്ചു അന്നേ ദിവസം അവൻ ദൈവത്തോടു അപേക്ഷിച്ചു തന്റെ പാപങ്ങളെല്ലാം ക്ഷമിക്കേണമെന്ന് അവൻ ദൈവത്തോട് പ്രാർത്ഥിച്ചു അന്നുതന്നെ അവൻ യേശുവിനെ അവന്റെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു”.

ദൈവവചനം സംസാരിക്കുന്നു. “കഥകൾ മാത്രം” പദ്ധതി ഉപയോഗിക്കുന്ന എല്ലാവരും അവരവരുടെ ഭാഷകളിൽ ലഭ്യമാകുന്ന “ദൈവത്തിന്റെ കഥ” കൂടി പ്രയോജനപ്പെടുത്തണമെന്ന് ഞങ്ങൾ ശുപാർശ ചെയ്യുന്നു, പ്രോത്സാഹനം നൽകുന്നു.

സൗരോർജ്ജ CD പ്ലേയറുകളും MP3 കളും ഉപയോഗിച്ച് ദൈവത്തിന്റെ കഥ ഗ്രഹിക്കണം. വീഡിയോ ചിത്രീകരണങ്ങൾ അത്യന്താധുനീകസാങ്കേതിക വിദ്യ ഉപയോഗിച്ച് മനോഹരമായും, വിജ്ഞാനപ്രദമായും നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണ്. വേദ പുസ്തകകഥകൾ സജീവവും, യഥാർത്ഥവുമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. അനേക ലക്ഷം ജനങ്ങൾ ഇവയെല്ലാം നേരിട്ടും, ടെലിവിഷനിലും കണ്ടിട്ടുണ്ട്; യേശുവിന്റെ വിശ്വസ്ഥ അനുയായികളായിത്തീരുകയും ചെയ്തിരിക്കുന്നു. അപ്രകാരം, തൃപ്തികരമായ പ്രതികരണമാണ് പൊതുജനങ്ങളിൽ നിന്ന് ഉണ്ടായിട്ടുള്ളത്. ആയിരക്കണക്കിന് സുവിശേഷീകരണ ശുശ്രീഷാ സംഘങ്ങളും, സഭകളും “ദൈവത്തിന്റെ കഥ” ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

ഒരു കഥ തികവോടെ പറയുക എന്ന രീതി അവലംബിച്ചുകൊണ്ടാണ് “ദൈവത്തിന്റെ കഥ”യിൽ ഓരോ ബൈബിൾ കഥയും അവതരിപ്പിച്ചിരിക്കുന്നത്. ഏറ്റവും പ്രധാനമായി, വാചിക പഠന സംസ്കാരത്തിലുള്ളവർ ഓരോരോ “സമ്പൂർണ്ണ കഥ” യും, കേൾക്കുകയും അതിന് അനുകൂലമായി പ്രതികരിക്കുകയും ചെയ്യുന്നുണ്ട്. സൃഷ്ടിപ്പ് മുതൽ ആരംഭിച്ച്, മനുഷ്യന്റെ പതനത്തിലൂടെ, മനുഷ്യന്റെ വീണ്ടെടുപ്പിനും രക്ഷയ്ക്കുമായി ഒരു രക്ഷകൻ അവതരിക്കുന്നതിന്റെ ദൈവീക വാഗ്ദാനത്തിലേക്ക് കടന്നുവന്ന്, സുവിശേഷ സന്ദേശം ഗ്രഹിക്കുന്നതിനുള്ള അടിസ്ഥാന പ്രചോദനമായി പരിണമിക്കുന്നു. ദൈവത്തിന്റെ കഥയുടെ സ്വാധീനശക്തിയും, ആത്മീക പ്രവർത്തനശക്തിയും ഞങ്ങൾ നേരിട്ട് മനസ്സിലാക്കുന്നു. ഇത് സുവിശേഷീകരണത്തെയും, ശിഷ്യത്വപ്രകരണത്തെയും വളരെയേറെ സഹായിക്കുന്നുണ്ട്.

വീഡിയോയിൽ നിന്ന് എടുത്തിട്ടുള്ള 150 ചിത്രങ്ങളുടെ പാനലുകൾ ഉള്ള “ദൈവത്തിന്റെ കഥ”യുടെ ഫ്ളിപ് ചാർട്ടുകൾ ഘടിപ്പിച്ചിരിക്കുന്ന സൗരോർജ്ജ CD പ്ലെയറുകൾ ഉപയോഗിക്കുന്നത് ഒരു സിനിമാ തീയേറ്ററിൽ പോകുന്നതിന്റെ അനുഭവം ഗ്രാമീണ സുവിശേഷകർക്ക് പ്രദാനം ചെയ്യുന്നുണ്ട്. ചർച്ചകൾക്കുള്ള ഗൈഡുകൾ, ബുക്കുകൾപോലെ തയ്യാറാക്കിയിരിക്കുന്ന സംഭാഷണക്കുറിപ്പുകൾ, റേഡിയോ പ്രക്ഷേപണത്തിനായുള്ള തിരക്കഥകൾ, മുതലായവ “ദൈവത്തിന്റെ കഥ” പ്രവർത്തനാത്മകമായി, ക്രീയാത്മകമായി, ഉപയോക്താക്കൾക്ക് വൈവിധ്യമാർന്ന വിധങ്ങളിൽ ഉപയോഗിക്കുവാൻ കഴിയുന്ന പ്രയോജനകരമായ ഉപകരണങ്ങളായി പ്രയോഗിക്കുവാൻ സാദ്ധ്യമാകുന്നതാണ്.

വെബ്സൈറ്റ്: www.Gods-Story.org/Info@Gods-Story.org

# World Contacts:

| | | |
|---|---|---|
| Africa | : | E.Africa @ Gods-Story.org. |
| Ethiopia | : | Ethiopia @ Simply The Story.org. |
| West Africe | : | French & English'' |

STS West Africa @ Simply The Story. org.

West Africa "French"

GSWest Africa @ Simply The Story. org.

| | | |
|---|---|---|
| Eruope | : | BT @ Simply The Story.org. |
| India | : | India Director @ Gods-Story.org |
| Nepal | : | Nepal @ Simply The Story.org |
| South East Asia | : | Thailand @ Simply The Story.org |
| "Spanish'' | : | Latin America @ Simply The Story.org |
| Oceania | : | Oceania @ Simply The Story.org |
| Philippines | : | eb @ Simply The Story.org |
| USA | : | info @ Simply The Story.org |